# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

### 2017 ഫെബ്രുവരി 27, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 165 - നമ്പർ 2

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

2017 ഫെബ്രുവരി 27, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി . ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

37/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 24

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 24
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 73

**II ഉത്തരത്തിലെ തിരുത്ത്** 418

**III ചെയർമാന്മാരുടെ പാനൽ** 418

**IV ചരമോപചാരം**

ഇ. അഹമ്മദ്, പി. വിശ്വംഭരൻ, ഹമീദ്അലി ഷംനാട്,
എൻ. സി. സത്യപാലൻ, ഫിഡൽ കാസ്ട്രോ, ജെ. ജയലളിത
ഡോ. എം. ബാലമുരളീകൃഷ്ണ എന്നിവരുടെ നിര്യാണം 418

**V അടിയന്തരപ്രമേയം**

സ്ത്രീസുരക്ഷ

— ശ്രീ. പി. ടി. തോമസ് 425
(അവതരണാനുമതി നിഷേധിച്ചു)

**VI ശ്രദ്ധ ക്ഷണിക്കൽ**

റേഷൻ വിഹിതം പുനഃസ്ഥാപിക്കൽ—

ശ്രീ. എസ്. ശർമ്മ 444

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

**VII സബ്മിഷൻ**

(1) മാലിന്യ സംസ്കരണ പ്ലാന്റിൽനിന്നുള്ള മലിനീകരണം

— ശ്രീ. സി. കൃഷ്ണൻ 448

പേജ്

(2) ഭൂമിയുടെ പോക്കുവരവ്

— ശ്രീ. കെ. ബാബു 449

(3) ചെക്ക് ഡാം നിർമ്മാണം

— ഡോ. എൻ. ജയരാജ് 451

(4) ആശാവർക്കർമാരുടെ ഓണറേറിയം

— ശ്രീ. ചിറ്റയം ഗോപകുമാർ 452

(5) തൊഴിലില്ലായ്മ വേതനം

— ശ്രീ. എം. സ്വരാജ് 455

(6) കായികതാരങ്ങൾക്ക് നിയമനം

— ശ്രീ. റ്റി. വി. രാജേഷ് 456

(7) കാരുണ്യ ചികിത്സാ പദ്ധതി

— ശ്രീ. മോൻസ് ജോസഫ് 458

**VIII മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ 462

**IX ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച** 463

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

*2017 ഫെബ്രുവരി 27, തിങ്കൾ*

വാല്യം 165] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2017 ഫെബ്രുവരി മാസം 27-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.........ഓർഡർ ചോദ്യം നമ്പർ *1

(സ്ത്രീകൾക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങൾ സംബന്ധിച്ച അടിയന്തരപ്രമേയം ചോദ്യോത്തരവേള റദ്ദുചെയ്ത് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് യു.ഡി.എഫ്. അംഗങ്ങൾ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ : ചോദ്യോത്തര വേളയാണ് ദയവായി സഹകരിക്കുക........ പ്ലീസ്....പ്ലീസ്...., അങ്ങേയ്ക്ക് സമയം തരാം. ദയവുചെയ്ത് ചോദ്യോത്തരവേളയിൽ സംസാരിക്കരുത്. ....ബഹളം......

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, .....(ബഹളം) .....

മി. സ്പീക്കർ: മന്ത്രി സംസാരിച്ച് കഴിയട്ടെ, .....(ബഹളം)..... ശ്രദ്ധയിൽ പ്പെടുത്താൻ അങ്ങേയ്ക്ക് സമയം തരാം. .....(ബഹളം)...... ബഹുമാനപ്പെട്ട മന്ത്രി മറുപടി പൂർത്തീകരിക്കട്ടെ. ......(ബഹളം)...... ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ വിളിച്ചതാണ്. ....(ബഹളം) ....... നിങ്ങൾ സീറ്റിൽ പോയിരിക്കു. നിയമസഭ നടക്കുന്നത് ചില നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിലാണ്. (ബഹളം).... ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു കഴിയട്ടെ. പ്ലീസ്.....പ്ലീസ്.... ഇത് ശരിയല്ല. പ്ലീസ്.....പ്ലീസ്.....

## നെല്ല് സംഭരണ പദ്ധതി

1 (*1) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തെ ആദ്യ സീസണിലെ നെല്ല് സംഭരണത്തിന്റെ വിശദാംശം അറിയിക്കുമോ;

(ബി) നെല്ല് സംഭരിച്ച വകയിൽ എത്ര തുക കൊടുത്തുവെന്നും ഇനി എത്ര തുക കുടിശ്ശികയുണ്ടെന്നും അറിയിക്കുമോ;

(സി) സംഭരിച്ച നെല്ല് കുത്തി അരിയാക്കുന്നതിനായി അരിമില്ലുകൾക്ക് നൽകുമ്പോൾ അവർ അത് മാറ്റി നിലവാരം കുറഞ്ഞ അരി നൽകുന്ന പ്രവണത തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നെല്ല് സംഭരണ പദ്ധതിയിൽ സ്വകാര്യ മില്ലുടമകൾക്ക് കൈകാര്യച്ചെലവായി കിലോയ്ക്ക് എത്ര രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്; ഇത് സർക്കാരിന് എത്രത്തോളം ബാധ്യത വരുത്തുമെന്ന് അറിയിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ,

(എ) ഈ സാമ്പത്തിക വർഷത്തെ ആദ്യ സീസണിലെ നെല്ല് സംഭരിക്കുവാൻ 21-9-2016 മുതൽ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 31-12-2016 വരെ 52648 കർഷകരിൽനിന്നായി സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള 51 മില്ലുകാർ മുഖേന 1.86 ലക്ഷം മെ.ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) 2016-17 സീസണിൽ 61477 കർഷകരിൽ നിന്നായി 20-2-2017 വരെ 2.08 ലക്ഷം മെ.ടൺ നെല്ല് സംഭരിച്ച വകയിൽ കിലോഗ്രാമിന് 22.50 രൂപ നിരക്കിൽ 468.44 കോടി രൂപ നൽകുവാനുണ്ടായിരുന്നതിൽ 410.31 കോടി രൂപ നൽകിക്കഴിഞ്ഞു. 58.13 കോടി രൂപ കർഷകർക്ക് കുടിശ്ശികയായുണ്ട്. 23-2-2017-ലെ സ.ഉ.(സാധാ)നമ്പർ 52/2017/ഭ.സി.സ.വ. പ്രകാരം 14.63 കോടി രൂപ കൂടി കർഷകർക്ക് നൽകാനായി അനുവദിച്ചിട്ടുണ്ട്.

(സി) പരാതി ലഭിക്കുന്ന മുറയ്ക്ക് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നെല്ലുസംഭരണ പദ്ധതിയിൽ സ്വകാര്യ മില്ലുടമകൾക്ക് കൈകാര്യ ച്ചെലവായി കിലോയ്ക്ക് 1.90 രൂപ വർദ്ധിപ്പിച്ചുകൊണ്ട് 11-1-2017-ലെ സ.ഉ. (എം.എസ്.)നമ്പർ 1/2017/ഭ.പൊ.വി.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കേന്ദ്ര സഹായം ലഭിക്കുന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് യാതൊരുവിധ ബാധ്യതയും ഉണ്ടാകുന്നില്ല.

മി. സ്പീക്കർ: നിയമസഭ ഒരു നടപടിക്രമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ ....(ബഹളം)... ചെയർ മന്ത്രിയെ മറുപടി പറയാൻ വിളിച്ചതിനുശേഷമാണ് നിങ്ങൾ ബഹളം തുടങ്ങിയത്. .........(ബഹളം)... ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് നിർത്തിവച്ചിട്ട് പ്രതിപക്ഷ നേതാവിന് സംസാരിക്കാൻ സാധിക്കുകയില്ല. ...(ബഹളം)...... അത് ചെയർ തീരുമാനിക്കും......നിങ്ങൾ ബഹളം വച്ചിട്ട് കാര്യമില്ല. എന്താണ് അങ്ങേക്ക് പറയാനുള്ളത്? ......നിങ്ങൾ സീറ്റിൽ പോയിരുന്നാൽ പ്രതിപക്ഷ നേതാവിന് സംസാരിക്കാൻ അവസരം ലഭിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ പ്രധാനമായ നിരവധി പ്രശ്നങ്ങൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നു; സ്ത്രീക്ക് സുരക്ഷയില്ലാ തായിരിക്കുന്നു; ക്വട്ടേഷൻ സംഘങ്ങൾ അരങ്ങു തകർക്കുന്നു. ആയതിനാൽ ചോദ്യോത്തരവേള റദ്ദുചെയ്ത് അടിയന്തരപ്രമേയം ചർച്ചയ്ക്ക് എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ,.....

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : സർ, നെല്ല് സംഭരിച്ച് നിരവധി മാസങ്ങൾ കഴിഞ്ഞിട്ടും സപ്ലൈകോ വില നൽകാത്തതും കടുത്ത വരൾച്ചയും കാർഷിക മേഖലയെ തകർക്കുന്നുണ്ട്. കിലോയ്ക്ക് 14 രൂപ നിരക്കിലുള്ള കേന്ദ്രവിഹിതം സമയബന്ധിതമായി ലഭിക്കാത്തതും കറൻസി നിരോധനത്തെത്തുടർന്നുള്ള പണദൗർലഭ്യവും കർഷകരെ വളരെ ദോഷകരമായി ബാധിക്കുന്നു. ഈ കാര്യങ്ങൾ കണക്കിലെടുത്ത് കർഷകർക്ക് വായ്പ തിരിച്ചടയ്ക്കാനുള്ള മൊറട്ടോറിയം മാർച്ച് 31 എന്നുള്ളത് ദീർഘിപ്പിക്കുവാനും മറ്റ് ഏതെങ്കിലും ആശ്വാസ നടപടികൾ സ്വീകരിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

മി. സ്പീക്കർ : ....(ബഹളം).......പ്ലീസ്....പ്ലീസ്........ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവെ, അങ്ങ് ഉന്നയിച്ച പ്രശ്നം ശ്രീ. പി. ടി. തോമസ് ഇവിടെ അടിയന്തര പ്രമേയമായി നോട്ടീസ് നൽകിയിട്ടുണ്ട്. ......(ബഹളം)........ ചോദ്യോത്തരവേള സസ്പെൻഡ് ചെയ്യുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാം.

ശ്രീ. പി. തിലോത്തമൻ: സർ, നെല്ല് സംഭരിച്ച വകയിൽ 58 കോടി രൂപയാണ് കുടിശ്ശികയുള്ളത്. 14.63 കോടി രൂപ ഇതുവരെ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്ന് 120 കോടി രൂപ ലഭിക്കുവാനുണ്ട്. ആ പണം താമസിയാതെ ലഭിക്കുമെന്നാണ് അറിയാൻ സാധിച്ചത്. അതുകൊണ്ട് എത്രയുംവേഗം കൃഷിക്കാരുടെ പണം കൊടുത്തുതീർക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിനുപകരം അരി സംഭരിക്കുന്ന രീതി നടപ്പിലാക്കിയാൽ സ്വകാര്യ മില്ലുടമകളുടെ ചൂഷണം ഒരു പരിധിവരെ ഒഴിവാക്കാനും അരിയുടെ ഗുണ നിലവാരമനുസരിച്ച് വില നൽകാനും മില്ലുടമകൾക്ക് നൽകിവരുന്ന കൈകാര്യച്ചെലവ് ഒഴിവാക്കാനും കഴിയില്ലേ; ഇതിനുവേണ്ടി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയനുസരിച്ചാണ് കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നത്. അങ്ങനെ സംഭരിച്ച നെല്ല് ഗുണമേന്മ പരിശോധിച്ച് മില്ലുടമകൾ വാങ്ങി പ്രോസസ്സ് ചെയ്ത് അരിയാക്കി പി.ഡി.എസ്.-ന് നൽകുന്ന രീതിയാണ് തുടർന്നു കൊണ്ടിരിക്കുന്നത്. ആ നടപടിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഗവൺമെന്റ് ആലോചിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുമാത്രമേ ഈ സിസ്റ്റത്തിൽ വ്യത്യാസം വരുത്താൻ സാധിക്കുകയുള്ളൂ.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഭക്ഷ്യോൽപ്പാദനത്തിലും വിതരണത്തിലും കമ്മി സംസ്ഥാനമായ കേരളം കേന്ദ്ര സബ്സിഡി വാങ്ങി നെല്ല് സംഭരിക്കുന്നതും അത് റേഷൻ വിഹിതത്തിൽ ഉൾപ്പെടുത്തുന്നതും വലിയ നഷ്ടമാണ്. പൊതു കമ്പോളത്തിലെ അരിവില നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ സബ്സിഡി നൽകി നെല്ല് സംഭരിച്ച് അരിയാക്കി അരിക്കടവഴി കിലോയ്ക്ക് 25 രൂപ നിരക്കിൽ വിതരണം ചെയ്താൽ അത് അധിക അരിയായി മാറുകയും കേന്ദ്രവിഹിതം നമുക്ക് ലഭിക്കുകയും ചെയ്യും. അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ : സർ, കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത ധാന്യ പദ്ധതി പ്രകാരമാണ് സംസ്ഥാനത്ത് നെല്ല് സംഭരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ താങ്ങുവില ഉപയോഗപ്പെടുത്തി നെല്ല് സംഭരിച്ച് പ്രോസസ്സ് ചെയ്ത് അരിയാക്കിയാൽ അത് പി.ഡി.എസ്. വഴി വിതരണം ചെയ്യാനേ കേന്ദ്രം അനുവദിക്കുകയുള്ളൂ. അതിൽനിന്നും വ്യത്യസ്തമായി സംസ്ഥാന ഗവൺമെന്റ്

കൃഷിക്കാർക്ക് കൊടുക്കേണ്ട മുഴുവൻ തുകയും കൊടുത്ത് സംഭരിച്ചാൽ ഈ കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിയുമായിരിക്കും. ഇത് പ്രത്യേകമായി ആലോചിക്കേണ്ട കാര്യമാണ്. ഇങ്ങനെയുള്ള ഒരു ആലോചന നമ്മുടെ മുന്നിൽ ഇതുവരെ ഉണ്ടായിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ചെയ്യുന്നത് ശരിയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച വിഷയം അടിയന്തരപ്രമേയമായി സഭയുടെ പരിഗണനയിൽ വരാൻ പോകുകയാണ്. കേരളത്തിലെ കർഷകരുടെ മർമ്മ പ്രധാനമായ ഒരു പ്രശ്നമാണ് സഭ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ആ സമയം ഇത്തരത്തിലുള്ള ഒരു നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. ഇത് ലോകം മുഴുവൻ കാണുന്നുണ്ട്. ഒരു കാരണവശാലും ചോദ്യോത്തരവേള സസ്പെൻഡ് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. അങ്ങേക്ക് ഒരു മിനിട്ട് തന്നു. അങ്ങ് ചോദ്യവുമായി ബന്ധമില്ലാത്ത കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ദയവായി സഹകരിക്കു.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, നമ്മുടെ രാജ്യം ഗുരുതരമായ വരൾച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. വരൾച്ചയെ മുന്നിൽ കണ്ടുകൊണ്ട് ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ചുവയ്ക്കുന്നതിനും പൊതുവിപണിയിൽ അരി വില ഉയരുന്നത് തടയുന്നതിനും സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ശ്രീ. പി. തിലോത്തമൻ : സർ, ധാന്യവിതരണത്തിനായി ഇവിടെ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുക മാത്രമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നെല്ല് സംഭരിച്ച് സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അരിമില്ലുടമകളിലൂടെ പ്രോസസ് ചെയ്ത് അരി പി.ഡി.എസ്. സിസ്റ്റം വഴി വിതരണം ചെയ്യുകയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. എഫ്.സി.ഐ.-യിൽ നിന്ന് ഓപ്പൺ മാർക്കറ്റ് സ്കീം അനുസരിച്ച് ടെണ്ടറിൽ പങ്കെടുത്ത് 1400 ടൺ പുഴക്കലരി സംഭരിച്ച് 1535-ൽപ്പരം വരുന്ന സപ്ലൈകോ മാർക്കറ്റുകൾവഴി വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. കൂടാതെ മറ്റ് നിരവധിയിനം അരി സംഭരിച്ച് സപ്ലൈകോ മാർക്കറ്റുവഴി വിതരണം ചെയ്യുന്നുണ്ട്. വെച്ചൂരിലെ റൈസ് മില്ലിൽ ഉത്രാടം റൈസ് എന്ന ബ്രാൻഡിൽ ഉൽപ്പാദിപ്പിക്കുന്ന പ്രത്യേകയിനം ക്വാളിറ്റി അരി മുഴുവനും സംഭരിച്ച് സപ്ലൈകോവഴി കിലോയ്ക്ക് 33 രൂപ നിരക്കിൽ വിൽപ്പന നടത്തിക്കൊണ്ടിരിക്കുകയാണ്. അരിവില നിയന്ത്രിക്കാൻ സംസ്ഥാന സർക്കാർ സാധ്യമായതെല്ലാം ചെയ്യുന്നുണ്ട്. ഇനിയും ഈ പ്രവർത്തനം ശക്തമായി മുന്നോട്ടു കൊണ്ടുപോകുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

(യു.ഡി.എഫ്. അംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

മി. സ്പീക്കർ: ഈ നടപടി ശരിയല്ല. ദയവായി അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം.

ശ്രീ. എൽദോ എബ്രഹാം : സർ, കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെല്ലുൽപ്പാദനത്തിന്റെയും നെല്ലുസംഭരണത്തിന്റെയും കാര്യത്തിൽ ഏറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. പാടശേഖര സമിതികൾക്ക് കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിന് ഗുണഭോക്തൃ വിഹിതമായി നിശ്ചയിച്ചിട്ടുള്ളത് 25 ശതമാനം തുകയാണ്. പാടശേഖരങ്ങളിൽ കൊയ്ത്തുമെതിയന്ത്രം നൽകുന്നതിനും അതോടൊപ്പം കേടുപാടുസംഭവിച്ച മെതി യന്ത്രങ്ങളുടെ മെയിന്റനൻസ് വലിയ വെല്ലുവിളിയായി നിൽക്കുന്നതിനാൽ പുതിയ കൊയ്ത്തുമെതിയന്ത്രം വാങ്ങുന്നതിനും ഗുണഭോക്തൃവിഹിതം ഒഴിവാക്കുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചോദിച്ച ചോദ്യം ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്നതല്ല. അതിന് മറുപടി നൽകേണ്ടത് കൃഷി വകുപ്പുമന്ത്രിയാണ്. (….ബഹളം..)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ആർ.കെ.വി.വൈ. പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ടാണ് കൊയ്ത്തുമെതിയന്ത്രം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ നിബന്ധനയനുസരിച്ച് നിശ്ചിത ശതമാനം ഗുണഭോക്തൃവിഹിതം വയ്ക്കണമെന്നുള്ള ആർ.കെ.വി.വൈ. പദ്ധതിയുടെ ഭാഗമായി വന്നിരിക്കുന്ന കാര്യമാണ് ഗവൺമെന്റ് നടപ്പാക്കുന്നത്. ഇപ്പോൾ കേടായി കിടക്കുന്ന യന്ത്രങ്ങളെല്ലാം നന്നാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ കേടായ യന്ത്രങ്ങൾ റിപ്പെയർ ചെയ്ത് പാടശേഖര സമിതികളെ ഏൽപ്പിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. (……. ബഹളം…….)

ശ്രീ. മുരളി പെരുനെല്ലി: സർ, തൃശ്ശൂർ ജില്ലയിൽ നെൽക്കൃഷിക്കാരുടെ പ്രശ്നങ്ങൾ രൂക്ഷമായി നിലനിൽക്കുമ്പോൾ, ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവിടെ വന്ന് കൃഷിക്കാർക്കുവേണ്ടി കണ്ണീരൊഴുക്കിയ സന്ദർഭത്തിൽ, ഇവിടെ കൃഷിക്കാരുടെ പ്രശ്നം ചർച്ച ചെയ്യുന്ന വേളയിൽ ഇത്തരം അലങ്കോല പ്പെടുത്തൽ എന്തുകൊണ്ടും കർഷകദ്രോഹം കൂടിയാണ്. നെല്ല് സംഭരണത്തിൽ മില്ലുടമകളുടെ ഹാൻഡ്ലിംഗ് ചാർജ്ജ് 136 എന്നുള്ളത് 190 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആറേഴ് ഇനങ്ങളിലായാണ് ഈ സംഖ്യ നൽകുന്നത്. അതിന്റെ

നല്ലൊരു ഭാഗം പണിയും ചെയ്യുന്നത് കൃഷിക്കാരാണ്. കർഷകർ ചെയ്തു കൊണ്ടിരിക്കുന്ന ഈ പ്രവൃത്തികൾക്ക് ഇപ്പോൾ മില്ലുടമകൾ പണം നൽകുന്നില്ലെന്നുള്ള വലിയ പരാതി തൃശ്ശൂർ ജില്ലയിൽ നിലനിൽക്കുന്നുണ്ട്. കൃഷിക്കാർക്ക് അർഹതപ്പെട്ട ആ സംഖ്യ മില്ലുടമകൾ മുഖേനയല്ലാതെ കൃഷിക്കാർക്ക് നേരിട്ട് കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

(യു.ഡി.എഫ്. അംഗങ്ങൾ ഡയസ്സിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

ശ്രീ. പി. തിലോത്തമൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് മില്ലുടമകളുടെ പ്രോസസ്സിംഗ് ചാർജ്ജ് 135 രൂപയിൽനിന്നും 190 രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ടുള്ള തീരുമാനമെടുത്തതെങ്കിലും ആ തീരുമാനം നടപ്പാക്കിയിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ മില്ലുടമകൾ നെല്ല് സംഭരിക്കാതെ മാറിനിന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രോസസ്സിംഗ് ചാർജ് 190 രൂപയായി വർദ്ധിപ്പിച്ചതും അതുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കാൻ സാധിച്ചതും. അതിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് കാര്യങ്ങളെല്ലാം മുന്നോട്ടുപോകുന്നത്.

മി. സ്പീക്കർ: പ്ലീസ്.........പ്ലീസ്........ ദയവായി അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഏത് സമയത്തും സംസാരിക്കാൻ അവസരം നൽകും. പക്ഷേ ചോദ്യോത്തരവേളയിൽ ചോദ്യങ്ങളുമായി ബന്ധമില്ലാത്ത കാര്യങ്ങൾ ഉന്നയിക്കാൻ ആർക്കും കഴിയില്ല. ഇത് ഇഷ്ടത്തിന്റെയും അനിഷ്ടത്തിന്റെയും പ്രശ്നമല്ല, ദയവായി അംഗങ്ങൾ സീറ്റിലേയ്ക്ക് തിരിച്ചുപോകണം. വളരെ പ്രധാനപ്പെട്ട വിഷയം സംബന്ധിച്ചാണ് അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരിക്കുന്നത്. ആ സമയത്ത് പ്രതിപക്ഷ നേതാവുൾപ്പെടെ ആർക്കും ഇടപെട്ട് സംസാരിക്കാൻ അവസരമുണ്ട്. ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട, കർഷകരുടെ ജീവിതവുമായി ബന്ധപ്പെട്ട ചോദ്യോത്തരവേള നടക്കുന്ന സമയത്ത് ബഹളമുണ്ടാക്കുന്നത് ശരിയല്ല. കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളും അനുസരിക്കാതെയുള്ള ഈ നിലപാട് ശരിയല്ല. ദയവായി നിങ്ങൾ സീറ്റിലേയ്ക്ക് പോകണം. പ്ലീസ്.....പ്ലീസ്...... ആവശ്യത്തിന് വിശദീകരണം നൽകിയിട്ടുണ്ട്. പ്ലീസ്.....പ്ലീസ്......നിങ്ങൾ ദയവായി ചെയറിനോട് സഹകരിക്കണം.

ശ്രീ. കെ. ബാബു: സർ, കേരളത്തിന് ലഭിക്കേണ്ട അരി വിഹിതം കേന്ദ്രസർക്കാർ തടഞ്ഞുവച്ച് കേരളത്തിലെ ജനങ്ങളെ അന്നം മുട്ടിച്ചുകൊല്ലാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കേരളീയർക്കാവശ്യമായ അരി ന്യായ വിലയ്ക്ക് നൽകാൻ ഇപ്പോൾ മൂന്ന് ജില്ലകളിൽ സംസ്ഥാന സർക്കാർ അരി വിതരണ കേന്ദ്രങ്ങൾ തുടങ്ങി പുതിയ മാതൃക സൃഷ്ടിച്ചിരിക്കുകയാണ്. എല്ലാ ജില്ലകളിലും താലൂക്കുകളിലും പഞ്ചായത്തുകളിലും അത്തരത്തിലുള്ള അരി വിതരണ കേന്ദ്രങ്ങൾ തുടങ്ങി കേരളീയരെ രക്ഷിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുമെന്ന വിശ്വാസത്തിലാണ് ജനങ്ങൾ. സർക്കാർ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, അരിവില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ പ്രധാന ജില്ലാകേന്ദ്രങ്ങളിൽ അരിക്കട ആരംഭിക്കുകയുണ്ടായി. നാളെയോ മറ്റെന്നാളോ ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ ആരംഭിക്കുകയും തുടർന്ന് മറ്റെല്ലാ ജില്ലാകേന്ദ്രങ്ങളിലും അരിക്കടകൾ ആരംഭിക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. 1535-ൽപ്പരം വരുന്ന സപ്ലൈകോ ഔട്ട്‌ലെറ്റ് വഴി എല്ലായിനം അരിയും ന്യായവിലയ്ക്കും സബ്സിഡി നിരക്കിലും നൽകിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. രാജൻ: സർ, 2013-ൽ പ്രൊഫ. കെ. വി. തോമസ് കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ നടപ്പിലാക്കപ്പെട്ട നിയമം മൂന്നുവർഷക്കാലമായി കേരളത്തിൽ യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കാത്തതിന്റെ പേരിൽ കേരളത്തിന് എത്ര കോടി രൂപയുടെ നഷ്ടമാണുണ്ടായതെന്ന് വിശദമാക്കുമോ; അത് മറികടക്കാൻ ഏതെങ്കിലും നടപടികൾ സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ദേശീയ ഭക്ഷ്യഭദ്രതാനിയമം കേരളത്തിൽ സമയത്ത് നടപ്പാക്കിയില്ലെന്ന അംഗത്തിന്റെ അഭിപ്രായം ശരിയാണ്. മൂന്നുവർഷക്കാലം പിന്നിട്ടുകയും അതിനുശേഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വരികയും ചെയ്ത സന്ദർഭത്തിലാണ് ഈ നിയമവുമായി സർക്കാർ മുന്നോട്ടുപോയത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഈ നിയമം നടപ്പാക്കാത്തതുമൂലമുണ്ടായ നഷ്ടം സംസ്ഥാന സർക്കാർ കണക്കാക്കിയില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സംഭരിച്ച നെല്ലിന്റെ പണം വളരെ വൈകിയാണ് കർഷകർക്ക് ലഭിക്കുന്നത്. ഇതിനുമുമ്പ് ലെവി സമ്പ്രദായമുണ്ടായിരുന്നപ്പോൾ നെല്ല് അളന്നുകഴിഞ്ഞാൽ പിറ്റേദിവസം തന്നെ സഹകരണ ബാങ്കുകൾവഴി പണം ലഭിക്കുമായിരുന്നു. നെല്ല് അളന്നതിന്റെ റെസീപ്റ്റ് കിട്ടുന്ന മുറയ്ക്ക് അപ്പോൾത്തന്നെ കർഷകർക്ക് പണം ലഭിക്കുന്ന സംവിധാനത്തെക്കുറിച്ച് സഹകരണ ബാങ്കുകളുമായി കൂടിയാലോചിക്കുമോ; ഇടതുപക്ഷ സർക്കാരിന്റെ പ്രകടനപത്രികയിൽ ഇതൊക്കെ പറയുന്നുണ്ട്. അടുത്ത വിളവെടുപ്പുമുതൽ ഈ രീതി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ ഗവൺമെന്റ് നെല്ല് സംഭരിച്ച വകയിൽ കൊടുത്തു തീർക്കാനുണ്ടായിരുന്ന മുഴുവൻ തുകയും കർഷകർക്ക് നൽകുകയുണ്ടായി. പിന്നീട് നെല്ല് സംഭരിച്ച വകയിലുള്ള തുകയും കാലതാമസംകൂടാതെ നൽകുകയുണ്ടായി. നെല്ല് സംഭരിക്കുമ്പോൾത്തന്നെ പണം നൽകുന്ന നടപടികളെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. അതിന് പരിഹാരമുണ്ടാക്കുമെന്നാണ് പറയാനുള്ളത്.

ശ്രീമതി സി. കെ. ആശ: സർ, വെച്ചൂർ മോഡേൺ റൈസ് മില്ലിൽ നെല്ല് സംഭരിച്ച് കുട്ടനാട് റൈസ് എന്ന പേരിൽ 33 രൂപ നിരക്കിൽ സപ്ലൈകോ വഴി വിതരണം ചെയ്യുന്നതായി അറിയിച്ചു. ഇപ്പോൾ സംഭരിച്ച നെല്ലിന്റെ മുഴുവൻ തുകയും കർഷകർക്ക് കൊടുത്തുതീർത്തുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്നാൽ വെച്ചൂർ മോഡേൺ റൈസ് മില്ലിൽ സംഭരിച്ച നെല്ലിന്റെ സംഭരണവില മൂന്നുനാല് മാസമായി നൽകിയിട്ടില്ല. ഇതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്?

(ചോദ്യോത്തരവേള റദ്ദുചെയ്ത് അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ചോദ്യോത്തരവേള ബഹിഷ്കരിച്ച് സഭയിൽനിന്നും ഇറങ്ങിപ്പോയി.)

ശ്രീ. പി. തിലോത്തമൻ: സർ, വെച്ചൂർ മോഡേൺ റൈസ് മില്ലിൽ സംഭരിച്ച നെല്ലിന്റെ തുക കൊടുക്കേണ്ടത് ആ സ്ഥാപനമാണ്. ആ സ്ഥാപനം നെല്ല് സംഭരിക്കുകയും അവരുടെ സ്വന്തം ബ്രാൻഡായി പ്രത്യേകയിനം അരി മാർക്കറ്റിൽ ഇറക്കി ബിസിനസ്സ് നടത്തുകയുമാണ്. നമ്മുടെ പി.ഡി.എസ്.-മായി ബന്ധപ്പെട്ടല്ല ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. എന്നാൽ ഓയിൽ പാമിന്റെ വെച്ചൂർ മോഡേൺ റൈസ് മില്ലിൽ ഉൽപ്പാദിപ്പിക്കുന്ന അരി മുഴുവനും സപ്ലൈകോവഴി സംഭരിക്കാൻ ആ സ്ഥാപനവുമായി ചേർന്ന് തീരുമാനമെടുത്തിട്ടുണ്ട്. അവർ ഉൽപ്പാദിപ്പിക്കുന്ന അരിക്ക് 32.50 രൂപ നൽകാനും 33 രൂപയ്ക്ക് ആ അരി മാർക്കറ്റിൽ വിപണനം ചെയ്യാനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 90 മെട്രിക് ടൺ അരി സപ്ലൈകോ ഇതിനകം എടുത്തുകഴിഞ്ഞു. 247 ടൺ അരിക്ക് സപ്ലൈകോ ഓർഡർ നൽകിയിട്ടുണ്ട്. ആ സ്ഥാപനം അരി ഉൽപ്പാദിപ്പിക്കുന്നതനുസരിച്ച് സപ്ലൈകോയ്ക്ക് കൈമാറും. കോട്ടയം, എറണാകുളം, ആലപ്പുഴ തുടങ്ങിയ ജില്ലകളിൽ അവർതന്നെ നേരിട്ട് വിതരണം ചെയ്യാമെന്ന് സമ്മതിച്ചിട്ടുണ്ട്. എന്നാൽ മലബാർ മേഖലയിൽക്കൂടി അരി വിതരണം ചെയ്യാനുള്ള തീരുമാനം സർക്കാർ ആ സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. വി. വിജയദാസ്: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ നെല്ല് സംഭരണം മാതൃകാപരമായാണ് നടത്തുന്നത്. എന്നാൽ സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിൽ കേന്ദ്ര സർക്കാർ മനഃപൂർവ്വമായ കാലതാമസം വരുത്തുന്നതിനാൽ കർഷകർക്ക് കൃത്യസമയത്ത് പണം ലഭിക്കാത്ത അവസ്ഥയുണ്ടാകുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൃത്യസമയത്തുതന്നെ കേന്ദ്ര സർക്കാരിൽനിന്നും പണം ലഭ്യമാക്കി കർഷകർക്ക് നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ?

ശ്രീ. പി. തിലോത്തമൻ: സർ, സംഭരിക്കുന്ന നെല്ലിന് കേന്ദ്രസർക്കാർ നൽകുന്ന താങ്ങുവില 14.70 രൂപയാണ്. അതിനുപുറമേ സംസ്ഥാന ഗവൺമെന്റ് 7.80 രൂപ സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ്സും നൽകിയാണ് 22.50 രൂപയ്ക്ക് നെല്ല് സംഭരിക്കുന്നത്. കേന്ദ്രം നൽകേണ്ട താങ്ങുവില എപ്പോഴും വൈകിയാണ് ലഭിക്കുന്നത്. അതുകൊണ്ടാണ് കൃഷിക്കാർക്ക് നെല്ലിന്റെ വില നൽകുന്നതിൽ കാലതാമസം നേരിടുന്നത്. കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച വകയിൽ 124 കോടി രൂപ ലഭിക്കാനുണ്ട്. അത് ഈയാഴ്ചതന്നെ ലഭിക്കുമെന്നാണ് മനസ്സിലാക്കുന്നത്. അതിനാവശ്യമായ എല്ലാ നടപടികളും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

## ആയുധ പരിശീലനം അവസാനിപ്പിക്കാനും ഗൂഢപ്രവർത്തനങ്ങൾ നിരീക്ഷിക്കാനും നടപടി

2 (*2) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രഹസ്യം ചോർത്തിയെന്നാരോപിച്ച് അതിക്രൂരമായ മർദ്ദനത്തിനിരയാക്കി യെന്നും അപായപ്പെടുത്താൻ ശ്രമിച്ചുവെന്നും കാണിച്ച് ആർ.എസ്.എസ്. നേതാവ് നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പരാതിയിൽ കൈക്കൊണ്ട നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രത്യേക വിഭാഗത്തെ നിയോഗിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ;

(സി) ക്രമസമാധാനം പുലർത്താനായി, അധോലോക ഗുണ്ടാസംഘമായി പ്രവർത്തിക്കുന്ന ഈ സംഘത്തിന്റെ ആയുധ പരിശീലനം അവസാനിപ്പിക്കാനും ഗൂഢപ്രവർത്തനങ്ങൾ നിരീക്ഷിക്കാനും നിയമനടപടികൾ സ്വീകരിക്കുമോ;

(ഡി) കേന്ദ്ര മന്ത്രിമാർ ഉൾപ്പെടെയുള്ള നേതാക്കൾ സംസ്ഥാനത്തുവന്ന് ഭീഷണി ഉയർത്തുന്നതിനെതിരെ നിയമനടപടി സ്വീകരിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ ആർ.എസ്.എസ്. പ്രവർത്തകനായ തിരുവനന്തപുരം കരകുളം സ്വദേശി വിഷ്ണു എന്ന യുവാവ് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിത്സയിലിരിക്കവെ ഫോർട്ട് പോലീസിൽ നൽകിയ

മൊഴിപ്രകാരം ടിയാനെ ആറ്റിങ്ങലിനുസമീപത്തുനിന്ന് തട്ടിക്കൊണ്ടുവന്ന് കോട്ടയ്ക്കം, കൊട്ടാരക്കര എന്നിവിടങ്ങളിലെ ആർ.എസ്.എസ്. കാര്യാലയങ്ങളിൽ 15-12-2016 മുതൽ 22-1-2017 വരെയുള്ള തീയതികളിൽ അന്യായമായി തടങ്കലിൽ പാർപ്പിച്ച് ദേഹോപദ്രവം ഏൽപ്പിക്കുകയും കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തുകയും "സി.പി.ഐ.(എം) കണ്ണൂർ ജില്ലാ സെക്രട്ടറി പി. ജയരാജന്റെ പീഡനംമൂലം ആത്മഹത്യ ചെയ്യുന്നു" എന്ന് നിർബന്ധിച്ച് എഴുതി വാങ്ങുകയും ചെയ്തുവെന്ന മൊഴിയുടെ വെളിച്ചത്തിൽ 40-ഓളം ആർ.എസ്.എസ്. പ്രവർത്തകരെ പ്രതിയാക്കി ഫോർട്ട് സ്റ്റേഷനിൽ Cr.No.227/17-ാം നമ്പരായി കേസ്സെടുത്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ഈ കേസ് രജിസ്റ്റർ ചെയ്ത അന്നേ ദിവസംതന്നെ ഐ.ജി.പി. തിരുവനന്തപുരം റേഞ്ചിന്റെ ഉത്തരവുപ്രകാരം തുടരന്വേഷണം കൺട്രോൾ റൂം എ.സി.പി. നടത്തിവരികയുമാണ്.

(സി) ആയുധ പരിശീലനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം ആരാധനാലയങ്ങളിൽ ആയുധ പരിശീലനം നിയന്ത്രിക്കുന്നതിന് പ്രത്യേക നിയമ നിർമ്മാണം നടത്താനുദ്ദേശിക്കുന്നു.

(ഡി) ഭീഷണി ഉയർത്താൻ ആർക്കും അവകാശമില്ല.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ആർ.എസ്.എസ്. ശാഖകളിലും ക്യാമ്പുകളിലും ആയുധ പരിശീലനം നടത്തുന്നില്ലെന്ന വാദം പൊളിയുകയാണ്. പ്രാഥമിക ശിക്ഷാവർഗ്ഗ ക്യാമ്പുകളിലും അടിസ്ഥാന പരിശീലന കേന്ദ്രങ്ങളിലും പാലക്കാടുള്ള രഹസ്യ ക്യാമ്പിലും വാൾ, ചുരിക തുടങ്ങിയ ആയുധങ്ങൾ പരിശീലിപ്പിക്കാറുണ്ടെന്ന വിവരം പുറത്തുവന്ന വിഷ്ണു വെളിപ്പെടുത്തിയിരിക്കുകയാണ്. പ്രചാരകർ ഏതെങ്കിലുമൊരു ആയുധം ഉപയോഗിക്കുന്നതിൽ പ്രത്യേക പരിശീലനം നേടിയിരിക്കണം. വാൾ ശത്രുവിന്റെ നെഞ്ചിൽ കുത്തിയിറക്കിയശേഷം കറക്കി ആന്തരികാവയവങ്ങൾക്ക് മുറിവേൽപ്പിക്കുന്ന രീതിയാണ് പ്രത്യേകമായി പരിശീലിപ്പിക്കുന്നത്. ശത്രുവിന്റെ മരണം ഉറപ്പാക്കാനാണ് ഈ രീതിയിലുള്ള പരിശീലനം നൽകുന്നതെന്ന വിവരമാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. പ്രഹർ എന്ന ആക്രമണ രീതിയിലാണ് താൻ പരിശീലനം നേടിയതെന്നാണ് വിഷ്ണു വെളിപ്പെടുത്തിയിരിക്കുന്നത്. ഇതുപോലുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം നടക്കുന്നുണ്ട്. മഞ്ചവിളാകം എന്ന പ്രദേശത്തെ ബാലസംഘം ഏര്യാ സെക്രട്ടറിയായ ഒരു ബാലനെ ഇവർ പിടിച്ചുകൊണ്ടുപോയി രഹസ്യ അറയിൽവച്ചാണ് മർദ്ദിച്ച് അവശനാക്കിയത്.

കോവളത്തെ ദളിത് വിദ്യാർത്ഥിയായ ചെറുപ്പക്കാരനെയും ഇവർ പിടിച്ചുകൊണ്ടു പോയി ആക്രമണത്തിന് വിധേയമാക്കി. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ആർ.എസ്.എസ്. ക്യാമ്പുകളിൽ പരിശീലനം നേടിയ ഇക്കൂട്ടർ നാട്ടിൽ നടത്തുന്ന അക്രമവാഴ്ചയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, ആർ.എസ്.എസ്. ശാഖകളിൽ ഇത്തരത്തിലുള്ള പരിശീലനങ്ങൾ നടത്തുന്നുവെന്നത് അതിന്റെ ഭാഗമായി പ്രവർത്തിച്ചിരുന്നവർതന്നെ ഇപ്പോൾ പരസ്യമായി പറയാൻ തുടങ്ങിയിട്ടുണ്ട്. അതിലൊന്നാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷ്ണുവിന്റെ വെളിപ്പെടുത്തൽ. അതിനുമുമ്പും ആർ.എസ്.എസ്.കാരായിരുന്നവർ ഈ അക്രമ പ്രവർത്തനങ്ങളിൽ മനംമടുത്ത് സംഘടന വിട്ട് ഇത്തരം വസ്തുതകൾ വെളിപ്പെടുത്തിയിട്ടുണ്ട്. വിവിധ തരത്തിലുള്ള ആക്രമണ രീതികൾ ആർ.എസ്.എസ്. ശാഖകളിൽ പരിശീലിപ്പിക്കുന്നു. എല്ലാത്തിന്റെയും ലക്ഷ്യം ഒന്നാണ്. ആളെ കൊലപ്പെടുത്തൽ മാത്രമല്ല, അതിക്രൂരമായി കൊലപ്പെടുത്തുക എന്നതാണ് ആർ.എസ്.എസ്. ശാഖകളിൽ നൽകുന്ന പരിശീലനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സത്ത. അതോടൊപ്പം ഒരു വ്യക്തിയിലുള്ള മനുഷ്യത്വം ഊറ്റിക്കളയാൻ കഴിയുന്ന പരിശീലന രീതികളും ആർ.എസ്.എസ്. സ്വീകരിക്കുന്നു. സാധാരണ ഒരു മനുഷ്യൻ ശാഖയിൽ പോയി പരിശീലനം നേടുന്നതിലൂടെ അദ്ദേഹത്തിലുള്ള മനുഷ്യത്വം ഇല്ലാതാവുകയാണ്. ഏത് ക്രൂരകൃത്യവും ചെയ്യാൻ കഴിയുന്ന മാനസികാവസ്ഥയിലേയ്ക്ക് ആർ.എസ്.എസ്. ശാഖയിലുള്ളവരെ എത്തിക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള പരിശീലനം വ്യാപകമായി നടക്കുന്നു എന്നത് ശരിതന്നെയാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കേരളം എന്തുകൊണ്ടും ഒരു മതേതര സംസ്ഥാനമാണ്. ഇന്ത്യയും ഒരു മതേതര രാജ്യമാണ്. നമ്മുടെ രാജ്യത്ത് വളർന്നുവന്നുകൊണ്ടിരിക്കുന്ന വർഗ്ഗീയതയുടെ തീവ്രത മനസ്സിലാക്കി അടുത്ത കാലത്ത് കേരളത്തിലെ മുഖ്യമന്ത്രിക്കെതിരായി ഉയർത്തിയ ആക്രമണ ഭീഷണിക്കെതിരെ യോജിച്ച ഒരു നിലപാട് സ്വീകരിക്കാൻ പ്രതിപക്ഷമുൾപ്പെടെ ബാദ്ധ്യസ്ഥരായിരുന്നു. പ്രതിപക്ഷം ഇപ്പോൾ സഭ ബഹിഷ്കരിച്ചത് ഇതു കൊണ്ടായിരിക്കാം എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ബെനിറ്റോ മുസോളിനിയുടെ കാലത്ത് ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവ് അന്റോണിയോ ഗ്രാംസി ഭരണ വിദ്യാഭ്യാസ രംഗത്ത് സ്വീകരിക്കേണ്ട നിലപാടുകൾ സംബന്ധിച്ചും പൗരസമൂഹവും ഭരണവും തമ്മിലുള്ള

ഒത്തിണക്കത്തെക്കുറിച്ചും വ്യക്തമാക്കിയതിനെത്തുടർന്നാണ് അദ്ദേഹത്തോട് നീചവും നിഷ്ഠൂരവുമായ സമീപനം സ്വീകരിച്ചതെന്ന് നമുക്കറിയാം. 20 വർഷത്തേയ്ക്ക് ബുദ്ധിയെ മരവിപ്പിക്കണമെന്ന് ആക്രോശിച്ച, നിയമനിർമ്മാണം നടത്താൻ പോലും മുതിർന്ന ക്രൂരനായ ഭരണാധികാരിയെ നാം ചരിത്രത്തിലൂടെ മനസ്സിലാക്കിയവരാണ്. ഇതുപോലെ കേരളത്തിൽ സമൂഹത്തിന്റെ പുരോഗതിക്കും വളർച്ചയ്ക്കും പൗരസമൂഹത്തിന്റെയും ഭരണത്തിന്റെയും ഒത്തിണക്കത്തിനുംവേണ്ടി ആഹ്വാനം നടത്തി ഭരണമേഖലയിലേയ്ക്ക് ഉയർന്നുവന്ന സഖാവ് പിണറായി വിജയനെ ഇന്ത്യയിൽ ഒരു സ്ഥലത്തും പ്രസംഗിക്കാൻ അനുവദിക്കില്ലെന്ന് ഭീഷണി മുഴക്കിയ ബി.ജെ.പി. നേതാവിനെതിരെ നടപടി സ്വീകരിക്കേണ്ടതല്ലേ? ഇക്കാര്യത്തിൽ പ്രതിപക്ഷവും യോജിച്ചുനിൽക്കേണ്ടതാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇക്കാര്യത്തിൽ എന്തുനടപടിയാണ് ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയുക; എന്തുനടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത്?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം വളരെ ദീർഘമായ ചോദ്യമാണ് ചോദിച്ചിരിക്കുന്നത്. മതനിരപേക്ഷത നമ്മുടെ രാജ്യത്തിന്റെ ഏറ്റവും വലിയ മുഖമുദ്രയാണ്. ഇന്ത്യ ഒരു മതനിരപേക്ഷ രാഷ്ട്രമാണ്. എന്നാൽ നമ്മുടെ രാജ്യത്തിന് ഭരണനേതൃത്വം നൽകുന്ന ആർ.എസ്.എസ്. മതനിരപേക്ഷതയിൽ വിശ്വസിക്കുന്നില്ല. മതനിരപേക്ഷതയ്ക്ക് അവർ പൂർണ്ണമായും എതിരാണ്, അത് പലപ്പോഴായി വ്യക്തമാക്കിയിട്ടുമുണ്ട്. നിർഭാഗ്യകരമായ വസ്തുത, പാർലമെന്റിനകത്തു തന്നെ മതനിരപേക്ഷ രാഷ്ട്രമെന്ന് രാഷ്ട്രത്തെ വിവക്ഷിക്കുന്നതാണ് ഏറ്റവും വലിയ ആപത്തെന്ന് ഉത്തരവാദപ്പെട്ട കേന്ദ്ര മന്ത്രിതന്നെ പ്രസ്താവിക്കുന്ന അവസ്ഥയുണ്ടായിരിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ മതനിരപേക്ഷതയ്ക്ക് ഭീഷണി ഉയരുന്ന ഈ സാഹചര്യത്തിൽ അതിനെതിരെ ഉറച്ച നിലപാട് സ്വീകരിക്കാൻ മതനിരപേക്ഷ ചിന്താഗതിക്കാർക്കെല്ലാം കഴിയും. ഇക്കാര്യത്തിൽ ഞങ്ങൾ മതനിരപേക്ഷരാണെന്ന് അവകാശപ്പെട്ടതുകൊണ്ടുമാത്രം കാര്യമില്ല. മതനിരപേക്ഷത സംരക്ഷിക്കാനാകണമെങ്കിൽ വർഗ്ഗീയതയ്ക്കെതിരെ ഉറച്ച നിലപാടെടുക്കാൻ കഴിയണം. വർഗ്ഗീയതയ്ക്കെതിരെ ഉറച്ച നിലപാട് എടുത്തുകൊണ്ടും വർഗ്ഗീയതയോട് വിട്ടുവീഴ്ചയില്ലാത്ത സമീപനം സ്വീകരിച്ചുകൊണ്ടും മാത്രമേ മതനിരപേക്ഷത സംരക്ഷിക്കാനാകൂ. ഇവിടെ ആർ.എസ്.എസ്. ഉയർത്തിയ ഭീഷണിയെക്കുറിച്ച് പറയുകയുണ്ടായി. പണ്ട് കടത്തുവഞ്ചിയുള്ള സ്ഥലത്ത് രണ്ടുകാലിനും സ്വാധീനമില്ലാത്ത ഒരാൾ പണം വാങ്ങാൻ ഇരിക്കുമായിരുന്നു. ഒരാളുമായി സംസാരിക്കുന്നതിനിടയ്ക്ക് കാലില്ലാത്ത ആൾ 'ഒരു ചവിട്ട് വച്ചുതന്നാലുണ്ടല്ലോ' എന്നുപറയുകയുണ്ടായി. ഈ ഭീഷണിയും അത്തരത്തിലുള്ളതാണ്; ആരും വകവയ്ക്കുന്നതല്ല. എന്തും വിളിച്ചു പറയുന്ന വിടുവായന്മാർ നമ്മുടെ നാട്ടിലുണ്ട്. അതിൽ ഭയന്നു പോകുന്ന

ആരാണ് നമ്മുടെ നാട്ടിലുള്ളത്? ഇവിടെ ബഹുമാനപ്പെട്ട അംഗം പ്രതിപക്ഷത്തെ ഉപദേശിക്കുന്നത് കേട്ടു. അദ്ദേഹം കാര്യങ്ങൾ ശരിക്കും മനസ്സിലാക്കാതെയാണ് പറഞ്ഞതെന്നാണ് എനിക്ക് തോന്നുന്നത്. ചില കാര്യങ്ങളിൽ ബി.ജെ.പി.യും കോൺഗ്രസ്സും ഒന്നിച്ചാണ്; ശ്രീ. കുമ്മനം രാജശേഖരനും ശ്രീ. വി. എം. സുധീരനും ഒരേ സ്വരത്തിലാണ് സംസാരിക്കുന്നത്; ഒരേ വാചകത്തിലാണ് പലപ്പോഴും സംസാരിക്കുന്നതും ആശയങ്ങൾ മുന്നോട്ട് വയ്ക്കുന്നതും. എങ്ങനെയാണ് അത്തരമൊരു നിലപാട് സ്വീകരിക്കാൻ കഴിയുന്നത്? കേരളത്തിലെ എത്രയോ തദ്ദേശഭരണ സ്ഥാപനങ്ങളിലും സഹകരണ സ്ഥാപനങ്ങളിലും ബി.ജെ.പി. യും യു.ഡി.എഫ്.ഉം യോജിച്ച് നിൽക്കുന്നുണ്ട്. അവർക്ക് എങ്ങനെയാണ് യോജിച്ച് നിൽക്കാൻ കഴിയുന്നത്? അവസരവാദപരമായ നിലപാട് സ്വീകരിക്കുന്നതിലൂടെ എതിർക്കേണ്ടതിനെ എതിർക്കാതെ പരോക്ഷമായി പ്രോത്സാഹനം നൽകുന്ന നിലപാടാണ് സ്വീകരിക്കുന്നത്. എന്നാൽ മംഗലാപുരത്തെ ജനങ്ങൾ വളരെ നല്ല രീതിയിലാണ് ഈ ഭീഷണി നേരിടുന്നതിന് മുന്നിട്ടിറങ്ങിയത്. മുസോളിനിയുടെ കാര്യം പറയുകയുണ്ടായി. മുസോളിനിയുടെ ഫാസിസ്റ്റ് സംഘടനാ രൂപമാണ് ആർ.എസ്.എസ്. സ്വീകരിച്ചിരിക്കുന്നത്. ആർ.എസ്.എസ്.-ന്റെ സ്ഥാപക നേതാക്കളിൽ ഒരാളായിരുന്ന ഡോ. മുഞ്ചെ ഇറ്റലിയിൽ പോയി ഫാസിസ്റ്റ് സംഘടനാരൂപം സ്വായത്തമാക്കുകയും മുസോളിനിയുമായി ചർച്ച നടത്തുകയും അവിടത്തെ ഫാസിസ്റ്റ് പരിശീലന കേന്ദ്രങ്ങൾ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ ആവേശംപൂണ്ട് അത്തരം പരിശീലന രീതികളാണ് ഇവിടെ ആർ.എസ്.എസ്. നടപ്പിലാക്കിവരുന്നത്. ഒരു സ്ഥലത്തും കാലുകുത്താൻ അനുവദിക്കില്ലെന്നുള്ള ഭീഷണിയൊക്കെ വീൺവാക്കുകളായി മാത്രമേ കാണേണ്ടതുള്ളൂ, അവയൊന്നും ഈ നാട്ടിൽ ആരും വിലമതിക്കുന്നതല്ല.

ശ്രീ. എ. എൻ. ഷംസീർ: സർ, ആർ.എസ്.എസ്. തീവ്രമായ രീതിയിൽ കേരളത്തിന്റെ ക്രമസമാധാനം തകർക്കാനായി ബോധപൂർവ്വം അക്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ആർ.എസ്.എസ്. നേരത്തെ സി.പി.ഐ.(എം)-നെ മാത്രമാണ് ആക്രമിച്ചിരുന്നതെങ്കിൽ, ഡി.വൈ.എഫ്.ഐ. പ്രവർത്തകർ മാത്രമാണ് കൊല്ലപ്പെട്ടിരുന്നതെങ്കിൽ ഇപ്പോൾ ദളിതർക്ക് നേരെയും ആക്രമണം നടത്തുകയാണ്. അതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ് നേമത്തെ കല്ലിയൂരിൽ ഹോം ട്യൂഷൻ സെന്റർ നടത്തുന്ന ദളിത് യുവതിയെ ക്രൂരമായ രീതിയിൽ ആക്രമിച്ചത്. ആ കേസിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? സി.പി.ഐ.(എം).-ന്റെ സംസ്ഥാന സെക്രട്ടറി പ്രസംഗിക്കുന്ന വേദിയുടെ 100 മീറ്റർ അപ്പുറത്തും ശ്രീ. എം. എ. ബേബി പ്രസംഗിക്കേണ്ട പൊതുയോഗത്തിന് മുമ്പുള്ള ദിവസം വേദിയുടെ സമീപവും ബോംബെറിഞ്ഞ് ആർ.എസ്.എസ്. പ്രകോപനം സൃഷ്ടിക്കുന്നു. കണ്ണൂർ ജില്ലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത

സമാധാന യോഗത്തിനുശേഷവും ആർ.എസ്.എസ്. തലശ്ശേരി മേഖലയിൽ ബോധപൂർവ്വം സംഘർഷം സൃഷ്ടിക്കുന്നത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ; ഇത്തരം കാര്യങ്ങളെ നിയന്ത്രിക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കും; ഭീരുക്കളായ നേതാക്കൾ നടത്തുന്ന വിടുവായത്തം നിയന്ത്രിക്കാൻ കർശന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ? ഇതുസംബന്ധിച്ച് നമ്മുടെ മുന്നിൽ പ്രീസിഡെന്റുണ്ട്. ഒരു പ്രസംഗത്തിന്റെ പേരിൽ ഉത്തരവാദിത്വപ്പെട്ട മുതിർന്ന ഒരു പൊതുപ്രവർത്തകനെ കള്ളക്കേസ്സിൽപ്പെടുത്തി ജയിലിലടച്ചിട്ടുണ്ട്. ഞങ്ങൾ കൊന്നിട്ടുണ്ട്, ഇനിയും കൊല്ലുമെന്ന നിലയിൽ ഇവിടെ ഒരു നേതാവ് പ്രകോപനപരമായി പ്രസംഗം നടത്തിയിട്ടുണ്ട്. അതിനെതിരെ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ആർ.എസ്.എസ്.ന്റെ ആയുധ പരിശീലനവും അക്രമോത്സുകമായ പ്രവർത്തനവും നിയന്ത്രിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ശ്രമങ്ങൾ ഉണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ട്യൂഷൻ സെന്റർ അദ്ധ്യാപികയായ ദളിത് സ്ത്രീക്കെതിരെ നടന്ന ആക്രമണം അതിക്രൂരമായ ഒന്നാണ്. അതുമായി ബന്ധപ്പെട്ട് കർക്കശമായ നടപടി പോലീസ് സ്വീകരിച്ചുവരുന്നു. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി സംസാരിക്കുന്ന വേദിക്കരികിൽ ബോംബെറിഞ്ഞ് പ്രകോപനം സൃഷ്ടിച്ചുവെന്നുള്ളത് ശരിയാണ്. അതിനെതിരെ ആവശ്യമായ അന്വേഷണങ്ങളും നടപടികളും തുടരുന്നുണ്ട്. സമാധാന സംഭാഷണത്തിനുശേഷം ഏതെങ്കിലും സംഭവങ്ങളുണ്ടായാൽ അവിടെ കൂട്ടായി എത്തി ആ അക്രമ സംഭവത്തെ അപലപിക്കണമെന്നത് സമാധാന സംഭാഷണത്തിൽ വ്യക്തമാക്കിയ കാര്യമാണ്. അവിടെ എത്തിച്ചേരുന്നതുതന്നെ അപലപിക്കലിന് തുല്യമായിത്തീരും. അക്രമങ്ങൾ ഉണ്ടാകാതിരിക്കാൻ കൂട്ടായ ശ്രമം വേണമെന്നതന്നെയാണ് സമാധാന സംഭാഷണത്തിലെ തീരുമാനം. അടുത്ത കാലത്തായി സംസ്ഥാനത്ത് മാത്രമല്ല, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ദളിത് വിഭാഗത്തിന് നേരെ വ്യാപകമായ ആക്രമണം സംഘ്പരിവാറിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. അതിൽ ഏറ്റവും ക്രൂരമായ സംഭവമാണ് ഗുജറാത്തിലെ ഉനയിലുണ്ടായത്. നിങ്ങൾ പശുവിന്റെ തോല് ഉരിയേണ്ടവരാണെന്നും ഞങ്ങളുടെ കുപ്പസ് കഴുകേണ്ടവരാണെന്നും പറഞ്ഞാണ് നാല് ദളിത് യുവാക്കളെ നഗ്നരാക്കി കാറിൽ കെട്ടിയിട്ട് മർദ്ദിച്ചത്. ഇത്തരത്തിലുള്ള സംസ്കാരം ആർ.എസ്.എസ്. കേരളത്തിലേയ്ക്കും കൊണ്ടുവരാനാണുദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായാണ് പാവപ്പെട്ട ദളിത് സഹോദരിയുടെ ഫോൺ ചവിട്ടിയരയ്ക്കുകയും അതിക്രൂരമായി മർദ്ദിക്കുകയും ചെയ്തത്. ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. പ്രസംഗത്തിന്റെ കാര്യത്തിൽ നിയമപരമായി എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കുന്നുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ആർ.എസ്.എസ്.ന്റെ പ്രാദേശിക നേതാവിനെ കൊലപ്പെടുത്തിയത് സി.പി.ഐ.(എം). ആണെന്ന് വരുത്തിത്തീർക്കാനുള്ള ഗൂഢശ്രമമാണ് വിഷ്ണു പൊളിച്ചത്. മതം മാറിയെന്ന പേരിൽ ആർ.എസ്.എസ്.-കാർ ഒരു ചെറുപ്പക്കാരനെ കൊലപ്പെടുത്തുകയുണ്ടായി. ഇത്തരത്തിൽ നിരവധി അക്രമങ്ങൾ നടത്തി കേരളത്തെ സംഘർഷ ഭൂമിയാക്കി മാറ്റാനാണ് ആർ.എസ്.എസ്. ശ്രമിക്കുന്നത്. ആർ.എസ്.എസ്./ ബി.ജെ.പി. നേതൃത്വം കേരളത്തിൽ വന്ന് ക്രമസമാധാനം തകർന്നത് അന്വേഷിക്കുന്നു. കേരളത്തിൽ ആർക്കെങ്കിലും എന്തെങ്കിലും സംഭവിച്ചാൽ സി.പി.ഐ.(എം). നേതാക്കളെ പുറത്തിറങ്ങി നടക്കാൻ അനുവദിക്കുന്നില്ലെന്നാണ് ആ സംഘത്തലവൻ കേരളത്തിനകത്തും പുറത്തും പ്രസംഗിക്കുന്നത്. കേരളത്തിന്റെ മുൻമുഖ്യമന്ത്രിയും മുൻകേന്ദ്ര മന്ത്രിയും ആയിരുന്ന ശ്രീ. എ. കെ. ആന്റണിയുടെ അഭിപ്രായ പ്രകടനം ഇതോടൊപ്പം കൂട്ടിവായിക്കേണ്ടതാണ്. പകൽ കോൺഗ്രസ്സുകാരായും രാത്രി ആർ.എസ്.എസ്.കാരായും നടക്കുന്ന ആളുകൾ കോൺഗ്രസ്സിലുണ്ട്. അത്തരം ആളുകൾ കോൺഗ്രസ്സിൽ വേണ്ടെന്നാണ് അദ്ദേഹം കേരളത്തിൽ വന്ന് പ്രസംഗിച്ചത്. അത്തരത്തിൽ പകൽ കോൺഗ്രസ്സും രാത്രി ആർ.എസ്.എസ്.മായി നടക്കുന്ന നേതാക്കളിൽ ചിലർ ഇപ്പോൾ ആർ.എസ്.എസ്.നുവേണ്ടി കേരളത്തിൽ വക്കാലത്ത് ഏറ്റെടുത്തിട്ടുണ്ടോയെന്ന് പ്രതിപക്ഷത്തിന്റെ ചില നീക്കങ്ങൾ കണ്ടാൽ സംശയംതോന്നും. ഇതുസംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും അറിവുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ രാജ്യത്ത് അത്യന്തം അപകടകരമായ സ്ഥിതിവിശേഷം ഉയർന്നുവരുന്നതിൽ കോൺഗ്രസ്സ് പാർട്ടിയും പ്രത്യേകിച്ച് കേരളത്തിലുള്ള കോൺഗ്രസ്സുകാരും എന്ത് നിലപാട് സ്വീകരിക്കണമെന്നതിനെക്കുറിച്ചാണ് ബഹുമാന്യനായ എ. കെ. ആന്റണി സംസാരിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. രാജ്യത്തെ ജനാധിപത്യ വ്യവസ്ഥിതി തകർക്കാനും മതനിരപേക്ഷത ഇല്ലാതാക്കാനും ഫെഡറൽ തത്വങ്ങൾ ലംഘിക്കാനുമുള്ള നീക്കങ്ങളാണ് ആർ.എസ്.എസ്.ന്റെയും ബി.ജെ.പി.യുടെയും ഭാഗത്തുനിന്നും ഉണ്ടാകുന്നത്. അത്തരം ഒരു ഘട്ടത്തിൽ ബി.ജെ.പി.യെയും ആർ.എസ്.എസ്.-നെയും പരോക്ഷമായി സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്നതിനെതിരെയുള്ള ശക്തമായ താക്കീതാണ് ശ്രീ. എ. കെ. ആന്റണിയുടെ പ്രസംഗം. പകൽ കോൺഗ്രസ്സ് എന്നുപറഞ്ഞത് അദ്ദേഹത്തിന്റെ ദീർഘകാലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ്. പക്ഷേ, ഇത്രയും വലിയ ഒരു വിമർശനം പരസ്യമായി ഉന്നയിക്കപ്പെട്ടിട്ടും അതിനനുസൃതമായ ഒരു തിരുത്തൽ കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി നമ്മുടെ അനുഭവത്തിൽ കാണാനില്ല. വീണ്ടും

ആർ.എസ്.എസ്.-മായും വർഗ്ഗീയതയുമായും സമരസപ്പെട്ടുപോകാനുള്ള ശ്രമങ്ങളാണ് കേരളത്തിലെ കോൺഗ്രസ്സുകാരായ പലരുടെയും ഭാഗത്തുനിന്നും ഉണ്ടാകുന്നത്. വർഗ്ഗീയ നിലപാട് ആർ.എസ്.എസ്. മാത്രമല്ല സ്വീകരിക്കുന്നത്. ആർ.എസ്.എസ്. വർഗ്ഗീയ നിലപാട് സ്വീകരിക്കുമ്പോൾത്തന്നെ ന്യൂനപക്ഷ വർഗ്ഗീയതയുടെ ഭാഗമായുള്ള ചില നിലപാടുകളും സംസ്ഥാനത്തുണ്ടാകുന്നുണ്ട്. ഏത് വർഗ്ഗീയതയായാലും ആ വർഗ്ഗീയതയെയും വർഗ്ഗീയതയുടെ ഭാഗമായുള്ള കൊലയെയും ശക്തമായി നേരിടുക എന്നതുതന്നെയാണ് സംസ്ഥാന സർക്കാരിന്റെ നയം.

ശ്രീ. വി. അബ്ദുറഹിമാൻ : സർ, മലപ്പുറം ജില്ലയിൽ വളരെ സമാധാന പൂർണ്ണമായിട്ടുള്ള ജനജീവിതമാണുള്ളത്. ആർ.എസ്.എസ്.ന്റെ ക്രൂരമായ പീഡനത്തിൽ മരണപ്പെട്ട യാസർ, കൊടിഞ്ഞിയിലുണ്ടായ ഫൈസൽ വധം തുടങ്ങിയ സംഭവങ്ങളിൽ കടുത്ത ശിക്ഷ വാങ്ങിക്കൊടുക്കാൻ കഴിഞ്ഞകാലങ്ങളിൽ സർക്കാരിന് കഴിഞ്ഞിട്ടില്ല. മുഴുവൻ പ്രതികളേയും റിമാൻഡ് ചെയ്യുന്നതിന് മുൻപുതന്നെ മറ്റുള്ള പ്രതികൾക്ക് ജാമ്യം നൽകിയ അവസ്ഥ കൊടിഞ്ഞി ഫൈസൽ വധക്കേസ്സിലുണ്ടായിരുന്നു. ഇത്തരത്തിലുള്ള സംഭവങ്ങൾ വീണ്ടും ഇവരെ അക്രമത്തിലേയ്ക്കും കൊലപാതക ങ്ങളിലേയ്ക്കും നയിക്കുന്ന സാഹചര്യമുണ്ടാക്കിയിരിക്കുന്നു. ഇതിനെതിരെ അടിയന്തരമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ : സർ, ഇത്തരം കാര്യങ്ങൾക്കെതിരെയുള്ള ബോധവൽക്കരണമാണ് സ്വാഭാവികമായിട്ടും ഉയർന്നുവരേണ്ടത്. അത്തരത്തിൽ ശക്തമായ ബോധവൽക്കരണം സമൂഹത്തിൽ ഉയർത്തിക്കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതേസമയം സംസ്ഥാനത്ത് ഇത്തരത്തിലുള്ള കൊലപാതകങ്ങൾ നടക്കുമ്പോൾ അതിനെതിരെ പോലീസ് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ജാമ്യം നൽകുന്നത് കോടതിയുടെ വിവേച നാധികാരത്തിൽപ്പെട്ട കാര്യമാണ്. അത് പ്രത്യേകം പരിശോധിച്ചാൽ മാത്രമേ എങ്ങനെയാണ് ജാമ്യം ലഭിക്കാൻ ഇടയായതെന്ന് വിലയിരുത്താൻ കഴിയുകയുള്ളൂ. ഏതായാലും ഇത്തരം ശക്തികൾക്കെതിരെ ശക്തമായ നിലപാടുതന്നെയാണ് സംസ്ഥാനം സ്വീകരിച്ചുവരുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, വർഗ്ഗീയ ഫാസിസ്റ്റ് നയങ്ങൾക്കെതിരെയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും അദ്ദേഹത്തിന്റെ പാർട്ടിയുടെയും നടപടികളെ ആർക്കെങ്കിലും എതിർക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. മറ്റൊരു സംസ്ഥാനത്ത് കേരളത്തിന്റെ മുഖ്യമന്ത്രിയായ കമ്മ്യൂണിസ്റ്റുകാരൻ ചെന്നാൽ കൊന്നുകളയുമെന്ന രീതിയിലുള്ള പ്രസ്താവന നടത്തിയത് കേരളത്തിലെ ജനങ്ങൾക്ക് അപമാനമുണ്ടാക്കി. എന്നാൽ കേരളത്തിലെ മുഖ്യമന്ത്രി അവിടെ ചെല്ലുകയും പ്രസംഗിക്കുകയും ചെയ്തു.

ആ പ്രസംഗം മുഴുവൻ ഞാൻ കണ്ടു. ഒരു മലയാളി എന്ന നിലയിൽ അഭിമാനം തോന്നി. ഞാൻ ആ കാര്യത്തിൽ മുഖ്യമന്ത്രിയെ അഭിനന്ദിക്കുകയാണ്. എനിക്ക് മുൻപ് രണ്ട് എം.എൽ.എ.മാർ സംസാരിച്ചതു മുഴുവൻ കൊലപാതകത്തെക്കുറിച്ചാണ്. അങ്ങയുടെ കാലത്ത് ഇങ്ങനെ കൊലപാതകങ്ങൾ നടക്കാമോ? ആരോ ആകട്ടെ, കമ്മ്യൂണിസ്റ്റുകാരൻ കൊന്നാലും ലീഗുകാരൻ കൊന്നാലും അത് ആരായാലും ആർ.എസ്.എസ്.കാരനായാലും, മനുഷ്യജീവനാണ് നഷ്ടപ്പെടുന്നത്. ഇത് അങ്ങേയ്ക്ക് തിരിച്ചുകൊടുക്കാൻ കഴിയുമോ? ഇത് രാഷ്ട്രീയ മുതലെടുപ്പിന് പ്രതിപക്ഷത്തുള്ളവർ ഉപയോഗിച്ചാൽ കുറ്റപ്പെടുത്താൻ കഴിയുമോ? ഇടതുപക്ഷ ജനാധിപത്യ മുന്നണിയും യു.ഡി.എഫും ബി.ജെ.പി.-യും കൊലപാതക രാഷ്ട്രീയത്തിന്റെ കാര്യം പറഞ്ഞ് യഥാർത്ഥ പ്രശ്നത്തിൽനിന്ന് ഓടിയൊളിക്കുകയാണ്. ഇന്ന് അരിവില 47 രൂപയാണ്. ഇത് ചോദിക്കാനാരെങ്കിലുമുണ്ടോ? എന്റെ ചോദ്യം 1996-ലെ ഭരണാധികാരിയിൽനിന്ന് ശ്രീ. പിണറായി വിജയൻ എവിടെപ്പോയി? എനിക്കറിയില്ല; 1996-ലെ ഭരണാധികാരിയായിരുന്ന മുഖ്യമന്ത്രിയാണ് ഇപ്പോഴെങ്കിൽ കേരളത്തിലെ മതേതരത്വത്തിനുവേണ്ടി ശക്തമായി ഇടപെടാൻ കഴിയുമായിരുന്നു. എന്തുകൊണ്ട് ഇത്തരം പ്രതിബന്ധങ്ങളിൽ നിന്നുമാറി ഭരണപരമായ കാര്യങ്ങളിലേയ്ക്ക് പോകാൻ അങ്ങേയ്ക്ക് കഴിയുന്നില്ല? അതിനുകൂടി ഉത്തരം അങ്ങിൽ നിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, മംഗലാപുരത്ത് കാലുകുത്താൻ ആർ.എസ്.എസ്. അനുവദിക്കില്ല എന്ന് പറഞ്ഞപ്പോൾ കേരളീയ സമൂഹം മുഴുവൻ എനിക്കു പിന്നിൽ ഉറച്ചു നിന്ന അനുഭവമാണ് എനിക്കുള്ളത്. ആ കാര്യത്തിൽ ആദ്യമായി കേരളീയസമൂഹത്തിനുള്ള നന്ദി അറിയിക്കുകയാണ്. ഞാൻ മനസ്സിലാക്കിയത് രാഷ്ട്രീയമായി വ്യത്യസ്ത അഭിപ്രായമുള്ളവർപോലും അന്നവിടെ എന്ത് സംഭവിക്കുന്നുവെന്ന ഉൽക്കണ്ഠയോടെ ടി.വി-ക്കുമുൻപിൽ നോക്കി ക്കൊണ്ടിരുന്നു. ചില മിഥ്യാബോധവുംകൂടി അതിന് കാരണമാണെങ്കിലും ഒരു കരുതലും സ്നേഹവും എന്നോടുള്ളതായി അനുഭവപ്പെട്ടു. അത് വർഗ്ഗീയത ക്കെതിരെയുള്ള നിലപാടുകൂടിയാണ് എന്നുള്ളതുകൊണ്ട് അവരെ എല്ലാവരേയും അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ശ്രീ. പി. സി. ജോർജ് ചോദിച്ച കാര്യം, മനുഷ്യജീവൻ നഷ്ടപ്പെടുന്ന കാര്യത്തിൽ നമ്മളാരും സന്തോഷിക്കുന്നവരല്ല. കർക്കശമായ നടപടി ഏത് കൊലപാതകത്തിന് നേരെയുമുണ്ടാകും. ഒരു കൊലയും കേരളത്തിൽ സംഭവിക്കാൻ പാടില്ല. കൊലപാതകത്തിൽനിന്ന് പൂർണ്ണമായി മാറിനിൽക്കാൻ എല്ലാ ആളുകളും സന്നദ്ധരാകണം. രാഷ്ട്രീയ പാർട്ടികൾ മുൻകൂട്ടിത്തന്നെ ആലോചിച്ച് രാഷ്ട്രീയ കൊലപാതകങ്ങളിൽനിന്നും ആളുകളെ ഒഴിവാക്കി നിർത്താനുള്ള

ബോധവൽക്കരണ പ്രക്രിയ ആരംഭിക്കണം. സമാധാന സംഭാഷണം നടത്തിയപ്പോഴുള്ള അനുഭവം വളരെ വിലപ്പെട്ടതായിരുന്നു. വലിയ തോതിൽ അക്രമം നടത്തിയവർപോലും നല്ല രീതിയിൽ സഹകരിക്കാമെന്ന വാഗ്ദാനം നൽകിയിട്ടുണ്ട്. നല്ല രീതിയിൽത്തന്നെ അത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയതിനെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. അത് ഒന്നുരണ്ട് കാരണങ്ങൾകൊണ്ടാണെന്നാണ് എനിക്ക് തോന്നുന്നത്. അതിൽ ഒന്ന്, ആർ.എസ്.എസ്.നെ വിമർശിക്കുന്ന ധാരാളം ചോദ്യങ്ങൾ ഇവിടെ വരാനുണ്ട്. അത്തരം ഉപചോദ്യങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കാനുള്ള താൽപ്പര്യം കൊണ്ടായിരിക്കാം സഭ ബഹിഷ്കരിച്ച് പോയത്. അതോടൊപ്പംതന്നെ അടുത്ത ചോദ്യം ബാർ കോഴക്കേസുമായി ബന്ധപ്പെട്ടതാണ്; അത് തൊടാനേ കഴിയില്ല എന്ന മട്ടിൽ ഇറങ്ങിപ്പോയതായിരിക്കും എന്നാണ് തോന്നുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തിൽ എന്തെങ്കിലും പോരായ്മകൾ അങ്ങേയ്ക്ക് അനുഭവപ്പെടുന്നുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ തിരുത്തേണ്ടതുണ്ടെങ്കിൽ തിരുത്താൻ തയ്യാറാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, നമ്മുടെ സംസ്ഥാനത്ത് ദൈവ വിശ്വാസത്തിന്റെയും ആചാര അനുഷ്ഠാനങ്ങളുടെയും ഭാഗമായുള്ള ക്ഷേത്രങ്ങളും കാവുകളുമെല്ലാമുണ്ട്. എന്നാൽ ആർ.എസ്.എസ്. കയ്യടക്കി വച്ചിരിക്കുന്നതും വിശ്വാസികൾക്ക് നിർഭയമായി പ്രാർത്ഥനയ്ക്ക് പോകാൻ കഴിയാത്തതുമായ നിരവധി ക്ഷേത്രങ്ങളുണ്ട്. അതിലൊന്നാണ് തൃശ്ശൂർ ജില്ലയിലെ ചരിത്ര പ്രസിദ്ധമായ കൊടുങ്ങല്ലൂർ ക്ഷേത്രം. ഇത്തരത്തിലുള്ള ക്ഷേത്രങ്ങൾ ആർ.എസ്.എസ്.ന്റെ സായുധവിഭാഗം കയ്യടക്കുകയാണെന്ന് മാത്രമല്ല വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രങ്ങളിൽ ലഭിക്കുന്ന നടവരവ് ആർ.എസ്.എസ്. സംഘം അവരുടെ പ്രവർത്തനങ്ങൾക്കും ഗുണ്ടാ മാഫിയാ സംഘങ്ങളെ സംരക്ഷിക്കുന്നതിനും ഉപയോഗിക്കുകയാണ്. ഇവിടെ പറഞ്ഞതുപോലെ തിരുവനന്തപുരത്ത് മാത്രമല്ല, കേരളത്തിന്റെ പല പ്രദേശങ്ങളിലും പ്രത്യേക കേന്ദ്രങ്ങളിൽ ക്യാമ്പുകളുണ്ടാക്കിയിട്ടുണ്ട്. ആർ.എസ്.എസ്.ൽനിന്ന് അഭിപ്രായ വ്യത്യാസമുണ്ടാകുന്നവരെ തിരിച്ചറിയുമ്പോൾ, അല്ലെങ്കിൽ വിട്ടുപോകുന്നവരെ ഈ തടങ്കൽ പാളയത്തിനകത്തുകൊണ്ടുവന്ന് എത്രയോ ദിവസം ഭക്ഷണം നൽകാതെ പീഡിപ്പിച്ച് ഭയപ്പെടുത്തി കീഴ്പ്പെടുത്തുന്ന ഒരു തന്ത്രം അവർ ഉപയോഗിക്കുകയാണ്. കൊച്ചിയിൽ ഇത്തരത്തിലുള്ള വലിയൊരു ആസ്ഥാനമുണ്ട്. ഒരു ഭീകര കേന്ദ്രമാണത്. കൂടാതെ തലശ്ശേരിയിലും കാസർഗോഡും ഇത്തരത്തിലുള്ള കേന്ദ്രമുണ്ട്. പല പ്രദേശങ്ങളിലും ഇത്തരം നിയമവിരുദ്ധ തടങ്കൽപ്പാളയങ്ങളുണ്ടാക്കി ഫാസിസ്റ്റ് രീതിയിൽ പ്രവർത്തിക്കുകയാണ്. ഇതിനെ കർശനമായി നേരിടാനും പരിശോധിക്കാനും ഗവൺമെന്റ് മുന്നോട്ടുവരുമോ; ഇനിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ക്ഷേത്രങ്ങളും കാവുകളും അതുപോലുള്ള ആരാധനാലയങ്ങളും സാധാരണ നിലയ്ക്ക് വിശ്വാസികളുടെ കേന്ദ്രങ്ങളായാണ് മാറേണ്ടത്. എന്നാൽ നിർഭാഗ്യവശാൽ ചില സ്ഥലങ്ങളിൽ ഇത്തരം ആരാധനാലയങ്ങളിൽ വിശ്വാസികൾക്ക് സുരക്ഷിതമായി പോകാൻ സാധിക്കാത്ത ഒരവസ്ഥയിലേയ്ക്ക് എത്തിയിട്ടുണ്ട്. അതിലൊന്നാണ് ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കൊടുങ്ങല്ലൂർ ക്ഷേത്രം. പുരാതനവും കേരളത്തിന്റെ എല്ലാഭാഗത്തുനിന്നും ആളുകൾ എത്തിച്ചേരുന്നതുമായ ഒരു ക്ഷേത്രമാണിത്. അവിടെ ആർ.എസ്.എസ്.ന്റെ പ്രവർത്തനങ്ങൾ വഴിവിട്ട് നടക്കുന്നുവെന്നുള്ളത് ശരിയാണ്. ഇവിടെ ബഹുമാന്യനായ അംഗം ഉന്നയിച്ച നടവരവ് പോലുള്ള കാര്യങ്ങൾ, തെറ്റായ രീതിയിൽ ഉപയോഗിക്കൽ, പണം കൈവശപ്പെടുത്തൽ, അതിന്റെ ഭാഗമായി ആർ.എസ്.എസ്.ന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ തുടങ്ങിയവ അവിടെ നടന്നുവരുന്നുണ്ട്. ഇക്കാര്യത്തിൽ ശക്തമായ നിലപാടുതന്നെ സ്വീകരിക്കും. ക്ഷേത്രത്തിൽ വിശ്വാസികൾക്ക് ഭയമില്ലാതെ എത്തിപ്പെടാൻ സാധിക്കുന്ന തരത്തിലുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുകതന്നെ ചെയ്യും. ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യം ശരിയാണ്. ആർ.എസ്.എസ്. ജനാധിപത്യ സംവിധാനം അംഗീകരിക്കുന്ന ഒരു സംഘടനയല്ല. ആർ.എസ്.എസ്.നോട് ഏതെങ്കിലും തരത്തിലുള്ള വിപ്രതിപത്തി അതിലുള്ള ആർക്കെങ്കിലുമുണ്ടെന്ന് സംശയം തോന്നിയാൽ അത്തരം ആളുകളെയാണ് തടങ്കലിൽ കൊണ്ടുപോയി പാർപ്പിക്കുന്നത്. അതും ആർ.എസ്.എസ്.കാരൻ തന്നെയാണ്. തട്ടിക്കൊണ്ടുപോയി തടങ്കലിൽ പാർപ്പിച്ച് ഭീകരമായ മർദ്ദനത്തിനടക്കം ഇരയാക്കുന്നത്. ഇങ്ങനെയുള്ള ചില കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു വെന്നുള്ളതാണ് വിഷ്ണുവിന്റെ വെളിപ്പെടുത്തലിലൂടെ പുറത്തു വന്നിട്ടുള്ളത്. അദ്ദേഹം ചൂണ്ടിക്കാണിച്ച ചില പ്രദേശങ്ങളും അതിനുപുറമേയുള്ള ചില പ്രദേശങ്ങളും ഇത്തരത്തിലുള്ള കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുവെന്നുള്ളത് വസ്തുത തന്നെയാണ്. വിഷ്ണുവിന്റെ കേസ്സുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യക്ഷമമായ അന്വേഷണം നടന്നു കൊണ്ടിരിക്കുകയാണ്. ഫലപ്രദമായ നടപടികൾ ആ കാര്യത്തിൽ ഉണ്ടാവുകയും ചെയ്യും.

## ബാർ കോഴക്കേസ്

3 (*3) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എം. സ്വരാജ്:
ശ്രീ. പി. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴക്കേസ്സിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തൽ അട്ടിമറിച്ച് ഭരണത്തിലെ ഉന്നതരുടെ നിർദ്ദേശപ്രകാരം അന്നത്തെ വിജിലൻസ് ഡയറക്ടർ കെട്ടിച്ചമച്ച റിപ്പോർട്ടാണ് കോടതിയിൽ സമർപ്പിച്ചതെന്ന് വിജിലൻസ് കോടതിയിൽ പുതുതായി സമർപ്പിച്ച റിപ്പോർട്ടിൽ അന്വേഷണ ഉദ്യോഗസ്ഥൻ തന്നെ വെളിപ്പെടുത്തിയ സാഹചര്യത്തിൽ, കേസ് അട്ടിമറിക്കാൻ കൂട്ടുനിന്നവർക്കും അതിന് നിർദ്ദേശം നൽകിയവർക്കുമെതിരെ നിയമ നടപടിയെടുക്കാൻ തയ്യാറാകുമോ ;

(ബി) കേസ് ഡയറിപോലും തിരുത്താൻ സമ്മർദ്ദം ചെലുത്തിയെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് മാറ്റി നിർത്താൻ നടപടിയുണ്ടാകുമോ;

(സി) കേസ് അട്ടിമറിച്ചെന്ന് വ്യക്തമായ സ്ഥിതിക്ക് പുനരന്വേഷണത്തിന് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ - സി) ബഹുമാനപ്പെട്ട കോടതിയുടെ 29-10-2015-ലെ ഉത്തരവുപ്രകാരം ബാർ കോഴക്കേസ്സിന്റെ പുനരന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ആരോപണങ്ങളിന്മേലുള്ള പ്രാഥമിക അന്വേഷണ റിപ്പോർട്ട് കോടതിയുടെ പരിഗണനയിലാണ്. കോടതി പരിഗണിച്ചുകൊണ്ടിരിക്കുന്ന കേസ്സായതിനാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ കഴിയില്ല.

ശ്രീ. ജെയിംസ് മാത്യു: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടി ബോദ്ധ്യമാവുന്നതാണ്. പക്ഷേ, ഇക്കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർക്ക് അഴിമതി നടത്തുന്നതിന് അവസരമൊരുക്കിക്കൊടുത്ത ഉന്നത ഉദ്യോഗസ്ഥർ അതിനെക്കുറിച്ച് അന്വേഷിക്കുന്ന കാര്യത്തിലുണ്ടാക്കിയ തിരിമറിയാണ് ഈ ചോദ്യത്തിലുന്നയിക്കപ്പെട്ടത്. അത്തരം തിരിമറി നടത്തുന്നതിനും അഴിമതി നടത്തുന്നതിന് കൂട്ടുനിൽക്കുന്നതുമായ ഉന്നത ഉദ്യോഗസ്ഥരുണ്ട്. ഇവരുടെയെല്ലാം കോൺഫിഡൻഷ്യൽ റിപ്പോർട്ട് അതത് അവസരത്തിൽ ഗവൺമെന്റിന് ലഭിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വളരെ മോശപ്പെട്ട ട്രാക്ക് റിക്കോർഡുള്ള ഉന്നത ഉദ്യോഗസ്ഥർ ഏത് തലത്തിലുള്ളവരായിരുന്നാലും അവരെക്കുറിച്ച് കോടതിയുടെ മുമ്പാകെ പരാതിപ്പെട്ട് തെളിവുകളുടെ അടിസ്ഥാനത്തിൽ ശിക്ഷിക്കപ്പെടുകയല്ലാതെ സർക്കാരിന് അവരുടെ മോശപ്പെട്ട പെരുമാറ്റത്തെ അടിസ്ഥാനപ്പെടുത്തി ഉചിതമായ നടപടി സ്വീകരിച്ച് അത്തരം ചുമതലകളിൽനിന്ന് മാറ്റി നിർത്താനോ സർവ്വീസിൽനിന്ന് ഒഴിവാക്കാനോ കഴിയുന്ന ഒരു സംവിധാനം നിലവിലുണ്ടോ; അങ്ങനെയൊരു സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് സർക്കാർ ഗൗരവപൂർവ്വം ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ കേസ്സുകളുമായി ബന്ധപ്പെട്ട അന്വേഷണം എപ്പോഴും സ്വതന്ത്രവും നിഷ്പക്ഷവുമായി നടക്കേണ്ടതാണ്. ബാഹ്യമായതോ കേസന്വേഷണത്തെ സ്വാധീനിക്കത്തക്കതോ ആയ ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ ഉണ്ടാവുകയാണെങ്കിൽ അത് ഒരു കാരണവശാലും ശരിവയ്ക്കാനാവില്ല. അത്തരത്തിലുള്ള പ്രശ്നങ്ങളിൽ ഗൗരവമായ നടപടിതന്നെ സർക്കാർ സ്വീകരിക്കും.

ശ്രീ. ജെയിംസ് മാത്യു: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏതൊക്കെ മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കുമെതിരെ എന്തെല്ലാം പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലാണ് അഴിമതി ആരോപണങ്ങൾ ഉയർന്നുവന്നതെന്നും അതുസംബന്ധിച്ച് നടക്കുന്ന അന്വേഷണത്തെക്കുറിച്ച് വ്യക്തമാക്കാമോയെന്നും ചോദിച്ചുകൊണ്ട് നക്ഷത്ര ചിഹ്നമിട്ട ഒരു ചോദ്യം മുമ്പ് ഞാൻ ഉന്നയിച്ചിരുന്നു. ആ ചോദ്യത്തിന് എനിക്ക് ലഭിച്ച മറുപടി പ്രകാരം, യഥാർത്ഥത്തിൽ അൽപ്പംമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ സൂചിപ്പിച്ചതുപോലെ പ്രതിപക്ഷം ഇറങ്ങിപ്പോകുന്നതിന് കാരണമാകുന്ന വിധത്തിൽ ആ ഉത്തരത്തിൽ 64 ആളുകൾക്കെതിരെയെന്നും അതിൽ സർവ്വശ്രീ ഉമ്മൻ ചാണ്ടി, പി. കെ. കുഞ്ഞാലിക്കുട്ടി, കെ. എം. മാണി, കെ. ബാബു, അടൂർ പ്രകാശ്, പി. ജെ. ജോസഫ്, എ. പി. അനിൽ കുമാർ, മഞ്ഞളാംകുഴി അലി, കെ. പി. മോഹനൻ, ഇബ്രാഹിം കുഞ്ഞ് എന്നിവർക്കെതിരെ ആരോപണമുയർന്നിട്ടുണ്ടെന്നും പറയുന്നുണ്ട്. ഈ 64 പേരിൽ മുൻ മന്ത്രിമാരും മുഖ്യമന്ത്രിയും ഉദ്യോഗസ്ഥരുമുണ്ട്. ഇവരെയെല്ലാം സംബന്ധിച്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ തൊട്ടുമുമ്പുള്ള ചോദ്യത്തിൽ സൂചിപ്പിച്ചതുപോലെ ഉയർന്ന ഉദ്യോഗസ്ഥരെ കൂട്ടുപിടിച്ച് ഇത്തരം അന്വേഷണങ്ങളിൽ തിരിമറി നടത്തുന്ന കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ അനുഭവത്തിൽനിന്ന് വ്യത്യസ്തമായി ഇവിടെ സൂചിപ്പിക്കപ്പെട്ട ആളുകൾക്കെതിരായുള്ള അന്വേഷണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, അഴിമതിയുമായി ബന്ധപ്പെട്ട ആരോപണങ്ങളെക്കുറിച്ച് ഗൗരവമായ അന്വേഷണം തന്നെയാണ് നടക്കുന്നത്. അത് സമയ ബന്ധിതമായി പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, 'കൂട്ടിലടയ്ക്കപ്പെട്ട തത്ത' എന്നായിരുന്നു വിജിലൻസിനെക്കുറിച്ച് നേരത്തേ വിശേഷിപ്പിച്ചിരുന്നത്. എന്നാൽ ഇപ്പോൾ വളരെ ശക്തമായി വിജിലൻസ് സംവിധാനം മുന്നോട്ടുപോകുന്നുണ്ട്. പക്ഷേ, വിജിലൻസ് വകുപ്പിൽ ആവശ്യമായ ഉദ്യോഗസ്ഥരില്ലെന്ന ഒരു കുറവ് പലപ്പോഴും പറയപ്പെടുന്നുണ്ട്. അതിന് പ്രത്യേകമായ ഒരു സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, വിജിലൻസിനെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക എന്നതുതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. എന്നാൽ ഈ കാര്യത്തിൽ സമഗ്രമായ ഒരു നിർദ്ദേശം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഭാഗത്തുനിന്ന്

വന്നിട്ടുണ്ട്. ഹൈക്കോടതി ഒരു ലാൻഡ് മാർക്ക് ജഡ്ജ്മെന്റെന്നുതന്നെ പറയാവുന്ന തരത്തിൽ ഈ അടുത്ത നാളിൽ പുറപ്പെടുവിച്ച വിധിയിൽ വിജിലൻസ് കോടതിയെക്കുറിച്ചും വിജിലൻസ് വകുപ്പിനെക്കുറിച്ചും പരാമർശങ്ങളുണ്ട്. ആക്ഷേപങ്ങൾ വന്നാൽ അന്വേഷിക്കേണ്ടത് എങ്ങനെ എന്നതിനെക്കുറിച്ചും കോടതി വ്യക്തമായി പറഞ്ഞിട്ടുണ്ട്. കോടതിയുടെ ആ നിലപാട് സർക്കാർ പൂർണ്ണമായും അംഗീകരിക്കുകയാണ്. ചില ക്രമീകരണങ്ങൾ വേണ്ടതാണെന്ന കോടതിയുടെ നിർദ്ദേശത്തോട് പൂർണ്ണ യോജിപ്പുതന്നെയാണ് സർക്കാരിനുള്ളത്. അത് എങ്ങനെയെന്നത് വിശദമായി പരിശോധിക്കേണ്ടതാണ്. വിശദമായ പരിശോധനയിലൂടെ മാത്രമേ ഇക്കാര്യത്തിൽ ക്രമീകരണമുണ്ടാക്കാൻ കഴിയുകയുള്ളൂ.

ശ്രീ. എം. സ്വരാജ്: സർ, ബാർ കോഴക്കേസ്സിലെ മുഖ്യപ്രതിയുടെയും ബന്ധുക്കളുടെയും ലോക്കറുകൾ തുറന്ന് പരിശോധിച്ചപ്പോൾ നിധിശേഖരങ്ങളെ അതിശയിപ്പിക്കുന്നവിധം സ്വത്ത്, ധനം, സ്വർണ്ണം എന്നിവയുള്ളതായാണ് വാർത്തകൾ വന്നത്. എന്നാൽ അതിന്റെ തുടർച്ചയായി ചില ലോക്കറുകൾ തുറന്നപ്പോൾ അത് കാലിയാണെന്ന നിലയിലും വാർത്ത വന്നു. സാമാന്യബുദ്ധി അനുസരിച്ച് കാലിയാക്കിയിടുന്നതിനുവേണ്ടി ഒരു ലോക്കർ വാടക നൽകി ആരും എടുക്കാറില്ല. ലോക്കർ പരിശോധന നടക്കുന്നുവെന്ന വിവരം പുറത്തുവന്നപ്പോൾ അളവറ്റ സമ്പത്ത് സൂക്ഷിച്ചിട്ടുള്ള ലോക്കർ കാലിയാക്കുന്നതിനുള്ള അവസരം നൽകി പരിശോധനയിൽ കാലതാമസം വരുത്തി ബോധപൂർവ്വം ഈ കേസ് അട്ടിമറിക്കാൻവേണ്ടി മുമ്പും ശ്രമിച്ചിട്ടുള്ള ചില ശക്തികൾ ഇടപെട്ടതായുള്ള അഭ്യൂഹങ്ങൾ പരക്കുന്നുണ്ട്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കുകയും കാലിയാക്കിയ ലോക്കറിലുണ്ടായിരുന്ന അളവറ്റ ധനം എങ്ങോട്ടാണ് മാറ്റിയിട്ടുള്ള തെന്ന് പരിശോധിച്ച് അത് പിടിച്ചെടുക്കാനും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുണ്ടെങ്കിൽ അവരെ കണ്ടെത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, എന്റെ കയ്യിലിപ്പോൾ ലോക്കറിനകത്തെ കാര്യങ്ങളെ സംബന്ധിച്ച വിവരങ്ങളില്ല. അന്വേഷണം ഗൗരവമായിത്തന്നെയാണ് നടക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള പാളിച്ചയുണ്ടെങ്കിൽ അതില്ലാതാക്കാനുള്ള നടപടികൾ സ്വീകരിക്കുകതന്നെ ചെയ്യും.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭക്ഷ്യ ഭദ്രതാ നിയമം

4 (*4) ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 നവംബർ, ഡിസംബർ മാസങ്ങളിൽ സംസ്ഥാനത്ത് റേഷൻ അരി ലഭിക്കാൻ സാധിക്കാതെ പോയതിന്റെ കാരണങ്ങൾ അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാടും പ്രശ്നം പരിഹരിക്കാനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടിയും എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നോ; എങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചുവെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയക്രമം അനുസരിച്ച് അതു നടപ്പിലാക്കാൻ സാധിച്ചിരുന്നോ എന്നും വ്യക്തമാക്കാമോ;

(ഡി) മുൻഗണനേതര വിഭാഗങ്ങളിൽപ്പെടുന്നവർക്ക് ന്യായവിലയ്ക്ക് ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാടെന്താണെന്ന് അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ&ബി) 2016 നവംബർ മാസത്തേക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി തുക സെപ്റ്റംബർ മാസംതന്നെ സർക്കാർ എഫ്.സി.ഐ.യിൽ ഒടുക്കിയിരുന്നു. എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയില്ലെന്ന കാരണത്താൽ കേന്ദ്ര സർക്കാർ എ.പി.എൽ. നിരക്കിൽ നൽകി വന്നിരുന്ന അരിക്ക് നവംബർ മാസം മുതൽ താങ്ങുവില നിരക്ക് ഈടാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കൂടിയ നിരക്ക് നൽകിയാലേ അരി വിട്ടെടുക്കാൻ അനുവദിക്കുകയുള്ളൂവെന്ന് എഫ്.സി.ഐ. നിലപാട് സ്വീകരിക്കുകയും ചെയ്തു. മാത്രമല്ല എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള അധിക അലോട്ട്മെന്റ് കേന്ദ്രം നൽകിയതുമില്ല. പിന്നീട് നവംബർ 1 മുതൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുകയും ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരമുള്ള ഭക്ഷ്യധാന്യം കേന്ദ്രം അനുവദിച്ചെങ്കിലും വിട്ടെടുപ്പിന് എഫ്.സി.ഐ.-യെ

സമീപിച്ച സമയത്ത് എഫ്.സി.ഐ. തൊഴിലാളികൾ അട്ടിക്കൂലി നൽകാത്തതിന്റെ പേരിൽ പണിമുടക്ക് നടത്തി സാധനങ്ങൾ കയറ്റിയില്ല. എഫ്.സി.ഐ. അധികൃതരുടെ നിസ്സഹരണവും സമയോചിതമായ ഇടപെടലിന്റെ അഭാവവും ഇക്കാര്യത്തിലുണ്ടായി. എന്നാൽ സർക്കാർ വിവിധ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും ഭക്ഷ്യധാന്യ വിതരണം തടസ്സപ്പെടുത്തുന്നവർക്കെതിരെ KESMA ഉൾപ്പെടെയുള്ള കർശന നടപടി സ്വീകരിക്കാൻ തീരുമാനിച്ചതിന്റെയും അടിസ്ഥാനത്തിൽ വിട്ടെടുപ്പ് പൂർത്തിയാക്കി. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമായ ഭക്ഷ്യധാന്യം മുൻഗണനാ വിഭാഗങ്ങളുടെ കരട് ലിസ്റ്റ് അനുസരിച്ച് വിതരണത്തോത് ക്രമീകരിച്ച് ഓരോ ജില്ലകൾക്കും വീതിച്ചു നൽകൽ, നിലവിൽ എഫ്.സി.ഐ.-യിൽ ഒടുക്കിയ തുകയ്ക്ക് പുറമേ പുതിയ നിരക്കുപ്രകാരം എഫ്.സി.ഐ.യിൽ പണമൊടുക്കൽ തുടങ്ങി എല്ലാംകൂടി ഒരു അനിശ്ചിതത്വമുണ്ടായി. ടി കാരണങ്ങളാലുണ്ടായ കാലതാമസം പരിഗണിച്ച് നവംബർ മാസത്തെ വിട്ടെടുപ്പ് ഡിസംബർ മാസം 31 വരെയും ഡിസംബർ മാസത്തെ വിട്ടെടുപ്പ് ജനുവരി 14 വരെയും നീട്ടി നൽകി. ഫെബ്രുവരി മാസത്തെ വിട്ടെടുപ്പ് പൂർത്തിയാക്കി വിതരണം നടത്തിക്കൊണ്ടിരിക്കുന്നു.

(സി) 2-12-2013-ലെ സ.ഉ.(കൈ) നമ്പർ 53/13/ഭ.പൊ.വി.വ. ഉത്തരവു പ്രകാരം ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. ഇത് നടപ്പാക്കുന്നതിന്റെ ഭാഗമായി അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ, വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം, റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ, പരാതി പരിഹാര സംവിധാനം എന്നീ നാല് കാര്യങ്ങളാണ് പ്രധാനമായും ചെയ്യേണ്ടത്. ഇപ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ടി മാനദണ്ഡങ്ങളും റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS) പ്രകാരമുള്ള നിലവിലെ റേഷൻ കാർഡിലെ വിവരവും ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി 1-1-2015 മുതൽ വിവരശേഖരണത്തിനായി റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും ടി ഫോറങ്ങളിലൂടെ ലഭ്യമായ വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്ത് പൂർത്തീകരിക്കുകയും ചെയ്തു. പിന്നീട് ഡാറ്റാ എൻട്രികളുടെ പിഴവുകൾ തിരുത്തുന്നതിനും ആവശ്യമായ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്തു. അപാകതകൾ പരിഹരിച്ചും പുതിയ വിവരങ്ങൾ ചേർത്തുമായ പ്രിന്റൗട്ടുകൾ തിരികെ ലഭ്യമാക്കി വീണ്ടും ഡാറ്റാ എൻട്രി പൂർത്തിയാക്കി. എൻ.ഐ.സി.

വികസിപ്പിച്ച റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ താലൂക്കുതല റാങ്കിംഗ് നടത്തി സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ആഫീസുകളിലെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലേയും (ആകെ 81) മുൻഗണന/മുൻഗണനേതര കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കുകയും അതിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ എറണാകുളം സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ 5-3-2016 മുതൽ പൊതു തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ മറ്റ് താലൂക്കുകളിലെ കരട് പട്ടിക പ്രസിദ്ധീകരിച്ചില്ല. കരട് പട്ടിക പ്രസിദ്ധീകരിച്ച ടി ജില്ലകളിൽ ലഭിച്ച പരാതികളിൽ പ്രകടമായ വ്യത്യാസമുണ്ടായി. ഇത് താലൂക്കുതല റാങ്കിംഗ് നിമിത്തമാണെന്ന വസ്തുത കണക്കിലെടുത്ത് സംസ്ഥാനതലത്തിൽ റാങ്കിംഗ് നടത്തുന്നതിന് തീരുമാനമുണ്ടായി. 2015-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പും 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പും നടന്ന സമയങ്ങളിൽ ജീവനക്കാർ ഇലക്ഷൻ പ്രവർത്തനങ്ങളിൽ നിയോഗിക്കപ്പെട്ടതിനാലും പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയക്രമത്തിനനുസരിച്ച് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിഞ്ഞില്ല.

(ഡി) മുൻഗണനേതര വിഭാഗങ്ങൾക്കുള്ള റേഷൻ വിതരണത്തെപ്പറ്റി ഭക്ഷ്യ ഭദ്രതാ നിയമത്തിൽ പ്രതിപാദിക്കുന്നില്ല. എങ്കിലും ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യ ധാന്യങ്ങൾ മുൻഗണനേതര വിഭാഗങ്ങൾക്കാണ് നൽകിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2015-16) എ.പി.എൽ. വിഭാഗങ്ങൾക്ക് അഡ്ഹോക്ക് വിഹിതമുൾപ്പെടെ പ്രതിമാസം 68340 മെ. ടൺ ഭക്ഷ്യധാന്യങ്ങൾ ലഭിച്ച സ്ഥാനത്ത് 2016 നവംബർ മുതൽ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ടൈഡ് ഓവർ വിഹിതമായി 33294.198 മെ. ടൺ ഭക്ഷ്യധാന്യം മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ടി വിഹിതം എ.പി.എൽ. വിഹിതം ലഭ്യമായിരുന്ന അതേ വിലയ്ക്കാണ് ലഭ്യമാകുന്നത്. ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യ വിഹിതത്തിന്റെ അളവ് കണക്കാക്കിയത് പുനഃപരിശോധിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടപ്പോൾ, 2010-11 മുതൽ 2012-13 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ നോർമൽ വിഹിതത്തിന്റെ വാർഷിക ശരാശരി കണക്കിലെടുത്താണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേ രീതി തന്നെയാണ് അവലംബിച്ചിരിക്കുന്നതുമെന്നതിനാൽ കേരളത്തിന് മാത്രമായി വ്യത്യാസം വരുത്താൻ കഴിയില്ലെന്നുമാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

## ഉത്തരവുകളുടെ നിയമസാധുതാ പരിശോധന

5 (*5) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തെ ഉത്തരവുകളുടെ നിയമസാധുതാ പരിശോധന പൂർത്തിയായോ; എത്ര ഉത്തരവുകളാണ് പരിശോധനയ്ക്ക് വിധേയമാക്കിയതെന്ന് അറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച മന്ത്രിസഭാ ഉപസമിതിയുടെ കണ്ടെത്തൽ വെളിപ്പെടുത്താമോ;

(സി) ക്രമവിരുദ്ധവും നിയമവിരുദ്ധവുമായ ഉത്തരവുകൾ റദ്ദാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ വിജിലൻസ് അന്വേഷണത്തിനും ക്രിമിനൽ കേസ്സുകൾ എടുക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) കഴിഞ്ഞ സർക്കാരിന്റെ അവസാന കാലയളവിൽ 1-1-2016 മുതൽ 30-4-2016 വരെയുള്ള 910 മന്ത്രിസഭായോഗ തീരുമാനങ്ങൾക്കനുസൃതമായി വിവിധ വകുപ്പുകളിൽനിന്നും പുറപ്പെടുവിച്ച ഉത്തരവുകളുടെ നിയമസാധുതയും സാങ്കേതികമായ വിഷയങ്ങളും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കൺവീനറായുള്ള മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് മന്ത്രിസഭ പരിശോധിച്ചുവരികയാണ്.

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം

6 (*6) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകണമെന്ന സുപ്രീം കോടതി വിധിയിലെ നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) കീടനാശിനി കമ്പനികളിൽനിന്ന് നഷ്ടപരിഹാര തുക ഈടാക്കണമെന്ന നിർദ്ദേശത്തിന്റെയും കേന്ദ്രസർക്കാരിൽനിന്ന് നഷ്ടപരിഹാര തുകയുടെ വിഹിതം വാങ്ങിയെടുക്കണമെന്ന നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകാനും അവരെ പുനരധിവസിപ്പിക്കാനും ആജീവനാന്ത ചികിത്സയ്ക്ക് സൗകര്യം ഏർപ്പെടുത്തുന്നതിനും എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാന സർക്കാർ വിതരണം ചെയ്യാൻ ബാക്കിയുള്ള ആശ്വാസ ധനം 5 ലക്ഷം രൂപ കണക്കാക്കി ദുരിതബാധിതരായ എല്ലാപേർക്കും വിധി പുറപ്പെടുവിച്ച തീയതി മുതൽ മൂന്ന് മാസത്തിനകം വിതരണം ചെയ്യണമെന്നും ധനസഹായം അനുവദിക്കുന്നതിനുള്ള തുക കേന്ദ്ര സർക്കാരിൽ നിന്നോ എൻഡോസൾഫാൻ നിർമ്മിച്ചിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ നിന്നോ ഈടാക്കാമെന്നും എൻഡോസൾഫാൻ പുനരധിവാസവുമായി ബന്ധപ്പെട്ട ദുരിതബാധിതർക്ക് ആജീവനാന്തം പൂർണ്ണ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഉത്തരവായിട്ടുണ്ട്.

(ബി) ബഹു. സുപ്രീം കോടതി വിധിയിൽ നിർദ്ദേശിച്ചിരിക്കുന്നതിൻപ്രകാരം എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ മുഖ്യമന്ത്രിതന്നെ പ്രധാനമന്ത്രിയുടെ വ്യക്തിപരമായ ശ്രദ്ധ ആവശ്യപ്പെട്ട് കത്തയച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട കമ്പനികളിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള സഹായവും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) എൻഡോസൾഫാൻ ദുരിതബാധിതരായിട്ടുള്ളവർക്ക് വിവിധതരത്തിലുള്ള സഹായങ്ങൾ അനുവദിക്കുന്നതിലേക്കായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ വിധിപ്രകാരം ധനസഹായം അനുവദിക്കേണ്ടിവരുമ്പോൾ 292.4 കോടി രൂപ അനുവദിക്കേണ്ടി വരും. ഇതിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തതിൻപ്രകാരം ഇതിനകം അനുവദിച്ച തുക കുറയ്ക്കുമ്പോൾ ബാക്കി ധനസഹായം അനുവദിക്കുന്നതിന് 200 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

2010 മുതൽ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രതിമാസ പെൻഷൻ, സൗജന്യ ആരോഗ്യ പരിരക്ഷ, സൗജന്യ റേഷൻ എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. 2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിത ബാധിതരായവർക്ക് പ്രത്യേക ധനസഹായം നൽകണമെന്ന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽനിന്നും പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും എൻഡോസൾഫാൻ ദുരിതംമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യം ഉള്ളവർ, ക്യാൻസർ രോഗികൾ എന്നിവർക്ക് മൂന്നുലക്ഷം രൂപ വീതവും ഗഡുക്കളായി നൽകുന്നതിന് തീരുമാനിക്കുകയും ആദ്യഗഡുവായി 45.745 കോടി രൂപയും രണ്ടാം ഗഡുവായി 44.466 കോടി രൂപയും അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിനായി മൂളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽനിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി അനുവദിച്ചു കിട്ടിയിട്ടുണ്ട്.

എൻഡോസൾഫാൻ പുനരധിവാസപ്രവർത്തനവുമായി ബന്ധപ്പെട്ട് ദുരിത ബാധിതർക്ക് ആജീവനാന്തം പൂർണ്ണ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി സൗജന്യ സ്പെഷ്യലിസ്റ്റ് ആന്റ് സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കിവരുന്നു. ആയതിലേക്കായി കേരളത്തിലും കർണ്ണാടകയിലുമായി 17 ആശുപത്രികൾ എം.പാനൽ ചെയ്യപ്പെട്ടിട്ടുണ്ട്.

കിടപ്പിലായ രോഗികൾക്ക് വീട്ടിലെത്തി ചികിത്സ ലഭ്യമാക്കുന്നതിനായി മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ദുരിതബാധിതരുടെ വീടുകളിൽ ചെന്ന് സാന്ത്വന ചികിത്സ ലഭ്യമാക്കുന്നതിനായി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. വൃക്കരോഗ ബാധിതരിൽ ഡയാലിസിസ് ആവശ്യമായി വരുന്നവർക്ക് കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. 8 ഡയാലിസിസ് മെഷീനുകൾ ഇതിനായി സജ്ജീകരിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതരെ ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തിക്കുന്നതിന് ജില്ലയിലെ 11 പഞ്ചായത്തുകളിലും വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ മെഡിക്കൽ ടീം ദുരിതബാധിതരായി കിടപ്പിലായ രോഗികളുടെ വീട്ടിൽ ചെന്ന് സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ സുസജ്ജമായ ഫിസിയോതെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. സൗജന്യ ചികിത്സായിനത്തിൽ ഏകദേശം നാല് കോടി രൂപ പ്രതിവർഷം ചെലവാകുന്നുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 1200 രൂപ, 1700 രൂപ, 2200 രൂപ നിരക്കിൽ നിലവിൽ പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

എൻഡോസൾഫാൻ ദുരിതംമൂലം പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവരെ) പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതിമുഖേന പ്രതിമാസം 700 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.

മാനസിക വൈകല്യമുള്ള കുട്ടികൾക്കായി 7 ബഡ്സ് സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് വാഹനസൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

**ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം**

7 (*7) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലെന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാനിയമ പ്രകാരം മുൻഗണനാ വിഭാഗങ്ങളുടെ കരടുപട്ടിക തയ്യാറാക്കുന്നതിൽ യോഗ്യതാ മാർക്ക് നൽകിയതിൽ തെറ്റുകൾ കടന്നു കൂടിയിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; യോഗ്യതാ മാർക്കിൽ അപാകത ഉള്ളതായി കണ്ടെത്തിയവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഗ്രാമസഭകൾ ചേർന്ന് മുൻഗണനാപട്ടിക അംഗീകരിക്കേണ്ട തീയതി എന്നായിരുന്നു; എല്ലാ ഗ്രാമസഭകളും പട്ടികകൾക്ക് അംഗീകാരം നൽകിയോ; ഇല്ലെങ്കിൽ അംഗീകാരം നൽകിയിട്ടില്ലാത്ത പട്ടികയുടെ അടിസ്ഥാനത്തിൽ മുന്നോട്ട് പോകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്. 2016 നവംബർ 1 മുതൽ

(ബി&സി) മുൻഗണനാ പട്ടികയെ സംബന്ധിച്ച് പൊതുവായ ചില പരാതികൾ ലഭിച്ചിട്ടുണ്ട്. യോഗ്യതാ മാർക്ക് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല.

(ഡി) മുൻഗണനാ പട്ടിക 10-2-2017 മുതൽ 14-2-2017 വരെ വിവിധ പഞ്ചായത്ത് കമ്മിറ്റികളുടെ അംഗീകാരത്തിനായി നൽകിയിരുന്നു. 23-2-2017-ന് മുമ്പ് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി നൽകണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. ടി സമയപരിധി 3-3-2017 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

**ജീവൻ രേഖ പദ്ധതി**

8 (*8) ശ്രീ. ഡി. കെ. മുരളി :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എം. മുകേഷ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ ചികിത്സാ വിവരങ്ങൾ ഡിജിറ്റലായി ശേഖരിക്കുകയും പൊതുജനാരോഗ്യ കേന്ദ്രങ്ങളെ കേന്ദ്രീകൃത കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന ജീവൻ രേഖ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യശാസ്ത്ര ഗവേഷണം, ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ആരോഗ്യ സംരക്ഷണ നയപരിപാടികളുടെ രൂപവൽക്കരണം, പകർച്ചവ്യാധി നിയന്ത്രണം എന്നിവയ്ക്കും പാരമ്പര്യരോഗങ്ങളടക്കമുള്ളവ കണ്ടെത്താനും ജീവൻ രേഖ വിവരങ്ങൾ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താൻ സാധിക്കുമെന്ന് വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ആരോഗ്യ ചികിത്സാ വിവരങ്ങൾ ഡിജിറ്റലായി ശേഖരിക്കുകയും പൊതുജനാരോഗ്യ കേന്ദ്രങ്ങളെ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന ജീവൻ രേഖ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 25-1-2017-ന് പേരൂർക്കട ജില്ലാ മോഡൽ ആശുപത്രിയിൽ വച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

(ബി) കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള സർക്കാർ ആശുപത്രികളിൽ ഈ പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഏഴ് ജില്ലകൾ വീതം രണ്ട് ഘട്ടമായിട്ടാണ് ഈ ലക്ഷ്യം കൈവരിക്കുക. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലും രണ്ടാംഘട്ടമായി മറ്റു ജില്ലകളിലുമാണ് പദ്ധതി പ്രവർത്തനം ആസൂത്രണം ചെയ്തിരിക്കുന്നത്.

(സി) സാംക്രമിക രോഗങ്ങളെക്കുറിച്ച് ലഭിക്കുന്ന മുന്നറിയിപ്പ്, ജനങ്ങളുടെ വാസസ്ഥലം, കുടിവെള്ളത്തിന്റെ സ്രോതസ്, ജീവിത സാഹചര്യം, മാലിന്യ സാമീപ്യം എന്നിവ ജി.പി.എസ്. സംവിധാനത്തിലൂടെ മനസ്സിലാക്കുക തുടങ്ങിയവ ആരോഗ്യ ഗവേഷണത്തിനുപയുക്തമായ വസ്തുതകളാണ്. ഒരു പ്രദേശത്തെ ബാധിക്കുന്ന രോഗങ്ങൾ എന്തുമാത്രം ഉണ്ടെന്നും അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും മുൻഗണനാക്രമത്തിൽ ഗവേഷണം നടത്തി കണ്ടുപിടിക്കാൻ ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ലഭ്യമാണ്.

നടപടിക്രമങ്ങൾ ലളിതവും സുഗമവുമാകുന്നു. പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച ആരോഗ്യ കേന്ദ്രങ്ങളിലൂടെ ഒ.പി. വിഭാഗം, ഫാർമസി, ലബോറട്ടറി, എക്സ്റെ എന്നിങ്ങനെ എല്ലാ വിഭാഗങ്ങളിലും ടോക്കൺ അടിസ്ഥാനത്തിൽ ക്യൂ സമ്പ്രദായം നിലവിൽ വരികയും ടെസ്റ്റ് റിസൾട്ടുകൾ അപ്പപ്പോൾ ഡോക്ടർമാരുടെ കമ്പ്യൂട്ടറിൽ ലഭ്യമാകുകയും ചെയ്യുന്നു. മരുന്നുകളുടെ സ്റ്റോക്കുകൾ തീരുന്ന മുറയ്ക്ക് ലഭിക്കുന്ന മുന്നറിയിപ്പിലൂടെ അപ്പപ്പോൾതന്നെ അവയുടെ സംഭരണത്തിന് ആവശ്യമായ നടപടി കൈകൊള്ളാൻ കഴിയുന്നു. രോഗികൾക്ക് ക്യൂ നിൽക്കുന്ന സമയദൈർഘ്യം ഗണ്യമായി കുറയുന്നു. രോഗികളുടെ വിവിധ ക്ഷേമ പരിരക്ഷകൾ കൃത്യമായും കമ്പ്യൂട്ടർ ഏകജാലക സംവിധാനം വഴിയും ലഭ്യമാകുന്നു. അന്തർദ്ദേശീയ നിലവാരത്തിലുള്ള protocol ലഭ്യമാക്കി ചികിത്സാ നിലവാരം മെച്ചപ്പെടുത്താൻ സാധിക്കും. സൂചനകൾ ലഭിക്കുന്ന മുറയ്ക്കുതന്നെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ചെയ്യുന്നതിനും ഉചിതമായ നയരൂപീകരണത്തിനും സാദ്ധ്യമാകുന്നു. സാംക്രമിക രോഗങ്ങളെ സംബന്ധിച്ച് മുന്നറിയിപ്പ് നൽകുവാനുള്ള സംവിധാനം ഉള്ളതിനാൽ ആരോഗ്യ പ്രവർത്തകർക്ക് തത്സമയം ലഭിക്കുന്ന കൃത്യതയോടെയുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമയോചിതവും ഫലപ്രദവുമായ ഇടപെടലുകൾ നടത്താൻ സാധിക്കുന്നു.

## ഗുണ്ടാവിരുദ്ധ സ്ക്വാഡ്

9 (*9) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യാൻ ഗുണ്ടാവിരുദ്ധ സ്ക്വാഡ് രൂപവൽക്കരിച്ചിട്ടുണ്ടോ;

(ബി) ഗുണ്ടകളെക്കുറിച്ചുള്ള വിവരശേഖരണത്തിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത് എന്നു വെളിപ്പെടുത്തുമോ ;

(സി) ഗുണ്ടാ ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ;

(ഡി) പുതിയ ഗുണ്ടാ സംഘങ്ങൾ രൂപപ്പെടുന്നത് തടയാൻ എന്തൊക്കെ കരുതൽ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്.

(ബി) ഗുണ്ടകളെക്കുറിച്ചുള്ള വിവരങ്ങൾ സ്റ്റേഷൻ റിക്കോർഡുകൾ പരിശോധിച്ചും ഗുണ്ടാവിരുദ്ധ സ്ക്വാഡിനെക്കൊണ്ട് അന്വേഷിപ്പിച്ചും വിശ്വസ്തരായ ആളുകളിൽനിന്ന് നേരിട്ടും ശേഖരിച്ചുവരുന്നു. കൂടാതെ മുൻകാലങ്ങളിൽ കുറ്റകൃത്യങ്ങളിലുൾപ്പെട്ടവരെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും അവരുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്ത് ക്രിമിനൽ നടപടി നിയമത്തിലെ സുരക്ഷാ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് KAAPA ആക്ട് ഉൾപ്പെടെയുള്ള കർശനമായ നിയമാനുസൃത മാർഗ്ഗങ്ങൾ അവലംബിച്ചുവരുന്നു. ക്രിമിനൽ സ്വഭാവമുള്ളതും രണ്ടിലധികം ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ളവരുമായവരുടെ പ്രവർത്തനങ്ങൾ പ്രത്യേകം നിരീക്ഷിച്ചുവരുന്നുണ്ട്. ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് രഹസ്യാന്വേഷണ വിഭാഗങ്ങൾ വഴിയാണ് ഇത്തരക്കാരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നത്.

(സി) ഗുണ്ടാ ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസരണമുള്ള വകുപ്പുതല അന്വേഷണം ഉൾപ്പെടെയുള്ള ശക്തമായ നിയമ നടപടികളാണ് സ്വീകരിക്കുന്നത്.

(ഡി) നിരന്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ സൂക്ഷ്മമായി നിരീക്ഷിക്കുകയും അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് തടയുന്നതിനായി ക്രിമിനൽ നടപടിക്രമത്തിലെയും KAAPA നിയമത്തിലെയും വിവിധ വകുപ്പുകൾ പ്രകാരം കരുതൽ നടപടികൾ സ്വീകരിക്കുകയും ഇവർ ഉൾപ്പെട്ട കേസ്സിൽ പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചും വരുന്നു.

**കലാപം സൃഷ്ടിക്കുന്നവർക്കെതിരെ നടപടി**

10 (*10) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതം മാറിയതിന്റെ പേരിൽ തിരൂരിൽ ഫൈസൽ എന്നയാളെയും മുമ്പ് യാസിർ എന്നയാളെയും കൊലപ്പെടുത്തിയത് ഏതു സംഘടനയിൽ പ്പെട്ടവരാണെന്നാണ് കണ്ടെത്തിയത്;

(ബി) നിരന്തരമായി വർഗ്ഗീയ കലാപത്തിന് ശ്രമം നടത്തുകയും രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാന നേതാക്കൾ പങ്കെടുക്കുന്ന യോഗത്തിനുനേരെ വരെ ബോംബെറിഞ്ഞ് കലാപം സൃഷ്ടിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന വർഗ്ഗീയ ഫാസിസ്റ്റുകളെ നിയന്ത്രിക്കാൻ നടപടിയെടുക്കുമോ;

(സി) സായുധ ക്രിമിനലുകളുടെ ഒളിത്താവളങ്ങളായും കലാപവും കൊലപാതകവും നടത്താനുള്ള ഗൂഢാലോചന കേന്ദ്രങ്ങളായും മാറിയ കാര്യാലയങ്ങൾ പോലീസിന്റെ കർശന നിരീക്ഷണത്തിന് വിധേയമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ബി.ജെ.പി./ആർ.എസ്.എസ്./വി.എച്ച്.പി. എന്നീ സംഘടനകളിൽ പ്പെട്ടവരാണെന്നാണ് കണ്ടെത്തിയത്.

(ബി) നിലവിലെ നിയമങ്ങൾ അനുസരിച്ചുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം കാര്യത്തിൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതി**

11 (*11) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പെൻഷൻ, വിദ്യാഭ്യാസം, പുനരധിവാസം, തൊഴിൽ, പാർപ്പിടം തുടങ്ങിയവയ്ക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇവർക്കായി എല്ലാ ജില്ലയിലും ആധുനിക സജ്ജീകരണങ്ങളോടെ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ (ഡി.ഇ.ഐ.സി.) സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)</u>:

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം താൽക്കാലിക സേവനമനുഷ്ഠിച്ച 98 അംഗപരിമിതർക്ക് സൂപ്പർന്യൂമററി തസ്തികയിൽ പുനർനിയമനം നൽകിയിട്ടുണ്ട്. കൂടാതെ 154 അംഗപരിമിതർക്കുകൂടി സൂപ്പർന്യൂമററി തസ്തികയിൽ പുനർനിയമനം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഭിന്നശേഷിക്കാരായ 753 പേർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു.
2. ഭിന്നശേഷിക്കാരായ 23 പേർക്ക് പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി വിതരണം ചെയ്തു.
3. സ്വയംതൊഴിൽ പദ്ധതി പ്രകാരം ബാങ്ക് ലോൺ സബ്സിഡി ഇനത്തിൽ 5000 രൂപ മുതൽ 1,00,000 രൂപ വരെ 157 പേർക്ക് വിതരണം ചെയ്യുകയുണ്ടായി.
4. തീവ്രവും അതിതീവ്രവും വൈകല്യമുള്ള 8 വയസ്സിന് താഴെയുള്ള 102 കുട്ടികളുടെ പേരിൽ സ്ഥിരനിക്ഷേപം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആൺകുട്ടികളുടെ പേരിൽ 15,000 രൂപ വീതവും പെൺകുട്ടികളുടെ പേരിൽ 20,000 രൂപ വീതവും വിതരണം ചെയ്യുകയുണ്ടായി.

5. ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതി പ്രകാരം (എൻ.എച്ച്.എഫ്.ഡി.സി.) 34 പേർക്ക് സ്വയംതൊഴിൽ / വിദ്യാഭ്യാസ വായ്പയ്ക്കായി 100.35 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഈ പദ്ധതിപ്രകാരം വായ്പ എടുത്ത ബി.പി.എൽ. വിഭാഗത്തിന് വായ്പാ സബ്സിഡി (10 പേർക്ക് ) വിതരണം ചെയ്യുകയുണ്ടായി.

6. പാറശ്ശാലയിൽ പ്രവർത്തിക്കുന്ന വികലാംഗരായ വയോജനങ്ങൾക്ക് വേണ്ടിയുള്ള വൃദ്ധസദന പരിപാലനത്തിന് 7 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

7. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ 5 പേർക്ക് വിതരണം ചെയ്തു.

8. ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിനായി NHFDC-യുടെ State channelising agent എന്ന നിലയിൽ വിദ്യാഭ്യാസ വായ്പകളും അനുവദിക്കുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. അംഗപരിമിതരായ/ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

2. ബുദ്ധിവൈകല്യമുള്ള നാലിനും പതിനാറുനമിടയിൽ പ്രായമുള്ള കുട്ടികൾക്ക് സംരക്ഷണവും ശുശ്രൂഷയും വിദ്യാഭ്യാസവും നൽകുന്നതിന് കോഴിക്കോട് ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC) എന്ന സ്ഥാപനം പ്രവർത്തിക്കുന്നു.

3. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ SPACE, Sradha Charitable Society എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകിവരുന്നു.

4. വികലാംഗ ദുരിതാശ്വാസ നിധി ചികിത്സാ ധനസഹായമായി 18,70,250 രൂപ 14 ജില്ലകളിലെ 438 അപേക്ഷകർക്ക് അനുവദിച്ചു. ദുരിതാശ്വാസനിധിയുടെ സ്പെഷ്യൽ TSB അക്കൗണ്ടിൽ നിലവിലുള്ള 34 ലക്ഷം രൂപ 766 പേർക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

5. വികലാംഗരുടെ പെൺമക്കൾക്കും വികലാംഗരായ പെൺകുട്ടികൾക്കും വിവാഹ ധനസഹായമായി 371 അപേക്ഷകർക്ക് 37 ലക്ഷം രൂപ അനുവദിച്ചു. 150 പേർക്കുകൂടി തുക അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിവരുന്നു.

6. മുച്ചിറി, മുറി അണ്ണാക്ക് എന്നീ മുഖ വൈകല്യവുമായി ജനിക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിന് പത്തനംതിട്ട ഡോ. എ. കെ. ചെറിയാൻ മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റിക്ക് 1,29,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇത്തരം കുട്ടികൾക്ക് പത്തനംതിട്ട മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സൗജന്യ ശസ്ത്രക്രിയ നടത്തിവരുന്നു. ടി കുട്ടികളെ ഹോസ്പിറ്റലിൽ കൊണ്ടുവരുന്നതിനും തിരിച്ച് പോകുന്നതിനും രക്ഷകർത്താക്കൾക്ക് യാത്രാ ചെലവും വകുപ്പിൽനിന്നും അനുവദിക്കുന്നുണ്ട്.

7. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റിക്ക് 11,24,480 രൂപ അനുവദിച്ചിട്ടുണ്ട്.

8. കാഴ്ച വൈകല്യമുള്ളവർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സ്ഥാപനത്തിന് 18 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

9. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനായി പ്രതിമാസം 2000 രൂപ ക്രമത്തിൽ പരമാവധി 2 വർഷത്തേക്ക് ധനസഹായം അനുവദിക്കുന്നു. ലഭ്യമായ 17 അപേക്ഷകർക്ക് 2,46,000 രൂപ അനുവദിച്ചു.

10. കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്ക് പ്രതിമാസം 4000/- രൂപ ക്രമത്തിൽ പരമാവധി 8 വർഷത്തേക്ക് റീഡേഴ്സ് അലവൻസ് അനുവദിച്ചു വരുന്നു.

11. CDMRP (Community Disability Management and Rehabilitation Programme): സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്തോടെ കാലിക്കറ്റ് യൂണിവേഴ്സിറ്റി സൈക്കോളജി വിഭാഗം ടി പദ്ധതി നടപ്പിലാക്കിവരുന്നു. മലപ്പുറം, കോഴിക്കോട്, ജില്ലകളിലെ Developmental Disability ബാധിച്ച കുട്ടികൾക്കും കുടുംബാംഗങ്ങൾക്കുമുള്ള ക്ലിനിക്കൽ സർവ്വീസ്, കേരളത്തിലെ BRC, RMSA resource അദ്ധ്യാപകർ, സ്കൂൾ അദ്ധ്യാപകർ,

അങ്കണവാടി വർക്കർമാർ, ആശാ വർക്കർ, ആരോഗ്യ മേഖലയിലെ മറ്റ് പ്രവർത്തകർ എന്നിവർക്കുള്ള പരിശീലന പരിപാടികൾ, അംഗപരിമിതരുടെ ശാക്തീകരണം, അഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സ് എന്നിവ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. ടി പദ്ധതിക്കായി ആകെ 77,46,000 രൂപ സർക്കാർ അനുവദിച്ചു.

12. Alzhiemer's Related Disorder Society of India (ARDSI): മറവി രോഗം ബാധിച്ചവരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പും ARDSI എന്ന NGO-യും ചേർന്ന് നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. നിലവിൽ ഇടവനക്കാട് old age home-ൽ Full time Dementia Day Care Centre-ഉം ഗുരുവായൂർ കോട്ടപ്പടിയിൽ Dementia Day Care Centre-ഉം പ്രവർത്തിച്ചുവരുന്നു. മറവി രോഗത്തെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുന്നതിനും ഇത്തരം രോഗബാധിതർക്ക് സമൂഹത്തിൽ സംരക്ഷണവും സുരക്ഷയും ലഭിക്കുന്നതിനുമായി എല്ലാ വർഷവും അൽഷിമേഴ്സ് ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

13. Pallium India : നട്ടെല്ലിന് ക്ഷതം ബാധിച്ചവർക്ക് ശരിയായ പരിചരണം നൽകുന്നതിനും രോഗികൾക്കും അവരുടെ കുടുംബത്തിനും സഹായം നൽകുന്നതിനുമായി Pallium India എന്ന NGO മുഖേന പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു.

14. State Nodal Agency Centre (SNAC): നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന വൈകല്യം ബാധിച്ചവർക്ക് നിയമപരമായ പരിരക്ഷ നൽകുന്നതോടൊപ്പം അവരുടെ സ്വത്തിനും പരിരക്ഷ നൽകുന്നു. ഇത്തരം വൈകല്യം ബാധിച്ചവർക്കായി സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന സംഘടനയാണ് SNAC. ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് Local Level Committee (LLC)-കളാണ്. ജില്ലാതലത്തിൽ LLC-കൾ വഴി Legal Guardianship Certificate നൽകുന്നു.

15. ഒന്നാം ക്ലാസ്സ് മുതൽ Professional/PG കോഴ്സുകൾ വരെ പഠിക്കുന്ന വികലാംഗരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നു.

പുനരധിവാസം, തൊഴിൽ എന്നിവയ്ക്കായി രണ്ട് തരത്തിലുള്ള വായ്പകൾ കോർപ്പറേഷൻ നൽകിവരുന്നു.

1. എൻ.എച്ച്.എഫ്.ഡി.സി. വായ്പ

5 വർഷ കാലാവധിയിൽ 6 ശതമാനം പലിശനിരക്കിൽ ഉദ്യോഗസ്ഥ/വസ്തു ജാമ്യത്തിന്മേലാണ് ഈ വായ്പ കോർപ്പറേഷൻ നൽകി വരുന്നത്.

2. ബാങ്ക് ലോൺ സബ്സിഡി

സർവ്വീസ് ഏരിയാ ബാങ്കുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിയാണിത്. വായ്പയ്ക്ക് ആനുപാതികമായി സബ്സിഡി കോർപ്പറേഷൻ നൽകിവരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾവഴി പെൻഷൻ അനുവദിച്ചുവരുന്നുണ്ട്.

(സി) വികലാംഗക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും ശക്തിപ്പെടുത്താനുമുള്ള നടപടികൾ പരിഗണനയിലാണ്.

(ഡി) ഉണ്ട്. കുട്ടികളിലെ വളർച്ചാവൈകല്യവും അനുബന്ധ പ്രശ്നങ്ങളും നേരത്തെ കണ്ടെത്തുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനുമായി എല്ലാ ജില്ലകളിലും ഓരോ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ കീഴിൽ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായി 14 ജില്ലകളിലും ആരോഗ്യവകുപ്പ് ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിനായി സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 10 ജില്ലകളിൽ DEIC പണിയുന്നതിനാവശ്യമായ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കെട്ടിടം പണിയുന്നതിനായി 13 ജില്ലകളിൽ പൊതുമരാമത്ത് വകുപ്പിനെയും പത്തനംതിട്ട ജില്ലയിൽ തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വിംഗിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, വയനാട്, കണ്ണൂർ ജില്ലകൾക്ക് കെട്ടിട നിർമ്മാണത്തിനാവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. പത്തനംതിട്ട, മലപ്പുറം ജില്ലകൾക്ക് തുക ഉടൻതന്നെ കൈമാറുന്നതാണ്. കോഴിക്കോട്, പാലക്കാട് ജില്ലകളിൽ ലഭ്യമായ സ്ഥലം അപര്യാപ്തമായതിനാൽ സൗകര്യപ്രദമായ മറ്റൊരു സ്ഥലം കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ്, ഇടുക്കി ജില്ലകളിൽ ഡി.ഇ.ഐ.സി. പണിയുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട്

12 (*12) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. എം. ഉമ്മർ :

ശ്രീ. സി. മമ്മൂട്ടി :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവ ദാന ശസ്ത്രക്രിയകൾക്കുള്ള സംവിധാനത്തിന്റെ പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ശസ്ത്രക്രിയകൾക്കുള്ള സംവിധാനം കാര്യക്ഷമമാക്കാൻ സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ;

(സി) നിലവിലെ പരിമിതികൾ തരണം ചെയ്യുന്നതിനായി സർക്കാർ തലത്തിൽ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) അവയവദാന ശസ്ത്രക്രിയകളിൽ 80 ശതമാനം നടക്കുന്നത് സ്വകാര്യ ആശുപത്രികളിലാണ്. ചികിത്സാ നിരക്കുകൾ സംബന്ധിച്ചും മറ്റുമുള്ള പരാതികൾ ഉയർന്നുവന്ന സാഹചര്യത്തിൽ ഇക്കാര്യങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ അദ്ധ്യക്ഷനായി ഒരു സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. അവയവ ശസ്ത്രക്രിയ നടത്തുന്ന എല്ലാ ആശുപത്രികളെയും സംയോജിപ്പിച്ചുകൊണ്ട് നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖാന്തിരം ഒരു കമ്പ്യൂട്ടർ ശൃംഖല നടപ്പിൽ വരുത്തുന്നതിന് നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പേര് രജിസ്റ്റർ ചെയ്യുന്ന രോഗികളുടെ മുൻഗണനാക്രമവും അടിയന്തരഘട്ടവും അടിസ്ഥാനമാക്കി നിഷ്പക്ഷമായും സുതാര്യമായും അവയവദാനം നടത്തുവാൻ ഇതുവഴി സാധിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഭക്ഷ്യ ഭദ്രതാ നിയമം

13 (*13) ശ്രീമതി സി.കെ. ആശ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം, ദേശീയ തലത്തിൽ അറുപത്തിയേഴ് ശതമാനത്തോളം ജനങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയപ്പോൾ കേരളത്തിലെ ജനസംഖ്യയുടെ എത്ര ശതമാനം പേരെയാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയതെന്ന് വിശദമാക്കുമോ;

(ബി) അതിന്റെ ഫലമായി സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെയും, മറ്റ് റേഷൻ സാധനങ്ങളുടെയും വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിൽ മുൻ സർക്കാർ വരുത്തിയതായി ആക്ഷേപിക്കപ്പെടുന്ന കാലതാമസം സംസ്ഥാനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തിനവകാശപ്പെട്ട റേഷൻ വിഹിതം കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുക്കുന്നതിന് നടത്തുന്ന ശ്രമങ്ങൾ വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഗ്രാമങ്ങളിൽ 52.63 ശതമാനം, നഗരങ്ങളിൽ 39.5 ശതമാനം.

(ബി) 2 ലക്ഷം മെട്രിക് ടൺ ധാന്യത്തിന്റെ കുറവുണ്ടായിട്ടുണ്ട്.

(സി) 5-7-2013 മുതൽ പ്രാബല്യത്തിൽ വന്ന ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നിലവിൽ വന്ന് 365 ദിവസത്തിനുള്ളിൽതന്നെ സംസ്ഥാനങ്ങളിൽ നടപ്പാക്കണമെന്നാണ് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്നത്. 2-12-2013-ലെ സ.ഉ.(കൈ) നമ്പർ 53/13/ഭ.സി.സ.വ. ഉത്തരവ് പ്രകാരം ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. എന്നാൽ ഇത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത് ഏറെ വൈകിയാണ്. തുടർന്ന് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി, മാനദണ്ഡങ്ങൾ നിശ്ചയിച്ച്, പ്രീ-പോപ്പുലേറ്റഡ് ഫോറം

തയ്യാറാക്കി കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുകയും വിവരശേഖരണം നടത്തുകയും ചെയ്തു. ഡാറ്റാ എൻട്രിയിലെ അപാകതകൾ പരിഹരിച്ച് എൻ.ഐ.സി. വികസിപ്പിച്ചെടുത്ത റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ആഫീസുകളിലെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലേയും (ആകെ 81) മുൻഗണന/മുൻഗണനേതര കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കുകയും അതിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ എറണാകുളം സിറ്റി റേഷനിംഗ് ഓഫീസ് എന്നിവടങ്ങളിൽ കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ 5-3-2016 മുതൽ പൊതു തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ശേഷിക്കുന്ന താലൂക്കുകളിലെ കരട് പട്ടിക പ്രസിദ്ധീകരിച്ചില്ല. 2015-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പും 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പും നടന്ന സമയങ്ങളിൽ ജീവനക്കാർ ഇലക്ഷൻ പ്രവർത്തനങ്ങളിൽ നിയോഗിക്കപ്പെട്ടതിനാലും പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ പ്രവർത്തനങ്ങൾ വൈകുകയുണ്ടായി.

(ഡി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

**നവകേരള മിഷൻ**

14 (*14) ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. ആന്റണി ജോൺ :

ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നവകേരള മിഷന്റെ ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഈ മിഷൻ ഏത് തരത്തിൽ ലക്ഷ്യമിടുന്നു എന്ന് വ്യക്തമാക്കാമോ;

(സി) മിഷൻ മുഖേന വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ കൈവരിക്കാനുദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്;

(ഡി) പദ്ധതി നിർവ്വഹണത്തിന് ജനപങ്കാളിത്തം സാധ്യമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ&ബി) സർക്കാർ നവകേരള മിഷൻ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി നാല് ബൃഹത്തായ പദ്ധതികൾ അഞ്ച് വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വികസന പ്രക്രിയയിൽ ഇനിയും പൂർണ്ണ പ്രയോജനം ലഭിക്കാത്തവരും ഒഴിവായിപ്പോയവരുമായ സാധാരണക്കാരുടെയും മുൻഗണനാ വിഭാഗങ്ങളുടെയും ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, നിലവിലുള്ള പ്രവർത്തന രീതികൾ കാലാനുസൃതമായി മെച്ചപ്പെടുത്തി ചിട്ടയോടെയുള്ള പ്രവർത്തനങ്ങളിലൂടെ ജനോപകാരപ്രദമായ ഗുണഫലങ്ങൾ ഉറപ്പാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. താഴെപ്പറയുന്ന പദ്ധതികൾ 5 വർഷം കൊണ്ട് ജന പങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ ഉൾപ്പെട്ട സമ്പൂർണ്ണ ഭവന നിർമ്മാണ ദൗത്യം (LIFE) എന്ന പദ്ധതി അടുത്ത അഞ്ചുവർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത ഭവനരഹിതർക്കും എല്ലാ ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി ലക്ഷ്യമിടുന്നു. സ്വന്തമായി തൊഴിൽ ചെയ്തും ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകളും ജീവനോപാധികളും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. പാവപ്പെട്ടവർക്ക് ഒരു കൂര എന്നതിലുപരി ഓരോ വീട്ടിലെയും ഒരാൾക്കെങ്കിലും മെച്ചപ്പെട്ട തൊഴിൽ പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ, വിവിധ സാമൂഹിക സേവനങ്ങൾ, ചികിൽസയ്ക്കും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള സൗകര്യങ്ങൾ എന്നിവയൊക്കെ ത്തന്നെ ലഭ്യമാക്കി സുരക്ഷിതമായ ഭവനമാണ് ലൈഫ് മിഷനിൽ ലക്ഷ്യമിടുന്നത്.

2. ജന സൗഹൃദ സർക്കാർ ആശുപത്രികൾ- ആർദ്രം മിഷൻ

രണ്ടാമത്തെ പദ്ധതിയായ ജനസൗഹൃദ ആശുപത്രിയായ ആർദ്രം മിഷൻ ഗവൺമെന്റ് ആശുപത്രികൾ രോഗീ സൗഹൃദമാക്കാനും ഗുണമേന്മയുള്ള ആരോഗ്യപരിപാലനം നൽകി ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിടുന്നു.

3. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി

പ്രസ്തുത പദ്ധതിപ്രകാരം പൊതു വിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനുവേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപനരീതി ഉൾക്കൊണ്ട് പൊതു വിദ്യാഭ്യാസ രംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

4. ശുചിത്വം - മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരളം പദ്ധതി

ഓരോ വീട്ടിലെയും മാലിന്യ സംസ്കരണരീതി നിലവിൽ എങ്ങനെയാണെന്ന് വിലയിരുത്തുകയും ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവയിൽ ഏത് രീതിയാണ് ഓരോ വീട്ടിലും പ്രായോഗികമാവുക എന്ന് നിർദ്ദേശിക്കുകയും ഇതിനായി വീട്ടുകാരെ സജ്ജരാക്കുക, കൂടാതെ ചന്തകൾ, അറവുശാലകൾ, കല്യാണ മണ്ഡപങ്ങൾ എന്നിവയിലെ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുകയും ചെയ്യുക. ഇതിനുപുറമേ നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ളവിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ജലസംരക്ഷണ മിഷൻ ലക്ഷ്യമിടുന്നത്. ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തുള്ള കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. രണ്ടാം ഘട്ടത്തിൽ നദികൾ, കായലുകൾ മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണവും, ശുചീകരണവും നടപ്പാക്കും. വ്യാപകമായി മരങ്ങൾ നട്ടു പിടിപ്പിക്കാനും ഇതിന്റെ ഭാഗമായി ഉദ്ദേശിക്കുന്നു. പൊതു ഉടമസ്ഥതയിലുള്ള ജലസ്രോതസ്സുകൾ, കനാലുകൾ, കുളങ്ങൾ തുടങ്ങിയവ ശുചീകരിക്കുന്നതിനും പ്രാദേശിക ജലസേചന-കുടിവെള്ള സ്രോതസ്സുകളായി അവയെ ഉപയോഗിക്കുന്നതിനും ജലവിഭവ മിഷൻ ഊന്നൽ നൽകും. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയുന്നതോടൊപ്പം ഉറവിട മാലിന്യ സംസ്കാരം സമൂഹത്തിൽ വ്യാപകമാക്കുകയും ഇത്തരത്തിലുള്ള മാലിന്യ സംസ്കാര സങ്കേതങ്ങൾ ഉപയോഗിച്ച് ജൈവ കൃഷിക്ക് അനുയോജ്യമായ

പശ്ചാത്തലമൊരുക്കുകയും വീടുകളിൽ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുക എന്നതാണ് മാലിന്യസംസ്കരണ-കൃഷി വികസന മിഷനുകൾവഴി ലക്ഷ്യമിടുന്നത്. അതോടൊപ്പം ബയോ ഗ്യാസ് സംവിധാനങ്ങൾ, തുമ്പൂർമൂഴി മാതൃകയിലുള്ള വികേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനങ്ങൾ, ബ്ലോക്ക് അടിസ്ഥാനത്തിൽ പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ തുടങ്ങിയവ സംസ്കരിക്കാനുള്ള സങ്കേതങ്ങൾ ലഭ്യമാക്കുക എന്നിവയും ശുചിത്വ-മാലിന്യസംസ്കരണ മിഷന്റെ ലക്ഷ്യങ്ങളാണ്. വീടുകൾതോറുമുള്ള കൃഷി സാദ്ധ്യതയ്ക്കുപുറമേ പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളിലും സ്വയംപര്യാപ്തത നേടാനുതകുന്നവിധത്തിൽ പൊതുവായ ഇടപെടലുകളാണ് കൃഷി വികസന മിഷൻ ലക്ഷ്യമിടുന്നത്. ജില്ലയിൽ തരിശു കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യതയും പ്രാദേശികമായി സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ വ്യാപകമായ പച്ചക്കറി, ഇതര കൃഷി രീതികൾ പ്രാബല്യത്തിൽ കൊണ്ടുവരികയും കാർഷികോൽപ്പന്നങ്ങളെ വിപണിയുമായി ബന്ധിപ്പിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യാൻ കൃഷി മിഷൻ ലക്ഷ്യമിടുന്നു.

(സി) സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി വിദ്യാഭ്യാസ മേഖലയിൽ ചുവടെ ചേർക്കുന്ന നേട്ടങ്ങൾ കൈവരിക്കാനാകുമെന്ന് കരുതുന്നു.

1. ഭാഷാജ്ഞാനം, കമ്യൂണിക്കേഷൻ സ്കിൽ, ചുരുങ്ങിയത് 3 ഭാഷകളെങ്കിലും ഉപയോഗിക്കുവാൻ കഴിവ് വരുത്തുക.

2. കുട്ടികളിൽ ആരോഗ്യപരമായ അവസ്ഥ സൃഷ്ടിക്കുക.

3. ഉന്നത നിലവാരത്തിലെ അദ്ധ്യാപനം ഉറപ്പാക്കത്തക്ക രീതിയിൽ അദ്ധ്യാപക പരിശീലനം ഉറപ്പുവരുത്തുക.

4. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിനും മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുന്നതിനും ഉതകുക.

5. മദ്യപാനം, മയക്കുമരുന്ന് ഉപയോഗം എന്നിവ പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുകവഴി സംസ്കാര സമ്പന്നമായ ഒരു പുതു തലമുറയെ വാർത്തെടുക്കാൻ സാധിക്കുക.

6. പ്ലാസ്റ്റിക് മുക്ത-കീടനാശിനി മുക്ത-ലഹരി മുക്ത ക്യാമ്പസ്സുകൾ സൃഷ്ടിക്കുക.

7. സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക.

8. അനന്യമായൊരു ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക.

9. വിദ്യാഭ്യാസത്തിന്റെ സമസ്ത തലങ്ങളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുക.

10. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക.

11. വോട്ടവകാശം ലഭിക്കുമ്പോൾ തന്നെ തൊഴിലെടുക്കുവാനുള്ള കഴിവ് വികസിപ്പിക്കുവാൻ ലക്ഷ്യമിട്ട് സ്കിൽ ഡെവലപ്മെന്റ് പരിപാടി സമഗ്രമാക്കുകവഴി കുട്ടികളിൽ സ്വയംപര്യാപ്തത കൈവരിക്കാൻ പ്രാപ്തരാക്കുക.

12. സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവൽക്കരിക്കുക വഴി കുട്ടികളുടെ പഠന നിലവാരം ഉയർത്തുക.

ആർദ്രം മിഷൻ വഴി ആരോഗ്യമേഖലയിൽ ലക്ഷ്യമിടുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ അത്യാവശ്യമായ മാറ്റങ്ങൾ വരുത്തി (OP transformation) രോഗീ സൗഹൃദമായ രീതിയിൽ ചികിൽത്സ ലഭ്യമാക്കുക.

2. ജില്ല/താലൂക്കുതല ആശുപത്രികളിൽ നിശ്ചിതമാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയമിച്ചുകൊണ്ടും ചികിൽത്സാ സൗകര്യങ്ങൾ ക്രമീകരിക്കുക.

3. പ്രൈമറി ഹെൽത്ത് സെന്ററുകളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുക.

4. ആശുപത്രികളിലെത്തുന്ന രോഗികൾക്ക് ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിൽത്സ ലഭ്യമാക്കുക.

(ഡി) വിവിധ തലങ്ങളിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സാമൂഹ്യ പ്രവർത്തകർ, ഓരോ മേഖലയിലും വൈദഗ്ദ്ധ്യം തെളിയിച്ചവർ, സംസ്ഥാന കുടുംബശ്രീ മിഷൻ തുടങ്ങി വൻജനപങ്കാളിത്തത്തോടെയാണ് ലൈഫ് മിഷൻ നടത്താനുദ്ദേശിക്കുന്നത്. 13-ാം പദ്ധതിയുടെ നടത്തിപ്പ് വികേന്ദ്രീകൃതമായ രീതിയിൽ കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യ വകുപ്പിലെ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണംവഴി ശക്തിപ്പെടുത്തുവാനും പൊതുജനാരോഗ്യ പ്രശ്നങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കണ്ടെത്തി പരിഹരിക്കുന്നതിനും ഊന്നൽ നൽകുന്നതാണ്. ഇതിനാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന നടപടിയും സർക്കാർ ആരംഭിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിന് ജനപങ്കാളിത്തം സാദ്ധ്യമാക്കുന്നതിന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ (തദ്ദേശഭരണതല കമ്മിറ്റി, സ്കൂൾതല കമ്മിറ്റി) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനകാര്യ ഉദ്ഗ്രഥനം നടപ്പിലാക്കുന്നത് സർക്കാർ, എം.പി., എം.എൽ.എ., ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത്, എസ്.എസ്.എ., ആർ.എം.എസ്.എ. ഫണ്ടുകൾ മുഖേനയും സ്പോൺസർഷിപ്പ് മുഖേനയും ലഭ്യമാക്കുന്ന ഫണ്ടുകൾ മുഖേനയാണ്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് വിവിധ തലങ്ങളിലുള്ള കമ്മിറ്റിയുടെ അഭിപ്രായങ്ങൾകൂടി കണക്കിലെടുത്താണ്.

ഹരിതകേരളം പദ്ധതിയിൻകീഴിൽ കൃഷി അനുബന്ധ വകുപ്പുകൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിൽ ജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി വാർഡുതലങ്ങളിൽ അയൽക്കൂട്ടങ്ങളുമായി ചർച്ച ചെയ്ത് വാർഡുതല ഫാം പ്ലാനുകളും ഇവ ക്രോഡീകരിച്ച് പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതല ഫാം പ്ലാനുകളും തയ്യാറാക്കി വിവിധ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. മഴവെള്ള സംരക്ഷണം പ്രോത്സാഹിപ്പിക്കുക, കിണർ റീ ചാർജ്ജ് വ്യാപകമാക്കുക, കൃഷിക്കാവശ്യമായ ജലമെത്തിക്കുക, പരിസ്ഥിതി സംരക്ഷണത്തിനായി മരങ്ങൾ വച്ചു പിടിപ്പിക്കുക, ജല സംരക്ഷണത്തിനായി നാട്ടറിവുകൾ പ്രയോജനപ്പെടുത്തുക, ജലമലിനീകരണം തടയുക, ജല സംരക്ഷണമേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും അറിവ് പ്രയോജനപ്പെടുത്തി അനുകരണീയമായ മാതൃകകൾ പ്രോത്സാഹിപ്പിക്കുക, ജനപങ്കാളിത്തത്തോടുകൂടി നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുക എന്നിവയും ലക്ഷ്യമിടുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഹരിത കേരള മിഷൻ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി ആരംഭിക്കുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് 2016 ഡിസംബർ 8-ാം തീയതി തുടക്കം കുറിച്ചു.

## അന്തരീക്ഷ മലിനീകരണം

15 (*15) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ അന്തരീക്ഷത്തിൽ പ്രാണവായുവിന്റെ അളവിലെ വ്യതിയാനത്തെക്കുറിച്ച് പഠനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ;

(ബി) പ്രാണവായുവിന്റെ കുറവും കാർബൺ വാതകങ്ങളുടെ ആധിക്യവും തദ്ദേശവാസികളുടെ ആരോഗ്യത്തേയും കർമ്മശേഷിയേയും ഏതൊക്കെ തരത്തിൽ ബാധിക്കുന്നു എന്ന വിഷയം ഏതെങ്കിലും പഠനത്തിൽ ഉൾപ്പെട്ടിരുന്നോ;

(സി) ഇല്ലെങ്കിൽ വിശദമായ പഠനത്തിന് സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിലെ വിദഗ്ദ്ധരടങ്ങുന്ന ഒരു സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ഇല്ല. സംസ്ഥാനത്തെ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്റ്റേറ്റ് ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത എയർ സ്റ്റേഷനുകളിൽ (ആകെ 30) നിന്ന് അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം പരിശോധിച്ചുവരുന്നു. 24 മണിക്കൂറും തുടർച്ചയായി തത്സമയ അന്തരീക്ഷവായു ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ (കണ്ടിന്യൂവസ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിട്ടറിംഗ് സ്റ്റേഷൻ) തിരുവനന്തപുരത്തും, എറണാകുളത്തും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇവിടെനിന്നും ലഭിക്കുന്ന വായു ഗുണനിലവാര നിരീക്ഷണഫലങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്ക് പ്രദർശിപ്പിക്കുന്നു. കൂടാതെ, കോഴിക്കോട് ജില്ലയിൽ, പാളയത്ത് ബോർഡിന്റെ ഒരു തത്സമയ അന്തരീക്ഷവായു ഗുണനിലവാര നിരീക്ഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) ഇല്ല.

(സി) നിലവിൽ പരിഗണനയിലില്ല.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

16 (*16) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. പാറക്കൽ അബ്ദുല്ല :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സെക്രട്ടേറിയറ്റിലെ പൊതുഭരണ, ധനവകുപ്പുകളെക്കൂടി ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) രൂപീകരിക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) കെ.എ.എസ്. രൂപീകരിക്കുന്നതുകൊണ്ട് സംസ്ഥാന ഭരണത്തിനുണ്ടാകാവുന്ന ഗുണദോഷങ്ങളെക്കുറിച്ച് ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം പഠനമോ പരിശോധനയോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ജനങ്ങൾക്ക് സേവനം നല്കുന്ന കാര്യത്തിൽ കെ.എ.എസ്.-ന്റെ അഭാവം കൊണ്ട് നിലവിലെ ഭരണസംവിധാനം എന്തൊക്കെ പരാധീനതകൾ നേരിടുന്നുണ്ടെന്നാണ് കരുതുന്നത്;

(ഡി) ഇക്കാര്യത്തിൽ മുൻവിധിയോടെയുള്ള സമീപനം സർക്കാരിനുണ്ടെന്ന ആക്ഷേപം കണക്കിലെടുത്ത് വിശദപഠനം നടത്താൻ തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്.

(ബി) പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടി സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നത് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. തുടർന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുടെ അഭിപ്രായം ആരായുന്നതിനും സെക്രട്ടേറിയറ്റ് സർവ്വീസുകൂടി ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പുനഃസംഘടിപ്പിക്കുന്നതിനുമായി 16-8-2016-ലെ G.O.(Rt) No.322/2016/P&ARD പ്രകാരം ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായി ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി അതിന്മേൽ

അവലോകന റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ആയതുകൂടി പരിഗണിച്ച് കേരളത്തിലെ സിവിൽ സർവ്വീസിന്റെ മദ്ധ്യതല സംവിധാനം ശക്തി പ്പെടുത്തുന്നതിന്റെ യുദ്ധകാലാടിസ്ഥാനത്തിലുള്ള ആവശ്യകത ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 28-12-2016-ൽ ചേർന്ന മന്ത്രിസഭായോഗം ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയും 4-1-2017-ലെ G.O.(Ms) No.1/2017/P&ARD പ്രകാരം സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തത്വത്തിൽ രൂപീകരിച്ചു കൊണ്ട് ഉത്തരവായിട്ടുമുണ്ട്.

(സി) സംസ്ഥാനത്ത് ഉയർന്ന തലത്തിൽ പ്രൊഫഷണലുകളുടെ സേവനം ഉണ്ടെങ്കിലും ഇടത്തട്ടിൽ പ്രവർത്തിക്കുന്നതിനായി കഴിവുറ്റ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കേണ്ടതിന്റെയും പുതിയ സങ്കേതങ്ങൾ പരമാവധി ഭരണരംഗത്ത് ഉപയോഗപ്പെടുത്താൻ ഉതകുംവിധം പുതുതലമുറ ഭരണരംഗത്തേക്ക് കടന്നു വരേണ്ടത് അനിവാര്യമാണെന്നും സർക്കാർ കരുതുന്നു. അതോടൊപ്പം, കാര്യക്ഷമത ഉറപ്പുവരുത്താനും ദുർബ്ബലമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഒരു പുതിയ സേവന സംസ്കാരം വളർത്തിയെടുക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. വികസനരംഗത്ത് നേരിടുന്ന നിരവധി വെല്ലുവിളികൾ തരണം ചെയ്യുവാനും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

പദ്ധതി നിർവ്വഹണതലത്തിലെ പരിചയക്കുറവും പ്രൊഫഷണലുകളുടെ കുറവും ഇതര വകുപ്പുകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുള്ള അപര്യാപ്തതയും ഉദ്യോഗക്കയറ്റത്തിലെ ചില ന്യൂനതകളും മാറ്റിക്കൊണ്ടുവരാൻ കഴിയും.

(ഡി) സംതൃപ്തവും ക്രിയാത്മകവുമായ സിവിൽ സർവ്വീസ് എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുകയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്.

**ജീവൻരേഖ പദ്ധതി**

17 (*17) <u>ശ്രീമതി ഗീതാ ഗോപി</u>
<u>ശ്രീ. സി. ദിവാകരൻ</u>
<u>ശ്രീ. ജി.എസ്.ജയലാൽ</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് 'ജീവൻരേഖ' എന്ന പേരിലുള്ള പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ശേഖരിക്കുന്ന, രോഗികളുടെ വിവരങ്ങൾ സംബന്ധിച്ച രേഖകളുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിന് മാർഗ്ഗങ്ങളുണ്ടോ;

(സി) സംസ്ഥാനത്ത് സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് തടയുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാകുമെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ജീവൻരേഖ എന്ന പേരിൽ ഒരു പദ്ധതി ആരോഗ്യ വകുപ്പ് നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു.

i. വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.

ii. സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റ് പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക.

iii. എല്ലാ അലോപ്പതി ആശുപത്രികളിലും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.

iv. ആശുപത്രികളിൽ ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർ ചികിത്സയ്ക്കായി വീണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.

ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 25-1-2017-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു.

(ബി) മറ്റൊരാളിന് മനസ്സിലാകാത്ത സംവിധാനത്തിലാണ് ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകളിൽ വിവരങ്ങൾ പ്രാഥമികമായി ശേഖരിക്കുന്നത്. ആശുപത്രികളിൽ നിന്നുള്ള വിവരങ്ങൾ ശേഖരിക്കുന്ന സംസ്ഥാന സർക്കാരിന്റെ ഡാറ്റാ സെന്ററിൽ Tier-3 സുരക്ഷാ സംവിധാനമാണുള്ളത്. ഡാറ്റാ ട്രാൻസ്മിറ്റ് ചെയ്യുന്നത് അതീവ സുരക്ഷാ സംവിധാനമുള്ള Virtual Private Network-ലൂടെയാണ്. രോഗികൾ ആശുപത്രിയിൽ എത്തിയാൽ മാത്രമേ ചികിത്സയുമായി നേരിട്ട് ബന്ധപ്പെടുന്ന മെഡിക്കൽ സംഘത്തിന് പ്രസ്തുത വിവരങ്ങൾ കമ്പ്യൂട്ടറിൽ ലഭ്യമാവുകയുള്ളൂ. ഈ പദ്ധതി നടപ്പിലാകുന്ന മുറയ്ക്ക് ISO 27001 എന്ന Information Security Management System അനുസരിച്ചുള്ള സമ്പൂർണ്ണ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും.

(സി) സാംക്രമിക രോഗങ്ങളുമായി ആശുപത്രികളിലെത്തുന്ന രോഗികളുടെ കൃത്യമായ വിവരങ്ങൾ അപ്പപ്പോൾതന്നെ ആരോഗ്യപ്രവർത്തകരുടെ ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകളിൽ ലഭ്യമാകും. രോഗികളുടെ വാസസ്ഥലം, കുടിവെള്ളത്തിന്റെ സ്രോതസ് എന്നിങ്ങനെ എല്ലാ സ്ഥലങ്ങളും ജി.പി.എസ്. സംവിധാനമുപയോഗിച്ച് കേരളത്തിന്റെ ഭൂപടത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നതിനാൽ കൃത്യസ്ഥലം കണ്ടെത്തി നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് എളുപ്പത്തിൽ സാധിക്കുന്നു.

**പ്രവാസി ക്ഷേമ പദ്ധതി**

18 (*18) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസി ക്ഷേമത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഗൾഫിൽനിന്നും ജോലി നഷ്ടപ്പെട്ട് മടങ്ങുന്ന മലയാളികൾക്ക് ആറ് മാസത്തെ ശമ്പളം നഷ്ടപരിഹാരമായി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) 2016 ഡിസംബർ ഒന്നിന് ശേഷം ഇപ്രകാരം ജോലി നഷ്ടപ്പെട്ട് എത്ര മലയാളികൾ തിരിച്ചു വന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശത്തുവച്ച് മരണപ്പെടുന്ന പ്രവാസി കേരളീയരുടെ കുടുംബങ്ങൾക്ക് നിലവിൽ നൽകുന്ന സാമ്പത്തിക സഹായങ്ങൾക്കുപുറമേ ഇവരുടെ കുടുംബങ്ങൾക്ക്/ആശ്രിതർക്ക് സാമ്പത്തിക സുരക്ഷ നൽകുന്നതിനുവേണ്ട വിശദമായ പദ്ധതി തയ്യാറാക്കുന്നതിന് മന്ത്രിസഭായോഗം തീരുമാനമെടുത്തിരുന്നു. ആയതിൻപ്രകാരം പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടിയായി യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാ (UNDP)മിനോട് ഒരു പഠനം നടത്താൻ ആവശ്യപ്പെടുകയും അതനുസരിച്ച് ഒരു നിർദ്ദേശം (proposal) സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) ഇക്കാര്യം പരിശോധിച്ചു വരുകയാണ്.

(സി) തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവന്ന പ്രവാസികൾ നോർക്ക റൂട്ട്സിൽ പേര് രജിസ്റ്റർ ചെയ്യുന്നുണ്ട്. പ്രസ്തുത രജിസ്ട്രേഷന്റെ ഡാറ്റാ ബേസ് പ്രകാരം 2016 ഡിസംബർ ഒന്നിനുശേഷം നാളിതുവരെ 552 മലയാളികൾ തിരിച്ചുവന്നിട്ടുണ്ട്.

## മാവോയിസ്റ്റ് പ്രവർത്തനങ്ങൾ

19 (*19) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റുകൾ അടക്കമുള്ള ഇടതുപക്ഷ തീവ്രവാദികളുടെ പ്രവർത്തനങ്ങൾ വർദ്ധിച്ച് വരുന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിന് ക്രിയാത്മകമായ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആദിവാസി മേഖലകളിൽ മാവോയിസ്റ്റുകളുടെ നുഴഞ്ഞുകയറ്റം വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് തടയുവാൻ ഒരു യൂണിഫൈഡ് കമാന്റ് രൂപീകരിക്കണമെന്ന കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) മാവോയിസ്റ്റുകൾ അടക്കമുള്ള ഇടതുപക്ഷ തീവ്രവാദികളുടെ പ്രവർത്തനം സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അവ വർദ്ധിച്ച് വരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മാവോയിസ്റ്റുകൾ അടക്കമുള്ള ഇടതുപക്ഷ തീവ്രവാദികളുടെ പ്രവർത്തനം നേരിടുന്നതിന് സംസ്ഥാന പോലീസിനെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർക്കും അവരുടെ മേലുദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് കൈകൊണ്ടുവരുന്നത്. പ്രത്യേക പരിശീലനം സിദ്ധിച്ച കമാണ്ടോകളുടെയും കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡിന്റെയും സേവനവും മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചുവരുന്നു. വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിന് ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിലെ വനപ്രദേശങ്ങളിലെ ആദിവാസി മേഖലകളിൽ മാവോയിസ്റ്റുകളുടെ പ്രവർത്തനം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അവരുടെ പ്രവർത്തനം ഈ മേഖലകളിൽ വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടില്ല.

(ഡി) ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 17-1-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 121/2017/ആഭ്യന്തരം പ്രകാരം സംസ്ഥാന മുഖ്യമന്ത്രി ചെയർമാനായി ഒരു യൂണിഫൈഡ് കമാന്റ് രൂപീകരിച്ചിട്ടുണ്ട്.

**നോട്ട് നിരോധനംമൂലമുണ്ടായ പ്രതിസന്ധി**

20 (*20) ശ്രീ. സണ്ണി ജോസഫ്
ശ്രീ. കെ. എസ്. ശബരീനാഥൻ
ശ്രീ. റോജി എം. ജോൺ
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ 1,000, 500 രൂപയുടെ നോട്ടുകൾ പിൻവലിച്ചത് മൂലമുണ്ടായ പ്രതിസന്ധി സംസ്ഥാനത്തിന്റെ ഏതൊക്കെ മേഖലകളെ ബാധിച്ചു എന്നു കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് പ്ലാനിംഗ് ബോർഡ് നടത്തിയ പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(സി) വിവിധ മേഖലകളിലുണ്ടായ മരവിപ്പ് മറികടക്കുന്നതിന്റെ ഭാഗമായി സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ഡി) ഇതുമൂലം സംസ്ഥാനത്തുണ്ടായ സാമ്പത്തികനഷ്ടം നികത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കുമോ;

(എഫ്) നോട്ട് നിരോധനംമൂലം സംസ്ഥാനത്തിന്റെ വളർച്ചയിൽ എന്തുമാറ്റമാണ് സംഭവിക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനംമൂലം കേരള സമ്പദ്‌വ്യവസ്ഥയ്ക്ക് സംഭവിച്ച പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കാൻ കേരള സംസ്ഥാന ആസൂത്രണ ബോർഡ് 2016 നവംബർ 23-ന് പ്രൊഫസർ സി. പി. ചന്ദ്രശേഖർ ചെയർമാനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി 2017 ഫെബ്രുവരിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. ഈ കമ്മിറ്റിയുടെ പഠനത്തിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പല മേഖലകളിലും കറൻസി വിനിമയം നിലനിൽക്കുന്നതിനാൽ ഇവയിൽനിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ നോട്ട് നിരോധനം സാരമായി ബാധിച്ചു.

2. ടൂറിസത്തിൽ നിന്നുള്ള വരുമാനം കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. കറൻസിക്കായുള്ള നെട്ടോട്ടം ടൂറിസം മേഖലയെ സാരമായി ബാധിച്ചു.

3. നോട്ട് ലഭ്യത കൂടുതലാവശ്യമായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഗതാഗതം എന്നീ മേഖലകളിൽ നോട്ട് നിരോധനം കനത്ത ആഘാതമേൽപ്പിച്ചു.

4. നോട്ട് നിരോധനം സഹകരണ മേഖലയിലെ പണമിടപാടുകൾ സ്തംഭനാവസ്ഥയിലെത്തിച്ചു.

(സി)

1. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശരഹിത പ്രത്യേക ടി.എസ്.ബി. അക്കൗണ്ട് തുറന്നുകൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ടുള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

3. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) പ്രതികരണം ലഭിച്ചിട്ടില്ല.

(എഫ്) കേന്ദ്രത്തിൽ നിന്നുള്ള മൊത്തം സഹായത്തിന്റെ 44 ശതമാനം ഗ്രാന്റുകളായും ബാക്കി നികുതി കൈമാറ്റങ്ങളുമായാണ് കേരളത്തിന് ലഭിച്ചുവരുന്നത്. നോട്ട് നിരോധനത്തിന്റെ തുടർച്ചയായി കേന്ദ്ര സർക്കാരിന്റെ ധനസ്ഥിതിയിൽ വരുന്ന ഏതൊരു കുറവും കേന്ദ്ര ഗ്രാന്റുകളെയും അതുവഴി സംസ്ഥാന സർക്കാരിന്റെ വരുമാനത്തെയും ബാധിക്കും ഇതിനുപുറമേ മൊത്തം ആഭ്യന്തരോൽപ്പാദനത്തിന്റെ വളർച്ചാ നിരക്കിലുണ്ടാകുന്ന കുറവ് കേന്ദ്ര നികുതിയെയും അതുവഴി സംസ്ഥാനങ്ങൾക്കുള്ള നികുതി കൈമാറ്റത്തെയും ബാധിക്കും. നോട്ട് റദ്ദാക്കൽമൂലം ദിവസേന ചുരുങ്ങിക്കൊണ്ടിരിക്കുന്ന ഒരു സമ്പദ്‌വ്യവസ്ഥയിൽ അത് നടപ്പാക്കിയാൽ റവന്യൂ വരുമാനം പ്രതീക്ഷിക്കുന്നതിലും കുറവായിരിക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള സമ്പദ് വ്യവസ്ഥയുടെ തകർച്ചയും റിയൽ എസ്റ്റേറ്റ് മേഖലയിലെ മാന്ദ്യത്തെ തുടർന്ന് സ്റ്റാമ്പ് ഡ്യൂട്ടിയിൽ വന്ന കുറവും സൂചിപ്പിക്കുന്നത് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2016-17-ൽ 19 ശതമാനത്തിന് മുകളിലാകാൻ സാദ്ധ്യതയില്ലെന്നാണ്. ആയതിനാൽ സംസ്ഥാന സാമ്പത്തിക വളർച്ചയിൽ ഏകദേശം 1% (ഒരു ശതമാനം) കുറവ് ഉണ്ടാകുമെന്ന് കരുതുന്നു.

**ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം**

21 (*21) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള അന്തിമ പട്ടിക തയ്യാറാക്കലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്ന അവസാന തീയതി എന്നായിരുന്നു എന്ന് അറിയിക്കാമോ;

(സി) അപ്പീലുകൾ തീർപ്പാക്കൽ നടപടി പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അന്തിമ പട്ടിക അംഗീകരിച്ച് നൽകിയിട്ടുണ്ടോ; അന്തിമ പട്ടിക വെബ് സൈറ്റിൽ ലഭ്യമായിട്ടുണ്ടോ;

(ഇ) പുതിയ റേഷൻ കാർഡുകളുടെ വിതരണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(എഫ്) റേഷൻ കാർഡുകളുടെ വിതരണവും കമ്പ്യൂട്ടർവൽക്കരണവും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) 2017 മാർച്ച് മാസം ആദ്യവാരത്തിൽ പ്രസിദ്ധീകരിക്കാൻ കഴിയുംവിധം നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 7-1-2017

(സി) ഉണ്ട്.

(ഡി) ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ഇ&എഫ്) 2017 മാർച്ച് മാസത്തോടുകൂടി റേഷൻ കാർഡ് വിതരണവും ജൂൺ 2017-നകം കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഒരുഘട്ടവും പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

**സ്വാശ്രയ കോളേജുകളിലെ പ്രവേശനം**

22 (*22) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സ്വാശ്രയ കോളേജുകളുടെ മാനേജ്മെന്റ് എൻ.ആർ.ഐ. സീറ്റുകളിലെ പ്രവേശനത്തിൽ കൃത്രിമം നടത്തിയതായി ജസ്റ്റിസ് ജെ.എം.ജയിംസ് അദ്ധ്യക്ഷനായിരുന്ന പ്രൊഫഷണൽ കോളേജ് പ്രവേശനവും ഫീസും നിയന്ത്രണ സമിതി കണ്ടെത്തിയിരുന്നോ;

(ബി) പ്രവേശന പരീക്ഷ ജയിക്കാത്ത വിദ്യാർത്ഥികൾക്ക് മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നൽകിയിരുന്നതായി സമിതി കണ്ടെത്തിയിരുന്നോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും തെറ്റായ രീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ കോളേജിൽനിന്നും പുറത്താക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട രേഖകൾ പ്രവേശന മേൽനോട്ട സമിതിയുടെ സൂക്ഷ്മ പരിശോധനയിലാണ്. അതേസമയം പാലക്കാട് ജില്ലയിലെ കരുണ മെഡിക്കൽ കോളേജ്, കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ എം.ബി.ബി.എസ്. പ്രവേശനത്തിലെ സുതാര്യതയില്ലായ്മയും മറ്റ് ക്രമക്കേടുകളും ചൂണ്ടിക്കാട്ടി മേൽ രണ്ട് കോളേജുകളിലെയും പ്രവേശനം, പ്രവേശന മേൽനോട്ട സമിതി റദ്ദാക്കിയിരുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച കേസ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

(ബി) മെഡിക്കൽ പ്രവേശനത്തിന് മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ നീറ്റ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയതിന്റെ രേഖകൾ സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ പ്രവേശന മേൽനോട്ട സമിതിയുടെ സൂക്ഷ്മ പരിശോധന നടന്നുവരുന്നു.

(സി) മെഡിക്കൽ പ്രവേശനത്തിന്റെ രേഖകൾ സൂക്ഷമ പരിശോധന നടത്തിവരുന്നു. പരിശോധിച്ചശേഷം തുടർനടപടികൾ ആവശ്യമെങ്കിൽ കോടതി വിധികൾക്ക് വിധേയമായി പ്രവേശന മേൽനോട്ട സമിതി തീരുമാനിക്കുന്നതാണ്.

**ആർദ്രം മിഷൻ**

23 (*23) ശ്രീ. എം. മുകേഷ് :
ശ്രീ. ബി.സത്യൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രാഥമിക, ദ്വിതീയ തലത്തിലുള്ള സർക്കാർ ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ കുറവ് പരിഹരിക്കാനും രോഗ നിർണ്ണയത്തിനുവേണ്ട ലബോറട്ടറി സൗകര്യം, അവശ്യോപകരണങ്ങൾ എന്നിവ നൽകുന്നതിനും നടപടിയുണ്ടാകുമോ;

(ഡി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിന്റെ വിവരം ലഭ്യമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാന സർക്കാർ, നടപ്പിലാക്കാനാരംഭിച്ച നവകേരള മിഷന്റെ നാല് ഘടകങ്ങളിൽ ഒന്നാണ് ആർദ്രം മിഷൻ. ഗവൺമെന്റ് ആശുപത്രികളെ രോഗീസൗഹൃദമാക്കുകയും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുകയുമാണ് ആർദ്രം മിഷന്റെ ഉദ്ദേശ്യം.

താഴെപ്പറയുന്നവയാണ് ഈ മിഷൻവഴി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ:

(1) ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി (OP Transformation) രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക.

(2) ജില്ലാ/താലൂക്കുതല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയമിച്ചുകൊണ്ടും ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുക.

(3) പ്രൈമറി ഹെൽത്ത് സെന്ററുകളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുക.

(4) ആശുപത്രികളിലെത്തുന്ന രോഗികൾക്ക് ചികിത്സാ മാർഗ്ഗരേഖകൾ പ്രകാരം ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുക.

(ബി) ആദ്യഘട്ടത്തിൽ 14 ജില്ലകളിലായി 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തിരഞ്ഞെടുത്ത് അവിടങ്ങളിൽ ഡോക്ടർമാരുടെയും സ്റ്റാഫ് നേഴ്സിന്റെയും ലബോറട്ടറി ടെക്നീഷ്യന്റെയും തസ്തികകൾ അധികമായി സൃഷ്ടിക്കുകയും

ഡോക്ടർമാർക്കും ഇതര വിഭാഗം ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകിക്കൊണ്ട് ഈ സ്ഥാപനങ്ങളെ ഒരു കുടുംബത്തിലെ എല്ലാവർക്കും പ്രാഥമികാരോഗ്യ പരിചരണം നൽകത്തക്കരീതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ദ്വിതീയ തലത്തിന്റെ ഭാഗമായുള്ള താലൂക്ക്, ജില്ലതല ആശുപത്രികളിൽ യഥാക്രമം സ്പെഷ്യലിറ്റി, സൂപ്പർ സ്പെഷ്യലിറ്റി സൗകര്യങ്ങൾ അടക്കമുള്ള ചികിത്സാ സൗകര്യങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ അധിക തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്. ഇവിടങ്ങളിലേക്ക് ആവശ്യമുള്ള ആശുപത്രി ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ ഈ വർഷത്തെയും അടുത്ത വർഷത്തെയും പ്ലാൻ ഫണ്ടുവഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എട്ട് ജില്ലാതല ആശുപത്രികളിൽ ഹൃദ്രോഗ ചികിത്സക്കാവശ്യമായ കാത്ത് ലാബ് സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടിയും 44 താലൂക്കതല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടിയും കിഫ്ബി (KIIFB)-യിൽ ഉൾപ്പെടുത്തി ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്.

(സി) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും ലബോറട്ടറിയിലേക്ക് അടക്കമുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്.

(ഡി) ആദ്യഘട്ടത്തിൽ 14 ജില്ലകളിലായി 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തിരഞ്ഞെടുത്ത് അവിടങ്ങളിൽ ഡോക്ടർമാരുടെയും സ്റ്റാഫ് നേഴ്സിന്റെയും ലബോറട്ടറി ടെക്നീഷ്യന്റെയും തസ്തികകൾ അധികമായി സൃഷ്ടിക്കുകയും ഡോക്ടർമാർക്കും ഇതര വിഭാഗം ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകിക്കൊണ്ട് ഈ സ്ഥാപനങ്ങളെ ഒരു കുടുംബത്തിലെ എല്ലാവർക്കും പ്രാഥമികാരോഗ്യ പരിചരണം നൽകത്തക്കരീതിയിലും വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ദ്വിതീയ തലത്തിന്റെ ഭാഗമായുള്ള താലൂക്ക്, ജില്ലാതല ആശുപത്രികളിൽ യഥാക്രമം സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ അടക്കമുള്ള ചികിത്സാ സൗകര്യങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ അധിക തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്. ഇവിടങ്ങളിലേക്ക് ആവശ്യമുള്ള ആശുപത്രി ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ ഈ വർഷത്തെയും അടുത്ത വർഷത്തെയും പ്ലാൻ ഫണ്ടുവഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എട്ട് ജില്ലാതല ആശുപത്രികളിൽ ഹൃദ്രോഗ ചികിത്സക്കാവശ്യമായ കാത്ത് ലാബ് സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടിയും 44 താലൂക്കതല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടിയും കിഫ്ബി (KIIFB)-യിൽ ഉൾപ്പെടുത്തി ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്.

## വിജിലൻസ് പ്രവർത്തനം കാര്യക്ഷമമാക്കൽ

24 (*24) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് സംവിധാനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ;

(ബി) വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി ചീഫ് സെക്രട്ടറി എന്തെങ്കിലും ശിപാർശ നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഇടപെടലുകളുണ്ടായിട്ടുണ്ട്. വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും സംശുദ്ധമായ സിവിൽ സർവ്വീസും അഴിമതിരഹിത പൊതു പ്രവർത്തനവും ഉറപ്പു വരുത്തണം എന്നുള്ളതുമാണ് സർക്കാരിന്റെ ലക്ഷ്യം.

താഴെത്തട്ടിലുള്ള ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പങ്കാളിത്ത അഴിമതി വിരുദ്ധ മാതൃകയായ 'വിജിലന്റ് കേരള' എന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്. ഇതിനായി രണ്ട് മൊബൈൽ ആപ്പുകൾ ആരംഭിച്ചിട്ടുണ്ട്. തൊഴിൽ, വിദ്യാഭ്യാസ മേഖലയിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്ന സംസ്കാരം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ അഴിമതി വിരുദ്ധ പ്രചരണ പരിപാടികളും നടത്തിവരുന്നു.

അടുത്തകാലത്തായി ബഹു. കോടതികളുടെ വിലയിരുത്തലുകളുടെകൂടി അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

റിട്ട. ചീഫ് സെക്രട്ടറി ചെയർമാനായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## അരിവില വർദ്ധിക്കുന്നത് തടയാൻ നടപടി

25 (*25) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ.ഡി. പ്രസേനൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിവില ക്രമാതീതമായി വർദ്ധിക്കുന്നത് തടയാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഭക്ഷ്യ ഭദ്രതയുടെ പേരിൽ സംസ്ഥാനത്തിന്റെ റേഷൻ വിഹിതം വെട്ടിക്കുറച്ച് ഭക്ഷ്യക്ഷാമത്തിലേക്ക് ജനങ്ങളെ തള്ളിവിടുന്ന കേന്ദ്ര സർക്കാർ നിലപാട് തിരുത്തിക്കാനായി നടത്തിയ ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) അരി ലോബിയുടെ കരിഞ്ചന്ത ഇടപാട് ഇല്ലാതാക്കാനായി വിവിധ സംസ്ഥാനങ്ങളിൽനിന്ന് അരി നേരിട്ട് ശേഖരിച്ച് സിവിൽ സപ്ലൈസ് സ്ഥാപനങ്ങൾ വഴിയും പ്രത്യേക അരിക്കടകൾ തുടങ്ങിയും വില കുറച്ച് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) വിപണിയിലെ അരിവില വർദ്ധനവ് തടയുന്നതിനായി സർക്കാർ ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാനത്തെ സപ്ലൈകോ ഔട്ട്ലെറ്റുകൾമുഖേന വിവിധയിനം അരി പൊതുവിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിൽ സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലും വിതരണം ചെയ്യുന്നുണ്ട്. എഫ്.സി.ഐ.യിൽനിന്നും ഇ-ഓക്ഷൻ മുഖേന വാങ്ങിയ പച്ചരി 23 രൂപയ്ക്കും പുഴുക്കലരി 25 രൂപയ്ക്കും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. വിപണിയിൽ കൂടുതൽ അരി കുറഞ്ഞ വിലയിൽ ലഭ്യമാക്കാനുള്ള നടപടിയുടെ ഭാഗമായി പ്രത്യേക അരിക്കടകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. ഓയിൽ പാം ഇന്ത്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി എന്ന പേരിൽ മട്ട (ഉണ്ട) അരിയും കിലോഗ്രാമിന് 33 രൂപ നിരക്കിൽ നൽകിവരുന്നു.

(ബി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനെക്കാൾ കുറവായതിനാൽ, ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നേരിട്ട് കേന്ദ്ര സർക്കാരുമായി കൂടിക്കാഴ്ചകൾ നടത്തിയിട്ടുണ്ട്.

(സി) അരി മിൽ ഉടമകളും ബ്രോക്കർമാരും ലോബിയായി പ്രവർത്തിച്ചുണ്ടാകുന്ന കൃത്രിമ വിലക്കയറ്റം ഒഴിവാക്കുന്നതിനായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു സംഘം ആന്ധ്രാപ്രദേശിലെ മില്ലുടമകളുമായി ചർച്ച നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അരിയുടെ കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് എന്നിവ തടയുന്നതിനായി പൊതുവിപണി പരിശോധന കൂടുതൽ കാര്യക്ഷമമാക്കുവാൻ ജില്ലാ തലത്തിൽ വ്യാപാരികളുടെ യോഗം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുന്നതിന് ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സബ്സിഡി ഇനത്തിൽ ജയ അരി, കുറുവ അരി എന്നിവ കിലോ ഗ്രാമിന് 25 രൂപയ്ക്കും മട്ട അരി 24 രൂപയ്ക്കും, പച്ചരി 23 രൂപയ്ക്കും വിതരണം ചെയ്തുവരുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ഇ-ടെണ്ടർ മുഖേനയും എഫ്.സി.ഐ.യിൽ നിന്നും വിപണിയിൽ ആവശ്യത്തിന് അരി ലഭ്യമാക്കുന്നുണ്ട്.

## ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം

26 (*26) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനമെടുത്തത് എന്നാണെന്ന് വ്യക്തമാക്കുമോ; അത് നടപ്പിലാക്കാൻ വൈകിയതിന്റെ കാരണങ്ങൾ അറിയിക്കാമോ;

(ബി) ഏപ്രിൽ മുതൽ നിയമം പൂർണ്ണമായും നടപ്പാക്കാനായി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഫലമായി സംസ്ഥാനത്തിന് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന അരിവിഹിതത്തിൽ ഉണ്ടാകുന്ന വലിയ കുറവ് നികത്താൻ എന്തു പ്രതിവിധിയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) 2-12-2013, 5-7-2013 മുതൽ പ്രാബല്യത്തിൽ വന്ന ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നിലവിൽ വന്ന് 365 ദിവസത്തിനുള്ളിൽ സംസ്ഥാനങ്ങൾ നടപ്പാക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്. 2-12-2013-ൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. തുടർന്ന് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി, മാനദണ്ഡങ്ങൾ നിശ്ചയിച്ച്, പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുകയും

വിവരശേഖരണം നടത്തുകയും ചെയ്തു. ഡാറ്റാ എൻട്രിയിലെ അപാകതകൾ പരിഹരിച്ച് എൻ.ഐ.സി. വികസിപ്പിച്ചെടുത്ത റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ആഫീസുകളിലെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലേയും (ആകെ 81) മുൻഗണന/മുൻഗണനേതര കുടുംബങ്ങളുടെ കരടുപട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കുകയും അതിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ എറണാകുളം സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ 5-3-2016 മുതൽ പൊതു തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ശേഷിക്കുന്ന താലൂക്കുകളിലെ കരട് പട്ടിക പ്രസിദ്ധീകരിച്ചില്ല. 2015-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പും 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പും നടന്ന സമയങ്ങളിൽ ജീവനക്കാർ ഇലക്ഷൻ പ്രവർത്തനങ്ങളിൽ നിയോഗിക്കപ്പെട്ടതിനാലും പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ പ്രവർത്തനങ്ങൾ വൈകുകയുണ്ടായി.

(ബി) ഏപ്രിൽ മാസം സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി മാർച്ച് 15 മുതൽ കൊല്ലം ജില്ലയിലും മാർച്ച് 25 മുതൽ ബാക്കിയുള്ള ജില്ലകളിലും റേഷൻ കാർഡ് വിതരണം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള മൊത്തവിതരണ ശാലകൾക്ക് പകരമായി 75 താലൂക്ക് ഡിപ്പോകൾ സർക്കാരിന്റെ അധീനതയിൽ ആരംഭിക്കാൻ തീരുമാനിച്ചു. ഇതിനായി മാനന്തവാടി, ഇരിട്ടി എന്നീ താലൂക്കുകൾ ഒഴിച്ചുള്ള എല്ലാ താലൂക്കുകളിലും ഗോഡൗൺ കണ്ടെത്തുകയുണ്ടായി. വാതിൽപ്പടി വിതരണത്തിനുള്ള ട്രാൻസ്പോർട്ടിംഗ് ഏജൻസികളെ നിശ്ചയിക്കുന്നതിനുള്ള ഇ-ടെൻഡർ സപ്ലൈകോ നടത്തുകയുണ്ടായി. ഇ-പോസ് മെഷീനുകൾ വാങ്ങുന്നതിനുള്ള ഇ-ടെൻഡർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. വാതിൽപ്പടി വിതരണത്തിന്റെ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ മാർച്ച് 1 മുതൽ കൊല്ലം ജില്ലയിൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല പരാതി പരിഹാര ആഫീസർമാരായി അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്മാരെ നിയമിക്കുകയും സംസ്ഥാന ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതുവരെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് സംസ്ഥാന ഫുഡ് കമ്മീഷന്റെ ചുമതല നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് അഡ്ഹോക്ക് വിഹിതമുൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, കേന്ദ്ര സർക്കാരുമായി കത്തുകൾ മുഖേനയും ഭക്ഷ്യ വകുപ്പുമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും നേരിട്ടും ഇടപെടലുകൾ നടത്തിവരികയാണ്.

## ആർദ്രം പദ്ധതി

27 (*27) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ജില്ലാ-താലൂക്ക് ആശുപത്രികളുടെ സേവനങ്ങൾ മെച്ചപ്പെടുത്താനും സ്പെഷ്യാലിറ്റി വകുപ്പുകൾ ആരംഭിക്കുവാനും ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്;

(സി) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാന സർക്കാർ, നടപ്പിലാക്കാനാരംഭിച്ച നവകേരള മിഷന്റെ നാല് ഘടകങ്ങളിൽ ഒന്നാണ് ആർദ്രം മിഷൻ. ഗവൺമെന്റ് ആശുപത്രികളെ രോഗീസൗഹൃദമാക്കുകയും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുകയുമാണ് ആർദ്രം മിഷന്റെ ഉദ്ദേശ്യം.

താഴെപ്പറയുന്നവയാണ് ഈ മിഷൻ വഴി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ:

1. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി (OP Transformation) രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക.
2. ജില്ലാ/താലൂക്കുതല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയമിച്ചുകൊണ്ടും ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുക.
3. പ്രൈമറി ഹെൽത്ത് സെന്ററുകളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുക.
4. ആശുപത്രികളിലെത്തുന്ന രോഗികൾക്ക് ചികിത്സാ മാർഗ്ഗ രേഖകൾ പ്രകാരം ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുക.

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി 8 ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബുകൾ നിർമ്മിക്കുന്നതിനും 44 താലൂക്കുതല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് (ഭരണാനുമതി നൽകി). ജില്ലാ താലൂക്കുതല ആശുപത്രികളിലെയും ഫാമിലി ഹെൽത്ത് സെന്ററുകളിലെയും അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്. ആരോഗ്യ വകുപ്പിലെ പ്രധാന ആശുപത്രികളിലേക്ക് അധിക ആശുപത്രി ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ ഈ വർഷത്തെ പ്ലാൻ ഫണ്ട് വഴി (23.75 കോടി രൂപ) കെ.എം.എസ്.സി.എൽ. മുഖേന നടന്നുവരുന്നു. അടുത്ത വർഷത്തെ പദ്ധതിയിനത്തിൽനിന്നും ആശുപത്രി ഉപകരണങ്ങൾ വാങ്ങാനുള്ള 45 കോടി രൂപയുടെ പ്രൊപ്പോസലുകൾ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികളും എടുത്തിട്ടുണ്ട്.

(സി) നിലവിൽ അംഗീകരിച്ച ആർദ്രം പദ്ധതിയിൽ പട്ടികവർഗ്ഗ മേഖലകളിലേക്കുള്ള പ്രത്യേക പ്രോഗ്രാമുകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഇതിനായി ഒരു പ്രത്യേക പ്രോജക്ട് തയ്യാറാക്കി ആർദ്രം മിഷനിൽ ഉൾപ്പെടുത്താനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധന**

28 (*28) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരി, പച്ചക്കറി ഉൾപ്പെടെയുള്ള നിത്യോപയോഗ ഭക്ഷ്യവസ്തുക്കളുടെ വില ക്രമാതീതമായി കുതിച്ചുയരുന്ന സ്ഥിതിവിശേഷം ഗൗരവപൂർവ്വം വിലയിരുത്തിയിട്ടുണ്ടോ;

(ബി) നോട്ടുക്ഷാമം സൃഷ്ടിച്ച പ്രതിസന്ധിയും തൊഴിലില്ലായ്മ സൃഷ്ടിച്ച ദുരിതങ്ങൾക്കുമിടയിൽപ്പെട്ട് നട്ടംതിരിയുന്ന സാധാരണ ജനത്തിന് ഇരുട്ടടിയായ വിലക്കയറ്റം നിയന്ത്രിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമാർക്കറ്റിൽ ഇടപെടാൻ എത്ര തുക നൽകിയെന്നതിന്റെ വിശദവിവരം നൽകാമോ;

(ഡി) ഇക്കാര്യത്തിൽ ധനകാര്യ വിഭാഗത്തിൽ നിന്നും അർഹമായ പരിഗണന ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി നിലവിലുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 10 മുതൽ 60 ശതമാനം വരെ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നു. അതിനുപുറമേ 15-ഓളം അവശ്യസാധനങ്ങൾ വിപണിവിലയിൽനിന്നും 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി എന്ന വിഭാഗത്തിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യസാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ വിവിധ ഉൽപ്പന്നങ്ങൾ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതു വിപണി വിലയേക്കാൾ 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. വില വർദ്ധനവ് തടയുന്നതിനായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിലും ഫ്രീസെയിൽ ഇനത്തിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നു. അവശ്യഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയതുമൂലം കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, ഊഹക്കച്ചവടം എന്നിവമൂലമുള്ള കൃത്രിമക്ഷാമം, കൃത്രിമ വിലക്കയറ്റത്തിനുള്ള സാധ്യത എന്നിവ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) പൊതു മാർക്കറ്റിൽ ഇടപെടുന്നതിനായി കഴിഞ്ഞ വർഷം ജൂണിൽ 50 കോടി രൂപയും ആഗസ്റ്റിൽ 81.42 കോടി രൂപയും നവംബർ മാസത്തിൽ 18.58 കോടി രൂപയും ഉൾപ്പെടെ 150 കോടി രൂപ നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിച്ച തുകയായ 70 കോടി രൂപ 150 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## പതിമൂന്നാം പഞ്ചവത്സര പദ്ധതി

29 (*29) ശ്രീ. ഒ. ആർ. കേളു :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുമെന്ന പ്രഖ്യാപനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പദ്ധതികളുടെ ആസൂത്രണം സമയബന്ധിതമായി നടപ്പാക്കുമെന്ന് ഉറപ്പാക്കുന്നതിന് സംവിധാനം ഉണ്ടോ;

(സി) യഥാസമയം ഫണ്ട് ലഭ്യമാക്കുന്നുണ്ടെന്നും പദ്ധതികൾ ആസൂത്രണം ചെയ്ത രീതിയിൽ തന്നെ സമയബന്ധിതമായി നടപ്പാക്കുന്നുണ്ടെന്നും ഉറപ്പ് വരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി വിവിധ വിഷയങ്ങളിൽ 43 കർമ്മ സമിതികൾക്ക് രൂപ നൽകുകയും അതിന്റെ പൂർണ്ണമായ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പതിമൂന്നാം പദ്ധതിയുടെ ഭാഗമായുള്ള വാർഷിക പദ്ധതി (2017-18) 9-2-2017-ലെ ജി.ഒ. (എം.എസ്.)നമ്പർ 7/2017/പ്ലാനിംഗ് ഉത്തരവുപ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിൽ രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതിക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. ഇതിൽ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതാണ്. നവകേരള മിഷന്റെ ഭാഗമായി സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി (LIFE), ജനസൗഹൃദ സർക്കാർ ആശുപത്രികൾ-ആർദ്രം മിഷൻ, സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി, ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരള പദ്ധതി എന്നിങ്ങനെ 4 മിഷനുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇവ ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ട്.

(സി) ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതി ആസൂത്രണം സമയബന്ധിതമായി നടപ്പാക്കാൻ സർക്കാർ തലത്തിലും ആസൂത്രണ ബോർഡിലും സംവിധാനങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി അവലോകനം നടത്തുന്നുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ പദ്ധതി അവലോകന യോഗം എല്ലാമാസവും നടത്തുന്നുണ്ട്. കൂടാതെ പ്ലാൻ സ്പേസ് എന്ന "Real time online monitoring mechanism" വഴി സംസ്ഥാന ആസൂത്രണ ബോർഡ് പദ്ധതിയിൽ അവലോകനം നടത്താറുണ്ട്. ഇതിനുപുറമേ 2017-18 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽതന്നെ ഭരണാനുമതി നൽകിക്കൊണ്ട് സമയബന്ധിതമായി നടപ്പാക്കുന്നതിനുവേണ്ടി പ്രധാനപ്പെട്ട പദ്ധതികൾ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഗ്രീൻ ബുക്കിൽ ഉൾപ്പെടുന്ന പദ്ധതികളെ ട്രഷറി നിയന്ത്രണത്തിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

## സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ

30 (*30) ഡോ.എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) മെഡിക്കൽ വിദ്യാഭ്യാസരംഗം സുശക്തമാക്കുന്നതിനായി അക്കാദമിക് തലത്തിലും അടിസ്ഥാന സൗകര്യവികസനം, രോഗീപരിചരണം എന്നീ മേഖലകളിലും ഉന്നത നിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ;

(സി) മെഡിക്കൽ വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം പുനരാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ)

1. ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നെഫ്രോളജി വിഭാഗം സൂപ്പർ സ്പെഷ്യാലിറ്റി ആരംഭിച്ചിട്ടുണ്ട്.

2. മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിലവിലുള്ള കാർഡിയോളജി വിഭാഗത്തിലേക്ക് 2016-17 വാർഷിക പദ്ധതിയിൽപ്പെടുത്തി എക്കോകാർഡിയോഗ്രാഫി മെഷീൻ വാങ്ങുന്നതിന് നടപടികളായിട്ടുണ്ട്. കാത്ത് ലാബ് തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എൻഡോക്രൈനോളജി വിഭാഗത്തിന് സൂപ്പർ സ്പെഷ്യാലിറ്റി അംഗീകാരം ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു മൾട്ടിസ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

4. കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പീഡിയാട്രിക്സ്, കാർഡിയോളജി വകുപ്പ് തുടങ്ങുവാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. നെഫ്രോളജി വിഭാഗത്തിൽ കൂടുതലായി ടെക്നീഷ്യന്മാരെയും നഴ്സുമാരെയും എച്ച്.ഡി.എസ്. വഴി നിയമിച്ച് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കി. യൂറോളജി വിഭാഗത്തിൽ ലാപ്രോസ്കോപ്പി വിഭാഗം പ്രത്യേകമായി തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. ന്യൂറോളജി വിഭാഗത്തിൽ കൂടുതൽ സ്റ്റാഫ് നഴ്സുമാരെയും മറ്റ് സ്റ്റാഫിനെയും എച്ച്.ഡി.എസ്.വഴി നിയമിച്ച് ആഴ്ചയിൽ 5 ദിവസവും ശസ്ത്രക്രിയ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 24 മണിക്കൂറും ട്രോമയ്ക്കുവേണ്ടി മാത്രം ഒരു ശസ്ത്രക്രിയ തിയേറ്റർ തുറന്ന് പ്രവർത്തിക്കുവാൻ തീരുമാനിച്ചു. ഉദരരോഗ വിഭാഗത്തിൽ അന്നനാളത്തിന്റെയും വൻകുടലിന്റെയും ചലന വൈകല്യങ്ങൾ നിർണ്ണയിക്കുന്നതിന് മാനോമെട്രി സംവിധാനം ഏർപ്പെടുത്തി.

5. എറണാകുളം മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റിയിൽ ന്യൂറോളജി ഡോക്ടറുടെ സേവനം പൂർണ്ണതോതിലുണ്ട്. കാർഡിയോളജി, പ്ലാസ്റ്റിക് സർജറി എന്നീ വിഭാഗങ്ങളുടെ ഭാഗിക സേവനമേയുള്ളു.

6. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന റേഡിയോ തെറാപ്പി വിഭാഗങ്ങളെ അർബുദ ചികിത്സയ്ക്കുള്ള സമഗ്ര കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി ഓങ്കോ പതോളജി വിഭാഗങ്ങൾ ആരംഭിക്കുന്നതിനായി 22-12-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 225/16/ആ.കു.വ. ഉത്തരവുപ്രകാരം 105 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) മെഡിക്കൽ വിദ്യാഭ്യാസ രംഗത്തിന്റെ ലക്ഷ്യം, പ്രാധാന്യം എന്നിവ കണക്കിലെടുത്ത് വിദ്യാഭ്യാസ നിലവാരം പുലർത്തുന്നതിന് കേരള ആരോഗ്യ സർവ്വകലാശാല അതീവ ശ്രദ്ധ പുലർത്തി വരികയാണ്. പുതിയ കോളേജുകൾക്ക് അംഗീകാരം നൽകുന്നതിനും നിലവിൽ അംഗീകാരമുള്ള കോളേജുകൾക്ക് തുടർ അംഗീകാരം നൽകുന്നതിനും പുതിയ കോഴ്സുകൾ/സീറ്റ് വർദ്ധനവ് എന്നിവയുടെ അംഗീകാരം നൽകുന്നതിനും മുൻപ് കൃത്യമായ പരിശോധനകൾ നടത്തി, റിപ്പോർട്ട് ആരോഗ്യ സർവ്വകലാശാലയുടെ സ്ക്രൂട്ടിനി കമ്മിറ്റി, ഗവേണിംഗ് കൗൺസിലിന്റെ സബ് കമ്മിറ്റി, ഗവേണിംഗ് കൗൺസിൽ എന്നിവ പരിശോധിച്ച് അംഗീകരിച്ചതിനുശേഷമാണ് അഫിലിയേഷൻ അനുവദിക്കുന്നത്. സർക്കാരിന്റെ നിരാക്ഷേപപത്രം, ബന്ധപ്പെട്ട കേന്ദ്ര കൗൺസിലുകളുടെ അംഗീകാരം (ആവശ്യമുള്ളിടത്ത്) എന്നിവ ലഭിച്ച കോളേജുകൾക്ക് മാത്രമാണ് ഇത്തരത്തിൽ അംഗീകാരം നൽകിവരുന്നത്. കോളേജുകളുടെ അംഗീകാരം, രോഗീപരിചരണം, ഉന്നത നിലവാരം എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ദന്തൽ കോളേജിൽ 24 തസ്തിക സൃഷ്ടിച്ചു. എറണാകുളം നഴ്സിംഗ് കോളേജിൽ 36 തസ്തിക സൃഷ്ടിച്ചു. ആലപ്പുഴ ഫാർമസി കോളേജിൽ 4 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു.

നിലവിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ പുതിയ കോഴ്സുകൾ/സീറ്റ് വർദ്ധനവ് എന്നിവയുടെ അംഗീകാരത്തിന് ടി കോളേജുകളിലെ നിലവിലുള്ള ബാച്ചുകളുടെ ശരാശരി വിജയശതമാനം 50 ശതമാനത്തിൽ കൂടുതൽ ആയിരിക്കണമെന്ന് സർവ്വകലാശാല നിഷ്കർഷിച്ചിട്ടുണ്ട്. തുടർ അഫിലിയേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കാത്ത കോളേജുകൾക്ക് ആ വർഷം തുടർ അഫിലിയേഷനുള്ള അനുമതി സർവ്വകലാശാല നൽകാറില്ല.

ഓരോ വർഷത്തെയും വിദ്യാർത്ഥി പ്രവേശനം അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് സർവ്വകലാശാല അംഗീകരിക്കുന്നത്. അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്കെതിരെ ഏതെങ്കിലും പരാതി ലഭിക്കുകയാണെങ്കിൽ ആ പരാതിയിലെ നിജസ്ഥിതി അറിയുന്നതിനായി മിന്നൽ പരിശോധനകൾ നടത്തുകയും മിന്നൽ പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കോളേജുകൾക്കെതിരെ അഫിലിയേഷൻ താൽക്കാലികമായി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സർവ്വകലാശാലയിൽ എത്തിക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ പാലിയേറ്റീവ് കെയറിന്റെ പ്രാധാന്യം കണക്കിലെടുത്ത് സിലബസ്സിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേരള ആരോഗ്യ സർവ്വകലാശാല എല്ലാ കോഴ്സുകളുടെയും കൃത്യമായ പരീക്ഷാ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ അദ്ധ്യയന വർഷം നീണ്ടുപോകാത്തവിധം യഥാസമയം പരീക്ഷകൾ നടത്തുന്നതിനും മൂല്യ നിർണ്ണയം നടത്തി പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

കേരള ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ യോഗ്യതയില്ലാത്ത അദ്ധ്യാപകർ/അദ്ധ്യാപകരുടെ കുറവ് എന്നിവ കണ്ടെത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും അദ്ധ്യാപകരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇത് പൂർത്തീകരിച്ച് കഴിഞ്ഞാൽ അദ്ധ്യാപകരുടെ യോഗ്യത, പരിചയം എന്നിവ സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സർവ്വകലാശാല നേരിട്ടു പരിശോധിക്കുകയും ഓരോ അദ്ധ്യാപകർക്ക് ഇൻഡക്സ് നമ്പർ അനുവദിക്കുന്നതുമാണ്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച മെഡിക്കൽ കോളേജുകളിൽ രണ്ടെണ്ണത്തിലാണ് (മഞ്ചേരി, ഇടുക്കി) വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിരുന്നത്. ഇതിൽ ഇടുക്കി മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാരണം അംഗീകാരം ലഭ്യമാകാത്തതിനാൽ അവിടെയുണ്ടായിരുന്ന വിദ്യാർത്ഥികളുടെ ഭാവി കണക്കാക്കി മറ്റ് മെഡിക്കൽ കോളേജുകളിലേക്ക് താൽക്കാലികമായി വിന്യസിച്ചിട്ടുണ്ട്. ഇടുക്കി മെഡിക്കൽ കോളേജിന്റെ അംഗീകാരം തിരികെ ലഭിക്കുന്നതിന്, എം.സി.ഐ. ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രഖ്യാപിച്ച മറ്റ് മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കഴിഞ്ഞ സർക്കാർ കൊല്ലത്തുള്ള ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ കെട്ടിടം ഏറ്റെടുത്തിരുന്നു, അവിടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് 390 തസ്തിക സൃഷ്ടിക്കുകയും ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിദേശയാത്രകൾക്ക് വിനിയോഗിച്ച തുക

1 (2) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർ നടത്തിയ ഔദ്യോഗികവും അനൗദ്യോഗികവുമായ വിദേശയാത്രകൾ ഏതൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എന്തു തുക ഇതുവരെ റ്റി.എ., ഡി.എ., ഇനത്തിൽ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇതുവരെയായി റ്റി.എ. & ഡി.എ. ഇനത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്ക്, ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി.തോമസ് എന്നിവർക്ക് 4-9-2016-ന് നടത്തിയ വത്തിക്കാൻ യാത്രയ്ക്ക് 1,66,693 (ഒരു ലക്ഷത്തി അറുപത്തി ആറായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഔദ്യോഗിക യാത്രകളുടെ റ്റി.എ. ആന്റ് ഡി.എ. ഇതുവരെയും മാറി നൽകിയിട്ടില്ല.

### ഇ-ഓഫീസ്

2 (3) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയേറ്റിൽ എല്ലാ സെക്ഷനുകളിലും ഇ-ഓഫീസ് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ;

(ബി) ഇ-ഓഫീസ് കുറിപ്പ് ഫയലിനകത്ത് ഇംഗ്ലീഷും മലയാളവും ഇടകലർത്തി എഴുതുന്നതിനെതിരെ നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇ-ഓഫീസ് ഫയൽ നീക്കം പൊതുജനങ്ങൾക്ക് അറിയുന്നതിനായി എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഏതൊക്കെ സെക്ഷനുകളാണ് ഇ-ഓഫീസ് റസീപ്റ്റ് നമ്പർ തന്നെ ഫയൽ നമ്പർ ആക്കിയിരിക്കുന്നതെന്നും പ്രസ്തുത രീതി ശരിയാണോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും സെക്ഷനുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ആഭ്യന്തരം, വിജിലൻസ് എന്നീ വകുപ്പുകളിലെ ചില സെക്ഷനുകളിൽ ഇ-ഓഫീസ് സംവിധാനം നിലവിലുണ്ടെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഫയലുകൾ ഫിസിക്കലായി കൈകാര്യം ചെയ്തുവരുന്നുണ്ട്. പൂർണ്ണമായും ഇലക്ട്രോണിക് ഫയൽ പ്രോസസ്സിംഗിലേക്ക് മാറുന്നതിനുള്ള നിർദ്ദേശങ്ങൾ ഇതിനകം നൽകിയിട്ടുണ്ട്.

(ബി) പൊതുജനങ്ങളിൽനിന്നും ഇംഗ്ലീഷിൽ ലഭിക്കുന്ന കത്തുകൾ കൂടാതെ കേന്ദ്ര സർക്കാർ, കേന്ദ്ര സർക്കാർ ഏജൻസികൾ, സംസ്ഥാനത്തിന് പുറമേയുള്ള മറ്റു ഏജൻസികൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കത്തിടപാടുകളും ഫയൽ കൈകാര്യം ചെയ്യലും പൂർണ്ണമായി മലയാളത്തിൽ നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ മലയാളവും ഇംഗ്ലീഷും ഇടകലർത്തി എഴുതുന്നതിന് നിയന്ത്രണമേർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

(സി) ഇ-ഓഫീസിലൂടെ കൈകാര്യം ചെയ്യുന്ന എല്ലാ ഫയലുകളും ട്രാക്ക് ചെയ്യുവാൻ കഴിയും. മാത്രമല്ല, ഫിസിക്കലായി കൈകാര്യം ചെയ്യുന്ന ഫയലുകളുടെ ചലനവും ഇ-ഓഫീസിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്.

പൊതുജനങ്ങൾക്ക് ഇ-ഓഫീസിൽ കൈകാര്യം ചെയ്യുന്ന ഏതൊരു ഫയലിന്റെയും വിവരങ്ങൾ ഇ-ഓഫീസ് സിറ്റിസൺ ഇന്റർഫേസ് (http://eoffice.kerala.gov.in) മുഖേന ഐഡിയോ പാസ്‍വേഡോ ഇല്ലാതെ തന്നെ ഇന്റർനെറ്റിലൂടെ അറിയുവാൻ സാധിക്കും.

(ഡി) പല വകുപ്പുകളും ഇ-ഓഫീസ് സംവിധാനത്തിലേക്ക് പൂർണ്ണമായി മാറിയപ്പോൾ, വകുപ്പുകളിൽ പുതുതായി വരുന്ന തപാലുകളുടെ റസീപ്റ്റ് നമ്പർ തന്നെ ഫയൽ നമ്പരാക്കി കൈകാര്യം ചെയ്യുന്ന പ്രവണത കർശനമായി വിലക്കിക്കൊണ്ട്, വിവര സാങ്കേതിക വിദ്യാ വകുപ്പിന്റെ സർക്കുലർ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## എ. കെ. ബാലൻ കമ്മിറ്റി റിപ്പോർട്ട്

3 (4) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ 2016 ജനുവരി ഒന്നിന് ശേഷമുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പരിശോധിക്കാൻ മന്ത്രിസഭ നിയോഗിച്ച എ. കെ. ബാലൻ കമ്മിറ്റിയുടെ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നും റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമെന്നും വെളിപ്പെടുത്തുമോ;

(സി) ശിപാർശകൾ സംബന്ധിച്ച് മന്ത്രിസഭ കൈക്കൊണ്ട തുടർനടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) മുൻസർക്കാരിന്റെ 2016 ജനുവരി ഒന്നിന് ശേഷമുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കൺവീനറായിട്ടുള്ള മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് മന്ത്രിസഭയുടെ പരിഗണനയിലാണ്.

## ഐ.എ.എസ്., ഐ.പി.എസ്. തസ്തികകൾ

4 (5) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഐ.എ.എസ്, ഐ.പി.എസ്. കേഡറിലുള്ള എത്ര തസ്തികകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

കേരളത്തിൽ കേന്ദ്ര ഡെപ്യൂട്ടേഷൻ, സ്റ്റേറ്റ് ഡെപ്യൂട്ടേഷൻ, പ്രൊമോഷൻ, ലീവ് റിസർവ്, ട്രെയിനിംഗ് റിസർവ്, ജൂനിയർ റിസർവ് ഉൾപ്പെടെ അനുവദനീയമായ ഐ.എ.എസ്., ഐ.പി.എസ്. കേഡർ തസ്തികകളുടെ എണ്ണം

യഥാക്രമം 231-ഉം 172-ഉം ആണ്. സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്. തസ്തികകളൊന്നുംതന്നെ ഒഴിഞ്ഞുകിടക്കുന്നില്ല. ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിലും നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതലകൾ നൽകി കുറവ് താൽക്കാലികമായി പരിഹരിച്ചിട്ടുണ്ട്. ആകെ അനുവദനീയമായ തസ്തികകളിൽ നിലവിൽ ഐ.എ.എസ്.-ൽ 85 പേരുടെയും ഐ.പി.എസ്.-ൽ സീനിയർ ഡ്യൂട്ടി പോസ്റ്റിലെ 12 ഒഴിവുകളുൾപ്പെടെ 52 പേരുടെയും കുറവുണ്ട്. ഓരോ കേഡർ റിവ്യൂവിലും കേന്ദ്ര സർക്കാർ ഇത്തരത്തിൽ തസ്തികകളുടെ എണ്ണം നിശ്ചയിക്കുന്നത് ഭാവിയിലേക്കുള്ള തസ്തികകളുടെ ആവശ്യകതയും കേന്ദ്ര ഡെപ്യൂട്ടേഷനിലേക്കും ട്രെയിനിംഗിനും നിയോഗിക്കപ്പെടാവുന്ന ഉദ്യോഗസ്ഥരുടെ എണ്ണവും ചേർത്താണ്. ആയതിനാൽ ഐ.എ.എസ്./ ഐ.പി.എസ്. തസ്തികകളിലുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുവാൻ സാങ്കേതിക തടസ്സമുണ്ട്.

**എം.പി.യുടെ നിര്യാണത്തെ തുടർന്നുള്ള വിവാദം**

5 (6) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. പി.-യും മുസ്ലീം ലീഗ് ദേശീയ അദ്ധ്യക്ഷനുമായിരുന്ന ശ്രീ. ഇ. അഹമ്മദിന്റെ അപ്രതീക്ഷിത നിര്യാണത്തെ തുടർന്ന് ഉയർന്ന വിവാദങ്ങളെക്കുറിച്ച് അന്വേഷിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും, സഹപ്രവർത്തകരോടും രാം മനോഹർ ലോഹ്യ ആശുപത്രി അധികൃതർ കാണിച്ച നിഷേധാത്മക നിലപാട് ഉന്നത തലത്തിലുള്ള ഗൂഢാലോചനയുടെ ഫലമായിരുന്നു എന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സമഗ്ര അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി കൈക്കൊള്ളുവാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

<u>ഉത്തരം</u>

(എ&ബി) ലോകസഭാംഗവും മുസ്ലീം ലീഗ് ദേശീയ അദ്ധ്യക്ഷനുമായിരുന്ന ഇ. അഹമ്മദിന്റെ അപ്രതീക്ഷിത നിര്യാണത്തെ തുടർന്ന് ഉയർന്ന വിവാദങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി പ്രസ്തുത സംഭവത്തിലുള്ള ദുരൂഹത നീക്കണമെന്ന് ബഹു. പ്രധാനമന്ത്രിക്കയച്ച കത്തിൽ മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്.

## പി.എസ്.സി. മുഖേന നിയമനം

6 (7) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജനവരി 31 വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് പി. എസ്. സി. മുഖേന നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ ;

(ബി) വിവിധ വകുപ്പുകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ പൂഴ്ത്തി വയ്ക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ ഭാഗമായി ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ 25-5-2016 മുതൽ 31-1-2017 വരെ ആകെ 29,900 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ വിവിധ വകുപ്പുകളിൽ ദ്രുതപരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചു. ഇതിനുപുറമേ ഒഴിവുകൾ ഓൺലൈൻ ആയി റിപ്പോർട്ട് ചെയ്യുന്നതിന് VARAM എന്ന ഒരു സോഫ്റ്റ്‌വെയർ സംവിധാനം സർക്കാർ വികസിപ്പിച്ചിട്ടുണ്ട്.

(സി) ഇല്ല.

## ഒഴിവുകൾ റിപ്പോർട്ട് ചെയ്യൽ

7 (8) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഴിവുകൾ മുഴുവനും സമയബന്ധിതമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുക എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ വന്നശേഷം എത്ര ഒഴിവുകൾ വിവിധ തസ്തികകളിലായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) യു.ഡി.എഫ്. സർക്കാർ സമയബന്ധിതമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരുന്നതു കാരണം എത്ര റാങ്കുലിസ്റ്റുകളുടെ കാലാവധി എൽ.ഡി.എഫ്. സർക്കാർ വന്നതിനു ശേഷം നീട്ടിക്കൊടുത്തിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ 25-5-2016 മുതൽ 31-1-2017 വരെ ആകെ 26,642 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 31-12-2016 മുതൽ 29-6-2017 വരെയുള്ള കാലയളവിൽ 3 (മൂന്ന്) വർഷം കാലാവധി പൂർത്തിയാക്കി കാലഹരണപ്പെടുന്നതും നാളിതുവരെ കാലാവധി നീട്ടി നൽകിയിട്ടില്ലാത്തതുമായ ലിസ്റ്റുകളുടെ കാലാവധി വ്യവസ്ഥകൾക്ക് വിധേയമായി 30-6-2017 വരെ (പരമാവധി 6 മാസം) ദീർഘിപ്പിച്ച് നൽകാൻ തീരുമാനമായിട്ടുണ്ട്.

**പി.എസ്.സി. വഴിയുള്ള നിയമനം**

8 (9) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പി.എസ്.സി. വഴിയുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ വകുപ്പുകളിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ 25-5-2016 മുതൽ 31-1-2017 വരെ ആകെ 26642 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിരുന്നു. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ ഒരു പുതിയ സോഫ്റ്റ്‍വെയർ VARAM (Vacancy Arising Reporting and Monitoring System) വികസിപ്പിക്കുകയും പ്രസ്തുത സോഫ്റ്റ്‍വെയറിലൂടെ 2017 ജനുവരി മാസം മുതൽ ഹെഡ്ക്വാർട്ടേഴ്സിലെ ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതിനും (പരീക്ഷണാടിസ്ഥാനത്തിൽ) നിർദ്ദേശവും നൽകിയിരുന്നു. നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 28-2-2017-ന മുമ്പ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേർന്ന് സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## പി.എസ്.സി. മുഖേനയുള്ള നിയമനം

9 (10) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പി.എസ്.സി. മുഖേന എത്ര ആളുകൾക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ 25-5-2016 മുതൽ 31-1-2017 വരെ ആകെ 29,900 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിരിക്കുന്നു. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ ഒരു പുതിയ സോഫ്റ്റ്‌വെയർ VARAM (Vacancy Arising Reporting and Monitoring System) വികസിപ്പിക്കുകയും പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ 2017 ജനുവരി മാസം മുതൽ ഹെഡ്ക്വാർട്ടേഴ്സിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് (പരീക്ഷണാടിസ്ഥാനത്തിൽ) നിർദ്ദേശം നൽകിയിരുന്നു. നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 28-2-2017-ന് മുമ്പ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേർന്ന് സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## പി.എസ്.സി. നിയമനങ്ങൾ

10 (11) ശ്രീ.അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2017 ജനുവരി 15 വരെ പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ;

(സി) പല വകുപ്പുകളിലും ഒഴിവുവന്ന തസ്തികകൾ പി.എസ്.സി.-ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ 25-5-2016 മുതൽ 31-1-2017 വരെ ആകെ 29900 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 154386 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിരുന്നു. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തു ന്നതിനായി സർക്കാർ ഒരു പുതിയ സോഫ്റ്റ്‌വെയർ VARAM (Vacancy Arising Reporting and Monitoring System) വികസിപ്പിക്കുകയും പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ 2017 ജനുവരി മാസം മുതൽ ഹെഡ്ക്വാർട്ടേഴ്സിലെ ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതിന് (പരീക്ഷണാടിസ്ഥാനത്തിൽ) നിർദ്ദേശം നൽകിയിരുന്നു.

**റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ**

11 (12) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ചീഫ് സെക്രട്ടറി, വകുപ്പ് അദ്ധ്യക്ഷന്മാർക്ക് അയച്ച സർക്കുലറിന്റെ അടിസ്ഥാനത്തിൽ എത്ര ഒഴിവുകൾ നാളിതുവരെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാത്ത വകുപ്പുകളുടെ വിശദാംശം നൽകുമോ ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ 25-5-2016 മുതൽ 31-1-2017 വരെ ആകെ 26642 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി &സി) വിവരം ശേഖരിച്ചു വരുന്നു.

**പി.എസ്.സി.ക്ക് അധിക തസ്തിക**

12 (13) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിഫോംഡ് ഫോഴ്സിന്റെ വാർഷിക സെലക്ഷൻ, സർവ്വകലാശാലാ നിയമനങ്ങൾ, ദേവസ്വം നിയമനങ്ങൾ, മറ്റ് വിവിധ ബോർഡ്/ കോർപ്പറേഷനുകളുടെ നിയമനങ്ങൾ എന്നിവ അധികമായി പി.എസ്.സി.-ക്ക് നൽകിയപ്പോൾ അതിന് അനുസരണമായി ജീവനക്കാരെ അനുവദിക്കാത്തതിനാൽ സെലക്ഷൻ നടത്തുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

## നീതി ആയോഗ്

13 (14) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗിനെ ഉപയോഗിച്ച് സംസ്ഥാനത്തെ ഗ്രാമസഭകൾ വിളിച്ചുചേർക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തോടുള്ള പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന സർക്കാരിനെ മറികടന്ന് പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ കേന്ദ്രം നേരിട്ട് ഇടപെടുന്നത് ഭരണഘടനാപരമായിട്ടുള്ള കടന്നുകയറ്റമായി കരുതുന്നുണ്ടോ;

(സി) ആസൂത്രണ കമ്മീഷനെ ഇല്ലാതാക്കിയ നടപടിക്ക് സമാനമായ ഇടപെടലായി ഇതിനെ കാണുന്നുണ്ടോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

14 (15) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിൽ ഫയലുകളുടെ നീക്കത്തിന് വലിയ താമസം നേരിടുന്നതായുള്ള മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഫയലുകളിലെ കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(സി) ഭരണപരിഷ്ക്കാരവുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ്. പ്രകടന പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്;

(ഡി) കേന്ദ്ര ഡയറക്ടറേറ്റ് മാതൃകയിൽ ഭരണസംവിധാനം ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന തരത്തിൽ സമയബന്ധിതമായി നടപ്പിലാക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

## ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ചുവരുന്നു.

(സി) സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പരിഷ്കരിച്ച പരിശീലനനയത്തിന്റെ കരട് തയ്യാറാക്കി വരികയാണ്.

(ഡി) 7-6-2016-ൽ ഇക്കാര്യം ചർച്ച ചെയ്യുകയും ഈ വിഷയം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എ.എസ്. രൂപീകരണം

15 (16) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) രൂപീകരിക്കാനുള്ള സർക്കാർ തീരുമാനം അട്ടിമറിക്കാനായി സെക്രട്ടേറിയറ്റ് ജീവനക്കാർ നിസ്സഹകരണത്തിലാണോ; ഇവരുടെ ആവശ്യങ്ങൾ പരിഹരിക്കാൻ സർക്കാർ നടത്തിയ ശ്രമങ്ങൾ എന്തെല്ലാം;

(ബി) ഡിസംബർ 28-ന് ശേഷം സെക്രട്ടേറിയറ്റിലെ ഓരോ സെക്ഷനിലേയും ഫയലുകളുടെ സമർപ്പണങ്ങളിൽ സെക്രട്ടേറിയറ്റ് മാന്വൽ പ്രകാരമല്ലാത്ത കാലതാമസമോ ഫയലുകളിൽ അണ്ടർസെക്രട്ടറി മുതൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ വരെ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതിൽ കാലതാമസമോ മറ്റു തടസ്സങ്ങളോ ഉണ്ടാക്കിയതായി സർക്കാർ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) വിവിധ പദ്ധതികൾക്കായി സർക്കാർ ഫണ്ട് അനുവദിക്കുക, അവ വിതരണം ചെയ്യുക എന്നതിൽ എന്തെങ്കിലും വീഴ്ച വരുത്തിയ ഐ.എ.എസ് വിഭാഗം ഉൾപ്പെടെ മറ്റു സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരുണ്ടോ എന്നു സർക്കാർ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സെക്രട്ടേറിയറ്റിൽ ഒരു വകുപ്പ് തീരുമാനമെടുക്കുന്ന കാര്യങ്ങളിൽ ധനകാര്യവകുപ്പിനും നിയമവകുപ്പിനും മറ്റു വകുപ്പുകളുണ്ടെങ്കിൽ അത്തരം വകുപ്പുകൾക്കുമായി തട്ടിക്കളിച്ച് ഫയലുകൾക്ക് കാലതാമസം വരുത്തുന്ന പ്രവണത അടുത്തകാലങ്ങളിൽ സെക്രട്ടേറിയറ്റിൽ കൂടി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രവണത തടയുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം ദുഷ് പ്രവണതകളും പ്രതിഷേധ രീതികളും, ആയവ മൂലമുണ്ടാകുന്ന പൊതുജന പ്രശ്നങ്ങളും സർക്കാർ വിലയിരുത്താനും സെക്രട്ടേറിയറ്റിലെത്തുന്ന അപേക്ഷകൾക്ക് യഥാസമയം തീർപ്പുകല്പിക്കാനും അപേക്ഷകളിൽ അപാകതകളുണ്ടെങ്കിൽ ആദ്യമേ തന്നെ അവ പരിഹരിച്ച് അപേക്ഷകൾ സ്വീകരിക്കാനും ജനോപകാരപ്രദമായി കാര്യങ്ങൾ ചെയ്യുവാനുമായി കേരള സെക്രട്ടേറിയറ്റ് മാന്വൽ പരിഷ്കരിക്കാനും ഒപ്പം ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്., ജീവനക്കാരുൾപ്പെടെ സംസ്ഥാന സർക്കാർ ജീവനക്കാർ അവരുടെ മേഖലകളിൽ ഫയൽ കൈകാര്യം ചെയ്യുൽ, തീർപ്പാക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട് സമയബന്ധിതമായ ഒരു നിയമ വ്യവസ്ഥയുണ്ടാക്കാനും വേണ്ട നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് സെക്രട്ടറിമാരുടെ കമ്മിറ്റി ഇതുമായി ബന്ധപ്പെട്ട ജീവനക്കാരുടെ അഭിപ്രായം ആരായുന്നതിനായി 2016 നവംബർ 17,18,19 തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. തുടർന്ന് 13-1-2017-ൽ മുഖ്യമന്ത്രിയും 15-2-2017-ൽ ചീഫ് സെക്രട്ടറിയും സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി.

(ബി-ഡി) പരിശോധിച്ചുവരുന്നു.

(ഇ) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സർക്കാരിന്റെ സേവനങ്ങൾ കൂടുതൽ വേഗത്തിലും കൃത്യതയോടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതും മുൻനിർത്തിയുള്ള ഭരണനവീകരണം സർക്കാർ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി 4-ാം ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ്**

16 (17) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ. എ. എസ്.) നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വകുപ്പുകളും തസ്തികകളുമാണ് കെ.എ.എസ്.-ൽ ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കെ. എ. എസ്.-ന്റെ പ്രധാന ലക്ഷ്യം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപവത്കരിക്കാൻ ശിപാർശ ചെയ്തതാരാണെന്നും ഏത് വർഷത്തിലാണെന്നും വ്യക്തമാക്കാമോ;

(ഇ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ ആവശ്യകത സർവ്വീസ് സംഘടനകൾക്കെല്ലാം ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടികൾ വൈകാൻ കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(എഫ്) കെ. എ. എസ്.-ന്റെ ഗുണങ്ങളും പ്രയോജനങ്ങളും എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 4-1-2017-ലെ G.O.(Ms) No.1/17/P&ARD നമ്പർ ഉത്തരവ് പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*)

(ബി) 29 വകുപ്പുകളിലെ 2-ാം ഗസറ്റഡ് തസ്തികകളും എല്ലാ വകുപ്പുകളിലേയും കോമൺ കാറ്റഗറി തസ്തികകളും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*)

(സി&എഫ്) സംസ്ഥാനത്ത് ഉയർന്നതലത്തിൽ പ്രൊഫഷണലുകളുടെ സേവനം ഉണ്ടെങ്കിലും ഇടത്തട്ടിൽ പ്രവർത്തിക്കുന്നതിനായി കഴിവുറ്റ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കേണ്ടതിന്റെയും പുതിയ സങ്കേതങ്ങൾ പരമാവധി ഭരണരംഗത്ത് ഉപയോഗപ്പെടുത്താൻ ഉതകുംവിധം ഒരു പുതുതലമുറ ഭരണരംഗത്തേക്ക് കടന്നുവരേണ്ടത് അനിവാര്യമാണെന്നും സർക്കാർ കരുതുന്നു. അതോടൊപ്പം, കാര്യക്ഷമത ഉറപ്പുവരുത്താനും ദുർബ്ബല മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഒരു പുതിയ സേവന സംസ്കാരം വളർത്തിയെടുക്കാനും കഴിയേണ്ടതുണ്ട്. വികസനരംഗത്ത് നേരിടുന്ന നിരവധി വെല്ലുവിളികൾ തരണം ചെയ്യുവാനും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ, പദ്ധതി നിർവ്വഹണതലത്തിലെ പരിചയക്കുറവും പ്രൊഫഷണലുകളുടെ കുറവും ഇതരവകുപ്പുകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുള്ള അപര്യാപ്തതയും ഉദ്യോഗക്കയറ്റത്തിലെ ചില ന്യൂനതകളും കെ.എ.എസ്. രൂപീകരിക്കുന്നതിലൂടെ മാറ്റിക്കൊണ്ടുവരാൻ കഴിയും.

സംതൃപ്തവും ക്രിയാത്മകവുമായ സിവിൽ സർവ്വീസ് എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുകയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 1997-ലെ 3-ാം ഭരണ പരിഷ്കാര കമ്മീഷനാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിന് ശിപാർശ ചെയ്തത്.

(ഇ) പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടി സെക്രട്ടേറിയേറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരുന്നു. തുടർന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുടെ അഭിപ്രായം ആരായുന്നതിനും സെക്രട്ടേറിയറ്റ് സർവ്വീസ് കൂടി ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പുനഃസംഘടിപ്പിക്കുന്നതിനുമായി 16-8-2016-ലെ G.O.(Rt) No. 322/2016/P&ARD പ്രകാരം ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായി ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി അതിന്മേൽ അവലോകന റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ആയതുകൂടി പരിഗണിച്ച് കേരളത്തിലെ സിവിൽ സർവ്വീസിന്റെ മദ്ധ്യതല സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ യുദ്ധകാലാടിസ്ഥാനത്തിലുള്ള ആവശ്യകത ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 28-12-2016-ൽ ചേർന്ന മന്ത്രിസഭായോഗം ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയും ചെയ്തു.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കൽ**

17 (18) ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; ഇതിൽ സെക്രട്ടേറിയറ്റിലെ ഏതെങ്കിലും വകുപ്പുകളെ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ മാനദണ്ഡം എന്തായിരുന്നുവെന്ന് അറിയിക്കുമോ ;

(ബി) സെക്രട്ടേറിയറ്റിനെയും ലൈൻ ഡിപ്പാർട്ട്മെന്റുകളെയും ഒന്നിപ്പിച്ച് ഫീഡർ കാറ്റഗറി ആക്കുന്നത് യോഗ്യത, ടേംസ് ഓഫ് സർവ്വീസ് എന്നിവയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് കരുതുന്നുണ്ടോ ;

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഭരണപരിഷ്കാര കമ്മീഷനിലും പി &എ.ആർ.ഡി. യിലും സർവ്വീസ് സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ; പ്രസ്തുത നിവേദനങ്ങൾ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിനുള്ള തീരുമാനം എടുക്കുന്നതിന് മുമ്പ് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) സെക്രട്ടേറിയറ്റിലെ ഏതെങ്കിലും തസ്തികയിലെ ജീവനക്കാർക്ക് കാര്യക്ഷമതയില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ കണ്ടെത്തലെന്ന് അറിയിക്കുമോ; കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യത കണക്കാക്കിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ റിമാർക്സ് വാങ്ങിയിട്ടുണ്ടോ;

(ഇ) കെ. എ. എസ്. നടപ്പിലാക്കുവാനുള്ള തീരുമാനം മന്ത്രിസഭായോഗത്തിൽ ഔട്ട് ഓഫ് അജണ്ടയായിട്ടാണോ വച്ചത്; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(എഫ്) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുമ്പോൾ 30 വകുപ്പുകളിലെ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തേണ്ടതായി വരുമോ ; എങ്കിൽ അതിനുള്ള നടപടി എത് ഘട്ടത്തിലാണ് ;

(ജി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച് ശ്രീമതി നളിനി നെറ്റോ അദ്ധ്യക്ഷയായി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; എങ്കിൽ ഈ കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 4-1-2017-ലെ G.O.(Ms) No.1/17/P&ARD പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തത്വത്തിൽ നടപ്പാക്കുവാൻ തീരുമാനിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം എന്നീ വകുപ്പുകളെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള മദ്ധ്യതല സംവിധാനം കാര്യക്ഷമമാക്കുന്നതിനും യുവജനങ്ങളെ സർക്കാർ സംവിധാനത്തിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യവും മുൻനിർത്തി സംസ്ഥാനത്തെ 29 വകുപ്പുകളെയും എല്ലാ വകുപ്പുകളിലെ പൊതുതസ്തികകളെയുമാണ് നിർദ്ദിഷ്ട സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഇല്ല.

(സി) ഉണ്ട്. പ്രസ്തുത നിവേദനത്തിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും) അദ്ധ്യക്ഷയായ സെക്രട്ടറിമാരുടെ കമ്മിറ്റി 2016 നവംബർ 17, 18, 19 തീയതികളിൽ ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയും അവലോകന റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ആയത് പരിശോധിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) അതെ. ഈ സർക്കാർ അധികാരമേറ്റശേഷം ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സെക്രട്ടേറിയറ്റിനെക്കൂടി ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർന്ന് ടി വിഷയത്തിൽ നടത്തിയ ചർച്ചകൾക്കും അവലോകനത്തിനുമൊടുവിൽ പ്രസ്തുത സർവ്വീസ് രൂപീകരിക്കുന്നതിനുള്ള ഭരണപരമായ ആവശ്യകത കണക്കിലെടുത്തു കൊണ്ടാണ് ഔട്ട് ഓഫ് അജണ്ട ആയി പ്രസ്തുത വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിച്ചത്.

(എഫ്) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതരവകുപ്പുകളിലെ സ്പെഷ്യൽ റൂൾസ് ഭേദഗതി ആവശ്യമെങ്കിൽ ആ ഘട്ടത്തിൽ പരിഗണിക്കുന്നതാണ്.

(ജി) ഉണ്ട്. പ്രസ്തുത കമ്മിറ്റിയുടെ അവലോകന റിപ്പോർട്ടുകൂടി പരിശോധിച്ചിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം

18 (19) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) രൂപീകരിക്കുന്നത് സംബന്ധിച്ച് 4-1-2017-ലെ G.O.(Ms) 1/17/P&ARD നമ്പർപ്രകാരം തത്വത്തിൽ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കരട് സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

19 (20) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ മുഴുവൻ തസ്തികകളിലുമായി എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ;

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ (കെ.എ.എസ്.) പരിധിയിൽ പെടാത്ത എത്ര ജീവനക്കാരാണ് സംസ്ഥാനത്താകെയുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ കെ.എ.എസിനെ എതിർക്കുന്നവർ സംസ്ഥാന സർവ്വീസിലെ എത്ര ശതമാനം ജീവനക്കാരാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഭൂരിഭാഗം സർക്കാർ ജീവനക്കാർക്ക് ഉയർന്ന തസ്തികകളിലേയ്ക്ക് യോഗ്യതയുടെ മാനദണ്ഡത്തിൽ പ്രവേശിക്കാവുന്നതും, സിവിൽ സർവ്വീസിനെ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഉതകുന്ന രീതിയിൽ കെ.എ.എസ്. നടപ്പാക്കുന്നതിനുള്ള നടപടിയുമായി സർക്കാർ മുന്നോട്ടുപോകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ മുഴുവൻ തസ്തികകളിലുമായി ആകെ 5521 ജീവനക്കാരുണ്ട്.

(ബി) 4-1-2017-ലെ ജി.ഒ.(എം.എസ്) നമ്പർ 1/17/ഉഭപവ. പ്രകാരം സംസ്ഥാനത്തെ 29 വകുപ്പുകളിലെ രണ്ടാം ഗസറ്റഡ് തസ്തികകയിലെ ജീവനക്കാരുടെയും കോമൺ കാറ്റഗറി തസ്തികകളുടെയും 10 ശതമാനം ഒഴികെയുള്ള ജീവനക്കാർ കെ.എ.എസിന്റെ പരിധിയിൽപ്പെടുന്നില്ല.

(സി) ഇല്ല.

(ഡി) മുന്നോട്ടുപോകും. കെ.എ.എസ്. നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള തുടർനടപടികൾ കൈക്കൊണ്ടുവരുന്നു. 4-1-2017-ലെ ജി.ഒ.(എം.എസ്.) നമ്പർ 1/17/ഉ.ഭ.പ.വ. പ്രകാരം കെ.എ.എസിനായി നീക്കിവയ്ക്കപ്പെട്ട തസ്തികകളുടെ 1/3 ഭാഗം സംസ്ഥാനത്തെ ഒന്നാം ഗസറ്റഡ് തസ്തികകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്കും ശേഷിക്കുന്ന 2/3 ഭാഗത്തിന്റെ 50 ശതമാനം സ്വയംഭരണ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയടക്കമുള്ള സംസ്ഥാന സർവ്വീസിലെ ഉദ്യോഗസ്ഥർക്കുമായി സംവരണം ചെയ്തിട്ടുണ്ട്. അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത് ബിരുദമാണ്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലെ ആശങ്ക

20 (21) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) രൂപീകരണവുമായി ബന്ധപ്പെട്ട് നടത്തുന്ന സമരങ്ങൾ അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദമാക്കുമോ;

(ബി) ഇന്ത്യയിലെ മറ്റൊരു സംസ്ഥാനവും സെക്രട്ടേറിയറ്റിനെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണംമൂലം ഉണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും വിശദമായി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ജീവനക്കാർക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ ദൂരികരിക്കുന്നതിനായി 13-1-2017-ൽ മുഖ്യമന്ത്രിയും 15-2-2017-ൽ ചീഫ് സെക്രട്ടറിയും സെക്രട്ടേറിയറ്റിലെ സംഘടനാ പ്രതിനിധികളുമായി ചർച്ചകൾ നടത്തിയിരുന്നു.

(ബി) ഇക്കാര്യം പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് ഉയർന്നതലത്തിൽ പ്രൊഫഷണലുകളുടെ സേവനം ഉണ്ടെങ്കിലും ഇടത്തട്ടിൽ പ്രവർത്തിക്കുന്നതിനായി കഴിവുറ്റ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കേണ്ടതിന്റെയും പുതിയ സങ്കേതങ്ങൾ പരമാവധി ഭരണരംഗത്ത് ഉപയോഗപ്പെടുത്താൻ ഉതകുംവിധം ഒരു പുതുതലമുറ ഭരണരംഗത്തേക്ക് കടന്നുവരേണ്ടത് അനിവാര്യമാണെന്നും സർക്കാർ കരുതുന്നു. അതോടൊപ്പം, കാര്യക്ഷമത ഉറപ്പുവരുത്താനും ദുർബല മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഒരു പുതിയ സേവന സംസ്കാരം വളർത്തിയെടുക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. വികസനരംഗത്ത് നേരിടുന്ന നിരവധി വെല്ലുവിളികൾ തരണം ചെയ്യുവാനും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

പദ്ധതി നിർവ്വഹണതലത്തിലെ പരിചയക്കുറവും പ്രൊഫഷണലുകളുടെ കുറവും ഇതരവകുപ്പുകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുള്ള അപര്യാപ്തതയും ഉദ്യോഗക്കയറ്റത്തിലെ ചില ന്യൂനതകളും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ മാറ്റിക്കൊണ്ടുവരാൻ കഴിയും.

## പുതിയ തസ്തികകൾ

21 (22) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതൊക്കെ വകുപ്പുകളിലായി ഏതൊക്കെ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വകുപ്പ്, തസ്തിക എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## പുതിയ കെട്ടിടത്തിലേയ്ക്കുള്ള മാറ്റം

22 (23) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ക്യാമ്പസിന് പുറത്ത് പ്രവർത്തിക്കുന്ന സെക്രട്ടേറിയറ്റ് വകുപ്പുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) സെക്രട്ടേറിയറ്റിന്റെ പുതിയ അനക്സ് കെട്ടിടത്തിലേക്ക് ഏതൊക്കെ വകുപ്പുകളാണ് ഇതുവരെ മാറ്റപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സെക്രട്ടേറിയറ്റ് ക്യാമ്പസിന് പുറത്ത് പ്രവർത്തിക്കുന്ന എല്ലാ വകുപ്പുകളും ക്യാമ്പസിനുള്ളിലാക്കുന്ന നടപടി എന്ന് പൂർത്തികരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഇലക്ഷൻ വകുപ്പും ധനകാര്യ വകുപ്പിലെ താഴെപ്പറയുന്ന സെക്ഷനുകളുമാണ് സെക്രട്ടേറിയറ്റ് ക്യാമ്പസിന് പുറത്ത് പ്രവർത്തിച്ചുവരുന്നത്.

1. എഫ്.ബി.എസ്-എ
2. എഫ്.ബി.എസ്-ബി
3. ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം
4. ഇന്റേണൽ ആഡിറ്റ് സെൽ -എ

5. ഇന്റേണൽ ആഡിറ്റ് സെൽ -ബി
6. എൻ.പി.എസ്. -സെൽ
7. പി.എഫ്.-സെക്ഷൻ
8. ജി.ഐ.എം.സി.- സെൽ
9. എസ്.ഐ.റ്റി - സെൽ
10. പെൻഷൻ - സി സെക്ഷൻ
11. ഇൻഫ്രാസ്ട്രക്ച്ചർ
12. ഇൻസ്പെക്ഷൻ ടെക്നിക്കൽ വിംഗ്
13. സി.റ്റി.എഫ്.എം.
14. ഐ.റ്റി.സോഫ്റ്റ്‌വെയർ യൂണിറ്റ്
15. സ്പാർക്ക്

(ബി) സെക്രട്ടേറിയറ്റിന്റെ പുതിയ അനക്സ് കെട്ടിടത്തിലേക്ക് റവന്യൂ കൃഷി (മൃഗസംരക്ഷണവും ക്ഷീരവികസനവും), ഉന്നത വിദ്യാഭ്യാസം, പൊതു വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളാണ് മാറിയിട്ടുള്ളത്.

(സി) ഇനി ലഭ്യമായ സ്ഥലത്ത് വകുപ്പുകൾ കൊണ്ടുവരുന്ന നടപടികൾ ത്വരിതഗതിയിൽ നടക്കുകയാണ്. ഇതിന്റെ ഫലമായി സെക്രട്ടേറിയറ്റ് മെയിൻ ബിൽഡിംഗ്, അനക്സ്-1 ബിൽഡിംഗ് എന്നിവിടങ്ങളിൽ ഒഴിവുവരുന്ന സ്ഥലത്തേക്ക് പുറത്തു പ്രവർത്തിക്കുന്ന വകുപ്പുകളെ പരമാവധി ഉൾക്കൊള്ളിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

**ആശ്രിതനിയമനം**

23 (24) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആശ്രിത നിയമനം വഴി എത്ര പേർക്ക് ജോലി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ആശ്രിത നിയമനം നൽകുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) സർവ്വീസിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ലഭിക്കുന്ന ഏക ആശ്വാസം എന്ന നിലയ്ക്ക് ഈ തടസ്സം മറികടക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നിയമനം നൽകിയത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ശേഖരിച്ചുവരികയാണ്.

(ബി) ആശ്രിത നിയമനത്തിനായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കരുതെന്നും നിയമിച്ചവരെ റെഗുലറൈസ് ചെയ്യരുതെന്നും ബഹു. ഹൈക്കോടതി 25-2-2016-ലെ WP(C)33621/15 & 5960/16 നമ്പർ കേസ്സിൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളിൽ ഒഴിവുകൾ ഇല്ലാതിരിക്കെ സൂപ്പർ ന്യൂമററി തസ്തികകളിൽ മുൻകൂറായി നിയമിച്ചവരെ റെഗുലറൈസ് ചെയ്യാൻ ബാക്കിയുള്ളതിനാലാണ് ആശ്രിത നിയമനം വൈകുന്നത്.

(സി) 24-5-1999-ലെ G.O.(P) 12/99/P&ARD പ്രകാരമുള്ള സമാശ്വാസ തൊഴിൽദാന പദ്ധതിയായിട്ടാണ് മരണമടഞ്ഞ സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് തൊഴിൽ നൽകി വരുന്നത്.

**നവകേരള മിഷൻ**

24 (25) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നവകേരള മിഷൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി താഴെപ്പറയുന്ന നാല് ബൃഹത്തായ പദ്ധതികൾ അഞ്ചുവർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ 28-9-2016-ലെ സ.ഉ.(പി) 41/2016/ആസാവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി

2. ജനസൗഹൃദ സർക്കാർ ആശുപത്രികൾ

3. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി

4. ശുചിത്വം, മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരളം പദ്ധതി.

**നവകേരള മിഷൻ പദ്ധതി**

25 (26) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിൽ കൈക്കൊണ്ട ജനക്ഷേമകരമായ നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) നവകേരള മിഷൻ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയിലൂടെയും സർക്കാർ ലക്ഷ്യം വയ്ക്കുന്നത് എന്തെല്ലാം; വിശദമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി താഴെപ്പറയുന്ന നാല് ബൃഹത്തായ പദ്ധതികൾ അഞ്ച് വർഷംകൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ 28-9-2016-ലെ സ.ഉ.(പി)നമ്പർ 41/2016/ ആസാവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി.
2. ജന സൗഹൃദ സർക്കാർ ആശുപത്രികൾ
3. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി
4. ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരളം പദ്ധതി എന്നിവയാണ്.

വികസന പ്രക്രിയയിൽ ഇനിയും പൂർണ്ണ പ്രയോജനം ലഭിക്കാത്തവരും ഒഴിവായിപ്പോയവരുമായ സാധാരണക്കാരുടെയും മുൻഗണനാ വിഭാഗങ്ങളുടെയും ജീവിത സൗകര്യങ്ങളും ജീവിതവും മെച്ചപ്പെടുത്തുക, നിലവിലുള്ള പ്രവർത്തന രീതികൾ കാലാനുസൃതമായി മെച്ചപ്പെടുത്തി ചിട്ടയോടെയുള്ള പ്രവർത്തനങ്ങളിലൂടെ ജനോപകാരപ്രദമായ ഗുണഫലങ്ങൾ ഉറപ്പാക്കുക എന്നിവയാണ് ഈ പദ്ധതികളുടെ ലക്ഷ്യം.

## അഴിമതി അവസാനിപ്പിക്കാൻ നടപടി

26 (27) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിലെ മന്ത്രിമാരിൽ, വിജിലൻസ് അന്വേഷണവും അഴിമതി ഉൾപ്പെടെ മറ്റു കേസ്സുകളിലും പ്രതികളായി കോടതി വ്യവഹാരങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർ ആരെല്ലാമെന്ന് അറിയിക്കുമോ;

(ബി) ഇവരിൽ ഓരോരുത്തർക്കും എതിരെ വിജിലൻസിലും മറ്റു കോടതികളിലും ഉള്ള കേസ്സുകൾ ഏതെല്ലാം എന്നും ഇവയിൽ വിജിലൻസ് കേസ്സുകളുടെ അന്വേഷണ പുരോഗതി എന്തെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലയളവിൽ അഴിമതി, കൈക്കൂലി തുടങ്ങിയ കേസ്സുകളിൽ അന്വേഷണം നേരിടുന്നതും കോടതി വ്യവഹാരങ്ങളിൽ പ്രതിസ്ഥാനത്തുള്ളവരുമായ ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥരും പോലീസ് വനം വകുപ്പുദ്യോഗസ്ഥരും എത്രയെന്നും ഇവർ ആരെല്ലാമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഐ.എ.എസ്.,ഐ.പി.എസ്.,ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടേയും അഡ്മിനിസ്ട്രേറ്റീവ്, പോലീസ്, വനം വകുപ്പുദ്യോഗസ്ഥമേഖലയിലേയും അഴിമതി അവസാനിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഡി) സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുവാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വിവിധ നടപടികൾ കൈക്കൊണ്ടുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കേന്ദ്ര ബജറ്റിൽ കേരളത്തിനുള്ള പരിഗണന**

27 (28) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ കേന്ദ്ര ബജറ്റിൽ ഉൾക്കൊള്ളിക്കാൻ എന്തൊക്കെ ആവശ്യങ്ങളാണ് സംസ്ഥാനം കേന്ദ്ര സർക്കാരിന് സമർപ്പിച്ചത്;

(ബി) ഇതിൽ ഏതൊക്കെ ആവശ്യങ്ങൾ അംഗീകരിച്ചുവെന്നും, കേന്ദ്ര ബജറ്റിൽ ഉൾക്കൊള്ളിച്ചുവെന്നും വിശദമാക്കുമോ ;

(സി) ഈ വർഷത്തെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തെ പൂർണ്ണമായും അവഗണിച്ചു എന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനാസ്പദമായ കാര്യങ്ങൾ വിശദമാക്കുമോ;

(ഡി) കേന്ദ്ര അവഗണന സംബന്ധിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്ത് എഴുതിയിട്ടുണ്ടോ?

ഉത്തരം

(എ-ഡി) റെയിൽവേ, എയിംസ്, ഫാക്ടിന്റെ പുനരുജ്ജീവനം ഉൾപ്പെടെ കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രധാന പദ്ധതികളും ആവശ്യങ്ങളും അനുബന്ധമായി ചേർക്കുന്നു*. സംസ്ഥാനത്തിന്റെ വിവിധ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്രത്തിന് യഥാസമയം സമർപ്പിച്ചിരുന്നു വെങ്കിലും ഇതിന് വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല. ഈ വിഷയങ്ങൾ വിവിധ ഘട്ടങ്ങളിലായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സുപ്രധാന ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് മന്ത്രിതലത്തിലും ഉദ്യോഗസ്ഥ തലത്തിലും വേണ്ട നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്.

**സംഘടനകളുടെ സമ്മേളനങ്ങൾ**

28 (29) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും അംഗീകൃത സംഘടനകളുടെ സമ്മേളനങ്ങൾക്കോ പരിപാടികൾക്കോ പങ്കെടുക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള അവധി അനുവദിക്കാറുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

അവധി അനുവദിക്കാറില്ല. എന്നാൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം വരാത്ത വിധത്തിൽ സെക്രട്ടേറിയറ്റിലെ അംഗീകൃത സംഘടനകളുടെ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് പ്രസ്തുത സംഘടനകളിലെ അംഗങ്ങൾക്ക് അനുവാദം നൽകാറുണ്ട്.

**പേമെന്റ് അടിസ്ഥാനത്തിൽ ഔദ്യോഗിക വാഹനം**

29 (31) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആവശ്യത്തിന് പേമെന്റ് അടിസ്ഥാനത്തിൽ ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇതുപ്രകാരം ഔദ്യോഗിക വാഹനം ഉദ്യോഗസ്ഥനല്ലാതെ കുടുംബാംഗങ്ങൾക്കോ ബന്ധുക്കൾക്കോ ഉപയോഗിക്കാൻ അനുമതിയുണ്ടോ ; എങ്കിൽ സ്വകാര്യ ഉപയോഗ സമയത്ത് ഔദ്യോഗിക ചിഹ്നം, കൊടി, ബോർഡ്, ഫ്ലാഷ് ലൈറ്റ് എന്നിവ ഉപയോഗിക്കാമോ ; ഇല്ലെങ്കിൽ വ്യവസ്ഥാ ലംഘകർക്കെതിരെ നടപടിയെടുക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(സി) കഴിഞ്ഞ ഒരു വർഷത്തിനിടെ സ്വകാര്യ ഉപയോഗത്തിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർ പണം അടച്ചിട്ടുണ്ട് ; എന്ത് തുക ഏതൊക്കെ വകുപ്പുകളിൽ നിന്ന് ലഭിച്ചു ; വിശദവിവരം നൽകുമോ ;

(ഡി) വ്യവസ്ഥാ ലംഘകർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചു ; വിശദ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 13-11-1970-ലെ സ.ഉ.(അ) നമ്പർ 803/70/ധന ഉത്തരവുപ്രകാരം സ്വകാര്യ ആവശ്യത്തിന് പേമെന്റ് അടിസ്ഥാനത്തിൽ ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ താഴെപ്പറയും പ്രകാരമാണ്.

1. 21-11-1980-ലെ സ.ഉ.(കൈ) നമ്പർ 886/80/ധന നമ്പർ ഉത്തരവു പ്രകാരം ഗവൺമെന്റ് സെക്രട്ടറിമാർ, റവന്യൂ ബോർഡ് മെമ്പർമാർ, ജില്ലാ കളക്ടർമാർ, പ്രധാന വകുപ്പ് തലവൻമാർ എന്നിവർക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ ഔദ്യോഗിക വാഹനം അനൗദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

2. ഓഫീസർമാരുടെ താമസസ്ഥലത്തുനിന്ന് ഓഫീസിലേക്കും തിരിച്ചുമുള്ള യാത്രകൾക്കും ഓഫീസർമാർക്ക് അടിയന്തര ഘട്ടങ്ങളിൽ ആശുപത്രിയിൽ പോകുന്നതിനും ഔദ്യോഗിക വാഹനം ഉപയോഗിക്കാവുന്നതാണ്.

3. വിനോദാവശ്യങ്ങൾ, പാർട്ടികൾ, ഉല്ലാസയാത്രകൾ തുടങ്ങിയ ആവശ്യങ്ങൾക്ക് ഔദ്യോഗിക വാഹനങ്ങൾ അനുവദനീയമല്ല. എന്നാൽ നിയന്ത്രണാധികാരിയുടെ പ്രത്യേക അനുമതിയോടെ എട്ടോ അതിൽ കൂടുതലോ ആളുകൾക്ക് കയറാവുന്ന ഔദ്യോഗിക വാഹനം ഒരു പൊതു ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്.

4. ഒരു പ്രത്യേകയാത്ര ഔദ്യോഗികം/സ്വകാര്യം എന്നത് സർക്കാരിന്/വകുപ്പുതലവന് തീരുമാനിക്കാവുന്നതാണ്.

5. ഔദ്യോഗിക യാത്രകൾക്ക് അനൗദ്യോഗിക യാത്രകളെക്കാൾ മുൻഗണന നൽകപ്പെടുന്നതാണ്.

6. 12-5-2010-ലെ സ.ഉ.(അ) നമ്പർ 278/10/ധന പ്രകാരം സർക്കാർ വാഹനം അനൗദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കിലോമീറ്ററിന് 6 രൂപയോ അതിലധികമോ ഈടാക്കുന്നതാണ്. ഇത് സംബന്ധിച്ച നിരക്കുകൾ സർക്കാരാണ് തീരുമാനിക്കുന്നത്. ഓഫീസിൽനിന്ന് എത്ര ദൂരം സഞ്ചരിച്ചു എന്ന് നോക്കിയാണ് ചാർജ്ജ് ഈടാക്കുന്നത്.

7. ഓഫീസർമാർക്ക് യോഗങ്ങളിലോ അത്യാവശ്യ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായോ വൈകേണ്ടിവരുന്ന സമയങ്ങളിലൊഴികെ ഡ്രൈവർമാരുടെ സാധാരണ ജോലി സമയം അധികരിച്ചുള്ള സമയം വാഹനം ഉപയോഗിക്കാൻ പാടില്ല.

8. സാധാരണ പ്രവൃത്തി സമയത്തോ അല്ലാതെയോ ഔദ്യോഗിക വാഹനം അനൗദ്യോഗിക ആവശ്യത്തിനായി നിർത്തിയിടേണ്ടി വരുമ്പോൾ 28-4-1973-ലെ സ.ഉ.(അ) നമ്പർ 127/73/ധന പ്രകാരം താഴെപ്പറയുന്ന നിരക്കിൽ ഡിറ്റൻഷൻ ചാർജ് ഈടാക്കുന്നതാണ്.

a. പൊതു വിഭാഗം വാഹനങ്ങൾ - ഓരോ അഞ്ച് മിനിറ്റിനും 10 പൈസ നിരക്കിൽ (24 മണിക്കൂറിൽ പരമാവധി 12 രൂപ)

b. മറ്റു വാഹനങ്ങൾ

i. അംബാസഡർ പോലെ ഇടത്തരം വലിപ്പമുള്ള വാഹനങ്ങൾ - ഓരോ 4 മിനിറ്റിനും 10 പൈസ നിരക്കിൽ (24 മണിക്കൂറിൽ പരമാവധി 15 രൂപ)

ii. ഷെവർലെ, പ്ലീമത്ത് പോലെയുള്ള വലിയ വാഹനങ്ങൾ ഓരോ 3 മിനിറ്റിനും 10 പൈസ നിരക്കിൽ (24 മണിക്കൂറിൽ പരമാവധി 18 രൂപ)

9. അവധിയിലിരിക്കുന്ന ഉദ്യോഗസ്ഥർ ഔദ്യോഗിക വാഹനം ഉപയോഗിക്കാൻ പാടില്ല.

(ബി) അനുമതി ഇല്ല. പ്രസക്തമല്ല. ഉദ്യോഗസ്ഥർക്ക് ബാധകമായ ചട്ടങ്ങൾ അനുസരിച്ചുള്ള ശിക്ഷണനടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി&ഡി)ഇത്തരത്തിലുള്ള ഒരു കണക്കെടുപ്പ് ഇതുവരെ നടത്തിയിട്ടില്ല.

**ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്**

30 (32) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ വകുപ്പിൽ രണ്ടാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ തൃശ്ശൂർ ജില്ലാ (എൻ.സി.എ.-മുസ്ലിം) റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്രപേരെ നിയമിച്ചു;

(ബി) ലിസ്റ്റിന്റെ കാലാവധി എന്നുവരെയെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഒഴിവുള്ള തസ്തികകളിൽ കൂടി പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ഔദ്യോഗിക വാഹനങ്ങളുടെ സ്വകാര്യ ഉപയോഗം**

31 (33) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിലെ ഉന്നത ഉദ്യോഗസ്ഥർ തങ്ങളുടെ ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യത്തിനായി തുക അടച്ച് ഉപയോഗപ്പെടുത്തി വരുന്നുണ്ടോ; എങ്കിൽ എത്രപേർ, എത്ര വാഹനങ്ങൾ, ഏതേത് സമയങ്ങളിൽ ഉപയോഗിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-1-2017-വരെ പ്രസ്തുത ഇനത്തിൽ ഓരോരുത്തരും അടച്ച തുകയുടെ കണക്ക് പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(സി) ഡ്യൂട്ടിരഹിത യാത്രകളിലും സർക്കാർ നിയമിക്കുന്ന ഡ്രൈവർമാരെ പ്രസ്തുത ഉദ്യോഗസ്ഥർ ഉപയോഗിക്കാറുണ്ടോ; എങ്കിൽ അവരുടെ ബത്ത ഏത് വിധത്തിലാണ് തിട്ടപ്പെടുത്തുന്നത്?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം**

32 (34) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഫയലുകൾ തീർപ്പാക്കുന്നതിൽ അനാവശ്യമായ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇ-ഫയലിംഗ് സമ്പ്രദായം എത്ര മാത്രം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) അനാവശ്യമായി കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, കാലതാമസം ഒഴിവാക്കാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാനുലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. പേഴ്സണൽ രജിസ്റ്ററുകളുടെയും അനുബന്ധ രജിസ്റ്ററുകളുടെയും പരിശോധന കർശനമാക്കാനും മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ (ഇ-ഓഫീസ് സംവിധാനം) ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കി വരുന്നു.

(സി) പുരോഗതി വകുപ്പുതല യോഗങ്ങളിൽ വിലയിരുത്തിവരുന്നുണ്ട്.

**ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തവർക്കെതിരെ നടപടി**

33 (35) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശം വകുപ്പ് മേധാവികൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ നിർദ്ദേശം പാലിക്കാത്ത ജീവനക്കാർക്ക് എതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ; എത്ര ജീവനക്കാർക്കെതിരെ ഇതുവരെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുവരെയും ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല.

**സേവനാവകാശ നിയമം**

34 (37) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം കേരളത്തിൽ പ്രാബല്യത്തിലായതിനുശേഷം സർക്കാർ ഓഫീസുകളിലുണ്ടായ മാറ്റം വിശദമാക്കുമോ;

(ബി) സേവനാവകാശ നിയമം നിലവിൽ വരുന്നതിന് മുൻപും ശേഷവും ഫയലുകൾ തീർപ്പാക്കുന്നതിൽ, ഉദ്യോഗസ്ഥരുടെ കാഴ്ചപ്പാടിലും പ്രവർത്തനങ്ങളിലുമുണ്ടായ മാറ്റം താരതമ്യപ്പെടുത്തിയിട്ടുണ്ടോ;

(സി) സെക്രട്ടേറിയറ്റിൽ സേവനാവകാശ നിയമം പ്രാബല്യത്തിലാകുന്നതിന് മുൻപ് എത്ര ഫയലുകൾ തീർപ്പാക്കാതെ കെട്ടിക്കിടന്നിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ഉദ്യോഗസ്ഥരുടെ അലസതയും കൃത്യവിലോപവും കാരണമാണ് ഫയലുകൾ നീങ്ങാത്തതെങ്കിൽ സേവനാവകാശ നിയമം പ്രാബല്യത്തിലായതിന് ശേഷം എത്ര ഉദ്യോഗസ്ഥർക്കെതിരെ ഈ നിയമ പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ;

(ഇ) ഉദ്യോഗസ്ഥരുടെ താൽപ്പര്യക്കുറവുമൂലം എളുപ്പത്തിൽ പരിഹരിക്കാവുന്ന എത്ര ഫയലുകൾ പരിഹരിക്കപ്പെടാതെ കളക്ടറേറ്റുകളിൽ കെട്ടിക്കിടക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ;

(എഫ്) ഏതെങ്കിലും ജില്ലയിൽ സേവനാവകാശ നിയമം അനുസരിച്ച് കേസ്സുകൾ എടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമത്തിന്റെ മഹത്വമാണ് അത് വ്യക്തമാക്കുന്നത് എന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ &ബി) വിശകലനം ചെയ്തിട്ടില്ല.

(സി) സേവനാവകാശനിയമം 2012 നവംബർ 1 നാണ് നിലവിൽ വന്നത്. 2012 ഒക്ടോബർ മാസത്തെ കണക്കുപ്രകാരം തീർപ്പാക്കാത്ത ഫയലുകളുടെ എണ്ണം 108651 ആണ്.

(ഡി) ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഇ) ഉദ്യോഗസ്ഥരുടെ താൽപര്യക്കുറവുമൂലം എളുപ്പത്തിൽ പരിഹരിക്കാവുന്ന ഫയലുകൾ പരിഹരിക്കപ്പെടാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) കേസ്സുകൾ എടുത്തിട്ടില്ല.

**എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്**

35 (38) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽനിന്നും 17-2-2017 വരെ ആകെ 393 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പി.എസ്.സി. റാങ്ക് പട്ടിക നിലവിലുള്ളതും എന്നാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതുമായ തസ്തികകൾ സംബന്ധിച്ച് നിലവിലുള്ള ഒഴിവുകൾ എല്ലാംതന്നെ ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷന്മാർ, നിയമനാധികാരികൾ എന്നിവർ അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 2017-ലെ പ്രതീക്ഷിത ഒഴിവുകൾ എല്ലാ വകുപ്പുകളും 2016 സെപ്റ്റംബർ 30-ന് മുമ്പ് റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ നിയമനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 2017 ഫെബ്രുവരി 28-ാം തീയതിക്കുമുമ്പായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേർന്ന് സെലക്റ്റ് ലിസ്റ്റുകൾ

പ്രസിദ്ധീകരിക്കണമെന്നും വകുപ്പദ്ധ്യക്ഷന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ ഓൺലൈൻ ആയി റിപ്പോർട്ട് ചെയ്യുന്നതിന് VARAM എന്ന ഒരു സോഫ്റ്റ്‌വെയർ സംവിധാനം സർക്കാർ വികസിപ്പിച്ചിട്ടുണ്ട്.

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് പി.എസ്.സി. ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുന്നത്.

**സാമുദായിക സംഘടനകളിൽ ഭാരവാഹിത്വം**

36 (39) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ സാമുദായിക സംഘടനകളിൽ ഭാരവാഹിത്വം വഹിക്കുന്നത് വിലക്കിക്കൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ചട്ടങ്ങൾ നിലവിലുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ജാതി/മത സംഘടനകളുടെ ഔദ്യോഗിക ഭാരവാഹികളായ സർക്കാർ ജീവനക്കാർ വരിസംഖ്യയും മറ്റ് സാമ്പത്തിക സഹായവും സ്വീകരിക്കുന്നതായും വ്യക്തികൾ, പൊതു/സ്വകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും പണപ്പിരിവ് നടത്തുന്നതായും ശ്രദ്ധയിൽപ്പെടുകയും നിലവിലെ വ്യവസ്ഥകൾ ഇക്കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് അപര്യാപ്തമാണെന്ന് കണ്ടെത്തിയതിനാൽ 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 67 (എ) യിൽ ഭേദഗതി വരുത്തിക്കൊണ്ടാണ് 7-8-2014-ലെ സ.ഉ.(അച്ചടി) നമ്പർ 27/2014/ഉഭപവ. നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

**പാർട്ടി ഓഫീസുകളിൽ ഗവൺമെന്റ് ജീവനക്കാരുടെ യോഗം**

37 (40) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ജീവനക്കാരുടെ യോഗം പാർട്ടി ഓഫീസുകളിൽ വിളിച്ച് ചേർക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സെക്രട്ടേറിയറ്റിലെ ഭരണസ്തംഭനവും ഫയൽ നീക്കത്തിലെ മന്ദതയും നീക്കാൻ സി.പി.എം. സംസ്ഥാന സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടേറിയറ്റ് ജീവനക്കാരിൽ ഒരു വിഭാഗത്തിന്റെ യോഗം എ.കെ.ജി സെന്ററിൽ വിളിച്ച് ചേർത്തതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 67 പ്രകാരം ഏതൊരു സർക്കാർ ജീവനക്കാരനും ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിലോ അല്ലെങ്കിൽ രാഷ്ട്രീയത്തിൽ പങ്കെടുക്കുന്ന ഏതെങ്കിലും സംഘടനയിലോ ഒരംഗമാകുവാനോ മറ്റുരീതിയിൽ അവരുമായി സഹകരിക്കുവാനോ, അല്ലെങ്കിൽ ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിലോ, പ്രവർത്തനത്തിലോ പങ്കെടുക്കുവാനോ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഫയൽ നീക്കത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി തലത്തിൽ യോഗങ്ങൾ നടത്തി വിലയിരുത്തുകയും തുടർ നടപടികൾ സ്വീകരിക്കാൻ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**തീർപ്പ് കൽപ്പിക്കാത്ത ഫയലുകൾ**

38 (41) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ തീർപ്പാകാത്ത ഫയലുകളുടെ എണ്ണം വർദ്ധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2016 മേയ് 30 മുതൽ 2017 ജനുവരി 31 വരെയുള്ള എത്ര ഫയലുകൾ തീർപ്പുകൽപ്പിച്ചു ; ആഭ്യന്തരം, ധനകാര്യം, ജലവിഭവം, റവന്യൂ, കൃഷി, സഹകരണം, വൈദ്യുതി എന്നീ വകുപ്പുകളിൽ എത്ര പെൻഡിംഗ് ഫയലുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല. ഫയലുകളുടെ എണ്ണവും തീർപ്പാക്കലും തമ്മിലുള്ള അനുപാതം പ്രതിമാസ പ്രവർത്തന റിപ്പോർട്ട് അനുസരിച്ച് വർദ്ധന കാണുന്നില്ല. തീർപ്പാക്കാനുള്ള ഫയലുകളുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2016 മേയ് 30 മുതൽ 2017 ജനുവരി 31 വരെയുള്ള പ്രതിമാസ പ്രവർത്തന റിപ്പോർട്ട് അനുസരിച്ച് 124998 ഫയലുകളിൻമേൽ തീർപ്പു കൽപ്പിച്ചിട്ടുണ്ട്. ആഭ്യന്തരം, ധനകാര്യം, ജലവിഭവം, റവന്യൂ, കൃഷി, സഹകരണം, വൈദ്യുതി എന്നീ വകുപ്പുകളിൽ ഉള്ള പെൻഡിംഗ് ഫയലുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

ആഭ്യന്തര വകുപ്പ് - 5695

ധനകാര്യ വകുപ്പ് - 13543

ജലവിഭവ വകുപ്പ് - 3945

റവന്യൂ വകുപ്പ് - 10,415

കൃഷി വകുപ്പ് - 3675

സഹകരണ വകുപ്പ് - 2514

വൈദ്യുതി (ഊർജ്ജ വകുപ്പ്) - 1236

## ലാസ്റ്റ് ഗ്രേഡ് സെർവന്റ് റാങ്ക് ലിസ്റ്റ്

39 (42) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സെർവന്റ് (വ്യത്യസ്ത വകുപ്പ്) റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് നിയമനം ലഭിച്ചു എന്നറിയിക്കാമോ ;

(ബി) ചില വകുപ്പുകൾ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ ;

(സി) ഡി.എം.ഒ., ഡി.ഡി.ഇ., റവന്യൂ, ഇറിഗേഷൻ എന്നീ വകുപ്പുകളിൽ നിന്ന് 2015 ജൂൺ 30-നുശേഷം എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു എന്ന് വേർതിരിച്ച് അറിയിക്കാമോ ?

ഉത്തരം

(എ) 3-2-2017 വരെ 336 പേർക്ക് നിയമന ശിപാർശ നൽകി.

(ബി) ഉണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിന്റെ ഭാഗമായി 2016 ഡിസംബർ മാസത്തിൽ വിവിധ ജില്ലകളിലെ സർക്കാർ ഓഫീസുകളിൽ

അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന്റെ ടീമുകൾ പരിശോധന നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലും ലാസ്റ്റ് ഗ്രേഡ് തസ്തിക ഉൾപ്പെടെ വിവിധ തസ്തികകളിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. കൂടാതെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിലും വിവിധ ആഫീസുകളിൽ പരിശോധന നടത്തി ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) കോഴിക്കോട് ജില്ലയിൽ ഡി.എം.ഒ., ഡി.ഡി.ഇ., റവന്യൂ, ഇറിഗേഷൻ എന്നീ വകുപ്പുകളിൽ 2015 ജൂൺ 30-ന ശേഷം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത ലാസ്റ്റ് ഗ്രേഡ് സെർവന്റ് തസ്തികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വകുപ്പ് | റിപ്പോർട്ട് ചെയ്ത ഒഴിവുകൾ |
|---|---|---|
| 1 | റവന്യൂ | 6 |
| 2 | ആരോഗ്യം | 6 |
| 3 | വിദ്യാഭ്യാസം | 45 |
| 4 | ഇറിഗേഷൻ | 2 |
| | ആകെ | 59 |

## ഡ്രൈവർ, പ്യൂൺ, സി.എ., പി.എ. തസ്തികകൾ

40 (44) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വകുപ്പു സെക്രട്ടറിമാരുടെ ഓഫീസിൽ ഡ്രൈവർ, പ്യൂൺ, സി.എ., പി. എ. എന്നിവരുടെ എത്രവീതം തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഓഫീസുകളിൽ അനുവദനീയമായതിൽ കൂടുതൽ ജീവനക്കാർ പുനർനിയമന വ്യവസ്ഥയിലോ, ദിവസവേതനത്തിലോ, കോൺട്രാക്ട് അടിസ്ഥാനത്തിലോ ജോലി ചെയ്യുന്നുണ്ടോ;

(സി) സബോർഡിനേറ്റ് ഓഫീസുകളിൽ നിന്നുള്ളവരെ അദർ ഡ്യൂട്ടി പ്രകാരം നിയമിക്കാറുണ്ടോ;

(ഡി) ഇപ്പോൾ അനുവദനീയമായതിൽ കൂടുതൽ ജീവനക്കാരുടെ സേവനം ആവശ്യമുള്ള പക്ഷം അതിനനുസരണമായ തസ്തികകൾ സൃഷ്ടിച്ച് പ്രസ്തുത ഒഴിവുകൾ പി. എസ്. സി. മുഖേന നികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൊതുഭരണ വകുപ്പിൽ ഡ്രൈവർമാരുടെ 14 തസ്തികകളും ഓഫീസ് അറ്റൻഡന്റുമാരുടെ 791 തസ്തികകളുമാണ് അനുവദിച്ചിട്ടുള്ളത്. വകുപ്പു സെക്രട്ടറിമാരുടെ ഓഫീസുകളിൽ പ്രത്യേകമായി അനുവദിച്ചിട്ടുള്ള ഓഫീസ് അറ്റൻഡന്റുമാരുടെ എണ്ണം എത്രയെന്ന കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ മേൽപ്പറഞ്ഞ അനുവദനീയമായ തസ്തികകൾക്കകത്തു നിർത്തിക്കൊണ്ട് സെക്രട്ടറിമാർക്ക് ചുമതല നൽകുന്ന വകുപ്പുകളുടെ എണ്ണത്തിനനുസരിച്ച് ഓഫീസ് അറ്റൻഡന്റുമാരെ അനുവദിച്ചുവരികയാണ് ചെയ്യുന്നത്. ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ നാലും സെക്രട്ടറിമാരുടെ ഓഫീസിൽ രണ്ട് വീതവും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ഭരണപരിഷ്കാര കമ്മീഷൻ**

41 (45) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച ഭരണപരിഷ്കാര കമ്മീഷന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കമ്മീഷൻ ഇതുവരെ എന്തെങ്കിലും ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത ശിപാർശകളിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഭരണപരിഷ്കാര കമ്മീഷന്റെ ആദ്യ യോഗം 14-10-2016-ൽ ചേരുകയും കമ്മീഷന്റെ തുടർ പ്രവർത്തനങ്ങൾ എപ്രകാരം ക്രമീകരിക്കണമെന്നത് സംബന്ധിച്ച് പ്രാഥമിക വിലയിരുത്തൽ നടത്തുകയും ചെയ്തിട്ടുണ്ട്. കമ്മീഷൻ നാളിതുവരെ നാല് യോഗങ്ങൾ ചേർന്നിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾക്ക് ദിശബോധം നൽകുക എന്ന ലക്ഷ്യത്തോടെയും കമ്മീഷന്റെ സമീപനരേഖ, രീതിശാസ്ത്രം എന്നിവ തയ്യാറാക്കുന്നതിന് സഹായകമാവുക എന്ന ഉദ്ദേശ്യത്തോടെയും വിവിധ മേഖലകളിൽ ഭരണപരിചയം ഉള്ളവരുടെയും വിഷയ

വിദഗ്ദ്ധരെയും പങ്കെടുപ്പിച്ചുകൊണ്ട് 28-1-2017-ൽ തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ വച്ച് ഒരു പര്യാലോചനാ യോഗം സംഘടിപ്പിച്ചിരുന്നു. ഈ യോഗത്തിൽ ഭരണകാര്യ നിർവ്വഹണ രംഗത്തെ വിദഗ്ദ്ധരും സാമൂഹ്യ രംഗത്തെ പരിചയ സമ്പന്നരായിട്ടുള്ള വ്യക്തികളും വരികയും ചർച്ചയിൽ പങ്കെടുക്കുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ ഉരുത്തിരിഞ്ഞു വന്ന അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ കമ്മീഷന്റെ കരട് സമീപനരേഖ തയ്യാറാക്കുകയും അത് അന്തിമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

പൊതുജനങ്ങളുടെ ദൈനംദിനാവശ്യങ്ങളുമായി കൂടുതൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും പ്രാധാന്യം നൽകി വിവിധ മേഖലകളിൽ ആവശ്യമായ പരിഷ്കാര നിർദ്ദേശങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി ഘട്ടംഘട്ടമായി സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനങ്ങൾ സമഗ്രമാക്കുന്നതിനും വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, സർവ്വീസ് സംഘടനകൾ, വിദഗ്ദ്ധർ, പൊതുജനങ്ങൾ എന്നിവരുമായി ആശയ വിനിമയം നടത്തുന്നതിനും അഭിപ്രായ സ്വരൂപണം സാദ്ധ്യമാക്കുന്നതിനും ലക്ഷ്യമിട്ട് കമ്മീഷന് സ്വന്തമായി വെബ്സൈറ്റ് സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) കമ്മീഷൻ ഇതുവരെ ശിപാർശകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

**സേവനം കാര്യക്ഷമമാക്കാൻ നടപടി**

42 (47) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സ്വത്തു വിവരം സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം കൂടുതൽ കർശനമാക്കിക്കൊണ്ടും കാര്യക്ഷമമായി നടപ്പാക്കിക്കൊണ്ടും അഴിമതി തടയാനും സേവനം കൂടുതൽ കാര്യക്ഷമമാക്കാനും ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 15-11-2016-ലെ ജി.ഒ.(പി)171/2016/ഫിൻ. നമ്പർ സർക്കാർ ഉത്തരവിൽ സർക്കാർ ജീവനക്കാർ ജോലിയിൽ പ്രവേശിക്കുമ്പോൾ, അവരുടെ സ്വത്തുവിവരം നിർദ്ദിഷ്ട ഫോമിൽ നൽകി സർവ്വീസ് ബുക്കിൽ ചേർക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

(ബി&സി) ഉണ്ട്. കാര്യക്ഷമമായ സിവിൽ സർവ്വീസ് എന്ന ലക്ഷ്യത്തോടെ സംസ്ഥാന ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ള പെരുമാറ്റച്ചട്ടത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നതാണ്. പൊതുജനങ്ങൾക്ക് യഥാസമയം സേവനം ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സേവനാവകാശ നിയമം കർശനമായി നടപ്പാക്കും.

**കെട്ടുകാര്യസ്ഥതയും അഴിമതിയും**

43 (48) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ കെട്ടുകാര്യസ്ഥതയും അഴിമതിയും അവസാനിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) കൂടുതൽ പശ്ചാത്തല സൗകര്യവും ജീവനക്കാരും ആവശ്യമായിവരുന്ന വകുപ്പുകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അധിക സൗകര്യങ്ങളുള്ള വകുപ്പുകളെ സംയോജിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിജിലൻസിൽ ലഭിക്കുന്ന എല്ലാ പരാതികളിന്മേലും അന്വേഷണം നടത്തൽ, ആക്ഷേപമുള്ള ഓഫീസുകളിലും പ്രോജക്ടുകളിലും മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. സർക്കാർ ഓഫീസുകളിൽ കണ്ടുവരുന്ന അഴിമതി സംബന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിനായി "കൺകറന്റ് വിജിലൻസ് " (Concurrent Vigilance) എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 24-6-2016-ലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച "Zero tolerance to corruption" എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തിക്കുന്നു. അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും അഴിമതി തുടച്ചുനീക്കുന്നതിനുവേണ്ടിയുള്ള പ്രിവന്റീവ് വിജിലൻസ് (Preventive Vigilance) പ്രവർത്തനങ്ങൾക്കുവേണ്ടിയും ഇതര ജനവിഭാഗങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്.

പാരിസ്ഥിതിക ചൂഷണങ്ങൾക്കെതിരെ എൺവയോൺമെന്റ് റിസ്ക് വിജിലൻസ്, വിദ്യാഭ്യാസ മേഖലയിലെ കോഴക്കെതിരെ "Edu Vigil," സമൂഹത്തെ അഴിമതി വിമുക്തമാക്കുന്നതിനുവേണ്ടി പ്രാദേശിക വായനശാലകൾ, ലൈബ്രറികൾ എന്നിവയുടെ സഹായത്തോടെ "Vig-Net" , " Zero tolerance to corruption" എന്ന ആശയത്തിലേക്ക് കേരള സമൂഹത്തെ കൊണ്ടുവരുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളെ ഉൾപ്പെടുത്തി "NSS Vigil Help Desk", ഈ അദ്ധ്യയന വർഷം അവസാനിക്കുന്നതിനു മുൻപായി സംസ്ഥാനത്തുടനീളം NSS, NGO വോളണ്ടിയർമാരെ ഉൾപ്പെടുത്തി അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ, മോട്ടോർ വാഹന വകുപ്പിലെ അഴിമതിക്കെതിരെ "Trans Vigil"എന്നീ പദ്ധതികളും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന സിവിൽ സർവ്വീസിലെയും സർക്കാർ ഇതര ഓഫീസുകളിലേയും ഉദ്യോഗസ്ഥർക്കും ബോധവൽക്കരണം നടത്തുന്നുണ്ട്. സെക്രട്ടേറിയറ്റ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും " ഇന്റേണൽ വിജിലൻസ്" വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. അഴിമതിയും ക്രമക്കേടും കുറയ്ക്കാൻ വേണ്ട നടപടികൾ എടുത്തുവരുന്നു. ഉദ്യോഗസ്ഥരുടെ ഇടയിലുള്ള കാര്യക്ഷമത ഇല്ലായ്മയും ശ്രദ്ധക്കുറവും പരിഹരിക്കാൻ "Anti-Corruption Induction Training" ആരംഭിക്കുന്നുണ്ട്.

**കായ്ഫലങ്ങൾ**

44 (49) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിന്റെയും മറ്റ് സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്കൂൾ എന്നിവയുടെയും ഉടമസ്ഥതയിലുള്ള മരങ്ങളിൽ ഉണ്ടാകുന്ന കായ്ഫലങ്ങൾ പൊതുലേലം ചെയ്യുന്നതിന് പകരം അവിടത്തെ ഉദ്യോഗസ്ഥർ തന്നെ സ്വന്തമാക്കുകയോ വിൽക്കുകയോ ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം കായ്ഫലങ്ങൾ പൊതുജനമദ്ധ്യത്തിൽ ലേലം നടത്തി ലഭിക്കുന്ന തുക ഖജനാവിലേക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള മരങ്ങളിൽ നിന്നുണ്ടാകുന്ന കായ്ഫലങ്ങൾ പൊതുലേലം നടത്തി ലഭിക്കുന്ന തുക ട്രഷറിയിലേക്ക് ഒടുക്കേണ്ടതാണെന്ന് നിലവിൽ വ്യവസ്ഥയുണ്ട്. സെക്രട്ടേറിയറ്റിനുള്ളിൽ സ്ഥിതി ചെയ്യുന്ന തെങ്ങ്, മാവ് തുടങ്ങിയ മരങ്ങളിൽ നിന്നുള്ള കായ്ഫലങ്ങൾ, എല്ലാ ലേലനടപടികളും പാലിച്ച് പൊതുലേലം നടത്തി തുക ട്രഷറിയിൽ ഒടുക്കിവരുന്നു.

**വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ**

45 (50) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തിക (267/14) നിയമനത്തിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) നിയമനത്തിന് മുന്നോടിയായുള്ള പ്രമാണ പരിശോധന നടപടികൾ പൂർത്തീകരിച്ചോ;

(സി) അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ഇന്റർവ്യൂ നടപടികൾ അവശേഷിക്കുന്നുണ്ടോ;

(ഡി) അന്തിമ റാങ്ക് പട്ടിക എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാണ് ആലോചിക്കുന്നത്;

(ഇ) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഒറ്റത്തവണ പരിശോധന പൂർത്തിയാക്കി അപേക്ഷകളുടെ സൂക്ഷ്മ പരിശോധന കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നടന്നുവരുന്നു.

(സി) വൊക്കേഷണൽ ഇൻസ്ട്രക്ടർ (അഗ്രികൾച്ചർ) തസ്തികയിലേക്കുള്ള മുൻ തെരഞ്ഞെടുപ്പുകൾക്ക് ഇന്റർവ്യൂ ഉണ്ടായിരുന്നു.

(ഡി) തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് റാങ്ക് പട്ടിക കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്നതാണ്.

(ഇ) നേരിട്ടുള്ള നിയമനത്തിന് 38-ഉം തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് 5-ഉം ഉൾപ്പെടെ 43 ഒഴിവുകൾ പ്രസ്തുത തസ്തികയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഫയൽ നീക്കം**

46 (51) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഐ.എ.എസ്. ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും ഫയൽ നീക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) മന്ത്രിമാർ തീർപ്പാക്കുന്ന ഫയലുകൾ പോലും ഇവരുടെ നിസ്സഹകരണം കാരണം ആഴ്ചകളും മാസങ്ങളും വൈകുന്നത് സാധാരണ ജനവിഭാഗങ്ങൾക്കും സർക്കാരിന്റെ പ്രവർത്തനങ്ങൾക്കും കാലതാമസമുണ്ടാക്കുന്നതും, ദുരിതാശ്വാസം പോലും സമയത്തു ലഭിക്കാത്ത അവസ്ഥയും മറ്റു കാതലായ പ്രശ്നങ്ങളും സംഭവിക്കുമെന്നത് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഉദ്യോഗസ്ഥർ സമയബന്ധിതമായി ഫയലുകൾ അയയ്ക്കുന്നുണ്ടോ എന്ന് ഐ.എ.എസ്. ഉദ്യോഗസ്ഥർ യഥാസമയം പരിശോധിക്കാനും ഉദ്യോഗസ്ഥർ സെക്രട്ടേറിയറ്റ് മാന്വൽ പ്രകാരമെങ്കിലും ഫയൽ കൃത്യസമയത്ത് അയയ്ക്കാനും അനാവശ്യ ക്വറികൾ ഇട്ട് ഫയൽ താമസിപ്പിക്കുന്നതും തടയുവാനായി എന്ത് അടിയന്തര നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ;

(ഡി) സർക്കാർ തീരുമാനങ്ങളും നടപടികളും അട്ടിമറിക്കാൻ ഉന്നതോദ്യോഗസ്ഥർ ഉൾപ്പെടെ കൂട്ടുനിൽക്കുന്ന സാഹചര്യം പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ഇ) കെ.എ.എസ്.രൂപീകരണത്തിലെ സർക്കാർ നയം എന്ത് എന്നും നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും രൂപീകരണം എപ്പോൾ നടപ്പാക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ;

(എഫ്) സെക്രട്ടേറിയറ്റിൽ ഫയലുകളിൽ റഫർ മാനിയ എന്നുള്ള ഒരു പുതിയ സംസ്കാരം ഉയർന്നുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; ഇതവസാനിപ്പിക്കാൻ എന്തു നടപടി നാളിതുവരെ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ എല്ലാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിക്കൊണ്ട് 30-1-2017-ൽ കുറിപ്പ് നൽകിയിട്ടുണ്ട്. വിശദമായ റിപ്പോർട്ടുകൾ കിട്ടുമ്പോൾ ആയത് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) 4-1-2017-ലെ G.O.(MS) 1/2017/P&ARD പ്രകാരം സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തത്വത്തിൽ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനായി സെക്രട്ടറിതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

## ആശ്രിത നിയമനം

47 (52) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം വഴി കഴിഞ്ഞ ആറ് മാസക്കാലമായി എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ട്; വകുപ്പ് തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) മുൻ സർക്കാർ സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിനെതിരെ പാലക്കാട് പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ കോടതിയിൽ സമർപ്പിച്ച കേസ്സിന്റെ അടിസ്ഥാനത്തിൽ ആശ്രിത നിയമനം ഉൾപ്പെടെയുള്ള കാര്യങ്ങൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആശ്രിത നിയമനം ഒരു അവകാശം എന്ന നിലയിൽ സർക്കാരിന് ഇടപെടലുകൾ നടത്തുവാൻ സാധിക്കുമോ?

ഉത്തരം

(എ) നിയമനം നൽകിയത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ശേഖരിച്ചുവരികയാണ്.

(ബി) ആശ്രിത നിയമനത്തിനായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കരുതെന്നും നിയമിച്ചവരെ റഗുലറൈസ് ചെയ്യരുതെന്നും ബഹു. ഹൈക്കോടതി WP(C)33621/15 & 5960/16 നമ്പർ കേസ്സിൽ 25-2-2016-ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളിൽ ഒഴിവുകൾ ഇല്ലാതിരിക്കെ സൂപ്പർ ന്യൂമററി തസ്തികകളിൽ മുൻകൂറായി നിയമിച്ചവരെ റഗുലറൈസ് ചെയ്യാൻ ബാക്കിയുള്ളതിനാലാണ് ആശ്രിത നിയമനം വൈകുന്നത്.

(സി) 24-5-99-ലെ G.O.(P) 12/99/P&ARD പ്രകാരമുള്ള സമാശ്വാസ തൊഴിൽദാന പദ്ധതിയായാണ് മരണമടഞ്ഞ സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് തൊഴിൽ നൽകിവരുന്നത്.

## ഭരണപരിഷ്കാര കമ്മീഷന് ഓഫീസ്

48 (53) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാര കമ്മീഷന് ഓഫീസ് അനുവദിച്ചത് എവിടെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ഓഫീസ് സജ്ജമാക്കുന്നതിന് ഇതുവരെ എത്ര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഭരണപരിഷ്കാര കമ്മീഷൻ അവർക്ക് അനുവദിച്ച ഓഫീസിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ഭരണപരിഷ്കാര കമ്മീഷന് അനുവദിച്ച ഓഫീസിലെ സൗകര്യങ്ങളെക്കുറിച്ച് ചെയർമാൻ അതൃപ്തി അറിയിച്ചിട്ടുണ്ടോ;

(ഇ) കമ്മീഷന് സെക്രട്ടേറിയറ്റിൽ ഓഫീസ് അനുവദിക്കണമെന്ന ആവശ്യത്തിന്മേലുള്ള നിലപാടെന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 10-11-2016-ലെ G.O.(MS) 29/16/P&ARD ഉത്തരവുപ്രകാരം ഭരണപരിഷ്കാര കമ്മീഷന് IMG-യുടെ മുഖ്യക്യാമ്പസിൽ ഓഫീസ് അനുവദിച്ചിട്ടുണ്ട്.

(ബി) കണക്കാക്കിയിട്ടില്ല.

(സി) ഇല്ല. ഓഫീസ് സജ്ജമാകുന്ന മുറയ്ക്ക് കമ്മീഷന്റെ പ്രവർത്തനം അവിടേക്ക് മാറ്റുന്നതാണ്.

(ഡി) ഇല്ല.

(ഇ) ഭരണപരിഷ്കാര കമ്മീഷന്റെ സാമൂഹ്യവും ഭരണപരവും അക്കാദമികവുമായ വിഷയങ്ങൾ പഠനവിധേയമാക്കുവാനും പരിശോധിക്കുവാനും അനുഗുണമായ സംവിധാനങ്ങൾ ലഭ്യമാക്കുന്നതിന് ഏറ്റവും അനുയോജ്യമായ ഇടം എന്ന നിലയ്ക്കാണ് IMG ആസ്ഥാനമായി അനുവദിച്ചിട്ടുള്ളത്.

**ഭരണപരിഷ്കാര കമ്മീഷൻ**

49 (54) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിനും അറ്റകുറ്റ പണികൾക്കും ഈ സർക്കാരിന്റെ കാലത്ത് എന്തു തുക ചെലവായിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) സാധന സാമഗ്രികൾ ഔദ്യോഗിക വസതിയിലേയ്ക്ക് വാങ്ങിയതിന് ചെലവായ തുക വ്യക്തമാക്കുമോ;

(സി) ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ എത്ര തുക വീതം ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇക്കാലയളവിൽ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ മൊബൈൽ ഫോൺ, ഔദ്യോഗിക വസതികളിലെയും ഓഫീസുകളിലെയും ഫോൺ ബില്ലുകൾ എന്നിവ എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് ചെയർമാൻ, അംഗങ്ങൾ എന്നിവരിൽ ആരൊക്കെ വിദേശയാത്ര നടത്തിയിട്ടുണ്ട്; അവരെ അനുഗമിച്ചത് ആരൊക്കെയാണ്; എവിടെയൊക്കെയാണ് അവർ പോയതെന്നും അതിന് എന്തു തുക ചെലവായെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ താമസത്തിന് വരുന്നതിന് മുന്നോടിയായി ഔദ്യോഗിക വസതിയായ കവടിയാർ ഹൗസിന്റെ അറ്റകുറ്റപ്പണികളുടെ ഭാഗമായി (സിവിൽ പ്രവൃത്തികൾ 17,01,147 രൂപയും ഇലക്ട്രിക്കൽ പ്രവൃത്തികൾ 41,600 രൂപയും) ആകെ 17,42,747 രൂപയ്ക്ക് (പതിനേഴുലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി എഴുന്നൂറ്റി നാൽപ്പത്തി ഏഴു രൂപ മാത്രം) പണി ചെയ്യിച്ചിട്ടുണ്ട്. മോടി പിടിപ്പിക്കുന്നതിന്റെ ഭാഗമായി യാതൊന്നും ചെയ്തിട്ടില്ല.

(ബി) സാധന സാമഗ്രികൾ ഔദ്യോഗിക വസതിയിലേക്ക് വാങ്ങിയതിന് 4,77,073 രൂപ (നാലു ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുപത്തി മൂന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്.

(സി) ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ അതിഥി സൽക്കാരത്തിന് നാളിതുവരെ കമ്മീഷനിൽനിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ കമ്മീഷനിലെ പാർട്ട് ടൈം അംഗമായ ശ്രീമതി നീലാ ഗംഗാധരന് കമ്മീഷൻ യോഗത്തിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് യാത്രാ ബത്ത ഇനത്തിൽ 6,605 രൂപ (ആറായിരത്തി അറുന്നൂറ്റി അഞ്ച് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഇക്കാലയളവിൽ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ മൊബൈൽ ഫോൺ, ഔദ്യോഗിക വസതികളിലെയും ഓഫീസുകളിലെയും ഫോൺ ബില്ലുകൾ എന്നീ ഇനങ്ങളിൽ കമ്മീഷനിൽനിന്നും നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഇ) ഈ സർക്കാരിന്റെ കാലത്ത് ചെയർമാനോ അംഗങ്ങളോ കമ്മീഷനുമായി ബന്ധപ്പെട്ട് ഔദ്യോഗികമായി വിദേശയാത്രകൾ നടത്തിയിട്ടില്ല.

## ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനം

50 (56) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചുമതലയേറ്റിട്ടുണ്ടോ; എങ്കിൽ എന്ന് മുതലെന്ന് വ്യക്തമാക്കാമോ;

(ബി) ചെയർമാന് ശമ്പളം, അലവൻസുകൾ തുടങ്ങി എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചതെന്നും ഇതിനുവേണ്ടി നാളിതുവരെ ഏകദേശം എത്ര രൂപ ചെലവായെന്നും വെളിപ്പെടുത്തുമോ;

(സി) ശമ്പളം, അലവൻസുകൾ എന്നിവക്ക് പുറമേ ഏതെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) കമ്മീഷൻ ഓഫീസ് നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്; സെക്രട്ടേറിയറ്റിൽ കമ്മീഷൻ ഓഫീസ് വേണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ;

(ഇ) കമ്മീഷൻ ചെയർമാന് ഏതെല്ലാം കാറ്റഗറിയിൽ എത്ര പേഴ്സണൽ സ്റ്റാഫിനെയാണ് അനുവദിച്ചിട്ടുള്ളതെന്നും ചെയർമാന് പുറമേയുള്ള രണ്ട് അംഗങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(എഫ്) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ജി) കമ്മീഷൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ പ്രവർത്തനം ആരംഭിച്ചുവെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 18-8-2016 മുതൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചെയർമാനായി ചുമതലയേറ്റു.

(ബി&സി) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന് ക്യാബിനറ്റ് മന്ത്രിയുടെ സ്ഥാനവും പദവിയും നൽകിയിട്ടുണ്ട്. ഔദ്യോഗിക വസതിയായി കവടിയാർ ഹൗസ് അനുവദിച്ചിട്ടുണ്ട്. ചെയർമാന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) കമ്മീഷൻ ഓഫീസ് നിലവിൽ താൽക്കാലികമായി പ്രവർത്തിക്കുന്നത് സെക്രട്ടേറിയറ്റിലാണ്. സെക്രട്ടേറിയറ്റിൽ ഓഫീസ് വേണമെന്ന ആവശ്യം അംഗീകരിച്ചിട്ടില്ല. കമ്മീഷന്റെ പഠന-ഗവേഷണ സംബന്ധിയായ വിവരങ്ങൾ ലഭ്യമാകുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം IMG ആയതിനാൽ പ്രസ്തുത ഓഫീസ് കമ്മീഷന്റെ ആസ്ഥാനമായി നിശ്ചയിച്ചിട്ടുണ്ട്.

(ഇ&എഫ്) അംഗങ്ങളുടെ വ്യവസ്ഥയും നിബന്ധനകളും സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. ചെയർമാന്റെ പേഴ്സണൽ സ്റ്റാഫ്, ടേംസ് ഓഫ് റഫറൻസ് എന്നിവ സംബന്ധിച്ച 30-8-2016-ലെ G.O.(Ms) 21/16/P&ARD നമ്പർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

(ജി) ഉണ്ട്. 18-8-2016 മുതൽ കമ്മീഷൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**ഹർത്താലുകൾ**

51 (57) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന, ജില്ല, പ്രാദേശിക അടിസ്ഥാനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും അവർ നേതൃത്വം നൽകുന്ന ഐക്യ ജനാധിപത്യ മുന്നണിയും എത്ര ഹർത്താലുകൾ നടത്തുകയുണ്ടായി;

(ബി) ഇതേ കാലയളവിൽ ബി.ജെ.പി. സംസ്ഥാന-ജില്ല-പ്രാദേശിക അടിസ്ഥാനത്തിൽ എത്ര ഹർത്താലുകൾ നടത്തുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും അവർ നേതൃത്വം നൽകുന്ന ഐക്യ ജനാധിപത്യ മുന്നണിയുടെയും ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിൽ ഹർത്താൽ ഒന്നുംതന്നെ നടന്നിട്ടില്ല. എന്നാൽ ജില്ലാ തലത്തിൽ 4-ഉം, പ്രാദേശിക തലത്തിൽ 23-ഉം ഹർത്താലുകളാണ് നടത്തിയിട്ടുള്ളത്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബി.ജെ.പി.യുടെ ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിൽ ഒരു ഹർത്താലും ജില്ലാ തലത്തിൽ 10-ഉം പ്രാദേശിക തലത്തിൽ 17-ഉം ഹർത്താലുകളാണ് നടത്തിയിട്ടുള്ളത്.

**ഒഴിവാക്കപ്പെട്ട പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ**

52 (58) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മന്ത്രിമാർ ഏതെല്ലാം സ്റ്റാഫ് അംഗങ്ങളെ ഏതെല്ലാം തീയതികളിൽ ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പേഴ്സണൽ സ്റ്റാഫിൽ തുടരവേ സ്വയം തീരുമാനിച്ച് രാജിവെച്ച് പോയവർ എത്രയെന്നും മന്ത്രിമാർ ഒഴിവാക്കിയവർ എത്രയെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇവർ ഓരോരുത്തരും രാജിവച്ച് പോകാനോ ഒഴിവാക്കപ്പെടാനോ ഇടയായ കാരണങ്ങൾ എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽനിന്നും രാജിവച്ച് പോയവരിൽ സർവ്വീസിൽ നിന്നുള്ളവർ ആരൊക്കെയായിരുന്നുവെന്നും നേരിട്ട് നിയമനം ലഭിച്ചവർ ആരൊക്കെയായിരുന്നുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) ആരെയും ഒഴിവാക്കിയിട്ടില്ല. പേഴ്സണൽ സ്റ്റാഫിൽനിന്നും ചിലരെ വിടുതൽ ചെയ്തിട്ടുണ്ട്. അവരെ സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) ആരുംതന്നെ പേഴ്സണൽ സ്റ്റാഫിൽനിന്നും രാജിവച്ച് പോയിട്ടില്ല. വ്യക്തിപരമായ കാരണങ്ങളാൽ, ബന്ധപ്പെട്ട മന്ത്രിയുടെ അനുമതിയോടുകൂടി പേഴ്സണൽ സ്റ്റാഫിൽനിന്നും വിടുതൽ നേടിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീ. കെ. ജയകുമാർ - പൊതുമരാമത്ത്, രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

ഡോ. സെയ്തലവി സി. - തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

(ഡി) പേഴ്സണൽ സ്റ്റാഫിലെ നിയമനവും വിടുതലും ബന്ധപ്പെട്ട മന്ത്രിയുടെ താൽപ്പര്യപ്രകാരമാണ് ചെയ്യുന്നത്. സ്പെഷ്യൽ റൂൾസ് പ്രകാരം, അതിന് മന്ത്രിമാർ കാരണം കാണിക്കേണ്ട ആവശ്യമില്ല.

(ഇ) ബാധകമല്ല.

**മന്ത്രിമാർക്കുവേണ്ടി വാങ്ങിയ വാഹനങ്ങൾ**

53 (60) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും വേണ്ടി എത്ര വാഹനങ്ങൾ വാങ്ങിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങൾക്കോരോന്നിനും എത്ര തുക ചെലവഴിച്ചുവെന്നും ഓരോ വാഹനവും ആരൊക്കെയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും വേണ്ടി വാഹനങ്ങൾ വാങ്ങിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അഗ്രികൾച്ചറൽ അസിസ്റ്റന്റ്

54 (61) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചറൽ അസിസ്റ്റന്റ് നിയമനത്തിനായി (കാറ്റഗറി നമ്പർ 444/16) നടത്തിയ വിജ്ഞാപനത്തിൽ ബി.എസ്.സി. അഗ്രികൾച്ചർ പാസായ ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നിശ്ചയിച്ച് നൽകിയിട്ടുണ്ടോ;

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറി അഗ്രികൾച്ചർ പാസ്സായ ഉദ്യോഗാർത്ഥികൾക്ക് അഗ്രികൾച്ചറൽ അസിസ്റ്റന്റ് നിയമനത്തിന് മുൻകാലങ്ങളിൽ പി.എസ്.സി. നൽകിയ പ്രാതിനിധ്യം ഈ വിജ്ഞാപനത്തിലും നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) മുൻകാല സെലക്ഷനുകളിൽ അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയുടെ വിജ്ഞാപന പ്രകാരമുള്ള യോഗ്യതയിൽ, ഒന്നാം യോഗ്യതയായ Diploma in Agriculture-ന്റെ ഉന്നത യോഗ്യത എന്ന നിലയിൽ B.Sc (Agriculture) പാസ്സായവരെ List I-ൽ ഉൾപ്പെടുത്തിയിരുന്നു. രണ്ടാം യോഗ്യതയായ, VHSE അഗ്രികൾച്ചർ പാസ്സായ ഉദ്യോഗാർത്ഥികളെ List II-ലും ഉൾപ്പെടുത്തിയിരുന്നു. കാറ്റഗറി നമ്പർ 444/2016 തസ്തികയുടെ തെരഞ്ഞെടുപ്പ് നടപടികൾ ഇപ്പോൾ ആരംഭിച്ചിട്ടില്ല.

## അസിസ്റ്റന്റ് ഗ്രേഡ് - II നിയമനം

55 (62) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ടെന്ന് പി.എസ്.സി.-ക്ക് അറിയിപ്പ് ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവിലേക്ക് നിയമനം നടത്തുവാൻ പരീക്ഷ നടത്തിയതും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതും എന്നാണ് എന്ന് അറിയിക്കാമോ ;

(സി) ലിസ്റ്റിൽനിന്നും നാളിതുവരെ എത്രപേരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) നിയമനം നടത്തുന്നതിന് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ ; എങ്കിൽ എന്താണെന്ന് അറിയിക്കാമോ ;

(ഇ) പ്രസ്തുത ലിസ്റ്റിലേക്ക് സാധ്യതാ പട്ടിക പ്രസിദ്ധീകരിച്ചത് എന്നാണ് ; തുടർന്ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എത്ര കാലതാമസം ഉണ്ടായി എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ലഭിച്ചിരുന്നു.

(ബി&സി) 25-7-2015-ൽ പരീക്ഷ നടത്തി. എന്നാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

(ഡി) തടസ്സങ്ങൾ ഇല്ല.

(ഇ) 30-9-2016-ന് സാധ്യതാ പട്ടിക പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

**നീതി ആയോഗ് വഴിയുള്ള സഹായം**

56 (63) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ.നാണു</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നീതി ആയോഗ് വഴി സംസ്ഥാന സർക്കാരുകൾക്കും സർക്കാർ വകുപ്പുകൾക്കും സഹായം നേടിയെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുന്ന രേഖ ലഭ്യമാണോ; ആണെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

**വികസന പദ്ധതികൾ**

57 (64) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ഏതെല്ലാം പദ്ധതികൾ കേന്ദ്രസർക്കാരിൽ നിന്നും നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനുവേണ്ടി മുഖ്യമന്ത്രി എത്ര തവണ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## നവകേരളം പദ്ധതികൾ

58 (65) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളം സൃഷ്ടിക്കാൻ നാല് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ ഏത് രൂപത്തിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

i. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി

ii. ജന സൗഹൃദ സർക്കാർ ആശുപത്രികൾ

iii. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി

iv. ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരളം പദ്ധതി.

(ബി) ഈ പദ്ധതികൾ ജന പങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഹരിത കേരള മിഷൻ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി ആരംഭിക്കുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് 2016 ഡിസംബർ 8-ാം തീയതി തുടക്കം കുറിച്ചു. മിഷൻ സി.ഇ.ഒ.മാരായും ജില്ലാതല കർമ്മ സമിതികളിൽ പ്രവർത്തിക്കാനും വേണ്ടി 100 പേരടങ്ങുന്ന ഒരു പ്രൊഫഷണൽ സംവിധാനത്തിന് രൂപം നൽകുവാൻ തീരുമാനിച്ചു. ഈ 100 പേരടങ്ങുന്ന കർമ്മ സമിതിയിൽ ഉൾപ്പെടുത്തേണ്ട സർക്കാർ ഉദ്യോഗസ്ഥർ, പ്രൊഫഷണലുകൾ, പരിചയ സമ്പന്നരും പ്രഗത്ഭരുമായ വിരമിച്ച സർക്കാർ ഉദ്യോഗസ്ഥർ എന്നിവരെ തെരഞ്ഞെടുക്കാനും പരിശീലിപ്പിക്കുവാനും ഐ.ഐ.എം. കോഴിക്കോടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കർമ്മ സമിതികളെ സഹായിക്കാനായി ഒരു റിസോഴ്സ് ടീമിനെ രൂപപ്പെടുത്തുന്നതാണ്. ഗ്രാമ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ മിഷനുകളുടെ പ്രവർത്തന മാർഗ്ഗരേഖയും പരിശീലനവും കിലയും, എംപവേർഡ് കമ്മിറ്റിക്കുവേണ്ട സാങ്കേതിക സഹായം ഐ.എം.ജി.യും ലഭ്യമാക്കുന്നതാണ്.

**പദ്ധതിവിഹിത അടങ്കൽ**

59 (67) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തെ പദ്ധതിവിഹിത അടങ്കൽ എത്രയാണെന്നും 2017 ജനുവരി 31 വരെ അതിൽ എത്ര തുക വിനിയോഗിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) കേന്ദ്രപദ്ധതികളുടെ നടത്തിപ്പ് വിലയിരുത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അവലോകനയോഗം ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ദുർബ്ബല വിഭാഗങ്ങളുടെ ക്ഷേമത്തിനായി 2016-17-ൽ വകയിരുത്തിയ തുക എത്രയെന്നും അതിൽ 2017 ജനുവരി 31 വരെ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തെ (2016-17) പദ്ധതിവിഹിത അടങ്കൽ തുക 30,570.17 കോടി രൂപയാകുന്നു. ഇതിൽ 2017 ജനുവരി 31 വരെ 13,239.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാന പദ്ധതികളോടൊപ്പം കേന്ദ്രപദ്ധതികളുടെ നടത്തിപ്പും വിലയിരുത്തുവാൻ എല്ലാ മാസവും അവലോകന യോഗം ചേരാറുണ്ട്. കൂടാതെ പ്രത്യേകശ്രദ്ധ ചെലുത്തേണ്ട കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഒരു യോഗം 3-1-2017-ന് ചേർന്നിട്ടുണ്ട്.

(സി) ദുർബ്ബല വിഭാഗങ്ങളുടെ ക്ഷേമത്തിനായി 2016-17 സാമ്പത്തിക വർഷം 2,580.88 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 2017 ജനുവരി 31 വരെ 1,261.24 കോടി രൂപ ചെലവഴിച്ചു.

**വിദ്യാഭ്യാസ വായ്പ**

60 (68) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കടക്കെണിയിലായ തൊഴിൽ രഹിതരെ സഹായിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കടക്കെണിയിലായ തൊഴിൽരഹിതരായ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ഒരു കരട് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായപദ്ധതി (Education Loan Repayment Support Scheme) തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 2016-17 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

**പരിസ്ഥിതി അനുമതി ചട്ടങ്ങൾ ഭേദഗതി**

61 (69) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി അനുമതി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരം ഭേദഗതികൾ സെക്രട്ടേറിയറ്റിലെ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ പുതിയ ഭേദഗതി പ്രകാരം എല്ലാ നിർമ്മാണങ്ങൾക്കും പരിസ്ഥിതി അനുമതി നിർബന്ധമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) പരിസ്ഥിതി അനുമതി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ്.

**സി.ഡബ്ല്യൂ.ആർ.ഡി.എം.**

62 (70) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള സി.ഡബ്ല്യൂ.ആർ.ഡി.എം.-നായി സ്ഥലം ഏറ്റെടുത്തപ്പോൾ സ്ഥലം നഷ്ടപ്പെട്ട കുടുംബത്തിലെ ഒരാൾക്ക് വീതം ജോലി നൽകുന്നതിനുള്ള പാക്കേജ് നിലവിലുണ്ടോ;

(ബി) ഇതിനായി ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രത്യേക രജിസ്ട്രേഷൻ നടത്തുന്നുണ്ടോ;

(സി) ഇതുസംബന്ധിച്ച് അവസാനമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭ്യമാക്കിയത് എന്നാണ്;

(ഡി) ഇതിൽനിന്നും എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ട് ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) 7-12-2015 ലാണ് ലിസ്റ്റ് ലഭ്യമായത്.

(ഡി) ആർക്കും ജോലി നൽകിയിട്ടില്ല. സി. ഡബ്ല്യൂ. ആർ. ഡി. എം.-ന്റെ 25-ാമത് മാനേജ്മെന്റ് കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് നിർത്തി വച്ച നിയമനം പുനരാരംഭിക്കാൻ 26-ാമത് മാനേജ്മെന്റ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

**ബൊട്ടാണിക്കൽ ഗാർഡൻ**

63 (73) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബൊട്ടാണിക്കൽ ഗാർഡന് എത്ര ഏക്കർ സ്ഥലമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ബൊട്ടാണിക്കൽ ഗാർഡന്റെ കൈവശമുള്ള ഏക്കർ കണക്കിന് കൃഷിയോഗ്യമായ നെൽവയൽ തരിശിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വർഷങ്ങളോളം തരിശിട്ട ഈ വയൽ കൃഷി ആവശ്യത്തിനായി സന്നദ്ധ സംഘങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 37.37 ഏക്കർ നിലവിലുണ്ട്.

(ബി) തരിശിട്ടിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ജലസംരക്ഷണവുമായി ബന്ധപ്പെട്ട "മലബാർ അക്വാട്ടിക് ബയോപാർക്ക്" എന്ന പദ്ധതി ടി സ്ഥലത്ത് നടത്തുന്നതിന് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തും സംസ്ഥാന ഹരിത മിഷനുമായി കൂടിച്ചേർന്ന് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

**ശാസ്ത്ര സാങ്കേതിക നയം**

64 (74) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>പ്രൊഫ. കെ. യു. അരുണൻ</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്രമായ ശാസ്ത്ര സാങ്കേതിക നയം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെയും ഗവേഷണ വിഭാഗങ്ങളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(സി) സമൂഹത്തിൽ ശാസ്ത്രാവബോധം വളർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ശാസ്ത്ര സാങ്കേതിക രംഗത്തെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താനും ഈ മേഖലയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ശാസ്ത്ര സാങ്കേതിക നയം രൂപീകരിക്കുന്നതിനും ഇതുസംബന്ധിച്ച് മറ്റു ശിപാർശകൾ നൽകുന്നതിനുമായി ഡോ. എം. ഡി. ദാമോദരൻ ചെയർമാനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി ചർച്ചകൾ നടത്തിവരുന്നതേയുള്ളൂ.

**പരിസ്ഥിതി സംരക്ഷണം**

65 (75) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതിയിലുണ്ടാകുന്ന മാറ്റം ജീവജാലങ്ങളെയും കാലാവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വായുമലിനീകരണം, ജലമലിനീകരണം എന്നിവയുടെ തോത് ക്രമാതീതമായി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ ആഘാതം കുറയ്ക്കുന്നതിനും തടയുന്നതിനുമായി എന്തെല്ലാം നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പരിസ്ഥിതി സംരക്ഷണത്തിനായി ആവിഷ്കരിച്ച ഹരിത കേരളം പദ്ധതിയിൽ നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വായുമലിനീകരണം, ജലമലിനീകരണം എന്നിവയുടെ തോത് ക്രമാതീതമായി വർദ്ധിച്ചുവരുന്നതുമായി ബന്ധപ്പെട്ട് ആധികാരിക രേഖകൾ ഒന്നും ലഭ്യമായിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്തെ ജല സ്രോതസ്സുകളുടെയും അന്തരീക്ഷ വായുവിന്റെയും ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി കേന്ദ്ര

മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് വാട്ടർ/എയർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി, കേരളത്തിലെ ജലസ്രോതസ്സുകളിലെ വിവിധ സ്ഥലങ്ങളിലെ സ്റ്റേഷനുകളിൽ നിന്നും മലിനീകരണ നിയന്ത്രണ ബോർഡ് വെള്ളത്തിന്റെ സാമ്പിളുകളും സംസ്ഥാനത്തെ തെരഞ്ഞെടുത്ത എയർ സ്റ്റേഷനുകളിൽനിന്ന് വായുവിന്റെ സാമ്പിളുകളും ക്രമമായി ശേഖരിച്ച് പരിശോധന നടത്തിവരുന്നു.

(സി) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

i. ബോർഡിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ ഉപ്പാല വളപ്പ് എന്ന തോടിന്റെ മലിനീകരണം കുറയ്ക്കാനുള്ള പദ്ധതി നടപ്പിലാക്കൽ കണ്ണൂർ ജില്ലാ കളക്ടറും കണ്ണൂർ നഗരസഭയും ചേർന്ന് നിർവ്വഹിച്ചുവരുന്നു.

ii. ആലപ്പുഴ ജില്ലയിലെ ചന്തിരൂർ തോടിന്റെ മലിനീകരണം തടയുന്നതിനായി ആ പ്രദേശത്ത് പ്രവർത്തിക്കുന്ന ചെമ്മീൻ സംസ്കരണശാലകളിലെ മലിനജലം ശേഖരിച്ച് സംസ്കരിക്കാനുള്ള പൊതു മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നത് ആലപ്പുഴ ജില്ലാ ഭരണകൂടവുമായി ചേർന്ന് നടപടി എടുത്തുവരുന്നു.

iii. കൊല്ലം ജില്ലയിലെ കൊട്ടമൺ തോടിനെ പുനരുദ്ധീകരിക്കാനും മാലിന്യമുക്തമാക്കാനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതി വിവിധ വകുപ്പുകളുടെ സഹകരണത്തോടും പൊതുജന പങ്കാളിത്തത്തോടും കൂടി നടപ്പിലാക്കാൻ നടപടി എടുത്തു വരുന്നു. ഇതിനുള്ള സാങ്കേതിക സഹായം ബോർഡ് നൽകിവരുന്നു.

iv. ജില്ലാ കളക്ടറേറ്റുകളിലും ബോർഡിന്റെ മെമ്പർമാരുടെയും ഉദ്യോഗസ്ഥരുടെയും വീടുകളിലും നടത്തിയിട്ടുള്ള മാലിന്യ സംസ്കരണം, മഴവെള്ള സംഭരണം, ജൈവ പച്ചക്കറി കൃഷി തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം നൽകാനും അത് മാതൃകയായി കാണിക്കാനായി 'ഹരിത കേരളം പുരസ്കാരം' ഈ വർഷം മുതൽ നൽകാൻ ബോർഡ് നടപടി എടുത്തുവരുന്നു.

## പരീക്ഷാചോദ്യങ്ങൾ റദ്ദാക്കൽ

66 (76) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ പരീക്ഷകൾക്കു ശേഷം ഉത്തരം പൂർണ്ണമല്ല, വ്യക്തമല്ല, അല്ലെങ്കിൽ ഉത്തരമില്ല എന്നതിന്റെ പേരിൽ ചോദ്യങ്ങൾ റദ്ദാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത്തരത്തിൽ ചോദ്യങ്ങൾ റദ്ദാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇക്കഴിഞ്ഞ എച്ച്.എസ്.എ. മാത്തമാറ്റിക്സ് പരീക്ഷയിൽ 8 ചോദ്യങ്ങൾ റദ്ദാക്കിയിരുന്നോ; എങ്കിൽ എന്താണ് റദ്ദാക്കാൻ ഉണ്ടായ കാരണമെന്ന് വ്യക്തമാക്കുമോ;

(ഡി) റദ്ദാക്കിയ പല ചോദ്യങ്ങൾക്കും വ്യക്തവും കൃത്യവുമായ മറുപടി ഉള്ളതാണ് എന്നതിനാൽ പി.എസ്.സി.-യുടെ ഇത്തരം നടപടി ആ ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയ മിടുക്കരായ ഉദ്യോഗാർത്ഥികളുടെ ജോലി പ്രതീക്ഷ ഇല്ലാതാക്കുമെന്നും റദ്ദാക്കിയ ചോദ്യങ്ങൾക്ക് ഉത്തരമെഴുതാതിരുന്നവർ റാങ്ക് പട്ടികയിൽ കടന്നു കൂടുമെന്നുമുള്ള അവസ്ഥ സംജാതമാകും എന്നതിനാൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ചോദ്യങ്ങൾ ഇത്തരത്തിൽ റദ്ദാക്കുമ്പോൾ എന്ത് കാരണം കൊണ്ടാണ് റദ്ദാക്കിയതെന്നും അതിന് നിർദ്ദേശം നൽകിയ വിഷയ വിദഗ്ദ്ധർ ആരെല്ലാമാണെന്നുമുള്ള പൂർണ്ണ വിശദാംശം പി.എസ്.സി. ഉദ്യോഗാർത്ഥികൾക്കു വേണ്ടി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) ഒരു മാർക്കുപോലും റാങ്ക് മാറ്റി മറിക്കുമെന്നതിനാൽ പി. എസ്. സി. പരീക്ഷ നടത്തുന്നതിന് മുമ്പ് ചോദ്യബാങ്ക് വിഷയവിദഗ്ദ്ധർക്ക് നൽകി വ്യക്തവും കൃത്യവുമായ ഉത്തരമുള്ള ചോദ്യങ്ങൾ മാത്രം പരീക്ഷയ്ക്ക് ചോദിക്കുവാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചോദ്യങ്ങൾ റദ്ദാക്കാറുണ്ട്. പരീക്ഷയ്ക്കുശേഷം പ്രസിദ്ധീകരിക്കുന്ന താൽക്കാലിക ഉത്തര സൂചിക സംബന്ധിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട വിഷയങ്ങളിലെ വിദഗ്ദ്ധരെക്കൊണ്ട് പരിശോധിപ്പിച്ച് അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചോദ്യങ്ങൾ റദ്ദാക്കുന്നത്.

(സി) റദ്ദാക്കിയിരുന്നു. പരാതികൾ പരിശോധിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചോദ്യങ്ങൾ റദ്ദാക്കിയത്.

(ഡി) ചോദ്യങ്ങൾ റദ്ദാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി വ്യക്തവും കൃത്യവുമായ ഉത്തരമുള്ള ചോദ്യങ്ങൾ മാത്രം ഉൾപ്പെടുത്താൻ ചോദ്യകർത്താക്കൾക്ക് നിർദ്ദേശം നൽകുന്നുണ്ട്.

(ഇ) പരാതികൾ പരിശോധിക്കുന്നതുൾപ്പെടെയുള്ള പരീക്ഷാ സംബന്ധമായ ജോലികൾക്കായി കമ്മീഷൻ നിയോഗിക്കുന്ന വിദഗ്ദ്ധരുടെ പേരുവിവരം, അവർ നൽകുന്ന റിപ്പോർട്ട് എന്നിവ പരസ്യമാക്കുന്നത് അവരുടെ സ്വതന്ത്ര അഭിപ്രായ പ്രകടനത്തെ ബാധിക്കുമെന്നതിനാലാണ് പ്രസ്തുത വിവരം രഹസ്യമായി സൂക്ഷിച്ചു വരുന്നത്.

(എഫ്) ചോദ്യബാങ്ക് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

**കെ.എ.എസ്.**

67 (77) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എ.എസ്. നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിലുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) കെ.എ.എസ്. നടപ്പിലാക്കുമ്പോൾ ഭരണതലത്തിൽ ഉണ്ടാകുന്ന ഗുണഫലങ്ങൾ എന്തൊക്കെയാകും എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കെ.എ.എസ്.-ലേക്കുള്ള നേരിട്ടുള്ള നിയമനത്തിന് എത്ര ഒഴിവുകൾ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ഇ) കെ.എ.എസ്.-ലേക്കുള്ള നിയമനം ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന തസ്തികയിൽ കയറിപ്പറ്റാനുള്ള സുവർണ്ണാവസരമായി വിലയിരുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും) അദ്ധ്യക്ഷയായുള്ള കമ്മിറ്റിയുടെ അവലോകന റിപ്പോർട്ടുപ്രകാരം മദ്ധ്യപ്രദേശ്, കർണ്ണാടക, തമിഴ്നാട്, ബീഹാർ, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ സംസ്ഥാന സിവിൽ സർവ്വീസ് നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ വിവിധ ഉദ്ദേശ്യങ്ങളോടുകൂടിയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് ഈ സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ഡി) കണക്കാക്കിയിട്ടില്ല.

(ഇ) വിലയിരുത്തിയിട്ടുണ്ട്.

**റാങ്ക് ലിസ്റ്റുകളുടെ കാലാവധി**

68 (78) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിയാണ് ദീർഘിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ട് റാങ്ക് ഹോൾഡേഴ്സ് സമരം നടത്തിയശേഷമാണോ ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ തീരുമാനിച്ചതെന്ന് വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ ലിസ്റ്റ് ദീർഘിപ്പിക്കുന്നതുമൂലം എത്ര ഉദ്യോഗാർത്ഥികൾക്ക് അധികമായി ജോലി നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 31-12-2016 മുതൽ 29-6-2017 വരെയുള്ള കാലയളവിൽ 3 (മൂന്ന്) വർഷം കാലാവധി പൂർത്തിയാക്കി കാലഹരണപ്പെടുന്നതും നാളിതുവരെ കാലാവധി നീട്ടി നൽകിയിട്ടില്ലാത്തതുമായ ലിസ്റ്റുകളുടെ കാലാവധി വ്യവസ്ഥകൾക്ക് വിധേയമായി 30-6-2017 വരെ (പരമാവധി 6 മാസം) ദീർഘിപ്പിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 28-12-2016-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ പി.എസ്.സി.യോട് ശിപാർശ ചെയ്തിരുന്നു.

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് പി.എസ്.സി. ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുന്നത്.

## ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനം

69 (79) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ പരിഷ്കാര കമ്മീഷൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നു മുതലാണ് പ്രവർത്തനമാരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) കമ്മീഷന്റെ പ്രധാന ചുമതലകൾ, പരിഗണനാ വിഷയങ്ങൾ എന്നിവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പരിഗണനാ വിഷയങ്ങളിൽ കെ. എ. എസ്. ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ അവരുടെ അഭിപ്രായം തേടിയിരുന്നോ ; അഭിപ്രായം എന്തായിരുന്നെന്ന് വിശദമാക്കുമോ ;

(ഡി) അഭിപ്രായം തേടിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ, ചെയർമാന്റെ പേഴ്സണൽ സ്റ്റാഫ് എന്നിവരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായും കമ്മീഷനുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾക്കായും മാസത്തിൽ എത്ര രൂപ ചെലവ് വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. 18-8-2016 മുതൽ പ്രവർത്തനം ആരംഭിച്ചു.

(ബി) ഇതുമായി ബന്ധപ്പെട്ട 30-8-2016-ലെ G.O.(Ms) No.21/2016/ P&ARD അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) ഇല്ല. 1997-ലെ മൂന്നാം ഭരണപരിഷ്കാര കമ്മീഷൻ സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുവാൻ തീരുമാനിച്ചത്. കൂടാതെ, ഗവർണറുടെ നയപ്രഖ്യാപനത്തിലും ഇക്കാര്യം ഉൾപ്പെടുത്തിയിരുന്നു.

(ഇ) കണക്കാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസും ജീവനക്കാരുടെ ആശങ്കയും

70 (80) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ. എ. എസ്.) രൂപീകരണം സംബന്ധിച്ച് സെക്രട്ടേറിയറ്റ് സംഘടനാ പ്രതിനിധികളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ പ്രാവശ്യം നടത്തിയ ചർച്ചയുടെ യോഗനടപടിക്കുറിപ്പുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് ജീവനക്കാരുടെയിടയിൽ നിലനിൽക്കുന്ന ആശങ്കകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) രണ്ടാം ഗസറ്റഡ് തസ്തികയും അതിനുമുകളിലുള്ള തസ്തികകളും കൂടുതൽ വരുന്നത് ഏതൊക്കെ വകുപ്പുകളിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഏത് ഭരണ പരിഷ്കാര കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കെ. എ. എസ്. ഇപ്പോൾ നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിന് പുതിയ ഭരണ പരിഷ്കാര കമ്മീഷന്റെ അഭിപ്രായം തേടുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് 16-8-2016-ലെ G.O.(Rt) No.322/16/P&ARD പ്രകാരം രൂപീകൃതമായ സെക്രട്ടറിമാരുടെ കമ്മിറ്റി നവംബർ 17, 18, 19 തീയതികളിൽ സെക്രട്ടേറിയറ്റ് സംഘടനാ പ്രതിനിധികളടക്കം വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. അതിനുശേഷം 13-1-2017-ൽ മുഖ്യമന്ത്രി നേരിട്ട് സെക്രട്ടേറിയറ്റിലെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗനടപടിക്കുറിപ്പുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. കൂടാതെ, 15-2-2017-ൽ ചീഫ് സെക്രട്ടറിയും പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ട്. പ്രസ്തുത ചർച്ചയുടെ മിനിറ്റ്സ് തയ്യാറായിട്ടില്ല.

(സി) തസ്തികകളുടെ കണക്കുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഡി) ഇ. കെ. നായനാർ അദ്ധ്യക്ഷനായിട്ടുള്ള 1997-ലെ 3-ാം ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സംവരണം സംബന്ധിച്ച നയം**

71 (81) ശ്രീ. സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലനിന്ന് വരുന്ന സംവരണം അവസാനിപ്പിക്കാൻ ആലോചനയുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ;

(ബി) 30-12-2016-ന് എൺപത്തിനാലാമത് ശിവഗിരി തീർത്ഥാടന ഉദ്ഘടന വേളയിൽ സംസ്ഥാന മുഖ്യമന്ത്രി ഇത് സംബന്ധിച്ച് എന്തെങ്കിലും പരാമർശം നടത്തിയിരുന്നോയെന്ന് അറിയിക്കാമോ;

(സി) ജാതി സംവരണാടിസ്ഥാനത്തിൽ നിയമനങ്ങൾ നടക്കുന്ന സംസ്ഥാനത്ത് ജാതിയുടെ കോളം തന്നെ എടുത്ത് മാറ്റാൻ പദ്ധതി ഉണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഇല്ല.

**ജീവനക്കാരുടെ അഴിമതി**

72 (82) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജീവനക്കാരുടെ അഴിമതിയും സ്വജനപക്ഷപാതവും തടയാൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ യു.ഡി.എഫ് സർക്കാർ കാലയളവിൽ ഇത്തരം കേസ്സുകളിൽ ഉൾപ്പെട്ടതായി കണ്ടെത്തിയ ഉദ്യോഗസ്ഥരിൽ ഉന്നത ഉദ്യോഗസ്ഥർ എത്ര, മറ്റുള്ളവർ എത്ര, ഇവരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചു;

(സി) ഈ സർക്കാർ കാലയളവിൽ ഇത്തരം കേസ്സുകളിൽ ഉൾപ്പെട്ടവരും കണ്ടെത്തിയവരുമായ ഉന്നത ഉദ്യോഗസ്ഥർ/ മറ്റ് ഉദ്യോഗസ്ഥർ ആരെല്ലാം, എന്തു നടപടികൾ സ്വീകരിച്ചു;

(ഡി) നിലവിലുള്ള സംസ്ഥാന ജീവനക്കാരിൽ അഴിമതിയിലൂടെ അവിഹിത സ്വത്തുക്കൾ നേടിയതായി കണ്ടെത്തിയ ജീവനക്കാർ (സംസ്ഥാനത്തിന് അകത്തും പുറത്തും) എത്ര പേർ, ഇവർ അവിഹിതമായി നേടിയ സ്വത്തുക്കൾ കണ്ടുകെട്ടാൻ എന്തു നടപടികൾ സ്വീകരിച്ചു;

(ഇ) ഇവരുണ്ടാക്കിയ അവിഹിത സ്വത്തുക്കൾ കണ്ടുകെട്ടാൻ നിലവിലെ നിയമം പര്യാപ്തമാണോ; അല്ലെങ്കിൽ അതിനായി പുതിയ നിയമനിർമ്മാണം ഉടൻ നടത്തി അഴിമതിക്കാരുടെ അഴിമതി സ്വത്തുക്കൾ സർക്കാരിനായി കണ്ടുകെട്ടാൻ എന്തു നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും സ്വജനപക്ഷപാതവും സമ്പൂർണ്ണമായി അവസാനിപ്പിക്കുന്നതിനുവേണ്ടി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. വിജിലൻസിൽ ലഭിക്കുന്ന എല്ലാ പരാതികളിന്മേലും അന്വേഷണം നടത്തുക, ആക്ഷേപമുള്ള ഓഫീസുകളിൽ മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്. സർക്കാർ ഓഫീസുകളിൽ കണ്ടുവരുന്ന അഴിമതി സംബന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിനായി "കൺകറന്റ് വിജിലൻസ്" (Concurrent Vigilance) എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 24-6-2016-ലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച "Zero tolerance to corruption" എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തിക്കുന്നു. അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും അഴിമതി തുടച്ചുനീക്കുന്നതിന് വേണ്ടിയുള്ള പ്രിവന്റീവ് വിജിലൻസ് (Preventive Vigilance) പ്രവർത്തനങ്ങൾക്കു വേണ്ടിയും ഇതര ജനവിഭാഗങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്.

പാരിസ്ഥിതിക ചൂഷണങ്ങൾക്കെതിരെ "എൺവയോൺമെന്റ് റിസ്ക് വിജിലൻസ്" എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ കോഴയ്ക്കെതിരെ "Edu-Vigil" പദ്ധതി നടപ്പിലാക്കിവരുന്നു. സമൂഹത്തെ അഴിമതി വിമുക്തമാക്കുന്നതിനുവേണ്ടി പ്രാദേശിക വായന ശാലകൾ, ലൈബ്രറികൾ എന്നിവയുടെ ആഭിമുഖ്യത്തിൽ "Vig-Net" എന്ന പദ്ധതി വിജിലൻസ് നടപ്പിലാക്കിവരുന്നു. "Zero tolerance to corruption"എന്ന ആശയത്തിലേക്ക് കേരള സമൂഹത്തെ കൊണ്ടുവരുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളെ ഉൾപ്പെടുത്തി "NSS Vigil Help Desk" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ അദ്ധ്യയന വർഷം അവസാനിക്കുന്നതിനുമുൻപായി സംസ്ഥാനത്തുടനീളം NSS, NGO വോളണ്ടിയർമാരെ ഉൾപ്പെടുത്തി അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിലെ അഴിമതിക്കെതിരെ "Trans Vigil" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

സംസ്ഥാന സിവിൽ സർവ്വീസിലേയും സർക്കാർ ഇതര ഓഫീസുകളിലേയും ഉദ്യോഗസ്ഥർക്കും ബോധവൽക്കരണം നടത്തുന്നുണ്ട്. സെക്രട്ടേറിയറ്റ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും "ഇന്റേണൽ വിജിലൻസ് "

വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. അഴിമതിയും ക്രമക്കേടും കുറയ്ക്കാൻ വേണ്ട നടപടികൾ തുടർന്നുവരുന്നു. ഉദ്യോഗസ്ഥരുടെ ഇടയിലുള്ള കാര്യക്ഷമത ഇല്ലായ്മയും ശ്രദ്ധക്കുറവും പരിഹരിക്കാൻ "Anti-Corruption Induction Training" ആരംഭിക്കുന്നുണ്ട്. എല്ലാ വകുപ്പുകളിലേയും അഴിമതിയുടെ പങ്കനുസരിച്ച്/കണക്കനുസരിച്ച് വകുപ്പുകളെ എ, ബി, സി, ഡി ആയി ഗ്രേഡ് ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം ഗ്രേഡിംഗ് മൂന്നുമാസത്തിലൊരിക്കൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷന്റെ ഭാഗമായി നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 24 ഉന്നത ഉദ്യോഗസ്ഥർക്കെതിരെയും 2794 സർക്കാർ ഉദ്യോഗസ്ഥർ/മറ്റ് പൊതു മേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ കുറ്റം തെളിയിക്കപ്പെടുന്ന കേസ്സുകളിൽ കുറ്റക്കാർക്കെതിരെ കുറ്റപത്രം സമർപ്പിക്കുകയും വകുപ്പുതല നടപടികൾ സ്വീകരിക്കാൻ ശിപാർശ ചെയ്യുകയും ചെയ്തു.

(സി -ഇ) വിവരം ശേഖരിച്ചു വരുന്നു.

**മന്ത്രിമാർക്കായി ചെലവഴിച്ച തുക**

73 (83) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശമ്പളം, അലവൻസ്, യാത്രാപ്പടി എന്നീ ഇനങ്ങളിൽ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും കൈപ്പറ്റിയ തുക എത്രയെന്ന് ഓരോ മന്ത്രിമാരുടെയും പ്രത്യേകമായി നൽകുമോ ;

(ബി) ഫോൺ ചാർജ്ജ്, വൈദ്യുതി ചാർജജ്, അതിഥി സൽക്കാരം എന്നീ ഇനങ്ങളിൽ ഓരോരുത്തരും ചെലവഴിച്ച തുക പ്രത്യേകമായി നൽകാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശമ്പളം, അലവൻസ്, യാത്രാപ്പടി എന്നീ ഇനങ്ങളിൽ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും കൈപ്പറ്റിയ തുക അനുബന്ധമായി ചേർക്കുന്നു.*

(ബി) ഫോൺചാർജ്ജ്, വൈദ്യുതി ചാർജജ്, അതിഥി സൽക്കാരം എന്നീ ഇനങ്ങളിൽ ഓരോരുത്തരും ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ

74 (84) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന്റെ പ്രവർത്തനം എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ ഈ സെൽ പരിശോധിക്കുന്നുണ്ടോ എന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകിയിട്ടുണ്ടോ എന്നും വിശദമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ഈ സെൽ ആരംഭിച്ചിട്ട് നാളിതുവരെ ഇത്തരം പരിശോധനയിലൂടെ കണ്ടെത്തിയ ഒഴിവുകളുടെ എണ്ണം പട്ടികയായി സൂക്ഷിക്കാറുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് നിരീക്ഷിക്കപ്പെടുന്നുണ്ടോ; ഇല്ലായെങ്കിൽ നിരീക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഒഴിവ് റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികളുടെ മേൽ എന്തൊക്കെ നടപടികൾ എടുക്കുന്നതിനാണ് പ്രസ്തുത സെല്ലിന് അധികാരമുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ സർവ്വീസിലെ ചില വ്യാജ നിയമനങ്ങളും നിയമന തട്ടിപ്പുകളും വെളിച്ചത്തുവന്നതിനെത്തുടർന്ന് രൂപീകരിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ വിവിധ സർക്കാർ വകുപ്പുകളിൽ 2001 ജനവരി 1 മുതൽ 2010 ഡിസംബർ 31 വരെയുള്ള കാലയളവിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സർവ്വീസ് ബുക്ക് പരിശോധിക്കുകയും പി.എസ്.സി. ഓഫീസുകളിൽ നിന്നും ലഭ്യമായ രേഖകളുമായി ഒത്തുനോക്കി ടി നിയമനങ്ങളുടെ നിജസ്ഥിതി ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. നിയമനം സംബന്ധിച്ച വിശദാംശങ്ങൾക്കുപുറമേ അറ്റൻഡൻസ് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, ക്യാഷ് ബുക്ക് തുടങ്ങിയ രജിസ്റ്ററുകൾ പരിശോധിക്കുന്നതിനും പ്രസ്തുത സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ ഓഫീസുകളിൽ ആകസ്മിക പരിശോധന (Sudden inspection) നടത്തുന്നതിനും ഈ വകുപ്പിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഓരോ വകുപ്പുകളിലും ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ച് വരികയും ചെയ്യുന്നു.

(ബി) ഉണ്ട്. ഒഴിവുകൾ കണ്ടെത്തുന്നതിനായി വിവിധ സർക്കാർ ഓഫീസുകളിൽ പരിശോധന നടത്തുന്നവേളയിൽത്തന്നെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട മേലധികാരിക്ക് കർശന നിർദ്ദേശം നൽകുകയും ആയത് സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(സി) അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ രൂപീകരിച്ചതുമുതൽ ഇപ്രകാരം പരിശോധനയിലൂടെ കണ്ടെത്തിയ ഒഴിവുകളുടെ എണ്ണം പട്ടികയായി സൂക്ഷിച്ചിട്ടില്ല. എന്നാൽ 2016 ഡിസംബർ 31-ന് കാലാവധി അവസാനിച്ച പി.എസ്.സി. റാങ്ക് ലിസ്റ്റിലേക്കുള്ള ഒഴിവുകൾ കണ്ടെത്തുന്നതിനായി 2016 ഡിസംബർ മാസത്തിൽ എല്ലാ ജില്ലകളിലേയും വിവിധ സർക്കാർ ഓഫീസുകളിൽ നടത്തിയ പരിശോധനയിൽ 2394 ഒഴിവുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി&ഇ) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കാലാകാലം നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണവകുപ്പുകളോട് ശിപാർശ ചെയ്യുന്നതാണ്. ഒഴിവുകൾ യഥാസമയം ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിനുതകുന്നരീതിയിൽ VARAM എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

## സ്മാർട്ട് സിറ്റി

75 (85) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി പൂർണ്ണമായും യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

(സി) ഈ പദ്ധതി പൂർണ്ണമാക്കുന്നതിന് ഇനി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുണ്ട്; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) എത്ര തൊഴിലവസരങ്ങളാണ് ഈ പദ്ധതിമൂലം പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

ഉത്തരം

(എ &ബി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രണ്ട് യോഗങ്ങൾ ഇതിനകം കൂടുകയും പദ്ധതി പ്രവർത്തനം വിലയിരുത്തുകയും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള കർമ്മ പരിപാടി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്മാർട്ട് സിറ്റി നിർമ്മാണം തടസ്സപ്പെടുത്തുന്ന 23 കാര്യങ്ങൾ അധികൃതർ ഉന്നയിച്ചിരുന്നു. ഈ തർക്കത്തെ തുടർന്ന് സ്മാർട്ട് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലായിരുന്നു. ഈ സർക്കാർ ഇത് പരിശോധിച്ച് frame work agreement പ്രാബല്യത്തിൽ വന്ന തീയതി നിജപ്പെടുത്താൻ സ്മാർട്ട് സിറ്റിയുടെയും Tecom Investment FZ-LCC ദുബായ് കമ്പനിയുടെയും കേരള സർക്കാരിന്റെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു മൂന്നംഗ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി യോഗം ചേർന്ന് ഈ 23 പ്രശ്നങ്ങളിലും ധാരണയിലെത്തുകയും 13-05-2007-ൽ ഒപ്പിട്ട frame work agreement-ന്റെ closing തീയതിയായി SEZ Notification വന്ന ദിവസം പരിഗണിക്കാമെന്നും ഈ തീയതിയിൽ നിന്ന് 10 വർഷം പൂർത്തിയാകുന്ന 2021-ഓടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാമെന്നും സ്മാർട്ട് സിറ്റി ഉറപ്പ് നൽകിയിട്ടുണ്ട്.

(സി) സ്മാർട്ട് സിറ്റി പദ്ധതിയുടെ രണ്ടാം ഘട്ടത്തിലെ 90 ലക്ഷം sq.ft വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെയും 3500 വിദ്യാർത്ഥികൾക്കായുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്കൂളിന്റെയും നിർമ്മാണം പുരോഗമിച്ചുവരുന്നതായും പുതിയ ഓഫീസ് സ്പെയ്സ് 2018 അവസാന പാദത്തിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായും സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്തേയ്ക്ക് സർക്കാർ നിർമ്മിച്ച് നൽകേണ്ട പുതിയ റോഡുകൾ, മെട്രോ കണക്റ്റിവിറ്റി എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ടെന്ന് സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്.

(ഡി) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13-5-2007-ൽ ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 90000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന തൊഴിലവസരങ്ങളുടെ മൂന്നിരട്ടിയിലധികം നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ സ്മാർട്ട് സിറ്റിയിൽ ആയിരം പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. ഈ വർഷാവസാനത്തോടെ ആകെ 5500 പേർക്ക് തൊഴിൽ നൽകുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്.

## മൊബൈൽ ആപ്ലിക്കേഷനുകൾ

76 (86) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റാർട്ടപ്പ് മിഷൻ ടെക്നോപാർക്കിൽ സംഘടിപ്പിച്ച സീഡിംഗ് കേരള പരിപാടിയിൽ കേരളത്തിന്റെ പദ്ധതികളെക്കുറിച്ച് എന്തെല്ലാം ചർച്ചകളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ സർക്കാർ വകുപ്പുകൾക്ക് മൊബൈൽ ആപ്ലിക്കേഷനുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) എത്ര തുകവരെ വകുപ്പുകൾക്ക് ഇതിനായി ചെലവഴിക്കാവുന്നതാണെന്നും ഇതിനുള്ള ഫണ്ട് എവിടെ നിന്നാണ് കണ്ടെത്തേണ്ടതെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ വിവര സാങ്കേതിക/വിവര സാങ്കേതികാനുബന്ധ മേഖലകളിലെ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ലഭ്യമാക്കുന്നതിനായുള്ള ചർച്ചകളാണ് സീഡിംഗ് കേരളാ പരിപാടിയിൽ സംഘടിപ്പിച്ചത്. കേരളീയരുടെ സ്റ്റാർട്ടപ്പ് വിജയങ്ങളും അവർക്ക് നിക്ഷേപം ലഭ്യമായത് സംബന്ധിച്ച വിവരങ്ങൾ പങ്കുവയ്ക്കലും സംസ്ഥാനത്തുനിന്നും പുറത്തുനിന്നുമുള്ള നിക്ഷേപം ലഭ്യമാക്കുന്നതിന് വിവിധ നിക്ഷേപകരുമായി നടത്തിയ ചർച്ച, നിക്ഷേപം ലഭിക്കുന്നതിന് സംരംഭകർ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ച ചർച്ചകൾ എന്നിവയും പ്രസ്തുത പരിപാടിയിൽ ഉണ്ടായിരുന്നു. കൂടാതെ നിക്ഷേപം ലഭ്യമാകുന്നതിന് വിവര സാങ്കേതിക വിദ്യാനയവും സാങ്കേതിക സ്റ്റാർട്ടപ്പ് നയവും എത്രത്തോളം സഹായകരമാണെന്നും അതിന്മേൽ എന്തൊക്കെ മാറ്റങ്ങളാണ് ആവശ്യമായുള്ളതെന്നുമുള്ള ചർച്ചയും പ്രസ്തുത പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു.

(ബി&സി) കേരള സ്റ്റാർട്ടപ്പ് മിഷന്റെ കീഴിലുള്ള സ്റ്റാർട്ടപ്പുകൾ മുഖേന 5 ലക്ഷം രൂപ വരെ ചെലവിൽ മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിന് 16-1-2017-ലെ ഉത്തരവുപ്രകാരം വിവിധ സർക്കാർ വകുപ്പുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഒരു വകുപ്പ് ഒരു വർഷം ഒരു സംരംഭകനിൽ നിന്നും രണ്ട് മൊബൈൽ ആപ്ലിക്കേഷനുകൾ മാത്രമേ വാങ്ങാവൂ എന്ന വ്യവസ്ഥയുണ്ട്. ഓരോ വകുപ്പും അവരുടെ ഫണ്ടിൽ നിന്നുമാണ് ഇതിനുള്ള തുക വിനിയോഗിക്കേണ്ടത്.

## കൊരട്ടി ഇൻഫോപാർക്ക്

77 (87) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഇൻഫോപാർക്കിന്റെ രണ്ടാം ഘട്ട വികസനം പൂർത്തിയാക്കുകയും എട്ട് നിലകളിലായുള്ള പുതിയ കെട്ടിടം നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തുവെങ്കിലും പുതിയ കമ്പനികൾ പ്രസ്തുത കെട്ടിടത്തിൽ ഇനിയും പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കെട്ടിട സമുച്ചയത്തിൽ ഐ.ടി. കമ്പനികൾ പ്രവർത്തനം ആരംഭിക്കുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) Ground Floor-ൽ സജ്ജമായ സ്ഥലത്ത് 7 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ഒന്നാം നിലകൂടി പ്രവർത്തനസജ്ജമാകുമ്പോൾ 11 കമ്പനികൾകൂടി പ്രവർത്തനം ആരംഭിക്കും.

(ബി) Ground Floor-ൽ സജ്ജമായ സ്ഥലത്ത് ഏകദേശം 150-ഓളം IT ജീവനക്കാരുണ്ട്. ഈ കെട്ടിടം പൂർണ്ണസജ്ജമാകുമ്പോൾ 3000 പേർക്ക് നേരിട്ട് തൊഴിലവസരമുണ്ടാകും. ഒന്നാം നിലകൂടി പൂർത്തിയാകുമ്പോൾ കൂടുതൽ കമ്പനികൾ വരികയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും.

## കണ്ണൂർ സൈബർ പാർക്ക്

78 (88) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരമം പുല്ലുപാറയിൽ സ്ഥാപിക്കുന്ന കണ്ണൂർ സൈബർ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടം വരെ പൂർത്തിയായെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നുണ്ടോ;

(സി) നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നില്ലെങ്കിൽ എന്തു കൊണ്ടാണ് പ്രവൃത്തികൾ നിർത്തി വച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തികൾ എന്ന് പുനരാരംഭിക്കാൻ കഴിയുമെന്നും സൈബർ പാർക്ക് എന്ന് യാഥാർത്ഥ്യമാകുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഫൗണ്ടേഷൻ പണി പൂർത്തിയായി.

(ബി) ഇല്ല.

(സി) കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രച്ചർ ലിമിറ്റഡിന്റെ ബോർഡ് മീറ്റിംഗ് നിർദ്ദേശം അനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ഡി) ഈ സ്ഥലം വ്യവസായ വകുപ്പിന് കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമോ എന്ന് വിലയിരുത്തി അവർക്കുകൂടി പ്രയോജന പ്രദമായ രീതിയിൽ നിർമ്മാണപ്രവൃത്തികൾ ക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**ഓൺലൈനായി അപേക്ഷ**

79 (89) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിൽ വിവിധ ആവശ്യങ്ങൾക്കായി പൊതു ജനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം അക്ഷയ കേന്ദ്രങ്ങൾ വഴി മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഓൺലൈനിലൂടെ പൊതുജനങ്ങൾക്ക് സ്വന്തമായി അപേക്ഷകൾ അക്ഷയ കേന്ദ്രത്തെ ആശ്രയിക്കാതെ സമർപ്പിക്കുന്നതിന് ഉള്ള അവകാശം സർക്കാർ എടുത്തുകളഞ്ഞതിനുള്ള കാരണം എന്താണ് എന്നു വെളിപ്പെടുത്താമോ;

(സി) ഇത്തരത്തിൽ അപേക്ഷ സ്വന്തമായി ഓൺലൈനിലൂടെ സമർപ്പിക്കുന്നതിനുള്ള അവകാശം പുനഃസ്ഥാപിച്ചു നൽകുമോ?

<u>ഉത്തരം</u>

(എ-സി) പൊതുജനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം അക്ഷയ കേന്ദ്രങ്ങൾവഴി മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല.

**സ്വാതന്ത്ര്യ സമര പെൻഷൻ**

80 (90) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) മതിയായ രേഖകളോടെ അപേക്ഷ സമർപ്പിച്ച കോഴിക്കോട് മൈലള്ളംപാറ സ്വദേശി വി. വി. ചാക്കോയുടെ അപേക്ഷയുടെ നിജസ്ഥിതി വ്യക്തമാക്കുമോ;

(സി) അപേക്ഷകന് പെൻഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന സ്വാതന്ത്ര്യ സമര സേനാനികൾക്ക് സ്വാതന്ത്ര്യ സമര സേനാനി പെൻഷന് അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കും:

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് രക്തസാക്ഷിത്വം വഹിച്ചവർ, സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജയിൽവാസമനുഭിച്ചവരാണെങ്കിൽ കുറഞ്ഞത് ആറ് മാസം ജയിൽ ശിക്ഷയും, (സ്ത്രീകളോ പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗക്കാരോ ആണെങ്കിൽ തടവ് മൂന്നുമാസവുമായിരിക്കണം). മേൽ വിഭാഗത്തിലുള്ളവർ, അറസ്റ്റ് വാറണ്ട്, കോടതി രേഖ, ജയിൽ രേഖ എന്നിവ ഹാജരാക്കണം. ഈ രേഖകൾ ഹാജരാക്കാൻ കഴിയാത്തവർ രണ്ട് സഹതടവുകാരുടെ സർട്ടിഫിക്കറ്റ് (കോ-പ്രിസണർ സർട്ടിഫിക്കറ്റ് (സി.പി.സി.) നൽകണം. ഈ സർട്ടിഫിക്കറ്റ് നൽകുന്ന സഹതടവുകാർ കുറഞ്ഞത് ഒരു വർഷം ജയിൽ ശിക്ഷ അനുഭവിച്ചവരായിരിക്കണം. ജയിൽ രേഖകളില്ലെങ്കിലോ അവ നഷ്ടപ്പെട്ടെങ്കിലോ രേഖകൾ ലഭ്യമല്ല എന്ന് ബന്ധപ്പെട്ട അധികാരികളിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കി സംസ്ഥാന സർക്കാർ എൻ.എ.ആർ.സി. (നോൺ അവയബിലിറ്റി റിക്കോർഡ് സർട്ടിഫിക്കറ്റ്) കേന്ദ്ര സർക്കാരിന് നൽകും. ആറ് മാസം ഒളിവിലായിരുന്നവരും രേഖകൾ ഹാജരാക്കിയാൽ പെൻഷന് അപേക്ഷിക്കാൻ അർഹരാണ്. ഇവർ പി.കെ.സി. (പേഴ്സണൽ നോളജ്ഡ് സർട്ടിഫിക്കറ്റ്) ഹാജരാക്കണം. കൂടാതെ വീട്ടു തടങ്കൽ, നാടു കടത്തപ്പെട്ടവർ, ഭൂമി നഷ്ടപ്പെട്ടവർ, സ്ഥിരമായി അംഗവൈകല്യപ്പെട്ടവർ, സർക്കാർ ജോലി നഷ്ടപ്പെട്ടവർ, ചമ്മട്ടി പ്രഹരമേറ്റവർ എന്നിവർക്കും കേന്ദ്ര സർക്കാരിന്റെ സ്വതന്ത്രതാ സൈനിക് സമ്മാൻ ലഭിക്കുന്നതിനായി അപേക്ഷിക്കാവുന്നതാണ്.

കേരള സ്വാതന്ത്ര്യ സമര സേനാനി ചട്ടം 1971 അനുസരിച്ച് സ്വാതന്ത്ര്യ സമര സേനാനികളായി അംഗീകരിക്കാൻ, ബ്രിട്ടീഷ് ഭരണത്തിനെതിരെ അല്ലെങ്കിൽ അവരെ സഹായിക്കുന്നവർക്കെതിരെയുള്ള ദേശീയ പ്രക്ഷോഭങ്ങളിൽ ഭാഗഭാക്കാവുകയും ആറു മാസത്തിൽ കൂടുതൽ ജയിൽവാസം അനുഷ്ഠിക്കുക, തൂക്കിലേറ്റപ്പെടുക, പോലീസ് ലാത്തി ചാർജിലോ വെടിവെപ്പിലോ മരണം സംഭവിക്കുക, ജോലിയോ സ്വത്തോ നഷ്ടപ്പെടുക, സ്ഥിരമായ അംഗവൈകല്യമോ മാരകരോഗമോ പിടിപെടുക, അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചതിന്റെ ഭാഗമായി ആറുമാസത്തിൽ കൂടുതൽ ഒളിവിൽ കഴിയുക എന്നിവയിലേതെങ്കിലും വേണം. ഇവ തെളിയിക്കുന്ന രേഖകളായ കോടതി രേഖ, ജയിൽ രേഖ, അറസ്റ്റ് വാറണ്ട് എന്നിവ ഹാജരാക്കുകയും വേണം.

(ബി) ശ്രീ. വി. വി. ചാക്കോ, വെട്ടുകാട്ടിൽവീട്, മൈലള്ളം പാറ, പുതുപ്പാടി, കോഴിക്കോട്, കോഴിക്കോട് കളക്ടർ മുഖേന സമർപ്പിച്ച അപേക്ഷയിൽ സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷന് കേന്ദ്ര സർക്കാരിന് ശിപാർശചെയ്യുന്നതിനുള്ള മതിയായ രേഖകളായ കോടതി രേഖ, ജയിൽ രേഖ, അറസ്റ്റ് വാറന്റ് എന്നിവ ഹാജരാക്കിയിരുന്നില്ല. രേഖകൾ ഹാജരാക്കാനായി കോഴിക്കോട് കളക്ടർ മുഖേന 8-10-2016-ൽ ആവശ്യപ്പെട്ടിരുന്നു. ബന്ധപ്പെട്ട രേഖകൾ അപേക്ഷകന് ഹാജരാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് 7-2-2017-ൽ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മതിയായ രേഖകൾ ഹാജരാക്കാത്തതിനാൽ അപേക്ഷകന് സംസ്ഥാന സർക്കാരിന്റെ സ്വാതന്ത്ര്യ സമര സേനാനി പെൻഷനും ലഭിക്കുന്നില്ല.

(സി) പിരിവ് 'എ' യിൽ പ്രതിപാദിച്ച തെളിവുരേഖകൾ ഉൾപ്പെടെയുള്ള പൂർണ്ണമായ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്കുമാത്രമേ സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അനുവദിക്കുന്ന കാര്യം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

**ചികിത്സാ സഹായം**

81 (91) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സി.എം.ഡി. ആർ.എഫ്.-ൽ നിന്ന് ചികിത്സാ സഹായം തേടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2017 ജനുവരി 31 വരെ ഈ ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്, ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ചികിത്സാ സഹായത്തിനായി മുൻ ഗവൺമെന്റിന്റെ കാലത്ത് സമർപ്പിച്ച എത്ര അപേക്ഷകൾ തീരുമാനം കൽപ്പിക്കാതെ കെട്ടിക്കിടക്കുന്നു എന്നറിയിക്കാമോ;

(ഡി) പ്രസ്തുത അപേക്ഷകളിന്മേൽ എന്നേക്ക് തീർപ്പ് കൽപ്പിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 73916 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി &ഡി) മുൻ സർക്കാരിന്റെ കാലത്ത് സമർപ്പിക്കപ്പെട്ട അർഹതയുള്ള അപേക്ഷകളിൽ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ക്യൂ നിന്ന് കുഴഞ്ഞുവീണ് മരണപ്പെട്ടവർ

82 (92) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനത്തെ തുടർന്ന് പണം വാങ്ങുന്നതിനായി എ.റ്റി.എം.-ന മുൻപിലും ബാങ്കിന് മുൻപിലും ക്യൂ നിന്ന് കഷ്ടത അനുഭവിച്ച എത്ര പേർ കുഴഞ്ഞ് വീണ് മരണപ്പെടുകയുണ്ടായി; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പരേതരുടെ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ എന്തെങ്കിലും സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) നോട്ട് നിരോധനത്തെ തുടർന്ന് പണം വാങ്ങുന്നതിനായി/അസാധുവായ നോട്ട് മാറ്റുന്നതിനായി ബാങ്കിൽ ക്യൂ നിൽക്കുന്നതിനിടെ കൊല്ലം, മലപ്പുറം, കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ ഒരാൾ വീതം മരണപ്പെട്ടിട്ടുള്ളതായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സഹായം നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## ചികിത്സാ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം

83 (94) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ചികിത്സാ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിനുവേണ്ടി എം.എൽ.എ.-യുടെ ശിപാർശ പ്രകാരം അയക്കുന്ന അപേക്ഷയിന്മേൽ അനുവദിക്കുന്ന തുകയുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട എം.എൽ.എ.മാരെ അറിയിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ എം.എൽ.എ.-മാർ മുഖേന ലഭിക്കുന്ന അപേക്ഷകളുടെ തൽസ്ഥിതി ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് നേരിട്ട് പരിശോധിക്കുന്നതിനുതകുംവിധമുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്.

## നഷ്ടപരിഹാര പാക്കേജ്

84 (96) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാര പാക്കേജ് നടപ്പാക്കുന്നതിൽ അലംഭാവമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കീടനാശിനി കമ്പനികളുടെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥയ്ക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നഷ്ടപരിഹാരം മൂന്നുമാസത്തിനകം നൽകണമെന്ന സുപ്രീംകോടതി വിധി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) 2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രത്യേക ധനസഹായം നൽകണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി ദുരിതബാധിതരായവരുടെ പട്ടിക തയ്യാറാക്കുകയും നഷ്ടപരിഹാരം അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം രണ്ടു ഗഡുക്കളായി ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ധനസഹായം അനുവദിക്കുന്നതിന് തങ്ങളുടെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ ആകാശ മാർഗ്ഗേന തളിച്ച പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും മൊത്തം 53.105 കോടി രൂപ ഈടാക്കിയിട്ടുണ്ട്. എൻഡോസൾഫാൻ ദുരിത ബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിനായി മൂളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽനിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ അനുവദിച്ചു കിട്ടിയിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട കമ്പനികളിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ബഹു. സുപ്രീം കോടതിയുടെ വിധി പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്ക് 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നതിന് 292.4 കോടി രൂപയാണ് വേണ്ടത്. ഇതിൽ ഇതുവരെ ധനസഹായം അനുവദിച്ച തുക കുറയ്ക്കുമ്പോൾ ബാക്കി ധനസഹായം അനുവദിക്കുന്നതിന് 200 കോടി രൂപയോളം വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## നഷ്ടപരിഹാരം

85 (97) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് സുപ്രീം കോടതി വിധി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ആരുടെ ഹർജി പ്രകാരമാണ് സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളത് ;

(സി) വിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ യെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സർക്കാർ വിതരണം ചെയ്യാൻ ബാക്കിയുള്ള ആശ്വാസധനം 5 ലക്ഷം രൂപ കണക്കാക്കി ദുരിതബാധിതരായ എല്ലാപേർക്കും വിധി പുറപ്പെടുവിച്ച തീയതി മുതൽ മൂന്ന് മാസത്തിനകം വിതരണം ചെയ്യണമെന്നും ധനസഹായം അനുവദിക്കുന്നതിനുള്ള തുക കേന്ദ്രസർക്കാരിൽനിന്നോ എൻഡോസൾഫാൻ നിർമ്മിച്ചിരുന്ന വ്യവസായ സ്ഥാപനങ്ങളിൽനിന്നോ ഈടാക്കാമെന്നും എൻഡോസൾഫാൻ പുനരധിവാസവുമായി ബന്ധപ്പെട്ട് ദുരിതബാധിതർക്ക് ആജീവനാന്തം പൂർണ്ണ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ഉത്തരവായിട്ടുണ്ട്.

(ബി) ഡെമോക്രാറ്റിക് യൂത്ത് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ (DYFI) ഹർജിയിന്മേലാണ് സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) ബഹു. സുപ്രീം കോടതിയുടെ വിധിപ്രകാരം 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നതിന് 292.4 കോടി രൂപയാണ് വേണ്ടിവരുന്നത്. ഇതിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തതിൻപ്രകാരം ഇതിനകം അനുവദിച്ച തുക കുറയ്ക്കുമ്പോൾ ബാക്കി ധനസഹായം അനുവദിക്കുന്നതിന് 200 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രത്യേക ധനസഹായം നൽകണമെന്ന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽനിന്നും പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും എൻഡോസൾഫാൻ ദുരിതംമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യം ഉള്ളവർ ക്യാൻസർ രോഗികൾ എന്നിവർക്ക് മൂന്നുലക്ഷം രൂപ വീതവും ഗഡുക്കളായി നൽകുന്നതിനും തീരുമാനിക്കുകയും ആദ്യഗഡുവായി 45.745 കോടി രൂപയും രണ്ടാം ഗഡുവായി 44.466 കോടി രൂപയും ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിനായി മൂളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽനിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി അനുവദിച്ചുകിട്ടിയിട്ടുണ്ട്. എൻഡോസൾഫാൻ പുനരധിവാസപ്രവർത്തനവുമായി ബന്ധപ്പെട്ട് ദുരിതബാധിതർക്ക് ആജീവനാന്തം പൂർണ്ണ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി സൗജന്യ സ്പെഷ്യലിസ്റ്റ് ആന്റ് സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കിവരുന്നു. ആയതിലേക്കായി കേരളത്തിലും കർണ്ണാടകയിലുമായി 17 ആശുപത്രികൾ എംപാനൽ ചെയ്യപ്പെട്ടിട്ടുണ്ട്. ബഹു. സുപ്രീം കോടതി വിധിയിൽ നിർദ്ദേശിച്ചിരിക്കുന്നതിൻ പ്രകാരം എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള വിശദമായ ഒരു പ്രൊപ്പോസൽകൂടി കേന്ദ്രസർക്കാരിലേക്ക് സമർപ്പിക്കുന്നതാണ്. ബന്ധപ്പെട്ട കമ്പനികളിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും പരിഗണനയിലുണ്ട്.

**എൻഡോസൾഫാൻ ദുരിത ബാധിതർ**

86 (98) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും അനുകൂല നടപടി കേന്ദ്ര സർക്കാരിൻെറ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 50073/ജി1/2010/ആകുവ. നമ്പർ കത്ത് പ്രകാരം 8-8-2011-ന് എൻഡോസൾഫാൻ ദുരിതബാധിതരുടെ ക്ഷേമത്തിനായി 485.33 കോടി രൂപ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു വെങ്കിലും ധനസഹായം ലഭ്യമായിട്ടില്ല.

## നഷ്ടപരിഹാരം

87 (99) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ബഹു. സുപ്രീം കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ടി തുക കമ്പനികളിൽനിന്നും ഈടാക്കി നൽകാനാണോ സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുക വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ ദുരിതബാധിതർക്കായി ആജീവനാന്ത ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സുപ്രീം കോടതി ഉത്തരവുപ്രകാരം ദുരിതബാധിതർക്ക് ധനസഹായം അനുവദിക്കാനും അനുവദിച്ച തുക ബന്ധപ്പെട്ട കമ്പനികളിൽനിന്നോ കേന്ദ്രസർക്കാരിൽനിന്നോ ഈടാക്കുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) എൻഡോസൾഫാൻ ദുരിതബാധിതരായിട്ടുള്ളവർക്ക് വിവിധ തരത്തിലുള്ള സഹായങ്ങൾ അനുവദിക്കുന്നതിലേക്കായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ വിധിപ്രകാരം ദുരിതബാധിതർക്ക് 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കേണ്ടിവരുമ്പോൾ ആകെ 292.4 കോടി രൂപയാണ് വേണ്ടിവരുന്നത്. ഇതിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തതിൻപ്രകാരം അനുവദിച്ച തുക കുറയ്ക്കുമ്പോൾ ബാക്കി ധനസഹായം അനുവദിക്കുന്നതിന് 200 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രത്യേക ധനസഹായം നൽകണമെന്ന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽനിന്നും പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും എൻഡോസൾഫാൻ ദുരിതംമൂലം മരണപ്പെട്ടവരുടെ

ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യം ഉള്ളവർ, ക്യാൻസർ രോഗികൾ എന്നിവർക്ക് മൂന്നുലക്ഷം രൂപ വീതവും ഗഡുക്കളായി നൽകുന്നതിന് തീരുമാനിക്കുകയും ആദ്യഗഡുവായി 45.745 കോടി രൂപയും രണ്ടാം ഗഡുവായി 44.466 കോടി രൂപയും ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) എൻഡോസൾഫാൻ പുനരധിവാസപ്രവർത്തനവുമായി ബന്ധപ്പെട്ട് ദുരിതബാധിതർക്ക് ആജീവനാന്തം പൂർണ്ണ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തു ന്നതിനായി സൗജന്യ സ്പെഷ്യലിസ്റ്റ് ആന്റ് സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കിവരുന്നു. ആയതിലേക്കായി കേരളത്തിലും കർണ്ണാടകയിലുമായി 17 ആശുപത്രികൾ എംപാനൽ ചെയ്യപ്പെട്ടിട്ടുണ്ട്.

കിടപ്പിലായ രോഗികൾക്ക് വീട്ടിലെത്തി ചികിത്സ ലഭ്യമാക്കുന്നതിനായി മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ആവശ്യമായ വീടുകളിൽ ചെന്ന് സാന്ത്വന ചികിത്സ ലഭ്യമാക്കുന്നതിനായി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. വൃക്കരോഗ ബാധിതരിൽ ഡയാലിസിസ് ആവശ്യമായി വരുന്നവർക്ക് കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. 8 ഡയാലിസിസ് മെഷീനുകൾ ഇതിനായി സജ്ജീകരിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരെ ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തിക്കുന്നതിന് ജില്ലയിലെ 11 പഞ്ചായത്തുകളിലും വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ മെഡിക്കൽ ടീം ദുരിതബാധിതരായി കിടപ്പിലായ രോഗികളുടെ വീട്ടിൽ ചെന്ന് സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ സുസജ്ജമായ ഫിസിയോ തെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. സൗജന്യ ചികിത്സായിനത്തിൽ നാല് കോടി രൂപയോളം പ്രതിവർഷം ചെലവാകുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 1200 രൂപ, 1700 രൂപ, 2200 രൂപ നിരക്കിൽ നിലവിൽ പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

എൻഡോസൾഫാൻ ദുരിതംമൂലം പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ കഴിയാത്തവരെ) പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി മുഖേന പ്രതിമാസം 700 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. മാനസികവൈകല്യമുള്ള കുട്ടികൾക്കായി 7 ബഡ്സ് സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് വാഹനസൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ നിധി

88 (100) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരൂരങ്ങാടി മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ നിധിയിൽനിന്നും തുക അനുവദിക്കപ്പെട്ടവരുടെ പേരും മേൽവിലാസവും അനുവദിച്ച തുകയും പട്ടിക തിരിച്ച് നൽകാമോ ?

ഉത്തരം

മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## ദുരിതാശ്വാസനിധി

89 (101) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഏതൊക്കെ രോഗങ്ങളുടെ ചികിത്സയ്ക്കാണ് ധനസഹായം അനുവദിക്കുന്നതെന്നും, അതിനായി എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്നും അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽനിന്നും എത്ര ചികിത്സാ ധനസഹായ അപേക്ഷകൾ ലഭിച്ചു എന്നും അവയിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) ക്യാൻസർ, വൃക്ക, കരൾ, ഹൃദയം, ന്യൂറോ സംബന്ധമായ ഗുരുതര രോഗങ്ങളുടെ ചികിത്സയ്ക്കാണ് ധനസഹായം അനുവദിക്കുന്നത്. ഇതിനായി മെഡിക്കൽ സർട്ടിഫിക്കറ്റ്, വാർഷിക വരുമാന സർട്ടിഫിക്കറ്റ്, തിരിച്ചറിൽ രേഖ എന്നിവ ഹാജരാക്കണം.

(ബി) മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ സൂക്ഷിക്കാറില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

90 (102) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ചികിത്സാ സഹായത്തിനായി ചികിത്സാ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്ത് അപേക്ഷിക്കുന്നവരോട് പിന്നീടുള്ള അന്വേഷണ സമയത്ത് ബന്ധപ്പെട്ട വില്ലേജ് ആഫീസർമാർ വീണ്ടും ചികിത്സാ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് ബുദ്ധിമുട്ടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചികിത്സാ സഹായവുമായി ബന്ധപ്പെട്ട് ചെങ്ങന്നൂർ താലൂക്കിലെ അപേക്ഷകരുടെ അന്വേഷണ റിപ്പോർട്ടുകൾ, അന്വേഷണങ്ങൾ, വില്ലേജ് ആഫീസ്, താലൂക്ക് ആഫീസ്, ജില്ലാ കളക്ടറേറ്റ് എന്നീ ആഫീസുകളിൽ പെൻഡിംഗ് ആയതുമൂലം അപേക്ഷകർക്ക് ചികിത്സാ സഹായം വൈകുന്നത് ഒഴിവാക്കാൻ മറ്റുമാർഗ്ഗങ്ങൾ സർക്കാർ ആരായുമോ;

(സി) ചികിത്സാ സഹായത്തിനായി അപേക്ഷിക്കുന്നവർക്ക് വേഗത്തിൽ സഹായം ലഭിക്കുവാനുള്ള സംവിധാനം സർക്കാർ ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡപ്രകാരം ആറു മാസത്തിനകം എടുത്ത മെഡിക്കൽ സർട്ടിഫിക്കറ്റിൽ ബന്ധപ്പെട്ട ഡോക്ടറുടെയും ഹോസ്പിറ്റലിന്റെയും സീൽ പതിപ്പിച്ചിട്ടുണ്ടെങ്കിൽ വീണ്ടും മെഡിക്കൽ രേഖകൾ ആവശ്യപ്പെടാറില്ല.

(ബി&സി) ചികിത്സാ സഹായം വൈകുന്നത് ഒഴിവാക്കാൻ ഓൺലൈൻ സംവിധാനം ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**ദുരിതാശ്വാസനിധിയിൽ നിന്നുള്ള തുക**

91 (103) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ അതാത് സമയങ്ങളിൽ മണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) എം.എൽ.എ.-മാരുടെ കത്തോടുകൂടി സമർപ്പിക്കുന്ന അപേക്ഷകളിൽ അനുവദിക്കുന്ന തുകയുടെ വിവരങ്ങൾ അവരെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും തുക അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അപ്പോൾത്തന്നെ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു.

(ബി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ എം.എൽ.എ.-മാർ സമർപ്പിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ നേരിട്ടുലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

## ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായം

92 (104) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സഹായം ലഭിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാൻസർ പോലുള്ള മാരക രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം ഉടനടി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഓൺലൈൻ മുഖേന അപേക്ഷ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കാലതാമസം ഒഴിവാക്കി ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിലേക്കായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## ദുരിതാശ്വാസനിധിയിൽനിന്നുള്ള ആനുകൂല്യം

93 (105) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ആനുകൂല്യം ലഭിക്കുന്നതിന് മങ്കട നിയോജക മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അപേക്ഷകരുടെ പേരുൾപ്പെടെയുള്ള വിവരം വിശദമാക്കുമോ;

(ബി) ഇതിൽ എത്ര പേർക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് പേര്, അനുവദിച്ച തുക എന്നിവയുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സഹായം നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(സി) ധനസഹായത്തിനായി ലഭിച്ചുകൊണ്ടിരിക്കുന്ന അപേക്ഷകളിന്മേൽ സമയോചിതമായി നടപടികൾ സ്വീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചുവരുന്നു.

**ദുരിതാശ്വാസനിധിക്കുള്ള അപേക്ഷകൾ**

94 (106) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായത്തിന് അപേക്ഷിച്ചിരുന്നവരിൽ മുൻസർക്കാർ അനുവദിച്ചതും എന്നാൽ സഹായം നൽകാതിരുന്നതുമായ എത്ര അപേക്ഷകർ ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര എണ്ണത്തിന് ഈ സർക്കാർ സഹായധനം അനുവദിക്കുകയുണ്ടായെന്നും അതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മുൻസർക്കാർ അനുവദിച്ചതും എന്നാൽ സഹായം ലഭിക്കാതിരുന്നതുമായ അർഹതയുള്ള എല്ലാ അപേക്ഷകളിലും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ആനുകൂല്യം ലഭിക്കുന്നതിനുള്ള കാലതാമസം**

95 (107) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ എത്ര ദിവസത്തിനകം തീരുമാനമുണ്ടാക്കി തുക വിതരണം ചെയ്യണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്;

(ബി) ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലതാമസം ഉണ്ടാകുന്നുവെങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായതുമായ അപേക്ഷകൾ പരിശോധിച്ച് കഴിയുന്നത്ര വേഗത്തിൽ തന്നെ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനംകൂടി ഏർപ്പെടുത്തിയിട്ടുണ്ട്.

**ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായം**

96 (108) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഓരോ ജില്ലയിലും ധനസഹായം അനുവദിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) അനുവദിക്കപ്പെട്ട ധനസഹായം ലഭിക്കാത്തവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായത്തിനായി ലഭിച്ച എത്ര അപേക്ഷകൾ ഇക്കാലയളവിൽ നിരസിക്കപ്പെടുകയുണ്ടായി എന്നറിയിക്കുമോ ?

ഉത്തരം

(എ-ഡി) അനുബന്ധം (1,2,3 &4) ആയി ചേർത്തിരിക്കുന്നു.*

**ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായം**

97 (109) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും എത്ര പേർക്ക് ധനസഹായം അനുവദിച്ചു;

(ബി) ധനസഹായം ലഭിച്ചവരുടെ പേരും വിലാസവും ലഭ്യമാക്കാമോ;

(സി) ഇതിൽ വാമനപുരം നിയോജകമണ്ഡലത്തിലെ കണക്കുകൾ പ്രത്യേകം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽനിന്നും 1033 പേർക്ക് 1,40,62,153 രൂപ സി.എം.ഡി.ആർ.എഫ്.-ൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ധനസഹായം അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ പേരും വിലാസവും സഹിതം സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(സി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

98 (110) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായത്തിനായി എം.എൽ.എ.-മാരുടെ ശിപാർശയോടെ നൽകുന്ന അപേക്ഷകളിലെ നടപടികൾ സംബന്ധിച്ച് എം.എൽ.എ.-മാർക്ക് യഥാസമയം മറുപടി ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സഹായധന ഉത്തരവിനുശേഷം തുക അനുവദിച്ച കാര്യംകൂടി ഉൾപ്പെടുത്തിയുള്ള മറുപടി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവരുടെ സൗകര്യത്തിനായി ഉത്തരവ് പുറപ്പെടുവിക്കുമ്പോൾതന്നെ ആയത് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്.

## കുടുംബത്തിനുള്ള ധനസഹായം

99 (111) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഡിസംബറിൽ വയനാട്ടിലെ ബാണാസുര സാഗർ ജലാശയത്തിൽ മുങ്ങിത്താണ യുവാവിനെ രക്ഷിക്കാൻ ശ്രമിക്കവേ മരണമടഞ്ഞ ആദിവാസി വിഭാഗത്തിൽപ്പെട്ട ബാബുവിന്റെ കുടുംബത്തിന് എന്തൊക്കെ സഹായങ്ങൾ വാഗ്ദാനം ചെയ്തിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) കുടുംബത്തിന്റെ ഉപജീവനത്തിന് വേണ്ടി കുടുംബത്തിലെ ഒരാൾക്ക് ജോലി നൽകാമെന്ന വാഗ്ദാനം നല്കിയിരുന്നോ;

(സി) എങ്കിൽ ജോലി നല്കാമെന്ന വാഗ്ദാനം എത്രയും പെട്ടെന്ന് നടപ്പാക്കുമോ?

ഉത്തരം

(എ-സി) ബാബുവിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 26-12-2015-ലെ സ.ഉ. (എം.എസ്.) നമ്പർ 695/2015/റവ. ഉത്തരവുപ്രകാരം 10 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ പരേതന്റെ സഹോദരന് വനം വകുപ്പിൽ ഫോറസ്റ്റ് ഗാർഡായി നിയമനം നൽകുന്നതിന് മന്ത്രിസഭാ യോഗതീരുമാനം ആയെങ്കിലും ടിയാൻ എസ്.എസ്.എൽ.സി. പരീക്ഷ പരാജയപ്പെട്ട ആളായതിനാൽ ടിയാന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള ജോലി നൽകണമെന്ന വയനാട് ജില്ലാ കളക്ടറുടെ ശിപാർശ വനം വകുപ്പിൽ പരിശോധിച്ചുവരികയാണ്.

## സോളാർ സംവിധാനം

100 (112) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റാൻ ആവശ്യമായ വൈദ്യുതി സോളാർ സംവിധാനത്തിലൂടെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ ;

(ബി) സോളാർ സംവിധാനം ഏർപ്പെടുത്തിയതിന് എത്ര തുക ചെലവായി; പ്രതിദിന ഉപയോഗത്തിനായി എത്ര യൂണിറ്റ് വൈദ്യുതി ലഭിക്കുന്നുണ്ട്; വിശദവിവരം നൽകാമോ ;

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 15.5 മെഗാവാട്ട് കപ്പാസിറ്റിയുള്ള പി.വി.സോളാർ പ്ലാന്റ് (ഫോട്ടോ വോൾട്ടായിക്ക് സോളാർ പ്ലാന്റ്) സ്ഥാപിക്കുവാൻ ഏകദേശം 80 കോടി രൂപ ചെലവായിട്ടുണ്ട്. ശരാശരി 62000 യൂണിറ്റ് വൈദ്യുതി ദിനംപ്രതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതുവഴി പ്രതിവർഷം ഏകദേശം 15 കോടി രൂപ ലാഭമുണ്ടാക്കാൻ കഴിയുന്നുണ്ട്.

## ശബരിമലയ്ക്കടുത്ത് വിമാനത്താവളം

101 (113) <u>ശ്രീ.രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല തീർത്ഥാടകർക്കും നാട്ടുകാർക്കും ഒരുപോലെ പ്രയോജനം ചെയ്യുംവിധം ശബരിമലയ്ക്കടുത്ത് ഒരു വിമാനത്താവളം സ്ഥാപിക്കുമെന്ന സംസ്ഥാന സർക്കാരിന്റെ തീരുമാനം നടപ്പാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ ഇതേവരെ സ്വീകരിച്ചിട്ടുണ്ട്; ഇവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ഏജൻസികളിൽനിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21-2-2017-ലെ ഉത്തരവുപ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാപഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**ലൈറ്റ് മെട്രോ**

102 (114) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ലൈറ്റ് മെട്രോ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ആരെയാണ് ഈ പദ്ധതിയുടെ കൺസൾട്ടൻസിയായി നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിക്ക് 11-9-2015-ലെ ജി.ഒ. (എം.എസ്.) 74/2015/പി.ഡബ്ല്യു.ഡി പ്രകാരം സംസ്ഥാന സർക്കാർ ഭരണാനുമതി നൽകി. കേന്ദ്രസർക്കാരിന്റെ അംഗികാരത്തിനായി പദ്ധതി റിപ്പോർട്ടും സമഗ്ര ഗതാഗത രൂപരേഖയും സമർപ്പിച്ചിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.യെ നിയമിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനോടനുബന്ധിച്ച പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നീ ഫ്ലൈ ഓവറുകളുടെ ഡി.പി.ആറുകൾക്ക് വിശദ പഠനത്തിനു ശേഷം സംസ്ഥാന സർക്കാർ 8-9-2016-ലെ ജി.ഒ.(എം.എസ്.) നമ്പർ 67/2016/പി.ഡബ്ല്യു.ഡി., പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ജി.ഒ. പ്രകാരം 272.84 കോടി രൂപ ചെലവുവരുന്ന പദ്ധതിക്ക് 2.77 ഹെക്ടർ സ്ഥലമേറ്റെടുപ്പിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നീ ഫ്ലൈ ഓവറുകളുടെ സ്ഥലമേറ്റെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കഴക്കൂട്ടം മുതൽ കേശവദാസപുരം വരെ റോഡ് വികസിപ്പിക്കുന്നതിന് 6.7543 ഹെക്ടർ സ്ഥലം എടുക്കുന്നതിന് ഉത്തരവായി.

(ബി) തിരുവനന്തപുരം നഗരത്തിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിനുള്ള ഡി.എം.ആർ.സി. തയ്യാറാക്കിയ വിശദ പദ്ധതിരേഖ സർക്കാർ അംഗീകരിച്ച് 11-9-2015-ലെ ജി.ഒ. (എംഎസ്.) 74-2015/ പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. പദ്ധതിയുടെ ആകെ അടങ്കൽ തുക 4219 കോടി (കേന്ദ്രനികുതി ഉൾപ്പെടെ) രൂപയാണ്. ഡി.പി.ആർ. പ്രകാരം തിരുവനന്തപുരം നഗരത്തിൽ ടെക്നോസിറ്റി, പള്ളിപ്പുറം, കണിയാപുരം, കഴക്കൂട്ടം കഴക്കൂട്ടം ജംഗ്ഷൻ, കാര്യവട്ടം, ഗുരുമന്ദിരം, പാങ്ങപ്പാറ, ശ്രീകാര്യം, പോങ്ങുംമൂട്, ഉള്ളൂർ, കേശവദാസപുരം, പട്ടം, പ്ലാമൂട്, പാളയം, സെക്രട്ടേറിയറ്റ്, തമ്പാനൂർ, കിള്ളിപ്പാലം, കരമന എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് 21.821 കി.മീ., 19 സ്റ്റേഷനുകളോടെയാണ് ലൈറ്റ് മെട്രോ പദ്ധതിയുടെ ആദ്യഘട്ടം രൂപകൽപ്പന ചെയ്തിട്ടുള്ളത്. ലൈറ്റ് മെട്രോ പദ്ധതി കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പദ്ധതി ചെലവിന്റെ 20 ശതമാനം കേരള സർക്കാരും 20 ശതമാനം കേന്ദ്ര സർക്കാരും കണ്ടെത്തണമെന്നാണ് ഡി.പി.ആർ.-ൽ വിഭാവനം ചെയ്തിരിക്കുന്നത്. ബാക്കി 60 ശതമാനം തദ്ദേശ/വിദേശ വായ്പകൾവഴി സ്വരൂപിക്കാനാണ് ഡി.പി.ആർ. നിർദ്ദേശിക്കുന്നത്.

(സി) ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.യെ നിയമിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാനാവശ്യമായ 19.54.716 ഏക്കർ സർക്കാർ ഭൂമി, 30-12-2016-ലെ സ.ഉ. (നമ്പർ) 607/16/റവ. സർക്കാർ ഉത്തരവ് പ്രകാരം കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ശ്രീകാര്യം, പട്ടം, ഉള്ളൂർ, എന്നീ ഫ്ലൈ ഓവറുകളുടെ സ്ഥലമേറ്റെടുപ്പിനുള്ള വിശദാംശങ്ങൾ തിരുവനന്തപുരം ജില്ലാകളക്ടർക്ക് കൈമാറിയിട്ടുണ്ട് പദ്ധതിയുടെ ഭാഗമായി അത്യാവശ്യം നടപ്പിലാക്കേണ്ട കഴക്കൂട്ടം-കേശവദാസപുരം പാതവികസനത്തിനും ഭരണാനുമതി നൽകിക്കൊണ്ട് 16-1-2017-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ.79/17/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

**മെട്രോ റെയിൽ പദ്ധതി**

103 (115) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടന്നിട്ടുള്ളതെന്നും ഇനി എന്തെല്ലാമാണ് നടക്കാനുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആലുവ മുതൽ പാലാരിവട്ടം വരെയുള്ള പദ്ധതി പ്രവർത്തനം അവസാന ഘട്ടത്തിൽ എത്തി നിൽക്കുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ആലുവ മുതൽ പാലാരിവട്ടം വരെയുള്ള നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി വയഡക്ട്, ട്രാക്ക്, വൈദ്യുതീകരണ ജോലികൾ പൂർത്തീകരിച്ചുകഴിഞ്ഞു.

ആകെയുള്ള പതിനൊന്ന് സ്റ്റേഷന്റെ ആർ.സി.സി. സ്ട്രക്ചർ പൂർത്തിയായി ക്കഴിഞ്ഞു. ബാക്കിയുള്ള മിനുക്കുപണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

അഞ്ച് ട്രെയിനുകൾ ഇപ്പോൾ <u>മുട്ടത്തുള്ള</u> ഡിപ്പോയിൽ പരീക്ഷണ ഓട്ടത്തിലാണ്. സിഗ്നലിംഗ്, ടെലികമ്മ്യൂണിക്കേഷൻ ജോലികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള ആലുവ-പാലാരിവട്ടം സെക്ഷനിലെ ജോലികൾ 2017 മാർച്ച് മാസത്തിൽ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. സിഗ്നലിംഗ് വിഭാഗത്തിന്റെ സുരക്ഷാ പരിശോധന ഏതാനും ആഴ്ചകൾക്കുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

മെട്രോ സുരക്ഷാ കമ്മീഷണറുടെ അനുമതിക്കായുള്ള ഒന്നാംഘട്ട അപേക്ഷ സമർപ്പിക്കുകയും രണ്ടാംഘട്ട അപേക്ഷ സമർപ്പണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. സുരക്ഷാ പരിശോധനയ്ക്കുള്ള തയ്യാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞു.

(സി) കൊച്ചി മെട്രോയുടെ ആദ്യഘട്ടമായ ആലുവ മുതൽ പാലാരിവട്ടം വരെയുള്ള പ്രവർത്തനം 31-3-2017-ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, മെട്രോ റെയിൽ സുരക്ഷാ കമ്മീഷണറുടെ പരിശോധന നടത്തി അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അംഗീകാരം ലഭിച്ചശേഷം മെട്രോയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**കൊച്ചി മെട്രോയുടെ പ്രവർത്തനം**

104 (116) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ പ്രവർത്തനം ഏത് തീയതി മുതൽ യാഥാർത്ഥ്യമാകുമെന്ന് അറിയിക്കുമോ ;

(ബി) കൊച്ചി മെട്രോ കാക്കനാട് വരെ ദീർഘിപ്പിക്കുന്ന പ്രവൃത്തി എപ്പോഴാണ് പൂർത്തീകരിക്കുക ; ഇത് സംബന്ധിച്ച് ഇപ്പോൾ നടന്നുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കൊച്ചി മെട്രോയുടെ ആദ്യഘട്ടമായ ആലുവ മുതൽ പാലാരിവട്ടം വരെയുള്ള പ്രവർത്തനം 31-3-2017-ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, മെട്രോ റെയിൽ സുരക്ഷാ കമ്മീഷണറുടെ പരിശോധന നടത്തി അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അംഗീകാരം ലഭിച്ചശേഷം മെട്രോയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) കൊച്ചി മെട്രോ കാക്കനാട് വരെ ദീർഘിപ്പിക്കുന്ന പ്രവൃത്തി ജൂൺ 2021-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ തീരുമാനമെടുത്തശേഷം കേന്ദ്രഗവൺമെന്റിന്റെ അനുമതിയും ലഭിക്കേണ്ടതുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലുള്ള റോഡ് വീതി കൂട്ടുന്നതിനായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

**വാട്ടർ മെട്രോ പദ്ധതി**

105 (117) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വാട്ടർ മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നിർദ്ദിഷ്ട പദ്ധതിയുടെ റൂട്ടുകൾ ഏതെല്ലാമാണെന്നും ബോട്ട് ജെട്ടികൾ എവിടെയെല്ലാമാണ് നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പശ്ചിമ കൊച്ചിയിലെ യാത്രാക്ലേശം കണക്കിലെടുത്ത് മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, തോപ്പുംപടി, ചെല്ലാനം, കുമ്പളങ്ങി, പെരുമ്പടപ്പ്, പള്ളുരുത്തി, ഇടക്കൊച്ചി തുടങ്ങിയ പ്രദേശങ്ങളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) വാട്ടർ മെട്രോ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊച്ചി നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലെ ദ്വീപുകളെയും കിഴക്കൻ പ്രദേശത്തെ ചമ്പക്കര കനാലിന്റെ കരകളെയും ഉൾപ്പെടുത്തി വിവിധ ഗതാഗത മാർഗ്ഗങ്ങൾ ബന്ധിപ്പിച്ച് നടപ്പാക്കുന്ന സംയോജിത ഗതാഗത പദ്ധതിയുടെ ഭാഗമാണ് കൊച്ചി വാട്ടർ മെട്രോ. ഡി.പി.ആർ. പ്രകാരമുള്ള മൊത്തം പദ്ധതി ചെലവായ 747.28 കോടി രൂപയിൽ 579.71 കോടി രൂപ (85 മില്യൺ യൂറോ) ജർമൻ ധനകാര്യസ്ഥാപനമായ കെ.എഫ്.ഡബ്ല്യൂ-ൽനിന്നും ദീർഘകാല വായ്പയായി ലഭിക്കാൻ ധാരണയായിട്ടുണ്ട്. 102.30 കോടി രൂപ കേരള സർക്കാരിന്റെ വിഹിതമാണ്. 65.27 കോടി രൂപ പിന്നീട് അനുയോജ്യമായ പൊതുസ്വകാര്യ പങ്കാളിത്തം വഴി കണ്ടെത്തും. പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 2016 ജൂലൈ 23-ാം തീയതി നിർവ്വഹിച്ചു. പ്ലാനിംഗും ഡിസൈനിംഗും ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) പ്രകാരം 16 റൂട്ടുകളും 38 ബോട്ട് ജെട്ടികളുടെ പുനരുദ്ധാരണവും 78 ആധുനിക ബോട്ടുകളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ പ്രായോഗിക സാധ്യതകൾ അവസാന വിശകലനത്തിലാണ് ഡി.പി.ആർ. പ്രകാരമുള്ള റൂട്ടുകളും ജെട്ടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പശ്ചിമ കൊച്ചിയിലെ മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, തോപ്പുംപടി, ഇടക്കൊച്ചി പ്രദേശങ്ങൾ പദ്ധതിയുടെ ഭാഗമാണ്. ഇപ്പോൾ അനുവദിക്കപ്പെട്ടിരിക്കുന്ന പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് പ്രദേശങ്ങളുടെ സാധ്യതകൂടി പരിശോധിക്കാവുന്നതാണ്.

(ഡി) 2018-19 സാമ്പത്തിക വർഷത്തിൽ ആദ്യഘട്ടം പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പറമ്പിക്കുളം - ആളിയാർ കരാർ

106 (118) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം - ആളിയാർ കരാർ ലംഘിച്ചുകൊണ്ട് തമിഴ്നാട് കഴിഞ്ഞ രണ്ട് വർഷമായി ഷോളയാർ ഡാമിലേക്ക് മതിയായ വെള്ളം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെക്കന്റിൽ എത്ര ഘനയടി ജലം നൽകണമെന്നതാണ് വ്യവസ്ഥ യെന്നും, എത്രയാണ് യഥാർത്ഥത്തിൽ ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) പറമ്പിക്കുളം-ആളിയാർ കരാർ തുടർച്ചയായി തമിഴ്നാട് ലംഘിക്കുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം ഓരോ ജലവർഷവും ചാലക്കുടി നദീതടത്തിൽ നിന്നും 12300 എം.സി.എഫ്.ടി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. കേരളാ ഷോളയാറിലേക്ക് ഒരു നിശ്ചിത തോതിൽ ജലം ലഭ്യമാക്കണമെന്ന് വ്യവസ്ഥയില്ല. എന്നാൽ തമിഴ്നാട് ജൂലായ് 1 മുതൽ കേരള ഷോളയാർ റിസർവോയർ നിറയ്ക്കാൻ തുടങ്ങുകയും എത്രയും പെട്ടെന്ന് ജലനിരപ്പ് 2658 അടിയിൽ എത്തിക്കുകയും വേണം. കേരള ഷോളയാറിലെ ജലവിതാനം സെപ്റ്റംബർ 1-ന് പൂർണ്ണ നിരപ്പായ (എഫ്.ആർ.എൽ.) 2663 അടിയിൽ എത്തിക്കേണ്ടതാണ്. സെപ്റ്റംബർ 2 മുതൽ ജനുവരി 31 വരെ ജലവിതാനം 2658 അടിയിൽ നിലനിർത്തണം. ഫെബ്രുവരി 1-ന് ജലവിതാനം പൂർണ്ണ ജലനിരപ്പായ (എഫ്.ആർ.എൽ.) 2663 അടിയിൽ നിർത്തേണ്ടതാണ്. 2015-16 ജലവർഷത്തിൽ 11114 എം.സി.എഫ്.റ്റി. ജലവും നടപ്പ് ജലവർഷത്തിൽ (2016-17) ഫെബ്രുവരി ഒന്നാം ദ്വൈവാരം (15-2-2017) വരെ 3936.17 എം.സി.എഫ്.റ്റി. ജലവുമാണ് ലഭിച്ചിട്ടുള്ളത്.

(സി) പറമ്പിക്കുളം - ആളിയാർ പദ്ധതിയിൽ തമിഴ്നാട് നടത്തിയ കരാർ വ്യവസ്ഥാലംഘനങ്ങളെല്ലാംതന്നെ ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും കേരളം യഥാസമയം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കരാർ പുനരവലോകന ചർച്ചകളിലും കേരളം ഇക്കാര്യം ശക്തമായി ഉന്നയിച്ചിട്ടുണ്ട്.

2012-13 ജലവർഷത്തിൽ, തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരെ 16-4-2013-ന് ബഹു. സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (2 of 2013), ഒരു ഇടക്കാല ഹർജിയും (1 of 2013) ഫയൽ ചെയ്യുകയുണ്ടായി. ഈ ഹർജിയിൽ വൈദ്യുതോൽപ്പാദന രംഗത്തും കാർഷിക മേഖലയിലുമായി കേരളത്തിനുണ്ടായ നഷ്ടം കണക്കാക്കി ആകെ 56,12,22,548 രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിട്ടുണ്ട്. കേസ്സിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു.

ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമവും കാർഷികാവശ്യങ്ങൾക്കുള്ള ജലദൗർലഭ്യവും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2016 സെപ്റ്റംബർ രണ്ടാം ദ്വൈവാരത്തിൽ 700 എം.സി.എഫ്.ടി. ജലം ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേക്കായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 250 ക്യൂസെക്സ് എന്ന തോതിൽ വെള്ളം തരാമെന്നാണ് തമിഴ്നാട് അറിയിച്ചിരുന്നത്. പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെനിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് 16-9-2016-ന് കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി.

ഇതിന് പുറമേ 2016 ഒക്ടോബർ ഒന്നാം ദ്വൈവാരത്തിൽ കരാർപ്രകാരം കേരളത്തിന് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേക്ക് ലഭ്യമാക്കേണ്ട 700 എം.സി.എഫ്.ടി. ജലം (540 ക്യൂസെക്സ് എന്ന തോതിൽ) മണക്കടവ് വിയറിൽ നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ വളരെ കുറഞ്ഞ തോതിലാണ് തമിഴ്നാട് മണക്കടവിൽ ജലം ലഭ്യമാക്കി വന്നത്. ഇതിനെ തുടർന്ന് രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ കരാർപ്രകാരമുള്ള ജലം (കുടിശ്ശിക ഉൾപ്പെടെ) നടപ്പ് ജലവർഷത്തിലെ ശേഷിക്കുന്ന കാലയളവിൽ ലഭ്യമാക്കണമെന്നും തമിഴ്നാട് ഷോളയാർ പവർ ഹൗസ് II പൂർണ്ണമായി പ്രവർത്തിപ്പിച്ച് കേരള ഷോളയാർ ജലനിരപ്പ് എത്രയും പെട്ടെന്ന് പൂർണ്ണ ജലനിരപ്പിൽ (എഫ്.ആർ.എൽ.) എത്തിക്കണമെന്നും തമിഴ്നാട് ഷോളയാർ പവർ ഹൗസ് I-ന്റെ പ്രവർത്തനവും പറമ്പിക്കുളത്തേക്ക് ജലം തിരിച്ച് വിടുന്നതും നിർത്തുകയും ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് ബഹു. കേരള ജലവിഭവ വകുപ്പ് മന്ത്രി 8-10-2016-ന് ബഹു. തമിഴ്നാട് പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. കൂടാതെ രൂക്ഷമായ ജലക്ഷാമം കണക്കിലെടുത്ത് ഈ പ്രശ്നത്തിൽ ഇടപെട്ട് കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നാവശ്യപ്പെട്ട് കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹു. കേന്ദ്രജലവിഭവ വകുപ്പുമന്ത്രിക്കും കത്തയയ്ക്കുകയുണ്ടായി.

കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് തമിഴ്നാട് സംയുക്ത ജലക്രമീകരണ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കാൻ തയ്യാറാവുകയുണ്ടായി. തുടർന്ന് സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (JWRB) 97-മത് യോഗം 26-10-2016-ന് പാലക്കാട് വച്ച് ചേർന്നു. ഈ യോഗത്തിൽ കേരളം, കീഴ്നദീതട അവകാശത്തിന്റെ അടിസ്ഥാനത്തിൽ പി.എ.പി. കരാർപ്രകാരം ഉറപ്പാക്കിയിട്ടുള്ള ജലം ഏതൊരു സാഹചര്യത്തിലും ലഭ്യമാക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടു. ഇതിനുശേഷം 98-മത് JWRB യോഗം 13-12-2016-ന് തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ വച്ച് ചേരുകയുണ്ടായി. ഈ യോഗത്തിൽ പി.എ.പി. കരാർപ്രകാരമുള്ള ജലം നൽകണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടു. മണക്കടവ് വിയറിൽ 7.25 ടി.എം.സി.എഫും കേരള ഷോളയാറിൽ 12.3 ടി.എം.സി.എഫും കരാർപ്രകാരം കേരളത്തിന് ഉറപ്പാക്കിയിട്ടുള്ളതാണെന്നും ഇത് കേരളത്തിന് നൽകിയതിനുശേഷമേ തമിഴ്നാടിന് പി.എ.പി.യിൽ നിന്നും ജലം എടുക്കുവാൻ സാധിക്കുകയുള്ളൂവെന്നും കേരളം വാദിക്കുകയും ആയതിനാൽ കുടിവെള്ളത്തിന് വേണ്ടിയുള്ള ജലം മാത്രം എടുത്തശേഷം ബാക്കി ജലം മുഴുവൻ കേരളത്തിന് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടു. മാത്രമല്ല 97-ാമത് JWRB യോഗത്തിൽ സമ്മതിച്ചതുപോലെ തമിഴ്നാട് മണക്കടവ് വിയറിൽ നവംബർ 11, ഡിസംബർ 1 എന്നീ ദ്വൈവാരങ്ങളിൽ ജലം നൽകിയിട്ടില്ല എന്ന കാര്യവും കേരളം ചൂണ്ടിക്കാട്ടി. എന്നാൽ 13-12-2016 മുതൽ ഡിസംബർ അവസാനവാരം വരെ മണക്കടവിൽ 175 ക്യൂസെക്സ് എന്ന തോതിൽ മാത്രമേ ജലം നൽകാൻ സാധിക്കുകയുള്ളൂവെന്ന് 98-ാമത് JWRB യോഗത്തിൽ തമിഴ്നാട് അറിയിക്കുകയും തുടർന്ന് മണക്കടവിലേക്കുള്ള ജലവിതരണത്തോത് ഇരു ഗവൺമെന്റുകളുടേയും തീരുമാനപ്രകാരമാകാമെന്ന് ധാരണയുമായി. ഇതിന് പുറമേ തമിഴ്നാട് ഷോളയാറിലെ ജലസംഭരണ നില വെച്ച് നോക്കുമ്പോൾ ഫെബ്രുവരി ഒന്നാം തീയതി കേരളാ ഷോളയാർ റിസർവോയർ പൂർണ്ണ ജലനിരപ്പിലാക്കുക അസാദ്ധ്യമായതിനാൽ തമിഴ്നാട് ഷോളയാറിലെ മുഴുവൻ ജലവും കേരള ഷോളയാറിലേക്ക് തമിഴ്നാട് ഷോളയാർ പവർഹൗസ് II വഴിയോ, By-pass വഴിയോ, കരാർപ്രകാരമുള്ള ജലവിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേരളം ആവശ്യപ്പെട്ടു.

7-1-2017-ൽ ജലവിഭവ വകുപ്പുമന്ത്രി വീണ്ടും ബഹു. തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചതിനെ തുടർന്ന് 28-1-2017-ന് തിരുവനന്തപുരത്തുവച്ച് അന്തർസംസ്ഥാന സെക്രട്ടറിതല ചർച്ച നടക്കുകയും മണക്കടവ് വിയറിൽ 2017 മാർച്ച് അവസാനം വരെ 290 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകണമെന്നും കേരള ഷോളയാറിൽ

കരാർപ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നും കേരളം തമിഴ്നാടിനോട് ആവശ്യപ്പെടുകയും ചെയ്തു. രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പി.എ.പി.യിലെ ജലദൗർലഭ്യം കണക്കിലെടുത്ത് കേരളം തമിഴ്നാടുമായി സഹകരിക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയും എന്നാൽ കീഴ്നദീതട അവകാശപ്രകാരം കേരളത്തിന് മുഴുവൻ ജലവും ലഭിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി കേരളം അത് നിരാകരിച്ചു. 2017 ഫെബ്രുവരി 15 വരെ 200 ക്യൂസെക്സ് എന്ന തോതിൽ മണക്കടവിൽ ജലം ലഭ്യമാക്കണമെന്നത് തമിഴ്നാട് തത്വത്തിൽ അംഗീകരിച്ചു. എന്നാൽ ശിരുവാണിയിൽ നിന്ന് ജലം പമ്പ് ചെയ്ത് തമിഴ്നാടിന് ലഭ്യമാക്കണമെന്ന ആവശ്യത്തിന്മേൽ ഇതിന് ഉയർന്ന തലത്തിലുള്ള തീരുമാനം ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടി കേരളം പ്രസ്തുത ആവശ്യം തൽക്കാലം നിരാകരിച്ചു.

28-1-2017-ലെ സെക്രട്ടറിതല ചർച്ചയിലുണ്ടായ തീരുമാനപ്രകാരം 6-2-2017 മുതൽ 15-2-2017 വരെ മണക്കടവ് വിയറിൽ 200 ക്യൂസെക്സിലധികം ജലം ലഭിക്കുകയും തുടർന്ന് 16-2-2017-ൽ നടന്ന ഉദ്യോഗസ്ഥതല ചർച്ചയെത്തുടർന്ന് 28-2-2017 വരെ ആളിയാറിൽ നിന്ന് 250 ക്യൂസെക്സ് ജലം തുറന്നുവിടാമെന്നും മണക്കടവിൽ ഏകദേശം 190-200 ക്യൂസെക്സ് വരെ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിക്കുകയും ചെയ്തു.

ഇതിന് പുറമേ കേരള ജലസേചന വകുപ്പും കേരള വൈദ്യുതി ബോർഡും കേരള സർക്കാരും പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാടിന് നടപ്പ് ജല വർഷത്തിൽ നിരവധി കത്തുകൾ അയയ്ക്കുകയുണ്ടായിട്ടുണ്ട്.

പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തെ നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ തുടർന്നുവരുന്നു.

**പറമ്പിക്കുളം - ആളിയാർ കരാർ ലംഘനം**

107 (119) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. ബാബു :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം - ആളിയാർ കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കരാർ പ്രകാരം 2017 ജനവരി അവസാനം വരെ തമിഴ്നാട് വിട്ടു നൽകിയ ജലത്തിന്റെ അളവ് എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനം അതിരൂക്ഷമായ ജലക്ഷാമം നേരിടുന്ന സാഹചര്യത്തിൽ തമിഴ്നാട് കരാർ ലംഘനം നടത്തുന്നത് അവസാനിപ്പിക്കാൻ നിയമ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) തുടർച്ചയായ കരാർ ലംഘനത്തിന്റെ അടിസ്ഥാനത്തിൽ, കരാർ റദ്ദാക്കുന്നതിനോ സമഗ്രമായി തിരുത്തിയെഴുതുന്നതിനോ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ എന്നീ മൂന്ന് നദികളിലെ ജലം പങ്ക് വയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളവും തമിഴ്നാടും 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ 29-5-1970-ൽ പറമ്പിക്കുളം - ആളിയാർ പദ്ധതി കരാർപ്രകാരം ഒപ്പ് വയ്ക്കുകയുണ്ടായി. പറമ്പിക്കുളം - ആളിയാർ പദ്ധതിക്കരാറിന്റെ കാലാവധിയെ സംബന്ധിച്ച് കരാറിൽ പരാമർശിച്ചിട്ടില്ല. എന്നാൽ കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്.

ജല വിഭജനത്തെ സംബന്ധിച്ച് പി.എ.പി. കരാർപ്രകാരം കേരളത്തിന് ഓരോ ജലവർഷവും (ജൂലായ് 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവ്) ലഭിക്കേണ്ട ജലത്തിന്റെ അളവ് നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. കേരളത്തിലെ ചിറ്റൂർപുഴയ്ക്ക് പ്രതിവർഷം 7250 എം.സി.എഫ്.റ്റി. ജലം (ഉപയോഗിക്കാനാവാത്ത പ്രളയജലമൊഴികെ) കേരളാതിർത്തിക്കടുത്തുള്ള മണക്കടവ് വിയറിൽ ലഭ്യമാക്കേണ്ടതാണ്.

2. ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ വർഷവും 12300 എം.സി.എഫ്.റ്റി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. ഇത് കേരള ഷോളയാർ പവർ ഹൗസിൽ അളന്നു പുറത്ത് വിടേണ്ടതാണ്.

3. ലോവർ നീരാർ ഡാമിന്റെയും പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ ഡാമുകളുടെയും വൃഷ്ടി പ്രദേശത്തുനിന്നും കിട്ടുന്ന ജലം ഒരുമിച്ച് കണക്കാക്കി 16500 എം.സി.എഫ്.റ്റി.-യിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.റ്റി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേക്കും വിടേണ്ടതാണ്.

4. പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം മുഴുവനും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേക്ക് തിരിച്ച് വിടേണ്ടതാണ്. ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ല. കേരള സർക്കാർ പെരിയാർ നദീതടത്തിൽ വിഭാവനം ചെയ്തിട്ടുള്ള ജല സംഭരണികൾ പ്രവർത്തിച്ചുതുടങ്ങിയ ശേഷം നീരാർ വിയറിൽ നിന്നുള്ള ജലം മുഴുവൻ തമിഴ്നാടിന് തിരിച്ചു വിടാവുന്നതാണ്.

5. ഇടമലയാർ പദ്ധതി പൂർത്തിയായതിനുശേഷം പെരിയാർ നദിതടത്തിലെ ആനമലയാറിൽ നിന്നും ഓരോ വർഷവും 2500 എം.സി.എഫ്.റ്റി. ജലം പറമ്പിക്കുളം - ആളിയാർ പദ്ധതിയിലേക്ക് തമിഴ്നാടിന് തിരിച്ചു വിടാവുന്നതാണ്. ഇതിനായി ഒരു അനുബന്ധ കരാർ ഉണ്ടാക്കേണ്ടതാണ്. ഈ കരാർ ഇതുവരെ ഉണ്ടാക്കിയിട്ടില്ല.

ഇതിനുപുറമേ കരാർപ്രകാരം തമിഴ്നാട് ജൂലായ് 1 മുതൽ കേരള ഷോളയാർ റിസർവോയർ നിറയ്ക്കാൻ തുടങ്ങുകയും എത്രയും പെട്ടെന്ന് ജലനിരപ്പ് 2658 അടിയിൽ എത്തിക്കുകയും വേണം. കേരള ഷോളയാറിലെ ജലവിതാനം സെപ്റ്റംബർ 1-ന് പൂർണ്ണ ജല നിരപ്പായ (എഫ്.ആർ.എൽ.)2663 അടിയിൽ എത്തിക്കേണ്ടതാണ്. സെപ്റ്റംബർ 2 മുതൽ ജനുവരി 31 വരെ ജലവിതാനം 2658 അടിയിൽ നിലനിർത്തണം. ഫെബ്രുവരി 1-ന് ജലവിതാനം പൂർണ്ണ ജലനിരപ്പായ (എഫ്.ആർ.എൽ.) 2663 അടിയിൽ നിർത്തേണ്ടതാണ്.

(ബി)

i. മണക്കടവ് വിയർ: 2910 എം.സി.എഫ്.റ്റി.

ii. കേരള ഷോളയാർ: 3466.44 എം.സി.എഫ്.റ്റി.

iii. നീരാർ: 664.84 എം.സി.എഫ്.റ്റി. (2016 ഒക്ടോബർ 1 മുതൽ 2017 ജനുവരി 31 വരെ)

(സി&ഡി) കേരളത്തിന് പി.എ.പി. കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിനു വേണ്ടി കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിൽ ഊന്നൽ നൽകിക്കൊണ്ട് തമിഴ്നാടുമായി തുടർ ചർച്ചകൾ നടത്തി പ്രശ്നപരിഹാരത്തിനുള്ള ശ്രമങ്ങളാണ് സംസ്ഥാനം നടത്തിവരുന്നത്. ഇത് ഫലവത്തായില്ലെങ്കിൽ പി.എ.പി. കരാറിലെ വ്യവസ്ഥകൾ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പറമ്പിക്കുളം - ആളിയാർ പദ്ധതി

108 (120) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പറമ്പിക്കുളം-ആളിയാർ വിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോ;

(ബി) പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്ന് കരാർ പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ജലം തമിഴ്നാട് നിഷേധിച്ചതിനെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) കരാർ അനുസരിച്ച് എത്ര റ്റി.എം.സി. ജലമാണ് ലഭിക്കേണ്ടതെന്നും ഇത്തവണ ഇതുവരെ എത്ര റ്റി.എം.സി. ജലം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) തമിഴ്നാട് അതിർത്തി പ്രദേശത്തെ ജനങ്ങൾ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന വേളയിൽ ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ നടത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പറമ്പിക്കുളം - ആളിയാർ പദ്ധതിയിൽ തമിഴ്നാട് നടത്തിയ കരാർ വ്യവസ്ഥാലംഘനങ്ങളെല്ലാംതന്നെ ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും കേരളം യഥാസമയം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കരാർ പുനരവലോകന ചർച്ചകളിലും കേരളം ഇക്കാര്യം ശക്തമായി ഉന്നയിച്ചിട്ടുണ്ട്.

2012-13 ജലവർഷത്തിൽ, തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരെ 16-4-2013-ന് ബഹു. സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (2 of 2013), ഒരു ഇടക്കാല ഹർജിയും (1 of 2013) ഫയൽ ചെയ്യുകയുണ്ടായി. ഈ ഹർജിയിൽ വൈദ്യുതോൽപ്പാദന രംഗത്തും കാർഷിക മേഖലയിലുമായി കേരളത്തിനുണ്ടായ നഷ്ടം കണക്കാക്കി ആകെ 56,12,22,548 രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിട്ടുണ്ട്. കേസ്സിന്റെ തുടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമവും കാർഷികാവശ്യങ്ങൾക്കുള്ള ജല ദൗർലഭ്യവും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2016 സെപ്റ്റംബർ രണ്ടാംവാരത്തിൽ 700 എം.സി.എഫ്.റ്റി. ജലമാണ് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേക്കായി ആവശ്യപ്പെട്ടിരുന്നതെങ്കിലും 250 ക്യൂസെക്സ് എന്ന

തോതിൽ വെള്ളം തരാമെന്നാണ് തമിഴ്നാട് അറിയിച്ചിരുന്നത്. പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെനിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്നാവശ്യപ്പെട്ട് 16-9-2016-ന് കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി.

ഇതിന് പുറമേ 2016 ഒക്ടോബർ ഒന്നാംവാരത്തിൽ കരാർപ്രകാരം കേരളത്തിന് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തേക്ക് ലഭ്യമാക്കേണ്ട 700 എം.സി.എഫ്.റ്റി. ജലം (540 ക്യൂസെക്സ് എന്ന തോതിൽ) മണക്കടവ് വിയറിൽ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വളരെ കുറഞ്ഞ തോതിലാണ് തമിഴ്നാട് മണക്കടവിൽ ജലം ലഭ്യമാക്കി വന്നത്. ഇതിനെ തുടർന്ന് രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ കരാർപ്രകാരമുള്ള ജലം (കുടിശ്ശിക ഉൾപ്പെടെ) നടപ്പ് ജലവർഷത്തിലെ ശേഷിക്കുന്ന കാലയളവിൽ ലഭ്യമാക്കണമെന്നും തമിഴ്നാട് ഷോളയാർ പവർഹൗസ് II പൂർണ്ണമായി പ്രവർത്തിപ്പിച്ച് കേരള ഷോളയാർ ജലനിരപ്പ് എത്രയും പെട്ടെന്ന് പൂർണ്ണ ജലനിരപ്പിൽ (എഫ്.ആർ.എൽ.) എത്തിക്കണമെന്നും, തമിഴ്നാട് ഷോളയാർ പവർഹൗസ് - I ന്റെ പ്രവർത്തനവും പറമ്പിക്കുളത്തേക്ക് ജലം തിരിച്ച് വിടുന്നതും നിർത്തുകയും ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള ജലവിഭവ വകുപ്പ് മന്ത്രി 8-10-2016-ന് ബഹു. തമിഴ്നാട് പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. കൂടാതെ രൂക്ഷമായ ജലക്ഷാമം കണക്കിലെടുത്ത് ഈ പ്രശ്നത്തിൽ ഇടപെട്ട് കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നാവശ്യപ്പെട്ട് കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹു. കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്കും കത്തയയ്ക്കുകയുണ്ടായി.

കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് തമിഴ്നാട് സംയുക്ത ജലക്രമീകരണ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കാൻ തയ്യാറാവുകയും തുടർന്ന് സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (JWRB) 97-ാമത് യോഗം 26-10-2016-ന് പാലക്കാട് വച്ച് ചേർന്നു. ഈ യോഗത്തിൽ കേരളം, കീഴ്നദീതട അവകാശത്തിന്റെ അടിസ്ഥാനത്തിൽ പി.എ.പി. കരാർപ്രകാരം ഉറപ്പാക്കിയിട്ടുള്ള ജലം ഏതൊരു സാഹചര്യത്തിലും ലഭ്യമാക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടു. ഇതിനുശേഷം 98-ാമത് JWRB യോഗം 13-12-2016-ന് തമിഴ് നാട്ടിലെ പൊള്ളാച്ചിയിൽ വെച്ച് ചേരുകയുണ്ടായി. ഈ യോഗത്തിൽ പി.എ.പി. കരാർപ്രകാരമുള്ള ജലം നൽകണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടു. മണക്കടവ് വിയറിൽ 7.25 ടി.എം.സി.എഫും കേരള ഷോളയാറിൽ 12.3 ടി.എം.സി.എഫും കരാർ പ്രകാരം കേരളത്തിന് ഉറപ്പാക്കിയിട്ടുള്ളതാണെന്നും ഇത് കേരളത്തിന് നൽകിയതിനുശേഷമേ തമിഴ്നാടിന് പി.എ.പി.യിൽ നിന്നും ജലം

എടുക്കുവാൻ സാധിക്കുകയുള്ളുവെന്നും കേരളം വാദിക്കുകയും ആയതിനാൽ കുടിവെള്ളത്തിന് വേണ്ടിയുള്ള ജലം മാത്രം എടുത്ത ശേഷം ബാക്കി ജലം മുഴുവൻ കേരളത്തിന് നൽകണമെന്നും കേരളം ആവശ്യപ്പെട്ടു. മാത്രമല്ല 97-ാമത് JWRB യോഗത്തിൽ സമ്മതിച്ചത് പോലെ തമിഴ്നാട് മണക്കടവ് വിയറിൽ നവംബർ 11, ഡിസംബർ 1 എന്നീ വാരങ്ങളിൽ ജലം നൽകിയിട്ടില്ല എന്ന കാര്യവും കേരളം ചൂണ്ടിക്കാട്ടി. എന്നാൽ 13-12-2016 മുതൽ ഡിസംബർ അവസാന വാരം വരെ മണക്കടവിൽ 175 ക്യൂസെക്സ് എന്ന തോതിൽ മാത്രമേ ജലം നൽകാൻ സാധിക്കുകയുള്ളൂവെന്ന് 98-ാമത് JWRB യോഗത്തിൽ തമിഴ്നാട് അറിയിക്കുകയും തുടർന്ന് മണക്കടവിലേക്കുള്ള ജലവിതരണ തോത് ഇരു ഗവൺമെന്റുകളുടേയും തീരുമാനപ്രകാരമാകാമെന്ന് ധാരണയുമായി. ഇതിന് പുറമേ തമിഴ്നാട് ഷോളയാറിലെ ജലസംഭരണ നില വെച്ച് നോക്കുമ്പോൾ ഫെബ്രുവരി ഒന്നാം തീയതി കേരളാ ഷോളയാർ റിസർവോയർ പൂർണ്ണ ജലനിരപ്പിലാക്കുക അസാദ്ധ്യമായതിനാൽ തമിഴ്നാട് ഷോളയാറിലെ മുഴുവൻ ജലവും കേരള ഷോളയാറിലേക്ക് തമിഴ്നാട് ഷോളയാർ പവർഹൗസ് II വഴിയോ, By-pass വഴിയോ, കരാർപ്രകാരമുള്ള ജല വിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേരളം ആവശ്യപ്പെട്ടു.

7-1-2017-ൽ ജലവിഭവ വകുപ്പുമന്ത്രി വീണ്ടും ബഹു. തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചതിനെത്തുടർന്ന് 28-1-2017-ന് തിരുവനന്തപുരത്തുവച്ച് അന്തർസംസ്ഥാന സെക്രട്ടറിതല ചർച്ച നടക്കുകയും മണക്കടവ് വിയറിൽ 2017 മാർച്ച് അവസാനം വരെ 290 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകണമെന്നും കേരള ഷോളയാറിൽ കാരാർപ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നും കേരളം തമിഴ്നാടിനോട് ആവശ്യപ്പെടുകയും ചെയ്തു. രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പി.എ.പി.-യിലെ ജല ദൗർലഭ്യം കണക്കിലെടുത്ത് കേരളം തമിഴ്നാടുമായി സഹകരിക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയും എന്നാൽ കീഴ്നദീതട അവകാശപ്രകാരം കേരളത്തിന് മുഴുവൻ ജലവും ലഭിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി കേരളം അത് നിരാകരിച്ചു. 2017 ഫെബ്രുവരി 15 വരെ 200 ക്യൂസെക്സ് എന്ന തോതിൽ മണക്കടവിൽ ജലം ലഭ്യമാക്കണമെന്നത് തമിഴ്നാട് തത്വത്തിൽ അംഗീകരിച്ചു. എന്നാൽ ശിരുവാണിയിൽനിന്ന് ജലം പമ്പ് ചെയ്ത് തമിഴ്നാടിന് ലഭ്യമാക്കണമെന്ന ആവശ്യത്തിന്മേൽ ഇതിന് ഉയർന്ന തലത്തിലുള്ള തീരുമാനം ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടി കേരളം പ്രസ്തുത ആവശ്യം തൽക്കാലം നിരാകരിച്ചു.

28-1-2017-ലെ സെക്രട്ടറിതല ചർച്ചയിലുണ്ടായ തീരുമാനപ്രകാരം 6-2-2017 മുതൽ 15-2-2017 വരെ മണക്കടവ് വിയറിൽ 200 ക്യൂസെക്സിലധികം ജലം ലഭിക്കുകയും തുടർന്ന് 16-2-2017-ൽ നടന്ന ഉദ്യോഗസ്ഥതല ചർച്ചയെത്തുടർന്ന് 28-2-2017 വരെ ആളിയാറിൽ നിന്ന് 250 ക്യൂസെക്സ് ജല തുറന്നുവിടാമെന്നും മണക്കടവിൽ ഏകദേശം 190-200 ക്യൂസെക്സ് വരെ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിക്കുകയും ചെയ്തു.

ഇതിന് പുറമേ കേരള ജലസേചന വകുപ്പും കേരള വൈദ്യുതി ബോർഡും കേരള സർക്കാരും പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാടിന് നടപ്പ് ജല വർഷത്തിൽ നിരവധി കത്തുകൾ അയയ്ക്കുകയുണ്ടായിട്ടുണ്ട്.

പറമ്പിക്കുളം - ആളിയാർ പദ്ധതിയിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തെ നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ തുടർന്നുവരുന്നു.

(സി) പറമ്പിക്കുളം - ആളിയാർ പദ്ധതി കരാർ പ്രകാരം ഒരു ജലവർഷം മണക്കടവ് വിയറിൽ 7250 എം.സി.എഫ്.റ്റി.-യും (ഉപയോഗിക്കാനാവാത്ത പ്രളയ ജലം ഒഴികെ), കേരള ഷോളയാറിൽ 12300 എം.സി.എഫ്.റ്റി.-യുമാണ് കേരളത്തിന്റെ ജല വിഹിതം ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവാണ് ഒരു ജലവർഷം. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാറിലെ തനത് നീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. (ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ല). ഇതിനുപുറമേ പറമ്പിക്കുളം സിസ്റ്റം ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനത് നീരൊഴുക്ക് 16500 എം.സി.എഫ്.റ്റി കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.റ്റി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടിപുഴയിലേക്കും വിടേണ്ടതാണ്. എന്നാൽ നടപ്പ് ജല വർഷത്തിൽ (2016-17) പറമ്പിക്കുളം സിസ്റ്റം ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനത് നിരൊഴുക്ക് 16500 എം.സി.എഫ്.ടി.യിൽ കവിഞ്ഞിട്ടില്ല.

പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) യിൽ നിന്ന് നടപ്പ് ജല വർഷത്തിൽ (2016-17 ) ഫെബ്രുവരി ഒന്നാംവാരം വരെ കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവ് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മണക്കടവ് വിയർ | : | 3155 എം.സി.എഫ്.റ്റി. |
| കേരള ഷോളയാർ | : | 3936.17 എം.സി.എഫ്.റ്റി. |
| നീരാർ | : | 664.84 എം.സി.എഫ്.റ്റി. (2016 ഒക്ടോബർ 1 മുതൽ 2017 ജനുവരി 31 വരെ) |

(ഡി) ഈ വിഷയത്തിൽ ജലസേചന വകുപ്പും കേരള സർക്കാരും ശക്തമായ ഇടപെടലുകൾ നടത്തിവരുന്നു. തുടർന്നും കാര്യക്ഷമമായ ഇടപെടലുകൾ യഥാസമയം നടത്തുന്നതായിരിക്കും.

## അന്തർസംസ്ഥാന നദീജലക്കരാർ

109 (121) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന നദീജലക്കരാർ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) 2016-17 വർഷത്തിൽ എത്ര ജലമാണ് ലഭിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) പറമ്പിക്കുളം - ആളിയാർ പദ്ധതിയിൽ തമിഴ്നാട് നടത്തിയ കരാർ വ്യവസ്ഥാലംഘനങ്ങളെല്ലാംതന്നെ ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും കേരളം യഥാസമയം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കരാർ പുനരവലോകന ചർച്ചകളിലും കേരളം ഇക്കാര്യം ശക്തമായി ഉന്നയിച്ചിട്ടുണ്ട്.

2012-13 ജല വർഷത്തിൽ, തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരെ 16-4-2013-ന് ബഹു. സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (2 of 2013), ഒരു ഇടക്കാല ഹർജിയും (1 of 2013) ഫയൽ ചെയ്യുകയുണ്ടായി. ഈ ഹർജിയിൽ വൈദ്യുതോൽപ്പാദന രംഗത്തും കാർഷിക മേഖലയിലുമായി കേരളത്തിനുണ്ടായ നഷ്ടം കണക്കാക്കി ആകെ 56,12,22,548 രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിട്ടുണ്ട്. കേസ്സിന്റെ തുടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ചിറ്റൂർപുഴ പദ്ധതി പ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമവും കാർഷികാവശ്യങ്ങൾക്കുള്ള ജല ദൗർലഭ്യവും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2016 സെപ്റ്റംബർ രണ്ടാംവാരത്തിൽ 700 എം.സി.എഫ്.റ്റി. ജലമാണ് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തേക്കായി ആവശ്യപ്പെട്ടിരുന്നതെങ്കിലും 250 ക്യൂസെക്സ് എന്ന തോതിൽ വെള്ളം തരാമെന്നാണ് തമിഴ്നാട് അറിയിച്ചിരുന്നത്. പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെനിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് 16-9-2016-ന് കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി.

ഇതിന് പുറമേ 2016 ഒക്ടോബർ ഒന്നാം വാരത്തിൽ കരാർപ്രകാരം കേരളത്തിന് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തേക്ക് ലഭ്യമാക്കേണ്ട 700 എം.സി.എഫ്.റ്റി. ജലം (540 ക്യൂസെക്സ് എന്ന തോതിൽ) മണക്കടവ് വിയറിൽ നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ വളരെ കുറഞ്ഞ തോതിലാണ് തമിഴ്നാട് മണക്കടവിൽ ജലം ലഭ്യമാക്കി വന്നത്. ഇതിനെ തുടർന്ന് രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ കരാർപ്രകാരമുള്ള ജലം (കുടിശ്ശിക ഉൾപ്പെടെ) നടപ്പ് ജലവർഷത്തിലെ ശേഷിക്കുന്ന കാലയളവിൽ ലഭ്യമാക്കണമെന്നും തമിഴ്നാട് ഷോളയാർ പവർഹൗസ് II പൂർണ്ണമായി പ്രവർത്തിപ്പിച്ച് കേരള ഷോളയാർ ജലനിരപ്പ് എത്രയും പെട്ടെന്ന് പൂർണ്ണ ജലനിരപ്പിൽ (എഫ്.ആർ.എൽ.) എത്തിക്കണമെന്നും തമിഴ്നാട് ഷോളയാർ പവർഹൗസ് -I-ന്റെ പ്രവർത്തനവും പറമ്പിക്കുളത്തേക്ക് ജലം തിരിച്ച് വിടുന്നതും നിർത്തുകയും ചെയ്യണമന്നാവശ്യ പ്പെട്ടുകൊണ്ട് ബഹു. കേരള ജലവിഭവ വകുപ്പ് മന്ത്രി 8-10-2016-ന് ബഹു. തമിഴ്നാട് പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. കൂടാതെ രൂക്ഷമായ ജലക്ഷാമം കണക്കിലെടുത്ത് ഈ പ്രശ്നത്തിൽ ഇടപെട്ട് കരാർപ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നാവശ്യപ്പെട്ട് കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹു. കേന്ദ്രജലവിഭവ വകുപ്പുമന്ത്രിക്കും കത്തയയ്ക്കുകയുണ്ടായി.

കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് തമിഴ്നാട് സംയുക്ത ജലക്രമീകരണ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കാൻ തയ്യാറാവുകയും തുടർന്ന് സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (JWRB) 97-ാമത് യോഗം 26-10-2016-ന് പാലക്കാട്ടുവച്ച് ചേർന്നു. ഈ യോഗത്തിൽ കേരളം കീഴ്നദീതട അവകാശത്തിന്റെ അടിസ്ഥാനത്തിൽ പി.എ.പി. കരാർപ്രകാരം ഉറപ്പാക്കിയിട്ടുള്ള ജലം ഏതൊരു സാഹചര്യത്തിലും ലഭ്യമാക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടു. ഇതിനുശേഷം 98-ാമത് JWRB യോഗം 13-12-2016-ന് തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ വച്ച് ചേരുകയുണ്ടായി. ഈ യോഗത്തിൽ പി.എ.പി. കരാർപ്രകാരമുള്ള ജലം നൽകണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടു. മണക്കടവ് വിയറിൽ 7.25 ടി.എം.സി.എഫും കേരള ഷോളയാറിൽ 12.3 ടി.എം.സി.എഫും കരാർ പ്രകാരം കേരളത്തിന് ഉറപ്പാക്കിയിട്ടുള്ളതാണെന്നും ഇത് കേരളത്തിന് നൽകിയതിനുശേഷമേ തമിഴ്നാടിന് പി.എ.പി.യിൽനിന്നും ജലം എടുക്കാൻ സാധിക്കുകയുള്ളൂവെന്നും കേരളം വാദിക്കുകയും ആയതിനാൽ കുടിവെള്ളത്തിന് വേണ്ടിയുള്ള ജലം മാത്രം എടുത്ത ശേഷം ബാക്കി ജലം മുഴുവൻ കേരളത്തിന് നൽകണമെന്നും കേരളം ആവശ്യപ്പെട്ടു. മാത്രമല്ല 97-ാമത് JWRB യോഗത്തിൽ സമ്മതിച്ചതുപോലെ തമിഴ്നാട് മണക്കടവ് വിയറിൽ നവംബർ 11,

ഡിസംബർ 1 എന്നീ വാരങ്ങളിൽ ജലം നൽകിയിട്ടില്ല എന്ന കാര്യവും കേരളം ചൂണ്ടിക്കാട്ടി. എന്നാൽ 13-12-2016 മുതൽ ഡിസംബർ അവസാന വാരം വരെ മണക്കടവിൽ 175 ക്യൂസെക്സ് എന്ന തോതിൽ മാത്രമേ ജലം നൽകാൻ സാധിക്കുകയുള്ളൂവെന്ന് 98-ാമത് JWRB യോഗത്തിൽ തമിഴ്നാട് അറിയിക്കുകയും തുടർന്ന് മണക്കടവിലേക്കുള്ള ജലവിതരണ തോത് ഇരു ഗവൺമെന്റുകളുടെയും തീരുമാനപ്രകാരമാകാമെന്ന് ധാരണയുണമായി. ഇതിന് പുറമേ തമിഴ്നാട് ഷോളയാറിലെ ജലസംഭരണ നിലവെച്ച് നോക്കുമ്പോൾ ഫെബ്രുവരി ഒന്നാം തീയതി കേരളാ ഷോളയാർ റിസർവോയർ പൂർണ്ണ ജലനിരപ്പിലാക്കുക അസാദ്ധ്യമായതിനാൽ തമിഴ്നാട് ഷോളയാറിലെ മുഴുവൻ ജലവും കേരള ഷോളയാറിലേക്ക് തമിഴ്നാട് ഷോളയാർ പവർഹൗസ് II വഴിയോ, By-pass വഴിയോ, കരാർപ്രകാരമുള്ള ജല വിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേരളം ആവശ്യപ്പെട്ടു.

7-1-2017-ൽ ജലവിഭവ വകുപ്പുമന്ത്രി വീണ്ടും ബഹു. തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചതിനെത്തുടർന്ന് 28-1-2017-ന് തിരുവനന്തപുരത്തുവച്ച് അന്തർസംസ്ഥാന സെക്രട്ടറിതല ചർച്ച നടക്കുകയും മണക്കടവ് വിയറിൽ 2017 മാർച്ച് അവസാനം വരെ 290 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകണമെന്നും കേരള ഷോളയാറിൽ കരാർപ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നും കേരളം തമിഴ്നാടിനോട് ആവശ്യപ്പെടുകയും ചെയ്തു. രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പി.എ.പി.യിലെ ജല ദൗർലഭ്യം കണക്കിലെടുത്ത് കേരളം തമിഴ്നാടുമായി സഹകരിക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയും എന്നാൽ കീഴ്നദീതട അവകാശപ്രകാരം കേരളത്തിന് മുഴുവൻ ജലവും ലഭിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി കേരളം അത് നിരാകരിച്ചു. 2017 ഫെബ്രുവരി 15 വരെ 200 ക്യൂസെക്സ് എന്ന തോതിൽ മണക്കടവിൽ ജലം ലഭ്യമാക്കണമെന്നത് തമിഴ്നാട് തത്വത്തിൽ അംഗീകരിച്ചു. എന്നാൽ ശിരുവാണിയിൽനിന്ന് ജലം പമ്പ് ചെയ്ത് തമിഴ്നാടിന് ലഭ്യമാക്കണമെന്ന ആവശ്യത്തിന്മേൽ ഇതിന് ഉയർന്ന തലത്തിലുള്ള തീരുമാനം ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടി കേരളം പ്രസ്തുത ആവശ്യം തൽക്കാലം നിരാകരിച്ചു.

28-1-2017-ലെ സെക്രട്ടറിതല ചർച്ചയിലുണ്ടായ തീരുമാനപ്രകാരം 6-2-2017 മുതൽ 15-2-2017 വരെ മണക്കടവ് വിയറിൽ 200 ക്യൂസെക്സിലധികം ജലം ലഭിക്കുകയും തുടർന്ന് 16-2-2017-ൽ നടന്ന ഉദ്യോഗസ്ഥതല ചർച്ചയെത്തുടർന്ന് 28-2-2017 വരെ ആളിയാറിൽ നിന്ന് 250 ക്യൂസെക്സ് ജലം തുറന്നുവിടാമെന്നും മണക്കടവിൽ ഏകദേശം 190-200 ക്യൂസെക്സ് വരെ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിക്കുകയും ചെയ്തു.

ഇതിന് പുറമേ കേരള ജലസേചന വകുപ്പും കേരള വൈദ്യുതി ബോർഡും കേരള സർക്കാരും പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാടിന് നടപ്പ് ജല വർഷത്തിൽ നിരവധി കത്തുകൾ അയയ്ക്കുകയുണ്ടായിട്ടുണ്ട്.

പറമ്പിക്കുളം - ആളിയാർ പദ്ധതിയിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തെ നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) യിൽനിന്ന് നടപ്പ് ജല വർഷത്തിൽ (2016-17 ) ഫെബ്രുവരി ഒന്നാംവാരം വരെ കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവ് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മണക്കടവ് വിയർ | : | 3155 എം.സി.എഫ്.റ്റി. |
| കേരള ഷോളയാർ | : | 3936.17 എം.സി.എഫ്.റ്റി. |
| നീരാർ | : | 664.84 എം.സി.എഫ്.റ്റി. (2016 ഒക്ടോബർ 1 മുതൽ 2017 ജനുവരി 31 വരെ) |

(സി) പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9-ന് തികഞ്ഞിരുന്നു ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ 1988-2011 കാലയളവിൽ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും സംയുക്ത ഗേജിങ്ങിലൂടെ സ്ഥിതീകരിക്കപ്പെട്ട അധിക ജല ലഭ്യത പങ്ക് വയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

30-5-2008-ൽ തിരുവനന്തപുരത്തുവച്ച് നടന്ന ചീഫ്സെക്രട്ടറിതല ചർച്ചയിൽ ഇരു സംസ്ഥാനങ്ങളും അവരവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുകയുണ്ടായി. തുടർന്ന് 27-2-2009-ൽ ചെന്നൈയിൽ വച്ച നടന്ന ചീഫ് സെക്രട്ടറിതല ചർച്ചയിൽ കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും പരിശോധിക്കുവാനും അതിന്മേൽ ഒരു അന്തിമതീരുമാനം എടുക്കുന്നതിനും വേണ്ടി

ഇരുസംസ്ഥാനങ്ങളിലേയും ബഹുമാനപ്പെട്ട മന്ത്രിമാരുടെ മുൻപാകെ സമർപ്പിക്കാൻ "സിങ്കിൾ പാക്കേജ്" തയ്യാറാക്കുന്നതിന് കേരള ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയേയും തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയേയും ചുമതലപ്പെടുത്തി. ഇവർക്കുവേണ്ട സാങ്കേതിക സഹായത്തിന് ഇരു സംസ്ഥാനങ്ങളിൽനിന്നും തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചുകൊണ്ട് യോഗം നടത്താൻ തീരുമാനിച്ചു. തുടർന്ന് 8-4-2009-ന് തിരുവനന്തപുരത്തുവച്ചും 24-4-2009-ന് ചെന്നൈയിൽ വച്ചും അവർ യോഗം ചേരുകയുണ്ടായി. ഈ യോഗങ്ങളിൽ ഇരു സംസ്ഥാനങ്ങളും ചൂണ്ടിക്കാട്ടിയ ഏഴ് പ്രധാനപ്പെട്ട പ്രശ്നങ്ങളായ ആനമലയാർ, അപ്പർ നീരാർ, ഷോളയാർ സബ് ബേസിൻ, മണക്കടവ്, മണക്കടവിന് മുകളിലെ ബാലൻസിംഗ് റിസർവോയർ, പറമ്പിക്കുളം, നീരാർ നല്ലാർ സ്പ്രേയിറ്റ് കട്ട് എന്നിവ 21-1-2011-ന് തിരുവനന്തപുരത്ത് വച്ച് നടന്ന ചീഫ് സെക്രട്ടറിതല ചർച്ചയിൽ ഉൾപ്പെടുത്തി വിശദമായി ചർച്ച ചെയ്യുകയുണ്ടായി.

എന്നാൽ 21-1-2011-നുശേഷം കരാർ പുനരവലോകന ചർച്ചകൾ നടന്നിട്ടില്ല. 28-4-2013-ന് തിരുവനന്തപുരത്തുവച്ച് കേരളത്തിന്റെ ജലവിഭവ വകുപ്പു മന്ത്രിയുടേയും തമിഴ്നാടിന്റെ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത ഇരുസംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട നദീജലവിഷയങ്ങൾ (പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ, ശിരുവാണി കുടിവെള്ള പദ്ധതി കരാർ, നെയ്യാർ) സംബന്ധിച്ച ചർച്ച നടക്കുകയുണ്ടായി. ഈ ചർച്ചയിലും പി.എ.പി. കരാർ പുനരവലോകന ചർച്ചകൾ തുടരാനാണ് തീരുമാനമായത്.

കരാർ പുനരവലോകന നടപടികളുടെ കാലാനുക്രമണിക അനുബന്ധമായി ചേർക്കുന്നു.*

കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ച് തുടർചർച്ചകൾ നടത്തുന്നതു സംബന്ധിച്ച നടപടികൾ സർക്കാർ തലത്തിൽ തുടർന്നുവരുന്നു.

**പത്രേതര ജീവനക്കാർക്ക് പെൻഷൻ**

110 (122) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2000-ന് മുമ്പ് മാധ്യമമേഖലയിൽ പത്രേതര ജീവനക്കാരായി (Non Journalist) സേവനം അനുഷ്ഠിച്ചിരുന്നവർക്ക് പെൻഷൻ അനുവദിക്കുന്ന ഏതെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

ഉണ്ട്. 2-3-2016-ലെ സ.ഉ.(കൈ) നമ്പർ 4/2016/ഐ&പി.ആർ. പ്രകാരം 2000-ന് മുമ്പ് വിരമിച്ച പത്രപ്രവർത്തകേതര ജീവക്കാർക്ക് ക്ഷേമ പെൻഷൻ പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെയും അതോടൊപ്പമുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**മടങ്ങിവന്ന മലയാളികൾ**

111 (124) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറാഖ്, ലിബിയ, യെമൻ എന്നിവിടങ്ങളിലെ സംഘർഷബാധിത മേഖലയിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര മലയാളികൾ മടങ്ങിവന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവരെ മടക്കി കൊണ്ടുവരാൻ എന്തെല്ലാം സഹായങ്ങളാണ് നോർക്ക നൽകിയത്; വിശദമാക്കുമോ;

(സി) ഇതിനുവേണ്ടി നോർക്ക ആകെ എത്ര കോടി രൂപ ഈ കാലയളവിൽ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യെമൻ - 2444

ലിബിയ - 532

ഇറാഖ് - 418

(ബി) മടങ്ങിവന്ന മലയാളികളെ വിമാനത്താവളത്തിൽ സ്വീകരിക്കുകയും അവർക്ക് ഭക്ഷണം, റെയിൽവേ സ്റ്റേഷനിൽ എത്തുന്നതിനുള്ള വാഹന സൗകര്യം എന്നിവ നൽകിയിരുന്നു. കൂടാതെ, 2015-നുശേഷം മടങ്ങി വന്നവർക്ക് വഴിച്ചെലവിനായി 2000 രൂപയും നൽകിവരുന്നു.

(സി) 1,43,08,176 രൂപ ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രവാസി ക്ഷേമ പദ്ധതികൾ

112 (125) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച പരാതികൾ പരിശോധിക്കുമോയെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് പ്രവാസികൾക്ക് വ്യവസായങ്ങൾ ആരംഭിക്കുവാൻ പ്രത്യേക പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുമോ; സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളെ സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പ്രവാസി പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകി; വിശദമായ വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) പ്രവാസികാര്യ വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെ സംബന്ധിച്ച് ലഭ്യമാകുന്ന എല്ലാ പരാതികളും പരിശോധിച്ച് വേണ്ട നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ബി) പ്രവാസികൾക്ക് വ്യവസായങ്ങൾ ആരംഭിക്കാൻ പ്രത്യേക പദ്ധതി നടപ്പിലാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി നിലവിലുണ്ട്.

സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- സാന്ത്വന പദ്ധതി
- നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി.
- 24 മണിക്കൂർ കോൾ സെന്റർ
- സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം
- പ്രീ-ഡിപ്പാർച്ചർ ഓറിയേന്റഷൻ പ്രോഗ്രാം
- ജോബ് പോർട്ടൽ

- നോർക്ക – റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളുടെ സ്ഥാപനം
- പ്രവാസി നിയമ സഹായ സെൽ
- എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്.
- സ്വപ്ന സാഫല്യം
- നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം (NBFC)
- വിസ തട്ടിപ്പിനെതിരെയുള്ള ബോധവൽക്കരണം
- കാരുണ്യം
- പ്രാഗത്ഭ്യം തെളിയിച്ച വിദേശ കേരളീയരുടെ ഡാറ്റാ ബേസ് രൂപീകരിക്കൽ

കേരള പ്രവാസി ക്ഷേമനിധിയിൽ അംഗത്വമുള്ളവർക്കുവേണ്ടി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ താഴെ ചേർക്കുന്നു.

- പെൻഷൻ
- കുടുംബ പെൻഷൻ
- അവശതാ പെൻഷൻ
- മരണാനന്തര സഹായം
- ചികിത്സാ സഹായം
- വിവാഹ ധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസ ആനുകൂല്യം

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1340 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ 59 പേർക്ക് മരണാനന്തര ധനസഹായമായി 20,53,500 രൂപയും മൈനർ നോമിനി ആയിട്ടുള്ള 19 പേർക്ക് 3,47,500 രൂപയും 61 പേർക്ക് ചികിത്സാ ധനസഹായമായി 7,46,257 രൂപയും 150 പേർക്ക് വിവാഹ ധനസഹായമായി 15,00,000 രൂപയും 3 പേർക്ക് പ്രസവാനുകൂല്യമായി 91,000 രൂപയും അനുവദിച്ചിട്ടുണ്ട്.

## പ്രവാസി കേരളീയ കമ്മീഷൻ

113 (126) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. ഐ. (കേരള) കമ്മീഷൻ അഥവാ പ്രവാസി കേരളീയ കമ്മീഷൻ എന്നാണ് നിലവിൽ വന്നത്;

(ബി) ഇപ്പോൾ കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാമാണ്;

(സി) കമ്മീഷൻ പ്രവർത്തനം ആരംഭിച്ചോ; ആംരംഭിച്ചുവെങ്കിൽ ഇതിനോടകം കമ്മീഷന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) പ്രവർത്തനം ആരംഭിച്ചില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-4-2016.

(ബി) 26-4-2016-ലെ സ.ഉ.(പി)2/2016/നോർക്ക പ്രകാരം കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങളുമായി താഴെപ്പറയുംപ്രകാരം വിജ്ഞാപനം ചെയ്തു.

| | | |
|---|---|---|
| 1 | റിട്ട. ജസ്റ്റിസ് പി.ഭവദാസൻ, ശ്രീനിലയം, മണക്കാപറമ്പ് ലെയ്ൻ, ആസാദ് റോഡ്, കലൂർ, എറണാകുളം- 682017 | ചെയർ പേഴ്സൺ |
| 2 | ഡോ. ഷംഷീർ വയലിൽ, മാനേജിംഗ് ഡയറക്ടർ, വി.പി.എസ്. ഹെൽത്ത് കെയർ, എൽ.എൽ.സി, പി.ഒ. ബോക്സ് നമ്പർ - 33566, അബുദാബി, യു.എ.ഇ. | അംഗം |
| 3 | ശ്രീ. സോമൻ ബേബി, ചീഫ് എഡിറ്റർ, ഡെയിലി ട്രിബ്യൂൺ, ബഹറിൻ. | അംഗം |
| 4 | ശ്രീ. പി. എം. എ. സലാം, പാറമണ്ണിൽ ഹൗസ്, തിരൂരങ്ങാടി, മലപ്പുറം. | അംഗം |
| 5 | ശ്രീ. കെ. ഭഗവത് സിംഗ്, പുളിയങ്ങാഴിയ്ക്കം ഹൗസ്, തോട്ടക്കാട്, കരവാരം.പി.ഒ., കല്ലമ്പലം, തിരുവനന്തപുരം | അംഗം |

എന്നാൽ എൻ.ആർ.ഐ. കമ്മീഷൻ ആക്ടുപ്രകാരം 65 വയസ്സ് കഴിഞ്ഞവർക്ക് അംഗങ്ങളായി തുടരാൻ നിർവ്വാഹമില്ല. കമ്മീഷൻ വിജ്ഞാപനം ചെയ്യുമ്പോൾതന്നെ ശ്രീ. സോമൻ ബേബിക്കും ശ്രീ.ഭഗവത് സിംഗിനും 65 വയസ്സ് കഴിഞ്ഞിരുന്നതിനാൽ അവർ കമ്മീഷൻ അംഗങ്ങളായി പ്രവർത്തിക്കുന്നില്ല.

(സി) കമ്മീഷൻ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇതിനോടകം 8 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

## പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ്

114 (127) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ 2011 മാർച്ച് 31 വരെ ആകെ എത്ര അംഗങ്ങൾ ഉണ്ടായിരുന്നവെന്ന് വെളിപ്പെടുത്തുമോ;

(ബി) ക്ഷേമനിധി ബോർഡ് എന്നാണ് നിലവിൽ വന്നതെന്ന് അറിയിക്കാമോ;

(സി) 2016 മാർച്ച് 31-ന് പ്രസ്തുത ക്ഷേമനിധിയിൽ ആകെ എത്ര അംഗങ്ങൾ ചേർന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2011 മാർച്ച് 31 വരെ കേരള പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ 63666 അംഗങ്ങൾ ഉണ്ടായിരുന്നു.

(ബി) കേരള പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ് 30-11-2009- നാണ് നിലവിൽ വന്നത്.

(സി) 2016 മാർച്ച് 31 വരെ പ്രവാസി ക്ഷേമനിധിയിലെ അംഗസംഖ്യ 148503 ആയിരുന്നു.

## പ്രവാസി പുരധിവാസ പാക്കേജ്

115 (128) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ പ്രഖ്യാപിച്ച പ്രവാസി പുനരധിവാസ പാക്കേജിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുമെന്ന കാര്യം വെളിപ്പെടുത്തുമോ;

(ബി) പുനരധിവാസ പാക്കേജ് പ്രകാരം 2016 ജൂൺ ഒന്നിന് ശേഷം ബാങ്കുകളിൽ നിന്നും എത്ര പേർക്ക് സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ; സഹായമായി ആകെ എത്ര രൂപയാണ് ഈ കാലയളവിൽ നൽകിയതെന്ന് അറിയിക്കുമോ;

(സി) പുനരധിവാസ പാക്കേജുമായി ഏതെല്ലാം ബാങ്കുകൾ ഇപ്പോൾ സഹകരിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ഡി) കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച പുനരധിവാസ പാക്കേജ് പ്രകാരം ബാങ്ക് വായ്പയ്ക്ക് നോർക്ക എന്തെല്ലാം സഹായമാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) 2015-16, 2016-17 സാമ്പത്തിക വർഷം പുനരധിവാസ പാക്കേജ് പ്രകാരം എത്ര പേർക്ക് സഹായം നൽകിയെന്നും ബാങ്കുകൾ ഇപ്രകാരം എത്ര രൂപയാണ് വായ്പ നൽകിയതെന്നും വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) പ്രവാസി പുനരധിവാസ പാക്കേജിൽ മാറ്റം വരുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി പ്രകാരം വിവിധ ബാങ്കുകളിൽ നിന്നും ലോൺ അനുവദിച്ചിട്ടുള്ള 235 ഗുണഭോക്താക്കൾക്ക് മൂലധന സബ്സിഡിയായി 2016 ജൂൺ ഒന്നിന് ശേഷം 1,58,76,760 രൂപ നൽകിയിട്ടുണ്ട്.

(സി) നിലവിൽ സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

(ഡി) തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ചുരുങ്ങിയത് രണ്ട് വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നു. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ) ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നൽകി വരുന്നു. ഈ പദ്ധതി പ്രകാരം അപേക്ഷകർ സമർപ്പിക്കുന്ന സംരംഭക പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി ബാങ്കിന്റെ നിയമങ്ങൾക്ക് വിധേയമായാണ് ബാങ്കുകൾ ലോൺ അനുവദിക്കുന്നത്. ഈ പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിനുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുളെക്കൂടി ഉൾപ്പെടുത്തി ഗുണഭോക്താക്കളുമായി കൂടിക്കാഴ്ച. ഓറിയന്റേഷൻ ട്രെയിനിംഗ് എന്നിവ നടത്തിയാണ് പദ്ധതി നടപ്പാക്കുന്നത്.

(ഇ) പുനരധിവാസ പാക്കേജ് പ്രകാരം 554 ഗുണഭോക്താക്കൾക്കായി 24,95,97,929 രൂപ ബാങ്കുകൾ വായ്പ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | വായ്പാ തുക |
|---|---|---|
| 2015-16 | 246 | 10,48,34,160 |
| 2016-17 | 308 | 14,47,63,769 |

## സർക്കാർ ഗ്യാരന്റി

116 (129) ശ്രീ. എം. ഉമ്മർ :

ശ്രീ. സി. മമ്മൂട്ടി :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികൾ നൽകുന്ന നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി നൽകാൻ കഴിയുമോ ; വിശദമാക്കാമോ ;

(ബി) നിലവിലുള്ള നിയമപ്രകാരം പ്രവാസി നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി നൽകാൻ കഴിയുമോ ;

(സി) പ്രവാസി നിക്ഷേപ സഹായസെൽ രൂപീകരിക്കുന്ന അവസരത്തിൽ ഇതിനായി പുതിയ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ഈ വിഷയത്തിൽ ഇപ്പോൾ നിയമങ്ങളൊന്നും നിലവിലില്ല. എന്നാൽ വിദേശ മലയാളികളിൽ കെ.എസ്.എഫ്.ഇ.-യുടെ എൻ.ആർ.ഐ. ചിട്ടികളിൽ ചേരുന്നവർക്ക് ഏതെങ്കിലും പേമെന്റ് ഗേറ്റ്‌വേ വഴി തങ്ങളുടെ മാസതവണ അടയ്ക്കാം. ഇങ്ങനെ അടയ്ക്കുന്ന പണം മുഴുവൻ അപ്പപ്പോൾ കെ.എസ്.എഫ്.ഇ.-യുടെ പേരിൽ കിഫ്ബിയുടെ പ്രവാസി ബോണ്ടുകളിൽ ഓട്ടോമാറ്റിക് ആയി നിക്ഷേപിക്കപ്പെടും. ചിട്ടി പിടിക്കുമ്പോഴോ നറുക്ക് വീണ പണം പിൻവലിക്കുമ്പോഴോ ആവശ്യമുള്ള പണം പിൻവലിക്കാൻ കെ.എസ്.എഫ്.ഇ.-ക്ക് കോൾ ഓപ്ഷൻ ഉണ്ടാകും. മിച്ചമുള്ള ഫ്രീ ഫ്ലോട്ട് കിഫ്ബിയുടെ ബോണ്ടുകളിലുണ്ടാകും. അതിന് സർക്കാരിന്റെ ഗ്യാരന്റിയും കെ.എസ്.എഫ്.ഇ.-യുടെ പരിപൂർണ്ണ സുരക്ഷിതത്വവും ഉണ്ടാകും.

(സി) സംസ്ഥാനത്തെ നിക്ഷേപ സാദ്ധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽകൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്കായി പ്രവാസി നിക്ഷേപ സഹായസെൽ രൂപീകരിക്കുന്നതിലേക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് നിലവിൽ വരുന്ന മുറയ്ക്ക് പുതിയ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## സാന്ത്വന സഹായ പദ്ധതികൾ

117 (130) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്ട്സ് വഴി സാന്ത്വന സഹായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത സഹായ പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ?

### ഉത്തരം

(എ) തിരികെയെത്തിയതും ദുരിതമനുഭവിക്കുന്നതുമായ പ്രവാസി കേരളീയർക്കായുള്ള ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതി 2005 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

ഈ പദ്ധതിയുടെ കീഴിൽ വാർഷിക വരുമാനം 1,00,000 രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളുടെ/കുടുബാംഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 50,000 രൂപ വരെയും മരണപ്പെട്ട പ്രവാസിയുടെ കുടുംബത്തിന് മരണാനന്തര ധനസഹായമായി പരമാവധി 1,00,000 രൂപ വരെയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000 രൂപവരെയും പ്രവാസിയുടെ/ കുടുംബാംഗങ്ങൾക്ക് വീൽ ചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനായി പരമാവധി 10,000 രൂപവരെയും ഒറ്റത്തവണയായി ധനസഹായം നൽകിവരുന്നു.

(ബി) സാന്ത്വന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം 1,00,000 രൂപയിലധികമാകാൻ പാടില്ല.
- കുറഞ്ഞത് 2 വർഷം പ്രവാസിയായിരുന്നിരിക്കണം.
- പ്രവാസി തിരിച്ചെത്തിയ കാലം മുതൽ വിദേശത്ത് എത്രവർഷം ജോലി ചെയ്തിരുന്നുവോ അഥവാ 10 വർഷമോ ഇതിലേതാണോ കുറവ് എന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രവാസ കാലയളവ് കണക്കാക്കുന്നത്.
- അപേക്ഷകൻ അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും ജോലിയുണ്ടായിരിക്കാൻ പാടുള്ളതല്ല.

**ഫാദർ ടോം ഉഴുന്നാലിന്റെ മോചനം**

118 (131) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യമനിൽ ഭീകരരുടെ പിടിയിലായ വൈദികൻ ഫാദർ ടോം ഉഴുന്നാലിന്റെ മോചനത്തിനായി സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ പ്രധാനമന്ത്രിയുടെയും വിദേശകാര്യമന്ത്രിയുടെയും ഇടപെടൽ അടിയന്തരമായി ഉണ്ടാകാനും ഫാദർ ടോം ഉഴുന്നാലിൻെറ മോചനം ഉറപ്പുവരുത്താനും അടിയന്തരമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) യമനിൽ ഭീകരരുടെ പിടിയിലായ വൈദികൻ ഫാദർ ടോം ഉഴുന്നാലിന്റെ മോചനവുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിച്ച വിവിധ നിവേദനങ്ങളുടെ വെളിച്ചത്തിൽ ടി വിഷയം സംബന്ധിച്ച് കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 25-4-2016-ൽ ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്.

**വിദേശത്ത് വച്ച് കാണാതായവർ**

119 (132) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് വിദേശത്ത് പോയവരിൽ വിദേശത്ത് വച്ച് കാണാതായവരെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ;

(ബി) കഴിഞ്ഞ പത്തുവർഷത്തിനിടയിൽ ഇതുസംബന്ധിച്ച് സംസ്ഥാന പോലീസിൽ/സർക്കാരിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അതിൽ ഇപ്പോഴും കണ്ടെത്താനാവാത്തവരെ സംബന്ധിച്ച പരാതികളുടെ പൂർണ്ണ വിവരം നൽകാമോ;

(സി) ഇത്തരം പരാതികളിൽ അനുവർത്തിച്ചുവരുന്ന നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോലീസിൽ പരാതികൾ ലഭിച്ച കേസ്സുകളിലെ വിവരം ലഭ്യമാണ്. അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 10 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇപ്പോഴും കണ്ടെത്താനാവാത്തവരുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സർക്കാരിൽ ലഭിക്കുന്ന ഇത്തരം പരാതികളിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി വിദേശത്തുള്ള ഇന്ത്യൻ നയതന്ത്ര കാര്യാലയത്തോട് അഭ്യർത്ഥിക്കുന്നതും കൂടാതെ ടി പരാതിയുടെ ഒരു പകർപ്പ് അന്വേഷണത്തിനും റിപ്പോർട്ടിനുമായി പോലീസ് ആസ്ഥാനത്തുള്ള എൻ.ആർ.ഐ. സെൽ പോലീസ് സൂപ്രണ്ടിനോട് ആവശ്യപ്പെടാറുള്ളതുമാണ്.

**സാന്ത്വനം പദ്ധതി**

120 (133) ശ്രീ. കെ. സി.ജോസഫ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാന്ത്വനം പദ്ധതി പ്രകാരം പ്രവാസി മലയാളികൾക്കായി എന്തെല്ലാം സഹായമാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) സാന്ത്വനം പദ്ധതിയിൽ 2011 ഏപ്രിൽ ഒന്ന് മുതൽ 2016 മാർച്ച് 31 വരെ എത്ര രൂപ സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കാലയളവിൽ ചെയർമാൻസ് ഫണ്ടിൽനിന്നും പ്രവാസി മലയാളികൾക്ക് എത്ര രൂപ സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കാലയളവിൽ പ്രവാസികാര്യമന്ത്രിയുടെ സഹായനിധിയിൽ നിന്നും എത്രപേർക്ക് സഹായം നൽകിയെന്ന് അറിയിക്കുമോ?

**ഉത്തരം**

(എ) സാന്ത്വനം പദ്ധതിയിൻകീഴിൽ വാർഷിക വരുമാനം 1,00,000 രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളുടെ/കുടുംബാംഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 50,000 രൂപ വരെയും മരണപ്പെട്ട പ്രവാസിയുടെ കുടുംബത്തിന് മരണാനന്തര ധനസഹായമായി പരമാവധി 1,00,000 രൂപവരെയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000 രൂപവരെയും പ്രവാസിയുടെ കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനായി പരമാവധി 10,000 രൂപ വരെയും ഒറ്റത്തവണയായി ധനസഹായം നൽകി വരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2011 ഏപ്രിൽ ഒന്ന് മുതൽ 2016 മാർച്ച് 31 വരെ 27 കോടി രൂപ സാന്ത്വനം പദ്ധതിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്.

(സി) ചെയർമാൻസ് ഫണ്ട് പദ്ധതിയിൽനിന്നും 154 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ഡി) പ്രവാസി കാര്യമന്ത്രിയുടെ സഹായനിധിയെന്ന് അറിയപ്പെടുന്ന സാന്ത്വനം പദ്ധതിയിൽ നിന്നും ടി കാലയളവിൽ 7385 ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

**കേരളത്തിൽ പ്രവർത്തിക്കുന്ന എംബസികൾ**

121 (134) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ ഏതെല്ലാം രാജ്യങ്ങളുടെ എംബസികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) രാജ്യ തലസ്ഥാനത്ത് എംബസികൾക്ക് പ്രത്യേക സോൺ അനുവദിച്ചിരിക്കുന്നതുപോലെ കേരളത്തിലും അനുവദിക്കുമോ;

(സി) എംബസികളിൽ വരുന്നവർക്ക് വേണ്ട വിവരങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ യാതൊരു രാജ്യത്തിന്റെയും എംബസികൾ പ്രവർത്തിക്കുന്നില്ല. എന്നാൽ യുണൈറ്റഡ് അറബ് എമിറേറ്റ്സ്, മാലി റിപ്പബ്ലിക് എന്നീ രാജ്യങ്ങളുടെ കോൺസുലേറ്റുകളും ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് റിപ്പബ്ലിക് ഓഫ് ശ്രീലങ്കയുടെ ഓണററി കോൺസുലേറ്റും തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനി, റഷ്യൻ ഫെഡറേഷൻ എന്നീ രാജ്യങ്ങൾ അവരുടെ ഓണററി കൗൺസലുകളെ തിരുവനന്തപുരത്ത് നിയമിച്ചിട്ടുമുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കോൺസുലേറ്റുകളിൽ വിവിധ ആവശ്യങ്ങൾക്ക് വരുന്നവർക്ക് അതത് കോൺസുലേറ്റുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ എല്ലാ സഹായങ്ങളും കോൺസുലേറ്റുകൾക്ക് നൽകിവരുന്നുണ്ട്.

## പ്രവാസി ക്ഷേമം

122 (135) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനം വിശദമാക്കുമോ;

(സി) പ്രവാസി ക്ഷേമനിധിയിൽനിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും അംഗത്വം ലഭിക്കുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- സാന്ത്വന പദ്ധതി
- നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി
- 24 മണിക്കൂർ കോൾ സെന്റർ
- സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം
- പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
- ജോബ് പോർട്ടൽ
- നോർക്ക-റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളുടെ സ്ഥാപനം
- പ്രവാസി നിയമ സഹായ സെൽ
- എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്
- സ്വപ്ന സാഫല്യം
- നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം (NBFC)
- വിസ തട്ടിപ്പിനെതിരെയുള്ള ബോധവൽക്കരണം
- കാരുണ്യം
- പ്രാഗത്ഭ്യം തെളിയിച്ച വിദേശ കേരളീയരുടെ ഡാറ്റാ ബേസ് രൂപീകരിക്കൽ

(ബി&സി) കേരളത്തിലെ പ്രവാസികളുടെ പെൻഷനും മറ്റ് ക്ഷേമ പുനരധിവാസ പദ്ധതികളും നടപ്പിലാക്കുന്നതിന് 'കേരളാ പ്രവാസി ക്ഷേമ ആക്ട് 2008' തീയതി 12-1-2009 പ്രകാരം 12-3-2009-ൽ കേരളാ പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനം തുടങ്ങി. 30-11-2009-ൽ ആദ്യത്തെ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് രൂപീകരിച്ചു. ബോർഡിന്റെ മുഖ്യ ഓഫീസ് തിരുവനന്തപുരത്തും 2 റീജിയണൽ ഓഫീസുകൾ എറണാകുളത്തും കോഴിക്കോടുമായി പ്രവർത്തിച്ചുവരുന്നു. പ്രവാസികൾ കൂടുതലുള്ള മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ ഒരു ലയ്സൺ ഓഫീസും പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ വിദേശത്ത് ജോലി ചെയ്തുവരുന്നവർക്കും മിനിമം രണ്ട് വർഷമെങ്കിലും ജോലി എടുത്ത് നാട്ടിൽ തിരിച്ചെത്തിയ മുൻ പ്രവാസികൾക്കും കേരളത്തിന് പുറത്ത് ഇന്ത്യക്കകത്ത് കുറഞ്ഞത് 6 മാസമായി ജോലി സംബന്ധമായി താമസിച്ചവർക്കും ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാവുന്നതാണ്. പ്രവാസി ക്ഷേമനിധി അംഗത്വം ലഭിക്കുന്നതിനുള്ള പ്രായം നിലവിൽ 18-നും 60-നും മദ്ധ്യേയാണ്.

കേരള പ്രവാസി ക്ഷേമനിധിയിൽ അംഗത്വമുള്ളവർക്കുവേണ്ടി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ താഴെ ചേർക്കുന്നു.

- പെൻഷൻ
- കുടുംബ പെൻഷൻ
- അവശതാ പെൻഷൻ
- മരണാനന്തര സഹായം
- ചികിത്സാ സഹായം
- വിവാഹ ധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസ ആനുകൂല്യം

**ജിഷ്ണു പ്രണോയിയുടെ ദുരൂഹമരണം**

123 (137) <u>ശ്രീ.പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി നെഹ്റു കോളേജിലെ എഞ്ചിനീയറിങ്ങ് വിദ്യാർത്ഥി ജിഷ്ണു പ്രണോയ് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) കേസിൽ ഇതിനകം എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(സി) കേസിൽ ഉൾപ്പെട്ട പ്രതികൾ ആരൊക്കെ എന്നും അവർക്കെതിരെ ചുമത്തിയ വകുപ്പുകൾ ഏതൊക്കെ എന്നും വ്യക്തമാക്കുമോ;

(ഡി) കേസിന്റെ അന്വേഷണ ചുമതല ആർക്കാണ്; കേസ്സിന്റെ കുറ്റപത്രം എപ്പോൾ കോടതിയിൽ സമർപ്പിക്കാനാകും എന്ന് വ്യക്തമാക്കുമോ;

(ഇ) കേസന്വേഷണം സമയബന്ധിതവും കുറ്റക്കാർക്ക് പരമാവധി ശിക്ഷയും ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയ് മരണപ്പെട്ടത് സംബന്ധിച്ച് പഴയന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 19/17 ആയി രജിസ്റ്റർ ചെയ്ത കേസ് അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണ സംഘം ടി കേസ് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. ഈ കേസിന്റെ പ്രത്യേകത കണക്കിലെടുത്ത് സ്പെഷ്യൽ പബ്ലിക് പ്രോസീക്യൂട്ടറായി അഡ്വക്കേറ്റ് സി. പി. ഉദയഭാനുവിനെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) നാളിതുവരെ പ്രതികളെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) കേസിൽ ഉൾപ്പെട്ട പ്രതികൾ 1) കൃഷ്ണദാസ്, S/o.പി.കെ.ദാസ്. 2) സഞ്ജിത്ത് കെ.വി. @ കണ്ണൻ, S/o.കെ.പി.വിശ്വനാഥൻ.3) ശക്തിവേൽ, S/o കുപ്പുസ്വാമി, 4) പ്രവീൺ സി.പി., S/o പ്രഭാകരൻ, 5) ദിപിൻ, S/o ദിലീപ് കുമാർ എന്നിവരാണ്. ഇവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 120(b), 384, 306, 323, 465, 468, 471, 201 r/w 34 എന്നീ വകുപ്പുകൾ ചുമത്തിയിട്ടുണ്ട്.

(ഡി) ശ്രീമതി കിരൺ നാരായൺ., ഐ.പി.എസ്., അസിസ്റ്റന്റ് സൂപ്രണ്ട് ഓഫ് പോലീസ്, ഇരിങ്ങാലക്കുടയ്ക്കാണ് അന്വേഷണ ചുമതല. അന്വേഷണം പുരോഗമിച്ചുവരുന്നു. അന്വേഷണം പൂർത്തിയായാലുടൻ താമസംവിനാ കുറ്റപത്രം സമർപ്പിക്കുന്നതാണ്.

(ഇ) ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനത്തിലും ലഭ്യമായ മറ്റ് തെളിവുകളുടെ അടിസ്ഥാനത്തിലും കേസിൽ ഊർജ്ജിതവും സമയബന്ധിതവുമായ അന്വേഷണം നടന്നുവരുന്നു. അന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്ക് പരമാവധി ശിക്ഷ ലഭിക്കുംവിധം കുറ്റപത്രം സമർപ്പിക്കുന്നതാണ്.

**ബസ്സപകടം**

124 (138) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ൽ മലപ്പുറം ജില്ലയിലെ പൂക്കിപ്പറമ്പിൽ ബസ്സപകടത്തിൽ എത്ര പേരാണ് മരിച്ചത്;

(ബി) ഇതുസംബന്ധിച്ച് തിരൂരങ്ങാടി പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 135/2001 നമ്പർ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(സി) ഇക്കാര്യത്തിൽ ഏതെങ്കിലും അപ്പീൽ നിലവിലുണ്ടോ;

(ഡി) അപകട ഇൻഷ്വറൻസ് എല്ലാവർക്കും ലഭ്യമായിട്ടുണ്ടോ;

(ഇ) മരിച്ചവരുടെ ആഭരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ അവകാശികൾക്ക് തിരിച്ചു നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(എഫ്) ഈ സ്വത്തുക്കൾ അവകാശികൾക്ക് തിരിച്ച് നൽകാനും ഇൻഷ്വറൻസ് തുക ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 44 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കേസിൽ പയ്യനാട്ട് സുധീർ @ സുധീർകുമാർ, S/o. കൃഷ്ണദാസ് എന്നയാളിനെ ബഹു. തിരൂർ അസിസ്റ്റന്റ് സെഷൻസ് കോടതി രണ്ട് വർഷത്തെ കഠിന തടവിന് 19-8-2005-ൽ ശിക്ഷ വിധിച്ചിട്ടുള്ളതാണ്.

(സി) നിലവിലില്ല.

(ഡി-എഫ്) മരിച്ചവരുടെ ആഭരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാകുന്നു. ആയത് കോടതിയിൽ സൂക്ഷിച്ചു വരുന്നു. സ്വത്തുക്കൾ അവകാശികൾക്ക് തിരിച്ചു നൽകുന്നതും ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ ബഹു. കോടതിയുടെ പരിഗണനയിലാണ്.

**യു.എ.പി.എ. കേസുകൾ**

125 (139) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം യു.എ.പി.എ. ചുമത്തി പ്രഥമ വിവര റിപ്പോർട്ട് സമർപ്പിച്ചത് ഏതെല്ലാം കേസുകളിലാണ് ;

(ബി) പ്രസ്തുത കാലയളവിൽ എടുത്ത യു.എ.പി.എ. കേസുകളിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ;

(സി) യു.എ.പി.എ. കേസുകൾ പുനഃപരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇത്തരം കേസുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യു.എ.പി.എ. പ്രകാരം എത്ര എഫ്.ഐ.ആർ.-കളാണ് രജിസ്റ്റർ ചെയ്തിരുന്നത്; ഇവ ഏതെല്ലാമാണെന്നും ഇവയിൽ എത്ര എണ്ണത്തിലാണ് കുറ്റപത്രം സമർപ്പിച്ചതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 26 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 27 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) യു.എ.പി.എ. ചുമത്തപ്പെട്ട 41 കേസുകൾ അവലോകനം ചെയ്തതിൽ ടി കേസുകളിൽ യു.എ.പി.എ. ചുമത്തിയതിൽ ചില അവ്യക്തതകളുണ്ട്. ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ കോടതിയിൽ സമർപ്പിച്ചതിനുശേഷം ബന്ധപ്പെട്ട കേസുകളിൽനിന്നും യു.എ.പി.എ. ഒഴിവാക്കുന്നതിനുള്ള അനുവാദം നൽകേണ്ടത് കോടതിയാണ്.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യു.എ.പി.എ. പ്രകാരം 165 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ 4 കേസുകളിൽ നിന്നും യു.എ.പി.എ. പ്രകാരമുള്ള വകുപ്പുകൾ നീക്കം ചെയ്തിട്ടുണ്ട്. കേസുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇവയിൽ 29 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

**യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ**

126 (140) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യു.എ.പി.എ. പ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസുകൾ ആരുടെയെല്ലാം പേരിലാണെന്നും ഏതെല്ലാം കേസുകളിലാണെന്നും വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) യു.എ.പി.എ. കേസ് ചുമത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ;

(ഡി) മാനദണ്ഡങ്ങൾ പാലിക്കാതെ നിരപരാധികളുടെ പേരിൽ കേസ് ചുമത്തി അറസ്റ്റ് ചെയ്യുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പുനഃപരിശോധിക്കാൻ തയ്യാറാകുമോ;

(ഇ) യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണ പുരോഗതികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 26 കേസുകൾ

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) രാജ്യത്തിന്റെ അഖണ്ഡതയ്ക്കും പരമാധികാരത്തിനും വിരുദ്ധമായ പ്രവർത്തനങ്ങളെ പ്രതിരോധിക്കുന്നതിനും ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്ന സംഘടനകൾ/വ്യക്തികൾ എന്നിവർക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കുക എന്നതാണ് യു.എ.പി.എ. നിയമത്തിന്റെ പ്രധാന ഉദ്ദേശ്യം. ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയാണ് പ്രസ്തുത നിയമ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നത്. വ്യക്തികളുടെയും സംഘടിത ഗ്രൂപ്പുകളുടെയും കുറ്റകരമായ പ്രവർത്തനത്തിന്റെ സ്വഭാവമാണ് കുറ്റം ഏത് നിയമത്തിന്റെ പരിധിയിൽ വരുന്നു എന്ന് നിശ്ചയിക്കുന്നത്.

(ഡി) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവി യു.എ.പി.എ. കേസുകൾ പുനരവലോകനം നടത്തിയിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്ത 26 കേസുകളിൽ 25 എണ്ണം അന്വേഷണാവസ്ഥയിലാണ്. ഒരു കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

**സി.പി.ഒ. മുതൽ എസ്.ഐ. വരെയുള്ള അംഗസംഖ്യ**

127 (141) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ സി.പി.ഒ. മുതൽ എസ്.ഐ. വരെയുള്ള വിവിധ ഗ്രേഡുകളിലായി ആകെ അനുവദിച്ചിട്ടുള്ള അംഗസംഖ്യ എത്രയാണ് ; ഇതിൽ എസ്.ഐ.-മാരുടെ അംഗസംഖ്യ എത്രയാണ് ;

(ബി) നിലവിൽ പ്രസ്തുത ജില്ലകളിൽ സി.പി.ഒ. മുതൽ എസ്.ഐ.-വരെയുള്ള ഗ്രേഡുകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്രയാണ്; ഇതിൽ എസ്.ഐ. മാരുടെ എണ്ണം വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) സി.പി.ഒ. മുതൽ എസ്.ഐ.വരെയുള്ള വിവിധ ഗ്രേഡുകളിലായി മേൽ പറയുന്ന ഓരോ ജില്ലയുടെയും ആകെ അനുവദിച്ചിട്ടുള്ള അംഗസംഖ്യ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

കൊല്ലം സിറ്റി

| തസ്തിക | എണ്ണം |
|---|---|
| സി.പി.ഒ. മുതൽ എസ്.ഐ. വരെ | 815 |
| എസ്.ഐ. | 76 |

കൊല്ലം റൂറൽ

| തസ്തിക | എണ്ണം |
|---|---|
| സി.പി.ഒ. മുതൽ എസ്.ഐ. വരെ | 846 |
| എസ്.ഐ. | 70 |

പത്തനംതിട്ട

| തസ്തിക | എണ്ണം |
|---|---|
| സി.പി.ഒ. മുതൽ എസ്.ഐ. വരെ | 1094 |
| എസ്.ഐ. | 71 |

ആലപ്പുഴ

| തസ്തിക | എണ്ണം |
|---|---|
| സി.പി.ഒ. മുതൽ എസ്.ഐ. വരെ | 1542 |
| എസ്.ഐ. | 102 |

(ബി) സി.പി.ഒ. മുതൽ എസ്.ഐ. വരെയുള്ള തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും എസ്.ഐ.മാരുടെ എണ്ണവും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

<u>കൊല്ലം സിറ്റി</u>

| തസ്തിക | എണ്ണം |
|---|---|
| നിലവിൽ ജോലി ചെയ്യുന്ന സി.പി.ഒ. മുതൽ എസ്.ഐ.വരെയുള്ള ഉദ്യോഗസ്ഥർ | 738 |
| എസ്.ഐ. | 49 |

<u>കൊല്ലം റൂറൽ</u>

| തസ്തിക | എണ്ണം |
|---|---|
| നിലവിൽ ജോലി ചെയ്യുന്ന സി.പി.ഒ. മുതൽ എസ്.ഐ.വരെയുള്ള ഉദ്യോഗസ്ഥർ | 796 |
| എസ്.ഐ. | 58 |

<u>പത്തനംതിട്ട</u>

| തസ്തിക | എണ്ണം |
|---|---|
| നിലവിൽ ജോലി ചെയ്യുന്ന സി.പി.ഒ. മുതൽ എസ്.ഐ.വരെയുള്ള ഉദ്യോഗസ്ഥർ | 1076 |
| എസ്.ഐ. | 57 |

<u>ആലപ്പുഴ</u>

| തസ്തിക | എണ്ണം |
|---|---|
| നിലവിൽ ജോലി ചെയ്യുന്ന സി.പി.ഒ. മുതൽ എസ്.ഐ.വരെയുള്ള ഉദ്യോഗസ്ഥർ | 1463 |
| എസ്.ഐ. | 82 |

## ഐ.എസ്.ബന്ധം

128 (142) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എസ്. ബന്ധത്തിന്റെ പേരിൽ സംസ്ഥാനത്ത് എത്ര പേരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേർ കേരളത്തിലെ വിവിധ ജയിലുകളിൽ ഉണ്ട് ; ഇവരുടെ പേരു സഹിതം ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇവരെ നിയന്ത്രിക്കാൻ എന്തെല്ലാം നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഐ.എസ്. പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ കണ്ടെത്തി ഇവരുടെ പ്രവർത്തനം നിർത്തലാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഇതുസംബന്ധിച്ച അന്വേഷണം നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി ഏറ്റെടുത്തിരിക്കുകയാണ്. മൂന്ന് പേരെ കേരള പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) (1) യാസ്മിൻ മുഹമ്മദ് സയ്യിദ്, ബിഹാർ-വിയ്യൂർ സെൻട്രൽ ജയിലിൽ (തൃശ്ശൂർ)

(2) അർഷിദ് ഖുറേഷി, മുംബൈ - ഇപ്പോൾ ജാമ്യത്തിലാണ്.

(3) റിസ്വാൻ ഖാൻ, തിരുനെൽവേലി - ഇപ്പോൾ ജാമ്യത്തിലാണ്.

(സി&ഡി) ഐ.എസ്. ആശയങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന സന്ദേശങ്ങളും അവ സോഷ്യൽ മീഡിയ/ ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങളും സസൂക്ഷമം നിരീക്ഷിക്കുകയും അവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഐ.എസ്.-ൽ ചേർന്നതായി സംശയിക്കുന്ന വ്യക്തികളുടെയും ബന്ധപ്പെടുന്ന ആൾക്കാരുടെയും പ്രവർത്തനങ്ങൾ തുടർച്ചയായി നിരിക്ഷിക്കുകയും സോഷ്യൽ മീഡിയ/ഇന്റർനെറ്റ് മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇതുസംബന്ധിച്ച് സർക്കാർ ആവശ്യമായ നിർദ്ദേശങ്ങൾ പോലീസ് അധികാരികൾക്ക് നൽകിയിട്ടുണ്ട്.

**പോലീസ് കേസുകൾ**

129 (143) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി.യായി പദവി ദുരുപയോഗം ചെയ്ത്, കെ.എസ്.ഐ.ഡി.സി. എം.ഡി.-യായിരിക്കെ അനധികൃത സ്വത്തുക്കൾ ഉണ്ടെന്ന് റെയിഡ് നടത്തി വിജിലൻസ് കണ്ടെത്തിയ സജി ബഷീറിന് എതിരെ എത്ര കേസുകൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഓരോ കേസുകളുടെയും വിശദാംശങ്ങളും കേസുകളുടെ ഇപ്പോഴത്തെ സ്ഥിതിയും കേസ് നമ്പരുകൾ, കോടതികൾ എന്നിവ ഏതെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത വ്യക്തിയുടെ പേരൂർക്കട, മണ്ണാമൂലയിലുള്ള വീട്ടിലും ഓഫീസിലും വിജിലൻസ് നടത്തിയ റെയിഡിൽ എത്ര കോടി രൂപയുടെ അനധികൃത സ്വത്തുക്കൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത വ്യക്തി ഇപ്പോൾ സർവ്വീസിലുണ്ടോ; സസ്പെൻഷനിലാണോ; ആണെങ്കിൽ എന്നു മുതലാണ് സസ്പെൻഷനിലായതെന്നും വിശദമാക്കുമോ ?

**ഉത്തരം**

(എ) ശ്രീ. സജി ബഷീറിന് എതിരെ 5 വിജിലൻസ് കേസുകൾ നിലവിലുണ്ട്.

(ബി)

1. വി.സി. 2/14/എസ്.ഐ.യു. -II /സിഡ്കോ - കഴക്കൂട്ടം മേനംകുളം ടെലികോം സിറ്റി പ്രോജക്ടിനുവേണ്ടി സിഡ്കോ നടത്തിയ ലാന്റ് ഡെവലപ്മെന്റ് വർക്കിലെ അഴിമതി സംബന്ധിച്ച വിജിലൻസ് കേസ് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം.
2. വി.സി. 1/15/പി.കെ.ഡി./സിഡ്കോ പാലക്കാട് ഒലവക്കോട് സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ഷെഡ്ഡുകൾ അനുവദിച്ചതിലെ അഴിമതി - എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ.
3. വി.സി. 4/16/എസ്.സി.റ്റി./സിഡ്കോ - ശ്രീ. സജി ബഷീറിനെതിരായ അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച വിജിലൻസ് കേസ് -എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം.

4. വി.സി. 28/16/ടി.എസ്.ആർ./സിഡ്കോ - തൃശ്ശൂർ ഒല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഭൂമി കൈമാറിയതിലെ അഴിമതി സംബന്ധിച്ച വിജിലൻസ് കേസ് - എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ.

5. വി.സി. 2/17/എസ്.ഐ.യു-1/സിഡ്കോ- സിഡ്കോയിലെ നിയമനങ്ങളിലെ അഴിമതി സംബന്ധിച്ച വിജിലൻസ് കേസ് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം. ടി കേസ് രജിസ്റ്റർ ചെയ്തത് 16-2-2017-നാണ്. എല്ലാ കേസുകളും അന്വേഷണത്തിലാണ്.

(സി) ശ്രീ. സജി ബഷീറിന്റെ പേരൂർക്കട മണ്ണാമൂലയിലുള്ള വീട്ടിലും തുടർന്ന് 2 ബാങ്ക് ലോക്കറുകളിലും പരിശോധിച്ചതിൽ 4,23,200 രൂപയുടെ കറൻസി നോട്ടുകളും 116.47 പവൻ സ്വർണ്ണാഭരണങ്ങളും ടി വ്യക്തിയുടെയും കുടുംബാംഗങ്ങളുടെയും പേരിൽ സൂക്ഷിച്ചിട്ടുള്ളതായി കാണപ്പെട്ടു.

(ഡി) പ്രസ്തുത വ്യക്തിയെ സസ്പെൻഡ് ചെയ്തിട്ടില്ല. എന്നാൽ ടിയാൻ കെ.എസ്.ഐ.ഇ. എം.ഡി. ആയിരിക്കെ 3-6-2016-ൽ തൽസ്ഥാനത്ത് നിന്നും സർക്കാർ മാറ്റുകയുണ്ടായി.

**ഹോം ഗാർഡുകളുടെ വേതനം**

130 (144) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയോടൊപ്പം ലാ & ഓർഡർ, നൈറ്റ് പെട്രോളിംഗ്, ഡ്രൈവിംഗ് എന്നീ ഡ്യൂട്ടികളും അഗ്നിശമനസേനയോട് ചേർന്ന് വിവിധ ഡ്യൂട്ടികളും ചെയ്തുവരുന്ന നാലായിരത്തോളം വരുന്ന വിമുക്ത ഭടന്മാരായ ഹോം ഗാർഡുകളുടെ വേതനം വളരെ തുച്ഛമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ സേവന-വേതന വ്യവസ്ഥകൾ നിലവിൽ ഉള്ളതിൽനിന്നും വർദ്ധിപ്പിച്ച് നൽകുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2009-ൽ രൂപീകൃതമായ ഹോം ഗാർഡുകളുടെ വേതനം പ്രതിദിനം 250 രൂപ ആയിരുന്നത് 2011-ൽ 350 രൂപയും, 2014-ൽ 400 രൂപയും 2015-ൽ 500 രൂപയും, 2016-ൽ 600 രൂപയും ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇനിയും വേതനം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കേസ് പിൻവലിക്കുന്നതിനുള്ള അപേക്ഷകൾ**

131 (145) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലാ പോലീസ് ആസ്ഥാനത്ത് കേസ് പിൻവലിക്കുന്നതിനായിട്ടുള്ള അപേക്ഷകളിൽ റിപ്പോർട്ട് അയയ്ക്കാതെ എത്രയെണ്ണം കെട്ടിക്കിടപ്പുണ്ടെന്ന് അറിയിക്കാമോ ;

(ബി) ആഭ്യന്തര വകുപ്പ് തുടർ നടപടിക്കായി നൽകിയിട്ടുള്ള അപേക്ഷകളിൽ റിപ്പോർട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) റിപ്പോർട്ട് നൽകാതെ അപേക്ഷകൾ കെട്ടികിടക്കാനുണ്ടായ കാരണമെന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കേസ് പിൻവലിക്കുന്നതിനായി കാസർഗോഡ് ജില്ലാ പോലീസ് ആസ്ഥാനത്ത് ലഭിച്ച അപേക്ഷകളിൽ 98 എണ്ണത്തിന്മേൽ റിപ്പോർട്ട് ലഭിക്കുവാനുണ്ട്.

(ബി) ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ വിവരം ലഭ്യമാക്കി റിപ്പോർട്ടുകൾ അടിയന്തരമായി സമർപ്പിക്കുന്നതാണെന്ന് കാസർഗോഡ് ജില്ലാ പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.

(സി) കേസുകൾ പിൻവലിക്കുന്നത് സംബന്ധിച്ച ബഹു. കോടതികൾ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് ബന്ധപ്പെട്ട രേഖകൾ സഹിതമുള്ള പരിശോധന നടത്തിയശേഷം മാത്രമേ കേസുകൾ പിൻവലിക്കുന്നതിന് എതിർപ്പില്ല എന്ന തീരുമാനം ബന്ധപ്പെട്ട കളക്ടർമാരെ അറിയിക്കാറുള്ളൂ.

**നന്ദന എന്ന സ്കൂൾ വിദ്യാർത്ഥിനിയുടെ ആത്മഹത്യ**

132 (146) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴയിൽ അദ്ധ്യാപകരുടെ പീഡനത്തെ തുടർന്ന് നന്ദന എന്ന സ്കൂൾ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത കുടുംബത്തിന്റെ ദയനീയാവസ്ഥ പരിഗണിച്ച് അർഹമായ സാമ്പത്തിക സഹായം അനുവദിക്കണമെന്ന അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് വാഴക്കുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 841/16 ആയി മൂവാറ്റുപുഴ മോഡൽ വി.എച്ച്.സി. സ്കൂളിലെ പ്രിൻസിപ്പൽ ആയ സുനിത എന്നയാൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ടി കേസിലെ പ്രതി ബഹു. കോടതിയിൽ നിന്നും മുൻകൂർ ജാമ്യം നേടിയിട്ടുണ്ട്.

(സി) 10,000 രൂപ അടിയന്തിര ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടുതൽ ധനസഹായം നൽകുന്ന കാര്യം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തീരുമാനിക്കുന്നതാണ്.

**ന്യൂനപക്ഷ വനിതകൾക്ക് നേരെയുള്ള അക്രമം**

133 (147) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ മോർച്ച നേമം മണ്ഡലം ജനറൽ സെക്രട്ടറി ശ്രീമതി.ആഷാ ഷെറിനെതിരെ സി.പി.എം. അനുഭാവികൾ നടത്തിയ അക്രമം സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഡി.ജി.പി.-ക്ക് നേരിട്ട് നൽകിയ പരാതിയിന്മേൽ നാളിതുവരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനിതകൾക്ക് നേരെ പ്രത്യേകിച്ച് ന്യൂനപക്ഷ വനിതകൾക്ക് നേരെയുള്ള അക്രമങ്ങൾ വർദ്ധിച്ചതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വിഷയത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം പൂജപ്പുര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 67/17 u/s294(b), 323, 324, 354, 506(i) & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 1-ാം പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്. തുടർന്ന് 17-1-2017-ന് തമ്പി, സാബു എന്നിവർ പരാതി കക്ഷിയുടെ വീട്ടുവളപ്പിൽ അതിക്രമിച്ച് കയറി നാശനഷ്ടം വരുത്തിയതിലേക്ക് പൂജപ്പുര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 91/17 u/s 447, 427, 506(i) & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 2-ാം പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. പ്രസ്തുത രണ്ട് കേസുകളും അന്വേഷണത്തിലാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പുതിയ പോലീസ് സ്റ്റേഷനുകൾ

134 (148) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഭൂവിസ്തൃതി, കേസുകളുടെ എണ്ണം എന്നിവ പരിഗണിച്ച് പുതിയ സ്റ്റേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി, വാഴക്കാട് പോലീസ് സ്റ്റേഷനുകൾ വിഭജിച്ച് ഐക്കരപ്പടി ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2016-17-ലെ ബജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന 7 പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരുന്നു.

1. അച്ചൻകോവിൽ (കൊല്ലം റൂറൽ)
2. കയ്പമംഗലം (തൃശ്ശൂർ റൂറൽ)
3. കൊപ്പം (പാലക്കാട്)
4. തൊണ്ടർനാട് (വയനാട്)
5. പിണറായി (കണ്ണൂർ)
6. പുത്തൂർ (പാലക്കാട്)
7. നഗരൂർ (തിരുവനന്തപുരം -റൂറൽ)

(സി) മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. എന്നാൽ ഭൂവിസ്തൃതി, രജിസ്റ്റർ ചെയ്യുന്ന ക്രൈം കേസുകളുടെ എണ്ണം തുടങ്ങിയ ഘടകങ്ങളൊക്കെ പരിഗണിക്കാറുണ്ട്.

(ഡി) സംസ്ഥാന പോലീസ് മേധാവിയിൽനിന്നും ലഭിച്ച മുൻഗണനാപ്പട്ടിക സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ഇ) സംസ്ഥാന പോലീസ് മേധാവി നൽകിയ പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**വനിതാ പോലീസുകാരുടെ അംഗബലം**

135 (149) ശ്രീ.എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ എത്ര ശതമാനം വനിതാ പോലീസ് അംഗങ്ങളാണുള്ളത് ; ഇവരുടെ അംഗബലം ഉയർത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) വനിതാ പോലീസുകാരുടെ അംഗബലം ഉയർത്തേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ ; ആയതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന പോലീസ് സേനയുടെ ആകെ അംഗബലത്തിൽ 8.27 ശതമാനം വനിതാ പോലീസ് അംഗങ്ങളാണ്. വനിതാ പോലീസുകാരുടെ അംഗബലം ഉയർത്തുന്നതിന്റെ ഭാഗമായി 30-1-2017-ലെ സ.ഉ.(കൈ) നമ്പർ 15/2017/ആഭ്യന്തരം പ്രകാരം 380 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും 20 വനിതാ പോലീസ് ഹവീൽദാർമാരെയും ഉൾപ്പെടുത്തി ഒരു വനിതാ പോലീസ് ബാറ്റലിയൻ രൂപികരിച്ച് ഉത്തരവായിരുന്നു.

**പോലീസ് സേനയിലെ ഒഴിവുകൾ**

136 (150) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നികത്തപ്പെടാനുണ്ട് ; ഓരോ തസ്തികകളിലെയും ഒഴിവുകൾ പ്രത്യേകം വ്യക്തമാക്കുമോ;

(ബി) ഒഴിവുള്ള തസ്തികകൾ നികത്തി പോലീസ് സേനയെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) പോലീസ് സേനയിൽ വിവിധ തസ്തികകളിലായി 668 ഒഴിവുകൾ ഉണ്ട്. ഓരോ തസ്തികയിലെയും ഒഴിവുകളുടെ വിവരം അനുബന്ധം എ ആയി ഉൾപ്പെടുത്തിയിരിക്കുന്നു.*

(ബി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഉണ്ട്. സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ വിവരം അനുബന്ധം ബി ആയി ഉൾപ്പെടുത്തിയിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പോലീസ് ക്യാന്റീൻ

137 (151) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് ക്യാന്റീനിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര പോലീസ് ക്യാന്റീനുകൾ പ്രവർത്തിച്ച് വരുന്നു; അവ എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ക്യാന്റീനുകളിൽ എത്ര ഉദ്യോഗസ്ഥർ ഏതെല്ലാം തസ്തികകളിൽ നിയമിക്കപ്പെട്ടിട്ടുണ്ട്;

(ഡി) പോലീസിൽ നിന്നുള്ളവരെ ക്യാന്റീനിൽ നിയമിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ;

(ഇ) പ്രസ്തുത മാനദണ്ഡമനുസരിച്ചാണോ നിലവിലെ ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുള്ളത്;

(എഫ്) സേനാ ഡ്യൂട്ടിയും ക്യാന്റീനിലെ ഡ്യൂട്ടിയും തമ്മിൽ എന്തെങ്കിലും വ്യത്യാസം നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)
1. മാനേജർ
2. അസിസ്റ്റന്റ് മാനേജർ
3. അക്കൗണ്ടന്റ്
4. അസിസ്റ്റന്റ് അക്കൗണ്ടന്റ്
5. സ്റ്റോർ കീപ്പർ
6. അസിസ്റ്റന്റ് സ്റ്റോർ കീപ്പർ
7. ഫ്ളോർ ഇൻ ചാർജ്
8. ഫ്ളോർ അസിസ്റ്റന്റ്
9. സിസ്റ്റം അനലിസ്റ്റ്
10. പർച്ചേസ് എൻട്രി ഇൻ ചാർജ്
11. പർച്ചേസ് എൻട്രി അസിസ്റ്റന്റ്
12. ഓഫീസ് അസിസ്റ്റന്റ്
13. ബില്ലിംഗ്
14. ചെക്കിംഗ്
15. എൻട്രി ചെക്കിംഗ് ആന്റ് ബാഗേജ്.

(ബി) പതിനാല് ജില്ലകളിലും ഓരോ പോലീസ് ക്യാന്റീൻ വീതം പ്രവർത്തിക്കുന്നു.

1. എ.ആർ. ക്യാമ്പ്, തിരുവനന്തപുരം
2. എ.ആർ. ക്യാമ്പ്, കൊല്ലം
3. കെ.എ.പി. 3-ാം ബറ്റാലിയൻ ക്യാമ്പ്, അടൂർ, പത്തനംതിട്ട
4. എ.ആർ.ക്യാമ്പ്, ആലപ്പുഴ
5. എ.ആർ. ക്യാമ്പ്, കോട്ടയം
6. എ.ആർ. ക്യാമ്പ്, ഇടുക്കി
7. എ.ആർ. ക്യാമ്പ്, എറണാകുളം
8. പോലീസ് അക്കാദമി കോമ്പൗണ്ട്, തൃശ്ശൂർ
9. എ.ആർ.ക്യാമ്പ്, പാലക്കാട്
10. മലബാർ സ്പെഷ്യൽ പോലീസ് ക്യാമ്പ്, മലപ്പുറം
11. എ.ആർ. ക്യാമ്പ്, കോഴിക്കോട്
12. എ.ആർ. ക്യാമ്പ്, വയനാട്
13. എ.ആർ. ക്യാമ്പ്, കണ്ണൂർ
14. എ.ആർ. ക്യാമ്പ്, കാസർഗോഡ്

(സി) കേരളത്തിലെ ഓരോ പോലീസ് ക്യാന്റീനിലും 17 ഉദ്യോഗസ്ഥർവീതം ജോലി ചെയ്തുവരുന്നു.

| തസ്തിക | റാങ്ക് | എണ്ണം |
|---|---|---|
| മാനേജർ | അസിസ്റ്റന്റ് കമാണ്ടന്റ് | 1 |
| അസിസ്റ്റന്റ് മാനേജർ | ആർ.എസ്.ഐ./ എ.പി.എസ്.ഐ. | 1 |
| അക്കൗണ്ടന്റ് | സി.പി.ഒ. | 1 |
| സ്റ്റോർ കീപ്പർ | ആർ.എസ്.ഐ./ എ.പി.എസ്.ഐ. | 1 |
| അസിസ്റ്റന്റ് അക്കൗണ്ടന്റ് | സി.പി.ഒ. | 1 |

| | | |
|---|---|---|
| അസിസ്റ്റന്റ് സ്റ്റോർ കീപ്പർ | സി.പി.ഒ. | 2 |
| ഫ്ളോർ ഇൻ ചാർജ് | സി.പി.ഒ. | 1 |
| ഫ്ളോർ അസിസ്റ്റന്റ് | സി.പി.ഒ. | 1 |
| സിസ്റ്റം അനലിസ്റ്റ് | സി.പി.ഒ. | 1 |
| പർച്ചേസ് എൻട്രി ഇൻ ചാർജ് | സി.പി.ഒ. | 1 |
| പർച്ചേസ് എൻട്രി അസിസ്റ്റന്റ് | സി.പി.ഒ. | 1 |
| ഓഫീസ് അസിസ്റ്റന്റ് | സി.പി.ഒ. | 1 |
| ബില്ലിംഗ് | സി.പി.ഒ. | 1 |
| ചെക്കിംഗ് | സി.പി.ഒ. | 2 |
| എൻട്രി ചെക്കിംഗ് ആന്റ് ബാഗേജ് | സി.പി.ഒ. | 1 |
| ആകെ | | 17 |

(ഡി&ഇ) പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ല. എങ്കിലും കമ്പ്യൂട്ടർ പരിജ്ഞാനം, അർപ്പണമനോഭാവം എന്നിവയുള്ളതും ധനപരമായ ആരോപണങ്ങളിൽപ്പെട്ടിട്ടില്ലാത്തവരെയുമാണ് നിയമിച്ചുവരുന്നത്.

(എഫ്) ഉണ്ട്. ക്യാന്റീനിൽ ലോഡിംഗ്, അൺലോഡിംഗ്, ഡിസ്പ്ലേ സ്റ്റോക്ക് മാനേജ്മെന്റ്, റിക്കാർഡ് കീപ്പിംഗ്, അക്കൗണ്ടിംഗ്, കാർഡ് മെയിന്റനൻസ് എന്നീ ജോലികൾ ചെയ്യേണ്ടതുണ്ട്.

**ബോട്ട് ദുരന്തം**

138 (152) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ആഗസ്റ്റ് മാസത്തിൽ ഫോർട്ട് കൊച്ചി-വൈപ്പിൻ അഴിമുഖത്തുണ്ടായ ബോട്ട് ദുരന്തത്തെ സംബന്ധിച്ച് സൗത്ത് സോൺ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് തുറമുഖ വകുപ്പ് ഡയറക്ടർക്ക് നൽകിയ നിർദ്ദേശം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(സി) ബോട്ട് ദുരന്തത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും ഗുരുതരമായി പരിക്കുപറ്റി കിടപ്പിലായവരുടെ കുടുംബാംഗങ്ങൾക്കും ജോലി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന പാക്കേജ് പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഫോർട്ട് കൊച്ചി ബോട്ട് ദുരന്തം സംബന്ധിച്ച് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്മേൽ തുറമുഖ വകുപ്പ് ഡയറക്ടറുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി 16-6-2016-ൽ തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും യോഗതീരുമാനങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) കൊച്ചി-വൈപ്പിൻ ബോട്ട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് (11 കുടുംബങ്ങൾക്ക്) 5 ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിഞ്ഞ 10 പേർക്ക് ഒരു ലക്ഷം രൂപ വീതവും ആകെ 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 65,00,000 (അറുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകിയിട്ടുള്ളതാണ്. കൂടാതെ പരിക്കേറ്റവർക്ക് വിവിധ ആശുപത്രികളിൽ സൗജന്യ ചികിത്സയും നൽകിയിട്ടുള്ളതാണ്.

**പിങ്ക് പോലീസ്**

139 (153) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പിങ്ക് പോലീസ് പട്രോളിംഗ് സംവിധാനം നിലവിലുണ്ടെന്നും ഏതൊക്കെ ജില്ലകളിൽ എത്ര വനിതാ പോലീസുകാർ അതിൽ ജോലി നോക്കുന്നുണ്ടെന്നും എത്ര കാലമായി തുടർന്നുവരുന്നുണ്ടെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിലൂടെ എന്തെല്ലാം ഉപകാരങ്ങൾ പൊതുജനത്തിന് ഉണ്ടായിട്ടുണ്ട് ; വിശദ വിവരങ്ങൾ നൽകുമോ ;

(സി) പ്രസ്തുത സംവിധാനം പ്രയോജനപ്രദമല്ല എന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ഗൗരവപൂർവ്വം കാണുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് 4 ജില്ലകളിൽ പിങ്ക് പോലീസ് പട്രോളിംഗ് സംവിധാനം നിലവിലുണ്ട്. (തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, എറണാകുളം സിറ്റി, തൃശ്ശൂർ സിറ്റി). പ്രസ്തുത 4 ജില്ലകളിലായി വനിതാ പോലീസ് ഓഫീസർമാർ ഉൾപ്പെടെ 84 പേർ പ്രവൃത്തിയെടുത്തുവരുന്നു. ഓരോ ജില്ലയിലും പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർ എന്ന് മുതൽ പ്രവൃത്തിയെടുത്തുവരുന്നു എന്നത് ചുവടെ ചേർക്കുന്നു.

| പോലീസ് ജില്ല | എണ്ണം | പ്രവർത്തനം ആരംഭിച്ച തീയതി |
|---|---|---|
| തിരുവനന്തപുരം സിറ്റി | 31 | 15-8-2016 |
| കൊല്ലം സിറ്റി | 10 | 4-1-2017 |
| എറണാകുളം സിറ്റി | 36 | 25-11-2016 |
| തൃശ്ശൂർ സിറ്റി | 9 | 19-12-2016 |

(ബി) സ്ത്രീകളെയും കുട്ടികളെയും ശല്യപ്പെടുത്തൽ, മദ്യപിച്ച് പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കൽ, സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, ഓട്ടോറിക്ഷാ ഡ്രൈവർമാർക്കെതിരായ പരാതികൾ, പൂവാലശല്യം, പൊതുയാത്രാ സംവിധാനങ്ങളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ, തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ, സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും നേരിടേണ്ടിവരുന്ന എല്ലാവിധ അതിക്രമങ്ങൾക്കുമെതിരായി ശക്തമായ നടപടി സ്വീകരിക്കാൻ പിങ്ക് പോലീസ് പട്രോളിംഗിന് കഴിഞ്ഞിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തോക്ക് ലൈസൻസ്**

140 (154) ശ്രീ. പി. ടി. തോമസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോക്ക് ലൈസൻസ് പുതുക്കിനൽകുന്നതിനുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ഈ അപേക്ഷകൾ പുതുക്കി നൽകുന്നതിന് കാലതാമസം ഉണ്ടാകാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) കാലതാമസം ഒഴിവാക്കി, ലൈസൻസ് പുതുക്കിനൽകാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തോക്ക് ലൈസൻസുകൾ പുതുക്കിനൽകുന്നതിൽ തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 97 |
| 2 | കൊല്ലം | 52 |
| 3 | പത്തനംതിട്ട | 186 |
| 4 | ആലപ്പുഴ | 28 |
| 5 | കോട്ടയം | 1344 |
| 6 | ഇടുക്കി | 658 |
| 7 | എറണാകുളം | 826 |
| 8 | തൃശ്ശൂർ | 109 |
| 9 | മലപ്പുറം | 528 |
| 10 | പാലക്കാട് | 1323 |
| 11 | കോഴിക്കോട് | 372 |
| 12 | കണ്ണൂർ | 175 |
| 13 | വയനാട് | 187 |
| 14 | കാസർഗോഡ് | 482 |

(ബി) റവന്യൂ-ആഭ്യന്തരം-വനം വകുപ്പുകളിൽനിന്നും അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതിനുള്ള കാലതാമസവും അപ്പീൽ പരിഗണിക്കുന്ന വിചാരണ വേളയിൽ പ്രതികൂല റിപ്പോർട്ടിന്മേൽ അപേക്ഷകൻ പുനരന്വേഷണം ആവശ്യപ്പെടുന്നതും ടി അന്വേഷണം പൂർത്തിയാകാൻ എടുക്കുന്ന സമയവും കാലതാമസത്തിന് കാരണമാകുന്നുണ്ട്. രാജ്യസുരക്ഷ മുൻനിർത്തി ആയുധവ്യാപനം തടയുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും

ആഭ്യന്തര (എഫ്) വകുപ്പിന്റെ 14-9-2010-ലെ 76689/എഫ്1/09/ആഭ്യന്തരം നമ്പർ സർക്കുലറും പ്രകാരം അത്യധികം ഭീഷണി നിലനിൽക്കുന്ന വ്യക്തികൾക്ക് മാത്രമേ സ്വയരക്ഷയ്ക്ക് ആയുധ ലൈസൻസ് അനുവദിക്കാൻ പാടുള്ളൂ. ഇതുസംബന്ധിച്ച് അനുകൂലമായ പോലീസ് റിപ്പോർട്ട് ലഭിക്കാത്ത അപേക്ഷകൾ തീർപ്പാക്കാൻ കഴിയാത്ത സാഹചര്യമുണ്ട്.

(സി) അന്വേഷണ റിപ്പോർട്ടുകൾ 2016-ലെ ആയുധ ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ സമർപ്പിച്ച് കാലതാമസം ഒഴിവാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

## വെണ്ണല പോലീസ് സ്റ്റേഷൻ

141 (155) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജക മണ്ഡലത്തിലെ വെണ്ണല ആസ്ഥാനമായി ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) പുതുതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി തയ്യാറാക്കി നൽകിയ മുൻഗണനാ പട്ടികയിൽ വെണ്ണല ഉൾപ്പെട്ടിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

## റാഗിംഗ്

142 (156) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാഗിംഗിന്റെ പേരിൽ ക്രൂര പീഡനത്തിന് വിധേയനാകേണ്ടി വന്ന കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ മറൈൻ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിയും തൃക്കരിപ്പൂർ സ്വദേശിയുമായ ശ്രീ. ആശിഷ് തമ്പാൻ, സീനിയർ വിദ്യാർത്ഥികളുടെ ആക്രമണം നിമിത്തം വിഷം കഴിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചതുമായി ബന്ധപ്പെട്ട് കുറ്റവാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരം ലഭ്യമാക്കുമോ;

(ബി) മറൈൻ എഞ്ചിനീയറിംഗ് കേളേജിൽ റാഗിംഗ് നിർത്തലാക്കാൻ അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതു സംബന്ധിച്ച് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ മറൈൻ എഞ്ചിനീയറിംഗ് കോളേജിലെ മൂന്നാം സെമസ്റ്റർ ബി-ടെക് മറൈൻ എൻജിനീയറിംഗ് വിദ്യാർത്ഥികളായ കാസർഗോഡ് സ്വദേശി ജനാർദ്ദനൻ മകൻ ജിബിൻ, ഏലൂർ സ്വദേശി വേണു മകൻ വിഷ്ണു, മലപ്പുറം സ്വദേശി വിശ്വനാഥൻ മകൻ വൈശാഖ് എന്നിവരെ പ്രതികളാക്കി കളമശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1878/2016 u/s 4 of Kerala Prohibition of Ragging Act and 341, 323, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ടി കേസിന്റെ അന്വേഷണം പൂർത്തിയാക്കി പ്രതികൾക്കെതിരായി കുറ്റപത്രം തയ്യാറാക്കി ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) റാഗിംഗ് വിരുദ്ധ നടപടികൾ ഊർജ്ജിതപ്പെടുത്താനുള്ള നടപടികൾ കോളേജ് അധികൃതർ സ്വീകരിച്ചുവരുന്നു. ഹോസ്റ്റലുകളിലും ക്യാമ്പസിലും ആദ്യവർഷ വിദ്യാർത്ഥികൾക്ക് സുരക്ഷിതത്വബോധം ഉണ്ടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മരണം സംബന്ധിച്ച അന്വേഷണം**

143 (158) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയിയുടെ മരണത്തിലെ ദുരൂഹത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് നൽകിയ കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) അസ്വാഭാവിക മരണത്തിന് ഉത്തരവാദികളായവരെ കണ്ടെത്തി കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മരണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് നൽകിയ കത്തിന്റെ പകർപ്പ് തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി, ആരോഗ്യവകുപ്പ്, റവന്യൂ വകുപ്പ് എന്നിവർക്ക് നൽകിയിട്ടുണ്ട്.

(സി) തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയ് മരണപ്പെട്ടത് സംബന്ധിച്ച് പഴയന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 19/17 ആയി രജിസ്റ്റർ ചെയ്ത കേസ് അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണ സംഘം ടി കേസ് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

**പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ**

144 (159) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് ഇതുവരെയായി നിയമനം നൽകിയിട്ടുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദാംശം നൽകുമോ;

(ബി) വാഹനങ്ങൾക്ക് ആനുപാതികമായി പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കൂടുതൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ: എങ്കിൽ ഓരോ ബറ്റാലിയനിലും എത്ര വീതം തസ്തികകളാണ് പുതുതായി സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആകെ 574 ഉദ്യോഗാർത്ഥികൾക്ക് ഇതുവരെയായി നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബറ്റാലിയൻ | ആകെ നിയമന ശിപാർശ | നിലവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ |
|---|---|---|---|
| 1 | കെ.എ.പി. 1 | 64 | 5 |
| 2 | കെ.എ.പി. 2 | 29 | 55 |
| 3 | കെ.എ.പി. 3 | 49 | |
| 4 | കെ.എ.പി. 4 | 127 | |
| 5 | കെ.എ.പി. 5 | 61 | |
| 6 | എസ്.എ.പി. | 130 | 1 NJD |
| 7 | എം.എസ്.പി. | 114 | |

(ബി) 17-1-2017-ലെ സ.ഉ.(കൈ) നമ്പർ 7/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ 400 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനുപുറമേ വനിതാ പോലീസ് ബറ്റാലിയനിൽ 5-ഉം തീരദേശ പോലീസ് സ്റ്റേഷനുകളിൽ 8-ഉം വിഴിഞ്ഞം ഡിറ്റാച്ച്മെന്റ് ക്യാമ്പ് രൂപീകരണവുമായി ബന്ധപ്പെട്ട് 4-ഉം ഡ്രൈവർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ**

145 (160) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽ പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ പൊതുനിരത്തുകളിൽ നിർത്തിയിട്ടിരിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറിയ കേസുകളിൽപ്പെട്ട വാഹനങ്ങൾപോലും മറ്റ് നിയമതടസ്സങ്ങൾ ഒന്നുംതന്നെ ഇല്ലെങ്കിൽ പോലും വിട്ടുകൊടുക്കാതെ പിടിച്ചുവെക്കുന്നത് ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിയമ തടസ്സങ്ങൾ ഇല്ലാത്ത വാഹനങ്ങൾ വിട്ടുകൊടുക്കാതെ പിടിച്ചുവെയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുത്ത വാഹനങ്ങൾ വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവിയുടെ 30-1-2017-ലെ സർക്കുലർ നമ്പർ 7/2017 പ്രകാരവും യു 3/16496/2015/ പി.എച്ച്.ക്യൂ. തീയതി 10-2-2017 കത്ത് മുഖേനയും സംസ്ഥാന പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**സൈബർ കുറ്റകൃത്യങ്ങൾ**

146 (161) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ അവ കണ്ടെത്തുന്നതിനും തെളിയിക്കുന്നതിനും സംസ്ഥാനത്ത് സൈബർ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണ്;

(ബി) സംസ്ഥാനത്ത് കൂടുതൽ സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരത്ത് പോലീസ് ട്രെയിനിംഗ് കോളേജിൽ ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നു. ജി.ഒ.(എം.എസ്.) നമ്പർ 197/2015/ആഭ്യന്തരം തീയതി 10-9-2015 എന്ന ഉത്തരവുപ്രകാരം കൊച്ചി ഇൻഫോപാർക്കിൽ സൈബർ പോലീസ് സ്റ്റേഷന് അനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കൂടുതൽ സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**സൈബർ കുറ്റകൃത്യങ്ങൾ**

147 (162) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളും ഓൺലൈൻ തട്ടിപ്പുകളും തടയുന്നതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം കുറ്റകൃത്യങ്ങൾ കാര്യക്ഷമമായും കാലതാമസം കൂടാതെയും അന്വേഷിക്കുന്നതിലേക്കായി കൂടുതൽ സാങ്കേതിക വിദഗ്ധരെക്കൂടി ഉൾപ്പെടുത്തി സൈബർ സെല്ലുകളുടെ സേവനം വിപുലമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഓൺലൈൻ തട്ടിപ്പുകൾ തടയുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിവരുന്നു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ആസ്ഥാനമായുള്ള സൈബർ പോലീസ് സ്റ്റേഷൻ, ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ ഡോം കൂടാതെ വിവിധ പോലീസ് ജില്ലകളിലുള്ള സൈബർ സെല്ലുകൾ എന്നിവ മുഖാന്തരം സൈബർ കുറ്റകൃത്യങ്ങൾക്കും ഓൺലൈൻ തട്ടിപ്പുകൾക്കുമെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടെത്തി നിയമത്തിന് മുമ്പിൽ കൊണ്ടുവരികയും ചെയ്യുന്നുണ്ട്. കൂടാതെ ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000 പ്രകാരം ലോക്കൽ പോലീസ് സ്റ്റേഷനുകളിലും അതീവ ഗുരുതര സ്വഭാവമുള്ള കേസുകൾ സൈബർ പോലീസ് സ്റ്റേഷനിലും രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

(ബി) C-DAC മുഖേന സൈബർ ഫോറൻസിക്കിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥർക്ക് വിദഗ്ദ പരിശീലനം നൽകി പോലീസ് ജില്ലകളിലെ സൈബർ സെല്ലിലും ഹൈടെക് ക്രൈം എൻക്വയറി സെല്ലിലും നിയോഗിച്ചിട്ടുണ്ട്.

(സി) ഓൺലൈൻ തട്ടിപ്പുകൾ തടയുന്നതിലേക്കായി ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, സൈബർ ഡോം, ജനമൈത്രി പോലീസ് പദ്ധതി, സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി എന്നിവയുടെ നേതൃത്വത്തിൽ സ്കൂളുകൾ കോളേജുകൾ, വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, നാഷണൽ സർവ്വീസ് സ്കീം, ഐ.സി.ഡി.എസ്. പ്രോജക്ട്, റസിഡൻസ് അസോസിയേഷനുകൾ എന്നിവ മുഖാന്തരം ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നുണ്ട്.

**പോലീസ് സേനാംഗങ്ങൾക്കായുള്ള ക്യാന്റീൻ**

148 (163) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ച പോലീസ് സേനാംഗങ്ങൾക്കായുള്ള ക്യാന്റീനിലേക്ക് വിൽപ്പനക്കായി വിവിധ ഉൽപ്പന്നങ്ങൾ വാങ്ങുന്നത് ഏത് രീതിയിലാണ്; കമ്പനികളിൽനിന്നും നേരിട്ടാണോ അതോ ഇടത്തട്ടുകാരുടെ ഇടപെടലിന് ശേഷമാണോ ഉൽപ്പന്നങ്ങൾ വിൽപ്പനയ്ക്കായി എത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കമ്പനികളിൽനിന്നും നേരിട്ട് ശേഖരിക്കാത്ത ഉൽപ്പന്നങ്ങൾ ക്യാന്റീൻ വഴി വിൽക്കുന്നതിന് അനുമതി ഉണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ഉത്പന്നങ്ങളാണെന്നും അവ ഏത് വിധത്തിലാണ് ശേഖരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനം വഴി ഗുണമേന്മ ഇല്ലാത്ത ഉൽപ്പന്നങ്ങൾ വിൽക്കുന്നത് സർക്കാരിനെ വിശ്വസിച്ച് എത്തുന്ന സേനാംഗങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയം ഗൗരവമായി കാണുമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിലെ സെൻട്രൽ പോലീസ് ക്യാന്റീനിൽ വിൽക്കുന്നതിനാവശ്യമായ സാധനങ്ങൾ രണ്ട് രീതിയിലാണ് വാങ്ങുന്നത്.

1. <u>സെൻട്രൽ പോലീസ് ക്യാന്റീൻ (സി.പി.സി.)-യിൽ നിന്നുള്ള വാങ്ങൽ</u>

   ഇവിടെനിന്നും വാങ്ങുന്ന സാധനങ്ങളുടെ ക്യാന്റീൻ വില നിർണ്ണയിക്കുന്നത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ പോലീസ് ക്യാന്റീൻ ആണ്.

2. <u>നോൺ സെൻട്രൽ പോലീസ് ക്യാന്റീൻ സാധനങ്ങൾ</u>

   ടി സാധനങ്ങളുടെ വില നിർണ്ണയിക്കുന്നത് കേരളാ പോലീസിന്റെ സെൻട്രൽ പർച്ചേസ് കമ്മിറ്റി അഥവാ പ്രോഡക്ട് പർച്ചേസ് കൺസൾട്ടേഷൻ കമ്മിറ്റിയാണ്.

   രണ്ട് വിഭാഗങ്ങളിലും അംഗീകൃത കമ്പനികളിൽ നിന്നോ ടി കമ്പനികൾ ചുമതലപ്പെടുത്തിയ അംഗീകൃത വിതരണക്കാരിൽ നിന്നോ ആണ് പോലീസ് ക്യാന്റീനിൽ വിൽക്കുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് ക്യാന്റീനിൽ വിതരണം ചെയ്യുന്ന സാധനങ്ങളിൽ അവയുടെ വില, ഗുണനിലവാരം ഇവ സംബന്ധിക്കുന്ന എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ അവ രേഖാമൂലം ചെയർമാൻ പർച്ചേസ് കമ്മിറ്റിയെ തപാൽ മുഖേനയോ, മെയിൽ വഴിയോ അറിയിക്കാവുന്നതാണ്. കൂടാതെ കേരളത്തിലെ സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനുകളിൽ വിതരണം ചെയ്യുന്ന സാധനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള അപാകത കണ്ടെത്തിയാൽ ആയത് വളരെ ഗൗരവമായി കാണുകയും ടി സാധനങ്ങൾ പിൻവലിക്കുകയും ടി വിതരണ കമ്പനിയെ പോലീസ് ക്യാന്റീൻ പർച്ചേസ് ലിസ്റ്റിൽനിന്നും നീക്കംചെയ്യുകയും ചെയ്യുന്നതാണ്.

## ടൈപ്പിസ്റ്റ് - സി.എ. കൺവെർഷൻ

149 (164) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ നാളിതുവരെ പോലീസ് ഡിപ്പാർട്ട്മെന്റിൽ എത്ര ടൈപ്പിസ്റ്റുമാരെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി കൺവെർട്ട് ചെയ്തിട്ടുണ്ടെന്നും ടൈപ്പിസ്റ്റ് - സി.എ. കൺവെർഷൻ അനുപാതം എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അനുപാതത്തിലാണോ ടൈപ്പിസ്റ്റ്-സി.എ. കൺവെർഷൻ നടത്തുന്നത്; അല്ലെങ്കിൽ അതിനനുബന്ധമായ സർക്കാർ ഉത്തരവും സ്പെഷ്യൽ റൂളും ഉണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പോലീസ് ഡിപ്പാർട്ട്മെന്റിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ലയും യൂണിറ്റും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2011 മുതൽ 35 ടൈപ്പിസ്റ്റുമാരെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി തസ്തികമാറ്റം വഴി നിയോഗിച്ചിട്ടുണ്ട്. ടൈപ്പിസ്റ്റ് കോൺഫിഡൻഷ്യൽ കൺവെർഷൻ അനുപാതം 50:50 ആണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിലവിൽ എട്ട് ഒഴിവുകളുണ്ട്. അവ ചുവടെ പറയുന്നു.

1. ഡി.പി.ഒ., തിരുവനന്തപുരം റൂറൽ.
2. എസ്.എ.പി., തിരുവനന്തപുരം
3. എസ്.സി.ആർ.ബി., തിരുവനന്തപുരം
4. എസ്.ബി.സി.ഐ.ഡി. ആസ്ഥാനം, തിരുവനന്തപുരം
5. ക്രൈംബ്രാഞ്ച് ആസ്ഥാനം, തിരുവനന്തപുരം
6. ഡി.പി.ഒ., പത്തനംതിട്ട
7. പോലീസ് ആസ്ഥാനം, തിരുവനന്തപുരം

## നഗരൂർ പോലീസ് സ്റ്റേഷൻ

150 (165) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; ഈ വർഷം പ്രവർത്തനം ആരംഭിക്കുമോ;

(ബി) പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശ ഭരണ സ്ഥാപനം ഏർപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതുതായി പോലീസ് സ്റ്റേഷൻ അനുവദിക്കുമ്പോൾ ഏതെല്ലാം തസ്തികകളിലായി എത്ര പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാകുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നഗരൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച സംസ്ഥാന പോലീസ് മേധാവി നൽകിയ പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

151 (166) <u>ശ്രീ. റ്റി. വി. രാജേഷ് :</u> താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് പരിയാരം ടി.ബി. സാനിറ്റോറിയത്തിന്റെ ഒരു ഹെക്ടർ ഭൂമി വിട്ടുകിട്ടുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് പരിയാരം ടി.ബി. സാനിറ്റോറിയത്തിന്റെ ഒരു ഹെക്ടർ ഭൂമി വിട്ടുകിട്ടുന്നത് സംബന്ധിച്ച കാര്യം പരിശോധിച്ചുവരുന്നു

**രസീലയുടെ കൊലപാതകം**

152 (167) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളി സോഫ്റ്റ്‌വെയർ എഞ്ചിനീയർ കുന്ദമംഗലം പയിമ്പ്ര സ്വദേശി രസീല പൂനെ ഇൻഫോസിസ് ഓഫീസിൽ കൊല്ലപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആവശ്യമായ സുരക്ഷാ സൗകര്യങ്ങളൊരുക്കാതെ സ്ത്രീ ജീവനക്കാരെ ഒറ്റയ്ക്ക് രാത്രിയിൽ ജോലി ചെയ്യിക്കുന്നത്, ഇത്തരം ദുരന്തങ്ങൾക്കിടയാക്കുമെന്ന പരാതി പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) രസീല കൊല്ലപ്പെടാനിടയായ സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇൻഫോസിസ് അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച കണക്കിലെടുത്ത് കമ്പനിക്കെതിരെ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിലും ബന്ധപ്പെട്ട സംസ്ഥാന സർക്കാരിലും സമ്മർദ്ദം ചെലുത്തുമോ ;

(ഡി) രസീലയുടെ കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഇ) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് രാത്രികാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാരുടെ സുരക്ഷയ്ക്കായി ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരുന്നുണ്ട്.

(സി - ഇ) ഇക്കാര്യം പ്രത്യേക പ്രാധാന്യം നൽകി പരിശോധിച്ചുവരുന്നു.

**ഹാറ്റ്സ് പദ്ധതി**

153 (168) ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക സമ്മർദ്ദം കുറയ്ക്കാനും വെല്ലുവിളികൾ നേരിടാനുള്ള പ്രാപ്തി കൈവരിക്കുന്നതിനുമായി ഹെൽപ് ആന്റ് അസിസ്റ്റൻസ് ടു ടാക്കിൾ സ്ട്രെസ് (ഹാറ്റ്സ്) പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇവരുടെ ആരോഗ്യ പരിരക്ഷയും ശാരീരിക ക്ഷമത ഉറപ്പാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പോലീസ് ഉദ്യോഗസ്ഥർക്കായി സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുമായി സഹകരിച്ച് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും വെല്ലുവിളികൾ നേരിടുന്നതിനുള്ള പ്രാപ്തി കൈവരിക്കുന്നതിനും ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികളാണ് പ്രസ്തുത പദ്ധതി മുഖേന നടപ്പാക്കുന്നത്.

(സി) ഇല്ല.

**വിദ്യാർത്ഥിയുടെ ദുരൂഹമരണം**

154 (169) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയ് ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടതിനെക്കുറിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) മരണത്തെപ്പറ്റി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജിഷ്ണുവിന്റെ രക്ഷിതാക്കൾ മുഖ്യമന്ത്രിക്ക് എത്ര കത്തുകൾ/ നിവേദനങ്ങൾ നൽകി ; പ്രസ്തുത കത്തുകൾക്കും നിവേദനങ്ങൾക്കും മറുപടി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ജിഷ്ണുവിന്റെ അമ്മ മുഖ്യമന്ത്രിക്ക് തുറന്ന കത്തെഴുതുവാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ ; മകൻ നഷ്ടപ്പെട്ട കുടുംബത്തോട് കാണിച്ച മനുഷ്യത്വരഹിതമായ സമീപനമാണ് തുറന്ന കത്തെഴുതാൻ മാതാവിനെ പ്രേരിപ്പിച്ചത് എന്ന ആരോപണം ശരിയാണോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയ് മരണപ്പെട്ടത് സംബന്ധിച്ച് പഴയന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 19/17 ആയി രജിസ്റ്റർ ചെയ്ത കേസ് അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണ സംഘം ടി കേസ് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

(ബി) മരണത്തെപ്പറ്റി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജിഷ്ണുവിന്റെ രക്ഷിതാക്കൾ പ്രതിപക്ഷ നേതാവ് മുഖാന്തരം മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിരുന്നു. പ്രസ്തുത നിവേദനത്തിന് നൽകിയ മറുപടിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ജിഷ്ണു പ്രണോയിയുടെ മരണത്തിന് കാരണക്കാരായവരെ കണ്ടുപിടിച്ച് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിന് സർക്കാർ സ്വീകരിക്കേണ്ട എല്ലാ നടപടികളും ഊർജ്ജിതമായും സമയബന്ധിതമായും സ്വീകരിച്ചിട്ടുണ്ട്. ഈ കേസിന്റെ പ്രത്യേകത പരിഗണിച്ച് അഡ്വക്കേറ്റ് സി. പി. ഉദയഭാനുവിനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്തുനിന്നും മനുഷ്യത്വരഹിതമായ സമീപനം ഉണ്ടായിട്ടില്ല.

**ട്രാഫിക് പോലീസ് സ്റ്റേഷൻ**

155 (170) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ട്രാഫിക് പോലീസ് സ്റ്റേഷനിലേക്ക് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) ട്രാഫിക് സംബന്ധമായ കേസുകൾക്കും മറ്റും കരുനാഗപ്പള്ളി നിവാസികൾ ഇപ്പോൾ കൊല്ലത്തുള്ള ട്രാഫിക് പോലീസ് സ്റ്റേഷനെയാണ് ആശ്രയിക്കുന്നതെന്നതിനാൽ ഇത് പരിഹരിക്കുന്നതിനുവേണ്ടി അനുവദിച്ച ട്രാഫിക് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) കരുനാഗപ്പള്ളിയിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താൽക്കാലിക ക്രമീകരണം എന്ന നിലയിൽ ഒരു ട്രാഫിക് സംവിധാനം മാത്രമാണ് ഉദ്ഘാടനം ചെയ്തത്. ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായുള്ള വിശദാംശങ്ങൾ അടങ്ങിയ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവി, കൊല്ലം ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചങ്ങനാശ്ശേരി ട്രാഫിക് പോലീസ് സ്റ്റേഷൻ

156 (171) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) എത്രയും വേഗം സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചങ്ങനാശ്ശേരിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## സിവിൽ സ്റ്റേഷൻ പരിസരത്തുണ്ടായ സ്ഫോടനം

157 (172) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സിവിൽ സ്റ്റേഷൻ വളപ്പിൽ കോടതി പരിസരത്തുണ്ടായ സ്ഫോടനത്തെ സംബന്ധിച്ചുള്ള അന്വേഷണ പുരോഗതി വിശദീകരിക്കാമോ;

(ബി) നാളിതുവരെ എത്ര പേരെ അറസ്റ്റ് ചെയ്തു; പ്രതികളെ മുഴുവനായും പിടികൂടിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തിനകത്തും പുറത്തുമുണ്ടായ മറ്റ് സ്ഫോടനങ്ങളുമായി ഇതിന് ബന്ധമുണ്ടോ;

(ഡി) സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ എന്തെല്ലാം സുരക്ഷാ നടപടികളാണ് മുൻകരുതലുകളായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത മലപ്പുറം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 693/16 ഡിവൈ.എസ്.പി., നാർക്കോട്ടിക്ക് സെൽ, മലപ്പുറം അന്വേഷിച്ചു വരുന്നു.

(ബി&സി) ടി കേസുമായി സാമ്യമുള്ള മൈസൂർ ബോംബ് സ്ഫോടന കേസിന്റെ അന്വേഷണ ഏജൻസിയായ എൻ.ഐ.എ. അഞ്ച് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും ടി പ്രതികൾക്ക് മലപ്പുറം ബോംബ് സ്ഫോടന കേസുമായി ബന്ധമുണ്ടെന്ന് അറിവായിട്ടുമുണ്ട്.

(ഡി) ഇതുമായി ബന്ധമുണ്ടെന്ന് സംശയിക്കുന്ന സംഘടനകളുടെയും വ്യക്തികളുടെയും പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചുവരികയും ആവശ്യമായ സുരക്ഷാനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**ഗുണ്ടകളെ അമർച്ച ചെയ്യാൻ നടപടി**

158 (173) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ മേഖലകളിൽ വീണ്ടും ഗുണ്ടാവിളയാട്ടം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിലെ ജനങ്ങളുടെ സ്വൈര്യ ജീവിതം കെടുത്തുന്ന ഗുണ്ടകളെ അമർച്ച ചെയ്യാൻ പോലീസിൽ എന്തെങ്കിലും പുതിയ സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേരളത്തിലെ വിവിധ ജില്ലകളിൽ ഗുണ്ടകളുടെ വിളയാട്ടം അവസാനിപ്പിക്കാൻ ജില്ലതോറും പ്രത്യേക പോലീസ് സ്ക്വാഡ് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചില ജില്ലകളിൽ ഗുണ്ടാ സംഘങ്ങളുടെ തട്ടിക്കൊണ്ടുപോകലും അക്രമസംഭവങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ വിവിധ മേഖലകളിൽ ഗുണ്ടാവിളയാട്ടം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുണ്ടാ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടി സാമൂഹ്യ വിരുദ്ധ പ്രവർത്തനത്തിൽ നിരന്തരം ഏർപ്പെട്ടുവരുന്നവരെ സൂക്ഷ്മമായി നിരീക്ഷിക്കുകയും സ്റ്റേഷൻ റൗഡി ഹിസ്റ്ററി ഷീറ്റ് ആരംഭിച്ച് സൂക്ഷ്മ നിരീക്ഷണം നടത്തുകയും ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നത് തടയുന്നതിനായി ക്രിമിനൽ നടപടി നിയമത്തിലേയും KAAPA നിയമത്തിലേയും വിവിധ വകുപ്പുകൾ പ്രകാരം കരുതൽ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. ഇവർ ഉൾപ്പെട്ട കേസുകളിൽ പരമാവധി ശിക്ഷ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ രഹസ്യാന്വേഷണ വിഭാഗത്തെ ഉപയോഗിച്ച് ഇത്തരം സംഘങ്ങൾ ഉയർന്നുവരുന്നുണ്ടോ എന്ന് പരിശോധിക്കുകയും അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടികളും സ്വീകരിക്കുന്നുമുണ്ട്.

(ബി&സി) ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും അമർച്ച ചെയ്യുന്നതിനുവേണ്ടി 1-11-2016-ലെ സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 8/2016 പ്രകാരം ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ആന്റീ ഗുണ്ടാ സ്ക്വാഡും (SAGS) എല്ലാ ജില്ലകളിലും ഗുണ്ടാ വിരുദ്ധ സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്.

## മണൽ മാഫിയ പ്രവർത്തനം

159 (174) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തീരദേശമേഖലകളിൽനിന്നും പ്രത്യേകിച്ച് പുഴകളിൽ നിന്നും വ്യാപകമായ തോതിൽ മണലെടുക്കുന്ന സംഘങ്ങൾ മാഫിയാ പ്രവർത്തനം നടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: നിരവധി പോലീസുകാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ അപായപ്പെടുത്തുന്ന രീതിയിൽ ഇവർ നടത്തുന്ന ക്രിമിനൽ പ്രവർത്തനങ്ങൾ ശാശ്വതമായി അമർച്ച ചെയ്യാനും പൊതുമേഖലയിൽ മാത്രം പൂഴി ഡ്രഡ്ജ് ചെയ്യാനും ഇപ്പോൾ പ്രവർത്തിക്കുന്ന മുഴുവൻ തൊഴിലാളികൾക്കും ഇതുവഴി ജോലി നൽകാനും നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

അനധികൃത മണൽ ഖനനത്തിനെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോർട്ട് കടവുകളിൽ സഹകരണ സംഘങ്ങൾ മുഖേനയാണ് മണൽ ഡ്രഡ്ജ് ചെയ്തുവരുന്നത്. പൂഴിക്കടവുകളിൽനിന്നും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളെ ഉപയോഗിച്ചാണ് മണൽ വാരൽ നടത്തിയിരുന്നത്. പാരിസ്ഥിതികാനുമതി ലഭിക്കാത്തതിനാൽ ഇപ്പോൾ പൂഴിക്കടവുകളൊന്നും പ്രവർത്തിക്കുന്നില്ല. പൊതുമേഖലയിൽ മാത്രം പൂഴി ഡ്രഡ്ജ് ചെയ്യുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## ട്രാഫിക് പോലീസിന്റെ സേവനം

160 (175) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലും ദേശീയ പാതകളിലും വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ തടയുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ;

(ബി) ട്രാഫിക് പോലീസിന്റെ സേവനം കാര്യക്ഷമമാക്കുന്നതിലേക്കായി കൂടുതൽ പോലീസുകാരെ ട്രാഫിക് വിഭാഗത്തിൽ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ട്രാഫിക് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്കായി നിലവിലുള്ള ഡിവിഷനുകൾ വിഭജിക്കുന്നതിനും പുതിയവ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; ഇവയുടെ വിശദാംശം വെളിപ്പെടുത്തുമോ?

(എ) ട്രാഫിക് നിയമലംഘനങ്ങൾ സംബന്ധിച്ച കുറ്റകൃത്യങ്ങൾ കണ്ടുപിടിച്ച് പിഴ ഈടാക്കുന്നതിന് നിലവിൽ മോട്ടോർ വാഹന വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും അധികാര പരിധിയിൽ ഏകദേശം 320 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. 200 സ്ഥലങ്ങളിൽകൂടി ക്യാമറ സ്ഥാപിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. കർശനവും സുരക്ഷിതവുമായ വാഹന പരിശോധന, നിയമ ലംഘനങ്ങൾക്ക് പിഴ ചുമത്തൽ, മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ലൈസൻസ് റദ്ദ് ചെയ്യൽ തുടങ്ങിയ നടപടികൾ നടന്നുവരുന്നു. അപകട സാദ്ധ്യത കൂടിയ സ്ഥലങ്ങൾ (Black spot) ശാസ്ത്രീയമായി കണ്ടെത്തി അപകടസാദ്ധ്യതാ മുന്നറിയിപ്പ് ബോർഡുകൾ, അമിത വേഗതാ നിയന്ത്രണത്തിനായുള്ള സ്പീഡ് ബ്രേക്കറുകൾ, സ്പീഡ് റഡാർ എന്നിവ സ്ഥാപിച്ചും ബ്ലിങ്കർ ലൈറ്റുകൾ, ട്രാഫിക് സിഗ്നൽ ലൈറ്റുകൾ എന്നിവ സ്ഥാപിച്ചും അപകടത്തോത് കുറച്ചുവരുന്നു. മുന്നറിയിപ്പ് ബോർഡുകളും തിരക്കുള്ള റോഡിൽ ഫുട്പാത്തുകളും സ്ഥാപിച്ചുവരുന്നു. ട്രാഫിക് അവയർനെസ് പരിപാടികൾ സ്കൂൾ - കോളേജ് തലത്തിലും പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കുമായി സംഘടിപ്പിച്ചും ഡ്രൈവർമാർക്ക് വിശ്രമ കേന്ദ്രങ്ങൾ ഒരുക്കിയും ഹൈവേയിൽ 24 മണിക്കൂറും പോലീസിന്റെ സേവനം ഉറപ്പാക്കിയുംവരുന്നു. ജില്ലാ പോലീസ് ഓഫീസുകളിലെ ട്രാഫിക് എഡ്യൂക്കേഷൻ സെന്ററുകളിൽ വച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. കൂടാതെ സ്കൂളുകൾ കേന്ദ്രീകരിച്ച് റോഡ് സേഫ്റ്റി ക്ലബ്ബുകൾ മുഖേന ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ, ഫോട്ടോ പ്രദർശനം, എമർജൻസി ഫോൺ, ബുക്ക്ലെറ്റുകൾ, ലഘുലേഖകൾ എന്നിവ വിതരണം ചെയ്തും മൊബൈൽ, ഇലക്ട്രോണിക് പാർക്ക് എന്നിവ ഉപയോഗിച്ച് കുട്ടികളെയും മറ്റും ബോധവൽക്കരണം നടത്തിയും റോഡപകടങ്ങൾ കുറയ്ക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല. ഹോംഗാർഡുകളെ നിയോഗിച്ച് ഈ രംഗത്തെ സേവനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ചുവരുന്നു.

**സോളാർ ബോട്ടുകൾ**

161 (176) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തുന്ന സോളാർ ബോട്ടിന്റെ ഭാഗങ്ങൾ മോഷണം പോയതുമായി ബന്ധപ്പെട്ട് പോലീസിൽ പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ സംഭവവുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനുള്ള മുൻകരുതലുകൾ എടുക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വൈക്കം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 314/2017 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അന്വേഷണമദ്ധ്യേ പ്രസ്തുത ബോട്ടിൽനിന്നും നഷ്ടപ്പെട്ട റഡാർ തവണക്കടവ് കായലിൽനിന്നും ലഭിച്ചത് വൈക്കം ബോട്ട് ജെട്ടി കെട്ടിടത്തിൽ സൂക്ഷിച്ചുവരുന്നുണ്ടെന്ന് അറിവായതിന്റെ അടിസ്ഥാനത്തിൽ ടി റഡാർ ബന്തവസ്സിലെടുത്ത് ശാസ്ത്രീയ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. പരിശോധനാഫലം ലഭിക്കേണ്ടതായിട്ടുണ്ട്. ടി റഡാർ സോളാർ ബോട്ടിൽനിന്നും ആരെങ്കിലും മനഃപൂർവ്വം നീക്കം ചെയ്തതാണോ അല്ലാത്തപക്ഷം യാത്രയ്ക്കിടയിൽ ഇളകി കായലിൽ വീണതാണോ എന്നത് സംബന്ധിച്ചും അന്വേഷണം നടത്തിവരുന്നുണ്ട്.

(ബി) ഈ സംഭവവുമായി ബന്ധപ്പെട്ട് ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതാണ്.

## പോലീസ് ഔട്ട്പോസ്റ്റ്

162 (177) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ മണപ്പള്ളി പോലീസ് ഔട്ട് പോസ്റ്റിന്റെ പ്രവർത്തനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രാത്രി കാലങ്ങളിൽ ഇവിടെ പോലീസ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പരാതികൾ സ്വീകരിക്കുന്നതിനും അവയിന്മേൽ വേഗത്തിൽ നടപടി സ്വീകരിക്കുന്നതിനും ഉള്ള സംവിധാനമുണ്ടോ ; വിശദീകരിക്കുമോ;

(സി) പ്രസ്തുത ഔട്ട്പോസ്റ്റ് പോലീസ് സ്റ്റേഷനായി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ-സി) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട മണപ്പള്ളിയിൽ ഔട്ട്പോസ്റ്റ് നിലവിലില്ല. എന്നാൽ ടി സ്ഥലത്ത് ഒരു എയ്ഡ് പോസ്റ്റ് പ്രവർത്തിച്ചുവരുന്നു. ഇവിടെ പരാതികൾ സ്വീകരിച്ച് അന്വേഷണത്തിനും തുടർനടപടികൾക്കുമായി കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിലേക്ക് അയച്ചു കൊടുത്തുവരുന്നു. എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനായി അപ്ഗ്രേഡ് ചെയ്യുന്നത് പരിഗണനയിലില്ല.

**ഓൺലൈൻ ടാക്സി**

163 (178) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ടാക്സികൾക്കെതിരെ പരമ്പരാഗത ഓട്ടോ-ടാക്സി ജീവനക്കാരുടെ എതിർപ്പ് അക്രമത്തിലേയ്ക്ക് വ്യാപിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഓൺലൈൻ ടാക്സി സമ്പ്രദായത്തിനെതിരെ നടന്ന ആക്രമണങ്ങളിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ പോലീസ് നിഷ്ക്രിയത്വം സംബന്ധിച്ച പരാതികൾ ഉണ്ടാകാനുള്ള കാരണങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അക്രമ സംഭവങ്ങൾക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് കുറ്റവാളികൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ റെയിൽവേ സ്റ്റേഷനിലും ബസ് സ്റ്റാന്റ് പരിസരങ്ങളിലും ഓൺലൈൻ ടാക്സി ഡ്രൈവർമാർക്ക് യാത്രക്കാർക്ക് സേവനങ്ങൾ നൽകുവാൻ ആവശ്യമായ സംരക്ഷണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ പോലീസിന്റെ ഭാഗത്ത് നിഷ്ക്രിയത്വം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എഴുകോൺ പോലീസ് സ്റ്റേഷൻ**

164 (179) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം എഴുകോൺ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഭൂമി അനുവദിച്ചത് എന്നാണ് ; എവിടെയാണ് ഭൂമി ലഭ്യമാക്കിയത് ;

(ബി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ ആഭ്യന്തര വകുപ്പിൽ നിന്നും സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും പ്ലാനും അന്തിമമായി അംഗീകരിച്ചിട്ടുണ്ടോ ; അടങ്കൽ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) 4-6-2014-ലെ ജി.ഒ.(എം.എസ്.) നമ്പർ 238/14/റവന്യൂ പ്രകാരം കൊട്ടാരക്കര താലൂക്കിൽ എഴുകോൺ വില്ലേജിൽ ബ്ലോക്ക് നമ്പർ 4-ൽ 194/6-2-4, 194/6-2-5 റീസർവ്വേയിൽപ്പെട്ട 40.51 ആർ ഭൂമിയാണ് എഴുകോൺ പോലീസ് സ്റ്റേഷൻ കെട്ടിടവും അനുബന്ധ ഓഫീസുകളും നിർമ്മിക്കുന്നതിനായി പോലീസ് വകുപ്പിന് അനുവദിച്ചിട്ടുള്ളത്.

(ബി) മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് 2014-15 (പ്ലാൻ-സെൻട്രൽ ഷെയർ)-ൽ ഉൾപ്പെടുത്തി എഴുകോൺ വില്ലേജിൽ പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് അനുമതി നൽകിയിട്ടുണ്ട്.

(സി) അംഗീകരിച്ചിട്ടില്ല. ഇതിനായുള്ള പ്ലാനും എസ്റ്റിമേറ്റും കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ തയ്യാറാക്കിവരുന്നു.

**രാഷ്ട്രീയ അക്രമങ്ങൾ**

165 (180) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജനുവരി 26-ന് നങ്ങാറത്ത് പീടികയിൽ ബോംബ് സ്ഫോടനത്തെ തുടർന്ന് ഉണ്ടായ അക്രമസംഭവങ്ങളിൽ പോലീസ് എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് അക്രമസംഭവങ്ങളുണ്ടായത് ;

(സി) പ്രസ്തുത സംഭവങ്ങളിൽ എത്ര കേസ് രജിസ്റ്റർ ചെയ്തു ; എത്രപേരെ അറസ്റ്റ് ചെയ്തു ;

(ഡി) മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട നടുവനാട് 2017 ജനുവരി 26-ന് രാത്രി 10 മണിക്ക് ബി.ജെ.പി. ഓഫീസ് തകർത്ത സംഭവം സംബന്ധിച്ച കേസിൽ എത്രപേരെ അറസ്റ്റ് ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഓഫീസിന് സമീപം ഉണ്ടായ ബോംബാക്രമണം സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ടോയെന്നും എത്രപേരെ അറസ്റ്റ് ചെയ്തു എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മട്ടന്നൂർ പോലീസ് സ്റ്റേഷൻ (ക്രൈം നമ്പർ 114/2017) പരിധിയിൽ നടുവനാട് എന്ന സ്ഥലത്തും ഉളിക്കൽ പോലീസ് സ്റ്റേഷൻ (ക്രൈം നമ്പർ 68/2017) പരിധിയിൽ ടൗണിലുമാണ് അക്രമ സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്. പത്ത് പേരെ അറസ്റ്റുചെയ്തിട്ടുണ്ട്.

(ഡി) നാല് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. (ന്യൂമാഹി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 69/17). നിലവിൽ അറസ്റ്റ് നടന്നിട്ടില്ല.

## രാഷ്ട്രീയ കൊലപാതകങ്ങൾ

166 (181) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിൽ പാർട്ടി തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) രാഷ്ട്രീയ കൊലപാതകങ്ങളിൽ മരണമടഞ്ഞ വ്യക്തികളുടെ കുടുംബാംഗങ്ങൾക്ക് നഷ്ട പരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കൊക്കെ; എത്ര തുകയാണ് നൽകിയത്?

<u>ഉത്തരം</u>

(എ) പന്ത്രണ്ട്, രണ്ട് സി.പി.ഐ. (എം) പ്രവർത്തകരും നാല് ബി.ജെ.പി. പ്രവർത്തകരും കണ്ണൂർ ജില്ലയിലും രണ്ട് ഐ.യു.എം.എൽ. പ്രവർത്തകർ കോഴിക്കോട് ജില്ലയിലും രണ്ട് ബി.ജെ.പി. പ്രവർത്തകർ പാലക്കാട് ജില്ലയിലും സി.പി.ഐ.(എം) പ്രവർത്തകനായിരുന്ന ഒരാൾ കോട്ടയം ജില്ലയിലും കൊല്ലം ജില്ലയിൽ ഒരു ബി.ജെ.പി. പ്രവർത്തകനും.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ രാഷ്ട്രീയ കൊലപാതകങ്ങളിൽ മരണമടഞ്ഞ വ്യക്തികളുടെ കുടുംബാംഗങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടില്ല.

## അപകട മരണങ്ങൾ

167 (183) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 സെപ്റ്റംബർ മുതൽ 2017 ജനുവരി 31 വരെ കൊയിലാണ്ടി മണ്ഡലത്തിൽ വാഹനാപകടങ്ങൾ ഉൾപ്പെടെ വിവിധ തരത്തിലുള്ള അപകടങ്ങളിൽപ്പെട്ട് എത്രപേർ മരണപ്പെട്ടു ; ഇവരുടെ പേര്, വിലാസം, എന്നിവ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

2016 സെപ്റ്റംബർ മുതൽ 2017 ജനുവരി 31 വരെ കൊയിലാണ്ടി മണ്ഡലത്തിൽ വാഹനാപകടങ്ങൾ ഉൾപ്പെടെ വിവിധ തരത്തിലുള്ള അപകടങ്ങളിൽപ്പെട്ട് 28 പേർ മരണപ്പെടുകയുണ്ടായി. ഇവരുടെ പേര്, വിലാസം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കുറ്റകൃത്യങ്ങളുടെ നിരക്ക്**

168 (185) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ നഗരങ്ങളിൽ, കുറ്റകൃത്യങ്ങളുടെ നിരക്കിൽ ഒന്നാം സ്ഥാനത്ത് സംസ്ഥാനത്തെ ഒരു നഗരമാണ് എന്ന എൻ.സി.ആർ.ബി.-യുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാജ്യത്തെ മൊത്തം കുറ്റകൃത്യങ്ങളുടെ എത്ര ശതമാനം ഈ നഗരത്തിൽ നടക്കുന്നു എന്നാണ് കരുതുന്നത്?

(സി) രാജ്യത്ത് വാഹന അപകട നിരക്കിൽ ഈ നഗരം എന്ത് നിലവാരം പുലർത്തുന്നുവെന്ന് അറിയാമോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) രാജ്യത്തെ നഗരങ്ങളിൽ നടക്കുന്ന കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ കേവലം 1.9 ശതമാനം മാത്രമാണ് ടി നഗരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഡൽഹി നഗരത്തിൽ രാജ്യത്തെ 20.67 ശതമാനം കേസുകളും രജിസ്റ്റർ ചെയ്തിരിക്കുന്നു.

(സി) 2015 വർഷത്തിലെ Crime in India കണക്കുപ്രകാരം ഈ നഗരത്തിൽ 1561 റോഡപകടങ്ങളിൽ 1601 പേർക്ക് പരിക്കേൽക്കുകയും 204 പേർക്ക് മരണം സംഭവിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ റോഡപകടങ്ങൾ നടന്നത് ചെന്നൈ നഗരത്തിലാണ്. 7328 അപകടങ്ങളിൽ 7320 പേർക്ക് പരിക്കേൽക്കുകയും 886 പേർക്ക് മരണം സംഭവിക്കുകയും ചെയ്തു.

**പോലീസ് സ്റ്റേഷൻ**

169 (186) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാല പോലീസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിളപ്പിൽശാല പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പുതിയ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിവരുന്നു.

**ആചാര ലംഘനം**

170 (187) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മകരവിളക്ക് ദിവസം തിരുവാഭരണത്തോടൊപ്പം ആചാരം ലംഘിച്ച് പോലീസ് ആഫീസർമാർ പതിനെട്ടാംപടി ചവിട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആചാരം ലംഘിച്ച് പതിനെട്ടാംപടി ചവിട്ടിയ പോലീസ് ആഫീസർമാർക്കെതിരെ എന്ത് ശിക്ഷാനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ശബരിമലയിൽ ആചാരലംഘനം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആചാരം ലംഘിച്ച് ഇരുമുടിക്കെട്ടില്ലാതെ പതിനെട്ടാംപടി കയറിയ മൂന്ന് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(സി) പോലീസ് ഉദ്യോഗസ്ഥർ ഡ്യൂട്ടിയുടെ ഭാഗമായി ശബരിമലയിൽ നിയോഗിക്കപ്പെടുമ്പോൾതന്നെ ശബരിമലയുടെ ആചാരമര്യാദകളും മറ്റും കർശനമായി പാലിക്കണമെന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ആയത് ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നതുമാണ്.

**അന്വേഷണ കമ്മീഷനുകൾ**

171 (188) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് എൻക്വയറി കമ്മീഷൻ ആക്ട് പ്രകാരമുള്ള എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിരുന്നു; ഏതൊക്കെ കാര്യങ്ങളിൽ അന്വേഷണം നടത്താനാണ് നിയമിച്ചിരുന്നത്;

(ബി) ഈ കമ്മീഷനുകളിൽ എത്രയെണ്ണം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്; ഏതൊക്കെ തീയതികളിൽ റിപ്പോർട്ട് സമർപ്പിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ കമ്മീഷനുകൾ അന്വേഷണം പൂർത്തിയാക്കാതെ രാജി നൽകിയിട്ടുണ്ട്; അതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണ വിഷയമെന്താണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് ആഭ്യന്തര വകുപ്പിൽനിന്നും മൂന്ന് അന്വേഷണ കമ്മീഷനുകളെ നിയമിച്ച് ഉത്തരവായിരുന്നു. പ്രസ്തുത കമ്മീഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു. മറ്റ് വകുപ്പുകളിലെ വിവരം ശേഖരിച്ചുവരുന്നു.

1. സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും അന്വേഷിക്കുന്നതിനായി ജസ്റ്റിസ്. ജി. ശിവരാജൻ അന്വേഷണ കമ്മീഷൻ.

2. മരങ്ങാട്ടുപള്ളി സിബിയുടെ മരണത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് ഡി. ശ്രീവല്ലഭൻ അന്വേഷണ കമ്മീഷൻ.

3. പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ അന്വേഷണ കമ്മീഷൻ.

(ബി) ആഭ്യന്തര വകുപ്പ് നിയമിച്ച മേൽപ്പടി അന്വേഷണ കമ്മീഷനുകൾ ഇതുവരെ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടില്ല.

(സി) പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ അന്വേഷണ കമ്മീഷൻ വ്യക്തിപരമായ കാരണങ്ങളാൽ രാജി നൽകിയിട്ടുണ്ട്. തുടർന്ന് പ്രസ്തുത കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി ശ്രീ. പി. എസ്. ഗോപിനാഥന്റെ കീഴിൽ ഒരു പുതിയ അന്വേഷണ കമ്മീഷനെ സർക്കാർ നിയമിച്ചു.

(ഡി) ഉണ്ട്. ആഭ്യന്തര (രഹസ്യ) വകുപ്പ് രണ്ട് അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്.

1. പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് നിയമിതനായ ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ രാജി സമർപ്പിച്ചതിനെ തുടർന്ന് ജസ്റ്റിസ് പി. എസ്. ഗോപിനാഥന്റെ കീഴിൽ ഒരു പുതിയ അന്വേഷണ കമ്മീഷനെ നിയമിച്ചു.

2. 2016 ജൂലൈ 20-ന് കേരള ഹൈക്കോടതിയുടെ മുന്നിൽ അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ പോലീസ് ലാത്തിചാർജ്ജിനെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് പി.എ. മുഹമ്മദ് അന്വേഷണ കമ്മീഷനെ നിയമിച്ചു.

## അനുവദിച്ച തസ്തികകൾ

172 (189) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പോലീസ് സ്റ്റേഷനുകളിൽ അനുവദിച്ച തസ്തികകളുടെ എണ്ണം സ്റ്റേഷനുകൾ തിരിച്ച് നൽകാമോ; ഇപ്പോൾ ഒരോ സ്റ്റേഷനിലും ജോലി ചെയ്യുന്ന പോലീസുകാരുടെ എണ്ണം എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ സർക്കിൾ ഓഫീസുകളിൽ അനുവദിച്ച തസ്തികകളും ഇപ്പോഴുള്ള സേനാബലവും സർക്കിൾ ഓഫീസുകൾ തിരിച്ച് നൽകാമോ;

(സി) സേനാംഗങ്ങളുടെ എണ്ണം കുറവാണെങ്കിൽ ഓരോ സ്റ്റേഷനുകളിലും സർക്കിൾ ഓഫീസുകളിലും എത്ര കാലമായി തസ്തികകൾ കുറവാണെന്നും പ്രസ്തുത തസ്തികകൾ എപ്പോൾ നികത്തപ്പെടുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ജില്ലയിൽ എസ്.ഐ.മാരുടെ 14 ഒഴിവും എ.എസ്.ഐ.-മാരുടെ 39 ഒഴിവും നിലവിലുണ്ട്. ഇതിൽ എസ്.ഐ.മാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എ.എസ്.ഐ.-മാരുടെ ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകാൻ സീനിയോറിറ്റി തർക്കം റേഞ്ച് തലത്തിൽ നിലനിൽക്കുന്നതിനാൽ കഴിയാതെ വന്നിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മജിസ്ട്രേട്ടിന്റെ ദുരൂഹമരണം

173 (190) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഒന്നാം ക്ലാസ് മജിസ്ട്രേട്ടായിരുന്ന വി.കെ. ഉണ്ണികൃഷ്ണൻ ആത്മഹത്യ ചെയ്ത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മജിസ്ട്രേട്ടിന്റെ ദുരൂഹമരണം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും അന്വേഷണ വിധേയമായി ആരെയെങ്കിലും ചോദ്യം ചെയ്തിട്ടുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇതുസംബന്ധിച്ച് വിദ്യാനഗർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 503/16 u/s 174 Cr.PC പ്രകാരമായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അന്വേഷണത്തിന്റെ ഭാഗമായി സാക്ഷികളെ കണ്ട് ചോദ്യം ചെയ്തിട്ടുള്ളതാണ് കേസിന്റെ ഇതുവരെയുള്ള അന്വേഷണത്തിൽ മരണപ്പെട്ടയാളിന്റെ ആത്മഹത്യയ്ക്ക് കാരണമായി മറ്റുള്ളവരുടെ യാതൊരുവിധ പ്രേരണയും ഉണ്ടായിട്ടില്ല എന്ന് വെളിവായിട്ടുണ്ട്.

**വിജിലൻസ് ഡയറക്ടർക്കെതിരെയുള്ള റിപ്പോർട്ട്**

174 (191) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ഡയറക്ടർ ശ്രീ. ജേക്കബ് തോമസിനെതിരെ ധനവകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) ചീഫ് സെക്രട്ടറി നടപടി ശിപാർശ ചെയ്ത് പ്രസ്തുത റിപ്പോർട്ട് മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്നറിയിക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ മുഖ്യമന്ത്രി പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെ നിയമോപദേശം തേടിയിരുന്നോ; എങ്കിൽ അദ്ദേഹം നൽകിയ നിയമോപദേശം എന്തായിരുന്നു;

(ഡി) ധനവകുപ്പ് പരിശോധനാവിഭാഗത്തിന്റെ റിപ്പോർട്ടിൽ കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പ്രസ്തുത നിർദ്ദേശത്തിൽ നിന്നും വ്യതിചലിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ധനകാര്യ പരിശോധനാവിഭാഗം നടത്തിയ പരിശോധനയിൽ തുറമുഖ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ പരാമർശമുണ്ട്. പ്രസ്തുത റിപ്പോർട്ട് 6-12-2016-ലാണ് ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുള്ളത്.

(സി) പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെ നിയമോപദേശം തേടിയിരുന്നു. അദ്ദേഹത്തിന്റെ നിയമോപദേശം ഇതുവരെ ലഭിച്ചിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ നിയമോപദേശം ലഭിച്ചശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## മാറനല്ലൂർ പോലീസ് സ്റ്റേഷൻ

175 (193) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ മാറനല്ലൂർ പോലീസ് സ്റ്റേഷന്റെ ഓഫീസ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) മാറനല്ലൂർ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പുതിയ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിവരുന്നു.

## പ്രത്യേകം വിഭാഗങ്ങളുടെ രൂപീകരണം

176 (194) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാനവും കുറ്റാന്വേഷണവും കൂടുതൽ മെച്ചപ്പെടുത്തുന്നതിലേക്കായി പോലീസിൽ പ്രത്യേകം വിഭാഗങ്ങൾ രൂപീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഇതിലേക്കായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;

(സി) പോലീസ് സ്റ്റേഷനുകൾ മുതൽ ഇത്തരത്തിൽ പ്രത്യേക വിഭാഗങ്ങൾ രൂപീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇക്കാര്യം പ്രാരംഭ ഘട്ടത്തിലാണ്. എല്ലാവശങ്ങളും പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്

## പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

177 (196) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എൻ.റ്റി.പി.സി-യുടെ വക സ്ഥലത്ത്, കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലുള്ളതും, ജീവനക്കാർക്ക് മതിയായ സൗകര്യങ്ങൾ ഇല്ലാത്തതുമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കരീലക്കുളങ്ങര പോലീസ് സ്റ്റേഷന്, ആലപ്പുഴ സ്പിന്നിംഗ് മില്ലിന്റെ ഭൂമിയിൽ നിന്നും 25 സെന്റ് സ്ഥലം കൈമാറി സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ?

ഉത്തരം

കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ആലപ്പുഴ സ്പിന്നിംഗ് മില്ലിന്റെ ഭൂമിയിൽനിന്നും 25 സെന്റ് സ്ഥലം കൈമാറി കിട്ടുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## വെർച്വൽ പോലീസ് സ്റ്റേഷനുകൾ

178 (197) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെർച്വൽ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; ഇവയുടെ പ്രത്യേകതകൾ വിവരിക്കുമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ പരാതികൾ സുതാര്യമായി കൈകാര്യം ചെയ്യുന്നതിനും സ്വകാര്യമായി നിലനിർത്തുന്നതിനുമുള്ള സൗകര്യം ഒരുക്കുമോ;

(ഡി) പരാതികൾ ആഡിയോ, വീഡിയോ രൂപത്തിൽ അയയ്ക്കുന്നതിന് സാധിക്കുമോ;

(ഇ) പരാതികൾ നൽകിയതിനുശേഷം കാലക്രമേണ തൽസ്ഥിതി അറിയുന്നതിന് സംവിധാനം ഉണ്ടാകുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് നിലവിൽ പദ്ധതികളൊന്നും പരിഗണനയിലില്ല.

(ബി-ഇ) ബാധകമല്ല.

## ക്വട്ടേഷൻ സംഘങ്ങൾ

179 (198) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്വട്ടേഷൻ സംഘങ്ങളെ നിയന്ത്രിക്കുന്നതിനും അമർച്ച ചെയ്യുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ക്വട്ടേഷൻ സംഘങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ക്വട്ടേഷൻ സംഘങ്ങളെ പൂർണ്ണമായും അമർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ&ബി) ഏതെങ്കിലും തരത്തിൽ ക്വട്ടേഷൻ പ്രവർത്തനം നടത്താൻ സാദ്ധ്യതയുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് നിയന്ത്രിക്കുന്നതിന് പ്രത്യേകം സ്ക്വാഡ് രൂപീകരിച്ച് കൂടുതൽ കേസുകളിൽ പ്രതിയായിട്ടുള്ളവരുടെ വിവരങ്ങൾ സ്പെഷ്യൽ ബ്രാഞ്ച് മുഖാന്തരവും ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ വഴിയും ശേഖരിച്ചുവരുന്നുണ്ട്. തുടർച്ചയായി ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരെ റൗഡി ഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തി നിരീക്ഷണങ്ങൾ നടത്തിയും, Cr.PC-ലെ സെക്യൂരിറ്റി വകുപ്പുകൾ പ്രകാരം സമാധാന സംരക്ഷണത്തിന് ജാമ്യം വാങ്ങിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും Kerala Anti-Social Activities (Prevention) Act 2007 സെക്ഷൻ 3(1) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിച്ചും സെക്ഷൻ 15(1) പ്രകാരം ജില്ലയിൽനിന്നും നാടുകടത്തിയും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്വട്ടേഷൻ സംഘങ്ങൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാദ്ധ്യതയുള്ളവരെയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും തിരിച്ചറിഞ്ഞ് അവരെ പ്രത്യേകം നിരീക്ഷിച്ചു വരുന്നതും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വ്യക്തികൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

**ജിഷ്ണുവിന്റെ മരണം**

180 (200) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണുവിന്റെ മരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് തരത്തിലുള്ള അന്വേഷണമാണ് നടത്തുന്നത്; ആർക്കാണ് അന്വേഷണ ചുമതല;

(സി) അന്വേഷണം പ്രഖ്യാപിച്ചിട്ടില്ലെങ്കിൽ അന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ആയിരുന്ന ജിഷ്ണു പ്രണോയ് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് പഴയന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 19/2017 u/s 174 Cr.PC പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണത്തിനായി ശ്രീ.കിരൺ നാരായൺ., ഐ.പി.എസ്. (എ.എസ്.പി. ഇരിഞ്ഞാലക്കട)-ന് അന്വേഷണച്ചുമതല നൽകി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണ സംഘം ടി കേസ് ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

**സാമൂഹ്യവിരുദ്ധരുടെ ശല്യം**

181 (201) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിലെ കിഴക്കേകോട്ട സിറ്റി ബസ് പാർക്കിംഗ് പരിസരങ്ങളിലും ബസ് സ്റ്റേഷനുകളുടെ പരിസരങ്ങളിലും സാമൂഹ്യവിരുദ്ധരുടെ ശല്യം വർദ്ധിച്ചുവരുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബസ് സ്റ്റേഷനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പഴക്കമേറിയതും ഇരുളടഞ്ഞതുമായ കംഫർട്ട് സ്റ്റേഷൻ രാത്രികാലങ്ങളിൽ മദ്യ-മയക്കുമരുന്ന് മാഫിയയുടെ വിഹാര കേന്ദ്രമായി മാറുന്ന കാര്യം ഗൗരവപൂർവ്വം കാണുമോ;

(സി) ഇക്കാര്യത്തിൽ അടിയന്തര പരിശോധനയും തുടർനടപടികളും സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) കിഴക്കേകോട്ട സിറ്റി ബസ് പാർക്കിംഗ് പരിസരങ്ങളിലും ബസ് സ്റ്റേഷനുകളുടെ പരിസരങ്ങളിലും സാമൂഹ്യവിരുദ്ധരുടെ ശല്യം ഉണ്ടാകാതിരിക്കാൻ പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. ബീറ്റ് പോലീസുദ്യോഗസ്ഥർക്കും കിഴക്കേകോട്ട എയ്ഡ് പോസ്റ്റിലും ജോലി നോക്കിവരുന്ന പോലീസുദ്യോഗസ്ഥർക്കും ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ഇതിലേക്ക് മഫ്ടി പോലീസ്, ഷാഡോ പോലീസ് എന്നിവരെയും നിയോഗിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ശല്യമുണ്ടാക്കുന്നവരെയും മദ്യപിച്ച് പൊതുശല്യമുണ്ടാക്കുന്ന വരെയും പിടികൂടി നിയമനടപടികൾ സ്വീകരിച്ചുവരുന്നു. രാത്രികാലങ്ങളിൽ ഈ പ്രദേശത്ത് യാതൊരു കാരണവും കൂടാതെ അലഞ്ഞുതിരിഞ്ഞ് നടക്കുന്നവരെയും അപരിചിതരെയും പിടികൂടി സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുവന്ന് വെരിഫൈ ചെയ്ത് ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

182 (202) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടാനപ്പള്ളി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 26-2-2016-ലെ G.O(Rt)No.679/2016/ആഭ്യന്തരം പ്രകാരം ബഹു. മണലൂർ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 40 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടം (ഗ്രൗണ്ട് ഫ്ലോർ) നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് സർക്കാർ അനുമതിയും എം.ഒ.പി.എഫ്. 2013-14 (പ്ലാൻ- സെൻട്രൽ ഷെയർ)-ൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ ചെലവിൽ വാടാനപ്പള്ളി പോലീസ് സ്റ്റേഷന്റെ രണ്ടാം നില നിർമ്മിക്കുന്നതിന് കെ.പി.എച്ച്.സി.സി.-ക്ക് സംസ്ഥാന പോലീസ് മേധാവിയും അനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും കെ.പി.എച്ച്.സി.സി.-യും പൊതുമരാമത്ത് വകുപ്പും തയ്യാറാക്കിയിട്ടുണ്ട്.

(ബി) നിലവിൽ ലഭ്യമായ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുമ്പോഴു ണ്ടാകാനിടയുള്ള സ്ഥലപരിമിതി - വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും പരേഡ് നടത്തുന്നതിനുമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിച്ച് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**പോലീസ് സ്റ്റേഷൻ**

183 (203) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സെറ്റിൽമെന്റുകളിലായി ആദിവാസി വിഭാഗത്തിൽപ്പെട്ട 2000-ത്തോളം പേർ താമസിക്കുന്ന മലയോര മേഖലയായ അമ്പൂരി ഗ്രാമപഞ്ചായത്തിൽ കഞ്ചാവ്, വ്യാജമദ്യം എന്നിവയുടെ ലഭ്യത കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ മേഖലയിലെ ജനങ്ങൾക്ക് സമാധാനപരമായ ജീവിതം നയിക്കുന്നതിന് ഇവിടെ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; ആയതിലേക്കായി എന്തെങ്കിലും നടപടി സ്വീകരിക്കു ന്നുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ ഏറിയ ഭാഗത്തും വനത്തിലുള്ളിലും തമിഴ്നാട് അതിർത്തി പങ്കിടുന്ന ഭാഗങ്ങളിലും കഞ്ചാവ്, മദ്യം എന്നിവയുടെ ലഭ്യത ഉള്ളതായി അറിവായിട്ടുണ്ട്. ഇത് തടയുന്നതിനായി ആദിവാസികളെ ഉൾപ്പെടുത്തി മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ പോലീസ് നിരന്തരം റെയ്ഡുകൾ നടത്തിവരുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**അസിസ്റ്റന്റ് കമാൻഡന്റ് തസ്തിക**

184 (204) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് വകുപ്പിൽ ആംഡ് പോലീസ് ബറ്റാലിയനിൽ അസിസ്റ്റന്റ് കമാൻഡന്റ് തസ്തികയിൽ എത്ര ഒഴിവുകൾ നികത്തപ്പെടാനുണ്ട്;

(ബി) ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് കമാൻഡന്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുവാൻ നിർദ്ദേശം നൽകുമോ;

(സി) നിരവധി ഒഴിവുകളുണ്ടായിട്ടും ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ തസ്തികയിൽ നിന്നും ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുവാൻ വകുപ്പുതലത്തിൽ അനാവശ്യമായ കാലവിളംബം ഉണ്ടാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കാലതാമസം പരിഹരിച്ച് ഉദ്യോഗക്കയറ്റം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആംഡ് പോലീസ് ബറ്റാലിയനിൽ അസിസ്റ്റന്റ് കമാൻഡന്റ് തസ്തികകളിൽ 2 ഒഴിവുകളാണുള്ളത്.

(ബി) അസിസ്റ്റന്റ് കമാൻഡന്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരികയാണ്.

(സി) സീനിയോറിറ്റി തർക്കങ്ങൾമൂലമാണ് ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിൽ കാലതാമസം നേരിട്ടത്. ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് റിവൈസ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉദ്യോഗക്കയറ്റത്തിനുവേണ്ടിയുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ ക്രമപ്രകാരമുള്ള നടപടി പൂർത്തിയാക്കുന്നതിനുള്ള സമയം മാത്രമാണ് വേണ്ടിവരുന്നത്.

(ഡി) ഉദ്യോഗക്കയറ്റത്തിനുവേണ്ടിയുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അത് തയ്യാറായാലുടൻ പ്രൊമോഷൻ നൽകുന്നതാണ്.

**ലാ അക്കാദമിയിലെ പ്രശ്നങ്ങൾ**

185 (205) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലാ അക്കാദമി പ്രിൻസിപ്പൽ വിദ്യാർത്ഥികളെ ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കുകയും അടിമപ്പണിക്ക് നിയോഗിക്കുകയും ചെയ്തതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എഫ്.ഐ.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ പ്രതിയെ നിയമാനുസൃതം അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ലാ അക്കാദമി പ്രിൻസിപ്പൽ ടി കോളേജിലെ വിവേക് വി. ജി. എന്ന വിദ്യാർത്ഥിയെ ജാതിപ്പേര് വിളിച്ച് അധിക്ഷേപിച്ചു എന്ന ടിയാന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ 28-1-2017-ന് പേരൂർക്കട പോലീസ് സ്റ്റേഷൻ ക്രൈം 170/2017 u/s 3 (1) (x) of SC/ST [PoA) Act 1989 (Amendment as 3(1) (s) of SC/ST (PoA) Act 2015] പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കന്റോൺമെന്റ് സബ് ഡിവിഷൻ പോലീസ് അസി. കമ്മീഷണർ അന്വേഷണം നടത്തിവരുന്നു.

(ബി) ടി കേസിന്റെ അന്വേഷണം പുരോഗമിച്ചുവരവേ ടി കേസിലെ പ്രതി ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ കേസിന്റെ എഫ്.ഐ.ആർ. quash ചെയ്യുന്നതിന് അന്യായം ഫയൽ ചെയ്തിട്ടുള്ളതിനാൽ ബഹു. കേരളാ ഹൈക്കോടതിയുടെ തുടർ ഉത്തരവിനനുസൃതമായി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പരാതിയിന്മേൽ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പോലീസ് സ്റ്റേഷൻ കെട്ടിടം

186 (206) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കുറത്തിക്കാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവോ ; ഇതിനായി ആകെ ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ;

(ബി) ഇനിയും പൂർത്തീകരിക്കാനുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; കെട്ടിടം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) മാവേലിക്കര കുറത്തിക്കാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന പൂർത്തീകരിച്ച് 30-8-2016-ൽ പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി നിർമ്മാണത്തിനായി 47,69,243 രൂപ (നാൽപ്പത്തിയേഴുലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി ഇരുനൂറ്റി നാൽപ്പത്തി മൂന്ന്) ചെലവഴിച്ചിട്ടുണ്ട്.

## വെട്ടിപ്പരിക്കേൽപ്പിച്ച സംഭവം

187 (207) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കൈപ്പമംഗലത്ത് വഴിയമ്പലം കിഴക്ക് വിവാഹ വീട്ടിൽ ആർ.എസ്.എസ്./ബി.ജെ.പി. സംഘം കടന്നുകയറി യുവാവിനെ വെട്ടിപ്പരിക്കേൽപ്പിച്ചതുമായി ബന്ധപ്പെട്ട് നടന്ന പോലീസ് നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ആരാധനാലയങ്ങൾക്കു നേരെ അക്രമം നടന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലത്ത് വഴിയമ്പലം കിഴക്ക് വിവാഹ വീട്ടിൽ RSS/BJP സംഘം അതിക്രമിച്ചുകയറി മുഹമ്മദ് റാഫിയെ വെട്ടിപ്പരിക്കേൽപ്പിച്ചതുമായി ബന്ധപ്പെട്ട് മതിലകം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 186/2017 ആയി കേസ് രജിസ്റ്റർ ചെയ്ത് കൊടുങ്ങല്ലൂർ സർക്കിൾ ഇൻസ്പെക്ടർ ബിജുകുമാറിന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നു. സംഭവവുമായി ബന്ധപ്പെട്ട് 1 മുതൽ 5 വരെയുള്ള പ്രതികളിൽ 5-ാം പ്രതി ഒഴികെ ബാക്കി എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചുവരുന്നു. 5-ാം പ്രതിയെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനും കേസിലേക്ക് വേണ്ട തെളിവുകൾ ശേഖരിച്ച് ബഹു. കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ആരാധനാലയങ്ങൾക്കുനേരെ അക്രമങ്ങളൊന്നും നടന്നിട്ടില്ല.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇത്തരം സംഭവങ്ങൾ ഉണ്ടാവുകയാണെങ്കിൽ നിയമപരമായ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

**യുവാവിനെ മർദ്ദിച്ച സംഭവം**

188 (208) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ യൂണിവേഴ്സിറ്റി കോളേജിൽ പെൺകുട്ടികളുമൊത്ത് എത്തിയ യുവാവിനെ മർദ്ദിക്കുകയും പെൺകുട്ടികളെ അപമാനിക്കുകയും ചെയ്ത സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ക്രൈം നമ്പർ വ്യക്തമാക്കുമോ ;

(ബി) മർദ്ദനമേറ്റ ചെറുപ്പക്കാരനെതിരെ യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിനി പരാതി നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ക്രൈം നമ്പർ വ്യക്തമാക്കുമോ ;

(സി) യുവാക്കളെ സമാനമായ രീതിയിൽ ആക്രമിച്ച സംഭവങ്ങൾ ഇതേ കോളേജിൽ മുമ്പ് എപ്പോഴെങ്കിലും ഉണ്ടായതായി സിറ്റിയിലെ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിരുന്നോ; എങ്കിൽ വിശദവിവരം നൽകാമോ;

(ഡി) അത്തരം കേസിലും സമാന ആരോപണവും പരാതിയുമായി അതേ കോളേജിലെ പെൺകുട്ടികൾ രംഗത്ത് വന്നിരുന്നോ; എങ്കിൽ അതുസംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജിൽ പെൺകുട്ടികളോടൊപ്പമിരുന്ന യുവാവിനെ മർദ്ദിച്ച എന്ന പരാതിയെ തുടർന്ന് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 190/2017 u/s 143, 147, 148, 149, 341, 323, 324 & 506 IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത യുവാവിനെതിരെ യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിനി കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. ആയതിലേക്ക് കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം 207/2017/ u/s 294(b), 323, 354 & 34 IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിനുള്ളിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ മുൻപ് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ബാധകമല്ല.

**ആരാധനാലയങ്ങൾ രാഷ്ട്രീയമുക്തമാക്കൽ**

189 (209) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ആരാധനാലയങ്ങളോട് അനുബന്ധമായി രാഷ്ട്രീയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ആരാധനാലയങ്ങളെ രാഷ്ട്രീയമുക്തമാക്കുന്നതിനും വിശ്വാസികൾക്ക് സമാധാനപരമായി ആരാധനാലയങ്ങൾ സന്ദർശിക്കുന്നതിന് വിഘാതമായ പ്രവർത്തനങ്ങൾ തടയുന്നതിനുമായി, സർക്കാർ മതമേലദ്ധ്യക്ഷൻമാരും സമുദായ നേതാക്കൻമാരുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ അത്തരം ചർച്ചകളും ബോധവൽക്കരണ പ്രവർത്തനവും പ്രചരണവും സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ആരാധനാ സ്വാതന്ത്ര്യത്തിന് വിഘാതമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഡിവൈ.എസ്. പി. ഓഫീസ്**

190 (210) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട താലൂക്കിൽ ഡിവൈ.എസ്.പി. ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ&ബി) കാട്ടാക്കട താലൂക്കിൽ ഡിവൈ.എസ്.പി. ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഫൈസലിന്റെ വിധവയ്ക്ക് സർക്കാർ ജോലി**

191 (211) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കൊടിഞ്ഞിയിലെ പുല്ല്യാണി ഫൈസൽ വധവുമായി ബന്ധപ്പെട്ട് ടിയാന്റെ ഭാര്യയ്ക്ക് ഗവൺമെന്റ് ജോലി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 22-11-2016-ൽ 302/2016/MLA TG1 നമ്പരായി നൽകിയ നിവേദനത്തിൽ തീരുമാനമായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ടി നിവേദനത്തിൽ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടിയുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ &ബി) പരിശോധിച്ചുവരുന്നു.

**ധനസഹായം**

192 (212) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കൊടിഞ്ഞിയിൽ നടന്ന "പുല്ലാണി ഫൈസൽ വധക്കേസിൽ" വധിക്കപ്പെട്ടയാളുടെ കുടുംബത്തിന് സർക്കാർ സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കൊലപാതക കേസുകളിൽ കൊല ചെയ്യപ്പെട്ടവരുടെ കുടുംബത്തിന് എത്ര കേസുകളിൽ ധനസഹായം അനുവദിച്ചു; അനുവദിച്ചവരുടെ വിശദവിവരവും അനുവദിച്ച തുകയുടെ വിവരവും ലഭ്യമാക്കുമോ?

ഉത്തരം

(എ) അനുവദിച്ചിട്ടില്ല.

(ബി) വിവരം ശേഖരിച്ചു വരുന്നു.

**വെടിയേറ്റ് മരിച്ച സംഭവം**

193 (213) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ വനമേഖലയിൽ രണ്ട് മാവോയിസ്റ്റുകൾ വെടിയേറ്റ് മരിച്ച സംഭവത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലാ പോലീസ് മേധാവി ഇതുസംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് കമ്മീഷൻ തള്ളുകയുണ്ടായോ; എങ്കിൽ കാരണങ്ങൾ വിശദമാക്കുമോ;

(സി) കമ്മീഷൻ ആവശ്യപ്പെട്ട സമഗ്ര റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-12-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3556/16/ ആഭ്യന്തരം പ്രകാരം മലപ്പുറം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ മജിസ്ട്രേട്ടുതല അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ക്രൈംബ്രാഞ്ച് അന്വേഷണവും നടന്നുവരുന്നു.

(ബി&സി) ഉണ്ട്. ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിൽ വിശദമായ പരാമർശങ്ങൾ ഉൾപ്പെടുത്താത്തതുകൊണ്ട് സംസ്ഥാന പോലീസ് മേധാവിയോട് സമഗ്ര റിപ്പോർട്ട് സമർപ്പിക്കുവാൻ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മജിസ്ട്രേട്ടുതല അന്വേഷണം പൂർത്തിയായിട്ടില്ല. ആയതിനുശേഷം മാത്രമേ സമഗ്ര റിപ്പോർട്ട് നൽകാൻ കഴിയുകയുള്ളൂ. ടി വിവരം സർക്കാർ കമ്മീഷനെ അറിയിച്ചിട്ടുണ്ട്.

**കൊള്ളപ്പലിശക്കാരെ നിയന്ത്രിക്കൽ**

194 (214) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുതും വലുതുമായ കൊള്ളപ്പലിശക്കാർ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള കൊള്ളപ്പലിശക്കാരെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചില ജില്ലകളിൽ അമിത പലിശക്കാരുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം കൊള്ളപ്പലിശക്കാരെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി Money Lenders Act, Exorbitant Interest Act എന്നിവ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തു കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച പദ്ധതി നടപ്പാക്കുന്നതിൽ വന്ന അപാകതകൾ പരിശോധിച്ച് പരിഹരിച്ചുവരികയാണ്.

**മാധ്യമ പ്രവർത്തകർക്ക് എതിരെയുള്ള അക്രമങ്ങൾ**

195 (217) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാധ്യമപ്രവർത്തകർക്ക് എതിരെയുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാധ്യമപ്രവർത്തകരെ ആക്രമിച്ചതിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും അറിയിക്കുമോ;

(സി) കണ്ണൂരിൽ വനിതാ മാധ്യമപ്രവർത്തകയെ സദാചാര പോലീസ് ചമഞ്ഞ് ആക്രമിച്ച സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 15 കേസുകൾ രജിസ്റ്റർ ചെയ്യുകയും 20 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) കണ്ണൂർ ജില്ലയിൽ വനിതാ മാധ്യമപ്രവർത്തകയെ സദാചാര പോലീസ് ചമഞ്ഞ് ആക്രമിച്ച സംഭവം റിപ്പോർട്ട് ചെയ്തിട്ടില്ല.

## പോലീസ് കോൺസ്റ്റബിൾ നിയമനം

196 (219) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ നിലവിൽ വന്ന പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചു എന്നും ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും എന്നും വിശദമാക്കുമോ;

(ബി) ജില്ലയിൽ പോലീസ് കോൺസ്റ്റബിളിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും 2017-18 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയെന്നും 2016-2017-ൽ എത്ര റിട്ടയർമെൻറ് വേക്കൻസി ഉണ്ടായിരുന്നു വെന്നും വിശദമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ നിലവിലുള്ള പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്നും 207 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ലിസ്റ്റിന്റെ കാലാവധി 21-6-2017-ന് അവസാനിക്കും.

(ബി) എറണാകുളം ജില്ലയിൽ 44 പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ നിലവിലുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ 143 എണ്ണമാണ്. 2016-17-ൽ 130 റിട്ടയർമെന്റ് വേക്കൻസി ഉണ്ടായിട്ടുണ്ട്.

## വിജിലൻസ് കേസുകൾ

197 (220) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ബി) വിജിലൻസ് കേസുകൾ നിലവിലുള്ള ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കേസുകൾ ഉണ്ടെങ്കിൽ അവയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ലാ അക്കാഡമി**

198 (221) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലാ അക്കാഡമി ലാ കോളേജിനെതിരെ വിജിലൻസിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലാണ് ;

(ബി) അന്വേഷണം ത്വരിതഗതിയിലാക്കി പരാതിയിന്മേൽ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) പരാതി ലഭിച്ചിട്ടുണ്ട്. പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഇന്റലിജൻസ് വിഭാഗം ഒരു പ്രാഥമിക പരിശോധന നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു. പരിശോധനയിലെ കണ്ടെത്തലുകളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ സർക്കാരിന് ലഭിച്ച റിപ്പോർട്ടും മേൽ പരാതികളും തുടർ നടപടികൾക്കായി റവന്യൂ വകുപ്പിനും തദ്ദേശ സ്വയംഭരണ വകുപ്പിനും ഉന്നത വിദ്യാഭ്യാസ വകുപ്പിനും നിയമവകുപ്പിനും കൈമാറിയിട്ടുണ്ട്.

**ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അവസ്ഥ**

199 (222) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കേസിന്മേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ടി വിഷയവുമായി ബന്ധപ്പെട്ട വി.സി.നമ്പർ 01/12/കെ.എസ്.ഡി. നമ്പർ കേസിന്റെ അന്വേഷണം പൂർത്തിയായി. കേസിന്റെ തുടർനടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ബഹു. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയമാകയാൽ വിവരങ്ങൾ നൽകാൻ കഴിയുകയില്ല.

## വിജിലൻസ് കേസ്

200 (223) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിന്റെ പേരിൽ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദന്റെ മകൻ ശ്രീ വി. എ. അരുൺ കുമാറിനെതിരെ കേസ് എടുക്കാൻ വിജിലൻസ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കേസുകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് വിജിലൻസിന് കേസ് എടുക്കാമെന്ന ഉപദേശം നിയമ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഐ.സി.ടി. അക്കാദമി ഡയറക്ടറായി ശ്രീ അരുൺ കുമാറിനെ നിയമിച്ചതിന് പിന്നിലും ഐ.എച്ച്.ആർ.ഡി.-യിൽ സ്ഥാനക്കയറ്റം നേടിയതിന് പിന്നിലും ക്രമക്കേടുണ്ടെന്ന നിയമസഭാ പ്രത്യേക സമിതിയുടെ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ&ബി) ശ്രീ. വി. എ. അരുൺ കുമാറിനെതിരെയുള്ള ആരോപണങ്ങളിൻ മേൽ രേഖാമൂലമുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ അനധികൃത സ്വത്ത് സമ്പാദനം നടത്തിയെന്ന ആരോപണത്തിൽ കഴമ്പില്ലെന്ന് വിജിലൻസ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ട ആവശ്യകതയില്ല.

(സി) ഐ.സി.ടി. അക്കാദമി ഡയറക്ടറായി ശ്രീ. വി. എ. അരുൺ കുമാറിനെ നിയമിച്ചതായും ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടർ ആകുവാൻ ടിയാന് യോഗ്യതയില്ലെന്നുമുള്ള ആരോപണങ്ങളിന്മേൽ അന്വേഷിച്ച പ്രത്യേക നിയമസഭാസമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടത്തുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് കേസ് (വി.സി.1/15/എസ്.ഐ.യു-II) രജിസ്റ്റർ ചെയ്യുകയും ചെയ്തു. കേസ് അന്വേഷണം പൂർത്തിയായിട്ടില്ല.

## ബാർ കോഴ കേസ്

201 (224) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത കേസിൽ മുൻ സർക്കാരിലെ എത്ര മന്ത്രിമാർ പ്രതികളാണ്; ഇവർ ആരൊക്കെയാണ്;

(സി) ടി കേസിൽ മുൻ സർക്കാരിന്റെ കാലത്തെ എത്ര മന്ത്രിമാർ അന്വേഷണം നേരിടുന്നു;

(ഡി) ഇവരുടെ പേരിൽ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണെന്ന് വിശദമാക്കുമോ;

(ഇ) ഏത് ഏജൻസിയാണ് ടി കേസ് അന്വേഷിക്കുന്നത്; എത്ര കേസ് ഉണ്ട്;

(എഫ്) ടി കേസുകളുടെ കേസ് നമ്പരും ഇതിൽ ഉൾപ്പെടുന്ന ആളുകളുടെ (മുൻ മന്ത്രിമാർ, മുൻ ഉദ്യോഗസ്ഥർ മുതലായവരുടെ) പേരുവിവരങ്ങളും വെളിപ്പെടുത്തുമോ;

(ജി) എന്നാണ് ടി കേസ് അന്വേഷണം തുടങ്ങിയതെന്ന് തീയതി സഹിതം വിശദമാക്കുമോ?

### ഉത്തരം

(എ) ബാർ കോഴ കേസിൽ പുനരന്വേഷണം നടന്നുവരുന്നു.

(ബി&സി) മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി മാത്രമാണ് പ്രസ്തുത കേസ്സിൽ പ്രതിപ്പട്ടികയിലുള്ളത്.

(ഡി) കേസന്വേഷണം പൂർത്തിയായിട്ടില്ല.

(ഇ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എസ്.ഐ.യു-1 ഓഫീസിലാണ് കേസ് അന്വേഷിക്കുന്നത്.

(എഫ്) വി.സി.6/14/എസ്.ഐ.യു-1 മുൻ ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ. എം. മാണി ഉൾപ്പെടുന്നത്.

(ജി) 10-12-2014-നാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടങ്ങിയത്.

## വിജിലൻസിന് ലഭിച്ച പരാതികൾ

202 (225) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് എത്ര പരാതികൾ വിജിലൻസിന് ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര കേസുകളിൽ എഫ്.ഐ.ആർ. ഇട്ട് അന്വേഷണം നടത്തിവരുന്നുണ്ട് ;

(സി) ഇതിൽ വകുപ്പുതല ഉദ്യോഗസ്ഥർ പ്രതിയായിട്ടുള്ള എത്ര കേസുകൾ ഉണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് 13553 പരാതികൾ വിജിലൻസിന് ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ 62 എണ്ണത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) ഇതിൽ വകുപ്പുതല ഉദ്യോഗസ്ഥർ പ്രതിയായിട്ടുള്ള 34 കേസുകൾ ഉണ്ട്. അതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## അന്വേഷണം നേരിടുന്ന മുൻ മന്ത്രിമാർ

203 (226) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിലെ എത്ര മന്ത്രിമാർ അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് അന്വേഷണം നേരിടുന്നുണ്ട്; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) അന്വേഷണം നേരിടുന്ന മുൻ മന്ത്രിമാരുടെ പേരുവിവരവും അവർക്കെതിരെയുള്ള ആരോപണങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അഴിമതി നിർമ്മാർജ്ജനം**

204 (227) ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. ആർ. രാജേഷ് :

ശ്രീ. എം. സ്വരാജ് :

ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അഴിമതി വിമുക്തമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുജന പങ്കാളിത്തത്തോടെയുള്ള അഴിമതി നിർമ്മാർജ്ജനത്തിന് വിജിലൻസ് വകുപ്പ് മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) അഴിമതി വെളിച്ചത്തു കൊണ്ടുവരുന്നവർക്ക് അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പി.എസ്.സി. മുഖേന പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് സൽഭരണ പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) പൊതുജന പങ്കാളിത്തത്തോടെയുള്ള അഴിമതി നിർമ്മാർജ്ജനത്തിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 'Arising Kerala', 'Whistle Now' എന്നീ രണ്ട് മൊബൈൽ ആപ്ലിക്കേഷനുകൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) അഴിമതി നിർമ്മാർജ്ജനത്തിനായി 'Whistle Blower's Award' ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലും പി.എസ്.സി. മുഖേന പുതുതായി ജോലിയിൽ പ്രവേശിക്കുന്നവരുൾപ്പെടെയുള്ളവർക്കും സൽഭരണ പരിശീലനം നൽകാൻ വിജിലൻസ് ഡയറക്ടർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സംസ്ഥാന വിജിലൻസ്**

205 (228) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിജിലൻസിൽ അന്വേഷണ വിഭാഗത്തിൽ എത്ര ഉദ്യോഗസ്ഥർ പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) സംസ്ഥാനത്ത് വിജിലൻസിന് മുമ്പാകെ അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ വരുന്നതും നിരവധി കേസുകൾ അന്വേഷണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ് എന്നതും കണക്കിലെടുത്ത് കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് കേസുകൾ സമയബന്ധിതമായി കോടതിയിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ എക്സിക്യൂട്ടിവ് വിഭാഗം ജീവനക്കാരുടെ എണ്ണം താഴെ പറയുന്ന പ്രകാരമാണ്.

| | | | |
|---|---|---|---|
| i. | ഡയറക്ടർ | - | 1 |
| ii. | അഡീഷണൽ ഡയറക്ടർ ജനറൽ | - | 1 |
| iii. | പോലീസ് സൂപ്രണ്ട് | - | 10 |
| iv. | ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് | - | 34 |
| v. | പോലീസ് ഇൻസ്പെക്ടർ | - | 96 |
| vi. | സബ് ഇൻസ്പെക്ടർ | - | 3 |
| vii. | അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ | - | 76 |
| viii. | ഹെഡ് കോൺസ്റ്റബിൾ | - | 141 |
| ix. | പോലീസ് കോൺസ്റ്റബിൾ | - | 362 |
| x. | ഡ്രൈവർ | - | 129 |

(ബി&സി) വിജിലൻസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

## സംസ്ഥാന സ്പോർട്സ് കൗൺസിൽ

206 (229) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കഴിഞ്ഞ പതിനഞ്ച് വർഷത്തെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിക്കാൻ വിജിലൻസിനെ ചുമതലപ്പെടുത്തിയിരുന്നോ;

(ബി) ഉണ്ടെങ്കിൽ വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തിയിരുന്നോ യെന്നും പ്രാഥമിക അന്വേഷണം റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ ഇതേവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ-സി) വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ച പരാതികളിൽ ഒരു സത്വരാന്വേഷണം (ക്യൂ.വി.16/16/റ്റി.വി.എം.) നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വി.സി.01/17/റ്റി.വി.എം. എന്ന നമ്പരിൽ ഒരു വിജിലൻസ് കേസ് 2-2-2017-ൽ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

## സ്വത്തുവിവരം

207 (230) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ നേതാക്കളുടെ സ്വത്തുവിവരം നൽകണമെന്നാവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർ ആർക്കെങ്കിലും നോട്ടീസ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കൊക്കെ;

(ബി) ഇപ്രകാരം ഏതൊക്കെ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട ആരുടെയൊക്കെ സ്വത്തുവിവരങ്ങളാണ് വിജിലൻസ് ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം ലഭ്യമായത്; വിശദവിവരം നൽകുമോ;

(സി) രാഷ്ട്രീയ നേതാക്കളുടേതിന് പുറമേ ഏതെങ്കിലും ഉന്നത പോലീസ് ഇതര ഉദ്യോഗസ്ഥരുടെ സ്വത്തുവിവരങ്ങൾ ശേഖരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) രാഷ്ട്രീയ നേതാക്കളുടെ സ്വത്തുവിവരം നൽകണമെന്നാവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർ ആർക്കും നോട്ടീസ് നൽകിയിട്ടില്ല.

(സി) രാഷ്ട്രീയ നേതാക്കളുടെയും ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും അനധികൃത സ്വത്തുസമ്പാദനം സംബന്ധിച്ച പരാതിയിന്മേലുള്ള അന്വേഷണത്തിന്റെ ഭാഗമായി ആവശ്യമെങ്കിൽ സ്വത്തുവിവരങ്ങൾ ശേഖരിക്കാറുണ്ട്.

**വിജിലൻസ് ഡി.ജി.പി.**

208 (231) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ഡി.ജി.പി.-യായി പ്രവർത്തിച്ചുവരുന്ന ഡോ. ജേക്കബ് തോമസിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 6-1-2016-നോ അതിനുശേഷമോ ചീഫ് സെക്രട്ടറിക്ക് കേന്ദ്ര ആഭ്യന്തര വകുപ്പിൽനിന്ന് കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) ഇതിന്മേൽ ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏത് തീയതിക്കാണ് ചീഫ് സെക്രട്ടറി പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചത്; അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ:

(ഡി) ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കേണ്ട ഒരു ഉദ്യോഗസ്ഥനെ വിജിലൻസ് ഡി.ജി.പി.-യായി നിയമിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(എഫ്) പോർട്ട് ഡയറക്ടറായിരിക്കെ ഡോ. ജേക്കബ് തോമസിനെതിരായ അഴിമതി ആരോപണം സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം നടത്തിയ അന്വേഷണത്തെത്തുടർന്ന് തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ജി) സ്റ്റോർ പർച്ചേസ് ഇൻസ്പെക്ഷൻ വിംഗ് നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും ഇല്ലെങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഫയലിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

(സി-ഇ) ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ഇക്കാര്യം വിശദമാക്കി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് മറുപടി നൽകിയിട്ടുമുണ്ട്. ചട്ടപ്രകാരമാണ് ടിയാനെ വിജിലൻസ് ഡി.ജി.പി.-യായി നിയമിച്ചത്.

(എഫ്) ധനകാര്യ പരിശോധനാവിഭാഗം തുറമുഖ ഡയറക്ടറേറ്റിൽ 2014, 2015 വർഷങ്ങളിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് തുറമുഖ വകുപ്പിന്റെ പരിഗണനയിലാണ്.

(ജി) സ്റ്റോർ പർച്ചേസ് ഇൻസ്പെക്ഷൻ വിംഗ് തുറമുഖ വകുപ്പ് ഡയറക്ടറേറ്റിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് തുറമുഖ വകുപ്പ് പരിശോധിച്ചു വരികയാണ്.

**വിജിലൻസ് കേസുകൾ**

209 (232) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ ഡിസംബർ 31 വരെ എത്ര കേസുകളിൽ വിജിലൻസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത കേസുകളിൽ അന്തിമ കുറ്റപത്രം സമർപ്പിച്ചത് എത്ര കേസുകളിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കാലയളവിൽ വിജിലൻസ് ഡയറക്ടറുടെ കീഴിൽ അന്വേഷിച്ചു വരുന്ന കേസുകളിൽ കുറ്റപത്രം സമർപ്പിക്കാനുള്ളവ എത്രയെണ്ണമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016 ജൂൺ 1 മുതൽ ഡിസംബർ 31 വരെ 234 കേസുകളിൽ വിജിലൻസ് പ്രഥമ വിവര പട്ടിക രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ പ്രഥമ വിവര പട്ടിക രജിസ്റ്റർ ചെയ്ത കേസുകളിൽ അന്തിമ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. കേസുകൾ എല്ലാം അന്വേഷണഘട്ടത്തിലാണ്.

(സി) ഇക്കാലയളവിൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്ന കേസുകളിൽ 234 കേസുകളിലും കുറ്റപത്രം സമർപ്പിക്കാനുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൂക്കുപാലം നിർമ്മാണം

210 (233) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അനുവദിച്ചതും തുടർന്ന് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിർമ്മാണം പൂർത്തീകരിച്ച് മാസങ്ങൾക്കുള്ളിൽ തകർന്നുവീണതുമായ മാടക്കാൽ തൂക്ക് പാലം (ദുരന്ത നിവാരണ വകുപ്പ് മുഖേന) പണി പുനരാരംഭിക്കാനോ തകർന്ന അവശിഷ്ടങ്ങൾ പുഴയിൽനിന്നും നീക്കം ചെയ്യാനോ വകുപ്പ് അധികൃതരുടെ ഭാഗത്തുനിന്നും നടപടി ഇല്ലാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) അഴിമതിയും സാങ്കേതികക്കുറവും നിമിത്തം തകർന്നത് സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം പൂർത്തീകരിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനും നിർമ്മാണം പുനരാരംഭിക്കാനും നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തകർന്ന തൂക്കുപാലത്തിന്റെ അവശിഷ്ടങ്ങൾ പുഴയിൽനിന്നും ഭാഗികമായി നീക്കം ചെയ്തിരുന്നു. പുതിയ പാലം നിർമ്മിച്ചതിനുശേഷം മാത്രമേ ശേഷിക്കുന്ന അവശിഷ്ടങ്ങൾ പുഴയിൽനിന്നും നീക്കം ചെയ്യുവാൻ സമ്മതിക്കുകയുള്ളൂവെന്ന് നാട്ടുകാരിൽനിന്നും പ്രതിഷേധം ഉണ്ടായതിനാൽ നിർമ്മാണച്ചുമതല ഉണ്ടായിരുന്ന Kerala Electrical and Allied Engineering Co. Ltd അധികൃതർ തുടർനടപടി നിർത്തിവച്ചു.

(ബി) ഇതുസംബന്ധിച്ച വിജിലൻസ് അന്വേഷണം (വി.സി.3/2014/ കെ.എസ്.ഡി. നമ്പരായി) നടന്നുവരുന്നു.

## ലാവ്‌ലിൻ കേസ്

211 (234) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാവ്‌ലിൻ കേസിന്റെ നിലവിലെ അവസ്ഥ വിശദമായി വെളിപ്പെടുത്തുമോ;

(ബി) ലാവ്‌ലിൻ കേസിൽ ആരെയെല്ലാമാണ് കുറ്റവിമുക്തരാക്കിയതെന്ന് വിശദമാക്കാമോ;

(സി) ഏതൊക്കെ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് ഇവർക്കെതിരെ കേസ് എന്നത് സെക്ഷൻ സഹിതം വിശദമാക്കുമോ?

ഉത്തരം

(എ) ലാവ്‌ലിൻ കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) ലാവ്‌ലിൻ കേസിലെ 6 (ക്ലോസ് ടെൻഡിൽ), 9 (എസ്.എൻ.സി ലാവ്‌ലിൻ) പ്രതികൾ ഒഴിച്ച് ബാക്കി എല്ലാ പ്രതികളെയും കുറ്റ വിമുക്തരാക്കിയിട്ടുണ്ട്.

(സി) ലാവ്‌ലിൻ കേസിലെ പ്രതികൾക്കെതിരെ ഇൻഡ്യൻ ശിക്ഷാ നിയമം 120 B, 420 എന്നീ വകുപ്പുകളും 1988-ലെ അഴിമതി നിരോധന നിയമത്തിലെ 13(2), 13(1) (ഡി) എന്നീ വകുപ്പുകളും പ്രകാരമാണ് കേസ് എടുത്തിരുന്നത്.

**സ്പോർട്സ് ലോട്ടറി**

212 (235) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്പോർട്സ് ലോട്ടറി അഴിമതി കേസിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റായിരുന്ന ശ്രീ. റ്റി. പി. ദാസനെ പ്രതിയാക്കി വിജിലൻസ് കേസ്സെടുക്കകയുണ്ടായോ; എങ്കിൽ അദ്ദേഹത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്യുവാൻ വിജിലൻസ് കണ്ടെത്തിയ കുറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാന സ്പോർട്സ് കൗൺസിൽ നടത്തിവരുന്ന സ്പോർട്സ് ലോട്ടറിയുടെ വിതരണത്തിലെ ക്രമക്കേടുകൾ അടിസ്ഥാനമാക്കി നടത്തിയ സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**അച്ചടക്ക നടപടി**

213 (236) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വകുപ്പുകളിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ വിജിലൻസ് ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്കെതിരെ ഏതെല്ലാം രീതിയിലുള്ള നടപടികൾക്കാണ് സർക്കാരിന് ശിപാർശ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വിജിലൻസ് അന്വേഷണം**

214 (237) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ മന്ത്രിസഭയിലെ എത്ര മന്ത്രിമാർക്കെതിരെ ഇതുവരെ വിജിലൻസിന്റെ ത്വരിതാന്വേഷണം നടന്നിട്ടുണ്ട്; കോടതി നിർദ്ദേശപ്രകാരം എത്ര മന്ത്രിമാർക്കെതിരെ അന്വേഷണം ആരംഭിക്കുകയുണ്ടായി; പരാതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ കേസുകളിൽ ത്വരിതാന്വേഷണം പൂർത്തിയായിട്ടുണ്ട്; അന്വേഷണത്തിൽ ഏതെങ്കിലും മന്ത്രിമാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഈ മന്ത്രിസഭയിലെ ഏതെങ്കിലും മന്ത്രി കൊലക്കേസിൽ പ്രതിയാണോ; വിശദാംശം നൽകുമോ;

(ഡി) കൊലക്കേസിൽ പ്രതിയായ വ്യക്തി മന്ത്രിയായി തുടരുന്നത് നിക്ഷ്പക്ഷ അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ അദ്ദേഹം മന്ത്രിസ്ഥാനത്ത് തുടരുന്നത് ഉചിതമാണെന്ന് കരുതുന്നുണ്ടോ?

<u>ഉത്തരം</u>

(എ&ബി) ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയ്ക്കെതിരായി വിജിലൻസ് കോടതി നിർദ്ദേശപ്രകാരം കശുവണ്ടി വാങ്ങിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ത്വരിതാന്വേഷണം (ക്യൂ.വി 74/16/എസ്.ഐ.യു-1) നടത്തിയതിൽ ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ കുറ്റക്കാരിയല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. കാപ്പെക്സിലും മത്സ്യഫെഡിലും മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചതിലെ അഴിമതി സംബന്ധിച്ച് ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയ്ക്കെതിരെ ക്യൂ.വി.26/16/ എസ്.ഐ.യു-II നമ്പർ സത്വരാന്വേഷണം നടത്തിവരുന്നു. കോവളം എം.എൽ.എ. ശ്രീ. എം. വിൻസെന്റിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ബഹു. തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് സി.എം.പി. നമ്പർ 59/17-ൽ മുൻ വൈദ്യുതി വകുപ്പുമന്ത്രി (ഇപ്പോൾ ദേവസ്വം വകുപ്പുമന്ത്രി) ശ്രീ. കടകംപള്ളി സുരേന്ദ്രനെതിരെ ഒരു അന്വേഷണം നടത്തിവരുന്നു.

(സി &ഡി) വിവരം ശേഖരിച്ചുവരുന്നു.

## കോർട്ട് കോംപ്ലക്സ്

215 (238) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ചാലക്കുടിയിലെ കോർട്ട് കോംപ്ലക്സ് യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായുള്ള പ്ലാൻ ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

## റിസ്ക് അലവൻസ്

216 (239) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന വകുപ്പിന് കീഴിലുള്ള സ്കൂബ ടീമംഗങ്ങൾ 2016 വർഷത്തിൽ എത്ര രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്; ഇവർക്ക് ഏതെല്ലാം ബഹുമതികളാണ് നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഇത്തരം ബഹുമതികളോടൊപ്പം ഓരോ അംഗത്തിനും നൽകുന്ന സാമ്പത്തിക ആനുകൂല്യം എത്രയാണെന്ന് വ്യക്തമാക്കാമോ; നിലവിൽ നൽകിവരുന്ന ഈ ആനുകൂല്യം തീരെ തുച്ഛമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അതീവ സാഹസികമായ രക്ഷാദൗത്യത്തിൽ ഏർപ്പെടുന്ന സ്കൂബ ടീമംഗങ്ങൾക്ക് സേനയിലെ മറ്റംഗങ്ങൾക്കുള്ളതിനെക്കാൾ കൂടുതൽ റിസ്ക് ഏറ്റെടുക്കേണ്ടിവരുന്നുണ്ടെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) മറ്റ് സേനാംഗങ്ങൾക്ക് നൽകുന്നതിന് തുല്യമായ റിസ്ക് അലവൻസ് മാത്രം ഇവർക്ക് നൽകുന്നത് ന്യായമല്ലെന്ന കാര്യം പരിശോധിക്കുമോ ; സ്കൂബ ടീമംഗങ്ങൾ ഏറ്റെടുക്കേണ്ടി വരുന്ന ജോലിയുടെ പ്രത്യേക റിസ്ക് പരിഗണിച്ച് റിസ്ക് അലവൻസ് വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) അഗ്നിശമന വകുപ്പിന് കീഴിലുള്ള സ്കൂബാ ടീമംഗങ്ങൾ 2016 വർഷത്തിൽ 157 രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഇവർക്ക് ക്യാഷ് റിവാർഡ്, കമന്റേഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകിയിട്ടുണ്ട്.

(ബി) രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്കൂബാ അംഗങ്ങൾക്ക് 50 രൂപ, 100 രൂപ എന്നിങ്ങനെ ക്യാഷ് റിവാർഡാണ് നൽകിവരുന്നത്. ഇത് ഇവർ നടത്തുന്ന ആത്മാർത്ഥ സേവനത്തിനുള്ള പ്രോത്സാഹനമാണ്. അതിനെ ആനുകൂല്യമായി കണക്കാക്കേണ്ടതില്ല.

(സി) ഉണ്ട്.

(ഡി) സ്കൂബാ ടീമംഗങ്ങൾ ഏറ്റെടുക്കേണ്ടിവരുന്ന ജോലിയുടെ പ്രത്യേക റിസ്ക് പരിഗണിച്ച് അലവൻസ് അനുവദിക്കുന്നത് സംബന്ധിച്ച് ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ ജനറലിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

**ഫയർ സ്റ്റേഷന് ഉപകരണങ്ങൾ**

217 (240) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം ഫയർ സ്റ്റേഷന് പ്രാദേശിക സാഹചര്യത്തിനനുസരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഉപകരണങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016-17-ലെ വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ആയവ ലഭ്യമാകുന്ന മുറയ്ക്ക് മുക്കം ഫയർസ്റ്റേഷന്റെ കാര്യത്തിലും നടപടി സ്വീകരിക്കുന്നതാണ്.

**അഗ്നിരക്ഷാ നിലയം**

218 (241) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അഗ്നിരക്ഷാ നിലയത്തിൽ രക്ഷാപ്രവർത്തനങ്ങൾക്കായുള്ള ആധുനിക ഉപകരണങ്ങളുടെ അപര്യാപ്തതയും നിലവിലുള്ള ഉപകരണങ്ങളുടെ കാലപ്പഴക്കവും അഗ്നിശമന സേനയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്കാവശ്യമായ ന്യൂമാറ്റിക് ബാഗ്, പോർട്ടബിൾ പമ്പ്, ചെയിൻ സോ, പവർ കട്ടർ ആന്റ് ജാക്ക് ഹാമർ, സെർച്ച് ലൈറ്റ് എന്നിവ പ്രസ്തുത യൂണിറ്റിന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ചില ആധുനിക ഉപകരണങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016-17 വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ആയവ ലഭ്യമാകുന്ന മുറയ്ക്ക് കായംകുളം ഫയർ സ്റ്റേഷന്റെ കാര്യവും പരിഗണിക്കുന്നതാണ്.

**ഫയർ സ്റ്റേഷൻ**

219 (242) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രമാക്കി ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ തുടങ്ങാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ പട്ടികയിൽ ചാരുംമൂട് ഉൾപ്പെട്ടിട്ടില്ല. ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമമനുസരിച്ച് ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ബി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വകുപ്പിന് സൗജന്യമായി റവന്യൂ/പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക്/പഞ്ചായത്ത് വക അനുയോജ്യമായ ഭൂമി ലഭിച്ചാൽ മാത്രമേ പ്രാരംഭ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ആയതിലേക്കായി അനുയോജ്യമായ സ്ഥലം അന്വേഷിച്ചുവരുന്നു. കല്ലട ഇറിഗേഷൻ പ്രോജക്ട് വക ഒഴിഞ്ഞുകിടക്കുന്ന കെട്ടിടം പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന വാടക ഈടാക്കി നൽകാമെന്ന് മാവേലിക്കര-താമരക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. എന്നാൽ താൽക്കാലികമായി പ്രവർത്തനം ആരംഭിക്കണമെങ്കിൽ സ്ഥിരം സംവിധാനം ആകുന്നതുവരെ കെട്ടിടവാടക നൽകുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും പഞ്ചായത്ത് അധികൃതർ തയ്യാറാകുമെങ്കിൽ മാത്രമേ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികളുമായി മുമ്പോട്ട് പോകാൻ സാധിക്കുകയുള്ളൂ എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**ഫയർഫോഴ്സിന് കെട്ടിടം**

220 (243) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർഫോഴ്സിന് കെട്ടിട നിർമ്മാണത്തിനായി കുഴൽമന്ദം ജലസേചന വകുപ്പിന്റെ സ്ഥലം കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ എത്രത്തോളമായി എന്ന് വിശദീകരിക്കാമോ;

(ബി) കെട്ടിട നിർമ്മാണ പ്രവർത്തനം എന്ന് തുടങ്ങും എന്നറിയിക്കാമോ?

ഉത്തരം

(എ) ആലത്തൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ കെട്ടിടനിർമ്മാണത്തിനായി സ്ഥലം കൈമാറിക്കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ സ്കെച്ചും കെട്ടിടത്തിന് ആവശ്യമായ ഫംഗ്ഷണൽ റിക്വയർമെന്റ്സ്, ജീവനക്കാരുടെ വിവരങ്ങൾ എന്നിവ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിൽനിന്നും സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കാവുന്നതാണ്.

**ഫയർ സ്റ്റേഷൻ**

221 (244) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ പുതുക്കിയ ബജറ്റിൽ നിലമ്പൂർ ഫയർ സ്റ്റേഷന് പ്രഖ്യാപിച്ചിരുന്ന 5 കോടി രൂപ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(ബി) നിലമ്പൂർ ഫയർ സ്റ്റേഷന് സ്വന്തമായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ വിശദാംശം വ്യക്തമാക്കാമോ;

(സി) നിലമ്പൂർ ഫയർ സ്റ്റേഷനിൽ എത്ര ജീവനക്കാരുടെ കുറവുണ്ട്; എന്തെല്ലാം ഉപകരണങ്ങളുടെ അപര്യാപ്തതയാണ് ഫയർ സ്റ്റേഷനിലുള്ളത്; വിശദാംശങ്ങൾ നൽകുമോ ;

(ഡി) ആവശ്യത്തിന് ഉപകരണങ്ങൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഉപകരണങ്ങളുടെ അപര്യാപ്തത സൂചിപ്പിച്ച് സർക്കാരിലേക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) 2016-17 വർഷത്തെ പുതുക്കിയ ബജറ്റിൽ നിലമ്പൂർ ഫയർ സ്റ്റേഷനുവേണ്ടി തുക വകയിരുത്തിയിട്ടില്ല.

(ബി) ഉണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിലേക്ക് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(സി) നിലമ്പൂർ നിലയത്തിൽ രണ്ട് ലീഡിംഗ് ഫയർമാൻ, രണ്ട് ഫയർമാൻ ഡ്രൈവർ, മൂന്ന് ഫയർമാൻ എന്നീ ഒഴിവുകളാണുള്ളത്.

നിലമ്പൂർ നിലയത്തിലേക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ആവശ്യമായ ഉപകരണം | എണ്ണം |
|---|---|---|
| 1 | ക്യൂ.ആർ.വി. | 1 |
| 2 | സ്കൂബ (ലൈറ്റ് വെയ്റ്റ്) സ്പെയർ സിലിണ്ടർ ഉൾപ്പെടെ | 4 |
| 3 | എയർ ഫില്ലിംഗ് കംപ്രസ്സർ (ബി.എ.സെറ്റ്, സ്കൂബ എന്നിവയ്ക്ക്) | 1 |
| 4 | ഫയർ സ്യൂട്ട് (ഗംബൂട്ട്, ഹെൽമറ്റ് ഉൾപ്പെടെ) | 10 |
| 5 | ഇൻഫ്ളാറ്റബിൾ എമർജൻസി ലാമ്പ് | 2 |
| 6 | കോൺക്രീറ്റ് കട്ടർ & ചിപ്പർ | 2 സെറ്റ് |
| 7 | പോർട്ടബിൾ ജനറേറ്റർ | 1 |
| 8 | ബി.എ.സെറ്റ് (സ്പെയർ സിലിണ്ടർ ഉൾപ്പെടെ) | 5 |

(ഡി) നിവേദനം ലഭിച്ചിട്ടുണ്ട്. കൂടുതൽ ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകത കണക്കിലെടുത്തും മറ്റു നിലയങ്ങളോടൊപ്പം നിലമ്പൂർ നിലയത്തിലേക്കും കൂടുതൽ ഉപകരണങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ട്രെയിനിംഗ് കാലയളവ് സർവ്വീസായി പരിഗണിക്കൽ

222 (245) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ ഫയർമാൻ തസ്തികയിലേക്ക് ഒരു വർഷത്തെ ട്രെയിനിംഗ് പൂർത്തികരിച്ചതിന് ശേഷം ജോലിയിൽ പ്രവേശിച്ചവർക്ക് ട്രെയിനിംഗ് കാലയളവ് സർവ്വീസായി പരിഗണിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ട്രെയിനിംഗ് പൂർത്തീകരിച്ചതിനുശേഷം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചവരിൽനിന്ന് മറ്റു സർക്കാർ വകുപ്പുകളിലേക്ക് റിലീവ് ചെയ്തുപോയവർക്ക് ഈ ആനുകൂല്യം നിലവിൽ ലഭ്യമാണോ;

(സി) ട്രെയിനിംഗ് പൂർത്തീകരിച്ചതിനുശേഷം പോലീസ് സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചവരിൽ നിന്ന് മറ്റ് സർക്കാർ വകുപ്പുകളിലേക്ക് റിലീവ് ചെയ്തുപോയവർക്ക് ഈ ആനുകൂല്യം നൽകുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഫയർ & റെസ്ക്യൂ സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചവരിൽനിന്ന് മറ്റു സർക്കാർ വകുപ്പുകളിലേക്ക് റിലീവ് ചെയ്തുപോയവർക്കും ഈ ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ട്രെയിനിംഗ് പൂർത്തീകരിച്ചതിനുശേഷം ജോലിയിൽ പ്രവേശിച്ചവർക്ക് ട്രെയിനിംഗ് കാലയളവ് സർവ്വീസായി പരിഗണിച്ചുകൊണ്ട് 19-6-2012-ലെ സ.ഉ. (എം.എസ്.) 161/2012/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് 19-6-2012-ൽ ഈ സർവ്വീസിലുള്ള എല്ലാ ജീവനക്കാർക്കും ബാധകമാണ്.

(ബി) 19-6-2012-നുശേഷം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്ന് വിടുതൽ ചെയ്ത് മറ്റ് വകുപ്പുകളിലേക്ക് പോയവർക്കും 19-6-2012-ലെ സ.ഉ. (എംഎസ്.) 161/2012/ആഭ്യന്തരം നമ്പർ ഉത്തരവ് ബാധകമാണ്.

(സി) ട്രെയിനിംഗ് പൂർത്തീകരിച്ചതിനുശേഷം പോലീസ് സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചവരിൽനിന്ന് മറ്റ് സർക്കാർ വകുപ്പുകളിലേക്ക് റിലീവ് ചെയ്തു പോയവർക്ക് പോലീസ് പരിശീലന കാലം സർവ്വീസായി പരിഗണിച്ചുകൊണ്ട് 23-5-2016-ൽ സ.ഉ.(എംഎസ്.) 160/2016/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ആനുകൂല്യം 19-6-2012-ൽ ഈ വകുപ്പിൽ ബന്ധപ്പെട്ട തസ്തികയിൽ തുടരുന്ന ജീവനക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. 19-6-2012-ന് മുൻപ് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിൽനിന്ന് പരിശീലനം വിജയകരമായി പൂർത്തിയാക്കിയശേഷം വിടുതൽ ചെയ്ത് മറ്റ് വകുപ്പുകളിലേക്ക് പോയവർക്കും പ്രസ്തുത ആനുകൂല്യം നൽകണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

**ഒറ്റപ്പാലം ഫയർ സ്റ്റേഷൻ**

223 (246) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ സ്റ്റേഷൻ നിലവിലില്ലാത്ത ഒറ്റപ്പാലം മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം ഫയർ സ്റ്റേഷന് നിലവിൽ എവിടെയെങ്കിലും ഭൂമി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ വില്ലേജിൽ ഒറ്റപ്പാലം അഗ്നി രക്ഷാ നിലയം ആരംഭിക്കുന്നതിനായി അനുവദിച്ചിരുന്ന 37 സെന്റ് പുറമ്പോക്ക് ഭൂമി "ഭൂരഹിതരില്ലാത്ത കേരളം" പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഭൂരഹിതർക്ക് പതിച്ച് നൽകാൻ അനുയോജ്യമായവയുടെ ഇനത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ലഭ്യമാക്കുവാൻ സാധിക്കുകയില്ലാത്ത സാഹചര്യത്തിൽ ഒറ്റപ്പാലം ഫയർ സ്റ്റേഷന് നിലവിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടില്ല.

**ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

224 (247) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) ഫയർ ഫോഴ്സിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ലഭ്യമാണോയെന്നും ഈ സ്ഥലത്ത് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോയെന്നും വിശദമാക്കുമോ;

(സി) ഫയർ ഫോഴ്സ് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ ഉൾപ്പെട്ട റീസർവ്വേ നമ്പർ 584/4-ൽപ്പെട്ട കെ.ഐ.പി.യുടെ ഉടമസ്ഥതയിലുള്ള 14.98 ആർ. സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) കരുനാഗപ്പള്ളി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ചോദ്യം 'എ'യുടെ മറുപടിയിൽ പരാമർശിച്ചിട്ടുള്ള സ്ഥലമോ വകുപ്പിന് അനുയോജ്യമായിട്ടുള്ള സർക്കാർ ഉടമസ്ഥതയിലുള്ള മറ്റേതെങ്കിലും സ്ഥലമോ കൈമാറ്റം ചെയ്ത് കിട്ടുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കൊയിലാണ്ടി ഫയർ സ്റ്റേഷൻ**

225 (248) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ ഭരണാനുമതി ലഭിച്ച ഫയർ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിന് ഇനി എന്തെല്ലാം കാര്യങ്ങൾ ചെയ്യാനുണ്ടെന്ന് വിശദമാക്കാമോ ;

(ബി) കൊയിലാണ്ടി നഗരസഭ ഒരുക്കിയിട്ടുള്ള താൽക്കാലിക സംവിധാനം ഫയർ ആന്റ് റെസ്ക്യൂ അധികൃതർ പരിശോധിച്ച് തൃപ്തികരമെന്ന് രേഖപ്പെടുത്തിയ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) ഫയർ സ്റ്റേഷന് അത്യാവശ്യമായി വേണ്ട വാഹനങ്ങളുടെ കാര്യത്തിലും ജീവനക്കാരെ നിയമിക്കുന്ന കാര്യത്തിലും സമർപ്പിച്ച പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടിയിൽ ഭരണാനുമതി നൽകിയ ഫയർ സ്റ്റേഷന് ആവശ്യം വേണ്ട വാഹനങ്ങളും ജീവനക്കാരെയും അനുവദിക്കുന്നത് സംബന്ധിച്ച് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ ലഭ്യമാക്കിയ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഗ്യാരേജ്, ജീവനക്കാരുടെ റെസ്റ്റ് റൂം എന്നിവയുടെ പണികൾ അവസാനഘട്ടത്തിലാണ്. കറന്റ്, ടെലിഫോൺ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കാനുണ്ട്.

(ബി) ഉണ്ട്.

(സി) ഇതുസംബന്ധിച്ച് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

## വനിതാ തടവുകാർ

226 (249) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജയിലുകളിലായി എത്ര വനിതാ തടവുകാരാണ് നിലവിലുള്ളത്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര വനിതാ തടവുകാർക്ക് ശിക്ഷാ കാലാവധിയിൽ ഇളവ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതേ കാലയളവിൽ പുരുഷൻമാരായ എത്ര തടവുകാർക്ക് ശിക്ഷാ കാലാവധിയിൽ ഇളവ് നൽകിയിട്ടുണ്ട് ;

(ഡി) വിവിധ ജയിലുകളിൽ കഴിയുന്നവരിൽ ക്രമപ്രകാരം അർഹരാണെന്ന് കണ്ടെത്തിയ വനിതാ തടവുകാർക്ക് ശിക്ഷാ കാലാവധിയിൽ ഇളവ് നൽകുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ വിവിധ ജയിലുകളിലായി ആകെ 195 വനിതാ തടവുകാരുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലത്ത് 12 വനിതാ തടവുകാർക്ക് ശിക്ഷാ കാലാവധിയിൽ ഇളവ് നൽകിയിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് 2797 പുരുഷ തടവുകാർക്ക് ശിക്ഷാ കാലാവധിയിൽ ഇളവ് നൽകിയിട്ടുണ്ട്.

(ഡി) പരിഗണനയിലുണ്ട്.

## ജയിൽ പരിഷ്കരണം

227 (250) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളുടെ മുഖച്ഛായ മാറ്റുന്നതിനും തടവുകാരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതിനായി എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തടവുകാർക്ക് വിജ്ഞാനവും വരുമാനവും പ്രദാനം ചെയ്യുന്നതോടൊപ്പം ജയിൽ നവീകരണം സാധ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) തടവുകാരുടെ തൊഴിൽ പരിശീലനത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജയിലുകളുടെ മുഖച്ഛായ മാറ്റുന്നതിനും തടവുകാരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുമായി ജയിലുകളുടെ നവീകരണം, തടവുകാരുടെ ക്ഷേമം എന്നീ വാർഷിക പദ്ധതികൾ മുഖേന നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ (2016-17) ടി വാർഷിക പദ്ധതികൾ മുഖേന താഴെപ്പറയുന്ന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

ജയിലുകളുടെ നവീകരണം

1. ആലപ്പുഴ ജില്ലാ ജയിലിൽ പുതിയ കെട്ടിട നിർമ്മാണം.
2. പത്തനംതിട്ട ജില്ലാ ജയിലിൽ പുതിയ കെട്ടിട നിർമ്മാണം.
3. അഞ്ച് ജയിലുകളിൽ (ജില്ലാ ജയിൽ എറണാകുളം, ജില്ലാ ജയിൽ വിയ്യൂർ, സബ് ജയിൽ ചാവക്കാട്, സ്പെഷ്യൽ സബ് ജയിൽ കണ്ണൂർ, മൂവാറ്റുപുഴ) അടുക്കളകളുടെ നവീകരണം
4. ദേവികുളം സ്പെഷ്യൽ സബ് ജയിലിലെ ചുറ്റുമതിലിന്റെ സംരക്ഷണ ഭിത്തിയുടെ നവീകരണം.

തടവുകാരുടെ ക്ഷേമം

1. തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ പ്രാർത്ഥനാ ഹാൾ, യോഗ / മെഡിറ്റേഷൻ ഹാൾ എന്നിവയുടെ നിർമ്മാണം.
2. തടവുകാർക്ക് വേണ്ടിയുള്ള തൊഴിൽ പരിശീലനം.
3. തിരുവനന്തപുരം സെൻട്രൽ ജയിലിലെ FREE FASHIONISTA യൂണിറ്റ് വിപുലീകരണം.
4. ജയിൽ ക്ഷേമ ദിനാഘോഷം, ഉദ്യോഗസ്ഥർക്കുവേണ്ടിയുള്ള റിഫ്രഷർ കോഴ്സ് എന്നിവ സംഘടിപ്പിക്കുക.
5. സെൻട്രൽ ജയിലുകളിൽ കുടിവെള്ള ശുദ്ധീകരണത്തിനായി ആർ.ഒ. പ്ലാന്റ് സ്ഥാപിക്കൽ.
6. സെൻട്രൽ ജയിലുകളിൽ പവർ ലോൺഡ്രി സ്ഥാപിക്കൽ.
7. തിരുവനന്തപുരം വനിതാ ജയിലിൽ നാപ്കിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ.

8. ചീമേനി തുറന്ന ജയിലിൽ വിവിധ ഫാമുകളുടെ വിപുലീകരണം.

9. കണ്ണൂർ സെൻട്രൽ ജയിലിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കൽ.

ടി വാർഷിക പദ്ധതികൾക്ക് പുറമേ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച് നിർമ്മാണം ആരംഭിച്ച അഞ്ച് പുതിയ ജയിലുകളുടെ (അതീവ സുരക്ഷാ ജയിൽ വിയ്യൂർ, സെൻട്രൽ ജയിൽ തവനൂർ, ജില്ലാ ജയിൽ മുട്ടം, സ്പെഷ്യൽ സബ് ജയിൽ ഇരിങ്ങാലക്കുട, ജില്ലാ ജയിൽ പാലക്കാട്) നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പദ്ധതിയും ജയിൽ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിക്ക് 1 കോടി രൂപയുടെയും തടവുകാരുടെ ക്ഷേമം പദ്ധതിക്ക് 5.25 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിക്കുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ അക്കൗണ്ട് ഹെഡ്ഡിൽ വകയിരുത്തിയ 11 കോടി രൂപയ്ക്കുള്ള പദ്ധതികകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച് നിർമ്മാണ ആരംഭിച്ച അഞ്ച് പുതിയ ജയിലുകളുടെ (അതീവ സുരക്ഷാ ജയിൽ വിയ്യൂർ, സെൻട്രൽ ജയിൽ തവനൂർ, ജില്ലാ ജയിൽ മുട്ടം, സ്പെഷ്യൽ സബ് ജയിൽ ഇരിങ്ങാലക്കുട, ജില്ലാ ജയിൽ പാലക്കാട്) നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പദ്ധതികൾക്ക് 32.965 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) തടവുകാർക്ക് വിജ്ഞാനവും വരുമാനവും പ്രദാനം ചെയ്യുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്:

1. കമ്പ്യൂട്ടർ പരിശീലനം, ഡ്രൈവിംഗ് പരിശീലനം, ഇലക്ട്രീഷ്യൻ കോഴ്സ്, വയർമാൻ കോഴ്സ്, ഓഫീസ് ഓട്ടോമേഷൻ, ഫുഡ് പ്രൊഡക്ഷൻ, ഡി.റ്റി.പി. ഇലക്ട്രിക് വയറിംഗ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആന്റ് മെയിന്റനൻസ്, പ്ലംബിംഗ്, ടെയ്‌ലറിംഗ്, ബ്യൂട്ടീഷ്യൻ കോഴ്സ്, വാഹനങ്ങളുടെ റിപ്പയറിംഗ്, സ്ക്രീൻ പ്രിന്റിംഗ്, ടെലിവിഷൻ മെക്കാനിസം, ഫാഷൻ ഡിസൈനിംഗ്, മൊബൈൽ ഫോൺ റിപ്പയറിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, വെൽഡിംഗ്, എൽ.ഇ.ഡി. ബൾബ്/പേപ്പർ ക്യാരി ബാഗ്/ മെഴുകുതിരി/ ചന്ദനത്തിരി/ ഫിനോയിൽ/ സോപ്പുപൊടി/കുട എന്നിവയുടെ നിർമ്മാണം തുടങ്ങിയ വിവിധ തൊഴിൽ പരിശീലന പദ്ധതികൾ.

2. തിരുവനന്തപുരം വനിതാ ജയിലിൽ നാപ്കിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ.

3. കണ്ണൂർ സെൻട്രൽ ജയിലിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കൽ.

4. ചീമേനി തുറന്ന ജയിലിൽ പശു, ആട്, പന്നി, കോഴി, മുയൽ എന്നിവയുടെ ആധുനിക രീതിയിലുള്ള പരിപാലനത്തിനുള്ള പരിശീലനം നൽകുന്നതിനുള്ള ഫാമുകളുടെ നിർമ്മാണം.

ജയിൽ നവീകരണം സാദ്ധ്യമാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. ആലപ്പുഴ ജില്ലാ ജയിലിൽ പുതിയ കെട്ടിട നിർമ്മാണം.

2. പത്തനംതിട്ട ജില്ലാ ജയിലിൽ പുതിയ കെട്ടിട നിർമ്മാണം.

3. അഞ്ച് ജയിലുകളിൽ (ജില്ലാ ജയിൽ എറണാകുളം, ജില്ലാ ജയിൽ വിയ്യൂർ, സബ് ജയിൽ ചാവക്കാട്, സ്പെഷ്യൽ സബ് ജയിൽ കണ്ണൂർ, മൂവാറ്റുപുഴ) അടുക്കളകളുടെ നവീകരണം.

4. ദേവികുളം സ്പെഷ്യൽ സബ് ജയിലിലെ ചുറ്റുമതിലിന്റെ സംരക്ഷണ ഭിത്തിയുടെ നവീകരണം.

കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച് നിർമ്മാണം ആരംഭിച്ച അഞ്ച് പുതിയ ജയിലുകളുടെ (അതീവ സുരക്ഷാ ജയിൽ വിയ്യൂർ, സെൻട്രൽ ജയിൽ തവനൂർ, ജില്ലാ ജയിൽ മുട്ടം, സ്പെഷ്യൽ സബ് ജയിൽ ഇരിങ്ങാലക്കുട, ജില്ലാ ജയിൽ പാലക്കാട്) നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പദ്ധതിയും ജയിൽ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) നടപ്പ് സാമ്പത്തിക വർഷത്തിൽ (2016-17) തടവുകാരുടെ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി തടവുകാരുടെ തൊഴിൽ പരിശീലനത്തിനായി കമ്പ്യൂട്ടർ പരിശീലനം, ഡ്രൈവിംഗ് പരിശീലനം, ഇലക്ട്രീഷ്യൻ കോഴ്സ്, വയർമാൻ കോഴ്സ്, ഓഫീസ് ഓട്ടോമേഷൻ, ഫുഡ് പ്രൊഡക്ഷൻ, ഡി.റ്റി.പി., ഇലക്ട്രിക് വയറിംഗ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആന്റ് മെയിന്റനൻസ്, പ്ലംബിംഗ്, ടെയ്‌ലറിംഗ്, ബ്യൂട്ടീഷ്യൻ കോഴ്സ്, വാഹനങ്ങളുടെ റിപ്പയറിംഗ്, സ്ക്രീൻ പ്രിന്റിംഗ്, ടെലിവിഷൻ മെക്കാനിസം, ഫാഷൻ ഡിസൈനിംഗ്, മൊബൈൽ ഫോൺ റിപ്പയറിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, വെൽഡിംഗ്, എൽ.ഇ.ഡി. ബൾബ്/പേപ്പർ ക്യാരി ബാഗ്/മെഴുകുതിരി/ചന്ദനത്തിരി/ഫിനോയിൽ/സോപ്പ് പൊടി/കുട എന്നിവയുടെ നിർമ്മാണം തുടങ്ങിയ വിവിധ തൊഴിൽ പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## ജയിൽ പരിഷ്കാരങ്ങൾ

228 (251) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് പഠിച്ച് നിർദ്ദേശം നൽകുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ യെന്ന് വിശദമാക്കാമോ ;

(ബി) ജയിൽ പരിഷ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അതീവ സുരക്ഷാജയിൽ നിർമ്മാണം പരിഗണനയിലുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ജയിലിൽ മാനസികാരോഗ്യ പ്രവർത്തകരുടെ സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ജയിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് പഠിച്ച് നിർദ്ദേശം നൽകുന്നതിനായി ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്.(റിട്ട) അദ്ധ്യക്ഷനായി ഒരു ഏകാംഗ കമ്മീഷൻ രൂപവൽക്കരിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ വിയ്യൂരിൽ സംസ്ഥാനത്തെ ആദ്യ അതീവ സുരക്ഷാ ജയിൽ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. 33.16 കോടി രൂപയാണ് പദ്ധതി ചെലവ്. ആയതിന്റെ 85 ശതമാനം പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. പ്രസ്തുത ജയിലിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പാണ് നിർവ്വഹിക്കുന്നത്. 3 നില ജയിൽ കെട്ടിടം, ആശുപത്രി ബ്ലോക്ക്, ലൈബ്രറി, ഓഫീസ് കെട്ടിടം എന്നിവയുൾപ്പെടെ 102500 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ, ചുറ്റുമതിൽ (700 മീറ്റർ) എന്നീ പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു. ഡ്രെയിനേജ് സംവിധാനം, നിരീക്ഷണ ടവറിന്റെ ബാക്കി പ്രവൃത്തികൾ, പെയിന്റിംഗ്, അപ്രോച്ച് റോഡ്, ഗാർഡ് റൂം, ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുക എന്നിവ പൂർത്തിയാകാനുണ്ട്.

(സി) ഉണ്ട്. ജയിലുകളിൽ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ അന്തേവാസികൾക്ക് കൗൺസിലിംഗ് നടത്തുന്നുണ്ട്. മൂന്ന് സെൻട്രൽ ജയിലുകളിലും സൈക്യാട്രിസ്റ്റുകളുടെ സേവനം ആഴ്ചയിലൊരു ദിവസം ലഭ്യമാക്കിയിട്ടുണ്ട്.

**ജയിലുകളിൽ കഴിയുന്ന പ്രതികൾ**

229 (252) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതി ശിക്ഷിച്ച് സംസ്ഥാനത്തെ സെൻട്രൽ ജയിലുകളിൽ കഴിയുന്ന പ്രതികളുടെ എണ്ണമെത്ര;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രതികൾക്ക് പരോൾ നൽകിയിട്ടുണ്ട്; പരോളിൽ പോയ എത്ര പേർ തിരിച്ചുവരാതെയുണ്ട്; അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു;

(സി) ഏറ്റവും കൂടുതൽ പ്രതികളുള്ള ജില്ല ഏത്?

<u>ഉത്തരം</u>

(എ) കോടതി ശിക്ഷിച്ച് സംസ്ഥാനത്തെ മൂന്ന് സെൻട്രൽ ജയിലുകളിലുമായി 2256 പ്രതികളുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 763 പ്രതികൾക്ക് പരോൾ നൽകിയിട്ടുണ്ട്. പരോളിൽ പോയി തിരിച്ചുവരാത്ത 4 തടവുകാരുണ്ട്. ഇവരെ കണ്ടെത്തി ജയിലിൽ തിരികെ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) തിരുവനന്തപുരം.

**പ്രിന്റിംഗ് ഡെസ്റ്റിനേഷൻ**

230 (253) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലെയും സ്വകാര്യമേഖലയിലെയും പ്രിന്റിംഗ് സൗകര്യങ്ങൾ ഏകോപിപ്പിച്ച് കേരളത്തെ ഒരു പ്രിന്റിംഗ് ഡെസ്റ്റിനേഷനാക്കുന്ന രീതിയിൽ അച്ചടിവകുപ്പിനെ ക്രമീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രിന്റിംഗ് വകുപ്പിന്റെ മെല്ലെപ്പോക്ക് നയം മാറ്റുന്നതിന് മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

<u>ഉത്തരം</u>

(എ&ബി) ഈ വിഷയത്തിൽ വിശദമായ പഠനം നടത്തി സാദ്ധ്യതാ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. രാജേന്ദ്രകുമാർ അനയത്ത് അദ്ധ്യക്ഷനായി 5-11-2016-ലെ സ.ഉ.(സാധാ)3025/16/ഉവിവ. പ്രകാരം ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഡയറി വിതരണം**

231 (254) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ലെ സർക്കാർ ഡയറി അച്ചടിച്ച് വിതരണം ചെയ്യുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ ;

(ബി) ആദ്യം അച്ചടിച്ച ഡയറികൾ മാറ്റി അച്ചടിക്കേണ്ടതായ സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെ നിർദ്ദേശപ്രകാരമാണ് ഇങ്ങനെ മാറ്റി അച്ചടിച്ചത് എന്ന് വ്യക്തമാക്കാമോ ;

(സി) എത്ര ഡയറികൾ മാറ്റി അച്ചടിക്കേണ്ടി വന്നുവെന്നും ഇക്കാര്യത്തിൽ എത്ര രൂപയാണ് നഷ്ടം സംഭവിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(ഡി) നഷ്ടത്തിന് ഉത്തരവാദികളായവരിൽനിന്നും ഈ തുക ഈടാക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കാലതാമസമുണ്ടായിട്ടില്ല.

(ബി-ഡി) ഡയറികൾ പൂർണ്ണമായി മാറ്റി അച്ചടിക്കേണ്ടി വന്നിട്ടില്ല. അച്ചടി പൂർത്തിയായ വളരെ കുറച്ച് എണ്ണം ഡയറിയിലെ ഏതാനും പേജുകൾ മാത്രമാണ് മാറ്റി അച്ചടിച്ചിട്ടുള്ളത്. അധിക ചെലവ് കണക്കാക്കിയിട്ടില്ല.

**മുൻ സർക്കാരിന്റെ കാലത്തെ തീരുമാനങ്ങൾ**

232 (255) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ സർക്കാരിന്റെ അവസാന കാലത്തെ ഉത്തരവുകൾ, കാബിനറ്റ് തീരുമാനങ്ങൾ ഇവ പരിശോധിക്കുന്നതിന് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ഇതിൽ ആരൊക്കെയാണ് അംഗങ്ങൾ എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കമ്മിറ്റി പരിശോധിച്ച ഫയലുകൾ, അവയിലെ ഓരോന്നിലെയും വിഷയങ്ങൾ, ഓരോ ഫയലിലും കമ്മിറ്റി അന്തിമമായി കൈക്കൊണ്ട തീരുമാനങ്ങൾ, സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കമ്മിറ്റി ഇക്കാര്യത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്നും റിപ്പോർട്ട് എപ്പോൾ സമർപ്പിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ അവസാന കാലയളവിൽ 1-1-2016 മുതൽ 30-4-2016 വരെ എടുത്തിട്ടുള്ള എല്ലാ മന്ത്രിസഭായോഗ തീരുമാനങ്ങളും പരിശോധിക്കുന്നതിലേക്കായി ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതല പ്പെടുത്തിയിരുന്നു. ചുവടെപ്പറയുന്നവരാണ് ഉപസമിതിയിലെ അംഗങ്ങൾ:

| | |
|---|---|
| ശ്രീ. എ. കെ. ബാലൻ | - കൺവീനർ |
| ശ്രീ. വി. എസ്. സുനിൽകുമാർ | - മെമ്പർ |
| ശ്രീ. എ. കെ. ശശീന്ദ്രൻ | - മെമ്പർ |
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | - മെമ്പർ |
| ശ്രീ. മാത്യു. ടി. തോമസ് | - മെമ്പർ |
| ഡോ. ടി. എം. തോമസ് ഐസക് | - മെമ്പർ |

(ബി&സി) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് മന്ത്രിസഭ പരിശോധിച്ചുവരികയാണ്.

**അതിവേഗ റെയിൽപാത**

233 (256) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയ അതിവേഗ റെയിൽ പാത പദ്ധതിയിൽ കാസർഗോഡ് ജില്ലയെക്കൂടി ഉൾപ്പെടുത്താൻ നടപടികൾ ഉണ്ടാകുമോ; കണ്ണൂർ ജില്ലയുടെ വടക്കൻ ഭാഗങ്ങളിലെയും കാസർഗോഡ് ജില്ലയിലെയും ജനങ്ങൾക്ക് ഏറെ പ്രയോജനകരമാവുന്ന ഈ പദ്ധതിയിൽ അതിർത്തി ജില്ലയായ കാസർഗോഡിനെ ഉൾപ്പെടുത്തി പ്രഖ്യാപനം ഉണ്ടാകുമോ?

ഉത്തരം

അതിവേഗ റെയിൽപാത പദ്ധതിയിൽ കാസർഗോഡ് ജില്ലയെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച പഠനം നടന്നുകൊണ്ടിരിക്കുകയാണ്.

## രാജ്യറാണി എക്സ്പ്രസ്

234 (257) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-തിരുവനന്തപുരം റൂട്ടിലോടുന്ന രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കി മാറ്റുന്നതിന് ഈ സർക്കാർ കേന്ദ്രത്തിന് എന്തെങ്കിലും ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ റൂട്ടിലെ പ്രധാന യാത്രാ മാർഗ്ഗമെന്ന നിലയ്ക്കും നിരവധി രോഗികൾ ആശ്രയിക്കുന്ന ട്രെയിൻ എന്ന നിലയ്ക്കും രാജ്യറാണി എക്സ്പ്രസ്സിനെ സ്വതന്ത്ര ട്രെയിനാക്കി മാറ്റാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ റെയിൽവേ മന്ത്രാലയത്തിനോട് അപേക്ഷിക്കുന്നതാണ്.

## ഇ-ഹെൽത്ത് പദ്ധതി

235 (258) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഇ-ഹെൽത്ത് പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഈ പദ്ധതി നടപ്പിലാക്കാൻ പ്രസ്തുത കാലയളവിൽ എത്ര കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചുവെന്നും അതിലെത്ര രൂപ ലഭിച്ചുവെന്നും വിശദമാക്കുമോ;

(ബി) രണ്ടാം ഘട്ടമായി ബാക്കിയുള്ള ഏഴ് ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനായി കേന്ദ്രസർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ ടെണ്ടർ നടപടികൾ ഏത് വർഷമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പദ്ധതിക്കായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ഭരണാനുമതി ലഭിക്കുകയും ചെയ്തു. പദ്ധതി പ്രവർത്തനത്തിനു വേണ്ടി ഹൈലെവൽ ഗവേണിംഗ് കമ്മിറ്റിയും ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികളും രൂപീകരിച്ചു. ഇ-ഹെൽത്ത് കേരള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിക്കുകയും ടെണ്ടർ നടപടികളിലൂടെ പദ്ധതിക്ക് ആവശ്യമായ സോഫ്റ്റ്‌വെയർ നിർമ്മാണത്തിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുകയും ചെയ്തു. ഈ പദ്ധതിക്കുള്ള കേന്ദ്ര വിഹിതമായ 86.6945 കോടി രൂപയിൽ 43.3473 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള സർക്കാർ ആശുപത്രികളിൽ ഈ പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഏഴ് ജില്ലകൾ വീതം രണ്ട് ഘട്ടമായിട്ടാണ് ലക്ഷ്യം കൈവരിക്കുക. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലും രണ്ടാംഘട്ടമായി മറ്റ് ജില്ലകളിലുമാണ് പദ്ധതി പ്രവർത്തനം ആസൂത്രണം ചെയ്തിരിക്കുന്നത്.

(സി) 22-2-2014-ൽ ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s Hewlett Packard India Sales Pvt. Ltd.-ന് 22.50 കോടി രൂപയ്ക്ക് 24-9-2014-ൽ Letter of Award നൽകുകയും 1-10-2014-ൽ കോൺട്രാക്ട് ഒപ്പിടുകയും ചെയ്തു. ടെണ്ടർ നടപടികൾ 2014-ൽ പൂർത്തീകരിച്ചിരുന്നെങ്കിലും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി ആരംഭിച്ചിരുന്നില്ല. തുടർന്ന് ഈ സർക്കാരാണ് അനുവദിച്ച തുക ലാപ്സ് ആകാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പ്രോജക്ട് നടപ്പിലാക്കികൊണ്ട് പദ്ധതി ഉദ്ഘാടനം 25-1-2017-ൽ നടത്തുകയും ചെയ്തത്.

**ചികിത്സാ ധനസഹായം**

236 (259) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങൾക്ക് അനുവദിച്ചുവരുന്ന ചികിത്സാ ധനസഹായങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം ഒരു കുടുംബത്തിന് ലഭിക്കുന്ന പരമാവധി ചികിത്സാ ധനസഹായം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ;

(ഡി) വിവിധ ചികിത്സാ സഹായപദ്ധതികൾ ഏകീകരിച്ച് ഒരു സാമൂഹ്യാരോഗ്യപദ്ധതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് ചികിത്സാ ധനസഹായ പദ്ധതികളാണുള്ളത്.

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് റ്റു ദി പുവർ പദ്ധതി പ്രകാരം ചില അസുഖങ്ങളുടെ ചികിത്സയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ പാവപ്പെട്ട രോഗികൾക്ക് പരമാവധി 50,000 രൂപ വരെ ഒറ്റത്തവണ ചികിത്സാ ധനസഹായം നൽകുന്നുണ്ട്. ഈ ധനസഹായം ലഭിക്കുന്നതിന് രോഗിയുടെ കുടുംബവാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ താഴെയായിരിക്കണം.

ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽനിന്നും നിർദ്ധനരായ രോഗികൾക്ക് പരമാവധി 2,000 രൂപ വരെ ചികിത്സാ ധനസഹായം നൽകുന്ന മറ്റൊരു പദ്ധതിയും ആരോഗ്യ വകുപ്പിന്റെ കീഴിലുണ്ട്.

കൂടാതെ കാരുണ്യ ബെനവലന്റ് സ്കീം, ആർ.എസ്.ബി.വൈ, ചിസ് പ്ലസ്, സുകൃതം, ജനനി, സുരക്ഷ എന്നീ പദ്ധതികൾ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു.

(ബി) നേരത്തേ നിശ്ചയിച്ചിട്ടുള്ള ആർ.എസ്.ബി.വൈ. പാക്കേജ് പ്രകാരം ആർ.എസ്.ബി.വൈ. കാർഡുള്ളവർക്ക് ഓരോ വർഷവും ഒരു കുടുംബത്തിലെ പരമാവധി 5 പേർക്ക് 30,000 രൂപയുടെ സൗജന്യ ചികിത്സാ സഹായം ലഭിക്കുന്നു. ഇതിനുപുറമേ ചിസ് പ്ലസ്, ആർ.എസ്.ബി.വൈ. ഒന്നിച്ച് 70,000 രൂപ തൃതീയ രോഗീപരിചരണങ്ങളായ ക്യാൻസർ, ഹൃദയം, ന്യൂറോ, കരൾ, കിഡ്നി എന്നീ അസുഖങ്ങൾക്കും അപകടത്തിലൂടെ ഉണ്ടാകുന്ന ട്രോമ എന്നിവയ്ക്കും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, ആർ.സി.സി, എം.സി.സി., ശ്രീചിത്രാ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിൽ ആർ.എസ്.ബി.വൈ. രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കും 1-4-2017 മുതൽ SCHIS (സീനിയർ സിറ്റിസൺസ് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി) 60 വയസ്സും അതിനു മുകളിലുള്ളവർക്ക് ആർ.എസ്.ബി.വൈ. ചികിത്സാ സഹായത്തിനുപുറമേ 30,000 രൂപയുടെ സൗജന്യ ചികിത്സകൂടി ലഭിക്കുന്നു. ഇത് മുതിർന്ന അംഗങ്ങൾക്ക് മാത്രമേ ലഭിക്കുകയുള്ളൂ.

(സി) മാർച്ച് മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ പത്രമാധ്യമങ്ങളിൽ അറിയിപ്പ് വരികയും രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബത്തിലെ അർഹതയുള്ള അംഗങ്ങൾ എല്ലാപേരും എൻറോൾമെന്റ് സെന്ററിൽ രജിസ്ട്രേഷൻ സ്ലിപ്പുമായി ചെല്ലുകയും ഫോട്ടോ, ഫിംഗർ പ്രിന്റ് എന്നിവ രേഖപ്പെടുത്തി അപ്പോൾ തന്നെ കാർഡ് ലഭ്യമാക്കുന്നതാണ്. ആർ.എസ്.ബി.വൈ. സ്മാർട്ട് കാർഡ് വഴി ഓരോ അംഗത്തിനും ആർ.എസ്.ബി.വൈ സേവനം നൽകുന്ന എല്ലാ ആശുപത്രികളിൽ നിന്നും മാനദണ്ഡപ്രകാരമുള്ള സൗജന്യ ചികിത്സ ലഭിക്കുന്നതാണ്.

റേഷൻ കാർഡ് ബി.പി.എൽ. ആയിരിക്കണം. അഡ്മിറ്റാകുമ്പോൾ ആർ.എസ്.ബി.വൈ. കാർഡ് ആശുപത്രിയിൽ രേഖപ്പെടുത്തണം.

(ഡി) പരിഗണനയിലുണ്ട്. പ്രാരംഭദശയിലാണ്.

## പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളാക്കൽ

237 (260) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ നിലവിലുള്ള പി.എച്ച്.സി.-കളെ 24 മണിക്കൂറും പ്രവർത്തിക്കുന്ന സി.എച്ച്.സി.-കളാക്കി മാറ്റുന്ന പ്രൊപ്പോസലുകൾ ആരോഗ്യവകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരം ലഭ്യമാക്കുമോ;

(സി) ഇതുസംബന്ധിച്ച് ആരോഗ്യവകുപ്പിന്റെ പക്കലുള്ള ഫയലുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ മാറാക്കര, പൊൻമുള, കോട്ടയ്ക്കൽ, വളാഞ്ചേരി എന്നീ PHC-കളെ CHC-കളാക്കി മാറ്റണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കോട്ടയ്ക്കൽ നിയോജകമണ്ഡലം MLA-യുടെ കത്ത് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്.

(ബി&സി) കോട്ടയ്ക്കൽ നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രമാണ്. 22-7-2016-ലെ ജി.ഒ.(പി)നമ്പർ 102/16/ഫിൻ. സർക്കാർ ഉത്തരവുപ്രകാരം അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സി.എച്ച്.സി.-കളുടെ നവീകരണം

238 (261) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം.) വഴി 2010 മുതൽ ലഭിക്കുന്ന ഫണ്ടിൽ കുറവ് വന്നിട്ടുണ്ടോ ; വർഷം തിരിച്ച് വിശദമാക്കുമോ ; ഏതെല്ലാം സംരംഭങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുന്നത് ;

(ബി) ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രി, കേശവപുരം, മണമ്പൂർ സി.എച്ച്.സി.-കൾ എന്നിവിടങ്ങളിലെ അംഗീകൃത തസ്തിക എത്രയാണെന്നും അത്രയും പേരുടെ സേവനം ലഭ്യമാണോ എന്നും വ്യക്തമാക്കാമോ ;

(സി) വലിയകുന്ന് ആശുപത്രിയെ താലൂക്കാശുപത്രിയാക്കുമോയെന്നും ദേശീയപാതയുടെ സാമീപ്യം പരിഗണിച്ച് ആക്സിഡന്റ് ട്രോമാ കെയർ സൗകര്യത്തോടെ ഒ.പി.ബ്ലോക്ക് നിർമ്മിക്കുമോയെന്നും വ്യക്തമാക്കുമോ ;

(ഡി) കേശവപുരം സി.എച്ച്.സി.-യിൽ ഗൈനക്, പീഡിയാട്രിക് ഡോക്ടർമാർ, രാത്രികളിൽ കാഷ്വാലിറ്റി ഡോക്ടർമാർ എന്നിവരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2010-11-ൽ 85/15 ആയിരുന്ന കേന്ദ്ര വിഹിതം 2012-13-ൽ 75/25 ആയും 2015-16-ൽ 60/40 ആയും കുറവ് വരുത്തുകയുണ്ടായി. 2015-16 മുതൽ കേന്ദ്ര സംസ്ഥാന ഫണ്ടിന്റെ അനുപാതം 75:25-ൽ നിന്ന് 60:40 ആക്കിയതിനാൽ അതനുസരിച്ച് കേന്ദ്ര വിഹിതം കുറയുകയും സംസ്ഥാന വിഹിതം കൂടുകയും ചെയ്തിരുന്നു. 2010 മുതൽ ലഭിച്ച കേന്ദ്ര വിഹിതം താഴെ ചേർക്കുന്നു:

| വർഷം | രൂപ (കോടിയിൽ) |
|---|---|
| 2010-11 (85/15) | 276.73 |
| 2011-12 (85/15) | 366.31 |
| 2012-13 (75/25) | 340.19 |
| 2013-14 (75/25) | 380.96 |
| 2014-15 (75/25) | 308.31 |
| 2015-16 (60/40) | 284.41 |
| 2016-17 (60/40)* | 238.06 |

*ഇതിവരെ ലഭിച്ച കേന്ദ്രവിഹിതം

(ബി) ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ നിലവിൽ അംഗീകൃത തസ്തിക 70 എണ്ണമാണ്. ഇതിൽ 66 പേരുടെ സേവനം ഇപ്പോൾ ലഭ്യമാണ് (മൂന്ന് തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു). ഒരു ഡോക്ടർ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ എം.സി.എച്ച്-ലെ ആന്റി റിട്രോ വൈറൽ തെറാപ്പി സെന്ററിൽ സേവനമനുഷ്ഠിക്കുന്നു.

കേശവപുരം, മണമ്പൂർ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ അംഗീകൃത തസ്തിക ഒഴിവുകൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രി നിലവിൽ താലൂക്കാശുപത്രിയാണ്. ട്രോമാ കെയർ സൗകര്യത്തോടെ ഒ.പി. ബ്ലോക്ക് - നിർമ്മിക്കുന്നതിനുള്ള 350 ലക്ഷം രൂപയുടെ പ്രൊപ്പോസൽ (2016-17 സാമ്പത്തിക വർഷത്തെ മേജർ കൺസ്ട്രക്ഷൻ സ്കീമിൽ) സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) കേശവപുരം സി.എച്ച്.സി.-യിൽ ഗൈനക്ക്, പീഡിയാട്രിക് ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## സി.എച്ച്.സി.-കളെ താലൂക്കാശുപത്രികളാക്കി ഉയർത്തൽ

239 (262) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സി.എച്ച്.സി.-യിൽനിന്നും താലൂക്കാശുപത്രിയായി ഉയർത്തി ഉത്തരവായ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര സി.എച്ച്.സി.-കളെ താലൂക്കാശുപത്രിയുടെ സൗകര്യമേർപ്പെടുത്തി ഈ സർക്കാർ ഉയർത്തിയിട്ടുണ്ട്;

(സി) മങ്കട നിയോജക മണ്ഡലത്തിൽ മങ്കട സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) ഇതുസംബന്ധിച്ച് ഡി.എം.ഒ., ഡി.എച്ച്.എസ്. എന്നിവർ ശിപാർശകൾ നൽകിയിട്ടുണ്ടോ; പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് താലൂക്കാശുപത്രിയായി ഉയർത്തിയ സി.എച്ച്.സി.-കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സി.എച്ച്.സി., കോന്നി, പത്തനംതിട്ട.

സി.എച്ച്.സി., ഫോർട്ട്, തിരുവനന്തപുരം.

സി.എച്ച്.സി., ബാലുശ്ശേരി, കോഴിക്കോട്.

സി.എച്ച്.സി., വണ്ടൂർ, മലപ്പുറം.

സി.എച്ച്.സി., അരീക്കോട്, മലപ്പുറം.

സി.എച്ച്.സി., പള്ളുരുത്തി, എറണാകുളം.

സി.എച്ച്.സി., കട്ടപ്പന, ഇടുക്കി.

സി.എച്ച്.സി., വിതുര, തിരുവനന്തപുരം.

(ബി) ജില്ലാ/താലൂക്കാശുപത്രികളിൽ നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ആർദ്രം സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ താലൂക്കിലെയും പ്രധാന താലൂക്ക് ആശുപത്രിയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും ആർദ്രം മിഷനിലുൾപ്പെടുത്തി സ്റ്റാന്റേർഡൈസേഷൻ പ്രൊപ്പോസലിൽ കോന്നി, ബാലുശ്ശേരി, കട്ടപ്പന എന്നിവിടങ്ങളിലെ സി.എച്ച്.സി.-കൾ താലൂക്കുതലത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. വണ്ടൂർ, അരീക്കോട്, വിതുര എന്നിവിടങ്ങളിലെ സി.എച്ച്.സി.-കളെ ബ്ലോക്കുതല ആരോഗ്യ സ്ഥാപനങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ആരോഗ്യ മേഖലയിലെ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള സ്റ്റാന്റേർഡൈസേഷൻ പ്രൊപ്പോസലിന്റെ കരട് ലിസ്റ്റിൽ സി.എച്ച്.സി വിഭാഗത്തിൽ മങ്കട സി.എച്ച്.സി.യും ഉൾപ്പെട്ടിട്ടുണ്ട്. ഇത് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) ജില്ലാ മെഡിക്കൽ ആഫീസറുടെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും ശിപാർശയോടുകൂടിയാണ് മങ്കട സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത്. ആയത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**ഔഷധ വിതരണം**

240 (263) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അലോപ്പതി ഔഷധ വിതരണ രംഗത്തുനിന്ന് രജിസ്റ്റേഡ് ഫാർമസിസ്റ്റുകളെ മാറ്റിനിർത്തുന്ന രീതിയിലുള്ള എന്തെങ്കിലും തീരുമാനങ്ങൾ കേന്ദ്ര സർക്കാർ എടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേരളത്തിലെ സർക്കാർ ആശുപത്രികളിൽ മരുന്ന് എടുത്ത് നൽകുന്ന ചുമതല ജൂനിയർ പബ്ലിക് നഴ്സുമാർക്ക് നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനമെടുക്കാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കേരളത്തിലെ ഹോമിയോ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റുമാരെ നിയമിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉത്തരവായിട്ടില്ല.

(സി) ഹോമിയോപ്പതി വകുപ്പിൽ ഹോമിയോപ്പതി ഫാർമസിസ്റ്റുമാരുടെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകിവരുന്നു.

**അവയവദാന ചട്ടങ്ങൾ**

241 (264) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. ഗണപതിയുടെ ഹർജിയെത്തുടർന്ന് ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മസ്തിഷ്ക മരണം, അവയവദാനം എന്നിവ സംബന്ധിച്ച് സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ പ്രസ്തുത ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഡോ. ഗണപതി ഫയൽ ചെയ്ത WP(C)35526/2016 നമ്പർ കേസിന്റെ അടിസ്ഥാനത്തിൽ 1-2-2017-ലെ സ.ഉ.(എം.എസ്.)നമ്പർ 16/2017/ആകുവ. പ്രകാരം ഈ വിഷയത്തിൽ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ബാധകമല്ല.

**വർക്ക് സ്റ്റഡി**

242 (265) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യം (അലോപ്പതി), ആയുർവ്വേദം (ഐ എസ്, എം.)ഹോമിയോ തുടങ്ങിയ വകുപ്പുകളിൽ വർക്ക് സ്റ്റഡി നടന്നിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരം പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും വകുപ്പിൽ തസ്തികകൾ അധികമുള്ളതായോ കുറവുള്ളതായോ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളിലെന്ന് അറിയിക്കുമോ;

(സി) ഏതെങ്കിലും വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ശിപാർശയുണ്ടോ; ഉണ്ടെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിൽ ഡ്രഗ്സ് കൺട്രോളർ ഓഫീസിലും ആയുഷ് വകുപ്പിൽ ഹോമിയോപ്പതി വകുപ്പിലും വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ട്.

(ബി) ഹോമിയോപ്പതി, ഡ്രഗ്സ് കൺട്രോളർ എന്നീ വകുപ്പുകളിൽ തസ്തികകൾ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കാത്ത് ലാബും ഡയാലിസിസ് യൂണിറ്റും**

243 (266) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് എന്നിവയുടെ പ്രവർത്തനം ആരംഭിക്കുവാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി കേരളത്തിലെ വിവിധ ആശുപത്രികളിൽ ഡയാലിസിസ് സേവനം ലഭ്യമാക്കുന്ന പദ്ധതിയുടെ നടത്തിപ്പ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഡയാലിസിസ് യൂണിറ്റ് നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി തയ്യാറാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ജൂലൈ മാസത്തോടുകൂടി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കാത്ത് ലാബ് പദ്ധതിയിൽ ഈ ആശുപത്രി ഉൾപ്പെട്ടിട്ടില്ല.

## നേത്ര ചികിത്സാ കേന്ദ്രവും റിസർച്ച് സെന്ററും

244 (267) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്മഭൂഷൻ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാടിന്റെ സ്മാരകമായി ചാലക്കുടിയിൽ ദേശീയ ആയുഷ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു നേത്ര ചികിത്സാ കേന്ദ്രവും സയന്റിഫിക് റിസർച്ച് സെന്ററും ആരംഭിക്കുന്നതിനായുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടി മുനിസിപ്പാലിറ്റി ഇക്കാര്യത്തിന് സൗജന്യമായി സ്ഥലം ലഭ്യമാക്കാം എന്നറിയിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലത്ത് ആധുനിക നേത്ര ചികിത്സാ കേന്ദ്രവും റിസർച്ച് സെന്ററും ആരംഭിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ആയുഷ് മിഷന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ഇക്കാര്യം പരിശോധിച്ചു വരുന്നു.

## പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ

245 (268) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടികളുടെ വിജയകരമായ നടത്തിപ്പിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) എത്രശതമാനം ശിശുക്കൾക്ക് പോളിയോ തുള്ളിമരുന്നുകൾ നൽകുന്നതിന് സാധിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 5 വയസ്സിന് താഴെയുള്ള കുട്ടികൾക്കുള്ള പോളിയോ തുള്ളിമരുന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്ത് എത്തിക്കുന്നു. അവ ശക്തമായ ശീതശൃംഖല സംവിധാനം വഴി 3 റീജിയണൽ വാക്സിൻ കേന്ദ്രങ്ങളിലേക്കും തുടർന്ന് ജില്ലാ പി.എച്ച്.സി./സി.എച്ച്.സി. കേന്ദ്രങ്ങൾക്കും എത്തിക്കുന്നു. തുടർന്ന് ശീതശൃംഖലാ

സംവിധാനത്തിലൂടെ വാക്സിൻ ക്യാരിയർവഴി പോളിയോ ബൂത്തുകളിൽ എത്തിക്കുകയും മെഡിക്കൽ ആഫീസർമാർ, ആരോഗ്യ പ്രവർത്തകർ, സൂപ്പർവൈസർമാർ എന്നിവരുടെ നേതൃത്വത്തിൽ വാക്സിൻ വിതരണം നടത്തുകയും ചെയ്യുന്നു. 50000-ത്തോളം വാക്സിനേറ്റർമാർ-ആരോഗ്യ പ്രവർത്തകർ പോളിയോ ദിനങ്ങളിൽ വാക്സിൻ നൽകുന്നതിനായി സേവനം ചെയ്യുന്നു. തുടർന്ന് പി.എച്ച്.സി./സി.എച്ച്.സി. താലൂക്ക്-പി.പി.യൂണിറ്റ് തലത്തിൽ റിപ്പോർട്ട് ക്രോഡീകരിച്ച് ജില്ലകൾക്കും തുടർന്ന് സംസ്ഥാനത്തിനും അവിടെനിന്നും ക്രോഡീകരിച്ച് കേന്ദ്ര സർക്കാരിനും അയയ്ക്കുന്നു. പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ വിജയത്തിന് വിവിധങ്ങളായ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാനതല ഓഫീസർമാരുടെ മീറ്റിംഗ് കൂടുകയും കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതി തയ്യാറാക്കുകയും ചെയ്യുന്നു. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ ഇന്റർസെക്ടറൽ കമ്മിറ്റി കൂടുകയും ഓരോ വകുപ്പുകളും നടത്തേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നു. പി.എച്ച്.സി./സി.എച്ച്.സി. താലൂക്ക് പി.പി. യൂണിറ്റുകൾക്ക് 10,000 രൂപ മുതൽ 15,000 രൂപവരെ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിൽനിന്നും അനുവദിക്കുന്നതിനും പോളിയോ ദിനങ്ങൾക്ക് മുമ്പും പിമ്പും 5 ദിവസത്തേക്ക് തുടർച്ചയായി തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കാനും ആശ, അങ്കണവാടി, കുടുംബശ്രീ പ്രവർത്തകരുടെ സന്നദ്ധ സേവനം ആ ദിവസത്തേക്ക് വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

സംസ്ഥാനതലത്തിൽ ബൂത്ത് ബാനർ, സ്റ്റിക്കർ, സന്ദേശങ്ങൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്യുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെയും ലോകാരോഗ്യ സംഘടനയുടെയും സ്വതന്ത്ര നിരീക്ഷകർ പ്രവർത്തനം നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാതല പ്രവർത്തനങ്ങൾക്ക് ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ കളക്ടർമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ നേതൃത്വം നൽകുന്നു. ആരോഗ്യ പ്രവർത്തവർക്കാവശ്യമായ പരിശീലനം, പത്ര-ദൃശ്യമാദ്ധ്യമങ്ങളിലൂടെയുള്ള വാർത്തകൾ, അറിയിപ്പുകൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ മുതലായവ നൽകിയിരുന്നു. പോളിയോ ദിനത്തിന് തൊട്ട് മുമ്പായി ആരോഗ്യ വകുപ്പുമന്ത്രിയുടെ ഇതുസംബന്ധിച്ച പത്ര സമ്മേളനവും ഉണ്ടായിരുന്നു.

(ബി) ഈ വർഷം ആദ്യ റൗണ്ടിൽ (ആകെ 2 റൗണ്ട് 29-1-2017-നും 2-4-2017-നും) 97 ശതമാനം നേട്ടം കൈവരിക്കാൻ സാധിച്ചു.

**കുടുംബാരോഗ്യ കേന്ദ്രം**

246 (269) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു നിയോജക മണ്ഡലത്തിന് ഒരു പ്രൈമറി ഹെൽത്ത് സെന്റർ കുടുംബാരോഗ്യ കേന്ദ്രമാക്കുമെന്ന് ഈ വർഷം പ്രഖ്യാപിച്ച പദ്ധതി പ്രകാരം എന്തെല്ലാം സൗകര്യങ്ങളാണ് പ്രൈമറി ഹെൽത്ത് സെന്ററിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം മിഷനിൽ ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ പരിചരണത്തിന്റെ പ്രധാന ഘടകമായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും രോഗാതുരതയിലുണ്ടായ മാറ്റത്തിനും ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾക്കുമനുസരിച്ച് വിപുലപ്പെടുത്തും. മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെ ജീവിതശൈലീരോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി അവയെ മാറ്റുന്നതാണ്. കുടുംബ ഡോക്ടർ തലത്തിലേക്ക് ഈ മേഖലയിൽ ഡോക്ടർമാരെ മാറ്റുന്നതിനും അവരുടെ കഴിവും അറിവും വർദ്ധിപ്പിക്കുന്നതിനുമായി പരിശീലനങ്ങളും കോഴ്സുകളും നടന്നുവരുന്നു. ഈ സെന്ററുകളിൽ ലാബ് സൗകര്യങ്ങളും സജ്ജമാക്കും. ആരോഗ്യ പരിചരണം, കൗൺസിലിംഗ് എന്നിവയിൽ കുറച്ചുകൂടി ഉയർന്ന തോതിലുള്ള ഇടപെടലും ലക്ഷ്യമിടുന്നു.

**കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

247 (270) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളത്; കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സംബന്ധിച്ച ശിപാർശയിൽ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 14 ജില്ലകളിൽ നിന്നുമായി തെരഞ്ഞെടുത്ത 171 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ആർദ്രം മിഷന്റെ ഭാഗമായുള്ള ഈ പദ്ധതിയിലൂടെ ആരോഗ്യ മേഖലയിലെ നെടുംതൂണായി പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊപ്പം വിപുലപ്പെടുത്തുന്നതുവഴി മാതൃ ശിശു ആരോഗ്യകാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധ ചികിത്സയ്ക്കും പുറമേ ജീവിതശൈലീരോഗങ്ങളുടെ നിയന്ത്രണം, ചികിത്സ എന്നിവയ്ക്ക് ഈ പദ്ധതിയിൽ പ്രാധാന്യം നൽകുന്നു. കുടുംബ ഡോക്ടർ എന്ന തലത്തിലേക്ക് ഈ മേഖലയിലെ ഡോക്ടർമാരെ മാറ്റുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇവിടങ്ങളിൽ ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സിന്റെയും ലാബ് ടെക്നീഷ്യന്റെയും അധിക തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്.

(ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽനിന്നും താഴേക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെയാണ് കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിനായുള്ള പ്രവർത്തനമെന്ന നിലയിൽ ആശുപത്രിയിൽ ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ നടപടി ആരംഭിച്ചിട്ടുണ്ട്.

**ഒ.പി. ബ്ലോക്ക്**

248 (271) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിയുടെ പുതിയ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത് ; എത്ര രൂപയാണ് ഇതിനായി അനുവദിച്ചിരുന്നത്; ഇതിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത് ;

(ബി) എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; നിർമ്മാണം പൂർത്തീകരിച്ച് പുതിയ ഒ.പി. ബ്ലോക്ക് എന്ന് പ്രവർത്തന സജ്ജമാക്കാനാകും എന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) റാന്നി താലൂക്കാശുപത്രിയുടെ നിർമ്മാണം ആരംഭിച്ചത് 23-12-2010-ലാണ്. 14-7-2009-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) 1046/09/ പൊ.മ.വ. പ്രകാരം 485 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. കാഷ്വാലിറ്റി, ഡയാലിസിസ് യൂണിറ്റ്, ലാബ്, ഓപ്പറേഷൻ തീയേറ്റർ എന്നിവ പുതിയ ബ്ലോക്കിൽ ഉൾപ്പെടും.

(ബി) ലിഫ്റ്റിന്റെ നിർമ്മാണം, വൈദ്യുതീകരണം, വാട്ടർ കണക്ഷൻ, സിവിൽ വർക്കുകൾ എന്നിവ പൂർത്തീകരിക്കാനുണ്ട്.

## സാമൂഹികാരോഗ്യ കേന്ദ്രം

249 (272) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഓച്ചിറ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ വിവിധ വിഭാഗങ്ങളിലുള്ള ജീവനക്കാരുടെ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കുള്ള എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദീകരിക്കുമോ;

(സി) ഈ ആശുപത്രിയിൽ നിലവിലുള്ള ലാബ് സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ഡി) ജീവനക്കാർ കുറവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിച്ച് ഈ ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) ഓച്ചിറ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ വിവിധ വിഭാഗത്തിലുള്ള ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക | നിലവിലുള്ളവ | ഒഴിവ് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | അസിസ്റ്റന്റ് സർജൻ | 5 | 5 | 0 |
| 2 | ഹെൽത്ത് സൂപ്പർ വൈസർ | 1 | 1 | 0 |
| 3 | പി.എച്ച്.എൻ.എസ്. | 1 | 1 | 0 |
| 4 | എച്ച്.ഐ. | 1 | 1 | 0 |
| 5 | പി.എച്ച്.എൻ. | 1 | 1 | 0 |
| 6 | ജെ.എച്ച്.ഐ. ഗ്രേഡ്-1 | 2 | 2 | 0 |
| 7 | ജെ.എച്ച്.ഐ. ഗ്രേഡ്-2 | 2 | 2 | 0 |
| 8 | ഫാർമസിസ്റ്റ് | 1 | 1 | 0 |
| 9 | സ്റ്റാഫ് നേഴ്സ് ഗ്രേഡ്-1 | 1 | 1 | 0 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 | 1 | 1 | 0 |
| 11 | ജെ.പി.എച്ച്.എൻ. ഗ്രേഡ്-1 | 3 | 3 | 0 |
| 12 | ജെ.പി.എച്ച്.എൻ. ഗ്രേഡ്-2 | 4 | 4 | 0 |
| 13 | ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്-1 | 1 | 1 | 0 |
| 14 | ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 | 1 | 1 | 0 |
| 15 | ക്ലാർക്ക് | 2 | 2 | 0 |
| 16 | ഡ്രൈവർ | 1 | 1 | 0 |
| 17 | ഓഫീസ് അറ്റൻഡന്റ് | 1 | 1 | 0 |
| 18 | നഴ്സിംഗ് അസിസ്റ്റന്റ് | 1 | 1 | 0 |
| 19 | ഹോസ്പിറ്റൽ അറ്റൻഡർ | 2 | - | 2 |
| 20 | പാർട്ട് ടൈം സ്വീപ്പർ | 1 | - | 1 |

(ബി) കിടത്തി ചികിത്സാ വിഭാഗത്തിനായി നിലവിൽ പഴയതും പുതിയതുമായ ഓരോ ഐ.പി.കെട്ടിടവും 12 കിടക്കകളുമുണ്ട്.

(സി) ലാബോറട്ടറി ഒ.പി. സമയങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു ലാബ് ടെക്നീഷ്യൻ ജോലി ചെയ്യുന്നുണ്ട്. ലബോറട്ടറിയിൽ ബയോ കെമിസ്ട്രി അനലൈസറും മറ്റ് ലബോറട്ടറി പരിശോധനാ സംവിധാനങ്ങളും ലഭ്യമാണ്.

(ഡി) ആശുപത്രിയുടെ ഗുണനിലവാരം മെച്ചപ്പെടുത്താനായുള്ള സ്റ്റാന്റേർഡൈസേഷൻ പദ്ധതിയുടെ കരട് ലിസ്റ്റിൽ സി.എച്ച്.സി. വിഭാഗത്തിൽ ഈ ആശുപത്രി ഉൾപ്പെട്ടിട്ടുള്ളതിനാൽ അതുപ്രകാരമുള്ള തസ്തിക സൃഷ്ടിക്കുന്നതിലേക്കുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**സ്റ്റാഫ് പാറ്റേൺ**

250 (273) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിക്കാവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിനായുള്ള ഫയലിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് വ്യക്തമാക്കാമോ; ധനകാര്യവകുപ്പ് ശിപാർശ നൽകിയിട്ടും പോസ്റ്റുകൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) താലൂക്കാശുപത്രിയിൽ ആവശ്യമായ തസ്തികകൾ അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) റാന്നി താലൂക്കാശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് ആർദ്രം മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രൊപ്പോസലിൽ നടപടികൾ നടന്നുവരുന്നു.

**ഒ.പി. ബ്ലോക്ക് നിർമ്മാണം**

251 (274) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിയിൽ പുതുതായി ഒ.പി. ബ്ലോക്ക് നിർമ്മിക്കുന്നതിന് 2016-17 ലെ സംസ്ഥാന ബജറ്റിൽ നീക്കി വച്ചിരിക്കുന്ന തുക എത്രയാണ്;

(ബി) ഇതനുസരിച്ച് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി ഭരണാനുമതിക്കായി ആരോഗ്യ വകുപ്പിന് നൽകിയിട്ടുള്ളത്;

(സി) ഇതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ഉള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ 2016-17 സംസ്ഥാന ബജറ്റ് അനുബന്ധം-II വാല്യം 1-ൽ ഉൾപ്പെടുത്തി ഒ.പി.ബ്ലോക്ക് നിർമ്മാണത്തിനായി 4059-01-051-71 ശീർഷകത്തിൽ 38,59,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) റാന്നി താലൂക്കാശുപത്രിയിൽ പുതുതായി ഒ.പി. ബ്ലോക്കിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി 132.39 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

(സി&ഡി) ടി എസ്റ്റിമേറ്റ് ഇപ്പോൾ 102/ഇ 2/17 ഹെൽത്ത് ഫയൽ പ്രകാരം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## കുടിശ്ശിക ശമ്പളം

252 (275) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴക്കാല രോഗ പ്രതിരോധത്തിന് നിയുക്തരായ ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് യഥാസമയം ശമ്പളം നൽകാത്ത സ്ഥിതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം നിയുക്തരായ താത്കാലിക ജീവനക്കാർക്ക് പിരിച്ചുവിട്ടതിനുശേഷവും ശമ്പളം നൽകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം നിയുക്തരായ എല്ലാ ജീവനക്കാർക്കുമുള്ള ശമ്പള കുടിശ്ശിക ഏത് രീതിയിൽ നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) മഴക്കാല രോഗ പ്രതിരോധപ്രവർത്തനത്തിന് നിയുക്തരായ ഡോക്ടർമാർ ഉൾപ്പെടെയുള്ള താൽക്കാലിക ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

## ത്വക്ക് രോഗാശുപത്രിയുടെ സ്ഥലം

253 (277) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയുടെ ഉടമസ്ഥതയിലുള്ള 110 ഏക്കറോളം വരുന്ന സ്ഥലത്ത് മെഡിസിറ്റി, എയിംസ് പോലുള്ള പ്രധാന ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നും 10 km മാത്രം ദൂരത്തായി നാഷണൽ ഹൈവേയോട് അടുത്തായി, സ്ഥിതിചെയ്യുന്ന പ്രസ്തുത സ്ഥലത്ത് ആരോഗ്യമേഖലയിലെ പ്രധാനപ്പെട്ട ഒരു വികസന പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കൊരട്ടി ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രിയിൽ ആരോഗ്യവകുപ്പിന്റെ മനുഷ്യ വിഭവശേഷി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

## കാരുണ്യ ഫാർമസി

254 (278) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ഫാർമസിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ഫാർമസി സംസ്ഥാനത്ത് ആരംഭിക്കുമ്പോൾ ലക്ഷ്യമിട്ടിരുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; ആയത് എത്രത്തോളം പ്രാവർത്തിക മാക്കുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) 2017-18 സാമ്പത്തിക വർഷം ഏതെല്ലാം ജില്ലകളിൽ കാരുണ്യ ഫാർമസികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കാരുണ്യ ഫാർമസികളിലേക്കുള്ള മരുന്ന് സംഭരണം തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആസ്ഥാന കാര്യാലയത്തിലെ പർച്ചെയ്സ് വിഭാഗത്തിലെ ഡെപ്യൂട്ടി മാനേജരുടെ മേൽനോട്ടത്തിലും കാരുണ്യ ഡിപ്പോകളുടെയും കാരുണ്യ ഫാർമസികളുടെയും ദൈനംദിന പ്രവർത്തനങ്ങളുടെ സൂക്ഷ്മ വിശകലനം സെയിൽസ് വിഭാഗം ഡെപ്യൂട്ടി മാനേജരുടെ മേൽനോട്ടത്തിലുമാണ് നടക്കുന്നത്. മരുന്ന് കമ്പനികൾക്ക് നൽകുന്ന വിതരണ ഉത്തരവിന് അനുസൃതമായി യഥാവിധി മരുന്നുകൾ ഡിപ്പോകളിൽ എത്തിക്കുന്നതും ഡിപ്പോകളിൽനിന്നും ഡിപ്പോകളിലേക്കും, ഡിപ്പോകളിൽനിന്നും ഔട്ട്ലെറ്റുകളിലേക്കുമുള്ള മരുന്നുകളുടെ പുനർവിന്യാസ ക്രമീകരണങ്ങൾ ഏകോപിപ്പിക്കുന്നതിനായി സപ്ലൈ ചെയിൻ മാനേജ്മെന്റ് വിഭാഗവും പ്രവർത്തിക്കുന്നു. ഔട്ട്ലെറ്റിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും സുഗമമായ നടത്തിപ്പിനുമായി ഔട്ട്ലെറ്റ് ഇൻ-ചാർജ്ജുകൾ നിയമിതരായിരിക്കുന്നു. എല്ലാ ത്രൈമാസവും മാനേജിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ആസ്ഥാന കാര്യാലയത്തിലെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരും ഔട്ട്ലെറ്റ് ഇൻ ചാർജ്ജുമാരും യോഗം ചേർന്ന് നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തുകയും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ആവശ്യമായ പുതിയ നയങ്ങളും തിരുത്തൽ നടപടികളും കൈക്കൊള്ളുകയും ചെയ്യുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഇന്റേണൽ ഓഡിറ്റ് വിഭാഗം എല്ലാ ത്രൈമാസവും

നിലവിലെ സ്റ്റോക്കും വിറ്റുവരവും വിശകലനം ചെയ്യുകയും കാലഹരണപ്പെട്ടതും ഉടനെ കാലഹരണപ്പെടുന്നവയുമായ മരുന്നുകളുടെ തിരിച്ചയയ്ക്കലും ടി മരുന്നുകളുടെ വിതരണക്കാരിൽനിന്നും ലഭ്യമാകുന്ന ക്രെഡിറ്റ് നോട്ടുകളുടെ സഫലീകരണവും മറ്റും നിരീക്ഷിക്കുകയും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എല്ലാ സാമ്പത്തിക വർഷവും ഡിപ്പോകളിലും ഔട്ട്ലെറ്റുകളിലും സ്റ്റോക്ക് ഓഡിറ്റ് നടത്തുകയും വ്യതിയാനങ്ങളുണ്ടെങ്കിൽ കണ്ടെത്തി പരിഹാര നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

(ബി) വിപണന വിലയിൽനിന്നും 20-93 ശതമാനം വരെ വിലക്കുറവിൽ എല്ലാ ബ്രാൻഡഡ് മരുന്നുകളും കേരളത്തിലെ പൊതുജനങ്ങൾക്ക് ലഭ്യമാക്കി ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കേരള ജനതയെ രക്ഷിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടിയാണ് കാരുണ്യ ഫാർമസി ആരംഭിച്ചത്. ആയത് പരമാവധി പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി)

| ക്രമ നമ്പർ | ഫാർമസി ആരംഭിക്കുന്ന സ്ഥലം | ജില്ല |
|---|---|---|
| 1 | പാരിപ്പള്ളി മെഡിക്കൽ കോളേജ് | കൊല്ലം |
| 2 | തലശ്ശേരി ജനറൽ ആശുപത്രി | കണ്ണൂർ |
| 3 | വൈക്കം താലൂക്കാശുപത്രി | കോട്ടയം |
| 4 | തൃശ്ശൂർ ജനറൽ ആശുപത്രി | തൃശ്ശൂർ |
| 5 | കൽപ്പറ്റ ജനറൽ ആശുപത്രി | വയനാട് |
| 6 | പത്തനംതിട്ട ജനറൽ ആശുപത്രി | പത്തനംതിട്ട |
| 7 | തളിപ്പറമ്പ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി | കണ്ണൂർ |
| 8 | പാനൂർ താലൂക്കാശുപത്രി | കണ്ണൂർ |
| 9 | മണ്ണാർക്കാട് താലൂക്കാശുപത്രി | പാലക്കാട് |
| 10 | നെടുങ്കോലം താലൂക്കാശുപത്രി | കൊല്ലം |

മേൽപ്പറഞ്ഞയിടങ്ങളിൽ കാരുണ്യ ഫാർമസി തുടങ്ങുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തികവർഷത്തിൽ ഫാർമസി പ്രവർത്തന സജ്ജമാക്കുന്നതിനായി ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു.

## അവയവദാനം

255 (279) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാനം പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) അവയവദാനത്തിന്റെ പേരിൽ ഇപ്പോൾ പല ആശുപത്രികളും കേന്ദ്രീകരിച്ച് വലിയ തട്ടിപ്പ് നടക്കുന്ന എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചില ആശുപത്രികൾ അവയവ കച്ചവട കേന്ദ്രങ്ങളായി മാറുന്ന അവസ്ഥ ഇല്ലാതാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ;

(ഡി) നിലവിൽ ഒരു രോഗിക്ക് മസ്തിഷ്ക്ക മരണം സംഭവിച്ചു എന്ന് സ്ഥിരീകരിക്കാനും മറ്റ് നടപടിക്രമങ്ങൾക്കുമായി എന്തെല്ലാം നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്; വ്യക്തമാക്കുമോ ;

(ഇ) അവയവ കച്ചവട കേന്ദ്രങ്ങളായി മാറുന്ന ആശുപത്രികൾക്കെതിരെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) മസ്തിഷ്ക്ക മരണാനന്തര അവയവദാന പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൻകീഴിൽ കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (KNOS) പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. KNOS-ന്റെ ആഭിമുഖ്യത്തിൽ കേരളത്തിലുടനീളം ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും ശിൽപ്പശാലകളും സംഘടിപ്പിക്കാറുണ്ട്. അവയവദാനത്തിന് താൽപ്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽവച്ച് അവയവദാന സമ്മതപത്ര വിതരണവും നടത്തിവരുന്നു. പ്രശസ്ത സിനിമാതാരം പത്മശ്രീ മോഹൻലാലിനെ മസ്തിഷ്ക്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡറായി നിയമിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ നേത്രദാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുന്നതിനായി 'സുനയനം' എന്ന ടെലി ഓഫ്താൽമോളജി യൂണിറ്റ് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ ഇത്തരത്തിലുള്ള അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതികൾ ലഭിക്കുകയാണെങ്കിൽ അത്തരം ആശുപത്രികൾക്കെതിരെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) മസ്തിഷ്ക മരണം സ്ഥിതീകരിക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 4-2-2012-ലെ സ.ഉ.(എം.എസ്.)36/2012/ആ.കു.വ. പ്രകാരവും 1-2-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 16/2017/ആ.കു.വ. പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) അപ്രകാരമുള്ള പരാതികൾ ലഭിക്കുന്നപക്ഷം ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഡയാലിസിസ് യൂണിറ്റുകൾ

256 (280) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തുറവൂർ താലൂക്ക് ആശുപത്രിയിൽ നടത്തിവരുന്ന 6 ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഡയാലിസിസിൽ പരിചയ സമ്പന്നരായ ഡോക്ടർമാരേയും ടെക്നീഷ്യന്മാരേയും അനുവദിക്കാമെന്ന് അരൂർ എം.എൽ.എ.-ക്ക് നിയമസഭയിൽ സബ്മിഷന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു; ആയത് ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

തുറവൂർ താലൂക്കാശുപത്രിയിലേക്ക് ഡോക്ടർമാരും അനുബന്ധ ജീവനക്കാരുമുൾപ്പെടെ 10 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിച്ചുവരുന്നു.

## മസ്തിഷ്കമരണം സംഭവിച്ചവരുടെ എണ്ണം

257 (281) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ 3 വർഷമായി എത്ര പേർക്ക് മസ്തിഷ്ക മരണം സംഭവിച്ചിട്ടുണ്ടെന്നും ഇതിൽ എത്രപേരുടെ അവയവം ദാനം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ മസ്തിഷ്ക മരണം സംഭവിച്ചവരിൽനിന്ന് എത്രപേർ അവയവം സ്വീകരിച്ചിട്ടുണ്ട്; ജില്ലതിരിച്ച് എണ്ണം ലഭ്യമാക്കുമോ;

(സി) കേരളത്തിൽ മസ്തിഷ്ക മരണം സംഭവിച്ചവരിൽനിന്ന് അവയവം സ്വീകരിച്ചവരിൽ എത്രപേർ ബി.പി.എൽ കുടുംബാംഗങ്ങളാണെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കേരളത്തിൽ കഴിഞ്ഞ 3 വർഷമായി എത്ര പേർക്ക് മസ്തിഷ്ക മരണം സംഭവിച്ചു എന്നതിന്റെ കണക്കുകൾ ലഭ്യമല്ല. നിലവിൽ അവയവദാനവുമായി ബന്ധപ്പെട്ട് മാത്രമേ മസ്തിഷ്ക മരണം സ്ഥിതീകരിക്കുന്നുള്ളൂ. കേരളത്തിൽ ആകെ 254 പേർ മസ്തിഷ്ക മരണാനന്തരം അവയവദാനം ചെയ്തിട്ടുണ്ട്.

(ബി) കേരളത്തിൽ മസ്തിഷ്ക മരണം സംഭവിച്ചവരിൽ 2012 ആഗസ്റ്റ് മുതൽ 2017 ഫെബ്രുവരി വരെ 692 പേർ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയിലൂടെ അവയവം സ്വീകരിച്ചിട്ടുണ്ട്.

1. സൗത്ത് സോൺ -165 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ)
2. നോർത്ത് സോൺ -132 (പാലക്കാട്, വയനാട്, കോഴിക്കോട്, കാസർഗോഡ്, മലപ്പുറം, കണ്ണൂർ)
3. സെൻട്രൽ സോൺ -380 (എറണാകുളം, കോട്ടയം, തൃശ്ശൂർ, ഇടുക്കി) കേരളത്തിന് പുറത്തേക്ക് അലോക്കേറ്റ് ചെയ്ത അവയവങ്ങൾ 14.

(സി) മസ്തിഷ്ക മരണാനന്തര അവയവദാനംവഴി അവയവം സ്വീകരിച്ച സ്വീകർത്താക്കളുടെ വരുമാനം തിരിച്ചുള്ള കണക്ക ലഭ്യമല്ല. അവയവം നൽകുന്നത് KNOS (കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ്)-ൽ പേര് രജിസ്റ്റർ ചെയ്യുന്ന മുൻഗണനാ ക്രമത്തിലും രക്ത ഗ്രൂപ്പ് അനുസരിച്ചുമാണ്.

**കെട്ടിട നിർമ്മാണം**

258 (282) <u>ശ്രീ. എ. എം. ആരിഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശവികസന കോർപ്പറേഷൻ മുഖേന ഫിഷറീസ് വകുപ്പ് വഴി തുറവൂർ താലൂക്ക് ആശുപത്രിക്ക് KIIFB-യിൽ നിന്നും പുതിയ കെട്ടിട-നിർമ്മാണ അനുമതിക്കായി സമർപ്പിച്ച 15 കോടി രൂപയുടെ പ്രൊപ്പോസൽ സംബന്ധിച്ച് ആരോഗ്യവകുപ്പിന് എന്തെങ്കിലും വിവരങ്ങൾ ലഭ്യമാണോ; ഇല്ലെങ്കിൽ ആയത് അന്വേഷിച്ച് അനുമതി തേടുന്നതിന് ആരോഗ്യ വകുപ്പ് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ടി പ്രൊപ്പോസൽ 22-2-2017-ൽ ലഭ്യമായിട്ടുണ്ട്. ആയത് 1237495-ാം നമ്പരായി ആരോഗ്യകുടുംബക്ഷേമ (പി) വകുപ്പിൽ പരിശോധിച്ചുവരുന്നു.

## മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രി

259 (283) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച പശ്ചാത്തല, ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്ന ആശുപത്രികൾക്ക് കേന്ദ്രസർക്കാർ നൽകുന്ന "കായകൽപ്പ" അവാർഡ് നേടിയ പാറശ്ശാല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ അപര്യാപ്തത ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ വിഭാഗങ്ങൾ പുതുതായി ആരംഭിച്ചും അടിസ്ഥാന, പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ചും പാറശ്ശാല താലൂക്കാശുപത്രിയെ ഒരു മാതൃകാ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിസ്ഥാന സൗകര്യവികസനത്തിന് ആവശ്യമായ പ്രൊപ്പോസലുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് നടപടിയെടുക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് താലൂക്കാശുപത്രി തലത്തിലുള്ള ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ ടി സ്ഥാപനത്തിൽ ലഭ്യമാണ്. ടി സ്ഥാപനത്തിന് 6 ഏക്കർ വസ്തുവും വിവിധ സ്ഥാപനങ്ങളിലായി 15 ലധികം കെട്ടിടങ്ങളും ക്യാന്റീനും കുട്ടികളുടെ വാർഡ്, സർജിക്കൽ വാർഡ്, ലേബർ റൂം, പേ വാർഡ് എന്നിവിടങ്ങളിലായി 219 ബെഡ് സൗകര്യവും നിലവിലുണ്ട്.

## അത്യാഹിത വിഭാഗം

260 (284) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറവൂർ താലൂക്കാശുപത്രിയിൽ അത്യാഹിത വിഭാഗം ആരംഭിക്കുവാൻ എന്നാണ് ഉത്തരവിറക്കിയത് ; എന്ന് മുതലാണ് കാഷ്യാലിറ്റി യൂണിറ്റ് പ്രവർത്തിച്ച് തുടങ്ങിയത് ;

(ബി) അത്യാഹിത വിഭാഗത്തിലേക്ക് അനുവദിക്കേണ്ട അനുബന്ധ സ്റ്റാഫിനെ എന്നത്തേക്ക് അനുവദിച്ച് ഉത്തരവാകും; പ്രസ്തുത ഉത്തരവ് വൈകുമെങ്കിൽ എൻ. ആർ. എച്ച്. എം. മുഖേന സ്റ്റാഫിനെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ആശുപത്രിയിൽ ട്രോമാ കെയർ സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) ട്രോമാ കെയർ സംവിധാനം അനുവദിക്കുന്നതിന് എൻ.എച്ച്. 47-ൽ സ്ഥിതി ചെയ്യുന്ന തുറവൂർ താലൂക്കാശുപത്രിക്ക് പ്രഥമ പരിഗണന നൽകുമോ ?

<u>ഉത്തരം</u>

(എ) 17-8-2016-ലെ സ.ഉ(എംഎസ്.)നമ്പർ 170/2016/ആകുവ. എന്ന ഉത്തരവ് പ്രകാരമാണ് കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കുന്നതിനായി 4 സി.എം.ഒ. തസ്തിക സൃഷ്ടിച്ച് ഉത്തരവായത്. 12-1-2017-നാണ് യൂണിറ്റ് പ്രവർത്തിച്ച് തുടങ്ങിയത്.

(ബി) ജില്ലയിലെ ഒരു താലൂക്കാശുപത്രിയിൽ സമഗ്ര വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ തുറവൂർ താലൂക്കാശുപത്രി തെരഞ്ഞെടുത്ത് നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ശിപാർശ ലഭിച്ചിട്ടില്ല.

(ഡി) നൽകുന്നതാണ്.

**നിരക്ക് ഏകീകരണം**

261 (285) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രോഗികളിൽനിന്ന് സ്വകാര്യ ലാബുകൾ അമിത നിരക്ക് ഈടാക്കുന്നത് തടയാൻ നിരക്ക് ഏകീകരണം നടത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നോ;

(ബി) എങ്കിൽ ആയതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നിരക്ക് ഏകീകരിക്കേണ്ടതിന്റെയും സർക്കാർ ലാബുകൾ 24 മണിക്കൂറും പ്രവർത്തിപ്പിക്കേണ്ടതിന്റെയും ആവശ്യകത ഗവൺമെന്റിന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സത്വര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. നിലവിൽ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനനിലവാരം ആവശ്യമായ നിയമംമുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ, 2017-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ. പ്രസ്തുത വിവരം ബഹു. മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചിട്ടുണ്ട്.

(സി&ഡി) സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ സൗജന്യ നിരക്കിൽ 24 മണിക്കൂറും ലബോറട്ടറി സംവിധാനം ലഭ്യമാണ്.

**ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

262 (286) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി അധ്യക്ഷനായ സമിതി എത്ര പ്രാവശ്യം യോഗം ചേർന്നു; അതിലെടുത്ത തീരുമാനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ;

(സി) ക്യാൻസർ സെന്റർ സംബന്ധിച്ച് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; ഇത് സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച 25 ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഇ) സെന്റർ എന്നത്തേക്ക് യാഥാർത്ഥ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഗവേണിംഗ് ബോഡി 25-7-2016-ൽ കൂടുകയുണ്ടായി. ആയതിന്റെ നടപടിക്കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു*. പ്രസ്തുത സ്ഥാപനത്തിന് സഹായം നൽകുന്ന കാര്യത്തിലും സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിലും അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**പശ്ചാത്തല സൗകര്യങ്ങൾ**

263 (287) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ/ മറ്റ് സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ സർക്കാർ താലൂക്കാശുപത്രിയായി ഉയർത്തിയ എറണാകുളം ജില്ലയിലെ പള്ളുരുത്തി താലൂക്കാശുപത്രിയിൽ നിലവിൽ എന്തെല്ലാം സൗകര്യങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പള്ളുരുത്തി താലൂക്കാശുപത്രിയിൽ നിലവിലുള്ള തസ്തികകൾ എന്തെല്ലാമെന്നും ഇവയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തുമ്പോൾ നൂറ് കിടക്കകളോടു കൂടിയ ഐ.പി. സൗകര്യം ഉണ്ടാകേണ്ടതുണ്ട്. ഡോക്ടർമാർ, അനുബന്ധ ജീവനക്കാർ, ഏർപ്പെടുത്തേണ്ട സ്പെഷ്യാലിറ്റി യൂണിറ്റുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പള്ളുരുത്തി താലൂക്കാശുപത്രിയിൽ നിലവിലുള്ള സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ഒ.പി. വിഭാഗം
2. കിടത്തി ചികിത്സ
3. സൗജന്യ മരുന്ന് വിതരണം
4. ലാബ് സൗകര്യം
5. എക്സ്-റേ സൗകര്യം
6. ദന്തരോഗ വിഭാഗം
7. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്
8. ഗൈനക്കോളജി ക്ലിനിക്ക്
9. ജീവിതശൈലീരോഗ നിർണ്ണയ ക്ലിനിക്
10. പാലിയേറ്റിവ് രോഗികൾക്കുള്ള ഒ.പി. സൗകര്യം
11. പാലിയേറ്റീവ് ഹോം കെയർ യൂണിറ്റ്

(സി)

| ക്രമ നമ്പർ | തസ്തിക | അനുവദിച്ചത് | ഒഴിവ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | സൂപ്രണ്ട് | 1 | - |
| 2 | അസി. സർജൻ | 3 | - |
| 3 | ജൂനിയർ കൺസൾട്ടന്റ് | 4 | - |
| 4 | അസിസ്റ്റന്റ് ദന്തൽ സർജൻ | 1 | - |
| 5 | ഫാർമസിസ്റ്റ് | 1 | - |
| 6 | ദന്തൽ ഹൈജീനിസ്റ്റ് | 1 | 1 |
| 7 | ഹെഡ് നഴ്സ് | 2 | 1 |
| 8 | സ്റ്റാഫ് നഴ്സ് | 2 | - |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | നഴ്സിംഗ് അസിസ്റ്റന്റ് | 6 | - |
| 10 | ആശുപത്രി അറ്റൻഡർ ഗ്രേഡ്-1 | 1 | - |
| 11 | ആശുപത്രി അറ്റൻഡർ ഗ്രേഡ്-2 | 4 | 2 |
| 12 | ക്ലാർക്ക് | 1 | - |
| 13 | ആഫീസ് അറ്റൻഡന്റ് | 1 | - |
| 14 | പി.റ്റി.എസ്. | 1 | - |

**ഡയാലിസിസ് യൂണിറ്റ്**

264 (288) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും സജ്ജമാക്കിയതിനുശേഷം യൂണിറ്റ് തുടങ്ങുന്നതാണ്.

**ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് നടപടി**

265 (289) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്കാശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ വർഷം പ്ലാൻ പദ്ധതിയിൽ (2016-17) ഉൾപ്പെടുത്തി താലൂക്കാശുപത്രി വർക്കലയിൽ 10 കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ പദ്ധതിയുണ്ട്. തിരുവനന്തപുരം, ഫോർട്ട് താലൂക്കാശുപത്രിയിൽ തുടങ്ങിയ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനസജ്ജമാക്കാനുള്ള പദ്ധതിയും 2016-17-ലുണ്ട്. സർക്കാരിന്റെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 44 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാനുള്ള പദ്ധതിയുണ്ട്.

(ബി) പഴയങ്ങാടി താലൂക്കാശുപത്രിയെ സർക്കാരിന്റെ മാന്ദ്യവിരുദ്ധ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ക്യാൻസർ രോഗനിർണ്ണയ കേന്ദ്രങ്ങൾ**

266 (290) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ രോഗം മുൻകൂട്ടി കണ്ടുപിടിക്കാൻ താലൂക്ക് കേന്ദ്രങ്ങളിൽ രോഗനിർണ്ണയ സെല്ലുകൾ ആരംഭിക്കാൻ പദ്ധതി തയ്യാറാക്കുമോ:

(ബി) നിലവിൽ ഇത്തരം രോഗനിർണ്ണയ സെല്ലുകൾ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ സർക്കാർ തലത്തിൽ ലഭ്യമാക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജില്ലാ ക്യാൻസർ കെയർ സെന്റർ. ഈ പദ്ധതിപ്രകാരം എല്ലാ ജില്ലയിലും ഓരോ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഫണ്ട് അനുവദിക്കുകയും ഡോക്ടർമാർക്കും സ്റ്റാഫ് നഴ്സുമാർക്കും ആർ.സി.സി.-യിൽ പരിശീലനം നൽകി വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ കീമോ തെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ രീതികളും രോഗ നിർണ്ണയ സംവിധാനങ്ങളും സജ്ജമാക്കിയിട്ടുണ്ട്. ഇത് താലൂക്കാശുപത്രി ഉൾപ്പെടെയുള്ള മറ്റ് ആശുപത്രികളിലേക്കും വിന്യസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജില്ലാ ക്യാൻസർ കെയർ സെന്ററുകൾ അനുവദിച്ചിട്ടുള്ളതും പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പുനലൂർ താലൂക്കാശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, കോഴഞ്ചേരി ജില്ലാ ആശുപത്രി (ആർ.സി.സി. നേരിട്ട് നടത്തുന്നത്), ആലപ്പുഴ ജനറൽ ആശുപത്രി, മാവേലിക്കര ജില്ലാ ആശുപത്രി, തൊടുപുഴ താലൂക്കാശുപത്രി, കോട്ടയം ജില്ലാ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, പറവൂർ ജില്ലാ ആശുപത്രി (ഈ വർഷം ആരംഭിക്കുന്നത്), തൃശ്ശൂർ ജില്ലാ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, തിരൂർ ജില്ലാ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, കാസർഗോഡ് ജില്ലാ ആശുപത്രി (ഡോക്ടറുടെ പരിശീലനം കഴിയുമ്പോൾ പുനരാരംഭിക്കുന്നതാണ്), നല്ലൂർനാട് ട്രൈബൽ ആശുപത്രി വയനാട്.

ആർ.സി.സി.-യുടെ കീഴിൽ ഉപകേന്ദ്രങ്ങളായ എറണാകുളം ജില്ലയിലെ കലൂരും, പാലക്കാട് ജില്ലയിലെ കഞ്ചിക്കോടും മുൻകൂർ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കണ്ണൂർ, കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി. നൽകിവരുന്നു.

**ഡോക്ടർമാരുടെ നിയമനം**

267 (291) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ സർക്കാർ ആശുപത്രിയിൽ ഡോക്ടർമാരെ നിയമിക്കണമെന്നാവശ്യപ്പെട്ട് കത്ത് ലഭിച്ചിരുന്നുവോ ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരുടെ അഭാവം മൂലം ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) നിലവിൽ ഒഴിവുള്ള തസ്തികകൾ എത്രയെന്നും താലൂക്കാശുപത്രി എന്ന നിലയിൽ ആവശ്യമുള്ള ഡോക്ടർമാരുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) HRMP No.6584/15, HRMP No.8087/16/EKM പ്രകാരം ശ്രീ. ശിവദാസ് എൻ. ജി. യുടെ പരാതി കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുഖാന്തരം ലഭിച്ചിരുന്നു. സർക്കാർ ആശുപത്രികളുടെ സ്റ്റാഫ് ഘടനയും മറ്റും വിശദമായി പഠിച്ച് ആയതിൽ സ്റ്റാന്റേർഡൈസേഷൻ കൊണ്ടുവരുന്നതിനുള്ള ആലോചന സർക്കാർ നടത്തി വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ ആശുപത്രിയിൽ നിലവിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ ഡോക്ടർമാരുടെ ഒഴിവുകളില്ല. താലൂക്കാശുപത്രികളിലെ അനുവദിക്കപ്പെടേണ്ട തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ജീവിതശൈലീ രോഗങ്ങൾ**

268 (292) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ ജില്ലാ ആശുപത്രികളിലുൾപ്പെടെ ലഭ്യമല്ലെന്നുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വാർത്ത ശരിയെങ്കിൽ ജീവൻ രക്ഷാ മരുന്നുകൾ അടിയന്തരമായി ആശുപത്രികളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഇത്തരം വീഴ്ച സംഭവിക്കാനിടയായ സാഹചര്യം പരിശോധിച്ച് വരും കാലങ്ങളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം, പക്ഷാഘാതം, ക്യാൻസർ തുടങ്ങിയ രോഗങ്ങളുടെ ചികിത്സയ്ക്ക് വിവിധതരം മരുന്നുകളാണ് ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലൂടെ നൽകിവരുന്നത്. ഓരോ രോഗത്തിനും വിവിധ തരത്തിലുള്ള മരുന്ന് ലഭ്യമായിരുന്ന ആശുപത്രികളിൽ ചില മരുന്നുകൾക്ക് ഏതാനും ചില ജില്ലകളിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദൗർലഭ്യം ഉണ്ടായിരുന്നെങ്കിലും പൂർണ്ണമായി ഇവ ലഭ്യമാകുന്നില്ലെന്ന വാർത്ത വസ്തുതാവിരുദ്ധമാണ്. ഇൻഡന്റ് ചെയ്യുന്നതിനെക്കാളും കൂടുതൽ രോഗികൾ ആശുപത്രിയിൽ എത്തുമ്പോൾ ചില മരുന്നുകൾ പെട്ടെന്ന് ഉപയോഗിക്കപ്പെടുന്നത് ക്ഷാമത്തിന് കാരണമാകുകയും ചെയ്യുന്നുണ്ട്. അതുപോലെ ഇൻഡന്റ് ചെയ്തതിനേക്കാൾ കുറവ് മരുന്നുകൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് ലഭിച്ചാലും മരുന്ന് ക്ഷാമത്തിന് ഇടയാകാറുണ്ട്. ഓരോ ജില്ലയിലേയും മരുന്നുകളുടെ ലഭ്യതയെക്കുറിച്ച് ആരോഗ്യവകുപ്പ് നേരിട്ട് വിലയിരുത്തി ഈ വിഷയത്തിൽ പരിഹാരം കാണുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കുന്ന രോഗികൾ അവിടെനിന്നുള്ള ഡോക്ടറുടെ കുറിപ്പടിയുമായി സർക്കാർ സ്ഥാപനങ്ങളിൽ വരികയും ആ മരുന്നുകൾ തന്നെ ആവശ്യപ്പെടുന്നതുമായ സാഹചര്യങ്ങളുണ്ട്. പകരം കൊടുക്കാവുന്ന മരുന്നുകൾ ഉണ്ടെങ്കിൽപോലും രോഗികൾ അത് വാങ്ങുന്നതിന് തയ്യാറാകാത്ത സാഹചര്യമുണ്ട്. ഇതും മരുന്നില്ലാ എന്ന രീതിയിൽ റിപ്പോർട്ട് ചെയ്യുന്നു.

(ബി) ജീവൻരക്ഷാ മരുന്നുകളായി മുദ്രണം ചെയ്ത മരുന്നുകൾക്ക് ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാ സർക്കാർ ആശുപത്രികളിലും ജീവൻ രക്ഷാ മരുന്നുകൾ തടസ്സരഹിതമായി സ്റ്റോക്ക് ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതും മറിച്ചുള്ള ഒരു അനുഭവം ഇതുവരെ ജില്ലകളിൽനിന്ന് ലഭിച്ചിട്ടില്ലാത്തതുമാണ്.

(സി) ഇൻഡന്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് എല്ലാ ജില്ലകൾക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. രോഗികളുടെ എണ്ണത്തിന് ആനുപാതികമായ മരുന്നുകൾ ഇൻഡന്റ് ചെയ്തില്ലെങ്കിൽ വിതരണത്തിൽ കുറവുണ്ടാകുകയും ക്ഷാമത്തിന് കാരണമാകുകയും ചെയ്യുന്നു. അതുപോലെ ഇൻഡന്റ് ചെയ്ത മരുന്നുകൾ യഥാസമയം അതേ അനുപാതത്തിൽ വിതരണം ചെയ്യാതിരുന്നാലും മരുന്നുക്ഷാമം ഉണ്ടാകാവുന്നതുമാണ്. ഇത് പരിഹരിക്കുന്നതിനുള്ള കരുതൽ നടപടികൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി കൂടിയാലോചിച്ച് നടപ്പിലാക്കിവരുന്നു. ഉപയോഗം കുറവുള്ള സ്ഥലത്തുനിന്നും ദൗർലഭ്യമുള്ള സ്ഥലങ്ങളിലേക്ക് മരുന്നുകൾ പുനർവിതരണം ചെയ്യുന്നതിലൂടെയും മറ്റ് തനത് ഫണ്ടുകൾ ഉപയോഗിച്ച് മരുന്നുകൾ വാങ്ങുന്നതിലൂടെയും ഇത് ഏറെക്കുറെ പരിഹരിക്കാവുന്നതാണ്. ഇതിനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് നൽകിയിട്ടുണ്ട്.

**പ്രാഥമികാരോഗ്യകേന്ദ്രം**

269 (293) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ സാധാരണക്കാരും മത്സ്യത്തൊഴിലാളികളും ആശ്രയിക്കുന്ന മാട്ടൂൽ പ്രാഥമികാരോഗ്യകേന്ദ്രം സാമൂഹികാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിനും അവിടെ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

വിവിധ വിഭാഗം ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനേക്കാളും നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജില്ല, താലൂക്ക്, ബ്ലോക്ക്, പഞ്ചായത്തുതല ആരോഗ്യസ്ഥാപനങ്ങളിൽ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നടപടിക്രമമാണ് ഇപ്പോൾ പരിഗണിച്ചുവരുന്നത്.

**താലൂക്കാശുപത്രിയായി ഉയർത്തൽ**

270 (294) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല നിയോജക മണ്ഡലത്തിലെ ചാലിശ്ശേരി സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ, താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ മുൻസർക്കാരിന്റെ കാലത്ത് സൃഷ്ടിച്ച അധിക തസ്തികകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടില്ല. ചാലിശ്ശേരി സി.എച്ച്.സി.-യിൽനിന്നും 10 കിലോമീറ്റർ ദൂരം മാത്രമേ പട്ടാമ്പി താലൂക്കാശുപത്രിയിലേക്കുള്ളൂ.

(ബി) പ്രസ്തുത ആശുപത്രിയിൽ മുൻസർക്കാരിന്റെ കാലത്ത് അധിക തസ്തികകൾ ഒന്നുംതന്നെ സൃഷ്ടിച്ചിട്ടില്ല.

**പി.എച്ച്.സി.-യുടെ ശോച്യാവസ്ഥ**

271 (295) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ അതൃക്കാട് പി.എച്ച്.സി.-യുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അതൃക്കാട് പി.എച്ച്.സി.-യിൽ നിലവിലുള്ള ജീവനക്കാരുടെ ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകാമോ; ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലക്കിടി പേരൂർ പഞ്ചായത്ത് അറ്റകുറ്റപ്പണികൾ ആരംഭിക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്ഥാപനത്തിൽ നിലവിലുള്ള ഫാർമസിസ്റ്റിന്റെ ഒഴിവ് നികത്തുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഹീമോഫീലിയ രോഗം**

272 (296) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ രോഗ ചികിത്സക്കുള്ള സൗകര്യങ്ങൾ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽപ്പോലും ലഭ്യമാവുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത രോഗ ബാധിതർ എത്രപേരുണ്ടെന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ വിവരശേഖരണം നടത്തുമോയെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ രോഗംമൂലം എത്ര പേർ മരണമടഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ഹീമോഫീലിയ രോഗികൾക്ക് ആവശ്യമായ എല്ലാ ചികിത്സയും നൽകുന്നുണ്ട്. രക്തസ്രാവമുള്ള രോഗികൾക്ക് ഫാക്ടർ-8 നൽകുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ ഹീമോഫീലിയ രോഗ ബാധിതരിൽ കാരുണ്യ ബെനവലന്റ് സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1250 രോഗികൾക്ക് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിവഴി സൗജന്യമായി ഹീമോഫീലിയ രോഗത്തിനുള്ള മരുന്നുകൾ ലഭ്യമാക്കി വിതരണം ചെയ്യുന്നുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ അവശ്യമരുന്ന് പട്ടികയിൽപ്പെടുത്തി ടി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ ഏകോപിപ്പിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ ഹീമോഫീലിയ രോഗ ബാധിതരിൽ 1250 പേർ കാരുണ്യ ബെനവലന്റ് സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ 2014 ഫെബ്രുവരി മുതൽ 2017 ഫെബ്രുവരി വരെ ആലുവ ജില്ലാ ആശുപത്രിയിൽ 730 പേരും കണ്ണൂർ ജില്ലാ ആശുപത്രിയിൽ 100 പേരും ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ 130 പേരും ചികിത്സ തേടിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ രോഗംമൂലം 9 പേർ മരണമടഞ്ഞിട്ടുണ്ട്.

**ഓപ്പറേഷൻ സാഗർ റാണി പദ്ധതി**

273 (297) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യങ്ങൾ കേടാകാതിരിക്കാൻ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിന് ഓപ്പറേഷൻ സാഗർ റാണി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മീനുകളിൽ ചേർത്തിരിക്കുന്ന രാസപദാർത്ഥങ്ങൾ കണ്ടുപിടിക്കുന്നതിന് നിലവിൽ എന്തെല്ലാം പരിശോധനകളാണ് നടത്തുന്നത്;

(സി) ഇപ്രകാരം രാസവസ്തുക്കൾ ഉപയോഗിക്കുന്നതു മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് മത്സ്യബന്ധന തൊഴിലാളികൾ, മത്സ്യവ്യാപാരികൾ എന്നിവർക്ക് ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച് ഉപഭോക്താക്കൾക്കായി ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുമോ?

ഉത്തരം

(എ) മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിന് സംസ്ഥാനത്ത് ഓപ്പറേഷൻ സാഗർ റാണി പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു.

2016 ഡിസംബർ മാസം മുതൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ടത്തിൽ കേരളത്തിലെ വിവിധ മത്സ്യബന്ധന തുറമുഖങ്ങളിൽനിന്നും മൊത്ത വിപണന കേന്ദ്രങ്ങളിൽനിന്നും ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ നിന്നുമായി വിവിധ ഇനം മത്സ്യങ്ങളുടെയും മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഉപയോഗിക്കുന്ന ഐസിന്റെയും 490 സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്. ടി സാമ്പിളുകൾ എറണാകുളത്തുള്ള Central Institute of Fisheries Technology (CIFT), ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി എന്നിവിടങ്ങളിൽ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്.

(ബി) മത്സ്യത്തിൽ ഫോർമാലിൻ, അമോണിയ, സോഡിയം ബെൻസോയേറ്റ് എന്നിവയുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിനായുള്ള കെമിക്കൽ, മൈക്രോബയോളജിക്കൽ രാസ പരിശോധനകളാണ് നടത്തുന്നത്.

(സി) ഓപ്പറേഷൻ സാഗർ റാണിയുടെ രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും മത്സ്യബന്ധന തൊഴിലാളികൾ, മത്സ്യ വ്യാപാരികൾ എന്നിവർക്ക് പ്രത്യേകമായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ പൊതുജനങ്ങൾക്കും മത്സ്യമേഖലകളിൽ പ്രവർത്തിക്കുന്നവർക്കുംവേണ്ടി ലഘുലേഖകൾ നിർമ്മിച്ചു നൽകിവരുന്നു. ഇതിന്റെ ഭാഗമായി ഓരോ ജില്ലയിലും മൂന്ന് ബോധവൽക്കരണ ക്ലാസ്സുകൾവീതം സംഘടിപ്പിച്ചു.

(ഡി) ഈ വിഷയത്തിൽ ഓരോ ജില്ലയിലും മൂന്ന് വീതം ആകെ 42 ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. ഇതിൽ കുടുംബശ്രീ പ്രവർത്തകരെയും റസിഡൻസ് അസോസിയേഷൻ പ്രവർത്തകരെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ആയുർവ്വേദ ആശുപത്രി**

274 (298) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ആയുർവ്വേദ ആശുപത്രി മുപ്പത് കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്തുന്ന നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ; അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം ആയുർവ്വേദ ആശുപത്രി 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസറിൽനിന്ന് ലഭ്യമായ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) 20 കിടക്കകളുള്ള ടി ആശുപത്രിയിൽ നിലവിൽ 10 കിടക്കകൾ ആയുർവേദ ചികിത്സയ്ക്കും 10 കിടക്കകൾ പ്രകൃതി ചികിത്സാ യൂണിറ്റിനും അനുവദിച്ചിട്ടുണ്ട്. കൂടാതെ പഞ്ചകർമ്മ യൂണിറ്റ് പ്രത്യേകമായി ആരംഭിച്ചിട്ടുണ്ട്. മുൻ എം.എൽ.എ. ശ്രീ. എം. ഹംസയുടെ ആസ്തി വികസന ഫണ്ടിൽനിന്ന് ഒരു കോടി രൂപ ചെലവിൽ കെട്ടിട നിർമ്മാണം നടന്നുവരുന്നു. കൂടാതെ ടി എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് 50 ലക്ഷം രൂപകൂടി അനുവദിച്ചിട്ടുണ്ട്.

## ഡയാലിസിസ് യൂണിറ്റുകൾ

275 (299) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ അനുവദിച്ച ഡയാലിസിസ് യൂണിറ്റുകൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം തീർത്തുമില്ലാത്ത പ്രസ്തുത ജില്ലയിൽ ജനറൽ/ജില്ലാ ആശുപത്രികളിൽ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

കാസർഗോഡ് ജനറൽ ആശുപത്രിയിൽ 2013 നവംബർ മുതൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഈ മാസം അവസാനവാരത്തോടുകൂടി പ്രവർത്തനം ആരംഭിക്കും. ഡോക്ടർമാർക്കും സ്റ്റാഫിനും പരിശീലനം നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

സിവിൽ വർക്കിനായി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. സ്ഥലം സന്ദർശിക്കുകയും ആശുപത്രി വികസന സമിതിയുടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. സ്ഥലം ആവശ്യപ്പെടുന്ന മുറയ്ക്ക് വിട്ടുകൊടുക്കുന്നതാണ്. സി.സി.യു. ഒരുക്കുന്നതിനുവേണ്ട സജ്ജീകരണത്തിന് സീമെൻസ് കമ്പനിക്ക് കെ.എം.എസ്.സി.എൽ. ടെണ്ടർ നൽകിയിട്ടുണ്ട്.

സർക്കാരിന്റെ പരിഗണനയിലുള്ള സംസ്ഥാനത്തെ വിവിധ ജില്ല/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങളായ കാർഡിയോളജി യൂണിറ്റ്, നെഫ്രോളജി യൂണിറ്റ്, ന്യൂറോളജി യൂണിറ്റ് എന്നിവ തുടങ്ങുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ കാസർഗോഡ് ജില്ലയിലെ ജില്ലാ ആശുപത്രി, കാഞ്ഞങ്ങാടും ഉൾപ്പെട്ടിട്ടുണ്ട്.

## പി.എച്ച്. സി., സി.എച്ച്.സി.-കൾ

276 (300) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ പി.എച്ച്.സി., സി.എച്ച്.സി. എന്നിവ ഏതെല്ലാമാണെന്നും ഇവിടത്തെ ജീവനക്കാരുടെ ഘടനയെ സംബന്ധിച്ചുമുള്ള വിവരവും ലഭ്യമാക്കുമോ?

ഉത്തരം

കാട്ടാക്കട നിയോജകമണ്ഡലത്തിൽ മാറനല്ലൂർ, വിളവൂർക്കൽ, പള്ളിച്ചൽ, കാട്ടാക്കട (പുതിയത്), ആമച്ചൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും വിളപ്പിൽ, മലയിൻകീഴ് എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളും ആണുള്ളത്.

ജീവനക്കാരുടെ ഘടന അനുബന്ധമായി ചേർക്കുന്നു.*

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

277 (301) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രിയായി ഉയർത്തിയ ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യമായ മെഡിക്കൽ-പാരാ മെഡിക്കൽ തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ? ഇല്ലെങ്കിൽ ആയതിന് എന്താണ് തടസ്സമെന്ന് വെളിപ്പെടുത്തുമോ ;

(സി) നിലവിൽ ഈ ആശുപത്രിയിൽ ഏതൊക്കെ തസ്തികകളിൽ സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) ആർദ്രം മാനദണ്ഡം അനുസരിച്ച് ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സമാഹൃത പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാഷ്വാലിറ്റി സേവനം

278 (302) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിപ്പുറം സർക്കാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കാഷ്വാലിറ്റി സേവനം ആരംഭിക്കുന്നത് സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

(ബി) കാഷ്വാലിറ്റി പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) മാലിപ്പുറം സി.എച്ച്.സി.-യിൽ കാഷ്വാലിറ്റി സേവനം ലഭ്യമാക്കുന്നതിന് അപേക്ഷ നിലവിൽ ലഭിച്ചിട്ടില്ല. നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് താലൂക്ക് ആശുപത്രി മുതലുള്ള മേജർ ആരോഗ്യ സ്ഥാപനങ്ങളിലാണ് കാഷ്വാലിറ്റി സേവനം അനുവദിച്ചിട്ടുള്ളത്.

## സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്

279 (303) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്തുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായ എന്തെല്ലാം മാറ്റങ്ങളാണ് ഇപ്പോഴുണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (SID)-ന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി എസ്.ഐ.ഡി. ഇംപ്ലിമെന്റേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. ഈ കമ്മിറ്റിയിൽ സാമൂഹ്യനീതി, ആരോഗ്യ, വിദ്യാഭ്യാസ വകുപ്പ് അദ്ധ്യക്ഷന്മാരും ധനവകുപ്പിന്റെ പ്രതിനിധിയും അംഗങ്ങളാണ്. എസ്.ഐ.ഡി.യുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നുള്ളതാണ് കമ്മിറ്റിയുടെ ഉദ്ദേശ്യം. കൃത്യമായ ഇടവേളകളിൽ ഈ കമ്മിറ്റി യോഗം ചേർന്ന് എസ്.ഐ.ഡി.-യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതികൾകൂടി ഉൾപ്പെടുത്തി വൈകല്യമുള്ള വ്യക്തികളുടെ അവകാശം സംരക്ഷിച്ചുകൊണ്ട് വൈകല്യങ്ങൾ പ്രതിരോധിക്കുന്നതു മുതൽ പുനരധിവാസം വരെയുള്ള ഒരു സമഗ്ര ജീവചക്ര സമീപനമാണ് എസ്.ഐ.ഡി. 2017-18 മുതൽ അംഗപരിമിത മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ Rights of Persons With Disabilities 2016 ആക്ടിന്റെ കീഴിൽ വരുന്ന വൈകല്യങ്ങൾകൂടി ഉൾപ്പെടുത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്ന പദ്ധതികളാണ് ലക്ഷ്യമിടുന്നത്.

## സർക്കാർ ആശുപത്രികൾ

280 (304) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതിയിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ പ്രാക്തന, ഗോത്ര, ആദിവാസി ജനവിഭാഗങ്ങൾ ഗണ്യമായി ആശ്രയിക്കുന്ന കരുളായി പി.എച്ച്.സി.-യെ കൂടി ഉൾപ്പെടുത്താനാകുമോ ;

(ബി) നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതൊക്കെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടത്തുന്നുണ്ട് ; സ്ഥിരം ഡോക്ടർമാരില്ലാതെ ഏതൊക്കെ പി.എച്ച്.സി.-കളാണ് പ്രവർത്തിക്കുന്നത് ;

(സി) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ മെഡിക്കൽ സൂപ്രണ്ടിനും ഡോക്ടർമാർക്കുമെതിരായി ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഏതുതരം നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തുന്ന പരിപാടിയുടെ ആദ്യഘട്ടമായി ഒരു ബ്ലോക്ക്/അസംബ്ലി മണ്ഡലത്തിൽ ഒരു പി.എച്ച്.സി. വീതമാണ് തെരെഞ്ഞെടുത്തിരിക്കുന്നത്. പി.എച്ച്.സി. കരുളായി ഇതിൽ ഉൾപ്പെട്ടിട്ടില്ല.

നിലവിൽ അംഗീകരിച്ച ആർദ്രം പദ്ധതിയിൽ പട്ടികവർഗ്ഗ മേഖലകളിലേക്കുള്ള പ്രത്യേക പ്രോഗ്രാമുകൾ ഉൾപ്പെടുത്തിയിട്ടില്ല. ഇതിനായി ഒരു പ്രത്യേക പ്രോജക്ട് തയ്യാറാക്കി ആർദ്രം മിഷനിൽ ഉൾപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) നിലമ്പൂർ നിയോജക മണ്ഡലത്തിൽ വഴിക്കടവ്, പോത്തുകല്ല് എന്നീ 24 x 7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടത്തുന്നുണ്ട്. നിലമ്പൂർ നിയോജക മണ്ഡലത്തിൽ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സ്ഥിരം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(സി) ആശുപത്രി സൂപ്രണ്ട് ഡോ. സിമാമു. പി.യും ഒഫ്ത്താൽമോളജി ജൂനിയർ കൺസൾട്ടന്റ് ഡോ. ജലാൽ പി. എം.-ഉം നാട്ടുകാരുടെയും രോഗികളുടെയും മുമ്പിൽ വച്ച് പരസ്പരം വഴക്കിടുകയും കയ്യേറ്റമുണ്ടാവുകയും ചെയ്തതായും രണ്ടുപേരും പ്രത്യേകം പരാതികൾ പോലീസിനെ അറിയിച്ച് രണ്ട് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ട് ഡോക്ടർമാരുടെയും മേൽ പ്രവർത്തികൾ ഗുരുതര അച്ചടക്ക ലംഘനം ആയതിനാൽ അവർക്കെതിരെ കടുത്ത അച്ചടക്കനടപടി സ്വീകരിക്കാൻ 22-2-2017-ലെ ഇ.സി. 5/6726/17 കത്തുപ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

**രോഗ നിർണ്ണയ കേന്ദ്രങ്ങൾ**

281 (305) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദമാക്കുമോ;

(ബി) ആരംഭത്തിൽ തന്നെ കണ്ടുപിടിച്ചാൽ ഇവയിൽ ഭൂരിഭാഗവും ചികിത്സിച്ച് ഭേദപ്പെടുത്താൻ കഴിയുമെന്നിരിക്കെ രോഗം ഉണ്ടോ എന്ന പരിശോധനക്കായുള്ള കേന്ദ്രങ്ങൾ എല്ലാ താലൂക്കിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പൊതുജനങ്ങൾക്ക് ഇത്തരം കേന്ദ്രങ്ങളെ സംബന്ധിച്ചും പരിശോധനകളെ സംബന്ധിച്ചും അറിവ് ലഭിക്കുന്നതിലേക്കായി ഫലപ്രദമായ ബോധവത്കരണ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് ക്യാൻസർ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ രോഗബാധിതരുടെ എണ്ണത്തിന് ആനുപാതികമായി സർക്കാർ തലത്തിൽ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളുടെ ദൗർലഭ്യത്തിന് പരിഹാരമായി സംസ്ഥാന ആരോഗ്യ വകുപ്പ് ജില്ലകളിൽ ക്യാൻസർ ചികിത്സാ കെയർ പദ്ധതി

ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 12 ജില്ലകളിലായി 16 ആശുപത്രികളിൽ ഈ പദ്ധതി നിലവിലുണ്ട്. ക്യാൻസർ സ്പെഷ്യലിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ ക്യാൻസർ രോഗ നിർണ്ണയ പരിശീലനം നൽകി വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 16000 -ൽപ്പരം കീമോതൊറാപ്പി ഈ സെന്ററുകളിലൂടെ നൽകുന്നതിനും 1500-ൽപ്പരം പുതിയ രോഗികളെ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിനുപുറമേ എല്ലാ ജില്ലയിലും ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനും ക്യാൻസർ ബോധവൽക്കരണം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന മെഡിക്കൽ കോളേജുകളിൽ ക്യാൻസർ രോഗമുണ്ടോ എന്ന സംശയത്താൽ വരുന്ന രോഗികളെ എഫ്.എൻ.എ.സി, മാമോഗ്രാം, പാപ്സ്മിയർ എന്നീ പ്രാരംഭ പരിശോധനകൾക്ക് വിധേയമാക്കി രോഗം കണ്ടുപിടിച്ചാൽ ചികിത്സ നൽകുന്നതാണ്. താലൂക്കാശുപത്രികളുമായി ബന്ധപ്പെട്ട് ക്യാൻസർ ബോധവൽക്കരണ ക്യാമ്പുകളും ക്ലാസുകളും നടത്തിവരുന്നു.

ക്യാൻസർ ബാധിച്ച രോഗികളെ ചികിത്സിക്കുന്നതിനായി അതിനൂതനമായ ചികിത്സാ സംവിധാനങ്ങൾ ആർ.സി.സി.-യിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ക്യാൻസർ ഗവേഷണത്തിനും നമ്മുടെ നാടിന് യോജിച്ചതായ ക്യാൻസർ നിയന്ത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനും ആർ.സി.സി. മുൻഗണന നൽകിയിട്ടുണ്ട്. ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളായ എറണാകുളം ജില്ലയിലെ കലൂരും പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടും മുൻകൂർ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കണ്ണൂർ, കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി. നൽകിവരുന്നു. വിവിധ സംഘടനകളുമായി ചേർന്ന് മുൻകൂർ ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പുകളും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

ആരോഗ്യ വകുപ്പിന് കീഴിൽ അർബുദ പരിശോധന സംവിധാനം പുനലൂർ താലൂക്കാശുപത്രിയിലും നല്ലൂർനാട് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും നിലവിൽ ലഭ്യമാണ്. ഇത് കൂടുതൽ താലൂക്കാശുപത്രിയിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബോധവൽക്കരണ പരിപാടികൾക്കായി എല്ലാ സാമ്പത്തിക വർഷവും ആരോഗ്യവകുപ്പ് ഫണ്ട് വകയിരുത്താറുണ്ട്. സ്കൂൾ തലത്തിലും കോളേജ് തലത്തിലും ക്യാൻസർ രോഗത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. വിവിധതരം ക്യാൻസർ രോഗങ്ങളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും നല്ലതായ ജീവിതശൈലി അവലംബിക്കുന്നതിനുള്ള ബോധവൽക്കരണവും ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മുൻകയ്യെടുത്ത് നടത്തിവരുന്നു. ക്യാൻസർ ബോധവൽക്കരണത്തിന് നേതൃപാടവമുള്ള സാമൂഹ്യ ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകി അവരുടെ മേഖലകളിൽ ക്യാൻസർ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ആർ.സി.സി.-യുടെ നേതൃത്വത്തിൽ മറ്റ് സംഘടനകളുമായി ചേർന്ന് ക്യാൻസർ ബോധവൽക്കരണ പരിപാടികൾ വിവിധ ജില്ലകളിൽ നടത്തിവരുന്നു. ഇതിൽ സ്കൂൾ തലത്തിൽ പുകയിലയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ, ഉൾനാടൻ ഗ്രാമങ്ങളിലും കടലോര പ്രദേശങ്ങളിലും നടത്തുന്ന പരിപാടികൾ എന്നിവയും ഉൾപ്പെടും. സ്തനാർബുദ ബോധവൽക്കരണ മാസമായ ഒക്ടോബർ മാസത്തിൽ പരമാവധി ബോധവൽക്കരണ ക്ലാസ്സുകളും പരിശീലന പദ്ധതികളും ആർ.സി.സി. സംഘടിപ്പിക്കാറുണ്ട്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന റേഡിയോ തെറാപ്പി വിഭാഗങ്ങളെ അർബുദ ചികിത്സയ്ക്കുള്ള ഒരു സമഗ്ര കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പതോളജി വിഭാഗങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 105 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**ട്രോമാ കെയർ സംവിധാനം**

282 (306) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ട്രോമാ കെയർ സംവിധാനം ആരംഭിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഇത് സംബന്ധിച്ച പ്രൊപ്പോസൽ ഉചിതമാർഗ്ഗേന ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ആശുപത്രിക്ക് അനുവദിച്ച കാരുണ്യ ഡയാലിസിസ് യൂണിറ്റ് നാളിതുവരെയും ആരംഭിക്കാത്തതിന്റെ കാരണം എന്താണ് ; പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ട്രോമാ കെയർ കെട്ടിട നിർമ്മാണം 17-7-2015-ന് പൂർത്തിയാക്കുകയും ട്രോമാ കെയർ സേവനം നൽകുന്നതിനാവശ്യമായ ഉപകരണങ്ങൾ ലഭിക്കുന്നതിനു വേണ്ടി പ്രൊപ്പോസൽ ലഭിച്ചിട്ടുമുണ്ട്. ആരോഗ്യ വകുപ്പിലെ എമർജൻസി മെഡിക്കൽ കെയർ വിഭാഗം ശക്തിപ്പെടുത്തുന്നതിലേക്കായി 19-10-2016-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.)നമ്പർ 2809/2016/H&FWD പ്രകാരം കൊട്ടാരക്കര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് 88,15,092 രൂപ നൽകി. ട്രോമാ കെയർ ഉപകരണങ്ങൾ വാങ്ങുന്നതിനായി ടി തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.

ട്രോമാ കെയർ സൗകര്യത്തിന് ഉൾപ്പെടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടില്ല.

(ബി) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ സ്ഥാപിക്കുവാൻ വേണ്ടി വിശദമായ എസ്റ്റിമേറ്റ് എടുത്തിരുന്നുവെങ്കിലും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും തുടർന്നുള്ള പ്രവർത്തനാനുമതിയും ഫണ്ടും ലഭിക്കാത്തതിനാൽ പദ്ധതി നടപ്പാക്കാനായില്ല. എന്നാൽ ഇപ്പോൾ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 44 സർക്കാർ ആശുപത്രികളിൽ സ്ഥാപിക്കുന്ന ഡയാലിസിസ് സെന്റർ പദ്ധതിയിൽ കൊട്ടാരക്കര താലൂക്ക് ആശുപത്രിയെയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനം പൂർത്തിയായതിനുശേഷം ഉപകരണങ്ങളും അനുബന്ധ സംവിധാനങ്ങളും സ്ഥാപിച്ച് ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

**വേനൽക്കാല രോഗങ്ങൾ**

283 (307) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാല രോഗങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിർജ്ജലീകരണം, ലവണ നഷ്ടം എന്നിവയാലുള്ള രോഗങ്ങൾ തടയാൻ എന്തൊക്കെ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വേനൽക്കാല രോഗങ്ങളെയും മുൻകരുതലുകളെയും സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) വേനൽക്കാലത്ത് ഉണ്ടാകാൻ സാദ്ധ്യതയുള്ള ജലദൗർലഭ്യംമൂലം ജലജന്യരോഗങ്ങൾ പടരാൻ സാദ്ധ്യതയുള്ളതിനാൽ അതിനായി മുൻകരുതൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ജലസുരക്ഷ ഉറപ്പാക്കുവാൻ ആവശ്യമായ പരിശോധനകൾ 'ഹെൽത്തി കേരള' ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രികളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, ഒ.ആർ.എസ്., മറ്റ് ലായനികൾ ഇവയുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

(ബി) ആരോഗ്യപ്രവർത്തകർ, ആശാവർക്കർമാർ, അങ്കണവാടി ജീവനക്കാർ എന്നിവർ വഴി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആശുപത്രികളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ ഒ.ആർ.എസ്. മറ്റ് ലായനികളുടെ ലഭ്യത എന്നിവ ഉറപ്പാക്കിയിട്ടുണ്ട്. വേനൽക്കാലത്ത് കാലാവസ്ഥാ വ്യതിയാനംമൂലം സംഭവിക്കാറുള്ള സൂര്യതാപംപോലുള്ള പ്രതിഭാസങ്ങളെ നേരിടുന്നതിനുള്ള ഉചിതമായ മുൻകരുതലുകൾ കൈക്കൊള്ളുവാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വീഴ്ച വരുത്തിയിട്ടില്ല. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ യഥാസമയത്ത് നടത്തിവരുന്നുണ്ട്. ദൈനംദിന പ്രവർത്തനങ്ങളും നിരീക്ഷിച്ചുവരുന്നുണ്ട്.

## ഫാർമസിസ്റ്റുമാരുടെ നിയമനം

284 (308) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഹെൽത്ത് സെന്ററുകളിലും ആശുപത്രികളിലും ഫാർമസിസ്റ്റുമാരുടെ ഒഴിവുമൂലം ദൈനംദിന കാര്യങ്ങൾ തടസ്സപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫാർമസിസ്റ്റുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ താൽക്കാലിക അടിസ്ഥാനത്തിലെങ്കിലും ഫാർമസിസ്റ്റുമാരെ നിയമിച്ചുകൊണ്ട് ദൈനംദിന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫാർമസിസ്റ്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഫാർമസിസ്റ്റുമാരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## സർക്കാർ ആശുപത്രികൾ മെച്ചപ്പെടുത്താൻ നടപടി

285 (309) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ആർദ്രം മിഷൻ നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്യാറുണ്ടോ;

(ബി) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സർക്കാർ ആശുപത്രികളിൽ ഓൺലൈൻ ഒ.പി.ടിക്കറ്റിംഗ് സമ്പ്രദായം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) താലൂക്കാശുപത്രികൾ നവീകരിക്കാനും അവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ ഗവൺമെന്റ് തലത്തിൽ മിഷൻ നടത്തിപ്പിന്റെ അവലോകനം നടത്തിവരുന്നുണ്ട്. മിഷൻ നടത്തിപ്പ് പുരോഗമിക്കുന്ന മുറയ്ക്ക് ആശുപത്രിതലത്തിൽ അവലോകനം നടത്തുന്നതാണ്.

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ നവകേരള മിഷനിൽ ഉൾപ്പെടുത്തി ആർദ്രം ദൗത്യം ആവിഷ്കരിച്ചിട്ടുണ്ട്. ഒ.പി. ട്രാൻസ്ഫർമേഷൻ, ജില്ല-താലൂക്ക് ആശുപത്രികളുടെ നിലവാരം ഉയർത്തൽ, തെരഞ്ഞെടുത്ത പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ, ആരോഗ്യ രംഗത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉയർന്ന പങ്കാളിത്തം ഉറപ്പുവരുത്തൽ എന്നിവയാണ് ആർദ്രം ദൗത്യം വഴി നടപ്പിലാക്കുന്നതിനുദ്ദേശിക്കുന്നത്.

(സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഒ.പി. വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ആധുനികവൽക്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ആർദ്രം ദൗത്യം വഴി ലക്ഷ്യമിടുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട ജില്ലാ ആശുപത്രിയിൽ E-Health-ന്റെ സംസ്ഥാനതല ഉദ്ഘാടനം 25-1-2017-ന് നടത്തുകയുണ്ടായി. മെഡിക്കൽ കോളേജ് അടക്കമുള്ള പ്രധാന ആശുപത്രികളിൽ ഭാവിയിൽ ആരോഗ്യ വകുപ്പിന്റെ ഇ-ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി ഓൺലൈൻ ഒ.പി. രജിസ്ട്രേഷനും പരിഗണനയിലുണ്ട്.

(ഡി) ഉണ്ട്. ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ അസംബ്ലി മണ്ഡലം/വികസന ബ്ലോക്ക് എന്നിവിടങ്ങളിലെ ഓരോ പ്രാഥമികാരോഗ്യ കേന്ദ്രത്തെ വീതം കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിക്കാൻ പദ്ധതിയുണ്ട്.

(ഇ) താലൂക്കാശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഡോക്ടർമാർ അടക്കമുള്ളവരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഡയാലിസിസ് യൂണിറ്റ് ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി സൗകര്യങ്ങൾ സജ്ജമാക്കി ആധുനികവൽക്കരണവും ആർദ്രം ദൗത്യം മുഖേന ലക്ഷ്യമിടുന്നുണ്ട്. ആയതിന്റെ ഭാഗമായി താലൂക്കാശുപത്രികളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള 185.35 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്. ഈ വർഷം പ്ലാൻ പദ്ധതിയിൽ (2016-17) ഉൾപ്പെടുത്തി താലൂക്കാശുപത്രി വർക്കലയിലും താലൂക്കാശുപത്രി ഫോർട്ടിലും ഡയാലിസിസ് യൂണിറ്റിനായി തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 44 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാനുള്ള പദ്ധതിയുണ്ട്.

തസ്തിക സൃഷ്ടിക്കുന്നതുവരെ Staff-നുള്ള honorarium, HMC, RSBY Fund-ൽ നിന്നും ഉപയോഗപ്പെടുത്താനും (Dialysis technician, Staff nurse, Cleaning Staff, Dialysis doctors) Dialysis-നുവേണ്ട consumables, മരുന്നുകൾ എന്നിവ KMSCL, Karunya, RSBY, HMC മുഖേന ലഭ്യമാക്കാനും സാധിക്കുന്നതാണ്.

**കൊയിലാണ്ടി ആശുപത്രി**

286 (310) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ നിർമ്മാണം പൂർത്തിയായ പുതിയ കെട്ടിടത്തിൽ ആശുപത്രി പ്രവർത്തിക്കാനാവശ്യമായ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടില്ലാത്തതിനാൽ ആശുപത്രി പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ആശുപത്രി സൂപ്രണ്ട് കോഴിക്കോട് ഡി.എം.ഒ. മുഖേന മേലധികാരികൾക്ക് സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ നടപടികളുടെ ഏത് ഘട്ടത്തിലാണ് എന്നത് വിശദമാക്കാമോ;

(സി) അടിയന്തര പ്രാധാന്യം നൽകി കൊയിലാണ്ടി ആശുപത്രിയിൽ സ്ഥാപിക്കേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എത്ര കോടി രൂപയുടെ പദ്ധതി പ്രൊപ്പോസലാണ് ഈ ആവശ്യത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളത് എന്നത് കൂടി വിശദമാക്കുമോ?

ഉത്തരം

(എ) ആശുപത്രിയിലെ പുതിയ കെട്ടിടം പ്രവർത്തിക്കാനാവശ്യമായ സജ്ജീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ ആർദ്രം മാനദണ്ഡം അനുസരിച്ച് താലൂക്ക് ആശുപത്രികളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ സമാഹൃത പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത ആശുപത്രിയിൽ ആവശ്യമുള്ള അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആർദ്രം മാനദണ്ഡം ആക്കിയിട്ടുള്ള സമാഹൃത പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുണ്ട്. 1,87,34,352 രൂപയുടെ (ഒരു കോടി എൺപത്തി ഏഴുലക്ഷത്തി മുപ്പത്തിനാലായിരത്തി മുന്നൂറ്റി അൻപത്തി രണ്ട്) പ്രൊപ്പോസലാണ് കൊയിലാണ്ടിക്കുവേണ്ടി ഉൾപ്പെടുത്തിയിട്ടുള്ളത്.

## മാനസികാരോഗ്യ കേന്ദ്രങ്ങളിലുള്ളവരെ പുനരധിവസിപ്പിക്കൽ

287 (311) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ എത്രപേർ ചികിത്സയിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ കഴിയുന്നവരിൽ രോഗം പൂർണ്ണമായി മാറിയ എത്രപേർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) രോഗം മാറിയിട്ടും ബന്ധുക്കൾ ഏറ്റെടുക്കാൻ തയ്യാറാവാത്തതിനാൽ ഇവിടെ തുടരുന്ന എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ സേവനം ഇവിടങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ; അവർക്ക് അതിന് പ്രതിഫലം നൽകുന്നുണ്ടോ;

(ഇ) ഇത്തരക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 1207 പേർ.

(ബി) 113 പേർ

(സി) 102 പേർ

(ഡി) സംസ്ഥാനത്തെ 3 സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിലും, ചികിത്സയുടെ ഭാഗമായി രോഗികളുടെ താൽപ്പര്യത്തിനും കഴിവിനും അനുസരിച്ചുള്ള തൊഴിലധിഷ്ഠിത ചികിത്സാ വിഭാഗത്തിൽ ഏർപ്പെടുത്തി പ്രോത്സാഹന സൂചകമായുള്ള പ്രതിഫലം നൽകുന്നുണ്ട്.

(ഇ) എല്ലാ മാനസികാരോഗ്യ കേന്ദ്രങ്ങളിലും എൻ.ജി.ഒ.-കളുടെ സഹായത്തോടെ ഇത്തരം രോഗികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനുപുറമേ ജില്ലാ നിയമ സഹായവേദിയുടേയും സംസ്ഥാന നിയമസഹായ വേദിയുടേയും സഹായത്താൽ ഇതര സംസ്ഥാനത്തിലെ അന്തേവാസികളെ പോലീസ് വകുപ്പിന്റെ സഹായത്തോടെ അവരവരുടെ സംസ്ഥാനങ്ങളിൽ എത്തിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്റ്റോർ കീപ്പർ**

288 (312) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ സ്റ്റോർ കീപ്പർ തസ്തിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട H2/23/2016 Health and FW നമ്പർ ഫയലിൽ ഉത്തരവായിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഉത്തരവായിട്ടില്ലെങ്കിൽ പ്രസ്തുത ഫയലിലെ നടപടിയുടെ പുരോഗതി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഇല്ല. പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

**പോസ്റ്റ്മോർട്ടം**

289 (313) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത്തിനാല് മണിക്കൂറും പോസ്റ്റ്മോർട്ടം അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിനെതിരെ ഹൈക്കോടതി ഉത്തരവ് ഉണ്ടായതാണോ പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വരാത്തതിന്റെ കാരണമെന്ന് വ്യക്തമാക്കാമോ;

(ബി) ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം പ്രാബല്യത്തിൽ കൊണ്ടുവരാൻ സർക്കാരിന് താൽപ്പര്യമുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിനുവേണ്ടി ഇതുവരെ സ്വീകരിച്ചതും ഇനി സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ജീവനക്കാർ, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ, കൃത്രിമവെളിച്ചം എന്നിവയുടെ അപര്യാപ്തത രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിന് ഒരു തടസ്സമായി നിലകൊള്ളുന്നുണ്ട്. ഇരുപത്തിനാലു മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ മെഡിക്കോ ലീഗൽ സൊസൈറ്റി ഓഫ് കേരള നൽകിയ ഹർജിയിലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവും നിലവിലുണ്ട്.

(ബി) 26-10-2015-ലെ സ.ഉ.(എം.എസ്.) 239/2015/ആ.കു.വ. നമ്പർ ഉത്തരവുപ്രകാരം കേരളത്തിലെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും കാസർഗോഡ് ജനറൽ ആശുപത്രിയിലും രാത്രികാലത്തും പോസ്റ്റുമോർട്ടം നടത്താമെന്ന് ഉത്തരവായിരുന്നു. തടസ്സങ്ങൾ പരിഹരിച്ച് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കി പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

**ട്യൂമർ ബോർഡ്**

290 (314) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി.-യിൽ ക്യാൻസർ ചികിത്സ അന്താരാഷ്ട്ര മാതൃകയിൽ നടപ്പിലാക്കുന്നതിനായി ട്യൂമർ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതുതായി എത്തുന്ന രോഗികളുടെ ചികിത്സ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള ഉത്തരവാദിത്വം ബോർഡിൽ മാത്രം നിക്ഷിപ്തമാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ പ്രായോഗിക വിഷമതകളെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ക്യാൻസർ ചികിത്സയ്ക്ക് പ്രധാനമായും റേഡിയേഷൻ ഓങ്കോളജിസ്റ്റ്, മെഡിക്കൽ ഓങ്കോളജിസ്റ്റ്, സർജിക്കൽ ഓങ്കോളജിസ്റ്റ് എന്നീ ക്യാൻസർ വിദഗ്ധൻമാരുടെ സേവനം ആവശ്യമുണ്ട്. ഈ മൂന്ന് ചികിത്സാ രീതികളെയും സമന്വയിപ്പിച്ചുകൊണ്ടുള്ള ചികിത്സയാണ് ലോകോത്തര ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ നടത്തുന്നത്. ടാറ്റാ മെമ്മോറിയൽ സെന്റർ, ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, മലബാർ ക്യാൻസർ സെന്റർ തുടങ്ങിയ മേജർ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിലും ഈ സംയോജിത ചികിത്സാരീതിയാണ് അനുവർത്തിച്ചുപോരുന്നത്. രോഗികളുടെ ഉത്തമ താൽപ്പര്യം മുൻനിർത്തിയാണ് ഈ രീതി നടപ്പിലാക്കുന്നത്. ആർ.സി.സി.-യിലും വ്യത്യസ്ത ചികിത്സാ വിഭാഗങ്ങളിലൂടെ ഈ മൂന്ന് വിദഗ്ധരുടെയും സേവനം രോഗികൾക്ക് ലഭ്യമാക്കിയിരുന്നു. എന്നാൽ ഈ മൂന്ന് വിഭാഗങ്ങളിലെയും വിദഗ്ധരെ ഒരേ ക്ലിനിക്കൽ തന്നെ ലഭ്യമാക്കിക്കൊണ്ട് 2017 ജനുവരി മാസം രണ്ടാം തീയതി മുതൽ മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് ആർ.സി.സി.-യിൽ രൂപീകരിച്ചുകൊണ്ട് ഉത്തരവായി. ഇതു വഴി ഓരോ ക്യാൻസർ രോഗത്തിനുമുള്ള സമഗ്ര ചികിത്സ രോഗികൾക്ക് ലഭ്യമാക്കാനും അതുവഴി ചികിത്സാ ഗുണനിലവാരം ഉയർത്തുവാനും സാധിക്കും.

(ബി&സി) പുതുതായി എത്തുന്ന രോഗികൾക്ക് ചികിത്സ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നത് മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡാണ്. എന്നാൽ ഈ ബോർഡ് കൈക്കൊള്ളുന്ന തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപം ഉള്ളപക്ഷം ഇതിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുതിന് മെഡിക്കൽ ഓങ്കോളജി, പീഡിയാട്രിക് ഓങ്കോളജി, റേഡിയേഷൻ ഓങ്കോളജി, ന്യൂക്ലിയർ മെഡിസിൻ എന്നീ വകുപ്പ് മേധാവികളെ കാതൽ അംഗങ്ങളാക്കി (Core members) ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ മീറ്റിംഗുകളിൽ ഓരോ വിഭാഗത്തിലെയും മുതിർന്ന ഫാക്കൽറ്റികളെയും ക്ഷണിക്കാറുമുണ്ട്. ഈ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

**കാരുണ്യ മെഡിക്കൽ സ്റ്റോർ**

291 (315) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ സ്വീകരിച്ചിട്ടില്ല.

## മെഡിക്കൽ കോളേജ് വികസനം

292 (316) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനെ 'എയിംസ്' നിലവാരത്തിലേക്ക് ഉയർത്തുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ, എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും ഇതിലേക്കായി 2016-17 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) ഈ പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എയിംസ് നിലവാരത്തിലേക്കും മികവിന്റെ കേന്ദ്രമായും ഉയർത്തുന്നതിന്റെ ഭാഗമായി ഡോക്ടർമാർ അടങ്ങിയ ഉദ്യോഗസ്ഥ സംഘം എയിംസ് സന്ദർശിക്കുകയുണ്ടായി. അവിടത്തെ ഒ.പി. വിഭാഗത്തിന്റെ പ്രവർത്തനം നേരിട്ട് കണ്ട് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം അടക്കമുള്ള മെഡിക്കൽ കോളേജുകളിലെ ഒ.പി.വിഭാഗം പ്രസ്തുത നിലവാരത്തിലേക്ക് ഉയർത്തുന്നതിന് തീരുമാനമെടുക്കുകയും ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 'ആർദ്രം' പദ്ധതിയുടെ ഭാഗമായി ഒ.പി. ബ്ലോക്ക് എയിംസ് മാതൃകയിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി 16-2-2017-ൽ നിർവ്വഹിച്ചു. ആശുപത്രി രോഗീസൗഹാർദ്ദമാക്കുന്നതിനുള്ള നിരവധി പരിശീലന പരിപാടികൾ നടന്നുവരുന്നു. കൂടാതെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇ-ഹെൽത്ത് പദ്ധതിയുടെ ട്രെയിനിംഗ് സെന്റർ മെഡിക്കൽ കോളേജിൽ ആരംഭിച്ചു. ആയതിന് ആവശ്യമായ പരിശീലനവും ജീവനക്കാർക്ക് നൽകിവരുന്നു. ട്രോമോ കെയറിന് വളരെയധികം പ്രാധാന്യം നൽകി പുതിയ അത്യാഹിത വിഭാഗം ഒരുക്കിവരുന്നു. ഇപ്പോഴുള്ള 3 ഓപ്പറേഷൻ തീയേറ്ററുകൾക്ക് പകരം 8 ഓപ്പറേഷൻ തീയേറ്റർ ഇതിൽ ഉണ്ടാകും.

മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തന സജ്ജമായി വരികയാണ്. വിവിധ സ്പെഷ്യാലിറ്റികളുടെ തീവ്രപരിചരണ വിഭാഗങ്ങളാണ് പ്രധാനമായും ഈ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ സമന്വയിപ്പിച്ചിരിക്കുന്നത്. വിപുലീകരിച്ച ആധുനിക മോർച്ചറി, വയോജനങ്ങളുടെ സമ്പൂർണ്ണ ചികിത്സക്കുള്ള ജെറിയാട്രിക് വിഭാഗം, അപകടങ്ങൾ സംഭവിച്ചവർക്കായി പോളി ട്രോമാ ഐ.സി.യു, മൾട്ടി ഡിസിപ്ലിനറി ഐ.സി.യു., ഹൃദയ സംബന്ധമായ രോഗങ്ങൾക്ക് തീവ്രപരിചരണം നൽകാനുള്ള കാർഡിയാക് ഐ.സി.യു., ഹൃദയം, ശ്വാസകോശം എന്നിവ സംബന്ധമായ ഓപ്പറേഷൻ നടത്തുന്നതിനുള്ള കാർഡിയോ തൊറാസിക് ഓപ്പറേഷൻ തീയേറ്റർ, ഐ.സി.യു. എന്നിവയാണ് ഈ ബഹുനില മന്ദിരത്തിൽ സജ്ജമാക്കുന്നത്.

മെഡിക്കൽ കോളേജിലെ ഒ.പി.യിലെത്തുന്ന രോഗികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഒ.പി. സംവിധാനം നവീകരിച്ചുവരുന്നു. ഒ.പി.-യിലെ 'ക്യൂ' സമ്പ്രദായം അവസാനിപ്പിച്ച് സാധാരണക്കാരനുകൂടി ഉപയോഗിക്കാൻ പറ്റുന്ന ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്തും. ഇതോടെ അതിരാവിലെ വന്ന് കാത്തിരിക്കേണ്ട അവസ്ഥ മാറുകയും മുൻകൂട്ടി നിശ്ചയിച്ച് ഡോക്ടറെ കാണാൻ കഴിയുകയും ചെയ്യും. ഇതിന്റെ നെറ്റ് വർക്കിംഗ് ജോലികൾ പൂർത്തിയായിവരുന്നു.

ഇവയ്ക്കെല്ലാം പുറമേ വിദ്യാഭ്യാസം, ഗവേഷണം, രോഗ പരിരക്ഷ, സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ്, മെഡിക്കൽ ഗ്യാസ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം, ക്യാമ്പസ് റോഡ് വികസനവും പുനർ നിർമ്മാണവും മാനവശേഷി വികസനം എന്നിവയെ അടിസ്ഥാനമാക്കി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഒരു പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. ആയത് സർക്കാരിന് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനാവശ്യമായ ചെലവ് മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഹിതത്തിൽനിന്നും കണ്ടെത്തുന്നതാണ്.

## സ്കാൻ മെഷീനുകൾ

293 (317) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സി.റ്റി. സ്കാൻ, എം.ആർ.ഐ. സ്കാൻ മെഷീനുകൾ എത്രവീതം ഉണ്ടെന്ന് വിശദമാക്കാമോ ;

(ബി) നിലവിലുള്ള മെഷീനുകൾ പര്യാപ്തമാണോയെന്നും തിരക്കുമൂലം സ്കാൻ ചെയ്യാൻ കഴിയാതെ വരുമ്പോൾ പകരം സംവിധാനം എന്താണ് സ്വീകരിച്ചു വരുന്നതെന്നും വിശദമാക്കാമോ ;

(സി) പുതിയ സ്കാനറുകൾ വാങ്ങാൻ ആലോചിക്കുന്നുണ്ടോയെന്നും നിലവിലെ സ്കാൻ മെഷീനുകൾ മനഃപൂർവ്വം കേടാക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോയെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) സി.റ്റി. സ്കാൻ - 3

എം.ആർ.ഐ. സ്കാൻ - 1

(ബി&സി) പര്യാപ്തമല്ല. പുതിയ 2 എം.ആർ.ഐ. സ്കാനറും 2 സി.റ്റി.സ്കാനറും കൂടാതെ ഒരു ഡി.എസ്.എ. മെഷീനും വാങ്ങാൻ നടപടി തുടങ്ങിയിട്ടുണ്ട്. നിലവിലെ സ്കാൻ മെഷീനുകൾ മനഃപൂർവ്വം കേടാക്കുന്ന സംഭവങ്ങൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

**ആശുപത്രികളുടെ നവീകരണം**

294 (318) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ നവീകരണത്തിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിനും മരുന്നുകൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കുട്ടനാട് മേഖലയിലെ പുളിങ്കുന്ന് താലൂക്കാശുപത്രിയിൽ മെറ്റേണിറ്റി യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ 135 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നവീകരണത്തിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി) കുട്ടനാട്ടിലെ എല്ലാ ആശുപത്രികളിലും സാമൂഹിക ആരോഗ്യ കേന്ദ്രം വെളിയനാട്, ചെമ്പുംപുറം, ചമ്പക്കുളം, പ്രാഥമിക ആരോഗ്യ കേന്ദ്രം രാമങ്കരി, മുട്ടാർ, എന്നിവിടങ്ങളിലും അനുവദനീയമായ തസ്തികകളിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. താലൂക്കാശുപത്രി പുളിങ്കുന്നിൽ മാത്രം 2 കൺസൾട്ടന്റുമാരുടെ (പീഡിയാട്രിക്) ഒഴിവുകൾ ശേഷിക്കുന്നുണ്ട്. ആയത് ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റികൂടി പ്രൊമോഷൻ നടക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്.

കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകൾ എല്ലാംതന്നെ ലഭ്യമാണ്. അത്യാവശ്യ ഘട്ടങ്ങളിൽ ഏതെങ്കിലും മരുന്നിന്റെ ദൗർലഭ്യം നേരിട്ടാൽ ആശുപത്രി മേധാവികൾക്ക് തന്നെ ആയവ വാങ്ങുവാനുള്ള അധികാരവും നൽകിയിട്ടുണ്ട്.

'ആർദ്രം' ദൗത്യത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ പുളിങ്കുന്ന് താലൂക്കാശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്.

## കുടുംബാരോഗ്യ കേന്ദ്രങ്ങൾ

295 (319) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(സി) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ ;

(ഡി) ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്നതാണ്. ഇതിനായി 14 ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത 171 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി ആർദ്രം മിഷനിൽ ഉൾപ്പെടുത്തി പരിഗണിച്ചുവരികയാണ്.

(ബി) 14 ജില്ലകളിലെയും വിവിധ അസംബ്ലി മണ്ഡലങ്ങൾ/വികസന ബ്ലോക്കുകളിൽ ആദ്യഘട്ടമായി ഫാമിലി ഹെൽത്ത് സെന്ററുകളാക്കാനുദ്ദേശിക്കുന്ന 171 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തെരഞ്ഞെടുത്ത് അവിടങ്ങളിലേക്ക് അധികമായി സൃഷ്ടിക്കേണ്ട ഡോക്ടർമാരുടെയും സ്റ്റാഫ് നേഴ്സിന്റെയും ലാബ് ടെക്നീഷ്യന്റെയും തസ്തികകൾക്കുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്. ഡോക്ടർമാർക്കും മറ്റ് സ്റ്റാഫിനുമുള്ള വിശദമായ പരിശീലനപരിപാടികൾക്കുള്ള നടപടിക്രമങ്ങൾ എസ്.എച്ച്.എസ്.ആർ.സി. വഴി ആരംഭിച്ചിട്ടുണ്ട്.

(സി) കൊണ്ടോട്ടി നിയേജകമണ്ഡലത്തിലെ പുളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രമാണ് ആദ്യഘട്ടമായി കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റാനുദ്ദേശിക്കുന്നത്.

(ഡി) 14 ജില്ലകളിലെയും വിവിധ അസംബ്ലി മണ്ഡലങ്ങൾ/വികസന ബ്ലോക്കുകളിലായി ആദ്യഘട്ടമായി ഫാമിലി ഹെൽത്ത് സെന്ററുകളാക്കാനുദ്ദേശിക്കുന്ന 171 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തെരഞ്ഞെടുത്ത് അവിടങ്ങളിലേക്ക് അധികമായി സൃഷ്ടിക്കേണ്ട ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സിന്റെയും, ലാബ് ടെക്നീഷ്യന്റെയും തസ്തികകൾക്കുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്. ഡോക്ടർമാർക്കും മറ്റ് സ്റ്റാഫിനുമുള്ള വിശദമായ പരിശീലന പരിപാടികൾക്കുള്ള നടപടിക്രമങ്ങൾ എസ്.എച്ച്.എസ്.ആർ.സി. വഴി ആരംഭിച്ചിട്ടുണ്ട്.

## ട്രീറ്റ്മെന്റ് പ്ലാന്റ്

296 (320) ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിലുള്ള ഭൂരിഭാഗം ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ട്രീറ്റ്മെന്റ് പ്ലാൻറ് സ്ഥാപിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ ആശുപത്രികളിലും ട്രീറ്റ്മെന്റ് പ്ലാൻറ് അടിയന്തരമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## ജനകീയ പദ്ധതികൾ

297 (321) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ മുൻ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ ജനകീയ പദ്ധതികൾ പിന്നീട് വന്ന സർക്കാരിന്റെ കാലത്ത് ദുർബ്ബലമായത് പുനരുജ്ജീവിപ്പിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ;

(ബി) കെ.എസ്.ഡി.പി.-യെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതിയുണ്ടോ?

ഉത്തരം

(എ) പൊതുമേഖലയിലെ ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പലവിധ പ്രവർത്തനങ്ങൾക്ക് ആരോഗ്യ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. നവകേരള മിഷന്റെ ഭാഗമായി ആർദ്രം മിഷനിൽ ഉൾപ്പെടുത്തി മെഡിക്കൽ കോളേജ് അടക്കമുള്ള പ്രസ്തുത ഗവൺമെന്റ് ആശുപത്രികളിലെ ഒ.പി. വിഭാഗങ്ങൾ രോഗീസൗഹൃദമാക്കാനുള്ള നടപടി, ജില്ലാ താലൂക്കുതല ആശുപത്രികളെ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കാനുള്ള പരിപാടി, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പരിപാടി തുടങ്ങിയവ ഉൾപ്പെടുന്നു.

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ സഹോദര സ്ഥാപനമായ കെ.എസ്.ഡി.പി.-യെ പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പരമാവധി സഹായ സഹകരണങ്ങൾ കോർപ്പറേഷന്റെ ഭാഗത്തുനിന്നും ചെയ്തുവരുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം മുതൽ കെ.എസ്.ഡി.പി.എല്ലിൽ നിന്നും മരുന്ന് വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു:

| Year | No.of drugs | Value of PO issued to KSDPL |
|---|---|---|
| 2014-15 | 37 | 17,30,02,119.20 |
| 2015-16 | 29 | 19,44,39,549.15 |
| 2016-17 | 28 | 18,08,05,372.54 |

2017-18-ൽ 39 ഇനങ്ങളിലായി കെ.എസ്.ഡി.പി.-ക്ക് 29,91,47,476 രൂപയുടെ ലെറ്റർ ഓഫ് ഇൻഡന്റ് നൽകിയിട്ടുണ്ട്.

**മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ**

298 (322) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും മരുന്ന് ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ബി) മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അനുബന്ധ സ്ഥാപനമായ കാരുണ്യ വഴിയുള്ള മരുന്ന് വിതരണത്തിൽ പണം ഒടുക്കി ഒരു വർഷം വരെ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കിടപ്പുരോഗികൾക്കുള്ള പാലിയേറ്റീവ്കെയർ പദ്ധതിയുടെ മരുന്ന് സംഭരണവും കാരുണ്യ വഴിയാക്കുന്നതുമൂലം കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിലവിലുള്ള കാലതാമസം ഒഴിവാക്കി യഥാസമയം മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെട്ട 585 ഇനം മരുന്നുകളിൽ പുനർ ദർഘാസിനുശേഷവും വിതരണക്കാരെ ലഭിക്കാത്ത 59 ഇനം ഒഴികെയുള്ള എല്ലാ മരുന്നുകളും അനുബന്ധ സാമഗ്രികളും സംസ്ഥാനത്തെ സർക്കാർ ആശുപത്രികളും ഡിസ്പെൻസറികളും ബന്ധപ്പെട്ട വകുപ്പ് മേധാവികൾ മുഖേന മുൻകൂട്ടി സമർപ്പിച്ച ഇൻഡന്റ് അനുസരിച്ച് യഥാസമയം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വിതരണക്കാരെ ലഭിക്കാത്ത ഇനങ്ങളിൽ ചികിത്സയ്ക്ക് അത്യന്താപേക്ഷിതമായ Human Anti Immunoglobulin Inj. IP 300 mcg vial, Streptrokinase lnj.IP 1500000 IU Vial, Ringer Lactate Injection IP 500 ml bottle, Metronidazole lnj.IP 5mg/ml 100 ml bottle, Zolpidem Tab IP, Disposable Needle 23 G, 24G, Disposable Syringe 2CC, 5CC തുടങ്ങിയ ഇനങ്ങൾകൂടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഭാഗമായി ആരംഭിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു.

ഗുണമേന്മയുള്ള മരുന്നുകൾ ആവശ്യമായ അളവിൽ യഥാസമയം ലഭ്യമാക്കി മെച്ചപ്പെട്ട സേവനം നൽകിയതിലൂടെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുകയും തന്മൂലം ഉണ്ടാകാൻ സാദ്ധ്യതയുള്ള മരുന്നിന്റെ ദൗർലഭ്യം കണക്കിലെടുത്ത് അധിക അളവിൽ ആവശ്യമായി വരാവുന്ന 170 ഇനം മരുന്നുകൾ തെരഞ്ഞെടുത്ത് ടെണ്ടർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അധികമായി സംഭരിച്ച് ദൗർലഭ്യം ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു.

(ബി) കാരുണ്യ വഴിയുള്ള മരുന്ന് വിതരണത്തിൽ ചില അവസരങ്ങളിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കിടപ്പുരോഗികൾക്കുള്ള പാലിയേറ്റീവ് കെയർ പദ്ധതിയുടെ കാരുണ്യ വഴിയുള്ള മരുന്ന് വിതരണത്തിന് ചില അവസരങ്ങളിൽ ചില ഇനം മരുന്നുകൾക്കും അനുബന്ധസാമഗ്രികൾക്കും കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആശുപത്രികളിലേക്കുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ചുകൊണ്ടുള്ള മരുന്നുകളുടെ വിതരണം സമയബന്ധിതമായി നടത്തുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു.

## ആരോഗ്യ പ്രവർത്തനങ്ങൾ

299 (323) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്കുളത്തുകാവ്-എടത്വ തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് ലക്ഷക്കണക്കിന് ഭക്തജനങ്ങൾ എത്തുന്നത് പരിഗണിച്ച് ഈ മേഖലയിലെ ആരോഗ്യ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തീർത്ഥാടനകാലങ്ങളിൽ വിപുലമായ ആരോഗ്യ സേവന സംവിധാനം ഈ പ്രദേശങ്ങളിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചക്കുളത്തുകാവ് അമ്പലത്തിലെ ഉത്സവത്തോടനുബന്ധിച്ചും എടത്വ പള്ളിയിലെ തിരുനാൾ ആഘോഷത്തോടനുബന്ധിച്ചും നടക്കുന്ന ആഘോഷങ്ങളിൽ പങ്കെടുക്കുന്ന തീർത്ഥാടകരുടെ ആരോഗ്യ സംരക്ഷണത്തിന് സ്ഥിരമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളും ആരാധനാലയങ്ങളും ചേർന്നാണ്. ഇതിനാവശ്യമായ സാങ്കേതിക മേൽനോട്ടം ആരോഗ്യ വകുപ്പ് നൽകുന്നതാണ്. ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

1. തീർത്ഥാടകരുടെ എണ്ണത്തിന് ആനുപാതികമായി സ്ഥിരമായ ടോയ്‌ലെറ്റ്-യൂറിനൽ-ബാത്ത് റൂം (പുരുഷൻമാർക്കും, സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകം) സംവിധാനം മതിയായ വലിപ്പത്തോടുകൂടി സെപ്റ്റിക് ടാങ്ക് സഹിതം ഒരുക്കുക.
2. തീർത്ഥാടനങ്ങളോടനുബന്ധിച്ചുണ്ടാകുന്ന മാലിന്യങ്ങൾ ശേഖരിച്ച് തരം തിരിച്ച് സംസ്കരിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തി ഇൻസിനറേറ്റർ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക.
3. ശുദ്ധമായ കുടിവെള്ള ലഭ്യതയുള്ള സംവിധാനം ഒരുക്കുക.

(ബി) ആരോഗ്യ വകുപ്പ് ജില്ലാ മെഡിക്കലാഫീസറുടെ നേതൃത്വത്തിൽ ടി തീർത്ഥാടന കാലായളവിൽ സുസജ്ജമായ ആംബുലൻസ് സൗകര്യത്തോടുകൂടിയ മെഡിക്കൽ ടീമിനെ നൽകുന്നതിനും പകർച്ചവ്യാധികൾ തടയുന്നതിനായി ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും അനുബന്ധ ശുചിത്വ പരിശോധനകൾ നടത്തുന്നതിനും പൊതുജനാരോഗ്യവിഭാഗം ജില്ലാ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയോഗിക്കുന്നതാണ്.

## താലൂക്കാശുപത്രി രൂപീകരണം

300 (324) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കടയിൽ താലൂക്കാശുപത്രി രൂപീകരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ താലൂക്കാശുപത്രി രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കാട്ടാക്കട നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രമാണ്. പുതിയതായി രൂപീകരിച്ച കാട്ടാക്കട താലൂക്കിൽ ആർദ്രം പദ്ധതി പ്രകാരം താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ കൂടുതലുള്ള ആരോഗ്യ സ്ഥാപനമായ മലയിൻകീഴ് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

## വെളിച്ചെണ്ണയിലെ മായം

301 (325) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യാപകമായി പാരഫിൻ കലർന്ന വെളിച്ചെണ്ണ വില്പന നടത്തുന്നു എന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന വെളിച്ചെണ്ണയിലെ മായം പരിശോധിക്കാൻ സംസ്ഥാനത്ത് സംവിധാനം ഉണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് കേരളത്തിലെ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും ഹൈദ്രാബാദിലുള്ള ഇന്ത്യൻ കെമിക്കൽ ടെക്നോളജി ലാബിലും സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (CFTRI) ലാബുകളിലും പരിശോധന

നടത്തുകയുണ്ടായി. പ്രസ്തുത സാമ്പിളുകളിൽ പാരഫിന്റെ അംശം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഗുണനിലവാരമില്ലാത്ത വെളിച്ചെണ്ണ കണ്ടെത്തിയിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് പ്രകാരം വെളിച്ചെണ്ണയുടെ 26 ബ്രാൻഡുകൾ ഭക്ഷ്യസുരക്ഷാ കമ്മീഷണർ നിരോധിച്ചു.

(സി) ഉണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും ടാങ്കർ ലോറികൾ വഴി കൊണ്ടുവരുന്ന എണ്ണയുടെ സാമ്പിളുകൾ ശേഖരിച്ച് ഗവൺമെന്റ് ലാബുകളിൽ പരിശോധിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ജീവൻരക്ഷാ മരുന്നുകൾ**

302 (326) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഫാർമസി വഴി കുറഞ്ഞ വിലയക്ക് ജീവൻരക്ഷാ മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പ്രസ്തുത മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) എല്ലാ താലൂക്കാശുപത്രികളോടും ചേർന്ന് കാരുണ്യാ ഫാർമസികൾ തുറക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ കുറഞ്ഞ നിരക്കിൽ സ്റ്റെന്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മരുന്ന് കമ്പനികൾ സ്റ്റെന്റിന് അമിതവില ഈടാക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആവശ്യക്കാരേറെയുള്ള ചിലതരം മരുന്നുകൾക്കും ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്ക് ആവശ്യമായ ചില മരുന്നുകൾക്കും ആപേക്ഷികമായ രീതിയിലുള്ള ചില കുറവുകൾ കാരുണ്യ ഫാർമസികളിൽ ഉണ്ടകാറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിലവിൽ സംഭരിക്കുന്ന മരുന്നുകളെ ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ളവ, മിതമായ രീതിയിൽ ആവശ്യക്കാരുള്ളവ, നേരിയ രീതിയിൽ ആവശ്യക്കാരുള്ളവ എന്നിങ്ങനെ മൂന്ന് ഗണത്തിൽപ്പെടുത്തി, കരുതൽ ശേഖരം ഉറപ്പാക്കി, തുടർച്ചയായി മരുന്ന് ലഭ്യത സാദ്ധ്യമാക്കുന്നതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ 23 താലൂക്കാശുപത്രികളോട് ചേർന്ന് കാരുണ്യ ഫാർമസികൾ പ്രവർത്തിക്കുന്നു. കൂടുതൽ താലൂക്കാശുപത്രികളിൽ കാരുണ്യ ഫാർമസികൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച് തുടർനടപടികൾ കൈക്കൊള്ളാവുന്നതാണ്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിർമ്മാണ കമ്പനികൾ സ്റ്റെന്റിന് അമിത വില ഈടാക്കുന്ന സാഹചര്യം നിലനിന്നിരുന്നതിനാൽ ആയതിനെ നിയന്ത്രണത്തിൽ കൊണ്ടു വരുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ബെയർ മെറ്റൽ സ്റ്റെന്റ്, ഡ്രഗ് എലൂട്ടിങ് സ്റ്റെന്റ് (DES) (which includes metallic DES and Bioresorbable Vascular Scaffold / Bio degradable stents) എന്നിവയെ അവശ്യ മരുന്ന് പട്ടികയിൽ ഉൾപ്പെടുത്തുകയും ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി സ്റ്റെന്റുകളുടെ വില നിശ്ചയിച്ചുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം 13-2-2017 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്. നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലകളിൽ പ്രസ്തുത ഉൽപ്പന്നങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് വകുപ്പ് നിരന്തരം ഉറപ്പുവരുത്തുന്നുണ്ട്.

## സി-മെറ്റ്

303 (327) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യവകുപ്പിന്റെ സ്വയംഭരണ സ്ഥാപനമായ സി-മെറ്റിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം (ഫയൽ നമ്പർ 37/C3/2016 ) സ്പെഷ്യൽ റൂൾസ്, സ്റ്റാഫ് പാറ്റേൺ നടപ്പാക്കൽ (ഫയൽ നമ്പർ 1166057/2017) ദിവസവേതനക്കാരുടെ ശമ്പള വർദ്ധനവ് (രസീത് നമ്പർ 1175700/2017) ഗവേണിംഗ് ബോഡിയിൽ 2 അംഗങ്ങളുടെ നാമനിർദ്ദേശം, തൃപ്പൂണിത്തുറ ക്യാമ്പസിൽ വാച്ച്മാൻ ക്യാബിൻ നിർമ്മാണം തുടങ്ങിയ കാര്യങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കുമോ?

### <u>ഉത്തരം</u>

ആരോഗ്യ വകുപ്പിന്റെ സ്വയംഭരണ സ്ഥാപനമായ സി-മെറ്റിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം (ഫയൽ നമ്പർ 37/സി3/2016) സ്പെഷ്യൽ റൂൾസ്, സ്റ്റാഫ് പാറ്റേൺ നടപ്പാക്കൽ (രസീത് നമ്പർ 1166057/2017) ദിവസവേതനക്കാരുടെ ശമ്പള വർദ്ധനവ് (രസീത് നമ്പർ 1175700/2017) ഗവേണിംഗ് ബോഡിയിൽ 2 അംഗങ്ങളുടെ നാമനിർദ്ദേശം, തൃപ്പൂണിത്തുറ ക്യാമ്പസിൽ വാച്ച്മാൻ ക്യാബിൻ നിർമ്മാണം എന്നിവ സംബന്ധിച്ച പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ ശമ്പളപരിഷ്കരണം ഒഴികെയുള്ളവ 25-1-2017-നുശേഷം സർക്കാരിൽ ലഭിച്ചവയാണ്. മേൽ പ്രൊപ്പോസലുകൾ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു. അന്തിമ തീരുമാനമായിട്ടില്ല.

**ഗുണഫലങ്ങൾ പരിശോധിക്കാൻ സമിതി**

304 (328) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് അപ്രത്യക്ഷമായതും വീണ്ടും പ്രത്യക്ഷമാകുന്നതും പുതിയതുമായ രോഗങ്ങളെയും അവയ്ക്കുള്ള മരുന്നുകളുടെയും ചികിത്സാരീതികളുടെയും ഗുണഫലങ്ങൾ പരിശോധിക്കാൻ ഗവൺമെന്റ് ഏതെങ്കിലും സമിതിയെ നിയോഗിച്ചിരുന്നോ ;

(ബി) ഉണ്ടെങ്കിൽ ടി സമിതി ആരോഗ്യ മേഖലയിൽനിന്ന് ഏതെല്ലാം മരുന്നുകളും ചികിത്സാരീതികളും ഒഴിവാക്കുന്നതിന് ശിപാർശ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കിയിരുന്നോ ;

(ഡി) പുതുതായി പ്രത്യക്ഷപ്പെടുന്ന ഏതെല്ലാം രോഗങ്ങൾക്ക് സമിതി മരുന്നുകൾ കണ്ടെത്തി ; വിശദമാക്കുമോ?

ഉത്തരം

(എ-ഡി) ചികിത്സാരീതികളുടെ ഗുണഫലങ്ങൾ പരിശോധിക്കാൻ സർക്കാർ സമിതിയെ നിയോഗിച്ചിട്ടില്ല.

**ലഹരിമരുന്നിനെതിരെ സ്വീകരിക്കുന്ന നടപടികൾ**

305 (329) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിമരുന്നിനെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് മയക്കുമരുന്ന് കേസുകൾ കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യാൻ NDPS (എൻ. ഡി. പി. എസ്.) ആക്ട് ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) മയക്കുമരുന്ന് കേസുകൾ കൈകാര്യം ചെയ്യാൻ ഇപ്പോഴുള്ള സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ലഹരി മരുന്നുകളുടെ ഉപയോഗം വർദ്ധിക്കുന്നതായുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ജീവിത ശൈലീരോഗ നിയന്ത്രണ പദ്ധതിയിലൂടെ വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മദ്യം, പുകയില, മയക്കുമരുന്നുകൾ എന്നിവയുടെ ദൂഷ്യഫലങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള എക്സിബിഷനുകൾ ബോധവൽക്കരണ ക്ലാസുകൾ, ലഘുലേഖകളുടെ വിതരണം എന്നിവ സ്കൂളുകളിലും കോളേജുകളിലും ഫീൽഡുതലത്തിലും ആരോഗ്യ വകുപ്പിലൂടെ നടപ്പിലാക്കിവരുന്നു.

(ബി) കേന്ദ്ര നിയമം ആയതിനാൽ NDPS ആക്ട് ഭേദഗതി ചെയ്യേണ്ടത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് നികുതി വകുപ്പിന് ശിപാർശ ലഭ്യമായിട്ടുണ്ട്.

(സി) മയക്കുമരുന്ന് കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തിവരുന്നു.

**പോളി ക്ലിനിക്കുകൾ**

306 (330) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോളിക്ലിനിക്കുകൾ ഇല്ലാത്ത താലൂക്കുകൾ ഏതെല്ലാമാണ്;

(ബി) തിരൂരങ്ങാടി താലൂക്കിൽ പോളിക്ലിനിക്കില്ലാത്ത അവസ്ഥ സർക്കാരിന്റെ അറിവിലുണ്ടോ;

(സി) ഇവിടെ പോളി ക്ലിനിക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ പോളി ക്ലിനിക്കുകൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നിലവിലില്ല.

(ബി&സി) ബാധകമല്ല.

**പ്രാഥമികാരോഗ്യകേന്ദ്രം കുടുംബക്ഷേമ കേന്ദ്രമാക്കൽ**

307 (331) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ നിയോജക മണ്ഡലത്തിലെ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബക്ഷേമ കേന്ദ്രമാക്കി മാറ്റുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) കുടുംബക്ഷേമ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഇ-ഹെൽത്ത് പദ്ധതി എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അസംബ്ലി മണ്ഡലം/വികസന ബ്ലോക്കുകളിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം വീതം ഒന്നാംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് പദ്ധതിയുണ്ട്.

(ബി) കേരള സർക്കാർ പ്രഖ്യാപിച്ച ആർദ്രം മിഷനിൽ ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ പരിചരണത്തിന്റെ പ്രധാന ഘടകമായ പി.എച്ച്.സി.-കളും ഉപകേന്ദ്രങ്ങളും രോഗാതുരതയിലുണ്ടായ മാറ്റത്തിനും ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിലും വിപുലപ്പെടുത്തും. മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ച വ്യാധി പ്രതിരോദത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെ ജീവിതശൈലീരോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നതിനുമായി അവയെ മാറ്റുന്നതാണ്. കുടുംബ ഡോക്ടർ തലത്തിലേക്ക് ഈ മേഖലയിൽ ഡോക്ടർമാരെ മാറ്റുന്നതിനും അവരുടെ കഴിവും അറിവും വർദ്ധിപ്പിക്കുന്നതിനുമായി പരിശീലനങ്ങളും കോഴ്സുകളും നടത്തുന്നതാണ്. ഈ സെന്ററുകളിൽ ലാബ് സൗകര്യങ്ങളും സജ്ജമാക്കും. ആരോഗ്യ പരിചരണം, കൗൺസിലിംഗ് എന്നിവയിൽ കുറച്ചുകൂടി ഉയർന്ന തോതിലുള്ള ഇടപെടലും ലക്ഷ്യമിടുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ**

308 (332) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യകേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുന്നത് എന്ന് അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വെങ്കിടങ്ങ് (പാടൂർ) പ്രാഥമിക ആരോഗ്യ കേന്ദ്രത്തെയാണ് കുടുംബരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ ആദ്യഘട്ടത്തിൽ പരിഗണിച്ചിരിക്കുന്നത്.

(ബി) ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

**ദേശീയ മെഡിക്കൽ കമ്മീഷൻ**

309 (333) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് പകരം ദേശീയ മെഡിക്കൽ കമ്മീഷനെ കൊണ്ടുവരുന്നതിനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംബന്ധിച്ച് സംസ്ഥാന സർക്കാർ നിലപാട് അറിയിക്കുമോ;

(ബി) പ്രസ്തുത ദേശീയ കമ്മീഷന്റെ ഘടന എപ്രകാരമായിരിക്കുമെന്ന് വ്യക്തത ലഭിച്ചിട്ടുണ്ടോ; ആരോഗ്യം സംസ്ഥാന വിഷയമാണെന്നിരിക്കെ കേന്ദ്ര സർക്കാരിന്റെ ഈ തീരുമാനം ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്മീഷനിൽ സംസ്ഥാന കൗൺസിലുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഉണ്ടാകില്ലെന്നതും കേന്ദ്ര സർക്കാർ നോമിനികളായിരിക്കും ഉണ്ടാകുകയെന്നുമുള്ളത് സംസ്ഥാന സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ-സി) 8-9-2016-ൽ നീതി ആയോഗ് ന്യൂഡൽഹിയിൽ വച്ച് നടത്തിയ ദേശീയ മെഡിക്കൽ കമ്മീഷൻ രൂപീകരണത്തെ സംബന്ധിച്ച ചർച്ചയിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പങ്കെടുക്കുകയുണ്ടായി. ജനാധിപത്യ സംവിധാനം അട്ടിമറിച്ചുകൊണ്ട് നാമകരണം ചെയ്യപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തി നാഷണൽ മെഡിക്കൽ കമ്മീഷൻ രൂപീകരിക്കുന്നതിലുള്ള അപാകത സംസ്ഥാനം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

**സ്വാശ്രയ മെഡിക്കൽ പ്രവേശനം**

310 (334) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സ്വാശ്രയ മെഡിക്കൽ പ്രവേശനത്തെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഏതെല്ലാം കോളേജുകൾക്കെതിരെയാണ് പരാതികൾ ലഭിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) ഈ പരാതികളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2016 വർഷത്തിലെ എം.ബി.ബി.എസ്./ബി.ഡി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് പ്രവേശന മേൽനോട്ട സമിതിക്ക് ആകെ 1530 പരാതികൾ ലഭിച്ചു. ചുവടെ സൂചിപ്പിച്ചിരിക്കുന്ന കോളേജുകൾക്കെതിരെയാണ് പ്രധാനമായും പരാതികൾ ലഭിച്ചിട്ടുള്ളത്.

| | |
|---|---|
| ശ്രീ. നാരായണ മെഡിക്കൽ കോളേജ് | 120 |
| അൽ അസ്സർ മെഡിക്കൽ കോളേജ് | 63 |
| ഡി.എം. വയനാട് മെഡിക്കൽ കോളേജ് | 17 |
| പി.കെ.ദാസ് മെഡിക്കൽ കോളേജ് | 23 |
| ട്രാവൻകൂർ മെഡിക്കൽ കോളേജ് | 38 |
| അസീസിയ മെഡിക്കൽ കോളേജ് | 22 |
| എസ്. യു.റ്റി. മെഡിക്കൽ കോളേജ് | 17 |
| ശ്രീഗോകുലം മെഡിക്കൽ കോളേജ് | 15 |
| കരുണ മെഡിക്കൽ കോളേജ് | 75 |
| കണ്ണൂർ മെഡിക്കൽ കോളേജ് | 102 |
| ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ് | 16 |
| മലബാർ മെഡിക്കൽ കോളേജ് | 9 |
| മൗണ്ട് സിയോൻ മെഡിക്കൽ കോളേജ് | 8 |
| കെ.എം.സി.റ്റി. മെഡിക്കൽ കോളേജ് | 11 |
| ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ് | 29 |

മുകളിൽ പറഞ്ഞിരിക്കുന്ന പരാതികൾ കൂടാതെ ജനറൽ കംപ്ലൈന്റ്സ് വിഭാഗത്തിൽ 965-ഓളം പരാതികളും പ്രവേശന മേൽനോട്ട സമിതിക്ക് ലഭിച്ചിട്ടുണ്ട്.

(ബി) എല്ലാ പരാതികളിന്മേലും അതത് കോളേജ് അധികൃതരെയും പരാതിക്കാരെയും വിളിച്ചുവരുത്തി വാദം കേട്ടും പൊതുവായ ഉത്തരവുകൾ പുറപ്പെടുവിച്ചും പ്രവേശന മേൽനോട്ട സമിതി നടപടികൾ എടുത്തിട്ടുണ്ട്. നടപടിയുടെ ഭാഗമായി കണ്ണൂർ മെഡിക്കൽ കോളേജിലും കരുണാ മെഡിക്കൽ കോളേജിലും യോഗ്യത ഇല്ലാതെ പ്രവേശനം ലഭിച്ച മുഴുവൻ വിദ്യാർത്ഥികളുടെയും പ്രവേശനം പ്രവേശന മേൽനോട്ട സമിതി 2-10-2016-ൽ റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത കോളേജുകൾക്കെതിരെയുള്ള കേസുകൾ ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്. മറ്റ് കോളേജുകളിൽ യോഗ്യത ഇല്ലാത്ത എത്ര വിദ്യാർത്ഥികൾ പ്രവേശനം നേടി എന്നത് കണ്ടെത്തുന്നതിനായി പ്രവേശനവുമായി ബന്ധപ്പെട്ട ടി കോളേജുകളുടെ രേഖകൾ പ്രവേശന മേൽനോട്ട സമിതി പരിശോധിച്ചുവരികയാണ്.

**മെഡിക്കൽ അനുബന്ധ കോഴ്സുകൾ**

311 (335) ശ്രീ. എസ്. ശർമ്മ :
ശ്രീ. ആർ. രാജേഷ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം സി.ബി.എസ്.ഇ. പൊതുപ്രവേശനപരീക്ഷ വഴിയാക്കിയിരിക്കുന്നത് ന്യൂനപക്ഷ പദവിയുള്ളവയുൾപ്പെടെയുള്ള സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾക്ക് കീഴിലുള്ള മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശന പ്രക്രിയയിൽ എന്തുമാറ്റമുണ്ടാക്കുമെന്നും മെഡിക്കൽ പ്രവേശന കാര്യത്തിൽ സംസ്ഥാനസർക്കാരിന്റെ പങ്കെന്തായിരിക്കുമെന്നും വിശദമാക്കാമോ ;

(ബി) കൽപിത സർവ്വകലാശാലയുൾപ്പെടെയുള്ള 23 സ്വകാര്യ സ്വാശ്രയ കോളേജുകളിലേക്കുള്ള പ്രവേശനം സംസ്ഥാന പ്രവേശനപരീക്ഷാ കമ്മീഷണർ പുറത്തിറക്കിയിട്ടുള്ള പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ട് സർക്കാരിന് ഫീസ് നിർണ്ണയം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ എന്തെങ്കിലും നിയന്ത്രണം സാധ്യമാണോ;

(സി) സ്വകാര്യ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം നിയന്ത്രിക്കാനും ക്രമീകരിക്കാനും നിയമനിർമ്മാണം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ ?

<u>ഉത്തരം</u>

(എ-സി) കേരള സംസ്ഥാനത്തെ സ്വകാര്യ/സ്വാശ്രയ മാനേജ്മെന്റുകളുടെ കീഴിലും കൽപ്പിത സർവ്വകലാശാലകളുടെ കീഴിലും പ്രവർത്തിക്കുന്ന മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ 2017-18 അദ്ധ്യയന വർഷത്തെ മെഡിക്കൽ/ഡെന്റൽ കോഴ്സുകളിലേക്ക് NEET പരീക്ഷയുടെ റാങ്ക് അടിസ്ഥാനത്തിൽ പ്രവേശനം നടത്തുവാൻ കേരള സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവേശന പ്രക്രിയകളെ സംബന്ധിച്ച് സ്വകാര്യ/സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.

**ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ**

312 (336) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തുന്ന അലോപ്പതി മരുന്നുകളിൽ ഭൂരിഭാഗവും ഗുണമേന്മ ഇല്ലാത്തവയാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരം മരുന്നുകൾ പോണ്ടിച്ചേരി, ബംഗളൂരു തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ചൈനീസ് നിർമ്മിത അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളതെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരം മരുന്നുകൾ ഉപയോഗിക്കുന്നവർക്കുണ്ടാകാൻ സാധ്യതയുള്ള പ്രയാസങ്ങളെ സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം മരുന്നുകളുടെ വ്യാപനം തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഒരു മരുന്നിന് നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂ എന്ന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഉറപ്പുവരുത്തുന്നതിലേക്കായി രാജ്യത്തുടനീളമുള്ള ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുൽപ്പാദനശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം നിർമ്മിക്കുന്ന ഒരോ ബാച്ച് മരുന്നുകളുടെയും തീവ്രമായ ഗുണനിലവാര പരിശോധന നിർമ്മാണഘട്ടങ്ങളിൽ തന്നെ ഉറപ്പാക്കിയതിനുശേഷമാണ് നിർമ്മാതാക്കൾ അത് വിപണിയിൽ

എത്തിക്കുന്നത്. വിപണിയിൽ എത്തിയശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടം വരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേക്കുവേണ്ടിയാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധവ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽ നിന്നും റാന്റം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധന ലബോറട്ടറികളിലേക്ക് അയയ്ക്കുന്നത്. ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നിവയിലെ അപാകതകൾകാരണം മരുന്നുകളുടെ രാസഭൗതികാവസ്ഥകളുടെ വ്യതിയാനംമൂലം നിശ്ചിത ഗുണ നിലവാരമില്ലാത്തതായി റിപ്പോർട്ടുകൾ ലഭിക്കാറുണ്ട്. ഇത്തരം മരുന്നുകളുടെ വിൽപ്പന തടഞ്ഞ് കമ്പനികൾക്കെതിരെ വകുപ്പുതല നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി&സി) ഇന്ത്യയിൽ മരുന്നുകളുടെ അസംസ്കൃത വസ്തുക്കൾ (ആക്ടീവ് ഫാർമസ്യൂട്ടിക്കൽ ഇൻഗ്രീഡിയന്റ്സ്) നിർമ്മാണം വളരെ കുറവാണ്. സങ്കീർണ്ണമായ ഇറക്കുമതി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിയമപ്രകാരം ഡ്രഗ്സ് കൺട്രോൾ ജനറൽ (ഇന്ത്യ)-യുടെ അനുമതിയോടെ മാത്രമേ ചൈന ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽനിന്നും ഇത്തരം അസംസ്കൃത വസ്തുക്കൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യാൻ സാധിക്കുകയുള്ളൂ.

പോണ്ടിച്ചേരി, ബംഗളൂരു എന്നിവിടങ്ങളിൽ വൃത്തിഹീനമായ സാഹചര്യങ്ങളിൽ മരുന്ന് നിർമ്മിക്കുന്നതായുള്ള വാർത്തകളെ തുടർന്ന് ആയത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഡ്രഗ്സ് കൺട്രോളറോട് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായി റിപ്പോർട്ട് ചെയ്യുന്ന മരുന്നുകളുടെ വിതരണശൃംഖല കണ്ടെത്തി അവ വിപണിയിൽനിന്നും പിൻവലിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുകയും നിർമ്മാതാക്കൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## ഡിപ്പാർട്ട്മെന്റ് ഫോർ ഡ്രഗ്സ് അഡ്മിനിസ്ട്രേഷൻ

313 (337) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ്, യുനാനി, സിദ്ധ, ഹോമിയോപ്പതി മരുന്നുകൾക്കായി പുതിയ ഡിപ്പാർട്ട്മെന്റ് ഫോർ ഡ്രഗ്സ് അഡ്മിനിസ്ട്രേഷൻ രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) നിലവിലുള്ള അലോപ്പതി ഡ്രഗ്സ് അഡ്മിനിസ്ട്രേഷൻ വഴി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) പരിശോധിച്ചുവരുന്നു.

(ബി) ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ കീഴിൽ 1961-ൽ നിലവിൽ വന്ന സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന ലക്ഷ്യം ഗുണമേന്മയുള്ള മരുന്നുകൾ ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ്.

ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940/റൂൾസ് 1945, ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർട്ടൈസ്മെന്റ് ആക്ട്, 1954), കേരള ഡ്രഗ്സ് ആന്റ് അദർ സ്റ്റോർസ് (അൺലോഫുൾ പൊസഷൻ) ആക്ട്, 1971, ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013, കേരള പോയ്സൺ റൂൾസ് 1996, നാർകോട്ടിക് ഡ്രഗ്സ് ആന്റ് സൈകോട്രോപിക് സബ്സ്റ്റൻസസ് റൂൾസ് എന്നീ നിയമങ്ങൾക്കനുസരിച്ചാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് പ്രവർത്തിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

a. അലോപ്പതി, ആയുർവ്വേദ, സിദ്ധ, യുനാനി, ഹോമിയോപ്പതി ഔഷധങ്ങളുടെ നിർമ്മാണ വിപണത്തിനുള്ള ലൈസൻസുകളും അവയുടെ പുതുക്കൽ ലൈസൻസുകളും

b. മരുന്ന് സാമ്പിളുകളുടെ ഗുണനിലവാര പരിശോധനകൾ

c. അലോപ്പതി, ഹോമിയോപ്പതി ഔഷധങ്ങളുടെ വിൽപ്പന/വിതരണ ലൈസൻസുകൾ

d. ബ്ലഡ് ബാങ്ക്/ബ്ലഡ് സ്റ്റോറേജ് ലൈസൻസുകൾ

e. പോയിസൺ ലൈസൻസുകൾ/പെർമിറ്റുകൾ

f. നാർക്കോട്ടിക് മരുന്നുകളുടെ അലോട്ട്മെന്റ്

g. പാലിയേറ്റീവ് സെന്ററുകൾക്കുള്ള മോർഫീൻ മരുന്നുകളുടെ അലോട്ട്മെന്റ്

h. മരുന്ന് സംബന്ധമായ പരാതികളുടെ അന്വേഷണവും നടപടിയും

i. മരുന്നുകൾ സൂക്ഷിക്കുന്ന സ്ഥാപനങ്ങളുടെ പരിശോധന.

j. നിയമലംഘനങ്ങളുടെ മേൽ വകുപ്പുതല നിയമ നടപടികൾ

## ഡോക്സി സൈക്ലിൻ പ്ലെയിൻ ഗുളികയിലെ മായം

314 (338) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലിപ്പനി, മഞ്ഞപ്പിത്തം എന്നിവയ്ക്കുള്ള ഡോക്സി സൈക്ലിൻ പ്ലെയിൻ ഗുളിക വിലനിയന്ത്രണ പട്ടികയിൽപ്പെടാതിരിക്കാൻ ലാക്ടോ ബാസിലസ് എന്ന അപ്രധാന മൂലകം കൂട്ടിച്ചേർത്ത് എട്ടിരട്ടി വില വർദ്ധിപ്പിച്ച് ഗവൺമെന്റ് ഡോക്ടർമാർ ഉൾപ്പെടെയുള്ളവരെ സ്വാധീനിച്ച് വിറ്റഴിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ രോഗികളെ കൊള്ളയടിക്കുന്ന ഈ പ്രവണതയ്ക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

## ഹോമിയോ മരുന്നുകൾ

315 (339) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ മരുന്നുകൾക്കുള്ള കാലപരിധി തീരുമാനത്തിൽനിന്ന് പൊട്ടൻസി മരുന്നുകളെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണ മെന്തെന്ന് വ്യക്തമാക്കാമോ;

(ബി) അടിസ്ഥാന മരുന്നുകൾ നേർപ്പിക്കലിലൂടെ വീര്യം കൂട്ടുന്ന പൊട്ടൻസി മരുന്നുകൾക്ക് കാലാവധി ബാധകമല്ലെന്ന് തീരുമാനിച്ചാൽ ഭവിഷ്യത്തുകൾ ഉണ്ടാകുമോ എന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(സി) ഹോമിയോ ആശുപത്രികളിൽ മരുന്നുകളുടെ കാലപരിധി തീരുമാനം കർശനമായി നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് ഇപ്പോൾ ഉള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഹോമിയോ മരുന്നുകൾക്കുള്ള കാലപരിധി തീരുമാനത്തിൽ നിന്നും പൊട്ടൻസി മരുന്നുകളെ ഒഴിവാക്കിയിട്ടില്ല.

(സി) ഹോമിയോ ആശുപത്രികളിൽ മരുന്നുകളുടെ കാലപരിധി തീരുമാനം കർശനമായി നടപ്പാക്കുന്നതിനായി ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം ഉറപ്പുവരുത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും ഓഡിറ്റ് വിഭാഗത്തിന്റെയും പരിശോധനകളും നടത്തിവരുന്നുണ്ട്.

**രജിസ്റ്റേർഡ് ഫാർമസിസ്റ്റ്**

316 (340) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്ന് വിപണനം രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾ വഴി മാത്രമേ പാടുള്ളൂ എന്ന് നിയമം അനുശാസിക്കുന്നുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് അറുനൂറിലേറെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഫാർമസിസ്റ്റ് തസ്തിക മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇരുപത്തിനാല് മണിക്കൂർ പ്രവർത്തിക്കുന്ന നൂറോളം സർക്കാർ ആശുപത്രികളിൽ ഒരു ഫാർമസിസ്റ്റ് തസ്തിക മാത്രമേയുള്ളൂ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) പത്തൊൻപതിനായിരത്തിലധികം മെഡിക്കൽ സ്റ്റോറുകളിലും മുഴുവൻ സമയ ഫാർമസിസ്റ്റില്ലാത്ത കാര്യം പരിശോധിക്കുമോ;

(ഇ) ഇവിടങ്ങളിലൊക്കെ ഫാർമസിസ്റ്റുകളുടെ അഭാവത്തിൽ യോഗ്യതയുള്ളവരാണോ മരുന്ന് വിൽപന നടത്തുന്നതെന്ന കാര്യം പരിശോധിക്കുമോ; ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഒരു മരുന്ന് വിൽപ്പനശാലയിൽ രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം മരുന്ന് വിൽപ്പനയുടെ മേൽനോട്ടത്തിനായി കർശനമാണെന്ന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ റൂൾ 65(2) പ്രകാരം നിഷ്കർഷിച്ചിരിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 24 മണിക്കൂർ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ആശുപത്രികളിൽ ഒന്നിൽ കൂടുതൽ ഫാർമസിസ്റ്റ് തസ്തികയുണ്ട്. 24x7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് ഫാർമസിസ്റ്റിന്റെ ഒരു തസ്തിക ഉള്ളത്.

(ഡി) ഏകദേശം 19289 ഔഷധ വ്യാപാര ലൈസൻസുകളുള്ള സംസ്ഥാനത്ത് കാര്യക്ഷമമായി തന്നെയാണ് നിയമപ്രകാരം ഔഷധ വിപണനത്തിന് ഫാർമസിസ്റ്റിന്റെ സേവനം ഉറപ്പുവരുത്തുന്നത്. മാത്രമല്ല ഔഷധ വിൽപ്പന ലൈസൻസ് നൽകുന്നതിലേയ്ക്കായി പ്രവർത്തന സജ്ജമായിട്ടുള്ള സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ഓരോ സ്ഥാപനങ്ങളിലുമുള്ള ഫാർമസിസ്റ്റിന്റെ സേവന വിശദാംശങ്ങൾ സുതാര്യമായി നിരീക്ഷിക്കുന്നുണ്ട്. സ്ഥാപന പരിശോധന വേളകളിലോ പരാതികളുടെ അടിസ്ഥാനത്തിലോ രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനമില്ലാതെയുള്ള മരുന്ന് വിൽപ്പന ശ്രദ്ധയിൽപ്പെടുന്നപക്ഷം ലൈസൻസ് സസ്പെൻഷൻ തുടങ്ങിയ നടപടികളും അനിവാര്യമാണെന്ന് കണ്ടാൽ ചട്ടലംഘനങ്ങൾക്കെതിരെ നിയമനടപടികളും സ്വീകരിച്ചുവരുന്നു.

(ഇ) മരുന്ന് വിൽപ്പന ലൈസൻസുകൾ അനുവദിക്കുന്ന സമയത്തുതന്നെ നിയമം അനുശാസിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾ (ഫാർമസി ഡിപ്ലോമ, സംസ്ഥാന ഫാർമസി കൗൺസിൽ രജിസ്ട്രേഷൻ) ഉറപ്പു വരുത്തിയതിനു ശേഷമാണ് ഫാർമസിസ്റ്റുകളെ ലൈസൻസിൽ ചേർക്കുന്നതും അംഗീകരിക്കുന്നതും. ഒരു മരുന്ന് വിൽപ്പനശാലയിൽ രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം മരുന്നു വിൽപ്പനയുടെ മേൽനോട്ടത്തിനായി കർശനമാണെന്ന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ റൂൾ 65(2) പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥാപന പരിശോധനാ വേളകളിലോ പരാതികളുടെ അടിസ്ഥാനത്തിലോ രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനമില്ലാതെയുള്ള മരുന്ന് വിൽപ്പന ശ്രദ്ധയിൽപ്പെടുന്നപക്ഷം ഡ്രഗ്സ് ലൈസൻസ് സസ്പെൻഷൻ തുടങ്ങിയ നടപടികളും അനിവാര്യമാണെന്നു കണ്ടാൽ ചട്ടലംഘനങ്ങൾക്കെതിരെ നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

**ജീവൻരക്ഷാ മരുന്നുകളുടെ വില വർദ്ധന**

317 (341) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശസ്ത്രക്രിയാ ഉപകരണങ്ങളുടെയും ജീവൻരക്ഷാ മരുന്നുകളുടെയും വില ഒരു മാനദണ്ഡവുമില്ലാതെ വർദ്ധിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; ഓരോ മരുന്നിനും ഓരോ സ്ഥലത്തും ഓരോ വില ഈടാക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ ;

(ബി) മരുന്ന് ഷോപ്പുകളുടെയും സർജിക്കൽ സാധനങ്ങളുടെ ഷോപ്പുകളുടെയും പരിശോധനയ്ക്ക് ചുമതലപ്പെടുത്തിയിട്ടുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം പരിശോധിക്കുമോ ;

(സി) ഡ്രഗ്സ് കൺട്രോളർക്ക് ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകുമോ;

(ഡി) ഇഷ്ടാനുസരണം മരുന്നുവില ഈടാക്കുന്ന മരുന്ന് ഷോപ്പുകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്ന കാര്യം പരിശോധിക്കുമോ ;

(ഇ) ആയുർവ്വേദ മേഖലയുമായി ബന്ധപ്പെട്ട ഇത്തരം പരാതികൾ പരിശോധിക്കുവാൻ ഡ്രഗ്സ് കൺട്രോളർ (ആയുർവ്വേദം)ക്ക് നിർദ്ദേശം നൽകുമോ ; വിശദമാക്കുമോ ;

(എഫ്) മരുന്നുവില അമിതമായി ഈടാക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച പരാതികളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) രാജ്യത്ത് നിർമ്മിച്ച് വിൽക്കപ്പെടുന്ന മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. വിപണി അധിഷ്ഠിത വില നിയന്ത്രണ രീതിയിൽ ഒരു ശതമാനമോ അതിൽ കൂടുതലോ മാർക്കറ്റ് ഷെയറുള്ള കമ്പനികളുടെ വിവിധ ബ്രാൻഡുകളുടെ ശരാശരി വിലയാണ് മരുന്നിന്റെ സീലിംഗ് പ്രൈസായി നിശ്ചയിക്കുന്നത്. സീലിംഗ് പ്രൈസിനെക്കാൾ കൂടുതൽ വിലയിൽ വിൽക്കുന്ന മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിച്ച വിലയിലേക്ക് കുറയ്ക്കണമെന്നും കുറഞ്ഞ വിലയിൽ വിപണിയിൽ ലഭ്യമായ മരുന്നുകൾ മാറ്റംകൂടാതെതന്നെ വിപണനം ചെയ്യണമെന്നുമാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി അനുശാസിക്കുന്നത്. ആയതിനാലാണ് ഒരേ മരുന്നിന് വിവിധ വില വിപണിയിൽ പ്രകടമാകുന്നത്.

വില നിയന്ത്രണത്തിൽ വന്നുകഴിഞ്ഞ എല്ലാ ജീവൻരക്ഷാ മരുന്നുകളും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയിൽ തന്നെയാണോ നിർമ്മാതാക്കൾ/ വിതരണക്കാർ/ വിൽപ്പനക്കാർ വിപണയിൽ ലഭ്യമാക്കുന്നതെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനയിലൂടെ ഉറപ്പാക്കുന്നുണ്ട്. ആയതിനാൽ ജീവൻരക്ഷാ മരുന്നുകളുടെ വില ഒരു മാനദണ്ഡവുമില്ലാതെ വർദ്ധിപ്പിക്കുവാൻ സാധിക്കുകയില്ല.

ശസ്ത്രക്രിയാ ഉപകരണങ്ങളുടെ നിയന്ത്രണത്തിനായി കേന്ദ്ര സർക്കാർ മെഡിക്കൽ ഡിവൈസ് റൂൾസ് 2017 സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം 31-1-2017-ൽ പുറത്തിറക്കിയിട്ടുണ്ട്. ആയത് 1-1-2018 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. അതോടുകൂടി മെഡിക്കൽ ഡിവൈസുകളെയും വില നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിയുന്നതാണ്.

(ബി&സി) ഗുണമേന്മയുള്ള മരുന്ന് ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (എൻ.പി.പി.എ.) നിശ്ചയിച്ചുറപ്പിച്ച വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം അവശ്യ വസ്തു നിയമത്തിന്റെ പരിധിയിൽ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) ആയുർവ്വേദ മരുന്നുകൾക്ക് വില നിയന്ത്രണം നിലവിലില്ല. ആയതിനാൽ ഇക്കാര്യത്തിൽ പ്രത്യേക നിയമനിർമ്മാണം വരുന്ന മുറയ്ക്കുമാത്രമേ നിയമ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(എഫ്) മരുന്ന് വില അമിതമായി ഈടാക്കുന്നതിനെ സംബന്ധിച്ച പരാതികളിന്മേൽ സത്വര അന്വേഷണം നടത്തി നിയമ ലംഘനങ്ങൾ ബോധ്യപ്പെട്ടാൽ സ്ഥാപനങ്ങൾക്കെതിരെ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഗുണനിലവാര പരിശോധന**

318 (342) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെത്തുന്ന വിവിധ കമ്പനികളുടെ മരുന്നുകൾക്ക് രജിസ്ട്രേഷനോ വിശദപരിശോധനകളോ ഇല്ലാത്തതിനാൽ ഗുണനിലവാരമില്ലാത്തതും വ്യത്യസ്ത രോഗങ്ങൾക്ക് ഓരോ പേരിലുമുള്ള മരുന്നുകൾ രോഗികളിലേക്ക് അടിച്ചേല്പിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാന/കേന്ദ്ര സർക്കാരുകൾക്ക് കീഴിൽ മരുന്നുകൾ വിപണനം നടത്തുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ എത്ര മരുന്നുകൾ സംസ്ഥാന കേന്ദ്ര പൊതുമേഖലാ മരുന്ന് കമ്പനികൾവഴി വിതരണവും വിപണനവും നടത്തുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വിപണനം നടത്തുന്ന ബ്രാൻഡഡ് മരുന്നുകൾ എത്രയെന്നും ഒരു ബ്രാൻഡിൽ കുറഞ്ഞത് എത്ര ബാച്ചുകളെന്നും മൊത്ത മരുന്നുകളുടെ ബാച്ചുകൾ എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ആകെയുള്ള മരുന്ന് പരിശോധനാ കേന്ദ്രങ്ങൾ എത്രയെന്നും സംസ്ഥാനത്ത് മൊത്തം എത്ര ബാച്ച് മരുന്നുകൾ എത്തുന്നുണ്ടെന്നും അവയിൽ എത്ര ബാച്ചുകളിലെ മരുന്നുകൾ പരിശോധനയ്ക്ക് വിധേയമാക്കാനുള്ള സൗകര്യം ലാബുകളിലുണ്ടെന്നും എത്ര എണ്ണം പ്രതിവർഷം പരിശോധനയ്ക്ക് വിധേയമാക്കുന്നുവെന്നും വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തെത്തുന്ന എല്ലാ ബാച്ച് മരുന്നുകളേയും ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കാൻ എന്തു നടപടി സ്വീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രനിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടും അതിനുകീഴിലുള്ള റൂളുകളിലും മരുന്നുകളുടെ അസംസ്കൃത വസ്തു തെരഞ്ഞെടുക്കുന്നത് മുതൽ മരുന്ന് ഫോർമുലേഷനായി രൂപപ്പെടുത്തുന്നതുവരെയുള്ള സങ്കീർണ്ണമായ നിർമ്മാണപ്രക്രിയ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. രാജ്യത്തെവിടെയും ഈ നിയമത്തിന് വിധേയമായി മാത്രമേ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. മറ്റ് ലോക രാഷ്ട്രങ്ങളിൽ സ്വീകരിച്ചുവരുന്ന പ്രക്രിയയ്ക്ക് തുല്യമായോ അതിൽ കൂടുതലോ നിയമനിഷ്കർഷത പാലിച്ചാണ് രാജ്യത്ത് മരുന്നുനിർമ്മാണ പ്രക്രിയ നടന്നുവരുന്നത്. സംസ്ഥാനത്ത് വിതരണത്തിനായി എത്തുന്ന മരുന്നുകളുടെ 98 ശതമാനവും ഇപ്രകാരം അന്യസംസ്ഥാനങ്ങളിൽ നിർമ്മിച്ചു വരുന്നതാണ്. അതാത് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ നിരീക്ഷണത്തിൽ നിർമ്മിക്കപ്പെടുന്ന ഇത്തരം മരുന്നുകൾ മേൽപ്പറഞ്ഞ നിയമവ്യവസ്ഥകൾ പാലിച്ചാണ് നിർമ്മിക്കപ്പെടുന്നത്.

സംസ്ഥാനത്ത് എത്തിയതിനുശേഷം നിയമം അനുശാസിക്കുന്ന രീതിയിൽ റാൻഡം സാംപ്ലിംഗ് നടത്തിയും മരുന്നുകളെക്കുറിച്ച് പരാതിയുണ്ടെങ്കിൽ ആയതിന്റെ സാംപ്ലിംഗ് നടത്തിയും വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ഇത് രാജ്യത്തൊട്ടാകെ പാലിച്ചുവരുന്ന പ്രക്രിയയാണ്. ഒരു മരുന്നിന്റെ ഗുണനിലവാരം ഏകദേശം 10 മുതൽ 15 വരെ വിവിധയിനം ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് നിശ്ചയിക്കപ്പെടുന്നത്. നിർമ്മാണ ഘട്ടം മുതൽ പലവിധ പരിശോധനകൾക്ക് വിധേയമായിട്ടാണ് മരുന്നുകൾ നിർമ്മാതാക്കൾ വിപണനത്തിനായി എത്തിക്കുന്നത്. ഏകദേശം മൂന്ന് വർഷത്തോളം ഷെൽഫ് ലൈഫ് കാലാവധിയുള്ള മരുന്നുകൾ ഈ കാലാവധിയിലുടനീളം നിശ്ചിത ഗുണനിലവാരം പുലർത്തേണ്ടവയാണ്. എന്നാൽ ബാഹ്യ ഘടകങ്ങളായ അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം എന്നിവ കാരണം

നിശ്ചിത ഗുണനിലവാരവ്യതിയാനം വരുന്നതായി കാണപ്പെടുന്നുണ്ട്. മൊത്തം പരിശോധനയ്ക്കെടുക്കുന്ന സാമ്പിളുകളുടെ 5 ശതമാനത്തിൽ താഴെ മാത്രമാണ് ഇപ്രകാരമുള്ള വ്യതിയാനങ്ങൾ. ഇത്തരം സന്ദർഭങ്ങളിൽ വ്യതിയാനങ്ങൾക്കുള്ള കാരണം കണ്ടുപിടിച്ച് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുക എന്നതാണ് നിയമം അനുശാസിക്കുന്നത്. ഇത് വകുപ്പ് പാലിക്കുന്നുണ്ട്. എന്നാൽ മനഃപ്പൂർവ്വമായി ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ വ്യാപകമായി നിർമ്മിച്ച് വിതരണം ചെയ്യുന്നതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒറ്റപ്പെട്ട സംഭവങ്ങൾക്കെതിരെ കേന്ദ്ര സംസ്ഥാനതലത്തിൽ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാന സർക്കാർ സ്ഥാപനമായ ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് വിവിധയിനം മരുന്നുകൾ നിർമ്മിച്ച് സർക്കാർ കമ്പനിയായ കെ.എം.എസ്.സി.എൽ. വഴി സർക്കാർ ആശുപത്രികളിലൂടെ വിതരണം നടത്തുന്നുണ്ട്. കൂടാതെ കെ.എം.എസ്.സി.എൽ.-ന്റെ കീഴിലുള്ള കാരുണ്യ ഫാർമസി, സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനുകീഴിലുള്ള സപ്ലൈകോ, മാവേലി മെഡിക്കൽ ഷോപ്പുകൾ, കൺസ്യൂമർ ഫെഡിനുകീഴിലുള്ള നീതി മെഡിക്കൽ സ്റ്റോറുകൾ എന്നീ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ വഴിയും മരുന്നുകളുടെ ചില്ലറ വിൽപ്പന നടത്തിവരുന്നുണ്ട്. കൂടാതെ കേന്ദ്ര-സർക്കാരിന്റെ പദ്ധതിയായ ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകൾ വഴി സർക്കാർ മരുന്ന് നിർമ്മാണ കമ്പനികളായ രാജസ്ഥാൻ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, കർണ്ണാടക ആന്റി ബയോട്ടിക്സ് എന്നിവയുടെ ജനറിക് ഔഷധങ്ങൾ സംസ്ഥാനത്ത് വിപണനം നടത്തുന്നുണ്ട്. ഇപ്രകാരം വിപണനം നടത്തുന്ന മരുന്നുകളുടെ പേരുവിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി&ഡി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വിവിധ ബ്രാൻഡഡ് മരുന്നുകളും അവയുടെ വിവിധ ബാച്ചുകളും സംബന്ധിച്ച വ്യക്തമായ കണക്കുകൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ലഭ്യമല്ല. എന്നാൽ ആധികാരികമല്ലാത്ത കണക്കുകൾ പ്രകാരം കേന്ദ്ര സർക്കാർ ഏകദേശം രണ്ടായിരത്തോളം മരുന്നുകളും കോമ്പിനേഷനുകളും അംഗീകരിച്ചു നൽകിയിട്ടുണ്ട്.

നിലവിൽ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന രണ്ട് മരുന്ന് പരിശോധനാ ലബോറട്ടറികളാണുള്ളത്. ഇവിടെ പ്രതിവർഷം എണ്ണായിരത്തോളം സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാകുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ഗുണനിലവാര പരിശോധനാ കണക്കുകൾ പ്രകാരം ഗുണനിലവാരമില്ലാത്ത

മരുന്നുകൾ 5 ശതമാനത്തിൽ താഴെമാത്രമാണ്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ രാജ്യത്ത് നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണ്. മരുന്ന് പരിശോധന സംവിധാനം വിപുലപ്പെടുത്തുന്നതിനായി പുതിയ ലബോറട്ടറികൾ (തൃശ്ശൂർ, കോന്നി, കോഴിക്കോട്) നിലവിൽ വരുന്നതിലേയ്ക്കായുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. ഇങ്ങനെ മരുന്നുപരിശോധനാ ലാബുകളുടെ എണ്ണം അഞ്ച് ആകുന്നതോടുകൂടി കേരളാ വിപണിയിൽ വിറ്റഴിക്കുന്ന ആകെ ബ്രാൻഡുകളുടെ ഏകദേശം പത്ത് ശതമാനം സാമ്പിളുകളുടെയെങ്കിലും ഗുണനിലവാര പരിശോധന നടത്താമെന്നാണ് പ്രതീക്ഷ.

(ഇ) കർശനമായ നിയന്ത്രണ പ്രക്രിയകളിലൂടെ മാത്രമേ നിലവിലുള്ള നിയമവ്യവസ്ഥകളിൽ വിപണിയിൽ മരുന്ന് ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. എല്ലാ സംസ്ഥാനങ്ങളിലെയും ഡ്രഗ്സ് കൺട്രോൾ വകുപ്പുകളും കേന്ദ്ര ഏജൻസിയായ സി.ഡി.എസ്.സി.-ഒ.-യും ചേർന്നാണ് ആയത് കർശനമായി നടപ്പിലാക്കിവരുന്നത്. ഇപ്രകാരം വിപണിയിൽ എത്തുന്ന മരുന്നുകളുടെ റാൻഡം സാംബ്ലിംഗ് മാത്രമാണ് കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്നത് 10 മുതൽ 13 വരെയുള്ള ഗുണനിലവാര മാനദണ്ഡങ്ങൾക്ക് വിധേയമാക്കിയാണ് മരുന്നിന്റെ ഗുണനിലവാരം രേഖപ്പെടുത്തുന്നത്. ഇത് ലോകത്തെമ്പാടും അനുശാസിച്ചുവരുന്ന പ്രക്രിയയാണ്. ഇതുതന്നെയാണ് ഇവിടെയും സ്വീകരിച്ചുവരുന്നത്. വിപണിയിലെത്തുന്ന എല്ലാ ബാച്ചുകളുടെയും ഗുണനിലവാരം പ്രത്യേകം പ്രത്യേകമായി പരിശോധിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നത് തികച്ചും അപ്രാപ്യമായ കാര്യമാണ്.

**ആന്റിബയോട്ടിക് മരുന്നുകളുടെ വിൽപ്പന**

319 (343) <u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡോക്ടർമാരുടെ കുറിപ്പടികളില്ലാതെയും അശാസ്ത്രീയമായും ആന്റിബയോട്ടിക് മരുന്നുകൾ വിൽക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണതയ്ക്കെതിരെ കേന്ദ്ര ഡ്രഗ്സ് സ്റ്റാർഡേർഡ്സ് കൺട്രോൾ ഓർഗനൈസേഷൻ മുന്നറിയിപ്പ് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജാഗ്രതാ നിർദ്ദേശം നൽകാനും പരിശോധനകൾ നടത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇവയുടെ ദുരുപയോഗം തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇതിൻപ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആന്റിബയോട്ടിക്കുകളുടെ വിൽപ്പനയിൽ കർശന നിരീക്ഷണം നടത്തിവരുന്നുണ്ട്. ഡോക്ടറുടെ കുറിപ്പടിയില്ലാതെ മരുന്നുകൾ വിൽക്കാൻ പാടില്ലെന്ന് കർശന നിർദ്ദേശവും വ്യാപാരികൾക്ക് നൽകിയിട്ടുണ്ട്. ഇത് ലംഘിക്കുന്നവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) സെഫലോസ്പോറിൻ വിഭാഗത്തിൽ വരുന്ന ആന്റിബയോട്ടിക്കുകളെ ഷെഡ്യൂൾ എച്ച്1 പട്ടികയിൽ ഉൾപ്പെടുത്തുകയും ഇവയുടെ വിൽപ്പന വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിലേക്കായി പ്രത്യേക രജിസ്റ്റർ മരുന്ന് വ്യാപാരികൾ സൂക്ഷിക്കേണ്ടതുമാണ്. ഇതുസംബന്ധിച്ച ഭേദഗതികൾ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. മത്സ്യ മാംസ ഉപയോഗത്തിലൂടെ ഇത്തരം ആന്റിബയോട്ടിക്കുകളുടെ റെസിസ്റ്റൻസ് തടയുന്നതിലേക്കായി വെറ്ററിനറി ഉപയോഗത്തിനായുള്ള ആന്റിബയോട്ടിക്കുകളിൽ withdrawal period പ്രതിപാദിക്കുന്നതിലേയ്ക്കും CDSCO (Central Drugs Standard Control Organisation) കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കുന്നുണ്ടോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള ഷെഡ്യൂൾ/ എച്ച്, എച്ച്. 14 മരുന്നുകൾ ഡോക്ടറുടെ കുറിപ്പടി പ്രകാരമല്ലാതെ വിൽപ്പന നടത്തുന്നതല്ലെന്ന മുന്നറിയിപ്പും എല്ലാ ഔഷധ വ്യാപാര സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുവാൻ വകുപ്പ് വ്യാപാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമം ലംഘിക്കുന്നവർക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

## ഹോമിയോ ഡിസ്പെൻസറികൾ

320 (344) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഹോമിയോ ഡിസ്പെൻസറികളില്ലാത്ത മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി, ചൂണ്ടൽ പഞ്ചായത്തുകളിലും, തൈക്കാട് എന്ന സ്ഥലത്തും പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ കെട്ടിടം, അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ എന്നിവ നൽകാൻ സന്നദ്ധമാണെന്നുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനം സഹിതം അപേക്ഷ ബന്ധപ്പെട്ട അധികാരി മുഖേന ലഭിക്കുന്ന അവസരത്തിൽ വാർഷിക പദ്ധതികളുടെ ശിപാർശയ്ക്ക് വിധേയമായി ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) ഇതുസംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

## പൊല്യൂഷൻ കൺട്രോൾ ബോർഡ്

321 (345) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന് എത്ര ആഫീസുകളുണ്ട്; ഇതിൽ എത്ര ജീവനക്കാരുണ്ട് ;

(ബി) പൊല്യൂഷൻ കൺട്രോൾ ബോർഡിൽ പൊതുജനങ്ങൾക്ക് പരാതി നൽകാൻ സംവിധാനങ്ങൾ ഉണ്ടോ ; ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്തുമോ ;

(സി) ബോർഡിന് ലഭ്യമാകുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുവാൻ നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന് നിലവിൽ 20 ആഫീസുകളാണുള്ളത്. എറണാകുളം ജില്ല ഒഴികെ മറ്റ് എല്ലാ ജില്ലകളിലും ഓരോ ജില്ലാ കാര്യാലയംവീതം പ്രവർത്തിച്ചുവരുന്നു. എറണാകുളം ജില്ലയിൽ ബോർഡിന് മൂന്ന് ജില്ലാ കാര്യാലയങ്ങളുണ്ട്. മേൽപ്പറഞ്ഞ 16 ജില്ലാ ഓഫീസുകൾ കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോ മേഖലാ കാര്യാലയങ്ങൾകൂടിയുണ്ട്. കൂടാതെ, തലസ്ഥാന ജില്ലയായ തിരുവനന്തപുരത്ത് ബോർഡിന്റെ കേന്ദ്ര കാര്യാലയം പ്രവർത്തിച്ചുവരുന്നു.

3-10-2016-ലെ സ.ഉ.(കൈ) നമ്പർ 08/2016/പരി. ഉത്തരവുപ്രകാരം പുതുതായി അനുവദിച്ച 109 അധിക തസ്തികകൾ ഉൾപ്പെടെ നിലവിൽ ബോർഡിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ (എഞ്ചിനീയറിംഗ്, സയന്റിഫിക്, അഡ്മിനിസ്ട്രേറ്റീവ് തസ്തികകൾ ഉൾപ്പെടെയുള്ള സാംഗ്ഷൺഡ് പോസ്റ്റ്) 429 എണ്ണമാണ്.

(ബി) മലിനീകരണ നിയന്ത്രണ ബോർഡിൽ പൊതുജനങ്ങൾക്ക് തപാൽ വഴിയോ, നേരിട്ട് കാര്യാലയങ്ങൾ വഴിയോ, ബോർഡിന്റെ വെബ്സൈറ്റുവഴി ഓൺലൈനായോ പരാതി നൽകുന്നതിന് സൗകര്യമുണ്ട്. മൊബൈൽ ആപ്ലിക്കേഷൻവഴി പരാതികൾ സമർപ്പിക്കുന്നതിനും നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) ബോർഡിലെ ഉദ്യോഗസ്ഥരുടെ എണ്ണത്തിലുള്ള പരിമിതി മറികടക്കുന്നതിനായി സർക്കാർ അനുവദിച്ച അധിക തസ്തികകളിലേയ്ക്കുള്ള താൽക്കാലിക നിയമനം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ടി നിയമനം ആകുന്നതോടെ ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പരാതികൾ സമയബന്ധിതമായി അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നതാണെന്ന് വിലയിരുത്തുന്നു.

**സൗജന്യ ചികിത്സാ സൗകര്യവും ക്ഷേമ പെൻഷനും**

322 (346) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിതർ എത്രയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവർക്ക് സൗജന്യ ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) ഇവരിൽ എത്ര പേർക്ക് ക്ഷേമ പെൻഷൻ ലഭിക്കാൻ അർഹതയുണ്ട് ;

(ഡി) എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ടെന്നും എന്നു വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ടെന്നും കുടിശ്ശിക എന്ന് നൽകാനാവുമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 2017 ജനുവരി വരെ 29444 പേർ ഉണ്ട്.

(ബി) സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകൾ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്), 5 ജില്ലാ ആശുപത്രികൾ ( പാലക്കാട്, കാസർഗോഡ്, കണ്ണൂർ, കൊല്ലം, എറണാകുളം) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന എ.ആർ.ടി. കേന്ദ്രങ്ങളിൽ (ഉഷസ്സ്) രജിസ്റ്റർ ചെയ്യുന്ന എച്ച്.ഐ.വി. അണുബാധിതർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്.

(സി) എ.ആർ.ടി. ക്ലിനിക്കുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ജീവിച്ചിരിക്കുന്ന എല്ലാപേർക്കും ധനസഹായത്തിന് അർഹതയുണ്ട്. 6378 അപേക്ഷകരാണ് നിലവിൽ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

(ഡി) 2017 ജനുവരി മാസം വരെ 6378 അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. നിലവിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ ധനസഹായം നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ 1,73,55,120 രൂപ ഉപയോഗിച്ച് 2014 ഡിസംബർ മാസം വരെയുള്ള 4338 അപേക്ഷകർക്ക് 2015 ഏപ്രിൽ മാസം വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. 2015 ജനുവരി മുതൽ നവംബർ വരെയുള്ള കാലയളവിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള 873 അപേക്ഷകർക്ക് 2015 ഡിസംബർ മാസം വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 26,44,880 രൂപ 2643 പേർക്ക് 2015 മേയ് മാസം വരെയുള്ള കുടിശ്ശിക തുകയായി നൽകിവരുന്നു.

**ക്രഷ് ജീവനക്കാർ**

323 (347) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്രഷ് ജീവനക്കാരുണ്ട്; നിലവിൽ ഇവരുടെ വേതനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കാമോ; വേതന വർദ്ധനവ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം ഇവരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**വിഭിന്നശേഷിയുള്ള കുട്ടികളുടെ സമഗ്ര വികസനം**

324 (348) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഭിന്നശേഷിയുള്ള കുട്ടികളുടെ സമഗ്ര വികാസത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പുമുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. അംഗപരിമിതരായ/ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.
2. ബുദ്ധിവൈകല്യമുള്ള നാലിനും പതിനാറിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് സംരക്ഷണവും ശുശ്രൂഷയും വിദ്യാഭ്യാസവും നൽകുന്നതിന് കോഴിക്കോട് ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC) എന്ന സ്ഥാപനം പ്രവർത്തിക്കുന്നു.
3. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ SPACE, Sradha Charitable Society എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകിവരുന്നു.

വൈകല്യമുള്ള വ്യക്തികളുടെ അവകാശം സംരക്ഷിച്ചുകൊണ്ട് അംഗപരിമിത മേഖലയിൽ പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ പുനരധിവാസം വരെയുള്ള സമഗ്ര ജീവചക്ര സമീപനം സ്വീകരിച്ച് അനുയാത്ര എന്ന ക്യാമ്പയിന് സർക്കാർ തുടക്കം കുറിക്കുകയാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ Right of Persons with Disabilities Act, 2016-ന്റെ കീഴിൽ വരുന്ന വൈകല്യങ്ങൾകൂടി ഉൾപ്പെടുത്തി വൈകല്യം പ്രതിരോധിക്കാനും ആവശ്യമായ ഇടപെടലുകൾ നടത്താനും ലക്ഷ്യമിടുന്നു. അനുയാത്രാ ക്യാമ്പയിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ഒരു ഡസൻ പദ്ധതികളാണ് നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. മിഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വികലാംഗ പെൻഷൻ**

325 (349) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്രമാസത്തെ വികലാംഗ ക്ഷേമ പെൻഷൻ കുടിശ്ശിക ഇനിയും കൊടുത്തുതീർക്കാനുണ്ട്; ഇവ എന്നത്തേയ്ക്ക് കൊടുത്തുതീർക്കും എന്നറിയിക്കാമോ;

(ബി) ആശ്വാസകിരണം പദ്ധതിപ്രകാരം എത്ര ആളുകൾക്ക് സംസ്ഥാനത്ത് പെൻഷൻ കിട്ടുന്നുണ്ട് എന്നറിയിക്കാമോ; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം പെൻഷന് നൽകിയ എത്ര അപേക്ഷകൾ പരിഗണിക്കാതെ കിടക്കുന്നു ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഈ അപേക്ഷകൾ എന്നത്തേക്ക് തീർപ്പ് കൽപ്പിക്കും എന്നറിയിക്കാമോ?

ഉത്തരം

(എ) 2016 ജൂലൈ മാസം നടത്തിയ പെൻഷൻ സർവ്വേയിൽ ഉൾപ്പെടാത്തവർ ഒഴികെ മുഴുവൻ ഗുണഭോക്താക്കളുടെയും പെൻഷൻ കുടിശ്ശിക ഉൾപ്പെടെ 2016 ഡിസംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ സർവ്വേയിൽ ഉൾപ്പെടാത്തവരും 2016 നവംബർ, ഡിസംബർ മാസങ്ങളിൽ സത്യപ്രസ്താവനാ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തവരുമായ ഗുണഭോക്താക്കൾക്ക് കുടിശ്ശിക ഉൾപ്പെടെ ഡിസംബർ 2016 വരെയുള്ള തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) ആശ്വാസകിരണം പദ്ധതിപ്രകാരം സംസ്ഥാനത്ത് 80500 പേർക്ക് ധനസഹായം നൽകുന്നുണ്ട്. ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 10772 |
| 2 | കൊല്ലം | 5936 |
| 3 | പത്തനംതിട്ട | 5311 |
| 4 | ആലപ്പുഴ | 1707 |
| 5 | ഇടുക്കി | 1528 |
| 6 | എറണാകുളം | 6452 |
| 7 | കോട്ടയം | 3745 |
| 8 | തൃശ്ശൂർ | 5340 |
| 9 | മലപ്പുറം | 13826 |
| 10 | പാലക്കാട് | 6864 |
| 11 | കോഴിക്കോട് | 11328 |
| 12 | വയനാട് | 857 |
| 13 | കണ്ണൂർ | 5727 |
| 14 | കാസർഗോഡ് | 1107 |
| | ആകെ | 80,500 |

(സി) ആശ്വാസകിരണം പദ്ധതിപ്രകാരം ധനസഹായത്തിന് ലഭ്യമായ 10814 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. അപേക്ഷയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1400 |
| 2 | കൊല്ലം | 1112 |
| 3 | പത്തനംതിട്ട | 556 |
| 4 | ആലപ്പുഴ | 780 |
| 5 | ഇടുക്കി | 553 |
| 6 | എറണാകുളം | 900 |
| 7 | കോട്ടയം | 323 |
| 8 | തൃശ്ശൂർ | 467 |
| 9 | മലപ്പുറം | 1004 |
| 10 | പാലക്കാട് | 1102 |
| 11 | കോഴിക്കോട് | 1200 |
| 12 | വയനാട് | 124 |
| 13 | കണ്ണൂർ | 1197 |
| 14 | കാസർഗോഡ് | 96 |
| | ആകെ | 10,814 |

ടി അപേക്ഷകൾ 2017 ഏപ്രിൽ 30-ഓടെ തീർപ്പാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## ത്രീവീലർ സ്കൂട്ടർ

326 (350) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടം പൊളിക്കുന്നതിനിടെ വീണ് പരിക്കുപറ്റി കാലുകൾക്ക് ചലനശേഷി നഷ്ടപ്പെട്ട വ്യക്തിക്ക് ത്രീവീലർ സ്കൂട്ടർ അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീമതി ചന്ദ്രലേഖാ ബിനു, മണ്ണയ്ക്കനാട്, മരങ്ങാട്ടുപള്ളി മുൻ സാമൂഹ്യ ക്ഷേമ വകുപ്പു മന്ത്രിക്ക് നൽകിയതും കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയതുമായ പെറ്റീഷനിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ബി) ഈ പെറ്റീഷനിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ 2015 ജൂൺ മാസം വരെ വികലാംഗക്ഷേമ കോർപ്പറേഷന്റെ നിർദ്ദിഷ്ട അപേക്ഷാ ഫോമിൽ അപേക്ഷിച്ചവരെയാണ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ശ്രീമതി ചന്ദ്രലേഖാ ബിനുവിന്റെ അപേക്ഷ കൈമാറി ലഭിച്ചത് 6-8-2015-നാണ്. വൈകല്യം സംബന്ധിച്ചതും വരുമാനം സംബന്ധിച്ചതുമായ സർട്ടിഫിക്കറ്റുകൾ ഉൾക്കൊള്ളുന്ന പ്രത്യേക ഫോറം സ്കൂട്ടർ വിതരണ പദ്ധതിക്കായി നിഷ്കർഷിച്ചിട്ടുള്ളതിനാൽ 19-8-2015-ന് ടിയാൾക്ക് ടി അപേക്ഷാ ഫോറം അയച്ചുകൊടുത്തിട്ടുള്ളതാണ്. എന്നാൽ ടിയാന്റെ ഭാഗത്തുനിന്നും ഒരു പ്രതികരണവും ഉണ്ടായില്ല. എന്നിരുന്നാലും ടിയാന് ഒരിക്കൽക്കൂടി അപേക്ഷാ ഫോറം അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) തീർപ്പുകൽപ്പിച്ചിട്ടില്ല.

(സി) വൈകല്യം, വരുമാനം എന്നിവ സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ ഉൾക്കൊള്ളുന്ന അപേക്ഷ ടിയാളിൽനിന്നും ലഭിച്ചിട്ടില്ല.

## ധനസഹായം

327 (351) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ അംഗീകൃത അനാഥാലയങ്ങൾക്കും അഗതി മന്ദിരങ്ങൾക്കും നൽകുന്ന ധനസഹായം എത്രയാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനസഹായത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷനുകൾ സമയബന്ധിതമായി നൽകുന്നതിന് നടപടിക്രമങ്ങളിൽ എന്തെല്ലാം ഭേദഗതികൾ വരുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അംഗീകൃത അനാഥാലയങ്ങളിലെയും അഗതിമന്ദിരങ്ങളിലെയും ഒരു അന്തേവാസിക്ക് പ്രതിമാസം 1,000 രൂപ നിരക്കിൽ ഗ്രാന്റ് നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനസഹായത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങൾ**

328 (352) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ അംഗീകൃത സർക്കാരിതര സംഘടനകളുടെ സേവനം കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ പൂർണ്ണമായ ശ്രദ്ധയും നിരീക്ഷണവും ആവശ്യമായ ഇത്തരം സ്ഥാപനങ്ങളുടെ നേരിട്ടുള്ള പ്രവർത്തനങ്ങളിൽ എൻ.ജി.ഒ.-കളുടെ സഹകരണം സംബന്ധിച്ച് നിരീക്ഷണം വേണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) അനാഥരും മാതാപിതാക്കളുടെ സംരക്ഷണമില്ലാതെ കഴിയുന്നതുമായ കുട്ടികളുടെ സംരക്ഷണവും സുരക്ഷയും ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിൽ ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സാമൂഹ്യനീതി വകുപ്പിന് കീഴിൽ എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ മാത്രമാണ് പെൺകുട്ടികൾക്ക് വേണ്ടിയുള്ള ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. മറ്റു ജില്ലകളിലും പെൺകുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ ആരംഭിക്കണമെന്ന് ബഹു. ഹൈക്കോടതിയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും നിരന്തരം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ 21-1-2017-ന് നടന്ന ഐ.സി.പി.എസ്.-ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പെൺകുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കാത്ത ജില്ലകളിൽ അംഗീകൃത സർക്കാരിതര സംഘടനകളുടെ സഹായത്തോടുകൂടി

ഐ.സി.പി.എസ്. ഗൈഡ്‌ലൈൻ പ്രകാരം സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് തയ്യാറുള്ള എൻ.ജി.ഒ.-മാരിൽനിന്നും അപേക്ഷ സ്വീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

(ബി) ഉണ്ട്. സർക്കാരിന്റെ പൂർണ്ണമായ ശ്രദ്ധയും നിരീക്ഷണവും ആവശ്യമായ ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിൽ എൻ.ജി.ഒ.-കളുടെ സഹകരണം ലഭ്യമാക്കുമ്പോൾ സാമൂഹ്യനീതി വകുപ്പിന്റെ കൃത്യമായ നിരീക്ഷണം ഉറപ്പുവരുത്തും. എൻ.ജി.ഒ.-കളുടെ പ്രവർത്തനം ഐ.സി.പി.എസ്. തലത്തിലും ഐ.സി.പി.എസ്.-ന്റെ ജില്ലാഘടകമായ ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് തലത്തിലും നിരീക്ഷിക്കുന്നതാണ്.

(സി) സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോമുകളിൽ സംരക്ഷിക്കുന്ന അനാഥരും മാതാപിതാക്കളുടെ സംരക്ഷണമില്ലാതെ കഴിയുന്നതുമായ കുട്ടികൾക്കുവേണ്ടി ഐ.സി.പി.എസ്. ഗൈഡ്‌ലൈൻ പ്രകാരം ഒരു കുട്ടിക്ക് പ്രതിമാസം ആഹാരത്തിനും വസ്ത്രങ്ങൾക്കും മരുന്നിനും മറ്റുമായി 2000 രൂപ നിരക്കിൽ അനുവദിക്കുകയും കൂടാതെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും വിനോദത്തിനും ഐ.സി.പി.എസ്.-ന്റെ സ്റ്റേറ്റ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് വരികയും ഐ.സി.പി.എസ്.-ന്റെ ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ പദ്ധതി പ്രകാരം പല ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെയും കുട്ടികൾ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുകയും ചെയ്യുന്നു. കൂടാതെ കുട്ടികളുടെ സൈക്കോളജിക്കൽ അസസ്മെന്റ് നടത്തുന്നതിന് സൈക്കോളജിസ്റ്റിന്റെയും പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിന് എഡ്യൂക്കേറ്ററുടെയും കലാകായിക പരിശീലനങ്ങൾ നൽകുന്നതിന് വിവിധ പരിശീലകരുടെയും സേവനങ്ങൾ നൽകി വരുന്നു.

## വർദ്ധിപ്പിച്ച ഓണറേറിയം

329 (353) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കണവാടി വർക്കർ-ഹെൽപ്പർ തുടങ്ങിയ തസ്തികകളിൽ വർദ്ധിപ്പിച്ച ഓണറേറിയം തുക പല പഞ്ചായത്തുകളിലും നൽകുന്നില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്ക് അടിയന്തരമായി ഓണറേറിയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപന വിഹിതം അങ്കണവാടി ജീവനക്കാർക്ക് കൃത്യമായി ലഭ്യമാക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളോട് ആയത് എത്രയുംവേഗം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## മുതിർന്ന പൗരന്മാരുടെ സുരക്ഷയും ക്ഷേമവും

330 (354) ശ്രീ. മഞ്ഞളാംകുഴി അലി :

ഡോ. എം. കെ. മുനീർ :

ശ്രീ. അബ്ദുൽ ഹമീദ് പി. :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ സുരക്ഷയും ക്ഷേമവും മുൻനിർത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) അവർക്കായി നടപ്പാക്കിയിരുന്ന പദ്ധതികളിൽ പലതും നിന്നു പോവുകയോ, ഫലപ്രദമാവാതിരിക്കുകയോ ആണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാർദ്ധക്യത്തിന്റെ അവശതകളും, അരക്ഷിതബോധവും പേറി ജീവിക്കേണ്ടിവരുന്ന മുതിർന്ന പൗരന്മാർക്കായി നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇവർക്ക് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും മുൻനിറുത്തി നിരാലംബരും നിരാശ്രയരുമായ വയോജനങ്ങളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ ഗ്രാന്റ് സ്വീകരിച്ച് 300-ഓളം സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകിവരുന്നു. ഒരു അന്തേവാസിക്കുവേണ്ടി പ്രതിമാസം 2000 രൂപ ഭക്ഷണത്തിനും 1000 രൂപ മരുന്നിനും 200 രൂപ കോസ്മെറ്റിക്സിനും, പ്രതിവർഷം 2000 രൂപ വസ്ത്രത്തിനും 1500 രൂപ റിക്രിയേഷൻ/ ടൂർ എന്നിവയ്ക്കും ഹെയർകട്ടിംഗിന് 600 രൂപയും കണ്ടിൻജൻസീസിന് 10,000 രൂപയും നല്കി വരുന്നു.

കൂടാതെ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വയോജനങ്ങൾക്കായി വയോമിത്രം പദ്ധതിയിലൂടെ സൗജന്യ വൈദ്യസഹായവും മരുന്നും വയോജനങ്ങൾക്ക് അവരുടെ സൗകര്യാർത്ഥം എത്തിക്കുന്നതിനായി മൊബൈൽ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.

പല്ലുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവരോ കേടുപാടുകൾ വന്ന പല്ലുകൾ മാറ്റിവയ്ക്കേണ്ട അവസ്ഥയിലുള്ളവരോ ആയ ബി.പി.എൽ. വിഭാഗത്തിലുള്ള വയോജനങ്ങൾക്ക് കൃത്രിമ പല്ലുകൾ വയ്ക്കുന്നതിന് മന്ദഹാസം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹകരണത്തോടെ വയോ അമൃതം എന്ന പദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

60 വയസ്സ് കഴിഞ്ഞവർക്ക് വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ വാർദ്ധക്യകാല പെൻഷൻ നൽകിവരുന്നുണ്ട്. 60 വയസ്സ് കഴിഞ്ഞവർക്ക് 1000 രൂപയും 75 വയസ്സ് കഴിഞ്ഞവർക്ക് 1500 രൂപയുമാണ് നിലവിൽ പെൻഷനായി നൽകിവരുന്നത്. തിരുവനന്തപുരം ജില്ലയിലെ രണ്ട് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് മ്യൂസിക് തെറാപ്പി നൽകിവരുന്നു.

ആരോഗ്യ വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃദ വാർഡുകൾ പണിയുന്നതിനും എല്ലാ താലൂക്ക് ആശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങൾ പണിയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാനസികാരോഗ്യ പരിചരണത്തിനായി എല്ലാ ജില്ലകളിലും മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കിവരുന്നു. രോഗനിർണ്ണയം, മരുന്ന് വിതരണം, കൗൺസിലിംഗ്, പകൽവീട് എന്നീ സേവനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) നിലവിലുള്ള പദ്ധതികളെല്ലാം തന്നെ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്.

കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ഓരോ പഞ്ചായത്തിലെയും വയോജനങ്ങൾക്ക് സമ്പൂർണ്ണ സംരക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ വയോജന സൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കി വരുന്നു.

**അങ്കണവാടികൾ**

331 (355) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ അങ്കണവാടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇവയിൽ സ്വന്തമായി സ്ഥലം, കെട്ടിടം എന്നിവ ഉള്ളവ ഏതെന്നും ഇല്ലാത്തവ ഏതെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിൽ ആകെ വരുന്ന അങ്കണവാടികളിലെ കുട്ടികളുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ ആകെ 241 അങ്കണവാടികളാണുള്ളത്. ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | ചുനക്കര | 22 |
| 2 | നൂറനാട് | 29 |
| 3 | പാലമേൽ | 30 |
| 4 | താമരക്കുളം | 27 |
| 5 | വള്ളികുന്നം | 30 |
| 6 | തടക്കര | 43 |
| 7 | തെക്കേക്കര | 32 |
| 8 | മാവേലിക്കര മുനിസിപ്പാലിറ്റി | 28 |
| | ആകെ | 241 |

(ബി) ഇവയിൽ സ്വന്തമായി സ്ഥലം, കെട്ടിടം എന്നിവയുള്ളതും ഇല്ലാത്തതുമായ അങ്കണവാടികളുടെ വിവരം പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | സ്വന്തമായി കെട്ടിടം ഉള്ളത് | സ്വന്തമായി കെട്ടിടം ഇല്ലാത്തത് | സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്തത് |
|---|---|---|---|
| ചുനക്കര | 13 | 8 | 1 |
| നൂറനാട് | 14 | 11 | 4 |
| പാലമേൽ | 20 | 10 | - |
| താമരക്കുളം | 17 | 10 | - |
| വള്ളികുന്നം | 12 | 14 | 4 |
| തടക്കര | 8 | 35 | - |
| തെക്കേക്കര | 11 | 21 | - |
| മാവേലിക്കര മുനിസിപ്പാലിറ്റി | 3 | 22 | 3 |
| ആകെ | 98 | 131 | 12 |

(സി) മാവേലിക്കര മണ്ഡലത്തിൽ ആകെ 1954 കുട്ടികളാണുള്ളത്.

## അങ്കണവാടികളെ ശക്തിപ്പെടുത്തൽ

332 (356) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളെ ശക്തിപ്പെടുത്തുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) അങ്കണവാടികളിലൂടെ എന്തെല്ലാം സേവനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) അങ്കണവാടികളെ ശക്തിപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

1. സ്വന്തമായി കെട്ടിടവും സ്ഥലവുമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്താനും കെട്ടിട നിർമ്മാണത്തിനുമുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.
2. മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം.
3. വർഷത്തിൽ രണ്ടുതവണ അങ്കണവാടി പ്രവേശനോത്സവം സംഘടിപ്പിക്കുന്നു.
4. അങ്കണവാടികളിൽ സമഗ്രമാറ്റം കൊണ്ടുവരുന്നതിനായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളെയും സോഷ്യൽ ഓഡിറ്റിന് വിധേയ മാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
5. നിലവിലെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഡയറക്ടറേറ്റ് തലത്തിൽ പ്രത്യേക മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
6. അങ്കണവാടി ഗ്രേഡിംഗ് സംവിധാനം, തീം ചാർട്ട് അടിസ്ഥാന മാക്കിയുള്ള പ്രീ-സ്കൂൾ വിദ്യാഭ്യാസം എന്നിവ നടപ്പിലാക്കിവരുന്നു.

(ബി) അങ്കണവാടികളിലൂടെ നൽകിവരുന്ന സേവനങ്ങൾ ചുവടെ പറയുന്നതാണ് :

1. അനൗപചാരിക വിദ്യാഭ്യാസം
2. അനുപൂരക പോഷകാഹാരം
3. വളർച്ചാ നിരീക്ഷണം
4. പ്രതിരോധ കുത്തിവയ്പ്
5. ആരോഗ്യ പരിശോധന
6. പരാമർശ സേവനങ്ങൾ

## വികലാംഗരെ സ്ഥിരപ്പെടുത്തൽ

333 (357) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ചിട്ടുള്ള വികലാംഗരായ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള പുതിയ നിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(ബി) വികലാംഗയായ ശ്രീമതി ഡിജിമോൾ സി. ജെ.-യെ മാവേലിക്കര ഗവൺമെന്റ് ബോയ്സ് വൊക്കേഷണൽ സ്കൂളിൽ അദ്ധ്യാപക തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 24684/SC2/15/GEdn എന്ന ഫയൽ നമ്പർ പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ അഭിപ്രായവും നടപടിയും ആരാഞ്ഞിട്ട് നാളിതുവരെയായി ആയത് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) വികലാംഗയായ ശ്രീമതി ഡിജിമോൾ സി. ജെ.-യെ ടി സ്കൂളിൽ സ്ഥിരപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് വേണ്ടതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 16-8-99 മുതൽ 31-12-2003 വരെ താൽക്കാലികമായി നിയമനം ലഭിക്കുകയും പി.എസ്.സി. സ്ഥിരനിയമനം, അദ്ധ്യയന വർഷാവസാനം, പ്രസവാവധി എന്നീ കാരണങ്ങളാൽ 179 ദിവസം സേവനം പൂർത്തിയാക്കാൻ സാധിക്കാത്തവരുമായ അംഗപരിമിതർക്ക് പുനർനിയമനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) പരിശോധിച്ചുവരുന്നു.

## എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആശ്വാസധനം

334 (358) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് മൂന്നുമാസത്തിനകം ആശ്വാസധനം കൈമാറണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) താൽക്കാലിക ആശ്വാസം നൽകാൻ ഇനി എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) കമ്പനികളിൽനിന്നും പണം സ്വരൂപിച്ച് ദുരിതബാധിതർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ദേശീയ മനുഷ്യാവകാശ കമ്മീഷൻ 2010-ൽ എൻഡോസൾഫാൻ ദുരിതബാധിതർക്കും, മരിച്ചവരുടെ ആശ്രിതർക്കും എന്ത് തുക വീതം നൽകണമെന്നാണ് നിർദ്ദേശിച്ചിരുന്നത്; ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്രപേർക്ക് നഷ്ടപരിഹാരം ഇതിനകം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ദുരിതബാധിതർക്ക് ആശ്വാസപദ്ധതി നടപ്പിലാക്കുന്നതിന് മുൻസർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതിപ്രകാരം ഇതുവരെ എത്ര തുക അനുവദിച്ചുവെന്നും, അതിൽ എത്ര തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി എൻഡോസൾഫാൻ ദുരിതബാധിതരായിട്ടുള്ള 5848 പേരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ വിധിപ്രകാരം ദുരിതബാധിതർക്ക് 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കേണ്ടിവരുമ്പോൾ ആകെ 292.4 കോടി രൂപയാണ് വേണ്ടിവരുന്നത്. ഇതിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തതിൻപ്രകാരം അനുവദിച്ച തുക കുറയ്ക്കുമ്പോൾ ബാക്കി ധനസഹായം അനുവദിക്കുന്നതിന് 200 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ബഹു. സുപ്രീം കോടതി വിധിയിൽ നിർദ്ദേശിച്ചിരിക്കുന്നതിൻപ്രകാരം എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ധനസഹായം ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതുവരെ ധനസഹായം ലഭ്യമാകാത്ത സാഹചര്യത്തിൽ വിശദമായ കത്ത് ബഹു. മുഖ്യമന്ത്രി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട കമ്പനികളിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ബഹു. സുപ്രീംകോടതിയുടെ വിധിപ്രകാരം ദുരിതബാധിതർക്ക് 5 ലക്ഷം രൂപവീതം ധനസഹായം അനുവദിക്കേണ്ടിവരുമ്പോൾ ആകെ 292.4 കോടി രൂപയാണ് വേണ്ടിവരുന്നത്. ഇതിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തതിൻപ്രകാരം ഇതിനകം അനുവദിച്ച തുക കുറയ്ക്കുമ്പോൾ ബാക്കി ധനസഹായം അനുവദിക്കുന്നതിന് 200 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ബഹു. സുപ്രീംകോടതി വിധിയിൽ നിർദ്ദേശിച്ചിരിക്കുന്നതിൻപ്രകാരം എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട കമ്പനികളിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രത്യേക ധനസഹായം നൽകണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി ദുരിതബാധിതരായവരുടെ പട്ടിക തയ്യാറാക്കുകയും നഷ്ടപരിഹാരം അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം രണ്ടു ഗഡുക്കളായി ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ധനസഹായം അനുവദിക്കുന്നതിന് ഈ ദുരന്തത്തിന് ഉത്തരവാദിയായ പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും മൊത്തം 53.105 കോടി രൂപ ഈടാക്കിയിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിനായി മൂളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽനിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി അനുവദിച്ചു കിട്ടിയിട്ടുണ്ട്.

(ഡി) 2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രത്യേക ധനസഹായം നൽകണമെന്ന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽനിന്നും പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും എൻഡോസൾഫാൻ ദുരിതംമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യം ഉള്ളവർ, കാൻസർ രോഗികൾ എന്നിവർക്ക് മൂന്ന് ലക്ഷം രൂപ വീതവും ഗഡുക്കളായി നൽകുന്നതിനും തീരുമാനിക്കുകയും ആദ്യഗഡുവായി 45.745 കോടി രൂപയും രണ്ടാം ഗഡുവായി 44.466 കോടി രൂപയും ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ധനസഹായം അനുവദിച്ചത് സംബന്ധിച്ചുള്ള വിശദവിവരം താഴെ ചേർത്തിരിക്കുന്നു :

ആദ്യ ഗഡു അനുവദിച്ച വിവരങ്ങൾ

| നമ്പർ | കാറ്റഗറി | എണ്ണം | തുക (കോടിയിൽ) |
|---|---|---|---|
| 1 | പൂർണ്ണമായും കിടപ്പിലായവർ | 257 | 3.745 |
| 2 | ബുദ്ധിമാന്ദ്യം സംഭവിച്ചവർ | 1161 | 17.345 |
| 3 | ശാരീരിക വൈകല്യം ബാധിച്ചവർ | 985 | 9.85 |
| 4 | ക്യാൻസർ രോഗികൾ | 437 | 4.37 |
| 5 | മരണപ്പെട്ടവരുടെ ആശ്രിതർക്ക് | 709 | 10.435 |
| | ആകെ | | 45.745 |

രണ്ടാം ഗഡു അനുവദിച്ച വിവരങ്ങൾ

| നമ്പർ | കാറ്റഗറി | എണ്ണം | തുക (കോടിയിൽ) |
|---|---|---|---|
| 1 | പൂർണ്ണമായും കിടപ്പിലായവർ | 239 | 3.565 |
| 2 | ബുദ്ധിമാന്ദ്യം സംഭവിച്ചവർ | 1149 | 17.225 |
| 3 | ശാരീരിക വൈകല്യം ബാധിച്ചവർ | 966 | 9.66 |
| 4 | ക്യാൻസർ രോഗികൾ | 410 | 4.1 |
| 5 | മരണപ്പെട്ടവരുടെ ആശ്രിതർക്ക് | 671 | 9.915 |
| | ആകെ | | 44.466 |

ഇപ്രകാരം ആകെ 90.21 കോടി രൂപ പ്രത്യേക ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഇ) 8-8-2011-ൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ ക്ഷേമത്തിനായി കേന്ദ്രവിഹിതം ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ധനസഹായം ലഭ്യമായിട്ടില്ല.

**അങ്കണവാടികൾക്ക് കെട്ടിടം**

335 (359) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളുടെ കണക്ക് ലഭ്യമാണോ; എല്ലാ അങ്കണവാടികൾക്കും ഉറപ്പുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്ന തിനാവശ്യമായ പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത 8776 അങ്കണവാടികൾ പ്രവർത്തിക്കുന്നു. എല്ലാ അങ്കണവാടികൾക്കും ഉറപ്പുള്ള കെട്ടിടങ്ങൾ നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിലാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അങ്കണവാടികൾക്ക് വിവിധ പദ്ധതികളിലെ ഫണ്ട് ഉപയോഗിച്ച് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതാണ്.

**അംഗപരിമിതർക്കായുള്ള ക്ഷേമപദ്ധതികൾ**

336 (360) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കുന്നതിനായി 'അനുയാത്ര' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) വൈകല്യങ്ങൾ തടയുന്നതിനും അതിന് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുന്നതിനും സമഗ്ര ബോധവൽക്കരണ പരിപാടികളും സാമൂഹിക വിദ്യാഭ്യാസ പരിപാടികളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഓട്ടിസം ബാധിച്ച കുട്ടികൾക്കായി മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്റർ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) അംഗപരിമിതർക്കായി സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) 'അനുയാത്ര' പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്റർ സ്ഥാപിക്കുന്നതിന് 6-1-2017-ലെ G.O (Rt) No.5/2017/SJD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അംഗപരിമിതർക്ക് പ്രതിവർഷം 2 ലക്ഷം രൂപ വരെ ആരോഗ്യ പരിരക്ഷ നൽകുന്ന സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം തുകയുടെ ഗുണഭോക്തൃവിഹിതമായി 357 രൂപ ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനിക്ക് അടയ്ക്കേണ്ടതുണ്ട്. അന്ധത, കാഴ്ചക്കുറവ്, കുഷ്ഠരോഗം ചികിത്സിച്ച് മാറിയവർ, കേൾവി പ്രശ്നങ്ങൾ ഉള്ളവർ, ചലനവൈകല്യം, ബുദ്ധിമാന്ദ്യം, മാനസിക രോഗങ്ങൾ എന്നീ വിഭാഗത്തിൽപ്പെടുന്നവർക്കാണ് നിലവിൽ ഈ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്.

സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അംഗപരിമിതരുടെ ഗുണഭോക്തൃ വിഹിതമായ 357 രൂപ സർക്കാർ നേരിട്ട് ഇൻഷ്വറൻസ് കമ്പനിക്ക് അടയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യ ഘട്ടമായി ഈ വിഭാഗത്തിൽപ്പെടുന്ന ഒരു ലക്ഷം പേരുടെ വിഹിതമാണ് അടയ്ക്കുന്നത്. സംസ്ഥാന സാമൂഹ്യനീതി വകുപ്പിനുവേണ്ടി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രോജക്ടായ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ആണ് സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതി ഏകോപിപ്പിക്കുന്നത്. 2017 മാർച്ച് മാസത്തിൽ തന്നെ ഇപ്രകാരമുള്ളവരെ ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**റേഷൻ സാധനങ്ങളിലെ മായം**

337 (361) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളിൽ മായം കലർത്തുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ പശ്ചാത്തലത്തിൽ കർശനമായ പരിശോധനകൾ നടത്തുവാനും കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) റേഷൻ ഉപഭോക്താക്കൾക്ക് അനുവദിച്ച സാധനങ്ങൾ കൃത്യമായി അവർക്ക് ലഭിക്കുന്നുണ്ടോ എന്നുറപ്പ് വരുത്താൻ പ്രത്യേക അന്വേഷണ സ്ക്വാഡിനെ ഡിപ്പോ തലത്തിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, മറിച്ചു വിൽപ്പന എന്നിവ തടയുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായി പീരിയോഡിക്കൽ പരിശോധനകളും പോലീസ്, റവന്യൂ, ലീഗൽ മെട്രോളജി തുടങ്ങിയ മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ച് സംയുക്ത പരിശോധനകളും നടത്തി നിയമലംഘനം കണ്ടെത്തുന്നപക്ഷം കേരള റേഷനിംഗ് ഓർഡർ അനുസരിച്ചുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റേഷൻ സാധനങ്ങളുടെ വിതരണത്തോത്, വിലവിവരപ്പട്ടിക, സ്റ്റോക്കിന്റെ നില എന്നിവ ഉപഭോക്താക്കൾ കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കണമെന്ന് നിയമംമൂലം വ്യവസ്ഥ ചെയ്യുകയും ആയത് വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമലംഘനം കണ്ടെത്തുന്നപക്ഷം കേരള റേഷനിംഗ് ഓർഡർ അനുസരിച്ചുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ എല്ലാ പത്രമാധ്യമങ്ങളിലും ഔദ്യോഗിക വെബ്സൈറ്റിലും ഇതുസംബന്ധിച്ച് എല്ലാ മാസവും അറിയിപ്പുകൾ നൽകാറുണ്ട്. ഇത്തരത്തിൽ കാര്യക്ഷമമായ സംവിധാനം നിലവിലുണ്ട്.

**പൊതുമേഖലാ എണ്ണ കമ്പനികളുടെ പമ്പുകൾ**

338 (362) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങൾക്ക് എണ്ണ വിൽപ്പന നടത്തി ലാഭം കൊയ്യുന്ന വിവിധ പൊതുമേഖലാ എണ്ണ കമ്പനികളുടെ പമ്പുകൾ നിയമപ്രകാരം ഉപഭോക്താവിന് സൗജന്യമായി ലഭ്യമാക്കേണ്ട വായു, ജലം തുടങ്ങിയവ ലഭ്യമാക്കുന്നുണ്ടോ;

(ബി) നിയമം പാലിച്ചുകൊണ്ട് പേരിന് ലഭ്യമാണെങ്കിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 90% പമ്പുകളിലും യഥാർത്ഥത്തിൽ ഇവ ഉപഭോക്താവിന് ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതി നിലനിൽക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) ഇവയുടെ ലഭ്യത ഉറപ്പാക്കാൻ സർക്കാർ 31-1-2017 വരെ എന്തെല്ലാം നടപടികളെടുത്തു എന്ന് അറിയിക്കാമോ;

(ഡി) വ്യവസ്ഥകൾ നിലവിലുണ്ടെങ്കിലും രാത്രികാലങ്ങളിൽ ഇവ തീരെ ലഭ്യമാകാത്ത സ്ഥിതി നിലനിൽക്കുന്ന സാഹചര്യത്തിൽ ഇതിനായുള്ള പരിശോധനകൾ കർശനമാക്കുമോ?

ഉത്തരം

(എ) നിയമപ്രകാരം ഉപഭോക്താവിന് സൗജന്യമായി ലഭ്യമാക്കേണ്ട വായു, ജലം തുടങ്ങിയവ എല്ലാ എണ്ണക്കമ്പനികളുടെയും പമ്പുകളിൽ ലഭ്യമാക്കുന്നുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇക്കാര്യത്തിൽ എന്തെങ്കിലും പരാതി ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

(ബി-ഡി) എണ്ണക്കമ്പനികളും പെട്രോൾ പമ്പ് ഉടമസ്ഥരും തമ്മിലുള്ള ഉടമ്പടി പ്രകാരം എല്ലാ പമ്പുകളിലും മേൽപ്പറഞ്ഞ സൗകര്യങ്ങൾ നിർബന്ധമാക്കി യിട്ടുണ്ടെന്നും ടി സൗകര്യങ്ങൾ പെട്രോൾ പമ്പുകളിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട എണ്ണക്കമ്പനികൾ കാലാനുസൃതമായി പമ്പുകളിൽ പരിശോധന നടത്താറുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം സൗകര്യങ്ങൾ എല്ലാ പമ്പുകളിലും ഉറപ്പാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർക്ക് 6-10-2016-ലെ 877595/ഡി3/2016/ഭ.പൊ.വി.വ. നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**അരിയുടെ ഗുണനിലവാരം**

339 (363) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനമുണ്ടോ;

(ബി) ഗുണനിലവാരം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. FCI-യിലെ ക്വാളിറ്റി അഷ്വറൻസ് ഔഫീസർമാരും ഓരോ ജില്ലയിലുമുള്ള സപ്ലൈകോയുടെ ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരും അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

**റേഷൻ കാർഡ് വിതരണം**

340 (364) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് വിതരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി റേഷൻ കടകൾവഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽനിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം കരട് പട്ടിക പ്രസിദ്ധീകരിക്കുകയും കരട് പട്ടികയിന്മേലുള്ള പരാതികളും/ആക്ഷേപങ്ങളും പരിഹരിച്ച് അന്തിമ പട്ടിക പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുമുണ്ട്. ടി പട്ടിക ലഭ്യമാകുന്ന മുറയ്ക്ക് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. 2017 മാർച്ച് മാസത്തോടുകൂടി റേഷൻ കാർഡ് അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

**എ.പി.എൽ., ബി.പി.എൽ. പട്ടിക**

341 (365) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷനിംഗ് സമ്പ്രദായത്തിൽ വന്നിട്ടുള്ള വിള്ളലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിൽ ഏത് രീതിയിലുള്ള ഇടപെടലാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) പുതിയ എ.പി.എൽ., ബി.പി.എൽ. പട്ടിക രൂപീകരിക്കുന്നതിൽ വന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇളു പരിഹരിച്ച് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഈ റേഷൻ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രിതലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരമാണ് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. കരട് പട്ടികയിൽ ആക്ഷേപങ്ങളുള്ളപക്ഷം പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായുള്ള വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ പരാതി സമർപ്പിക്കാൻ അവസരം നൽകിയിരുന്നു. വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിൽ പരാതിയുള്ളപക്ഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കുവാനും അവസരം നൽകിയിരുന്നു. പരാതിക്കാരെ വെരിഫിക്കേഷൻ കമ്മിറ്റികളിലും അപ്പീൽ കമ്മിറ്റികളിലും നേർക്കാഴ്ച നടത്തിയും രേഖകൾ പരിശോധിച്ചും പരാതി തീർപ്പാക്കി അർഹമായവരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2017 മാർച്ചോടുകൂടി റേഷൻ കാർഡുകളുടെ വിതരണം ആരംഭിക്കാൻ കഴിയുംവിധം നടപടി പൂർത്തീകരിച്ചുവരുന്നു.

**ലിസ്റ്റുകളിലെ അപാകത**

342 (366) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(ബി) നിലവിലുള്ള എ.പി.എൽ./ ബി.പി.എൽ. ലിസ്റ്റുകൾ തയ്യാറാക്കിയ വർഷം ഏതെന്ന് അറിയിക്കാമോ; ആയതിലെ അപാകത പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. 2012-നാണ് നിലവിലെ ബി.പി.എൽ. പട്ടിക തദ്ദേശസ്വയംഭരണ വകുപ്പ് പ്രസിദ്ധീകരിച്ചത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി കരട് പട്ടിക പ്രസിദ്ധീകരിക്കുകയും കരട് പട്ടികയിലെ ആക്ഷേപങ്ങളും/പരാതികളും പരിഹരിച്ച് അന്തിമ പട്ടിക പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകുകയും ചെയ്തിട്ടുണ്ട്. ടി പട്ടിക ലഭ്യമാകുന്ന മുറയ്ക്ക് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും 2017 മാർച്ച് മാസത്തോടുകൂടി പുതിയ റേഷൻ കാർഡ് അച്ചടിച്ച് വിതരണം ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**വില വർദ്ധനവ്**

343 (367) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാധാരണമായ വിലവർദ്ധനവിലൂടെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) ജയ അരി, മട്ടവടി അരി തുടങ്ങി ജനങ്ങൾ കൂടുതൽ ഉപയോഗിക്കുന്ന അരിയുടെ വില കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്രശതമാനം വർദ്ധിച്ചു എന്ന് വിശദീകരിക്കാമോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) റേഷൻ കടകളിൽ പൂർണ്ണ റേഷൻ നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2017 ജനുവരി 1 മുതൽ റേഷനരിയിൽ എത്ര ശതമാനത്തിന്റെ കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് റേഷനരി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വിഭാഗത്തിന് പൂർണ്ണ റേഷൻ എന്നേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി നിലവിലുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 20 മുതൽ 60 ശതമാനം വരെ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപ്പനശാലകൾവഴി വിതരണം ചെയ്യുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യസാധനങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി'

ബ്രാൻഡിൽ വിവിധ ഉൽപ്പന്നങ്ങൾ കർശന ഗുണനിലവാര പരിശോധയ്ക്കുശേഷം പൊതു വിപണി വിലയേക്കാൾ 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. വില വർദ്ധനവ് തടയുന്നതിനായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും അരിക്കട ഫെയറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിലും നോൺ സബ്സിഡി ഇനത്തിലുമായി എല്ലാത്തരം അരിയിനങ്ങളും വിതരണം ചെയ്യുന്നുമുണ്ട്. അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയതിലൂടെ കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, ഊഹക്കച്ചവടം എന്നിവമൂലമുള്ള കൃത്രിമ ക്ഷമാത്തിനും കൃത്രിമ വിലക്കയറ്റത്തിനുമുള്ള സാദ്ധ്യത ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണങ്ങൾ മനസ്സിലാക്കി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താനായി സിവിൽ സപ്ലൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെയും വ്യാപാര പ്രതിനിധികളുടെയും യോഗങ്ങൾ 2016 ജൂൺ ആഗസ്റ്റ് മാസങ്ങളിലായി ചേർന്നു.

അരിയുടെ പൂഴ്ത്തിവെയ്പ്പ്, കരിഞ്ചന്ത, വിലക്കയറ്റം എന്നിവ തടയുന്നതിന് ജില്ലാതലത്തിൽ വ്യാപാരികളുടെ യോഗങ്ങൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്നതിന് ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ ധാന്യങ്ങളുടെ വില ശരാശരിയിൽ കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്തുകയും കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ജയ അരിയുടെ പ്രത്യേക ബ്രാൻഡായ ആന്ധ്ര ജയ അരിക്ക് 20 ശതമാനവും മട്ടവടി അരിക്ക് 14 ശതമാനവും വർദ്ധനവുണ്ടായിട്ടുണ്ട്. വിലവർദ്ധനവ് തടയുന്നതിനും അരി ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി FCI-ൽ നിന്നും ഇ-ഓക്ഷൻ മുഖേന പുഴക്കലരി, പച്ചരി എന്നിവ സംഭരിച്ച് യഥാക്രമം 25 രൂപ, 23 രൂപ എന്നീ ക്രമത്തിൽ വിതരണം നടത്തുന്നു. ഓയിൽ പാം ഇന്ത്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി 33 രൂപയ്ക്ക് വിപണനം നടത്തുന്നുണ്ട്. കൂടാതെ അരി വില പിടിച്ചുനിർത്തുന്നതിന് പ്രത്യേകം അരിക്കടകളും തുറന്നിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2016 ജൂലൈ മുതൽ ഭക്ഷ്യധാന്യങ്ങളുടെ പ്രതിവർഷ കേന്ദ്ര അലോട്ട്മെന്റിന്റെ 22 ശതമാനം വരുന്ന അഡ്ഹോക് അലോട്ട്മെന്റ് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്രത്തിൽനിന്നും ഭക്ഷ്യ ഭദ്രതാ നിയമം അനുസരിച്ച് ലഭിക്കുന്ന 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളിൽ മുൻഗണന/എ.എ.വൈ.വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് അർഹമായ 10.25 ലക്ഷം മെ. ടൺ അരി കുറച്ച് ബാക്കിയുള്ള 4 ലക്ഷം മെ. ടൺ ഭക്ഷ്യധാന്യങ്ങളാണ് മുൻഗണനേതര സബ്സിഡി വിഭാഗത്തിനും മുൻഗണനേതര വിഭാഗത്തിനും നൽകാൻ ഉദ്ദേശിക്കുന്നത്.

**ക്ലലിത്തർക്കം**

344 (368) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 നവംബർ, ഡിസംബർ മാസങ്ങളിൽ എഫ്.സി.ഐ. ഗോഡൗണുകളിലുണ്ടായ ക്ലലിത്തർക്കംമൂലം റേഷനരി വിതരണം താളം തെറ്റിയിരുന്നോ;

(ബി) അരിക്ക് പൊതു കമ്പോളത്തിൽ റിക്കാർഡ് വിലവർദ്ധനവിന് സാഹചര്യമൊരുക്കിയത് പ്രസ്തുത ക്ലലിത്തർക്കം പരിഹരിക്കുന്നതിൽ വന്ന വീഴ്ചയാണെന്നത് വസ്തുതയാണോ;

(സി) ക്ലലിത്തർക്കം പരിഹരിക്കുന്നതിന് രണ്ട് മാസം സമയമെടുത്ത സാഹചര്യമെന്താണെന്ന് വിശദമാക്കുമോ;

(ഡി) അട്ടിമറിക്കൂലിയിനത്തിൽ ഒരു വർഷം എത്രകോടി രൂപയുടെ അധിക ബാധ്യത സർക്കാരിന് ഉണ്ടാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2016 നവംബർ, ഡിസംബർ മാസങ്ങളിൽ എഫ്.സി.ഐ. ഗോഡൗണുകളിലുണ്ടായ ക്ലലിത്തർക്കംമൂലം റേഷനരി വിതരണത്തിൽ ചെറിയ കാലതാമസം നേരിട്ടെങ്കിലും തടസ്സങ്ങൾ ദിവസങ്ങൾക്കുള്ളിൽതന്നെ പരിഹരിച്ചിട്ടുണ്ട്.

(ബി) അല്ല.

(സി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയില്ലെന്ന കാരണത്താൽ കേന്ദ്ര സർക്കാർ എ.പി.എൽ. നിരക്കിൽ നൽകി വന്നിരുന്ന അരിക്ക് നവംബർ മാസം മുതൽ താങ്ങുവില നിരക്ക് ഈടാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കൂടിയ നിരക്ക് നൽകിയാലേ അരി വിട്ടെടുക്കാൻ അനുവദിക്കുകയുള്ളൂവെന്ന് എഫ്.സി.ഐ. നിലപാട് സ്വീകരിക്കുകയും ചെയ്തു. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യത്തിന്റെ വിട്ടെടുപ്പിന് എഫ്.സി.ഐ.-യെ സമീപിച്ച സമയത്ത് എഫ്.സി.ഐ. തൊഴിലാളികൾ അട്ടിക്കൂലി നൽകാത്തതിന്റെ പേരിൽ പണിമുടക്ക് നടത്തി സാധനങ്ങൾ കയറ്റി നൽകിയില്ല. എഫ്.സി.ഐ. അധികൃതരുടെ നിസ്സഹരണവും തൊഴിലാളി പ്രശ്നവും ഇക്കാര്യത്തിലുണ്ടായി. എന്നാൽ സർക്കാർ വിവിധ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും ഭക്ഷ്യധാന്യ വിതരണം തടസ്സപ്പെടുത്തുന്നവർക്കെതിരെ KESMA ഉൾപ്പെടെയുള്ള കർശന

നടപടി സ്വീകരിക്കാൻ തീരുമാനിച്ചതിന്റെയും അടിസ്ഥാനത്തിൽ വിട്ടെടുപ്പ് പൂർത്തിയാക്കി. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമായ ഭക്ഷ്യധാന്യം മുൻഗണനാ വിഭാഗങ്ങളുടെ കരട് ലിസ്റ്റ് അനുസരിച്ച് വിതരണത്തോത് ക്രമീകരിച്ച് ഓരോ ജില്ലകൾക്കും വീതിച്ചു നൽകാനും നിലവിൽ എഫ്.സി.ഐ.-യിൽ ഒടുക്കിയ തുകയ്ക്ക് പുറമേ പുതിയ നിരക്കുപ്രകാരം എഫ്.സി.ഐ.-യിൽ പണമൊടുക്കൽ എല്ലാംകൂടി ഒരു അനിശ്ചിതത്വമുണ്ടായി. ടി കാരണങ്ങളാലുണ്ടായ കാലതാമസം പരിഗണിച്ച് നവംബർ മാസത്തെ വിട്ടെടുപ്പ് ഡിസംബർ മാസം 31 വരെയും ഡിസംബർ മാസത്തെ വിട്ടെടുപ്പ് ജനുവരി 14 വരെയും നീട്ടി നൽകി. ഫെബ്രുവരി മാസത്തെ വിട്ടെടുപ്പ് പൂർത്തിയാക്കി വിതരണം നടത്തിക്കൊണ്ടിരിക്കുന്നു.

(ഡി) അധിക ബാധ്യത കണക്കാക്കിയിട്ടില്ല.

## നെല്ല് സംഭരണം

345 (369) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഈ സീസണിലെ നെല്ല് സംഭരണം എന്ന് തുടങ്ങിയെന്ന് അറിയിക്കുമോ;

(ബി) സംഭരിച്ച നെല്ലിന്റെ തുക മുഴുവൻ കൊടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) മില്ലുടമകൾക്ക് നൽകുന്ന ഹാൻഡ്‌ലിംഗ് ചാർജ് എത്രയാണ്; ഏതെല്ലാം ഇനത്തിലാണ് ഹാൻഡ്‌ലിംഗ് ചാർജ് നൽകുന്നത്; ഓരോ ഇനത്തിലും എത്ര തുക വീതമാണ് നൽകുന്നത് എന്നത് സംബന്ധിച്ച് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിൽ 2016-17 സീസണിലെ നെല്ല് സംഭരണം 21-9-2016-ൽ ആരംഭിച്ചു.

(ബി) 6566 കർഷകരിൽ നിന്നായി 19-2-2017 വരെ 15422.577 മെ.ടൺ നെല്ല് സംഭരിക്കുകയും ആയതിന് നൽകുവാനുണ്ടായിരുന്ന 34.70 കോടി രൂപയിൽ 4.39 കോടി രൂപ കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 30.31 കോടി രൂപ കർഷകർക്ക് കുടിശ്ശികയുണ്ട്.

(സി) മില്ലുടമകൾക്ക് 11-1-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്.)1/2017/ഭ.പൊ.വി.വ. പ്രകാരം പ്രോസസ്സിംഗ് ചാർജായി ക്വിന്റലിന് 190 രൂപ നൽകുന്നു. നെല്ല് സംഭരണ പദ്ധതിപ്രകാരം പാടശേഖരത്തിൽ ചെന്ന് കർഷകരിൽനിന്ന് നെല്ല് ഏറ്റെടുത്ത് അതു മില്ലിൽ എത്തിച്ച്, ക്രമാനുസൃതമായി സംസ്കരിച്ച്, റിലീസ് ഓർഡറുകൾ പ്രകാരം അരി വിട്ടുനൽകുന്നതുവരെയുള്ള എല്ലാ ചെലവുകൾക്കുമായാണ് പ്രോസസ്സിംഗ് ചാർജ് നൽകുന്നത്. പ്രസ്തുത തുക ഇനം തിരിച്ചല്ല നൽകിവരുന്നത്.

**സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം**

346 (370) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സംസ്ഥാനത്ത് കർഷകരിൽനിന്നും സപ്ലൈകോ എത്ര ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ടെന്നും 2015-ൽ എത്ര ക്വിന്റൽ സംഭരിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ;

(ബി) നെല്ലിന്റെ സംഭരണവില ഇപ്പോൾ എത്രയായിട്ടാണ് നിജപ്പെടുത്തി യിട്ടുള്ളത്; അത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശിക തുക നൽകാനുണ്ടോ; ഉണ്ടെങ്കിൽ അത് എത്രയാണ്; കുടിശ്ശിക തുക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016-17 സീസണിൽ 19-2-2017 വരെ സംസ്ഥാനത്തെ 61477 കർഷകരിൽനിന്നും 2.08 ലക്ഷം മെ. ടണ്ണും 2015-16 രണ്ടാം സീസണിൽ 4 ലക്ഷം മെ. ടണ്ണും നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) 2016 ഒക്ടോബർ മുതൽ സംഭരിക്കുന്ന നെല്ലിന് കിലോ ഗ്രാമിന് 22.50 രൂപയായി 10-11-2016-ലെ സ.ഉ (എം.എസ്.) 19/2016/ ഭ.പൊ.വി.നമ്പർ പ്രകാരം വില വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. വീണ്ടും ഒരു വർദ്ധനവ് ഇപ്പോൾ പരിഗണനയിലില്ല.

(സി) 2016-17 സീസണിൽ 61477 കർഷകരിൽ നിന്നായി 20-2-2017 വരെ 2.08 ലക്ഷം മെ. ടൺ നെല്ല് സംഭരിച്ച വകയിൽ കിലോ ഗ്രാമിന് 22.50 രൂപ നിരക്കിൽ 468.44 കോടി രൂപ നൽകുവാൻ ഉണ്ടായിരുന്നതിൽ 410.31 കോടി രൂപ നൽകിക്കഴിഞ്ഞു. 58.13 കോടി രൂപ കർഷകർക്ക് കുടിശ്ശികയായുണ്ട്. കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റേഷൻ വിതരണം**

347 (371) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിലെത്തുന്ന ഭക്ഷ്യസാധനങ്ങൾ യഥാസമയം ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പരാതികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) റേഷൻ സാധനങ്ങളുടെ പ്രതിമാസ വിതരണത്തോത്, വിലവിവരം എന്നിവ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുകയും പത്ര മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ഈ വിവരങ്ങൾ ലഭ്യമാണ്.

(ബി&സി) നിലവിൽ റേഷനിംഗ് കൺട്രോളർ, വിജിലൻസ് ഓഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ജില്ലാ സപ്ലൈ ഓഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരടങ്ങിയ സ്ഥിരം മോണിറ്ററിംഗ് സംവിധാനത്തിന് പുറമേ സ്പെഷ്യൽ സ്ക്വാഡ്, ഷാഡോ ടീം തുടങ്ങിയ പ്രത്യേക മോണിറ്ററിംഗ് ടീമുകളും റേഷൻ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുവരുന്നു. റേഷൻ വിതരണ രംഗത്തെ പരാതികൾ പരിഹരിക്കുന്നതിനായി ജില്ല/താലൂക്ക്/പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ രൂപികരിച്ചിട്ടുണ്ട്. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി എല്ലാ ജില്ലയിലും അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റുമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതുവരെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് ഫുഡ് കമ്മീഷന്റെ ചുമതല നൽകിയിട്ടുമുണ്ട്.

**റേഷൻ കടകൾ വഴി നൽകി വരുന്ന അരി**

348 (372) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എ.പി.എൽ., ബി.പി.എൽ., മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടവർ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ടവർക്ക് റേഷൻ കടകൾവഴി ആഴ്ചയിൽ നൽകിവരുന്ന അരിയുടെ അളവ് വ്യക്തമാക്കാമോ;

(ബി) റേഷൻ കടകൾവഴി കാർഡുടമകൾക്ക് അരി വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) പ്രതിമാസ നിരക്കിലാണ് റേഷൻ വിതരണം നടത്തിവരുന്നത്. റേഷൻ കടകൾവഴി നിലവിൽ നൽകിവരുന്ന അരിയുടെ അളവ് ചുവടെ ചേർക്കും പ്രകാരമാണ്:

| വിഭാഗം | അളവ് |
|---|---|
| എ.എ.വൈ. | 28 കി.ഗ്രാം (ഒരു കാർഡിന്) |
| എ.എ.വൈ. ഒഴികെയുള്ള മുൻഗണനാ വിഭാഗം | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം |
| മുൻഗണനേതര വിഭാഗം (സബ്സിഡി) | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം |
| മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി) | അരിയും ഗോതമ്പും ഉൾപ്പെടെ 6 കി.ഗ്രാം (ഒരു കാർഡിന്) |

(ബി) ഇല്ല.

(സി) ബാധകമല്ല.

**ഭക്ഷ്യ ഭദ്രതാ നിയമം**

349 (373) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം പ്രതിവർഷം എത്ര മെട്രിക് ടൺ അരിയാണ് കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്;

(ബി) കഴിഞ്ഞ മൂന്ന് വർഷമായി കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന 16.01 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം പുനഃസ്ഥാപിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രം പരിഗണിക്കുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ആവശ്യം നിരസിക്കുന്നതിന് കേന്ദ്രം പറയുന്ന കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഒ.എം.എസ്. (ഓപ്പൺ മാർക്കറ്റ് സ്കെയിൽ) വിലയായ 24 രൂപയ്ക്കോ ഇക്കോണമിക്കൽ റേറ്റായ 33 രൂപയ്ക്കോ ആവശ്യമുള്ള അരി സംസ്ഥാനത്തിന് നൽകാൻ കേന്ദ്രം സമ്മതിക്കുകയുണ്ടായോ ;

(ഇ) എങ്കിൽ ഇപ്രകാരം അരിയെടുത്ത് സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

(എഫ്) ഇല്ലെങ്കിൽ അരിവിഹിതക്കുറവ് പരിഹരിക്കാൻ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 12.26 ലക്ഷം മെട്രിക് ടൺ.

(ബി) ഇല്ല.

(സി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം എല്ലാ സംസ്ഥാനങ്ങൾക്കും ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നതിന് ഏകീകൃത നയമാണ് അവലംബിക്കുന്നതെന്നും കേരളത്തിന് മാത്രമായി ഈ നയത്തിൽ മാറ്റം വരുത്താൻ സാധിക്കുകയില്ല എന്നുമാണ് പ്രസ്തുത ആവശ്യം നിരസിച്ചുകൊണ്ട് കേന്ദ്രം വ്യക്തമാക്കിയ കാരണങ്ങൾ. ഇതേ ആവശ്യം ഉന്നയിച്ച മറ്റ് സംസ്ഥാനങ്ങളുടെ ആവശ്യവും പരിഗണിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഓപ്പൺ മാർക്കറ്റ് സെയിൽ സിസ്റ്റത്തിലൂടെ (OMSS) സപ്ലൈകോ 1400 ടൺ അരി ലേലത്തിൽ പിടിച്ച് കിലോയ്ക്ക് 25 രൂപ നിരക്കിൽ വിപണിയിൽ വിറ്റുവരുന്നു.

(എഫ്) സംസ്ഥാനത്തെ അരിവിഹിതക്കുറവ് പരിഹരിക്കാൻ സർക്കാർ ഉടമസ്ഥതയിലുള്ള Oil Palm India Ltd -ന്റെ ഉടമസ്ഥതയിലുള്ള വെച്ചൂർ റൈസ് മില്ലിലെ മുഴുവൻ അരിയും (കുട്ടനാട് റൈസ്) സപ്ലൈകോ എടുത്ത് ന്യായവിലയ്ക്ക് വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ആന്ധ്രാപ്രദേശ്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾക്ക് പുറമേ അരിയുൽപ്പാദിപ്പിക്കുന്ന ഇതര സംസ്ഥാനങ്ങളിൽ നിന്നും അരി വാങ്ങാൻ സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന വില വർദ്ധനവ് നേരിടുന്നതിന് 'വില നിയന്ത്രണ സെൽ' പുനഃസംഘടിപ്പിച്ച് ഒരു സ്ഥിരം സംവിധാനമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാനത്തെ അരിവില നിയന്ത്രണാതീതമാകാതിരിക്കാൻവേണ്ട സത്വര നടപടികൾ സ്വീകരിക്കാൻ മൊത്തക്കച്ചവടക്കാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

**ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കൽ**

350 (374) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) റേഷൻ കടകളിൽ നിലവിൽ ഏതെല്ലാം വിഭാഗങ്ങൾക്ക് എന്തെല്ലാം മാനദണ്ഡങ്ങളനുസരിച്ചാണ് റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) മുൻഗണനാ വിഭാഗത്തിൽ നിന്നൊഴിവാക്കപ്പെടുന്നവർക്ക് റേഷൻ സാധനങ്ങൾ എങ്ങനെ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മുൻഗണന/മുൻഗണനേതര കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കുകയും അതിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ എറണാകുളം സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഏപ്രിൽ മാസം സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി മാർച്ച് 15 മുതൽ കൊല്ലം ജില്ലയിലും മാർച്ച് 25 മുതൽ ബാക്കിയുള്ള ജില്ലകളിലും റേഷൻ കാർഡ് വിതരണം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള മൊത്തവിതരണ ശാലകൾക്ക് പകരമായി 75 താലൂക്ക് ഡിപ്പോകൾ സർക്കാരിന്റെ അധീനതയിൽ ആരംഭിക്കാൻ തീരുമാനിച്ചു. ഇതിനായി മാനന്തവാടി, ഇരിട്ടി എന്നീ താലൂക്കുകൾ ഒഴിച്ചുള്ള എല്ലാ താലൂക്കുകളിലും ഗോഡൗൺ കണ്ടെത്തുകയുണ്ടായി. വാതിൽപ്പടി വിതരണത്തിനുള്ള ട്രാൻസ്പോർട്ടിംഗ് ഏജൻസികളെ നിശ്ചയിക്കുന്നതിനുള്ള ഇ-ടെണ്ടർ സപ്ലൈകോ നടത്തുകയുണ്ടായി. ഇ-പോസ് മെഷീനുകൾ വാങ്ങുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. വാതിൽപ്പടി വിതരണത്തിന്റെ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ മാർച്ച് 1 മുതൽ കൊല്ലം ജില്ലയിൽ വാതിൽപ്പടി വിതരണം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല പരാതി പരിഹാര ആഫീസർമാരായി അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമാരെ നിയമിക്കുകയും സംസ്ഥാന ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതുവരെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് സംസ്ഥാന ഫുഡ് കമ്മീഷന്റെ ചുമതല നൽകുകയും ചെയ്തിട്ടുണ്ട്.

റേഷൻ കടകൾവഴിയുള്ള റേഷൻ സാധനങ്ങളുടെ വിതരണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | ഒരോ വിഭാഗങ്ങൾക്കുമുള്ള വിതരണക്രമം | | | |
|---|---|---|---|---|
| | എ.എ.വൈ. | എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം (Priority) | മുൻഗണനേതര വിഭാഗം (സബ്സിഡി) NP(S) | മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി) NP(NS) |
| അരി | 28 കി.ഗ്രാം (ഒരു കാർഡിന്) സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം കി.ഗ്രാമിന് 2 രൂപ നിരക്കിൽ | അരിയും ഗോതമ്പുമുൾപ്പെടെ 6 കി.ഗ്രാം (ഒരു കാർഡിന്) അരി കി.ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 6.70 രൂപ നിരക്കിലും |
| ഗോതമ്പ് | 7 കി.ഗ്രാം (ഒരു കാർഡിന്) സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം സൗജന്യമായി | ഇല്ല | |
| പഞ്ചസാര | ഒരംഗത്തിന് 250 ഗ്രാം വീതം കി.ഗ്രാമിന് 13.50 രൂപ നിരക്കിൽ | | ഇല്ല | ഇല്ല |
| മണ്ണെണ്ണ | വൈദ്യുതീകരിച്ച വീട്ടിലെ കാർഡിന് ½ ലിറ്ററും വൈദ്യുതീകരിക്കാത്ത വീട്ടിലെ കാർഡിന് 4 ലിറ്ററും ലിറ്ററിന് 21 രൂപ നിരക്കിൽ | | | |

(സി) ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ആകെ ലഭ്യമായ 14.25 ലക്ഷം മെ. ടൺ ഭക്ഷ്യ ധാന്യങ്ങളിൽ മുൻഗണനാ വിഭാഗത്തിന് വേണ്ടിവരുന്ന 10.25 ലക്ഷം മെ. ടൺ ഭക്ഷ്യധാന്യങ്ങൾക്കുപരിയായി ടൈഡ് ഓവർ വിഹിതമായി ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന 4 ലക്ഷം മെ. ടൺ ഭക്ഷ്യ ധാന്യങ്ങൾ മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകിവരികയാണ്. മുൻഗണനേതര വിഭാഗത്തിൽ സബ്സിഡി ലഭിക്കുന്നതിന് അർഹതയുള്ള കുടുംബങ്ങളെ കണ്ടെത്തി ഒരാൾക്ക് 2 കി. ഗ്രാം എന്ന ക്രമത്തിൽ കി. ഗ്രാമിന് 2 രൂപ നിരക്കിൽ അരി നൽകിവരുന്നു. മുൻഗണനേതര വിഭാഗത്തിൽപ്പെട്ട ബാക്കിയുള്ളവർക്ക് കാർഡിന് 6 കി.ഗ്രാം ഭക്ഷ്യധാന്യം അരി കി. ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി. ഗ്രാമിന് 6.70 രൂപ നിരക്കിലും നിലവിൽ നൽകിവരുന്നു.

**ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ഒഴിവായവർ**

351 (375) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ വിഭാഗങ്ങൾക്കുള്ള റേഷൻ കാർഡിൽ പേര്/ഫോട്ടോ ചേർക്കാൻ കഴിയാത്ത ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിഭാഗങ്ങൾക്കായി നിലവിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം എത്രയാളുകളാണ് അർഹത പട്ടികയിൽ നിന്ന് പുറത്തായിട്ടുള്ളത് ;

(സി) അർഹത വിഭാഗത്തിലുള്ളവർക്കും അല്ലാത്തവർക്കും ഒരാഴ്ച ലഭ്യമാകുന്ന റേഷൻ വസ്തുക്കളുടെ അളവ് വ്യക്തമാക്കുമോ;

(ഡി) അരിവില വർദ്ധനവ് നിയന്ത്രിക്കുന്നതിനായി റേഷൻ കടകൾവഴി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(ഇ) റേഷൻ കടകൾ ഡിജിറ്റലാക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണ് ?

ഉത്തരം

(എ) 2017 മാർച്ച് മാസത്തോടുകൂടി റേഷൻ കാർഡ് വിതരണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുതിയ റേഷൻ കാർഡുകളുടെ വിതരണത്തിനുശേഷം ഇതുവരെയും റേഷൻകാർഡിൽ പേര്/ഫോട്ടോ ചേർക്കാൻ കഴിയാത്തവർക്ക് അവസരം ലഭിക്കുന്നതാണ്.

(ബി) 3.34 കോടി ജനങ്ങളുള്ളതിൽ കേരളത്തിൽ 1.54 കോടി ഗുണഭോക്താക്കൾ മുൻഗണനാ പട്ടികയിൽ അർഹത നേടിയിട്ടുണ്ട്. മറ്റുള്ളവർ മുൻഗണനേതര പട്ടികയിൽ ഉൾപ്പെടുന്നതാണ്.

(സി) പ്രതിമാസ നിരക്കിലാണ് റേഷൻ വിതരണം നടത്തിവരുന്നത്. റേഷൻ കടകൾവഴി നിലവിൽ നൽകി വരുന്ന റേഷൻ സാധനങ്ങളുടെ അളവ് ചുവടെ ചേർക്കുന്നു:

<table>
<tr><th>വിഭാഗം</th><th>അരി (പ്രതിമാസം)</th><th>ഗോതമ്പ് (പ്രതിമാസം)</th><th>പഞ്ചസാര (പ്രതിമാസം)</th><th>മണ്ണെണ്ണ (പ്രതിമാസം)</th></tr>
<tr><td>എ.എ.വൈ</td><td>28 കി.ഗ്രാം (ഒരു കാർഡിന്)</td><td>7 കി.ഗ്രാം (ഒരു കാർഡിന്)</td><td rowspan="2">ഓരോ അംഗത്തിനും 250 ഗ്രാം വീതം</td><td rowspan="4">വൈദ്യുതീകരിച്ച കുടുംബത്തിന് ½ ലിറ്ററും വൈദ്യുതീകരിക്കാത്ത കുടുംബത്തിന് 4 ലിറ്ററും</td></tr>
<tr><td>എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം (Priority)</td><td>കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം</td><td>കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം</td></tr>
<tr><td>മുൻഗണനേതര വിഭാഗം (സബ്സിഡി) NP(S)</td><td>കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം</td><td>ഇല്ല</td><td>ഇല്ല</td></tr>
<tr><td>മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി) NP(NS)</td><td colspan="2">അരിയും ഗോതമ്പുമുൾപ്പെടെ 6 കി.ഗ്രാം (ഒരു കാർഡിന്)</td><td>ഇല്ല</td></tr>
</table>

(ഡി) പൊതുവിതരണ ശൃംഖലവഴി മുൻഗണനാ വിഭാഗത്തിൽപ്പെട്ട ഓരോ ഉപഭോക്താവിനും പ്രതിമാസം 5 കിലോ ഭക്ഷ്യധാന്യങ്ങൾ (4 കിലോ അരി 1 കിലോ ഗോതമ്പ്) എ.എ.വൈ. വിഭാഗത്തിൽപ്പെട്ട കാർഡ് ഒന്നിന് 35 കിലോ ഗ്രാം ഭക്ഷ്യ ധാന്യങ്ങൾ (28 കിലോ അരി, 7 കിലോ ഗോതമ്പ്) എന്നിവ സൗജന്യമായി നൽകിവരുന്നു. ഇതിന് പുറമേ മുൻഗണനേതര സബ്സിഡി വിഭാഗത്തിലുള്ള ഉപഭോക്താക്കൾക്ക് പ്രതിമാസം ആളൊന്നിന് 2 കിലോഗ്രാം അരി 2 രൂപ നിരക്കിലും മുൻഗണനേതര വിഭാഗത്തിൽപ്പെട്ട കാർഡൊന്നിന് പ്രതിമാസം 6 കിലോഗ്രാം ഭക്ഷ്യ ധാന്യവും (അരി 8.90, ഗോതമ്പ് 6.70 രൂപ നിരക്കിൽ) നൽകിവരുന്നു. കൂടാതെ റേഷൻ കടകളിലെ മറിച്ചു വിൽപ്പന തടയുന്നതിനായി വകുപ്പുതല പരിശോധന കൂടുതൽ ശക്തമാക്കി ഭക്ഷ്യ ധാന്യങ്ങളുടെ വിതരണത്തോത്, സ്റ്റോക്കിന്റെ നില, വിലവിവര പട്ടിക എന്നിവ ഉപഭോക്താക്കൾ കാണത്തക്ക രീതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനാവേളയിൽ ഉറപ്പ് വരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ കേരള റേഷനിംഗ് ഓർഡർ പ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ഇ) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലേയ്ക്കാവശ്യമായ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ വാങ്ങുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ വിളിക്കുന്നതിനാവശ്യമായ RFP (Request for proposal) ഡോക്യുമെന്റ് സിവിൽ സപ്ലൈസ് വകുപ്പ് തയ്യാറാക്കി സപ്ലൈകോയ്ക്ക് കൈമാറിയിട്ടുണ്ട്. 2017 മധ്യത്തോടുകൂടി റേഷൻ സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാനാണുദ്ദേശിച്ചിട്ടുള്ളത്.

**ഇലക്ട്രോണിക്സ് ത്രാസും ബയോമെട്രിക് സംവിധാനവും**

352 (376) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് ത്രാസ് ഉപയോഗിക്കുവാനുള്ള നിർദ്ദേശം നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ബയോമെട്രിക് സംവിധാനം എല്ലാ റേഷൻ കടകളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വൈദ്യുതി ലഭ്യമല്ലാത്തതിനാൽ കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിലെ റോസ്മലയിലെ എ.ആർ.ഡി. 123, ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ഇടമലക്കുടിയിലുള്ള എ.ആർ.ഡി. 125, 148, കുറത്തി കുടിയിലുള്ള എ.ആർ.ഡി. 131 എന്നിവ ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് ത്രാസാണ് ഉപയോഗിക്കുന്നത്.

(ബി) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ ലക്ഷ്യം**

353 (377) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഈ നിയമത്തിൽ വിഭാവന ചെയ്യുന്ന പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റേതായ തനതു പദ്ധതികളെന്തെങ്കിലും തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഭക്ഷ്യ വസ്തുക്കൾ പാഴാക്കിക്കളയുന്നത് തടയുന്നതിനായി ഏതെങ്കിലും തരത്തിലുള്ള നിയമങ്ങളോ പദ്ധതികളോ സംസ്ഥാനത്ത് നിലവിലുണ്ടോ;

(സി) സംസ്ഥാനത്ത് പ്രതിദിനം പാഴാക്കിക്കളയുന്ന ഭക്ഷ്യ വസ്തുക്കളുടെയും ഭക്ഷ്യധാന്യങ്ങളുടെയും അളവ് തിട്ടപ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള കണക്കെടുപ്പ് സർക്കാർ നടത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാന സർക്കാരിനുകീഴിലുള്ള ഗസ്റ്റ് ഹൗസുകൾ, റസ്റ്റ് ഹൗസുകൾ, യാത്രീ നിവാസുകൾ, മറ്റ് ഹോട്ടലുകൾ എന്നിവ ദിനംപ്രതി പാഴാക്കിക്കളയുന്ന ഭക്ഷ്യവസ്തുക്കളുടെ കണക്കെടുക്കാറുണ്ടോ; ഇവിടങ്ങളിൽ ഭക്ഷ്യ വസ്തുക്കൾ പാഴാക്കുന്നത് ഒഴിവാക്കുന്നതിന് കർശനമായ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് ഒഴിവാക്കുന്നതിന് അതിഥികളെ ബോധവൽക്കരിക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ നൽകാറുണ്ടോ; എങ്കിൽ അത് പാലിക്കപ്പെടുന്നുണ്ടെന്ന കാര്യം ഉറപ്പു വരുത്താറുണ്ടോ;

(ഇ) സംസ്ഥാനത്ത് സ്വകാര്യ റസ്റ്റോറന്റുകളിലും ഹോട്ടലുകളിലും ഉൾപ്പെടെ ഭക്ഷ്യ വസ്തുക്കൾ പാഴാക്കുന്നത് തടയുന്നതിനും പൊതുജനങ്ങൾക്ക് ഈ വിഷയത്തിൽ ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനുമായി ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെകൂടി അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റേതായ തനതു പദ്ധതികളെന്തെങ്കിലും തയ്യാറാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്ത് എല്ലാ വിഭാഗം ജനങ്ങൾക്കും പ്രത്യേകിച്ച് മുൻഗണനാ വിഭാഗങ്ങൾക്ക് ഭക്ഷ്യ ലഭ്യത ഉറപ്പുവരുത്തുകയാണ് ഭക്ഷ്യ ഭദ്രതാ നിയമം, 2013 ലക്ഷ്യമിടുന്നത്. ഇതിനായി വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച്, പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി, വിവര ശേഖരണം നടത്തി, മുൻഗണനക്കാരെ കണ്ടെത്തി റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനുള്ള ഉദ്യമമാണ് നടന്നുവരുന്നത്. പൊതുവിതരണ സമ്പ്രദായംവഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾ പാഴാക്കിക്കളയുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അല്ലാതെയുള്ള ഭക്ഷ്യ വസ്തുക്കൾ പാഴാക്കിക്കളയുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ഡി) സംസ്ഥാന സർക്കാരിന് കീഴിലുള്ള ഗസ്റ്റ് ഹൗസുകൾ, റസ്റ്റ് ഹൗസുകൾ, യാത്രീ നിവാസുകൾ എന്നിവിടങ്ങളിലെ ഭക്ഷ്യ വസ്തുക്കളുടെ ഉപഭോഗം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം നൽകേണ്ടത് പൊതുമരാമത്ത്, ടൂറിസം എന്നീ വകുപ്പുകളാണ്.

(ഇ) ഭക്ഷ്യ ഭദ്രതാ നിയമത്തിൽ ഇതുസംബന്ധിച്ച് വ്യവസ്ഥയൊന്നും നിലവിലില്ല. എന്നിരുന്നാലും ഇത്തരത്തിൽ ഒരു ബോധവൽക്കരണം സംബന്ധിച്ച് ആലോചിക്കുന്നതാണ്.

## ഭക്ഷ്യ ഭദ്രതാ നിയമം

354 (378) ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബാബു :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം പാസ്സാക്കിയപ്പോൾ കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ മുൻ യു.പി.എ. സർക്കാരും യു.ഡി.എഫ്. സർക്കാരും വീഴ്ച വരുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിന് അനുവദിച്ചുവന്നിരുന്ന ഭക്ഷ്യധാന്യ വിഹിതം പുനഃസ്ഥാപിക്കണമെന്ന ആവശ്യം പരിഗണിക്കുന്നതാണെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ അധിക ഭക്ഷ്യ ധാന്യ വിഹിതത്തിന്റെ വില ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനത്തിലെത്താൻ കേരളവുമായി കൂടുതൽ ചർച്ച നടത്തുമെന്ന് കേന്ദ്രം ഉറപ്പ് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ-സി) 5-7-2013 മുതൽ പ്രാബല്യത്തിൽ വന്ന ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നിലവിൽ വന്ന് 365 ദിവസത്തിനുള്ളിൽതന്നെ സംസ്ഥാനങ്ങളിൽ നടപ്പാക്കണമെന്നാണ് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്നത്. 2-12-2013-ലെ സ.ഉ.(കൈ) നമ്പർ 53/13/ഭ.സി.സ.വ. ഉത്തരവുപ്രകാരം ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. എന്നാൽ ഇതുസംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത് ഏറെ വൈകിയാണ്. തുടർന്ന് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി, മാനദണ്ഡങ്ങൾ നിശ്ചയിച്ച്, പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുകയും വിവരശേഖരണം നടത്തുകയും ചെയ്തു. ഡാറ്റാ എൻട്രിയിലെ അപാകതകൾ പരിഹരിച്ച് എൻ.ഐ.സി. വികസിപ്പിച്ചെടുത്ത റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ആഫീസുകളിലെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലേയും (ആകെ 81) മുൻഗണന/മുൻഗണനേതര കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കുകയും അതിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ എറണാകുളം സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ദേശീയഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്തു നടപ്പാക്കുന്നതിന്റെ പ്രവർത്തനങ്ങൾ വൈകുകയുണ്ടായി.

ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർനിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ച്കൾ നടത്തുകയും ചെയ്തിട്ടുണ്ട്. പൊതുമാനദണ്ഡമനുസരിച്ചാണ് അധിക വിഹിതം തീരുമാനിച്ചിട്ടുള്ളത് എന്നതിനാൽ കേരളത്തിന് മാത്രമായി ഇക്കാര്യത്തിൽ മാറ്റം വരുത്താൻ കഴിയില്ലായെന്ന് കേന്ദ്രം അറിയിച്ചു. എന്നാൽ OMSS/ഇക്കണോമിക് നിരക്കുകളിൽ കൂടുതൽ ഭക്ഷ്യധാന്യം അനുവദിക്കുന്നതിന് തടസ്സമില്ല എന്നും അറിയിച്ചിട്ടുണ്ട്.

**റേഷൻ കടകളുടെ നവീകരണം**

355 (379) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ നവീകരിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) റേഷൻ കടകളിൽ ഇലക്ട്രോണിക് പോയിന്റ് സെയിൽ (ഇ-പോസ്) സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും കമ്പ്യൂട്ടർവൽക്കരണം എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പ്രീ-പൈലറ്റ് പദ്ധതി, മോഡൽ പൈലറ്റ് പദ്ധതി എന്നിവയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 22 റേഷൻ കടകളെ (14 എണ്ണം തിരുവനന്തപുരം ജില്ലയിലും 8 എണ്ണം എറണാകുളം ജില്ലയിലും) ഒരേ നിറത്തിലും മാതൃകയിലുമുള്ള പെയിന്റിംഗ്, ഇലക്ട്രിഫിക്കേഷൻ, തറ ടൈൽ പാകൽ, നെയിം ബോർഡ് സ്ഥാപിക്കൽ, സ്റ്റോക്ക് ബോർഡ് സ്ഥാപിക്കൽ എന്നീ ജോലികൾ ചെയ്ത് നവീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ബയോമെട്രിക് സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ വാങ്ങുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇ-പോസ് മെഷീനുകൾ വാങ്ങുന്നതിന് ടെണ്ടർ വിളിക്കുന്നതിനാവശ്യമായ RfP (Request for Proposal) ഡോക്യുമെന്റ് സിവിൽ സപ്ലൈസ് വകുപ്പ് തയ്യാറാക്കി സപ്ലൈകോയ്ക്ക് കൈമാറിയിട്ടുണ്ട്.

(സി) 2017 മധ്യത്തോടെ എല്ലാ റേഷൻ കടകളിലും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**നിയമനങ്ങൾ**

356 (380) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയുടെ കീഴിലുള്ള ഓരോ വകുപ്പുകളിലും ഏതെല്ലാം തസ്തികകളിൽ 1-2-2017-ന് ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഇവ സംബന്ധിച്ച തസ്തിക, ഒഴിവുകളുടെ എണ്ണം, റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി, കാലാവധി തീരുന്ന തീയതി, എത്ര പേർക്ക് നിയമനം നല്കി എന്നീ വിവരം നൽകാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

**മാവേലി സ്റ്റോർ**

357 (381) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോർ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് കുഴിപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് അധികൃതർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാവേലി സ്റ്റോറിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സമർപ്പിച്ചിരുന്നു. അപേക്ഷയിന്മേൽ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ലഭ്യതകൂടി കണക്കിലെടുത്ത് ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**അരിവില**

358 (382) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ജയ-മട്ട ഇനം അരികളുടെ ചില്ലറവില കിലോയ്ക്ക് എത്ര രൂപ ആയിരുന്നുവെന്നും ഇപ്പോൾ അവയുടെ വില എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) പൊതുകമ്പോളത്തിൽ അരിവില കിലോഗ്രാമിന് 10 രൂപയ്ക്ക് മുകളിൽ വർദ്ധിക്കുവാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കമ്പോള ഇടപെടലിനായി സർക്കാർ 2016 നവംബർ, ഡിസംബർ മാസങ്ങളിലും, 2017 ജനുവരിമാസത്തിലും എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് റേഷൻ വിതരണത്തിലുണ്ടായ അപാകതയും എഫ്.സി.ഐ. ഗോഡൗണുകളിലെ കൂലിപ്രശ്നം പരിഹരിക്കുന്നതിലുണ്ടായ പരാജയവും അരിവില ക്രമാതീതമായി വർദ്ധിക്കുവാനുണ്ടായ കാരണങ്ങളാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ജയ അരിയുടെ വില കിലോയ്ക്ക് 30 രൂപയും മട്ട അരിയുടെ വില കിലോയ്ക്ക് 34.50 രൂപയും ആയിരുന്നു. ഇപ്പോൾ ജയ അരിയുടെ വില 45 രൂപയും മട്ടവടി അരിയുടെ വില 40 രൂപയുമാണ്.

(ബി) പരിശോധിച്ചിട്ടുണ്ട്. ആന്ധ്രാപ്രദേശ് ജയ അരിയുടെയും മട്ടവടി അരിയുടെയും വിലയിലാണ് വർദ്ധനവ് ഉണ്ടായിട്ടുള്ളത്. തെക്കൻ സംസ്ഥാനങ്ങളിലുണ്ടായ കാലാവസ്ഥാ വ്യതിയാനങ്ങളുടെ ഫലമായി സംഭവിക്കുന്ന ഉൽപ്പാദനക്കുറവ് സംസ്ഥാനത്തിലേയ്ക്കുള്ള അരി വരവിനെ പ്രതികൂലമായി ബാധിക്കുന്നതാണ് അരിയുടെ വില വർദ്ധനവിന്റെ ഒരു പ്രധാന കാരണം. മറ്റിനം അരിയുടെ വിലയിൽ ഈ വർദ്ധനവ് കാണാത്തത് അവ വ്യാപകമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന ഇനങ്ങളായതുകൊണ്ടാണ്.

(സി) കമ്പോള ഇടപെടലിനായി നവംബർ മാസത്തിൽ 18.58 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഡിസംബർ, ജനുവരി മാസങ്ങളിൽ തുക അനുവദിച്ചിട്ടില്ല. എന്നാൽ ആകെ ബജറ്റ് വിഹിതമായ 150 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയില്ലെന്ന കാരണത്താൽ സംസ്ഥാനത്തിന് എ.പി.എൽ. നിരക്കിൽ ലഭ്യമായിരുന്ന ഭക്ഷ്യധാന്യങ്ങൾ 2016 നവംബർ മുതൽ താങ്ങുവില നിരക്ക് ഈടാക്കിക്കൊണ്ടുള്ള കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമായതിലൂടെ വന്ന അനിശ്ചിതാവസ്ഥ, മുൻകാലങ്ങളിൽ മൊത്തവ്യാപാരികൾ നൽകിവന്നിരുന്ന അട്ടിക്കൂലി നൽകിയെങ്കിലേ ഭക്ഷ്യധാന്യങ്ങൾ കയറ്റി നൽകുകയുള്ളൂ എന്ന ആവശ്യത്തിന്മേൽ എഫ്.സി.ഐ. തൊഴിലാളികൾ നടത്തിയ പണിമുടക്കം, എഫ്.സി.ഐ. അധികൃതരുടെ ഭാഗത്തു നിന്നുണ്ടാകേണ്ടിയിരുന്ന സമയോചിത ഇടപെടലുകളുടെ അഭാവം, നിസ്സഹകരണ മനോഭാവം എന്നിവ അരിയുടെ വിലയിൽ നേരിയ വർദ്ധനവിന് കാരണമായിട്ടുണ്ട്. വിവിധ ചർച്ചകളുടെയും ഭക്ഷ്യധാന്യ വിതരണം തടസ്സപ്പെടുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നുള്ള നിലപാടിന്റെയും ഫലമായി എഫ്.സി.ഐ. ഗോഡൗണുകളിലുണ്ടായ കൂലിത്തർക്കം സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിച്ച് അരി ഗോഡൗണുകളിൽനിന്ന് വിട്ടുകിട്ടുന്നതിന് സാധിച്ചിട്ടുണ്ട്.

### റേഷൻ സമ്പ്രാദയം കുറ്റമറ്റതാക്കൽ

359 (383) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റീട്ടെയിൽ റേഷൻ ഡീലർമാരാണുള്ളത് ; റേഷൻ കടകൾവഴി എന്തൊക്കെ സാധനങ്ങളാണ് കാർഡ് ഉടമകൾക്ക് വിതരണം ചെയ്തു വരുന്നത്; ഈ ഓരോ വസ്തുക്കൾക്കും കാർഡുടമകൾ നൽകേണ്ട വില കാർഡ് ഉടമകളുടെ തരംതിരിവനുസരിച്ച് ഈടാക്കുന്ന വില എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) എ.പി.എൽ./ബി.പി.എൽ. ഉൾപ്പെടെ ഓരോ വിഭാഗത്തിനും അനുവദിക്കപ്പെട്ടിട്ടുള്ള റേഷൻ സാധനങ്ങളുടെ അളവ് വ്യക്തമാക്കുമോ;

(സി) റേഷൻ കടകൾവഴി വിറ്റഴിക്കുന്ന അരി, ഗോതമ്പ് ഉൾപ്പെടെയുള്ള എല്ലാ സാധനങ്ങൾക്കും നൽകിവരുന്ന കമ്മീഷൻ എത്ര വീതമെന്നും ഇത് എന്നുമുതലാണ് നൽകി വരുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ജീവിതച്ചെലവിൽ വന്നിട്ടുള്ള വ്യത്യാസത്തിനനുസരിച്ച് എല്ലാ മേഖലകളിലും കൂലി വർദ്ധനവും ശമ്പള വർദ്ധനവും നടത്തുമ്പോൾ റേഷൻ കച്ചവടക്കാർക്ക് മാത്രം ഇത് ലഭിക്കാതെ പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേരളത്തിലെ റേഷൻ സമ്പ്രദായം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനെ ക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; റേഷൻ ഡീലർമാരുടെ ജീവനോപാധിക്ക് അനുസൃതമായി വേതനവും കമ്മീഷനും നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് നിലവിൽ 14335 റീട്ടെയിൽ റേഷൻ ഡീലർമാരാണുള്ളത്. എ.പി.എൽ./ബി.പി.എൽ. ഉൾപ്പെടെ ഓരോ വിഭാഗത്തിനും റേഷൻ കടകൾ വഴിയുള്ള റേഷൻ സാധനങ്ങളുടെ വിതരണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഒരോ വിഭാഗങ്ങൾക്കുമുള്ള വിതരണക്രമം | | | |
|---|---|---|---|---|
| | എ.എ.വൈ. | എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം (Priority) | മുൻഗണനേതര വിഭാഗം (സബ്സിഡി) NP(S) | മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി) NP(NS) |
| അരി | 28 കി.ഗ്രാം (ഒരു കാർഡിന്) സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം കി.ഗ്രാമിന് 2 രൂപ നിരക്കിൽ | അരിയും ഗോതമ്പുമുൾപ്പെടെ 6 കി.ഗ്രാം (ഒരു കാർഡിന്) അരി കി.ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 6.70 രൂപ നിരക്കിലും |
| ഗോതമ്പ് | 7 കി.ഗ്രാം (ഒരു കാർഡിന്) സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം സൗജന്യമായി | ഇല്ല | |
| പഞ്ചസാര | ഒരംഗത്തിന് 250 ഗ്രാം വീതം കി.ഗ്രാമിന് 13.50 രൂപ നിരക്കിൽ | | ഇല്ല | ഇല്ല |
| മണ്ണെണ്ണ | വൈദ്യുതീകരിച്ച വീട്ടിലെ കാർഡിന് ½ ലിറ്ററും വൈദ്യുതീകരിക്കാത്ത വീട്ടിലെ കാർഡിന് 4 ലിറ്ററും ലിറ്ററിന് 21 രൂപ നിരക്കിൽ | | | |

(സി) റേഷൻ ഡീലേഴ്സ് കമ്മീഷൻ

അരി, ഗോതമ്പ് എന്നിവ വിട്ടെടുക്കുന്നതിന് സംസ്ഥാനത്തെ റേഷൻ മൊത്ത വ്യാപാരികൾക്ക് ക്വിന്റലിന് പരമാവധി 60 രൂപയും റേഷൻ ചില്ലറ വ്യാപാരികൾക്ക് ക്വിന്റലിന് പരമാവധി 100 രൂപയും 1-1-2015 മുതൽ കമ്മീഷനായി അനുവദിച്ചുവരുന്നു. സോണിന്റെ ദൈർഘ്യത്തിനനുസരിച്ച് കമ്മീഷൻ നിരക്കിൽ നേരിയ വ്യത്യാസം വരുന്നതാണ്.

മണ്ണെണ്ണ

മണ്ണെണ്ണ മൊത്തവ്യാപാരികളുടെ ഡീലർ കമ്മീഷൻ 20-12-2016 മുതൽ കി. ലിറ്ററിന് 714.18 രൂപയും മണ്ണെണ്ണ റീട്ടെയിൽ വ്യാപാരികളുടെ ഡീലർ കമ്മീഷൻ 1-1-2015 മുതൽ കി. ലിറ്ററിന് 218.75 രൂപയും അനുവദിച്ചുവരുന്നു.

പഞ്ചസാര

റേഷൻ പഞ്ചസാര വിട്ടെടുക്കുന്നതിന് റീട്ടെയിൽ റേഷൻ ഡീലേഴ്സിന് ക്വിന്റലിന് 15 രൂപ കമ്മീഷൻ അനുവദിച്ചുവരുന്നു.

(ഡി&ഇ) സംസ്ഥാനത്ത് നിലവിലുള്ള റേഷനിംഗ് സമ്പ്രദായം അനുസരിച്ചും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരവും റേഷൻ കട ഉടമയ്ക്ക് കമ്മീഷൻ/മാർജിൻ എന്ന നിലയിൽ ഭക്ഷ്യ ധാന്യങ്ങളുടെ വിതരണത്തെ അടിസ്ഥാനപ്പെടുത്തി പ്രതിഫലം നൽകുന്നതിനാണ് വ്യവസ്ഥയുള്ളത്. കേരളത്തിലെ റേഷൻ വിതരണത്തെ കുറ്റമറ്റ രീതിയിലാക്കുന്നതിനെപ്പറ്റി പഠിക്കുവാൻ ശ്രീമതി നിവേദിത പി. ഹരൻ. ഐ.എ.എസ്.-നെ അദ്ധ്യക്ഷയാക്കി ഒരു കമ്മീഷനെ സർക്കാർ നിയമിച്ചിരുന്നു. ഈ കമ്മീഷന്റെ പഠന റിപ്പോർട്ടിൽ റേഷൻ വ്യാപാരികൾക്ക് നീതിപൂർവ്വമായ കമ്മീഷൻ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. രാജ്യത്തെ പൊതുവിതരണ സമ്പ്രദായം പരിഷ്കരിക്കുന്നതിനായി 2013-ൽ ഭാരത സർക്കാർ പാസ്സാക്കിയ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്കുള്ള പാക്കേജ് സംബന്ധിച്ച് പഠിക്കുവാൻ റേഷൻ വ്യാപാരി പ്രതിനിധികൾ, സിവിൽ സപ്ലൈസ് ഡയറക്ടർ, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ, തൊഴിൽ വകുപ്പ് പ്രതിനിധി, ഡബ്ല്യു.എഫ്.പി. പ്രതിനിധി എന്നിവർ ഉൾപ്പെട്ട ഒരു സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സമിതി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**റേഷൻ വിതരണത്തിലെ അപാകത**

360 (384) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അർഹരായ ലക്ഷക്കണക്കിന് പേരെ ഒഴിവാക്കിയതായ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പൂർണ്ണമായ തോതിൽ നടപ്പാക്കപ്പെടുമ്പോൾ പ്രസ്തുത അപാകതകൾ പൂർണ്ണമായും ഒഴിവാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുവാൻ റേഷൻ കടകൾവഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽനിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം 20-10-2016-ന് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയും ടി പട്ടികയിൽ ആക്ഷേപമോ/പരാതികളോ ഉണ്ടെങ്കിൽ വെരിഫിക്കേഷൻ കമ്മിറ്റികളിൽ നൽകുവാനായി അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റികളിൽ പരാതിയുള്ളപക്ഷം അപ്പീൽ കമ്മിറ്റിക്ക് പരാതി നൽകുവാൻ അവസരം നൽകിയിരുന്നു. പരാതിക്കാരെ നേർക്കാഴ്ചയ്ക്ക് വിളിക്കുകയും അടിസ്ഥാന രേഖകൾ പരിശോധിക്കുകയും ചെയ്ത് പട്ടികയിൽ മാറ്റം വരുത്തുകയും അന്തിമ പട്ടികയുടെ അംഗീകാരത്തിനായി ഗ്രാമസഭയ്ക്ക് 10-2-2017-ന് കൈമാറുകയും ചെയ്തിട്ടുണ്ട്. ടി പട്ടിക അംഗീകരിച്ച് തിരികെ ലഭ്യമായ ഉടൻതന്നെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. 2017 മാർച്ച് മാസത്തോടെ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അർഹരായവരെ ഒഴിവാക്കി എന്ന ആരോപണത്തിൽ കഴമ്പില്ല. അനർഹർ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അക്കാര്യം പുനഃപരിശോധിക്കുന്നതിനുള്ള നടപടികളും ആലോചിക്കുന്നുണ്ട്.

**ഭക്ഷ്യ വസ്തുക്കളിലെ മായം**

361 (385) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടുപിടിക്കുന്നതിന് സംസ്ഥാനത്ത് എവിടെയെല്ലാം സംവിധാനങ്ങൾ ഉണ്ടെന്നും നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോയെന്നും വിശദമാക്കുമോ;

(ബി) ഭക്ഷ്യ വസ്തുക്കളുടെ ശുദ്ധത ഉറപ്പുവരുത്തുന്നതിനായി ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും ആവശ്യമായ സംവിധാനങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടുപിടിക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ മൂന്ന് മേഖലാ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് സേഫ്റ്റി ലാബും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം, കോഴിക്കോട് എന്നീ ലാബുകളുടെ നിയന്ത്രണത്തിൽ രണ്ട് മൊബൈൽ ടെസ്റ്റിംഗ് ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**റേഷൻ കാർഡുകളുടെ മുൻഗണനാ പട്ടിക**

362 (386) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകളുടെ മുൻഗണനാ പട്ടികയുടെ കരട് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചുവെന്നും എത്ര പരാതികളിൽ പരിഹാരം കണ്ടുവെന്നും വ്യക്തമാക്കുമോ;

(ബി) 2016 നവംബർ, ഡിസംബർ, 2017 ജനുവരി എന്നീ മാസങ്ങളിൽ റേഷൻ സാധനങ്ങൾ കാർഡുടമകൾക്ക് യഥാസമയം വിതരണം ചെയ്യുവാൻ കഴിഞ്ഞോ; ഇല്ലെങ്കിൽ അതിനിടയാക്കിയ കാരണം വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ എത്ര മെട്രിക് ടൺ അരിയും ഗോതമ്പും കേന്ദ്രം അനുവദിച്ചു; അതിൽ എത്ര മെട്രിക് ടൺ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും ലിഫ്റ്റ് ചെയ്യുകയുണ്ടായി;

(ഡി) എഫ്.സി.ഐ. ഗോഡൗണുകളിലെ തൊഴിൽതർക്കംമൂലം അനുവദിച്ച അരിയും ഗോതമ്പും യഥാസമയം ലിഫ്റ്റ് ചെയ്യുന്നതിൽ ബുദ്ധിമുട്ടുണ്ടാക്കിയോ;

(ഇ) പ്രസ്തുത തൊഴിൽത്തർക്കം എപ്രകാരമാണ് ഒത്തുതീർപ്പാക്കിയതെന്നും ഇതുമൂലം സംസ്ഥാന സർക്കാരിന് എത്ര കോടി രൂപയുടെ അധികബാദ്ധ്യത പ്രതിവർഷം ഉണ്ടാകുമെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ) | ലഭിച്ച പരാതികളുടെ എണ്ണം | - | 16,73,422 |
| | പരിഹാരം കണ്ട പരാതികളുടെ എണ്ണം | - | 12,43,153 |

(ബി) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയില്ലെന്ന കാരണത്താൽ സംസ്ഥാനത്തിന് എ.പി.എൽ. നിരക്കിൽ ലഭ്യമായിരുന്ന ഭക്ഷ്യധാന്യങ്ങൾക്ക് 2016 നവംബർ മുതൽ താങ്ങുവില നിരക്ക് ഈടാക്കിക്കൊണ്ടും 2016 ജൂൺ വരെ നൽകി വന്നിരുന്ന എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ അധിക അലോട്ട്മെന്റ് (അഡ്ഹോക്ക്) ഇനിമേൽ നൽകേണ്ടതില്ലെന്ന് തീരുമാനിച്ച് കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമാക്കുകയുണ്ടായി. നവംബർ മുതൽ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തേണ്ട സാഹചര്യമുണ്ടാവുകയും ഇത് കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തുകയും കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുകയും ചെയ്തതിന്റെ ഫലമായി 25-10-2016-ൽ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാകുകയും ചെയ്തു. നവംബർ ക്വാട്ടയിലേക്കുള്ള ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കേണ്ട ഏകദേശം ഒരുമാസക്കാലയളവ് ഇപ്രകാരം അനിശ്ചിതാവസ്ഥയിൽ നഷ്ടപ്പെടുകയുണ്ടായി. അട്ടിക്കൂലിയുടെ പേരുപറഞ്ഞ് എഫ്.സി.ഐ. തൊഴിലാളികൾ പണിമുടക്കുകയും ഭക്ഷ്യധാന്യങ്ങൾ കയറ്റി നൽകാതിരിക്കുന്ന സാഹചര്യവുമുണ്ടായി. മേൽ പറയപ്പെട്ട പ്രകാരം 2016 നവംബർ, ഡിസംബർ, 2017 ജനുവരി ക്വാട്ടകളിലെ ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പിൽ വന്ന കാലതാമസം പരിഗണിച്ച് 2016 നവംബർ മാസത്തെ റേഷൻ വിതരണം (അരി, ഗോതമ്പ്) 31-12-2016 വരെയും 2016 ഡിസംബർ മാസത്തെ റേഷൻ വിതരണം 14-1-2017 വരെയും 2017 ജനുവരി മാസത്തെ റേഷൻ വിതരണം കൊല്ലം, ആലപ്പുഴ, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ 4-2-2017 വരെയും കോട്ടയം ജില്ലയിൽ 11-2-2017 വരെയും ദീർഘിപ്പിച്ച് നൽകുകയുണ്ടായി. ഇപ്പോൾ ഫെബ്രുവരി, 2017 ക്വാട്ടയിലെ ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ് പൂർത്തിയാക്കി വിതരണം നടന്നുകൊണ്ടിരിക്കുകയാണ്.

(സി) നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ കേന്ദ്രം അനുവദിച്ചതും എഫ്.സി.ഐ. ഗോഡൗണുകളിൽനിന്ന് വിട്ടെടുത്തതുമായ (ലിഫ്റ്റ് ചെയ്ത) അരിയുടെയും ഗോതമ്പിന്റെയും അളവ്

അളവ്-മെ. ടണ്ണിൽ

| മാസം | അരി | | ഗോതമ്പ് | |
|---|---|---|---|---|
| | അനുവദിച്ച അളവ് | വിട്ടെടുത്ത അളവ് | അനുവദിച്ച അളവ് | വിട്ടെടുത്ത അളവ് |
| 2016 നവംബർ | 95715.792 | 95715.792 | 23038.291 | 23038.291 |
| 2016 ഡിസംബർ | 102174.866 | 102174.866 | 16579.217 | 16579.217 |
| 2017 ജനുവരി | 102174.866 | 100891.55721 | 16579.217 | 16563.696695 |

(ജനുവരി ക്വാട്ടയിൽ വിട്ടെടുക്കാനവശേഷിക്കുന്ന 1283.308790 മെ.ടൺ അരിയും 15.520305 മെ.ടൺ ഗോതമ്പും കോട്ടയം ജില്ലയിലെ ചിങ്ങവനം ഡിപ്പോയിൽ തുടർച്ചയായ വാഗൺ പ്ലേസ്മെന്റ് മുഖാന്തരം വിട്ടെടുക്കാൻ കഴിയാതിരുന്നതാണ്. ആയത് വിട്ടെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കുന്നതിനായി സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട്. )

(ഡി) അതെ

(ഇ) ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും വിവിധ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെയും സർക്കാർ സ്വീകരിച്ച കർശന നിലപാടുകളുടെയും ഫലമായാണ് തൊഴിൽത്തർക്കം ഒത്തുതീർപ്പായത്. തൊഴിലാളി പ്രതിനിധികളുമായി നടത്തിയ വിവിധ ചർച്ചകളിൽ തീരുമാനമായ പ്രകാരം സപ്ലൈകോ പൂർണ്ണമായും വാതിൽപ്പടി വിതരണം ആരംഭിക്കുന്നതുവരെ ലോഡിന് പരമാവധി 750 രൂപയും നിലവിൽ 750 രൂപയിൽ താഴെ അധികകൂലി നൽകിവരുന്ന സ്ഥലങ്ങളിൽ പ്രസ്തുത തുക മാത്രമായും പാലക്കാട് ജില്ലയിൽ മറ്റൊരു രീതി തുടരുന്നതിനാൽ ലോഡ് ടാർപ്പോളിൻ മൂടിക്കെട്ടി കൊടുക്കുന്ന ലോറികെട്ട് ചുമട്ട് തൊഴിലാളികൾക്ക് അരി ലോഡിന് 130 രൂപയും ഗോതമ്പ് ലോഡിന് 240 രൂപയും പ്രകാരം കെട്ടുകൂലി മാത്രമായും താൽക്കാലികമായി അനുവദിച്ചിട്ടുണ്ട്. വാതിൽപ്പടി വിതരണം പൂർണ്ണമായും ആരംഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ചെലവുകൾ അവസാനിക്കുമെന്നതിനാൽ അധികബാധ്യത പ്രതിവർഷം ഉണ്ടാകുന്നില്ല.

**മൊബൈൽ മാവേലി സ്റ്റോർ**

363 (387) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ ഭൂരിഭാഗം ആദിവാസികൾ വസിക്കുന്ന നിലമ്പൂർ മണ്ഡലത്തിൽ അവർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ മൊബൈൽ മാവേലി സ്റ്റോർ സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ആദിവാസികൾ ഭൂരിഭാഗം വസിക്കുന്ന നിലമ്പൂർ മണ്ഡലത്തിലെ മൂത്തേടം, കരുളായി എന്നീ പഞ്ചായത്തുകളിലെ തീക്കടി കോളനി, കൽക്കുളം കോളനി, മുണ്ടക്കടവ് കോളനി, നെടുങ്കയം കോളനി എന്നീ ഗോത്രവർഗ്ഗ മേഖലയിൽ സപ്ലൈകോ മൊബൈൽ മാവേലി സ്റ്റോറിന്റെ സേവനം നിലവിൽ ലഭ്യമാക്കിവരുന്നുണ്ട്. നിലമ്പൂർ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്.

**സപ്ലൈകോ വിൽപ്പന കേന്ദ്രങ്ങളുടെ പ്രവർത്തനം**

364 (388) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സപ്ലൈസ് വിൽപ്പന കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇവിടെ നിന്നും വിൽപ്പന നടത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം കൃത്യമായും നിരന്തരമായും പരിശോധിക്കുന്നതിനും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഇവിടെ വരുന്ന പൊതുജനങ്ങളോട് ചില ജീവനക്കാരെങ്കിലും മോശമായി പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം പെരുമാറ്റങ്ങൾ ഒഴിവാക്കുന്നതിനും കൂടുതൽ സേവന മനോഭാവത്തോടെ പെരുമാറുന്നതിനും ജീവനക്കാരെ ബോധവൽക്കരിക്കുന്നതിനും അവരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോ വിൽപ്പന കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും കൂടുതൽപേർക്ക് ഇതിന്റെ പ്രയോജനമെത്തിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സപ്ലൈകോയിൽ ഇ-ടെണ്ടർ പ്രകാരം വാങ്ങുന്ന സാധനങ്ങൾ ഓരോ ഡിപ്പോയിലും Quality Assurance കമ്മിറ്റി പരിശോധിച്ച് സംശയങ്ങളുള്ളപക്ഷം റീജിയണൽ അനലറ്റിക്കൽ ലാബ്/സി.എഫ്.ആർ.ഡി. എന്നിവിടങ്ങളിൽ പരിശോധിക്കാറുണ്ട്. കൂടാതെ എഫ്.എം.സി.ജി.-യിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭക്ഷ്യ വസ്തുക്കൾ അംഗീകൃത NABL Accredited Lab/CFRD Lab എന്നിവയുടെ ഗുണമേന്മാ പരിശോധനാ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സപ്ലൈയറിൽനിന്നും വാങ്ങിയതിനുശേഷം മാത്രമേ ഡിപ്പോയിൽ സ്വീകരിക്കാറുള്ളൂ.

സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ശക്തമായ ഒരു പരിശോധനാ വിഭാഗം നിലവിലുണ്ട്. സപ്ലൈകോയുടെ Quality Manual-ൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ഓരോ ഡിപ്പോകളിലേയും Quality Assurance Committee ലഭിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ വിവിധ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ യഥാസമയങ്ങളിൽ കോന്നിയിലുള്ള സി.എഫ്.ആർ.ഡി. മൈക്രോബയോളജിക്കൽ ലാബിലും റീജണൽ അനലറ്റിക്കൽ ലാബിലും പരിശോധന നടത്തുന്നുണ്ട്. പാക്കറ്റ് ഭക്ഷ്യ വസ്തുക്കൾക്ക് HACCP, ISO-22000 അഗ്മാർക്ക് എന്നീ ഗുണമേന്മകൾ നിർബന്ധമാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നുണ്ട്. കാലകാലങ്ങളിൽ ഗുണമേന്മയിലുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധന കൂടുതൽ ശക്തിപ്പെടുത്തിവരുന്നു.

(സി&ഡി) സപ്ലൈകോ ജീവനക്കാർ ഉപഭോക്താക്കളോട് മോശമായി പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ജീവനക്കാർക്കെതിരെ ആവശ്യമായ പക്ഷം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും തുടർന്നുള്ള അവരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ഹെഡ്ഡാഫീസ്/മേഖലാ/ഡിപ്പോ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഉപഭോക്താക്കളോട് മാന്യമായ രീതിയിൽ പെരുമാറുന്നതിന് ഉതകുന്നതിനുള്ള പരിശീലന ക്ലാസ്സുകളും സപ്ലൈകോ വിൽപ്പനകേന്ദ്രങ്ങളിലെ ജീവനക്കാർക്ക് നൽകിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അരിക്കടകളും പെട്രോൾ പമ്പും ഹൈപ്പർ മാർക്കറ്റും

365 (389) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽ സപ്ലൈസ് കോർപ്പറേഷന് കീഴിൽ ചാലക്കുടിയിൽ അരിക്കടകളും പെട്രോൾ പമ്പും ഹൈപ്പർ മാർക്കറ്റും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സ്വീകരിച്ചിട്ടുണ്ട്. കിഴക്കേ ചാലക്കുടി വില്ലേജിൽ സർവ്വേ നമ്പർ 439/1-ൽ ചാലക്കുടി ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിനോടനുബന്ധിച്ച് 0.1568 ഹെക്ടർ ഭൂമി (38.74 സെന്റ്) സപ്ലൈകോയ്ക്ക് അനുവദിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. ഭൂമി കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഒരു ഹൈപ്പർമാർക്കറ്റും പെട്രോൾ ബങ്കും ആരംഭിക്കുവാനാണുദ്ദേശിക്കുന്നത്. എന്നാൽ ചാലക്കുടിയിൽ അരിക്കട ആരംഭിക്കുന്നതിനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല.

## മുൻഗണനാ ലിസ്റ്റ്

366 (390) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഭക്ഷ്യ സുരക്ഷാ മുൻഗണനാ ലിസ്റ്റിന് പുറമേ സംസ്ഥാന മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് എത്ര കിലോ ഭക്ഷ്യധാന്യമാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ നിരക്ക് എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല, മുൻഗണനേതര സ്റ്റേറ്റ് സബ്സിഡി കരട് പട്ടിക നിലവിലുണ്ട്.

(ബി) ടൈഡ് ഓവർ വിഹിതത്തിൽനിന്നും കരട് മുൻഗണനേതര പട്ടികയിൽ ഉൾപ്പെട്ട മുൻഗണനാ മാനദണ്ഡപ്രകാരം ഒരു മാർക്കെങ്കിലും കിട്ടിയവർ, മുൻഗണനാ മാനദണ്ഡത്തിൽപ്പെട്ടവരും എന്നാൽ മാർക്കൊന്നും കിട്ടാത്തവരും ആയിരം ചതുരശ്ര അടി വീട് എന്ന മാനദണ്ഡംമൂലം മുൻഗണനയിൽപ്പെടാത്തവർ, നാല് ചക്രവാഹനം എന്ന മാനദണ്ഡംമൂലം മുൻഗണനയിൽപ്പെടാത്തവർ എന്നിവയാണ് ഇതിനുള്ള മാനദണ്ഡങ്ങൾ.

(സി) ഓരോ അംഗത്തിനും 5 കി.ഗ്രാം ഭക്ഷ്യ ധാന്യം (അരി, ഗോതമ്പ് ഉൾപ്പെടെ) സൗജന്യമായി ലഭിക്കുന്നതാണ്.

**മാവേലി സ്റ്റോറുകൾ**

367 (391) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയമസഭാ മണ്ഡലത്തിലെ എത്ര ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മാവേലി സ്റ്റോർ നിലവിൽ അനുവദിച്ചിട്ടില്ലാത്ത പഞ്ചായത്തുകളിൽ പുതുതായി മാവേലി സ്റ്റോറുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) കോതമംഗലത്തെ നിർത്തലാക്കിയ ത്രിവേണി സൂപ്പർമാർക്കറ്റ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോതമംഗലം നിയമസഭാ മണ്ഡലത്തിലെ 9 ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) മാവേലി സ്റ്റോർ നിലവിലില്ലാത്ത സംസ്ഥാനത്തെ 32 പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

**സർവ്വീസ് സഹകരണ ബാങ്കിന് മാവേലി സ്റ്റോറുകൾ**

368 (392) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമക്കുടി കോരമ്പാടം സർവ്വീസ് സഹകരണ ബാങ്ക് അധികൃതർ മാവേലി സ്റ്റോർ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മാവേലി സ്റ്റോറിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത കടമക്കുടി പഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ പ്രവർത്തനമാരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. ആവശ്യമായ ജീവനക്കാരെ ലഭ്യമാക്കി മാവേലി സ്റ്റോറിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റേഷൻ കാർഡുകളുടെ വിതരണം**

369 (393) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണ നടപടികൾ ഏതു ഘട്ടത്തിലാണെന്നും പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ എന്നു മുതൽ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ;

(ബി) പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണം എന്ന് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ റേഷൻ കാർഡില്ലാത്തവർ പുതിയ റേഷൻ കാർഡിനായി സമർപ്പിച്ച അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും അവർക്കായി താൽക്കാലിക സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പാക്കിയതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുവാൻ റേഷൻ കടകൾവഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽനിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം 20-10-2016-ന് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയും ടി പട്ടികയിൽ ആക്ഷേപമോ/പരാതികളോ ഉണ്ടെങ്കിൽ വെരിഫിക്കേഷൻ കമ്മിറ്റികളിൽ നൽകുവാനായി അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റികളിൽ പരാതിയുള്ളപക്ഷം അപ്പീൽ കമ്മിറ്റിക്ക് പരാതി നൽകാൻ അവസരം നൽകിയിരുന്നു. പരാതിക്കാരെ നേർക്കാഴ്ചയ്ക്ക് വിളിക്കുകയും അടിസ്ഥാന രേഖകൾ പരിശോധിക്കുകയും ചെയ്ത് പട്ടികയിൽ മാറ്റം വരുത്തുകയും അന്തിമ പട്ടികയുടെ അംഗീകാരത്തിനായി ഗ്രാമസഭയ്ക്ക് 10-2-2017-ന് കൈമാറുകയും ചെയ്തിട്ടുണ്ട്. ടി പട്ടിക അംഗീകരിച്ച് തിരികെ ലഭ്യമായ ഉടൻതന്നെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. 2017 മാർച്ച് മാസത്തോടെ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) പുതിയ റേഷൻ കാർഡിനായി സമർപ്പിച്ച അപേക്ഷകൾ വകുപ്പ് സ്വീകരിക്കുകയും റേഷൻ കാർഡ് പുതുക്കൽ പ്രകാരമുള്ള കാർഡ് വിതരണത്തിനു-ശേഷം നടപടി സ്വീകരിക്കുന്നതുമാണ്. അത്യാവശ്യ ഘട്ടങ്ങളിൽ താൽക്കാലിക റേഷൻ കാർഡ് നൽകിവരുന്നുണ്ട്.

**വിലക്കയറ്റം**

370 (394) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിന് ഈ വർഷം അനുവദിച്ച പദ്ധതി വിഹിതം എത്രയാണ്; ഇതിൽ എന്ത് തുക 2017 ജനുവരി 31 വരെ ചെലവഴിച്ചു ; ഇത് പദ്ധതി തുകയുടെ എത്ര ശതമാനമാണ് ;

(ബി) 2015-16-ൽ പദ്ധതി വിഹിതം എത്രയായിരുന്നു ; ഇതിൽ എന്ത് തുക 2016 ജനുവരി 31 വരെ ചെലവഴിച്ചു ; ഇത് പദ്ധതി തുകയുടെ എത്ര ശതമാനമായിരുന്നു;

(സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ വകുപ്പ് പരാജയപ്പെടാനുണ്ടായ കാരണം പദ്ധതിവിഹിതം ചെലവഴിക്കുന്നതിലെ കുറവുമൂലമാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ന്യായവില കടകൾവഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാതിരുന്നതാണ് പൊതുവിപണിയിൽ അവശ്യസാധങ്ങൾക്ക് വില വർദ്ധിക്കുന്നതിന് കാരണമായതെന്ന ആരോപണം ശരിയാണെന്ന് കരുതുന്നുണ്ടോ ?

<u>ഉത്തരം</u>

(എ) ഈ വർഷം അനുവദിച്ച പദ്ധതി വിഹിതം 1904.35 ലക്ഷം രൂപയാണ്. 2017 ജനുവരി 31 വരെ 184.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പദ്ധതി തുകയുടെ 9.69 ശതമാനമാണ്.

(ബി) 2015-16-ൽ പദ്ധതി വിഹിതം 1800 ലക്ഷം രൂപയായിരുന്നു. 2016 ജനുവരി 31 വരെ 1203.43 ലക്ഷം രൂപ ചെലവഴിച്ചു. ഇത് പദ്ധതി തുകയുടെ 66.85 ശതമാനമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കരുതുന്നില്ല.

**അരി വിലക്കയറ്റം തടയുന്നതിനുള്ള നടപടി**

371 (395) <u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരിവില പൊതുവിപണിയിൽ ക്രമാതീതമായി വർദ്ധിച്ച വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വിലക്കയറ്റം തടയുന്നതിന് സർക്കാർ ഫലപ്രദമായ ഇടപെടൽ നടത്താത്തതുകൊണ്ടാണ് പൊതുവിപണിയിൽ അരിക്ക് റിക്കോർഡ് വിലയുണ്ടായത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് അരിക്കടകൾ തുടങ്ങുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അരിക്കടകൾ ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) വിലക്കയറ്റം തടയുന്നതിനും ദുരിതമനുഭവിക്കുന്ന സാധാരണ ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നതിനും എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രാവർത്തികമാക്കിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി 3 എണ്ണം ആരംഭിച്ചിട്ടുണ്ട്.

(ഇ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി നിലവിലുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങളാണ് വിൽപ്പനശാലകൾവഴി വിതരണം ചെയ്യുന്നത്. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യഭക്ഷ്യസാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ വിവിധ ഉൽപ്പന്നങ്ങൾ കർശന ഗുണ നിലവാര പരിശോധനയ്ക്കുശേഷം പൊതു വിപണി വിലയേക്കാൾ 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. വില വർദ്ധനവ് തടയുന്നതിനായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും സബ്സിഡി ഇനത്തിലും നോൺ സബ്സിഡി ഇനത്തിലുമായി എല്ലാത്തരം അരിയിനങ്ങളും വിതരണം ചെയ്യുന്നുമുണ്ട്. അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയതുമൂലം കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, ഊഹക്കച്ചവടം എന്നിവമൂലമുള്ള കൃത്രിമക്ഷാമം, കൃത്രിമ വിലക്കയറ്റത്തിനുള്ള സാധ്യത എന്നിവ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.

**ഭക്ഷ്യ ഭദ്രതാ നിയമം**

372 (396) ശ്രീ. റോജി എം. ജോൺ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം മുൻഗണനാവിഭാഗങ്ങളുടെ അന്തിമപട്ടിക കേന്ദ്ര സർക്കാരിന് സമർപ്പിക്കാനുള്ള അവസാന ദിവസമെന്നായിരുന്നു; അതിൻപ്രകാരം അന്തിമ പട്ടിക സമർപ്പിച്ചോ ; വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലമാണോ അന്തിമ പട്ടിക നിശ്ചിത തീയതിക്കുമുമ്പ് സമർപ്പിക്കാൻ കഴിയാതെ വന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) റേഷൻ വിതരണം മുടങ്ങുന്നതിനും പൊതുവിപണിയിലെ അരിവില കുതിച്ചുയരുന്നതിനും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായ അനാസ്ഥ കാരണമായെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) അന്തിമപട്ടിക കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതില്ല..

(ബി) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയിൽ കാതലായ മാറ്റങ്ങൾക്ക് വഴി തെളിയിച്ചുകൊണ്ട് ഭക്ഷ്യ ഭദ്രതാ നിയമം, 2013 നവംബർ മാസം മുതൽ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് തുടക്കത്തിലുണ്ടായ തൊഴിൽ പ്രശ്നങ്ങൾ കാരണം റേഷൻ വിതരണത്തിന് ചെറിയ കാലതാമസം നേരിട്ടുവെങ്കിലും ആയത് പരിഹരിച്ച് റേഷൻ വിതരണം പുനഃസ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തെക്കൻ ജില്ലകളിൽ കൂടുതലായി ഉപയോഗിക്കുന്ന ആന്ധ്രാ ജയ അരിക്കാണ് ഗണ്യമായ വില വർദ്ധനവുണ്ടായിട്ടുള്ളത്. കൂടാതെ മട്ടവടി അരിയുടെ വിലയിലും നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് ഉപയോഗിക്കുന്ന അരിയുടെ സിംഹഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ആയതിനാൽ അന്യ സംസ്ഥാനങ്ങളിൽ കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ക്ഷോഭവും മറ്റും കൊണ്ടുള്ള കൃഷിനാശത്തിന്റെ ഫലമായി ഉണ്ടാകുന്ന ഉൽപ്പാദനക്കുറവ് കേരളത്തിലേക്കുള്ള അരി വരവിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. എന്നിരുന്നാലും കേന്ദ്രത്തിൽ നിന്ന് OMSS/ഇക്കണോമിക് നിരക്കിൽ അരി ലഭ്യമാക്കി പൊതുജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ ഒരു അനാസ്ഥയും ഉണ്ടായിട്ടില്ല.

## നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന

373 (397) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില താങ്ങാവുന്നതിലധികം വർദ്ധിച്ചതുമൂലം ജനജീവിതം ദുരിതത്തിലായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) വിവിധ തരം ന്യായവില സ്റ്റോറുകൾ അധികമായി സ്ഥാപിച്ച് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവുമൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സർക്കാർ കാര്യക്ഷമമായി നടപ്പാക്കിവരുന്നു.

(ബി) പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെയും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന്റെയും ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങൾ വിൽപ്പന ശാലകൾവഴി വിതരണം ചെയ്യുന്നു. 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിലുള്ള വിവിധ ഉൽപ്പന്നങ്ങൾ കർശന ഗുണനിലവാര പരിശോധയ്ക്കുശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിലും മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP-യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ അരിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി അരിക്കട ഫെയറുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അവശ്യഭക്ഷ്യ വസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയതുമൂലം കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, ഊഹക്കച്ചവടം എന്നിവമൂലമുള്ള കൃത്രിമ ക്ഷാമം, കൃത്രിമ വിലക്കയറ്റത്തിനുള്ള സാധ്യത എന്നിവ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) നിലവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ ഇല്ലാത്ത 32 പഞ്ചായത്തുകളിൽ പുതിയ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റേഷൻ കാർഡ് വിതരണം

374 (398) ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് വിതരണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ റേഷൻ കാർഡ് ആധാർ സംവിധാനവുമായി ബന്ധിപ്പിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസി മുഖാന്തരമാണ് ചെയ്യുന്നത്; ഇതുമൂലം കാർഡ് ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവായി പ്പോകുന്ന റേഷൻ കാർഡുടമകൾക്ക് എന്തെങ്കിലും റേഷൻ വിഹിതം സംസ്ഥാന പദ്ധതിയിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

### ഉത്തരം

(എ) 2017 മാർച്ച് മാസത്തോടുകൂടി വിതരണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്. റേഷൻ കാർഡുകളുടെ അപേക്ഷയോടൊപ്പം ആധാർ വിവരങ്ങളും ശേഖരിച്ചിരുന്നു. ഈ വിവരങ്ങൾ നാഷണൽ ഇൻഫൊർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) തയ്യാറാക്കിയിട്ടുള്ള ആപ്ലിക്കേഷൻ മുഖേന റേഷൻ കാർഡ് ഡാറ്റാബേസിൽ സീഡ് ചെയ്തിട്ടുണ്ട്. കാർഡുകളുടെ ഇരട്ടിപ്പ് ആധാർ മുഖേന കണ്ടെത്താൻ സാധിക്കും. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) മുൻഗണനേതര സബ്സിഡി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് ആളൊന്നിന് രണ്ട് രൂപ നിരക്കിൽ രണ്ട് കിലോ അരി അനുവദിച്ചുവരുന്നു. മുൻഗണനാ വിഭാഗക്കാർക്കും മുൻഗണനേതര സബ്സിഡി വിഭാഗക്കാർക്കും വിതരണം നടത്തിയശേഷം ശേഷിക്കുന്ന ഭക്ഷ്യധാന്യ വിഹിതം തുല്യമായി വീതിച്ച് മുൻഗണനേതര വിഭാഗങ്ങൾക്കും അനുവദിച്ചുവരുന്നു.

## റേഷൻ കാർഡുകളുടെ വിതരണം

375 (399) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ;

(ബി) റേഷൻ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കരട് മുൻഗണനാ പട്ടികയിൻമേലുള്ള ആക്ഷേപങ്ങളും/ പരാതികളും പരിഹരിച്ച് അന്തിമ പട്ടിക പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി 10-2-2017-ന് കൈമാറിയിട്ടുണ്ട്. ടി പട്ടിക അംഗീകരിച്ച് തിരികെ ലഭ്യമായ ഉടൻതന്നെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. റേഷൻ കാർഡ് അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. 2017 മാർച്ച് മാസത്തോടുകൂടി വിതരണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഭക്ഷ്യധാന്യക്ഷാമവും വിലക്കയറ്റവും**

376 (400) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യധാന്യ ക്ഷാമവും വിലക്കയറ്റവും നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആവശ്യങ്ങൾക്കും വിപണി ഇടപെടലിനും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ആയത് ഏതുതരത്തിലാണ് വിനിയോഗിക്കുന്നതെന്നും അറിയിക്കാമോ ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി നിലവിലുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങളാണ് വിൽപ്പനശാലകൾവഴി വിതരണം ചെയ്യുന്നത്. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യസാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ വിവിധ ഉൽപ്പന്നങ്ങൾ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതു വിപണി വിലയേക്കാൾ 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

വില വർദ്ധനവ് തടയുന്നതിനായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും സബ്സിഡി ഇനത്തിലും നോൺ സബ്സിഡി ഇനത്തിലുമായി എല്ലാത്തരം അരിയിനങ്ങളും വിതരണം ചെയ്യുന്നുമുണ്ട്. അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയതുമൂലം കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, ഊഹക്കച്ചവടം എന്നിവമൂലമുള്ള കൃത്രിമ ക്ഷാമം, കൃത്രിമ വിലക്കയറ്റത്തിനുള്ള സാധ്യത എന്നിവ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണങ്ങൾ മനസ്സിലാക്കി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താനായി സിവിൽ സപ്ലൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെയും വ്യാപാര പ്രതിനിധികളുടെയും യോഗങ്ങൾ 2016 ജൂൺ, ഓഗസ്റ്റ് മാസങ്ങളിലായി ചേർന്നു.

അരിയുടെ പൂഴ്ത്തിവെപ്പ്, കരിഞ്ചന്ത, വിലക്കയറ്റം എന്നിവ തടയുന്നതിന് ജില്ലാതലത്തിൽ വ്യാപാരികളുടെ യോഗങ്ങൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്നതിന് ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ ധാന്യങ്ങളുടെ വില ശരാശരിയിൽ കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ വകുപ്പിലെ ഉദ്യോഗസ്ഥരും, പോലീസ്, ലീഗൽ മെട്രോളജി വകുപ്പുകളിലെ ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധന നടത്തുകയും കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അവശ്യ സാധനങ്ങൾ വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വിൽപ്പന നടത്തുന്നതുമൂലം സപ്ലൈകോയ്ക്ക് ഉണ്ടാകുന്ന നഷ്ടം നികത്താനാണ് ഈ തുക ഉപയോഗിക്കുന്നത്.

## ഭക്ഷ്യവസ്തുക്കളിലെ മായം

377 (401) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചായപ്പൊടിയിൽ മായം കലർത്തപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭക്ഷ്യ വസ്തുക്കളിൽ മായം കലർത്തുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃത്രിമ കളറുകളും ഇരുമ്പുപൊടിയുമാണ് സാധാരണയായി തേയിലയിൽ കണ്ടുവരുന്ന മായങ്ങൾ.

(ബി) ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തുന്നത് തടയുന്നതിനുവേണ്ടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ സഹായത്തോടുകൂടി സാമ്പിളുകൾ ശേഖരിച്ച് സർക്കാർ നിയന്ത്രണത്തിലുള്ള ലാബുകളിൽ പരിശോധന നടത്തിവരുന്നു. പരിശോധനാ റിപ്പോർട്ടുപ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാരിന്റെ കീഴിലുള്ള ലാബുകളിൽ പരിശോധിക്കാൻ കഴിയാത്തവ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിലും കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ലാബിലും പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. ഫുഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിന് കമ്മീഷണറേറ്റിൽ 1800 425 1125 എന്ന ടോൾഫ്രീ നമ്പർ ഓഫീസ് സമയങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ഭക്ഷ്യസുരക്ഷ കാര്യക്ഷമമാക്കുന്നതിനുവേണ്ടി രണ്ട് മൊബൈൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

**തീർപ്പുകൽപ്പിക്കാത്ത കേസ്സുകൾ**

378 (402) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ കോടതികളിൽ തീർപ്പുകൽപ്പിക്കാതെയുള്ള ധാരാളം കേസുകൾ നിലവിലുള്ളതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കേസുകൾ കാലവിളംബം കൂടാതെ തീർപ്പുകൽപ്പിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫയൽ ചെയ്യപ്പെടുന്ന കേസുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനും അതോടൊപ്പം പഴക്കമുള്ള കേസുകൾ അടിയന്തരമായി തീർപ്പുകൽപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നക്ഷത്രചിഹ്നമിടാത്ത 1, 30, 36, 43, 46, 55, 59, 66, 71, 72, 93, 95, 123, 136, 157, 182, 184, 192, 195, 199, 215, 216, 218, 276 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

(ചോദ്യോത്തരവേളയ്ക്കിടയിൽ സഭ ബഹിഷ്കരിച്ച് പുറത്തുപോയ യു.ഡി.എഫ്. അംഗങ്ങൾ തിരികെ സഭയിൽ ഹാജരായി)

## II. ഉത്തരത്തിലെ തിരുത്ത്

നക്ഷത്രചിഹ്നമിടാത്ത 35-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിലെ തിരുത്ത്

മി. സ്പീക്കർ : പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 35-ന് നൽകിയ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 35-ന് നൽകിയ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## III. ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : സർവ്വശ്രീ കെ. വി. അബ്ദുൾ ഖാദർ, ഇ. കെ. വിജയൻ, സണ്ണി ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## IV. ചരമോപചാരം

ഇ. അഹമ്മദ്, പി. വിശ്വംഭരൻ, ഹമീദ്അലി ഷംനാട്, എൻ. സി. സത്യപാലൻ, ഫിഡൽ കാസ്ട്രോ, ജെ. ജയലളിത, ഡോ. എം. ബാലമുരളീകൃഷ്ണ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ : മുൻ മന്ത്രി ഇ. അഹമ്മദ്, മുൻ നിയമസഭാംഗങ്ങളായിരുന്ന പി. പി. വിശ്വംഭരൻ, ഹമീദ്അലി ഷംനാട്, എൻ. സി. സത്യപാലൻ എന്നിവരും ക്യൂബൻ നേതാവ് ഫിഡൽ കാസ്ട്രോ, തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ജെ. ജയലളിത, പ്രശസ്ത സംഗീതജ്ഞൻ ഡോ. എം. ബാലമുരളീകൃഷ്ണ എന്നിവർ അടുത്തകാലത്ത് നിര്യാതരായി.

ഇ. അഹമ്മദ്

മുൻ കേരള നിയമസഭാംഗവും മുൻ മന്ത്രിയും മുൻ കേന്ദ്രമന്ത്രിയും പാർലമെന്റ് അംഗവും മുസ്ലീംലീഗിന്റെ ദേശീയ പ്രസിഡന്റുമായിരുന്ന ഇ. അഹമ്മദ് 2017 ഫെബ്രുവരി ഒന്നിന് അന്തരിച്ചു. ഒ. അബ്ദുൾ ഖാദർ ഹാജിയുടെയും നഫീസ ബീവിയുടെയും മകനായി 1938 ഏപ്രിൽ 29-ന് കണ്ണൂരിലാണ് അദ്ദേഹം ജനിച്ചത്.

വിദ്യാർത്ഥിയായിരിക്കെത്തന്നെ രാഷ്ട്രീയത്തിൽ സജീവമായ അദ്ദേഹം തലശ്ശേരി ബ്രണ്ണൻ കോളേജിൽനിന്നും ബിരുദം നേടി. എം.എസ്.എഫ്.-ന്റെ പ്രഥമ സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്ന ഇ. അഹമ്മദ് തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിൽനിന്നും നിയമ ബിരുദം നേടിയശേഷം കണ്ണൂർ കോടതിയിൽ പ്രാക്ടീസ് ചെയ്യുമ്പോഴാണ് പൊതുരംഗത്ത് സജീവമാകുന്നത്. തുടർന്ന് കണ്ണൂർ മുനിസിപ്പാലിറ്റിയിൽ കൗൺസിലറായി. പത്രപ്രവർത്തകൻ, എഴുത്തുകാരൻ എന്നീ നിലകളിലും കഴിവുതെളിയിച്ചു. മൂന്നാം കേരള നിയമസഭയിലേയ്ക്ക് കണ്ണൂരിൽനിന്നും അഞ്ചാം കേരള നിയമസഭയിലേയ്ക്ക് കൊടുവള്ളിയിൽനിന്നും ആറ്, ഏഴ്, എട്ട് നിയമസഭകളിലേയ്ക്ക് താനൂരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 24-5-1982 മുതൽ 25-3-1987 വരെ സംസ്ഥാന വ്യവസായ വകുപ്പുമന്ത്രിയായും 1987-1991 കാലഘട്ടത്തിൽ നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. 1991-ലെ 10-ാം ലോക്സഭ മുതൽ 2014-ൽ രൂപീകൃതമായ 16-ാം ലോക്സഭയിൽ വരെ അദ്ദേഹം തുടർച്ചയായി അംഗമായിരുന്നു. 2004-ലെ കേന്ദ്രമന്ത്രിസഭയിൽ വിദേശകാര്യ വകുപ്പ് സഹമന്ത്രിയായും 2009-ലെ മന്ത്രിസഭയിൽ വിദേശകാര്യം, റെയിൽവേ, മാനവവിഭവശേഷി വകുപ്പുകളിൽ സഹമന്ത്രിയായും സേവനമനുഷ്ഠിച്ചു. നിരവധി തവണ ഐക്യരാഷ്ട്രസഭയിലും പല ആഗോള സമ്മേളനങ്ങളിലും അദ്ദേഹം ഇന്ത്യയെ പ്രതിനിധീകരിച്ചിട്ടുണ്ട്.

വിവിധ ലോക്സഭാ സമിതികളുടെ ചെയർമാനായും അംഗമായും സംസ്ഥാന റൂറൽ ഡെവലപ്മെന്റ് ബോർഡ്, സിഡ്കോ എന്നിവയുടെ ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. ജി.സി.സി. രാജ്യങ്ങളിലെ ഇന്ത്യൻ സ്ഥാനപതികളുടെ യോഗാദ്ധ്യക്ഷൻ, പ്രധാനമന്ത്രിയുടെ ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള പ്രത്യേക ദൂതൻ എന്നീ നിലകളിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം ഗൾഫ് രാജ്യങ്ങളും ഇന്ത്യയുമായുള്ള സൗഹൃദം ഊട്ടിയുറപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. ഭരണരംഗത്തെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ജനനേതാവിനെയും സംഘാടകനെയും മികച്ച ഒരു ഭരണകർത്താവിനെയും പാർലമെന്റേറിയനെയുമാണ് ഇദ്ദേഹത്തിന്റെ വിയോഗത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>പി. വിശ്വംഭരൻ</u>

മുൻ നിയമസഭാ സാമാജികനായ പി. വിശ്വംഭരൻ 2016 ഡിസംബർ 9-ന് അന്തരിച്ചു. പത്മനാഭന്റെയും ചെല്ലമ്മയുടെയും മകനായി 1925 ജൂൺ 25-നാണ് അദ്ദേഹം ജനിച്ചത്.

വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രക്ഷോഭങ്ങളിൽ സജീവമായി പങ്കെടുത്ത അദ്ദേഹം ക്വിറ്റ് ഇന്ത്യാ സമരത്തിലൂടെ രാഷ്ട്രീയരംഗത്ത് സജീവമായി. ചരിത്രത്തിലും സാമ്പത്തിക ശാസ്ത്രത്തിലും ബിരുദം കരസ്ഥമാക്കിയ അദ്ദേഹം മാതൃഭൂമി, മലയാളി, സ്വതന്ത്ര കാഹളം, ദേശബന്ധു എന്നീ മലയാള ദിനപ്പത്രങ്ങളിലും യു.പി.ഐ.-യിലും ലേഖകനായി പ്രവർത്തിച്ചു. തിരു-കൊച്ചി വർക്കിംഗ് ജേർണലിസ്റ്റ് യൂണിയൻ സ്ഥാപക ജനറൽ സെക്രട്ടറിയും ഇന്ത്യൻ ഫെഡറേഷൻ ഓഫ് വർക്കിംഗ് ജേർണലിസ്റ്റ്സ് ദേശീയ കൗൺസിൽ അംഗവുമായിരുന്നു.

1949-ൽ സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്ന അദ്ദേഹം 1964-ൽ പ്രജാ സോഷ്യലിസ്റ്റ് പാർട്ടി സംസ്ഥാന സെക്രട്ടറിയായി. ദേശീയ തലത്തിൽ സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചപ്പോൾ ആദ്യ സംസ്ഥാന ചെയർമാനായി അദ്ദേഹത്തെ തെരഞ്ഞെടുത്തു. 1954-ൽ തിരുവിതാംകൂർ-കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിലേയ്ക്കും 1960-ൽ രണ്ടാം കേരള നിയമസഭയിലേയ്ക്ക് നേമത്തുനിന്നും 1967-ൽ തിരുവനന്തപുരം മണ്ഡലത്തിൽനിന്ന് ലോക്സഭയിലേയ്ക്കും തെരഞ്ഞെടുക്കപ്പെട്ടു. ജനകീയ സമരങ്ങൾക്ക് നേതൃത്വം നൽകുകയും പി.യു.സി.എൽ.-ന്റെ സംസ്ഥാന സെക്രട്ടറിയെന്ന നിലയിൽ ഒളിവിൽ കഴിഞ്ഞുകൊണ്ട് അടിയന്തരാവസ്ഥയ്ക്കെതിരെ പ്രവർത്തിക്കുകയും ചെയ്തു. 1973-ൽ കേരളത്തിൽ ഇടതുമുന്നണി രൂപീകരിച്ചപ്പോൾ അതിന്റെ പ്രഥമ കൺവീനറായി നിയോഗിക്കപ്പെട്ടു.

വിവിധ ട്രേഡ് യൂണിയനുകളുടെ അമരക്കാരനായിരുന്ന അദ്ദേഹം കയർ തൊഴിലാളി സമരം, തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള സമരം തുടങ്ങിയവയിലെ മുന്നണിപ്പോരാളിയായിരുന്നു. കയർഫെഡ് വൈസ് പ്രസിഡന്റ്, കയർ ബോർഡ് മെമ്പർ എന്നീ നിലകളിലും പ്രവർത്തിച്ചു. 'അനുസ്മരണകൾ അഭിപ്രായങ്ങൾ' എന്ന പുസ്തകം രചിച്ചിട്ടുണ്ട്. തികഞ്ഞ സോഷ്യലിസ്റ്റും മനുഷ്യാവകാശ പ്രവർത്തകനും ഗാന്ധിയനുമായിരുന്ന പി. വിശ്വംഭരന്റെ നിര്യാണത്തോടെ സോഷ്യലിസ്റ്റ് ദർശനങ്ങളിൽ അടിയുറച്ച് ജീവിച്ച മികച്ച പാർലമെന്റേറിയനെയും പത്രപ്രവർത്തനം, ട്രേഡ് യൂണിയൻ രംഗം, സഹകരണ പ്രസ്ഥാനം എന്നീ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖ പ്രതിഭയെയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

ഹമീദ്അലി ഷംനാട്

മുൻ നിയമസഭാ സാമാജികനായ ഹമീദ്അലി ഷംനാട് 2017 ജനുവരി 6-ന് അന്തരിച്ചു. കാസർഗോഡ് ജില്ലയിലെ കുമ്പള പുത്തിഗെയിൽ അബ്ദുൾ ഖാദറിന്റെയും ഖദീജാബിയുടെയും മകനായി 1929-ലാണ് അദ്ദേഹം ജനിച്ചത്.

കാസർഗോഡ്, മാംഗ്ലൂർ എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം മദ്രാസ് ലോ കോളേജിൽനിന്ന് നിയമ ബിരുദം നേടി അഭിഭാഷകനായി പ്രാക്ടീസ് ചെയ്തുവരവെയാണ് മുസ്ലീംലീഗിലൂടെ രാഷ്ട്രീയ പ്രവർത്തകനായത്. രണ്ടാം കേരള നിയമസഭയിലേയ്ക്ക് മുസ്ലീംലീഗ് പ്രതിനിധിയായി നാദാപുരം നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടു. 1970-മുതൽ 1979 വരെ രണ്ടുതവണ രാജ്യസഭാംഗമാവുകയും 1982 മുതൽ 1987 വരെ കാസർഗോഡ് നഗരസഭയുടെ അദ്ധ്യക്ഷസ്ഥാനം വഹിക്കുകയും ചെയ്തു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള യൂണിവേഴ്സിറ്റി സെനറ്റ്, ഹോംഗാർഡ് അഡ്വൈസറി ബോർഡ് എന്നിവയിൽ അംഗമായിരുന്നു. കേരള ഗ്രാമവികസന ബോർഡ് ചെയർമാൻ, മുസ്ലീംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ്, ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഹമീദ്അലി ഷംനാടിന്റെ നിര്യാണത്തോടെ മികച്ച പൊതുപ്രവർത്തകനെയും പാർലമെന്റേറിയനെയും സംഘാടകനെയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

എൻ. സി. സത്യപാലൻ

മുൻ നിയമസഭാംഗമായ എൻ. സി. സത്യപാലൻ 2017 ഫെബ്രുവരി 21-ന് അന്തരിച്ചു. കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ നാരായണന്റെയും തേവിയുടെയും മകനായി 1928 നവംബർ 15-നാണ് അദ്ദേഹം ജനിച്ചത്.

ചെറുപ്പം മുതൽ പൊതുപ്രവർത്തന രംഗത്ത് സജീവമായിരുന്ന അദ്ദേഹം 1970-ൽ നാലാം കേരള നിയമസഭയിലേയ്ക്ക് കുന്നത്തൂർ മണ്ഡലത്തിൽനിന്നും ആർ.എസ്.പി. പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു. കൊല്ലം ജില്ലാ ഹരിജൻ അഡ്വൈസറി കമ്മിറ്റി, സിദ്ധനർ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. എൻ. സി. സത്യപാലന്റെ നിര്യാണത്തോടെ മികച്ച പൊതുപ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

ഫിഡൽ കാസ്ട്രോ

ക്യൂബൻ വിപ്ലവ നായകനായിരുന്ന ഫിഡൽ കാസ്ട്രോ 2016 നവംബർ 25-ന് അന്തരിച്ചു. ഒരു സമ്പന്ന കുടുംബത്തിൽ ജനിച്ച അദ്ദേഹം കോളേജ് വിദ്യാഭ്യാസ കാലത്തുതന്നെ ഇടതുപക്ഷ ആശയങ്ങളിൽ ആകൃഷ്ടനാവുകയും സാമ്രാജ്യത്വ വിരുദ്ധ സമരങ്ങളിൽ പങ്കാളിയാകുകയും ചെയ്തു. ഹവാനാ സർവ്വകലാശാലയിൽനിന്നും നിയമ ബിരുദം നേടിയശേഷം രാഷ്ട്രീയത്തിൽ സജീവമായ അദ്ദേഹം കൊളംബിയയിലെയും ഡൊമിനിക്കൻ റിപ്പബ്ലിക്കിലെയും വലതുപക്ഷ സർക്കാരുകൾക്കെതിരെ നടന്ന പോരാട്ടങ്ങളിൽ പങ്കെടുത്തു. ക്യൂബയിലെ സ്വേച്ഛാധിപത്യ ഭരണകൂടത്തെ അട്ടിമറിക്കാനായി 1953-ൽ സഹപ്രവർത്തകരുമായി ചേർന്ന് നടത്തിയ പരാജയപ്പെട്ടുപോയ മൊങ്കാഡ ബാരക്സ് ആക്രമണമാണ് അദ്ദേഹത്തെ ലോക ശ്രദ്ധയിലേയ്ക്ക് കൊണ്ടുവന്നത്. ഒരു വർഷത്തെ ജയിൽ ശിക്ഷയ്ക്കുശേഷം മെക്സിക്കോയിലേയ്ക്ക് പോയ അദ്ദേഹം 'ഗ്രാൻമ' എന്ന ചെറുകപ്പലിൽ ഒരു സംഘം വിപ്ലവകാരികളുമായി ക്യൂബയിലേയ്ക്ക് തിരിച്ചുവരികയും വിപ്ലവ പോരാട്ടം ആരംഭിക്കുകയും ചെയ്തു. വിപ്ലവത്തെക്കുറിച്ചുള്ള സാമ്പ്രദായിക ധാരണകളെ തകിടംമറിച്ചുകൊണ്ടാണ് ക്യൂബൻ വിപ്ലവം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 1959-ൽ ബറ്റിസ്റ്റ ഭരണത്തെ അട്ടിമറിച്ച് വെന്നിക്കൊടി നാട്ടിയത്. തുടർന്ന് 2006-ൽ രോഗബാധിതനാകുന്നതുവരെ അദ്ദേഹം ക്യൂബൻ സർക്കാരിന്റെ അമരക്കാരനായിരുന്നു. ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ അമേരിക്കൻ ഐക്യനാടുകളുടെ അപ്രമാദിത്വം ചോദ്യംചെയ്ത കാസ്ട്രോ എക്കാലവും അവരുടെ കണ്ണിലെ കരടായിരുന്നു. അമേരിക്കൻ ഉപരോധത്തിനും സൈനിക നടപടികൾക്കും മുന്നിൽ മുട്ടുമടക്കാൻ തയ്യാറാകാതിരുന്ന അദ്ദേഹം ആ മേഖലയിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് ദീപസ്തംഭവും കാവലാളുമായിരുന്നു. അമേരിക്കൻ ഐക്യനാടുകളുടെ 51-ാം സ്റ്റേറ്റായി ക്യൂബയെ പരിണമിപ്പിക്കുന്നതിനുള്ള സാമ്രാജ്യത്വത്തിന്റെ ശ്രമങ്ങൾക്കെതിരെ അദ്ദേഹമുയർത്തിയ പ്രതിരോധവും ചെറുത്തുനിൽപ്പും സോഷ്യലിസ്റ്റ് ചേരിക്ക് നൽകിയ ശക്തിയും ഉണർവ്വും ആവേശകരമായിരുന്നു.

ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ ക്യൂബയെ ലോകത്ത് അത്ഭുതകരമായ നിലയിൽ ഒന്നാം സ്ഥാനത്തെത്തിക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിനായി. സോഷ്യലിസ്റ്റ് ചേരിയോട് ആഭിമുഖ്യം പുലർത്തിയിരുന്നപ്പോഴും ചേരിചേരാ പ്രസ്ഥാനത്തിന്റെ പ്രസക്തി തിരിച്ചറിഞ്ഞിരുന്ന അദ്ദേഹം NAM-ന്റെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യയോടും ഇന്ത്യൻ ജനതയോടും

എക്കാലവും ഊഷ്മളമായ സൗഹൃദം പുലർത്തിയിരുന്ന ഒരു ലോകനേതാവായിരുന്നു ഫിഡൽ കാസ്ട്രോ. ലോകമെങ്ങുമുള്ള പുരോഗമന സർക്കാരുകളെ അസ്ഥിര പ്പെടുത്താനുള്ള സാമ്രാജ്യത്വ നീക്കങ്ങൾക്കെതിരെ ജാഗരൂകനായിരുന്ന അദ്ദേഹത്തിന്റെ നിര്യാണം ലോക രാഷ്ട്രീയത്തിൽ നികത്താനാവാത്ത വിടവാണ് സൃഷ്ടിച്ചിരിക്കുന്നത്. ലോകമെമ്പാടുമുള്ള പുരോഗമന പ്രസ്ഥാനങ്ങൾക്ക് കരുത്തും മാർഗ്ഗദീപവുമായിരുന്ന ആ മനുഷ്യസ്നേഹിയുടെ വിടവാങ്ങലോടെ ഇരുപതാം നൂറ്റാണ്ടിന്റെ ചരിത്രത്തിൽ ഉജ്ജ്വലമായി അടയാളപ്പെടുത്തപ്പെട്ട കാസ്ട്രോ യുഗത്തിന് തിരശ്ശീല വീണിരിക്കുകയാണ്.

<u>ജെ. ജയലളിത</u>

തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ജെ. ജയലളിത 2016 ഡിസംബർ 5-ാം തീയതി അന്തരിച്ചു. കർണ്ണാടകയിലെ മാണ്ഡ്യയിൽ ജയറാമിന്റെയും വേദവല്ലിയുടെയും മകളായി 1948 ഫെബ്രുവരി 24-നാണ് അവർ ജനിച്ചത്.

മെട്രിക്കുലേഷൻ പരീക്ഷയിൽ സംസ്ഥാനത്ത് ഒന്നാമതെത്തുകയും സ്വർണ്ണമെഡൽ കരസ്ഥമാക്കുകയും ചെയ്തുവെങ്കിലും തുടർന്ന് പഠനം നടത്താൻ അവർക്ക് കഴിഞ്ഞില്ല. സിനിമയിൽ സജീവമായ ജയലളിത കർണ്ണാടക സംഗീതം, ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം, മണിപ്പൂരി, കഥക് എന്നിവയിൽ പ്രാവീണ്യം നേടിയിരുന്നു. 1957-ൽ ബാലതാരമായി സിനിമയിൽ അരങ്ങേറിയ ജയലളിത പിന്നീട് ഏകദേശം 140-ഓളം സിനിമകളിൽ അഭിനയിച്ചു.

1982-ൽ AIADMK-യിൽ ചേർന്നതോടെയാണ് ജയലളിതയുടെ പൊതു പ്രവർത്തനം ആരംഭിക്കുന്നത്. തുടർന്ന് AIADMK സെക്രട്ടറിയുമായി. രാജ്യസഭാംഗം, നിയമസഭാംഗം എന്നീ നിലകളിൽ പ്രവർത്തിച്ച ജയലളിത 1991-ലും 2001-ലും 2011-ലും 2016-ലും തമിഴ്നാട് മുഖ്യമന്ത്രിയായി. നിരവധി സാമൂഹ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ജയലളിത പാവപ്പെട്ടവർക്ക് വേണ്ടിയും സ്ത്രീകൾക്കുവേണ്ടിയും രാജ്യത്താകമാനം മാതൃകയായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. ക്ഷേമ പദ്ധതികൾക്കൊപ്പം സ്ത്രീ ശാക്തീകരണത്തിന് ഊന്നൽ നൽകുന്ന നിരവധി മാതൃകാപദ്ധതികൾ വിജയകരമായി നടപ്പിലാക്കുക വഴി ജനമനസ്സിൽ "അമ്മ" എന്ന പേരിൽ ചിരപ്രതിഷ്ഠ നേടാൻ അവർക്ക് കഴിഞ്ഞു. അവരുടെ ശവസംസ്കാര ചടങ്ങിനെത്തിച്ചേർന്ന ജനസഞ്ചയം അവരുടെ നേതാവിനോടുണ്ടായിരുന്ന ആത്മബന്ധത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു. ജെ. ജയലളിതയുടെ മരണത്തോടെ കരുത്തുറ്റ ഭരണാധികാരിയെയും കേരളത്തിന്റെ ഒരടുത്ത സുഹൃത്തിനെയും മഹതിയായ മനുഷ്യസ്നേഹിയെയുമാണ് നഷ്ടമായത്.

ഡോ. എം. ബാലമുരളീകൃഷ്ണ

ദക്ഷിണേന്ത്യൻ സംഗീതത്തിന്റെ കുലപതികളിലൊരാളായിരുന്ന ഡോ. എം. ബാലമുരളീകൃഷ്ണ 2016 നവംബർ 22-ന് അന്തരിച്ചു. ആന്ധ്രാപ്രദേശിലെ കിഴക്കൻ ഗോദാവരി ജില്ലയിൽ 1930 ജൂലൈ 6-ന് സംഗീത പാരമ്പര്യമുള്ള കുടുംബത്തിൽ ജനിച്ച അദ്ദേഹം വിജയവാഡയിൽ തന്റെ എട്ടാമത്തെ വയസ്സിൽ സംഗീത കച്ചേരി നടത്തിക്കൊണ്ടാണ് സംഗീതലോകത്തേയ്ക്ക് പ്രവേശിച്ചത്. വായ്പാട്ടിൽ മാത്രമല്ല ഗഞ്ചിറ, മൃദംഗം, വയലിൻ തുടങ്ങിയ ഉപകരണങ്ങളിലും പ്രാവീണ്യം നേടിയ അദ്ദേഹം കർണ്ണാടക സംഗീതത്തിന്റെ അടിസ്ഥാന പാരമ്പര്യത്തിന് ഊനം തട്ടാതെതന്നെ ഒരു വാഗ്ഗേയകാരൻ എന്ന നിലയിലും നിരവധി പരീക്ഷണങ്ങൾക്ക് തന്റെ സംഗീതം വേദിയാക്കിയിരുന്നു. എട്ടുവയസ്സിലാരംഭിച്ച സംഗീത സപര്യ ജീവിതാവസാനംവരെ തുടർന്ന അദ്ദേഹം ഇന്ത്യയിലും വിദേശത്തുമായി 25000-ലധികം കച്ചേരികൾ നടത്തിയിട്ടുണ്ട്.

നിരവധി സിനിമകളിൽ പാടുകയും അഭിനയിക്കുകയും ചെയ്ത അദ്ദേഹം കർണ്ണാടക സംഗീതത്തിന് പുതുതായി ചില രാഗങ്ങൾ സമ്മാനിച്ചിട്ടുണ്ട്. രാജ്യം പത്മശ്രീയും പത്മവിഭൂഷണും നൽകി ആദരിച്ചിട്ടുള്ള അദ്ദേഹത്തിന് 1987-ൽ ഏറ്റവും നല്ല ഗായകനുള്ള കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് ലഭിച്ചിട്ടുണ്ട്. സ്വാതി തിരുനാൾ കൃതികൾക്ക് പ്രാധാന്യം നൽകി കച്ചേരികൾ അവതരിപ്പിച്ചിരുന്ന അദ്ദേഹത്തെ സംസ്ഥാനത്തിന്റെ ആസ്ഥാന ഗായകനായാണ് കേരളം ആദരിച്ചിരുന്നത്. കേരളത്തെയും മലയാളികളെയും അകമഴിഞ്ഞ് സ്നേഹിച്ചിരുന്ന ഡോ. എം. ബാലമുരളീകൃഷ്ണയുടെ നിര്യാണത്തോടെ കേരളത്തിന്റെ ഉറ്റസുഹൃത്തിനെയും പ്രതിഭാശാലിയും പ്രഗൽഭനുമായ സംഗീതജ്ഞനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

## V. അടിയന്തരപ്രമേയം

### സ്ത്രീസുരക്ഷ

മി. സ്പീക്കർ : റൂൾ 50 പ്രകാരം തെന്നിന്ത്യയിലെ അതിപ്രശസ്തയായ ചലച്ചിത്രതാരത്തിനുനേരെ നടന്ന പീഡനത്തെ സംബന്ധിച്ച് ശ്രീ. പി. ടി. തോമസും കാരുണ്യ ചികിത്സാ പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീ. മോൻസ് ജോസഫും അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. ശ്രീ. പി. ടി. തോമസിന്റെ അടിയന്തര പ്രമേയം അവതരിപ്പിക്കാൻ അനുവദിക്കുകയാണ്.

സ്ത്രീസുരക്ഷ മുഖ്യവാഗ്ദാനമായി അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണത്തിൽ സ്ത്രീകൾക്കുനേരെ വ്യാപകമായുണ്ടാകുന്ന അതിക്രമങ്ങളെക്കുറിച്ചും മലയാളിയും തെന്നിന്ത്യയിലെ പ്രശസ്ത ചലച്ചിത്രതാരവുമായ നടിക്കുനേരെ കൊച്ചിയിലുണ്ടായ അതിക്രൂരമായ പീഡനത്തെ സംബന്ധിച്ചും സത്യസന്ധമായ അന്വേഷണം നടത്തി മുഴുവൻ പ്രതികളെയും നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും ഈ സംഭവം സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നിലപാടുമൂലം കേസ് അട്ടിമറിക്കപ്പെടാൻ ഇടയുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുമാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, ടി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, 2017 ഫെബ്രുവരി 17-ാം തീയതി രാത്രി എട്ടരയോടെ തൃശ്ശൂരിൽനിന്നും എറണാകുളത്തേയ്ക്ക് കാറിൽ സഞ്ചരിക്കുകയായിരുന്ന പ്രമുഖ സിനിമാനടിയെ നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽവച്ച് പൾസർ സുനി എന്നുവിളിക്കുന്ന സുനിൽ എന്ന സാമൂഹ്യവിരുദ്ധനും സംഘവും വാഹനം തടഞ്ഞുനിർത്തി തട്ടിക്കൊണ്ടുപോവുകയും അസ്വാഭാവികമായ പീഡനത്തിനിരയാക്കി ചില രംഗങ്ങൾ മൊബൈൽ ഫോണിൽ പകർത്തുകയും ചെയ്തശേഷം രാത്രി 11.00 മണിയോടെ പടമുകൾ ഭാഗത്ത് ഇറക്കിവിട്ടു. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ പോലീസ് കൃത്യമായി ഇടപെട്ടു. 18-2-2017-ന് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ IPC 342, 366, 376, 506(1), 120(b), 34, IT Act 66(E), 67(A) എന്നീ വകുപ്പുകൾ പ്രകാരം ഇരയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം 297/17 ആയി കേസ് രജിസ്റ്റർ

ചെയ്തു. ഈ കേസ്സിന്റെ അന്വേഷണം ദക്ഷിണമേഖലാ എ.ഡി.ജി.പി.-യുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘത്തിലുൾപ്പെട്ട ആലുവ ഡിവൈ.എസ്.പി. നടത്തിവരുന്നു. ഈ കേസ്സിലെ പ്രധാന പ്രതിയായ പൾസർ സുനിയെയും കൂട്ടാളി വിജേഷിനെയും പിടികൂടുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തും അന്വേഷണസംഘം ജാഗ്രത പുലർത്തിയിരുന്നു. 23-2-2017-ന് ഉച്ചയ്ക്ക് 1.10-ഓടെ ഇരുവരെയും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞു. അറസ്റ്റ് ചെയ്ത പ്രതികളെ 24-2-2017-ന് റിമാൻഡ് ചെയ്തിട്ടുള്ളതും 25-2-2017-ന് അന്വേഷണാർത്ഥം പോലീസ് കസ്റ്റഡിയിൽ വാങ്ങിയിട്ടുള്ളതുമാണ്. ഈ കേസ്സിലെ പ്രതികളായ മാർട്ടിൻ, പ്രദീപ്, സലിം, മണികണ്ഠൻ എന്നിവരെ സംഭവം നടന്ന് രണ്ടുദിവസത്തിനുള്ളിൽ തന്നെ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി റിമാൻഡ് ചെയ്തു. 25-2-2017-ൽ ഐഡന്റിഫിക്കേഷൻ നടത്തി തിരിച്ചറിഞ്ഞിട്ടുള്ളതിനാൽ നാലുപേരെയും പോലീസ് കസ്റ്റഡിയിൽ കിട്ടുന്നതിന് ഇന്ന് ബഹുമാനപ്പെട്ട കോടതിയെ സമീപിക്കുന്നതാണ്. കൃത്യത്തിലുൾപ്പെട്ട വാഹനം ബന്തവസ്സിലെടുത്ത് ശാസ്ത്രീയ പരിശോധനകൾ നടത്തി തെളിവുകൾ ശേഖരിക്കുകയും ഫോൺകോളുകൾ പരിശോധിച്ചും ഇരയുടെ 164 സി.ആർ.പി.സി. സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തിയും സമഗ്രമായ അന്വേഷണം നടത്തിവരികയാണ്. കൂടാതെ മൊബൈൽ ഫോണുകൾ, സിം കാർഡുകൾ, മെമ്മറി കാർഡുകൾ, ടാബ്, വീഡിയോ അഡാപ്റ്റർ തുടങ്ങിയവ ബന്തവസ്സിലെടുത്ത് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാണ്. ഈ കേസ്സിൽ പോലീസ് ഊർജ്ജസ്വലമായി പ്രവർത്തിച്ചതുകൊണ്ടാണ് ഉടൻതന്നെ പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളത്. കസ്റ്റഡിയിൽ വാങ്ങിയിട്ടുള്ള പ്രതികളെ ചോദ്യം ചെയ്ത് ഈ കേസ്സുമായി ബന്ധപ്പെട്ട എല്ലാ ആരോപണങ്ങളുടെയും നിജസ്ഥിതി പരിശോധിച്ച് പഴുതുകളടച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പോലീസിന് വിവരം ലഭിച്ചയുടൻതന്നെ കേസ്സിന്റെ പ്രാധാന്യം കണക്കിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗൂഢാലോചനയില്ല എന്നുള്ള നിലപാട് ഗവൺമെന്റ് എടുത്തിട്ടില്ല. ഇക്കാര്യം കോടതിയെ കൃത്യമായിത്തന്നെ അറിയിച്ചിട്ടുണ്ട്. സത്യസന്ധമായ രീതിയിൽ അന്വേഷണം നടത്തുന്നതിനുള്ള എല്ലാ സ്വാതന്ത്ര്യവും അന്വേഷണ ഉദ്യോഗസ്ഥർക്കുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യകത ഇതിനില്ല.

ശ്രീ. പി. ടി. തോമസ് : സർ, ഭരണാധികാരികളുടെയും ഭരണ സംവിധാനത്തിന്റെയും സാമൂഹിക പ്രസ്ഥാനങ്ങളുടെയും പൊതു സമൂഹത്തിന്റെയുമെല്ലാം സ്ത്രീകളോടുള്ള നിലവിലെ സമീപനത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ പൊതുയിടങ്ങളിലും സ്വകാര്യ ജീവിതത്തിലും സ്ത്രീകൾക്ക് സുരക്ഷയും അന്തസ്സും ഉറപ്പുവരുത്തുവാൻ കഴിയൂ. മാറ് മറയ്ക്കുന്നതിനുള്ള അവകാശത്തിനുവേണ്ടി പ്രക്ഷോഭം നടത്തിയ പ്രദേശമാണ് കേരളം. അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്ക് സ്ത്രീകളെ നയിച്ച വി. ടി. ഭട്ടതിരിപ്പാടിന്റെ സാംസ്കാരിക പൈതൃകം പേറുന്നവരാണ് നമ്മൾ. അത്തരം ആശയ പ്രചരണത്തിലൂടെയാണ് സ്ത്രീമുന്നേറ്റത്തിൽ കേരളം മുന്നിലേയ്ക്കെത്തിയത്. വിദ്യാഭ്യാസത്തിലും തൊഴിലിടങ്ങളിലും സ്ത്രീ പങ്കാളിത്വത്തിലും പൊതു സ്വത്തുടമസ്ഥാവകാശങ്ങളിലും എല്ലാം കേരളീയ സ്ത്രീകൾ വളരെ മുന്നിലായിരുന്നു. എന്നാൽ സമൂഹത്തിലെ ചില പുതിയ പ്രവണതകളുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. സ്ത്രീപീഡനങ്ങൾ അനുദിനം വ്യാപകമാവുകയാണ്. ഒരു വയസ്സുള്ള പിഞ്ചുകുഞ്ഞ് മുതൽ 100 വയസ്സുള്ള മുതുമുത്തശ്ശിയെവരെ പീഡനത്തിനിരയാക്കുന്ന നാടായി കേരളം മാറുന്നു. ഈ അവസ്ഥ അതീവ ഗുരുതരമാണ്. സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് പലവട്ടം കേരളം ചർച്ച ചെയ്തുകഴിഞ്ഞു. ശക്തമായ നിയമനിർമ്മാണവും പഴുതുകളില്ലാത്ത സ്ത്രീസുരക്ഷ ഉറപ്പാക്കലും അനിവാര്യമാണ്. സ്ത്രീകൾക്ക് മാത്രമല്ല, സമൂഹത്തിനുതന്നെ ഒരിഞ്ചുപോലും മുന്നോട്ട് പോകാൻ കഴിയാത്ത അപകടകരമായ സാഹചര്യം ഗ്രാമപഞ്ചായത്ത് മുതൽ നിയമസഭ വരെ ആനുപാതികമായ സ്ത്രീ പ്രാതിനിധ്യമുള്ള കേരളത്തിൽപോലും ഉണ്ടായിരിക്കുന്നു വെന്നത് എത്രയോ ഗുരുതരമാണെന്ന് നാം ആലോചിക്കണം. അതുകൊണ്ടുതന്നെ കേരളത്തിൽ കോടതിയിലും പോലീസിലും പ്രത്യേക വിഭാഗംതന്നെ സ്ത്രീ സുരക്ഷയ്ക്കായുണ്ട്. എന്നിട്ടും എന്തുകൊണ്ട് സ്ത്രീത്വം പൊതുയിടങ്ങളിലും തെരുവീഥികളിലും പിച്ചിച്ചീന്തപ്പെടുന്നുവെന്ന് നാം ആലോചിക്കുമ്പോഴാണ് നടി അക്രമിക്കപ്പെട്ട സംഭവമുണ്ടായത്. അതുകൊണ്ടുതന്നെ കുറ്റവാളികൾ ആരായാലും എത്ര പ്രബലരായാലും വേരോടെ പിഴുതെറിയുകതന്നെ വേണമെന്ന് ഞാൻ വിനയപൂർവ്വം ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ ആവശ്യപ്പെടുകയാണ്.

എം.എൽ.എ., എം.പി., പൊതുപ്രവർത്തകൻ എന്നീ നിലകളിൽ 30 വർഷത്തിലേറെ പാരമ്പര്യമുള്ള എളിയ ഒരാളാണ് ഞാൻ. കഴിഞ്ഞ 17-ാം തീയതി രാത്രി 11.00 മണിക്കുശേഷം എന്റെ ജീവിതത്തിലെ ഏറ്റവും ദുഃഖപൂർണ്ണമായ അന്തരീക്ഷമാണ് എന്റെ മണ്ഡലത്തിലെ നടനും സംവിധായകനുമായ ലാലിന്റെ വീട്ടിൽ വച്ച് യുവനടിയെ നേരിട്ട് കണ്ടപ്പോൾ എനിക്കുണ്ടായതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്റെ മകളെയോ സഹോദരിയെയോ ഈ അവസ്ഥയിൽ കാണുമ്പോഴുണ്ടാകുന്ന തീവ്രമായ വേദനയാണ് പ്രിയപ്പെട്ട നടി വിങ്ങിപ്പൊട്ടികൊണ്ട് സംഭവം വിശദീകരിച്ചപ്പോൾ എനിക്കുണ്ടായത്. അത് കേരള സമൂഹത്തിന്റെ ദുഃഖമായി, ജ്വാലയായി പടർന്നുകയറിയിരുന്നു. ആ സംഭവമുണ്ടായ ഉടൻതന്നെ തനിക്കുണ്ടായ ദുരനുഭവം വിശദീകരിച്ചുകൊണ്ട് ദുഃഖക്കടലായിരിക്കുന്ന ആ പെൺകുട്ടിയുടെ മുമ്പിൽ ഒന്നും ചെയ്യാൻ കഴിയാതെ സ്തംഭിച്ചുപോകുന്ന അവസ്ഥ ഒരു പൊതുപ്രവർത്തകന്റെ ജീവിതത്തിലുണ്ടാകുന്നത് വളരെ ദുഖകരമായ കാര്യമാണെന്ന് എനിക്ക് തോന്നുന്നു. വൈകുന്നേരം 7.00 മണിക്കുശേഷം തൃശ്ശൂരിൽ നിന്ന് എറണാകുളത്തേയ്ക്ക് പുറപ്പെടുകയും അത്താണിക്ക സമീപം കുറേയാളുകൾ വണ്ടികൊണ്ടിടിച്ച് അതിക്രമിച്ച് കയറുകയായിരുന്നു വെന്നുമാണ് നടി പറഞ്ഞത്. പാലാരിവട്ടം, വെണ്ണല, കാക്കനാട് വഴി വാഹനം വാഴക്കാലയിൽ എത്തുന്നു. അതീവ സുരക്ഷാ സംവിധാനമുള്ള എയർപോർട്ട് അടക്കമുള്ള റോഡിൽ പിങ്ക് പോലീസും ധാരാളം പട്രോളിംഗുമുള്ള റോഡിൽ ഒരു XUV എന്നുപറയുന്ന ചെറിയ വണ്ടിയിൽ പാവപ്പെട്ട സ്ത്രീ പീഡനത്തിന് വിധേയമാകുമ്പോൾ, സ്ത്രീസുരക്ഷ മുദ്രാവാക്യമായി ഉയർത്തി അധികാരത്തിൽ വന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങയുടെ ഗവൺമെന്റ് എന്തുകൊണ്ട് ഇത് കണ്ടുപിടിച്ചില്ല. നിരവധി ക്യാമറകളും 14-ഓളം ട്രാഫിക് ജംഗ്ഷനുകളുമുള്ള പാതയാണിത്. ഈ വാർത്തയറിഞ്ഞ് കേരളം ഞെട്ടിത്തരിച്ചിരിക്കുമ്പോഴാണ് പുലർകാലത്ത് സർക്കാരിന്റെ ഔദ്യോഗിക ചാനലെന്നപോലും പലരും തെറ്റിദ്ധരിക്കുന്ന കൈരളി ചാനലിൽ പീഡിതയായ നടിയെ അപകീർത്തി പ്പെടുത്തുന്ന തരത്തിലുള്ള വാർത്ത പുറത്തുവരുന്നത്. പിന്നീട് വിഷയം വിവാദമായപ്പോഴാണ് മുഖ്യമന്ത്രിയുടെ മാധ്യമ ഉപദേഷ്ടാവും കൈരളി ചാനലിന്റെ എല്ലാമെല്ലാമായ ശ്രീ. ജോൺ ബ്രിട്ടാസ് പരസ്യമായി മാപ്പുപറഞ്ഞ് തലയൂരാൻ ശ്രമിച്ചത്. ഈ കൊടുംക്രൂരതയെ അപലപിക്കുന്നതിനുപകരം കൈരളി ചാനൽ ഇപ്രകാരം ചെയ്തത് എന്തിനാണ്; ഇത് ആരുടെ താൽപ്പര്യമാണ്? അവിടെയാണ് ഈ കേസ്സിന്റെ ആരംഭത്തിലെ നിഗൂഢതകളുടെ ചുരുൾ കണ്ടെത്തേണ്ടത്. ഇവർ

ആരുടെ പക്ഷത്തായിരുന്നു; ഇരയുടെ പക്ഷത്താണോ? മറുപടി പറയണം. കൈരളി ചാനലിന്റെ ചുവടുപിടിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന പിന്നാലെ വന്നു. ഏത് സ്ത്രീ ആക്രമിക്കപ്പെട്ടാലും നടപടിയെടുക്കുമെന്ന് പറഞ്ഞു. നല്ല കാര്യം. 'ഏത് പിള്ള' എന്ന് അങ്ങ് ചോദിച്ച സ്വരമായിരുന്നു അതിന് ഉണ്ടായിരുന്നത്. മുഖ്യമന്ത്രി തുടരുകയാണ്, ആര് അവരെ ഐഡന്റിഫൈ ചെയ്തു, നടിയുടെ ഡ്രൈവറോ; അതിന് മുമ്പുള്ള ഡ്രൈവറോ എന്ന പ്രയോഗം എന്തിന് വേണ്ടിയായിരുന്നു; ആരെ സഹായിക്കാൻ വേണ്ടിയായിരുന്നു? പിന്നീട് മുൻ ആഭ്യന്തര വകുപ്പുമന്ത്രിയും ഇപ്പോഴത്തെ പാർട്ടി സെക്രട്ടറിയുമായ ശ്രീ. കോടിയേരി ബാലകൃഷണന്റെ ന്യായീകരണം വന്നു, 'ഇത് ഒറ്റപ്പെട്ട സംഭവമാണ്.' മൂന്നുമാസം ഗൂഢാലോചന നടത്തി എല്ലാ സംവിധാനങ്ങളും ഒരുക്കി നടത്തിയ ഒരു സംഭവമാണ്. ഇത്രയും പേർ പൊതുസമൂഹത്തിൽ നടിയെ അപകീർത്തിപ്പെടുത്തി മാനസികമായി തളർത്തിയിട്ട് കേസിൽനിന്ന് പിൻമാറ്റാനുള്ള ശ്രമമാണ് നടത്തിയത്. ജനമദ്ധ്യത്തിൽ കൊട്ടുംക്രൂരതയ്ക്ക് വെള്ളപൂശാനാകില്ല. കേരള സമൂഹത്തിൽ ഉയർന്നുവന്ന അത്യപൂർവ്വമായ പ്രതിഷേധ ജ്വാലയെത്തുടർന്ന് ആദ്യം നടിയെ അപകീർത്തിപ്പെടുത്താനും കുറ്റവാളികളെ വെള്ളപൂശാനും ശ്രമിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പാർട്ടിക്കും കൈരളി ചാനലിനും നിലപാട് മാറ്റേണ്ടിവന്നു. ശ്രീ. ജോൺ ബ്രിട്ടാസ് പരസ്യമായി മാപ്പ് പറഞ്ഞു, പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. കോടിയേരി ബാലകൃഷ്ണനും പറഞ്ഞില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് പറഞ്ഞ സ്ത്രീസുരക്ഷയിൽ വിശ്വസിക്കുന്നുവെങ്കിൽ ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ പരസ്യമായി മാപ്പപേക്ഷിക്കണം. അതിനുപകരം ഇത് അട്ടിമറിക്കാനുള്ള ഗൂഢതന്ത്രങ്ങളാണ് പ്രസ്താവനയിലൂടെ പുറത്തുവന്നത്. ജനാധിപത്യ മഹിളാ അസോസിയേഷനെയോ എന്റെ പ്രിയപ്പെട്ട ഡി.വൈ.എഫ്.ഐ.-ക്കാരെയോ പുരോഗമന കലാ സംഘത്തെയോ വൃന്ദ-ശ്രീമതി-സീമ ത്രയങ്ങളെയോ കണ്ടില്ല. ഒരു പോളിറ്റ്ബ്യൂറോ അംഗം മാനഭംഗപ്പെടുത്തിയെന്ന മട്ടിലാണ് അവർ മൗനികളായിരുന്നത്. മഹാമുനികളേ മൗനം വെടിയൂ എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ് .....(ബഹളം).....

<u>മി. സ്പീക്കർ</u> : പ്ലീസ്.....പ്ലീസ്..... അങ്ങ് പറഞ്ഞ് അവസാനിപ്പിക്കു. നിങ്ങൾക്ക് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുണ്ടെങ്കിൽ അടിയന്തര പ്രമേയം അവതരിപ്പിച്ചതിനുശേഷം ഉന്നയിക്കാം. നിങ്ങൾക്ക് എന്തെങ്കിലും ഉന്നയിക്കാനുണ്ടെങ്കിൽ അടിയന്തരപ്രമേയാവതരണത്തിനുശേഷം അവസരം തരുന്നതാണ്. ...(ബഹളം)....ദയവായി സീറ്റിലിരിക്കു.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, സ്ത്രീസുരക്ഷയുടെ പ്രവാചകനും സ്ത്രീപീഡകരുടെ നിതാന്ത ശത്രുവുമായി സ്വയം പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ബഹുമാന്യനായ സഖാവ് വി. എസ്. അച്ചുതാനന്ദൻ ഇന്ന് സഭ ചേരുന്നതിന് മുമ്പെങ്കിലും നടിയെ ഫോണിൽ വിളിച്ചത് വളരെ നന്നായി. ശരിയായ രീതിയിലാണോ അന്വേഷണമെന്നും നടിയെ അവഹേളിച്ച മുഖ്യമന്ത്രിയെയും പാർട്ടി സെക്രട്ടറിയെയും കൈരളി ചാനലിനെയുംകുറിച്ച് ഈ സഭയിൽ അങ്ങ് മിണ്ടണം; മിണ്ടണം മാമുനീ... എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അന്വേഷണം ആരംഭിച്ച ഈ കേസിൽ ഇന്ന പ്രതിയെമാത്രം പിടിച്ചാൽ മതിയെന്നും അതിനപ്പുറം പ്രതികളില്ലെന്നുമുള്ള രീതിയിൽ മുഖ്യമന്ത്രി നടത്തിയ പ്രതികരണം യഥാർത്ഥ കുറ്റവാളികളെ രക്ഷിക്കുന്നതിന് തുല്യമാണെന്നും അത് മുഖ്യമന്ത്രിയുടെ പദവിക്ക് ഇണങ്ങുന്ന നടപടിയാണോയെന്നും മുൻ മുഖ്യമന്ത്രികൂടിയായ അങ്ങ് ഈ സഭയിൽ വെളിപ്പെടുത്തണം. അല്ലെങ്കിൽ അങ്ങ് സ്വയം വിശേഷിപ്പിക്കുന്ന സ്ത്രീ സംരക്ഷകനെന്ന പദവി ഇപ്പോഴും തുടരുന്നുണ്ടോയെന്നുകൂടി വ്യക്തമാക്കണം. ശ്രീ. ഇന്നസെന്റ് കേവലം സി.പി.ഐ.(എം)-ന്റെ എം.പി. മാത്രമല്ല, 'അമ്മ' എന്ന സംഘടനയുടെ പ്രസിഡന്റുകൂടിയാണ്. 'അമ്മ' മകളോടൊപ്പമാണോ സുനിമാരായ മകൻമാരോടൊപ്പമാണോയെന്ന് വ്യക്തമാക്കണം. അങ്ങയുടെ അടുത്തിരിക്കുന്ന ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പറയുന്നത്, നടീനടന്മാരും നിർമ്മാതാക്കളുമെല്ലാം അധോലോക ബന്ധമുള്ളവരാണെന്നാണ്. ക്രിമിനലുകളുടെ കൂടാരമാണ് സിനിമയെന്ന് മുൻമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ പറയുന്നു. ഈ നടപടിയോട് അങ്ങയുടെ നിലപാട് എന്താണ്? ഗൂഢാലോചനയില്ലെന്ന് അങ്ങ് പറയുമ്പോൾ ഇവർ പറയുന്ന അധോലോകത്തെക്കുറിച്ചോ ക്രിമിനലുകളെക്കുറിച്ചോ ഒന്നും അന്വേഷിക്കേണ്ടെന്നല്ലേ? ഇരയ്ക്ക് പരാതിയുണ്ടോ; കുടുംബത്തിന് പരാതിയുണ്ടോ എന്ന് ചിലർ ചോദിക്കുന്നു. ബഹുമാനപ്പെട്ട പിണറായി വിജയൻ എന്ന ബഹുമാന്യനായ മുഖ്യമന്ത്രീ, നിശബ്ദമാക്കപ്പെട്ട, ഭയപ്പെടുത്തപ്പെട്ട, പ്രജ്ഞ നഷ്ടപ്പെട്ട, ഇരകളുടെ പരാതിയിൽ രോഷം അടർന്നുവീഴുന്ന നിസ്സഹായയായ നടിയുടെ കണ്ണുനീർ മാത്രമാകും; ആ കണ്ണുനീരിൽ അഗ്നി പടരും. മുഖ്യമന്ത്രിയുടെ ഭരണസിരാകേന്ദ്രങ്ങളെയും ഇരട്ടച്ചങ്കിനെയുമെല്ലാം കത്തിച്ചാമ്പലാക്കാൻ കഴിയുന്ന അഗ്നിനാളം അങ്ങയുടെ ഗൂഢാലോചനക്കാരെ സംരക്ഷിക്കുന്ന ലങ്കാപുരിയെ ചാരത്തിൽ മുക്കും. ഓർത്ത് ഭരിച്ചോ; സൂക്ഷിച്ചോ എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

10.00 AM]

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ്, പ്ലീസ്.....അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. പ്രമാദമായ ഇത്തരം കേസുകളിൽ അനവസരത്തിൽ അങ്ങ് അഭിപ്രായം പറഞ്ഞത് ഏത് ഇഷ്ടക്കാരനെ സഹായിക്കാനായിരുന്നു? ഏതായാലും പൾസർ സുനിയല്ലെന്ന് നൂറുശതമാനം ഉറപ്പാണ്. പിന്നെ ആരാണ് എന്നതാണ് ചോദ്യം. പ്രതിയെ പിടിക്കാൻ കഴിയില്ലെന്ന് ആരെങ്കിലും ഭാവനയിൽ പറഞ്ഞോ? എന്റെ സർക്കാർ പിടിക്കില്ല, ഇതിനപ്പുറം പ്രതിയില്ല എന്ന് അങ്ങ് പറഞ്ഞില്ലേ? ജനാധിപത്യത്തിന്റെ ഈ ശ്രീകോവിലിൽ നിങ്ങൾ മറുപടി പറഞ്ഞേ മതിയാകൂ. അല്ലെങ്കിൽ ജനങ്ങളുടെ കോടതിയിൽ കാലം നിങ്ങളെ കുറ്റവാളിയെന്ന് വിളിക്കും. തേങ്ങിക്കരയുന്ന ഇരയുടെ മുറിപ്പാടുകളിൽ മുളക് അച്ചാർ പുരട്ടലായിരുന്നു അങ്ങ് ഈ പ്രസ്താവനയിലൂടെ ചെയ്തത്. അങ്ങയുടെ പ്രസ്താവന പൾസർ സുനിയുടെ അഭിഭാഷകൻ കോടതിയിൽ വിദഗ്ധമായി ഡിഫെൻഡ് ചെയ്തു. അപ്പോൾ പോലീസ് നിലപാട് മാറ്റേണ്ടിവന്നു. കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് ബഹുമാന്യരായ വി. എം. സുധീരനും രമേശ് ചെന്നിത്തലയും ആവശ്യപ്പെട്ടു. നിങ്ങൾ ആദ്യം ആരെ രക്ഷിക്കാനാണോ ഗൂഢാലോചനയില്ലായെന്ന് പറഞ്ഞത് അതേ ആളുകളെ രക്ഷിക്കണമെങ്കിൽ കേന്ദ്ര ഏജൻസി വരാതിരിക്കണം. നിങ്ങൾ പ്രസ്താവന തിരുത്തി. പത്രം കണ്ട് പ്രസ്താവനയിറക്കുന്ന ആളാണോ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമായ അങ്ങ്? ബീഹാറിലെ മുഖ്യമന്ത്രി പോലും ഇത് ചെയ്യുകയില്ല. രാജ്യത്തെ നടുക്കിയ കേസ് തേച്ചുമായ്ച്ചുകളയാൻ, കുറ്റവാളി രക്ഷപ്പെടാൻ വഴിയൊരുക്കിയശേഷം ഇപ്പോൾ നിങ്ങൾ പറയുന്നു പത്രം കണ്ട് പറഞ്ഞതാണെന്ന്.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ്, പതിനാല് മിനിട്ടായി.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ആ കേസ്സിലെ നിർണ്ണായക തെളിവായ മൊബൈൽ ഫോൺ പോലും കണ്ടെടുക്കുന്നതിനുമുമ്പ് അങ്ങ് നടത്തിയ പ്രസ്താവന, തിരുത്തിപ്പറഞ്ഞ പ്രസ്താവന ഇതെല്ലാം നാടകമാണെന്ന് കേരള ജനത തിരിച്ചറിയുന്നുണ്ട്. രാജ്യത്തെ ഏറ്റവും സാക്ഷരതയുള്ള, കേരളത്തിന്റെ മുഖ്യമന്ത്രി ഇത് പറയാൻ പാടില്ലായിരുന്നുവെന്ന് വളരെ വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു വാക്കുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. സി.പി.ഐ.(എം)-ഉം ശ്രീ. പിണറായി വിജയനും കിളിരൂർ, കവിയൂർ, വടക്കാഞ്ചേരി അടക്കമുള്ള ഏത് കേസ് വന്നാലും പ്രതിസ്ഥാനത്ത് നിൽക്കുന്നതെന്തുകൊണ്ടാണ്?

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ്, ദയവായി അങ്ങ് കാട് കയറരുത്.

ശ്രീ. പി. ടി. തോമസ് : സർ, ജിഷ വധക്കേസുമായി ബന്ധപ്പെട്ട വിവാദത്തിനിടയിലാണല്ലോ അങ്ങയുടെ സർക്കാർ അധികാരത്തിൽ വന്നത്. സ്ത്രീസുരക്ഷയായിരുന്നില്ലേ നിങ്ങളുടെ ലക്ഷ്യം. കേരള സമൂഹത്തിന് നൽകിയ വാഗ്ദാനം അങ്ങ് പാലിക്കപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....കൺക്ലൂഡ്.... പ്ലീസ് കൺക്ലൂഡ്.....

ശ്രീ. പി. ടി. തോമസ് : സർ, എനിക്ക് അവസാനിപ്പിക്കാൻ അവസരം തന്നാൽ മതി. ഒരു ഇര നീതിക്കുവേണ്ടി പോരാടുമ്പോൾ, രാജ്യത്തുള്ള മുഴുവൻ മാധ്യമങ്ങളും പിന്തുണയ്ക്കുമ്പോൾ, ആ വികാരം ഉൾക്കൊണ്ട് പൂർണ്ണവും നിഷ്പക്ഷവും സ്വതന്ത്രവുമായ അന്വേഷണം ഉറപ്പുവരുത്തി പ്രതികളെ ജയിലിൽ അടയ്ക്കാൻ ബാദ്ധ്യസ്ഥനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കേസന്വേഷണത്തിന്റെ തുടക്കത്തിൽ അതിനെ സ്വാധീനിക്കുന്ന രീതിയിൽ ഇടപെട്ടതെന്തിനാണെന്ന് ഇവിടെ വ്യക്തമാക്കിയാൽ മാത്രമേ ഈ കാര്യം കേരള ജനതയ്ക്ക് വിശ്വസിക്കാൻ കഴിയൂ.

മി. സ്പീക്കർ: പ്ലീസ്..... ദയവായി അങ്ങ് അവസാനിപ്പിക്കണം. അങ്ങ് പറഞ്ഞ കാര്യം തന്നെ വീണ്ടുംവീണ്ടും പറയുകയാണ്. പ്ലീസ്.... സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ നിയമങ്ങളുടെ അഭാവമല്ല പ്രശ്നം. നിയമം നടപ്പാക്കേണ്ട ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർ വിട്ടുവീഴ്ചയില്ലാതെയും സ്വാധീനത്തിന് വഴങ്ങാതെയും സ്ത്രീപീഡനം നടത്തിയവർ ആരായാലും അവർക്കൊപ്പമല്ലെന്ന് ഉറപ്പുവരുത്തണം. അത്തരമൊരു ആർജ്ജവം പൊതുസമൂഹത്തിൽ ഉയർന്നുവരാൻ നടപടി സ്വീകരിക്കുന്ന അന്തരീക്ഷം പാവനമായ ഈ സഭ ഉറപ്പുവരുത്തണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. മാതൃത്വം ലോകത്തെവിടെയും പരിപാവനമാണ്.

മി. സ്പീക്കർ : ശ്രീ. പി. ടി. തോമസ്, ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമായതുകൊണ്ടാണ് സമയം അനുവദിക്കുന്നത്. ഇത് ശരിയല്ല.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ അവസാനിപ്പിക്കുന്നു. മാതൃത്വം അവഹേളിക്കപ്പെടുമ്പോൾ, സ്ത്രീത്വം പിച്ചിച്ചീന്തുമ്പോൾ, സമൂഹത്തെ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേയ്ക്ക് കൊണ്ടുവരാനുള്ള കടമ ഏറ്റെടുക്കാൻ ഈ സഭയ്ക്ക് കഴിയണം. ആ കടമ നമ്മൾ ഏറ്റെടുക്കണം. അതുകൊണ്ട് വളരെ ഗൗരവമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. സ്ത്രീസുരക്ഷ നീണാൾ വാഴട്ടെ, ജയ് ഹിന്ദ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, സ്ത്രീസുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ പ്രതിജ്ഞാബദ്ധമായ സർക്കാരാണിത്. കേരളീയ സമൂഹത്തിന്റെ പ്രത്യേകതയെക്കുറിച്ച് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് വസ്തുതയാണ്. അത്തരത്തിലൊരു സമൂഹം വാർത്തെടുക്കാൻ കഴിഞ്ഞത്, രാജ്യത്തിനുമുന്നിൽ തല ഉയർത്തിപ്പിടിച്ചുനിൽക്കാൻ കഴിയുന്നത് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ കരുത്തുകൊണ്ടാണെന്നത് വസ്തുതയാണ്. അത്തരമൊരു സംസ്ഥാനത്ത്, നമ്മുടെ നാടിന് അഭിമാനിക്കാൻ വകയില്ലാത്ത ചില സംഭവങ്ങൾ നടക്കുന്നുവെന്നത് നാമെല്ലാം ഗൗരവത്തോടെതന്നെ കാണണം. ഏതെങ്കിലും ഒരു സ്ത്രീ ആക്രമിക്കപ്പെട്ടാൽ അതിൽ സന്തോഷിക്കുകയല്ല വേണ്ടത്; ഒരവസരം കിട്ടിപ്പോയി എന്ന മട്ടിൽ അതിനെ കാണുകയല്ല വേണ്ടത്. (.....ബഹളം....)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.... ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ. നിങ്ങൾ സന്തോഷിച്ചുവെന്ന് ഇവിടെ പറഞ്ഞതായി ഞാൻ കേട്ടിട്ടില്ല. നിങ്ങൾ സന്തോഷിക്കുകയായിരുന്നുവെന്ന് ഇവിടെ പറഞ്ഞിട്ടില്ല. ഇവിടെ അങ്ങനെയൊരു പ്രസ്താവന വന്നിട്ടില്ല. ഇരിക്കൂ. പ്ലീസ്.... ഇരിക്കൂ.....

ശ്രീ. പിണറായി വിജയൻ: സർ, ഒരു സഹോദരി ആക്രമിക്കപ്പെട്ടാൽ അവരോടൊപ്പം നമ്മുടെ സമൂഹത്തിനാകെ നിൽക്കാനാകണം. ആ കുറ്റവാളിയെ, പീഡിപ്പിച്ചവനെ അല്ലെങ്കിൽ പീഡിപ്പിച്ചവരെ പൂർണ്ണമായും ഒറ്റപ്പെടുത്താനാകണം. ഇതിന്റെ ഭാഗമായാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സ്ത്രീകളെ പീഡിപ്പിച്ച് ശിക്ഷിക്കപ്പെട്ടവരുടെ ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുമെന്ന് പറഞ്ഞത്. അത് സമൂഹത്തിനുമുന്നിൽ വെളിപ്പെടുത്തുന്ന ഒന്നായിട്ടാണ് വരിക. 'ഇവരെ സൂക്ഷിക്കുക, ഇവരെ ഒറ്റപ്പെടുത്തുക' എന്ന സന്ദേശമാണ് അതിലൂടെ വരിക. അതുകൊണ്ടുതന്നെ നമ്മുടെ സമൂഹത്തിൽ നടക്കുന്ന ഏത് സംഭവവും ഗൗരവമായി കാണാൻ കഴിയണം. അതിനെതിരെ ശക്തമായ നടപടിയാണ് സർക്കാർ സ്വീകരിക്കുകയെന്ന് അനുഭവത്തിലൂടെ വ്യക്തമായിട്ടുണ്ട്. ഈ സംഭവത്തെക്കുറിച്ച് അദ്ദേഹം വിവരിക്കുകയും ദുഃഖകരമായ ആ അനുഭവം ഇവിടെ വരച്ചുകാട്ടുകയും ചെയ്തു. അതൊക്കെ ശരിയാണ്. ആ സംഭവം ഉണ്ടായ ഉടനെതന്നെ പോലീസ് അതിശക്തമായ രീതിയിൽ ഇടപെട്ടിരുന്നു; അതിന് ഫലവുമുണ്ടായി. ഇവിടെ അദ്ദേഹം ചോദിച്ചത്, എങ്ങനെയാണ് ഇത്തരമൊരു റോഡിൽ ഇത് സംഭവിച്ചത്; അതീവസുരക്ഷയുള്ള ഒരു റോഡിൽ ഇങ്ങനെ

സംഭവിക്കാൻ പാടുണ്ടോ എന്നാണ്. സ്വാഭാവികമായി നമുക്കെല്ലാവർക്കും ചോദിക്കാൻ കഴിയുന്ന ചോദ്യമാണ്. പക്ഷേ, അത് സംഭവിച്ചു; ആ കാര്യത്തെ ഗൗരവമായിത്തന്നെ കാണും. വളരെ ആസൂത്രിതമായ രീതിയിൽ പ്ലാൻ ചെയ്ത ഒരു സംഭവമാണിത്. അതിന്റെ ഭാഗമായി കുറ്റവാളികൾ ഏതുതരത്തിലാണ് പെരുമാറിയതെന്നൊക്കെ ഏറെക്കുറെ പുറത്തുവന്നുകഴിഞ്ഞിട്ടുണ്ട്. ഈ വാഹനം പോകുന്ന വഴി സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സൂചനകൾ പോലീസിന് ലഭ്യമായില്ല എന്നതുതന്നെയാണ് വസ്തുത. അദ്ദേഹത്തിനും ആ പരാതിയില്ല. പോലീസിന് ഏതെങ്കിലും തരത്തിലുള്ള സൂചന ലഭിച്ചു; പോലീസ് ഇക്കാര്യത്തിൽ നിഷ്ക്രിയമായിരുന്നുവെന്ന പരാതി അദ്ദേഹം ഉന്നയിക്കുന്നില്ല; അത് വസ്തുതയാണ്. നിർഭാഗ്യകരമായ സംഭവം ആ തരത്തിൽ നടക്കുകയുണ്ടായി. ഞാൻ നടത്തിയ ഒരു പ്രസ്താവനയിൽ നടിയുടെ ഇപ്പോഴത്തെ ഡ്രൈവറെ അറസ്റ്റ് ചെയ്ത കാര്യത്തെക്കുറിച്ച് പറഞ്ഞിരുന്നു. ആ ഡ്രൈവർ കാണിച്ച നാടകത്തെപ്പറ്റി എല്ലാവർക്കും ബോദ്ധ്യമുണ്ടാകും. ശ്രീ. ലാൽ തന്നെ 'അത് നാടകമാണ്, നല്ല അഭിനയമാണെ'ന്ന തോന്നിയെന്ന് പ്രസ്താവിച്ചിട്ടുണ്ട്. നടിയുടെ ഇപ്പോഴത്തെ ഡ്രൈവറായിരുന്നു ആ വാഹനം ഓടിച്ചിരുന്നത്. ഞാൻ ആ സംഭവത്തിന്റെ മറ്റുകാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. അതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം പത്രത്തിൽ വന്നതാണ്. ആ കാര്യം ഞാൻ പരാമർശിച്ചിരുന്നു. കൊടും കുറ്റവാളിയായ പൾസർ സുനി അതിന് മുമ്പും ഡ്രൈവറായി പ്രവർത്തിച്ചിട്ടുണ്ട്. അത്രയും കാര്യങ്ങൾ പുറത്തുവന്നുകഴിഞ്ഞിരിക്കുന്നു. ആ കാര്യങ്ങൾ സൂചിപ്പിക്കണ്ടേ; അതുമായി ബന്ധപ്പെട്ട വസ്തുതകൾ വസ്തുതകളായിത്തന്നെ കിടക്കുകയല്ലേ; അതിൽ എന്തു പാതകമാണ് ഞാൻ ചെയ്തത്? അത് ആ നടിയെ അപകീർത്തി പ്പെടുത്തുന്നതും കുറ്റവാളികളെ സംരക്ഷിക്കുന്നതുമായ പ്രസ്താവനയായി മാറുന്നത് എങ്ങനെയാണ്; അദ്ദേഹം ഈ സംഭവത്തെ എത്രമാത്രം അനാവശ്യമായിട്ടാണ് രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിച്ചത്? ഈ സഭയിൽ ശ്രീമതി വൃന്ദാ കാരാട്ട്, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ശ്രീമതി ടി. എൻ. സീമ എന്നിവരുടെ പേരുകൾ എടുത്തുപറഞ്ഞത് എന്തിനാണ്? ......ബഹളം....... വൃന്ദ -ശ്രീമതി-സീമ-ത്രയങ്ങൾ എന്ന ആക്ഷേപവും ഈ മാമുനി നിശബ്ദമായിരിക്കുന്നുവെന്ന പരിഹാസവും എന്തിനാണ് അദ്ദേഹം ഉന്നയിച്ചത്? കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ മഹിളാ അസോസിയേഷന്റെ നേതൃത്വത്തിൽ ഈ സംഭവത്തെത്തുടർന്ന് ശക്തമായ ഇടപെടലുകൾ ഉണ്ടായില്ലേ; പ്രക്ഷോഭങ്ങൾ ഉണ്ടായില്ലേ; എന്തുകൊണ്ടാണ് അദ്ദേഹം അത് കാണാതിരുന്നത്; എന്തിനാണത് മറച്ചുവച്ചത്? ഇവിടെ ആദരണീയനായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആ നടിയെ ഫോണിൽ വിളിച്ച്

സംസാരിച്ചതിനെയും പരിഹസിക്കുകയാണ്; എന്താണ് ഇതിന്റെ അർത്ഥം? ഇന്ന പ്രതിയെ പിടിച്ചാൽ മതി എന്ന മട്ടിൽ ഒരു പ്രതികരണം എന്റെ ഭാഗത്തു നിന്നുണ്ടായിയെന്ന് അദ്ദേഹം പറഞ്ഞതിന്റെ അർത്ഥമെന്താണ്; ഏത് വാചകത്തെ ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം പറയുന്നത്? കേസ്സിലെ യഥാർത്ഥ പ്രതികൾ ആരൊക്കെയാണെങ്കിലും അവരെയെല്ലാം പിടികൂടും എന്നുതന്നെയല്ലേ ആദ്യം മുതൽക്കേ പറയുന്നത്; അതുതന്നെയല്ലേ നടന്നതും. അദ്ദേഹം എന്തിനാണ് അത് മറച്ചുവയ്ക്കുന്നത്; മറച്ചുവച്ചതുകൊണ്ട് എന്താണ് ഗുണം? പ്രതികളെ പിടികൂടേണ്ട എന്നാണോ; പ്രതികളെ പിടികൂടിയത് തെറ്റായിപ്പോയി എന്നാണോ; ഇത്ര വേഗത്തിൽ പിടികൂടാൻ പാടില്ലായിരുന്നുവെന്നാണോ; എന്താണ് ഉദ്ദേശ്യം? എന്തിനുവേണ്ടിയാണ് ഈ കളി കളിച്ചത്? ......ബഹളം......... പ്രതികളെ പിടികൂടുകയെന്നത് സമൂഹം എപ്പോഴും ആഗ്രഹിക്കുന്ന ഒരു കാര്യമാണ്. അതാണ് ഇവിടെ പോലീസ് ചെയ്തത്. പ്രതിയെ പിടിച്ചത് കുറ്റമായിപ്പോയിയെന്ന മട്ടിൽ ആക്ഷേപിക്കാൻ തയ്യാറായില്ലേ? പോലീസിന്റെ കയ്യിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി ഒരാൾ മുഖംമൂടിയിട്ട് ഓടിവരുന്നു, അദ്ദേഹത്തെ പിടികൂടുന്നു: പിടികൂടിയത് തെറ്റാണോ; എത്രവലിയ ആക്രോശങ്ങൾ ഇവിടെയുണ്ടായി. കോടതിക്കുപോലും അതിൽ ആക്ഷേപം ഉണ്ടായില്ല. കോടതിയുടെ ജുഡീഷ്യൽ ഓഫീസർ ആ നടപടിയെ ആക്ഷേപിച്ചില്ല. സാധാരണഗതിയിൽ ഒരു കുറ്റവാളിയോട് എന്ത് സമീപനമാണ് സ്വീകരിക്കേണ്ടതെന്ന് ഈ സമൂഹത്തിന് ധാരണയുണ്ട്. ആ ധാരണയനുസരിച്ചാണ് ഇവിടെ പ്രവർത്തിച്ചത്. എന്തിനാണ് അതിനെ കുറ്റപ്പെടുത്താൻ പോയത്; എന്തായിരുന്നു അതിന്റെ ഉദ്ദേശ്യം? ഇവിടെ എല്ലാം വ്യക്തമല്ലേ; ഇതെല്ലാം സമൂഹത്തിന്റെ മുന്നിൽ അറിയാവുന്ന കാര്യമല്ലേ; എന്തിനാണ് കുറ്റപ്പെടുത്താനും അതിനെ ആക്ഷേപിക്കാനും പോയത്? ഇവിടെ ഏതെല്ലാം തരത്തിലാണ് ആക്ഷേപങ്ങൾ ഉന്നയിക്കാൻ നോക്കുന്നത്. 'അമ്മ' എന്നുപറയുന്നത് സിനിമാ ലോകത്തെ കലാകാരന്മാരുടെ സംഘടനയാണ്. ആ സംഘടന ഇതിനെതിരെ ശക്തമായി രംഗത്തുവന്നത് നമ്മളെല്ലാം വായിച്ചിട്ടുള്ള കാര്യമാണ്. ബഹുമാന്യനായ പി. ടി. തോമസുമാത്രം അത് വായിച്ചില്ല. ശ്രീ. ഇന്നസെന്റ് എം.പി.-യും ശക്തമായി ഇടപെട്ടിട്ടുണ്ട്. അവർ സംഘടിപ്പിച്ച പൊതുവേദിയിലെ സംസാരം എല്ലാവരും കേട്ടതാണ്. എന്തിനാണ് ഇല്ലാത്തൊരു പുകമറയുണ്ടാക്കുന്നത്; ആ പുകമറ സൃഷ്ടിക്കാൻവേണ്ടി ഈ പവിത്രമായ വേദി ഉപയോഗിക്കേണ്ട കാര്യമുണ്ടോ? ഇവിടെ അനവസരത്തിൽ ഒരു അഭിപ്രായം ഞാൻ പറഞ്ഞുവെന്നതിലാണ് വലിയ ആക്ഷേപം. ഏത് കാര്യത്തിലാണ് ഞാൻ അഭിപ്രായം പറഞ്ഞത്? ഞാൻ പറഞ്ഞ കാര്യം അതുപോലെ ആവർത്തിക്കാൻ തയ്യാറാണ്.

ദീപിക ദിനപ്പത്രത്തിന്റെ ഒരു ചടങ്ങിൽ ഞാൻ പങ്കെടുക്കുകയായിരുന്നു. ആ ചടങ്ങിൽ പങ്കെടുക്കുമ്പോൾ സ്വാഭാവികമായും മാധ്യമങ്ങളെക്കുറിച്ചാണല്ലോ പറയുക. സ്റ്റേജിൽ ഇരിക്കുന്ന എനിക്ക് അവരുടെ ഒരു ദിനപ്പത്രം കിട്ടുന്നു, പൾസർ സുനിയെ പിടിച്ചതിനുശേഷമുള്ള പത്രമാണ്. അതിൽ പറഞ്ഞ കാര്യങ്ങളെക്കുറിച്ചാണ് ഞാൻ സംസാരിച്ചത്. എന്റെ അഭിപ്രായമല്ല, നിങ്ങൾ എങ്ങനെയാണ് ഇപ്പോൾ ഇത് പറയുന്നത്; നിങ്ങൾ എന്തിനാണ് ഇന്നയാളാണ് പ്രതിയെന്ന് പറഞ്ഞുകൊണ്ട് ഇല്ലാത്ത കാര്യങ്ങൾ അവതരിപ്പിക്കാൻ ശ്രമിക്കുന്നത് എന്നാണ് ഞാൻ ചോദിച്ചത്. ഇല്ലാത്ത കാര്യങ്ങൾ അവതരിപ്പിക്കുന്നുവെന്ന് ഞാൻ പറഞ്ഞത് എന്തുകൊണ്ടാണ്? ഇതാ ഇയാളുടെ വീട്ടിൽ പോലീസ് എത്തിയിരിക്കുന്നു, ഇയാളെ പോലീസ് ചോദ്യം ചെയ്തിരിക്കുന്നുവെന്ന് ഒരാളെ ചൂണ്ടി പത്രത്തിൽ പറയുകയാണ്. കേരളത്തിന്റെ പ്രമുഖനായൊരു നടനെയാണ് അവർ ഉദ്ദേശിക്കുന്നത്. പ്രമുഖനായാലും ആരായാലും കുറ്റവാളി കുറ്റവാളി തന്നെയാണ്. പക്ഷേ ഇല്ലാത്ത കാര്യം എന്തിന് പറയുന്നു; ആരെ രക്ഷിക്കാനാണത്; എന്താണ് അതിന്റെ ഉദ്ദേശം? അയാൾ കുറ്റവാളിയാണോ അല്ലയോ എന്നതല്ല; പോലീസ് അയാളുടെ വീട്ടിൽ പോകുകയോ ചോദ്യം ചെയ്യുകയോ ചെയ്തിട്ടില്ല. എന്തിനാണ് ഇല്ലാത്ത കാര്യങ്ങൾ വാർത്തയാക്കുന്നത്? ആ മാധ്യമ മര്യാദയെക്കുറിച്ച് ഞാൻ സംസാരിച്ചിട്ടുണ്ട്. അതിനുശേഷം പൾസർ സുനിയെ അടക്കം പിടികൂടിയിരിക്കുകയാണെന്ന് ഞാൻ പറഞ്ഞു. ഇതിന്റെ പിന്നിലുള്ള എല്ലാ കാര്യങ്ങളും പോലീസിന്റെ അന്വേഷണത്തിൽ വെളിയിൽ വരും. അതിന്റെ ഭാഗമായി ഗൂഢാലോചനയുണ്ടെങ്കിൽ അതും പുറത്തുവരും. അക്കാര്യം അന്വേഷിക്കാൻ പോലീസിനാണ് പൂർണ്ണ അധികാരം. അതിന് ഒരു നിയന്ത്രണവും ആരും ചെലുത്തിയിട്ടില്ല. ഇതിനപ്പുറം പ്രതിയില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞുവെന്നാണ് അദ്ദേഹം ഇവിടെ ആരോപിച്ചത്. അത് പൂർണ്ണമായും വസ്തുതാവിരുദ്ധമായ കാര്യമാണ്. അങ്ങനെയൊരു വാചകം എന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടേയില്ല. എന്തിനാണ് ഇല്ലാത്ത കാര്യം പറയുന്നത്; ഇല്ലാത്ത വാചകം എന്തിന് എന്റെ നാക്കിൽ കുത്തിക്കയറ്റുന്നു? ഇവിടെ കേന്ദ്ര ഏജൻസിയെ ഭയപ്പെട്ടുനിൽക്കുകയാണെന്നാണ് പറഞ്ഞത്. ഇപ്പോൾ കേന്ദ്ര ഏജൻസിയോട് ശ്രീ. കുമ്മനം രാജശേഖരനും ശ്രീ. വി. എം. സുധീരനും വല്ലാത്ത പ്രേമമാണ്. എന്താണ് അത്ര വലിയ പ്രേമം വരാൻ കാരണം? ഇത്രവേഗം പ്രതികളെ പിടിച്ചതാണോ; പിടികൂടിയതിന് എന്തിന് ബേജാറാകുന്നു; പിടികൂടിയതിന് എന്തിനാണ് വേവലാതി? ഇവിടെ പോലീസിന് ഒരു നിലപാടും മാറ്റേണ്ടി വന്നിട്ടില്ല.

മി. സ്പീക്കർ : തുടർച്ചയായി ഇരുകൂട്ടരും കമന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. നിയമസഭാ സാമാജികർ അൽപ്പം സഹിഷ്ണത കാണിക്കണം. മുൻനിരയിൽ ഇരിക്കുന്നവർ കാണിക്കുന്ന സഹിഷ്ണത നിങ്ങൾ കണ്ടുപഠിക്കണം.

ശ്രീ. പിണറായി വിജയൻ : സർ, സ്ത്രീസുരക്ഷയുടെ കാര്യത്തിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സ്ത്രീസുരക്ഷ ഉറപ്പുവരുത്താനുള്ള നടപടികൾ തന്നെയാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് വനിതാ ബറ്റാലിയൻ രൂപപ്പെടുത്താനും പോലീസ് സേനയിൽ വനിതകളുടെ പ്രാതിനിധ്യം 15 ശതമാനമായി ഉയർത്താനും തീരുമാനിച്ചത്. ഇപ്പോൾ ഒരു നടിക്ക് സംഭവിച്ച ദുരനുഭവത്തെക്കുറിച്ച് പറയുമ്പോൾ പഴയൊരു കാര്യം നാം ഓർക്കുന്നത് നല്ലതാണ്. ഇവിടെ രണ്ട് ചലച്ചിത്ര പ്രവർത്തകരുടെ ഭാര്യമാർക്ക് ദുരനുഭവങ്ങൾ ഉണ്ടായത് യു.ഡി.എഫ്.-ന്റെ ഭരണകാലത്തായിരുന്നു. എന്നാൽ ആ സംഭവത്തിൽ കേസ് എടുക്കാനോ അന്വേഷണം നടത്താനോ പോലീസ് തയ്യാറായില്ല. ഈ സർക്കാരിന്റെ നിലപാട് അതല്ല. നിലമ്പൂരിലെ കോൺഗ്രസ് ഓഫീസിൽ രാധയ്ക്കുണ്ടായ അനുഭവം മറക്കാൻ കഴിയുന്നൊരു കാര്യമല്ലല്ലോ. രാവിലെ ഞാൻ ആർ.എസ്.എസ്.-നെക്കുറിച്ച് പറഞ്ഞു. അതിനെക്കാളും മോശമായ രീതിയിലായിരുന്നില്ലേ ആ സഹോദരിയുടെ രഹസ്യഭാഗം കുത്തിക്കീറി ആകെ വികൃതമാക്കി, ശരീരം തെളിവില്ലാത്ത അവസ്ഥയിലാക്കി, എത്ര നീചമായ രീതിയിലാണ് ആ കൊല നടത്തിയത്. എന്നിട്ടല്ലേ ചാക്കിൽ കെട്ടി ശരീരം കൊണ്ടുപോയി തള്ളിയത്. അന്ന് സ്വീകരിച്ച സമീപനം എന്തായിരുന്നു; അങ്ങേയ്ക്കും അറിയാവുന്ന കാര്യങ്ങളാണല്ലോ; ഞാൻ വിശദീകരിക്കേണ്ട കാര്യമില്ലല്ലോ; കോൺഗ്രസ് നേതാവിന്റെ പി.എ.-യെ അറസ്റ്റ് ചെയ്യാൻ കാട്ടിയ വൈമുഖ്യവും അറസ്റ്റിൽ വന്ന കാലതാമസവുമെല്ലാം കേരളത്തിൽ എല്ലാവർക്കും അറിയാവുന്ന കാര്യമല്ലേ? യൂത്ത് കോൺഗ്രസ്സിന്റെ ദേശീയ നേതാക്കളിൽ ഒരാളായിരുന്ന നൈനാ സാഹ്നിയെ വെട്ടിനുറുക്കുകയല്ലേ ചെയ്തത്? ഇപ്പോൾ പരിഹാസമാണ്. ഇപ്പോൾ പരിഹാസശബ്ദം ഉയരുകയാണ്. നൈനാ സാഹ്നിയെ വെട്ടിനുറുക്കി അശോക് യാത്രി നിവാസ് ഹോട്ടലിലെ തന്തൂരി അടുപ്പിലിട്ടുചുട്ട കോൺഗ്രസ്സിന്റെ സംസ്കാരം ഈ രാജ്യം കണ്ടതാണ്. അതല്ല ഈ സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്. ലങ്കാപുരിയെക്കുറിച്ചും മറ്റും അദ്ദേഹം സാഹിത്യ ഭാഷയിൽത്തന്നെ ഇവിടെ പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് എല്ലാ സഹോദരിമാർക്കും പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുന്ന നിലപാട് തന്നെയാണ് സ്വീകരിക്കുക. ഒരു തരത്തിലും സ്ത്രീകളെ അപായപ്പെടുത്തുന്നവരെ സംരക്ഷിക്കുന്ന നിലപാട് പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകയില്ല. പൂർണ്ണമായ സുരക്ഷ

നമ്മുടെ സഹോദരിമാർക്ക് ഉറപ്പുവരുത്തും. കുഞ്ഞുങ്ങൾ മുതൽ അമ്മൂമ്മമാർവരെയുള്ളവരുടെ കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഒരു സ്ത്രീപീഡനവും ഈ നാട് അനുവദിക്കില്ല; ഈ ഗവൺമെന്റിന്റെ കീഴിൽ അനുവദിക്കില്ല. അതുകൊണ്ട് ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിട്ടില്ല എന്നുതന്നെയാണ് വ്യക്തമാക്കാനുള്ളത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, കേരളം എന്നും വളരെ ഗൗരവത്തോടുകൂടി കണ്ടിട്ടുള്ള ഒരു വിഷയമാണ് സ്ത്രീസുരക്ഷ. നമ്മുടെ നാട്ടിലെ സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഒരു വിഭാഗം മാത്രമല്ല, കേരളീയ സമൂഹം ഒറ്റക്കെട്ടായി നിലകൊണ്ടിട്ടുണ്ട്. അദ്ദേഹത്തിന് എപ്പോഴും അങ്ങനെ മാത്രമേ കാണാൻ കഴിയൂ. സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനും സുരക്ഷയ്ക്കുംവേണ്ടി കേരളം എന്നും ഒറ്റക്കെട്ടായി നിന്ന മഹത്തായ ചരിത്രമാണ് നമുക്കുള്ളത്. സമീപ കാലത്ത് കേരളത്തിൽ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും വർദ്ധിച്ചുവരുന്നു. ഇത് അതീവ ഗൗരവത്തോടെ കാണാൻ സർക്കാരിന് കഴിയണം. ഒരു സംഭവം ഉണ്ടാകുമ്പോൾ അതിൽ കൂടുതൽ താൽപ്പര്യവും ആഹ്ലാദവും പ്രകടിപ്പിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ തെരഞ്ഞെടുപ്പുസമയത്ത്, ജിഷ എന്ന യുവതി മരിച്ചപ്പോഴുണ്ടായ സംഭവം കേരളം മറന്നിട്ടില്ല. ആ കുട്ടിയുടെ ദുരന്തത്തെക്കുറിച്ചായിരുന്നില്ല, മറിച്ച് ആ കണ്ണുനീരിനെ വോട്ടാക്കി മാറ്റാൻ ശ്രമിച്ചത് ആരായിരുന്നുവെന്നതും കേരളം മറന്നിട്ടില്ല. ഇവിടെ സ്ത്രീകളുടെ സുരക്ഷിതത്വത്തെക്കുറിച്ച് പറയുന്ന സാഹചര്യത്തിൽ, ഇരയുടെ ദു:ഖം നാടിന്റെ ദു:ഖമായി പരിണമിക്കുന്നു. കേരളം ഒരിക്കലും വേട്ടക്കാരോടൊപ്പം നിലകൊണ്ടിട്ടില്ല. ഇരയോടൊപ്പമേ നിലകൊണ്ടിട്ടുള്ളൂ. വേട്ടക്കാരുടെയെല്ലാം രജിസ്റ്റർ സൂക്ഷിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗവർണറെക്കൊണ്ട് പറയിക്കുകയുണ്ടായി. ആർക്കുവേണം മുഖ്യമന്ത്രീ, അങ്ങയുടെ ഈ രജിസ്റ്റർ; ഇവിടെ ഈ രജിസ്റ്റർ സൂക്ഷിച്ചതുകൊണ്ട് എന്ത് കാര്യമാണുള്ളത്? നമ്മുടെ സഹോദരിമാർക്ക് രാവും പകലും കേരളത്തിൽ സുരക്ഷിതമായി യാത്ര ചെയ്യാനും ജോലി സ്ഥലങ്ങളിൽ ജോലിചെയ്യാനും ജീവിക്കാനുമുള്ള അവസരമാണ് വേണ്ടത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്ത്രീസുരക്ഷയെക്കുറിച്ച് പറഞ്ഞല്ലോ, എട്ട് മാസത്തിനകം ഇവിടെ 1085 സ്ത്രീകളാണ് ബലാത്സംഗത്തിന് വിധേയരായിട്ടുള്ളത്. റേപ്പിന് വിധേയരായിട്ടുള്ള മൈനർ കുട്ടികളുടെ എണ്ണം 620 ആണ്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ 3163 ആണ്. പ്രമുഖ ദിനപത്രമായ 'മലയാള മനോരമ' ഇന്ന് കൂടുതൽ വിവരങ്ങൾ പുറത്തുകൊണ്ടുവന്നിട്ടുണ്ട്. ഇതാണോ സ്ത്രീസുരക്ഷിത കേരളം; ഇതാണോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്ന കേരളത്തിലെ സ്ത്രീകളുടെ സുരക്ഷ? എറണാകുളത്ത് പ്രസിദ്ധ ചലച്ചിത്ര നടിക്കുണ്ടായ ദുരന്തത്തെപ്പറ്റി ശ്രീ പി. ടി. തോമസ് ഇവിടെ വിശദമായി പറഞ്ഞു. കേരളത്തിലെ മുഴുവൻ ജനങ്ങളും അതിൽ ദുഃഖിച്ചതാണ്; എല്ലാവരും ഒറ്റക്കെട്ടായി അതിനെ എതിർത്തതാണ്. നടിയെ തട്ടിക്കൊണ്ടുപോയ കേസിൽ പ്രതികളെ കണ്ടുപിടിക്കാനും അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനുമുള്ള നടപടികൾ വേഗതയിൽ മുന്നോട്ടുപോകണമെന്നാണ് കേരളം ഒറ്റക്കെട്ടായി ആവശ്യപ്പെട്ടത്. അതിനുവേണ്ടി മാധ്യമങ്ങളും കേരളീയ സമൂഹവും ഒരുമിച്ച് നിന്നതാണ്. പ്രതികളെ കണ്ടെത്തുവാനും അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനുമുള്ള ജാഗരൂകമായ സമീപനമാണ് വേണ്ടത്. ബഹുമാന്യനായ മുഖ്യമന്ത്രി ഈ കേസിനെ സംബന്ധിച്ച് നടത്തിയ പരാമർശത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഏഷ്യാനെറ്റ് ചാനൽ പ്രസിദ്ധീകരിച്ച വാർത്തയുടെ കാസറ്റ് ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കാം. സിനിമാലോകവുമായി ബന്ധപ്പെട്ട് അനാവശ്യമായ ഒരു ചിത്രം സൃഷ്ടിക്കാൻ എന്തിനാണ് ശ്രമം നടത്തുന്നത്? ഞാൻ മനസ്സിലാക്കിയിടത്തോളം പ്രധാന പ്രതിയുടെ ഭാവനയ്ക്കനുസരിച്ചാണ് കൃത്യം നടന്നത്; ഒരു കുറ്റകൃത്യം എങ്ങനെ നടത്തണമെന്ന് കുറ്റവാളി സങ്കൽപ്പിച്ചിട്ടുണ്ട്, അതിന്റെ ഭാഗമായി നടത്തിയതാണെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത്. കേസ് അന്വേഷണം തുടങ്ങിയ സമയത്തുതന്നെ അന്തിമവിധി കൽപ്പിക്കാൻ മുഖ്യമന്ത്രിക്ക് എന്ത് അധികാരമാണുള്ളത്? ഒരു കേസ് അന്വേഷിച്ചു കൊണ്ടിരിക്കുമ്പോൾ ആഭ്യന്തരവകുപ്പിന്റെ ചുമതലയുള്ള മന്ത്രി അതിന്റെ അന്വേഷണത്തിൽ ഇടപെടാൻ പാടില്ല. അന്വേഷണ ഉദ്യോഗസ്ഥർക്ക് നീതിപൂർവ്വവും നിഷ്പക്ഷവുമായി അന്വേഷിക്കാനുള്ള അവസരം നൽകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതെന്താണ്? ഈ കേസ്സിൽ ഒരു പ്രതിയേയുള്ളൂ, ആ പ്രതിയുടെ ഭാവനയ്ക്കനുസരിച്ചുണ്ടായ കുറ്റമാണിത്; വേറെയാരും ഇതിൽ പ്രതികളല്ലെന്ന് പറഞ്ഞ് അന്വേഷണം മുന്നോട്ടുപോകേണ്ടെന്ന് അങ്ങ് തീർപ്പ് കൽപ്പിച്ചിരിക്കുന്നു. ഇതിൽ ഗൂഢാലോചനയില്ല എന്ന അങ്ങയുടെ വാചകം അരിയാഹാരം കഴിക്കുന്ന കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും മനസ്സിലാകുന്ന കാര്യമല്ലേ? പോലീസിന് അങ്ങ് കൊടുത്തിരിക്കുന്ന സന്ദേശമെന്താണ്? ഇതിലെ ഗൂഢാലോചനയെപ്പറ്റി അന്വേഷിക്കേണ്ട, പ്രധാന പ്രതിതന്നെ ആസൂത്രണം ചെയ്ത

അക്രമമാണെന്ന് കേസന്വേഷണം തീരുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഇന്നലെ കോടതിയിൽ പ്രതിയെ ഹാജരാക്കിയപ്പോൾ പ്രതിഭാഗം വക്കീൽ പറഞ്ഞത് ഗൂഢാലോചനയില്ലെന്ന് മുഖ്യമന്ത്രിതന്നെ പറഞ്ഞിരിക്കുന്നു ഇനി എന്തിനാണ് അന്വേഷണമെന്നാണ്. കൂടുതൽ കാര്യങ്ങളറിയാൻ പ്രതിയെ വിട്ടുതരണമെന്നാണ് പോലീസ് ആവശ്യപ്പെടുന്നത്. അതിനെതിരായി പ്രതിയുടെ വക്കീൽ പറഞ്ഞത്, ഇയാളെ വിട്ടുകൊടുക്കേണ്ട ആവശ്യമില്ല, കാരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അദ്ദേഹത്തിന്റെ വാദമുഖങ്ങൾ ഉന്നയിച്ചിരിക്കുന്നു വെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൂഢാലോചനയില്ലെന്നും അതേസമയം പോലീസ് ഗൂഢാലോചനയുണ്ടെന്നും പറയുന്നു. കേരളം ആര് പറയുന്നതാണ് വിശ്വസിക്കേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, പ്രമാദമായ കേസുകളുടെ അന്വേഷണം നടക്കുമ്പോൾ അങ്ങ് ഇങ്ങനെ അഭിപ്രായം പറയാൻ പാടില്ല. ഒരുപക്ഷേ അങ്ങേയ്ക്ക് പരിചയക്കുറവുണ്ടാകാം. എന്നിരുന്നാലും ഇങ്ങനെ അഭിപ്രായം പറഞ്ഞത് ഭാവിയിൽ ഈ കേസിന്റെ നടത്തിപ്പിനെ ഗുരുതരമായി ബാധിക്കുമെന്ന ആശങ്ക ഞാൻ ഇവിടെ പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഒരു ചലച്ചിത്ര നടിക്ക് ഇതാണ് സ്ഥിതിയെങ്കിൽ കേരളത്തിലെ സാധാരണക്കാരായ സ്ത്രീകളുടെ സ്ഥിതിയെന്താകും? ചലച്ചിത്ര നടിയെന്നല്ല ഏതൊരു സ്ത്രീക്കും ഇതുപോലൊരു അനുഭവം ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണ്. കേരളത്തിലെ ഹൈവേ പോലീസ് എവിടെപോയി; എന്തുകൊണ്ട് അവർ ഇത് പരിശോധിക്കുന്നില്ല? കേരളത്തിന്റെ ഹൃദയഭാഗമാണ് എറണാകുളത്തെ അങ്കമാലി മുതൽ നെടുമ്പാശ്ശേരി വരെയുള്ള സ്ഥലം. അതീവ സുരക്ഷയുള്ള ആ പ്രദേശത്ത് ഇത്തരം ഒരു സംഭവം നടന്നത് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നു പറയുന്നത് ഗുരുതരമായ വിഷയം തന്നെയാണ്. അത് വളരെ ഗൗരവത്തോടുകൂടി കാണേണ്ട കാര്യമാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ഇന്നലെ പത്രക്കാരോട് എന്നെക്കുറിച്ച് 'കാള പെറ്റു എന്നു കേട്ടപ്പോൾ കയറെടുത്തുവെന്ന്' പറഞ്ഞു; മുഖ്യമന്ത്രിയായി ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന കാലത്ത് കാളയല്ല പോത്തു വേണമെങ്കിലും പ്രസവിക്കുമെന്ന നിലയിലാണ് കാര്യങ്ങൾ പോകുന്നത്. ഇവിടെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ആശങ്കകൾ വർദ്ധിച്ചുവരികയാണ്. സ്ത്രീകൾക്ക് സുരക്ഷയില്ലാത്ത സംസ്ഥാനമെന്ന് മാത്രമല്ല, കേസ് അട്ടിമറിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഈ പ്രസ്താവന സഹായകമാകുന്നുവെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ഒരു യോഗത്തിൽ ഇരുന്നപ്പോൾ ദിനപ്പത്രത്തിലെ വാർത്ത കണ്ട് പറഞ്ഞുവെന്നാണ് അദ്ദേഹം പറയുന്നത്. പത്രവാർത്ത കണ്ടാണോ പ്രമാദമായ ഒരു കേസിൽ തീരുമാനം പറയേണ്ടത്? ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിക്ക് അതുതുസമയം പോലീസിൽ നിന്നും വിവരം കിട്ടില്ലേ? പോലീസ് എല്ലാ വിവരങ്ങളും കൃത്യമായി നൽകിയിട്ടും ഇങ്ങനെ

പറയുന്നതിൽ ഞങ്ങൾക്കെല്ലാവർക്കും, കേരളീയ സമൂഹത്തിനും മാധ്യമങ്ങൾക്കും സംശയമുണ്ടായതിന് അദ്ദേഹം ഞങ്ങളെയും മാധ്യമങ്ങളെയും കേരളത്തിലെ പൊതു സമൂഹത്തെയും കുറ്റപ്പെടുത്തിയിട്ട് എന്താണ് കാര്യം? അദ്ദേഹം ഇത് തിരുത്തിയത് 48 മണിക്കൂർ കഴിഞ്ഞാണ്. അദ്ദേഹത്തിന് തെറ്റ് പറ്റിപ്പോയെങ്കിൽ അത് തുറന്ന് പറയണം. തെറ്റ് പറ്റുന്നത് സ്വാഭാവികമാണ്; അത് തുറന്നുപറയുന്നതിൽ വിഷമിക്കേണ്ട കാര്യമില്ല. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഈ ഒരു പ്രസ്താവനയാണ് ഏറ്റവും വലിയ പ്രതിസന്ധി ഉണ്ടാക്കിയിരിക്കുന്നത്. ശ്രീമതി വൃന്ദാ കാരാട്ടിനെപ്പറ്റി ഞങ്ങൾ എന്തിനാണ് ഇവിടെ പറഞ്ഞതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചു. അവർ പോളിറ്റ് ബ്യൂറോ മെമ്പറല്ലേ? ഇത് ഒറ്റപ്പെട്ട സംഭവമാണെന്ന് പാർട്ടി സെക്രട്ടറി പറഞ്ഞത് ശരിയല്ല എന്നാണ് അവർ പറഞ്ഞത്. ഞാൻ അവരുടെ ചാനൽ ഇന്റർവ്യൂ കണ്ടതാണ്. അത് ഞങ്ങളിവിടെ പറഞ്ഞത് തെറ്റാണോ? ശ്രീമതി വൃന്ദാ കാരാട്ട്, സി.പി.ഐ.-യുടെ നേതാവ് ആനിരാജ തുടങ്ങിയവരുടെ അഭിപ്രായം ദേശീയ മാധ്യമങ്ങൾ മുഴുവൻ എടുത്തുപറഞ്ഞ കാര്യം ഞങ്ങൾ ഈ സഭയിൽപ്പറഞ്ഞപ്പോൾ അത് മഹാപാതകമാണെന്ന നിലയിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഇത് ഞങ്ങൾ പറയാൻ പാടില്ലേ? അങ്ങയുടെ പോളിറ്റ് ബ്യൂറോ മെമ്പർ പറഞ്ഞ കാര്യം ഞങ്ങൾക്ക് ഇവിടെ പറയാൻ പാടില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി യാഥാർത്ഥ്യങ്ങൾ മറച്ചുവച്ചുകൊണ്ട് സംസാരിക്കുകയാണ്. അങ്ങ് ഇവിടെ നിലമ്പൂർ കേസിനെക്കുറിച്ച് പറഞ്ഞല്ലോ, ആ കേസ് ഏറ്റവും ഫലപ്രദമായ നിലയിൽ അന്വേഷിച്ച് മുഴുവൻ കുറ്റവാളികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്നു. ഒരാളെയും അതിൽനിന്നും രക്ഷപ്പെടുത്തിയിട്ടില്ല. ഇവിടെ ഞാൻ പേരൊന്നും പറയുന്നില്ല, എറണാകുളം പാർട്ടി ഓഫീസിൽ നടന്ന കാര്യവും മുൻമുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയുടെ കാര്യവുമൊന്നും എന്നെക്കൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി പറയിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഞങ്ങൾക്ക് മാന്യതയുള്ളതുകൊണ്ട് അതൊന്നും ഇവിടെ പറയുന്നില്ല. പേരുപോലും പറയുന്നില്ല. അത്രയും താഴാൻ പാടില്ല. നിലമ്പൂരിൽ പാർട്ടി ഓഫീസിൽ രഹസ്യ ക്യാമറ വയ്ക്കുന്നകാര്യം ഞങ്ങളെക്കൊണ്ട് പറയിക്കരുത്. നിലമ്പൂരിൽ ഒരു സംഭവമുണ്ടായി, അന്വേഷണം നടത്തി പ്രതികളെ മുഴുവൻ പിടിച്ചു, അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് ന്യായമായ ശിക്ഷകൊടുത്തു. കോൺഗ്രസ്സിന് ആ പാരമ്പര്യമില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റ് രണ്ട് നടിമാർക്കുണ്ടായ അനുഭവത്തിൽ അന്ന് കേസെടുത്തില്ലെന്ന് അങ്ങിവിടെ പറഞ്ഞല്ലോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങേയ്ക്ക് ഇത് ആരാണ് എഴുതിത്തന്നതെന്ന് എനിക്കറിയില്ല. ഞാൻ ആ നടിമാരുടെ പേര് പറയുന്നില്ല. അന്ന് ശ്രീ. ഉമ്മൻ ചാണ്ടിയല്ല,

ശ്രീ. വി. എസ്. അച്ചുതാനന്ദനായിരുന്നു മുഖ്യമന്ത്രി. 2010-ലാണ് ആ സംഭവമുണ്ടായത്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കുറ്റം എന്നെക്കൊണ്ട് പറയിക്കാനായിരുന്നുവെന്ന് എനിക്ക് ഇപ്പോഴാണ് മനസ്സിലായത്.(....ബഹളം....)

മി. സ്പീക്കർ: ആരാണെന്ന് അദ്ദേഹവും പറഞ്ഞിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഊരിപ്പിടിച്ച കത്തിയുടെയും ഉയർത്തിപ്പിടിച്ച വടിവാളിന്റെയും മുമ്പിലൂടെ നടന്നുപോയി എന്ന് മംഗലാപുരത്ത് പറയുന്നത് കേട്ടു. എന്നാൽ അങ്ങിത് ഡൽഹിയിലും മധ്യപ്രദേശിലും പറഞ്ഞില്ല. .....(ബഹളം)..... ഫാസിസ്റ്റ് സംഘടനയായ ആർ.എസ്.എസ്.-നെ നേരിടാൻ കർണ്ണാടകയിലെ കോൺഗ്രസ് മുഖ്യമന്ത്രി ശ്രീ. സിദ്ധരാമയ്യയുടെ സഹായം വേണ്ടിവന്നു. ....(ബഹളം)..... അങ്ങേയ്ക്ക് ഈ പ്രസംഗം ഭോപ്പാലിലും ഡൽഹിയിലും നടത്താൻ കഴിഞ്ഞില്ല. ആർ.എസ്.എസ്.-നെതിരായ പോരാട്ടത്തിന് ശ്രീ. പിണറായി വിജയന്റെ സർട്ടിഫിക്കറ്റ് ഞങ്ങൾക്ക് വേണ്ട. മുമ്പ് സഭയിൽനിന്ന് ഞങ്ങൾ ഇറങ്ങിപ്പോയപ്പോൾ, ഞങ്ങൾ എന്തോ പേടിച്ചുപോയതാണെന്ന് അങ്ങിവിടെ പറഞ്ഞതായി അറിയാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങയെയോ അങ്ങയുടെ പ്രസ്ഥാനത്തേയോ പേടിച്ചല്ല ഈ രാജ്യത്ത് കോൺഗ്രസ്സ് പ്രസ്ഥാനവും യു.ഡി.എഫ്.-ഉം മുന്നോട്ടുപോകുന്നത്. തെറ്റായ ധാരണയൊന്നും വേണ്ട. ഇവിടെ ഗുണ്ടകളെ ആരാണ് സംരക്ഷിക്കുന്നത്; വടക്കാഞ്ചേരിയിലെ ഗുണ്ടകളെ ആരാണ് സംരക്ഷിച്ചത്? ഇന്ന് കളമശ്ശേരി ഏരിയ സെക്രട്ടറി കൊച്ചി യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവത്തിന്റെ ചെയർമാനാണ്. ആരാണ് ഗുണ്ടകളെ സംരക്ഷിക്കുന്നത്? കളമശ്ശേരിയിലെ സക്കീർ ഹുസൈനും വടക്കാഞ്ചേരിയിലെ ജയന്തനും അടക്കമുള്ള കുറ്റവാളികളെ നിങ്ങൾ സംരക്ഷിക്കുന്നു. ഇതാണോ സ്ത്രീസുരക്ഷ; ഇതാണോ സുരക്ഷിത കേരളം? കേരളത്തിലെ ഗുണ്ടകളെയും മാഫിയകളെയും മാത്രമല്ല സ്ത്രീകൾക്കെതിരെ അതിക്രമം നടത്തുന്ന ആളുകളെ മുഴുവൻ സംരക്ഷിക്കുന്ന നിലപാടാണ് ഈ ഗവൺമെന്റിന്റേത്. ഗവൺമെന്റ് നിലപാടിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുന്നു. മുഖ്യമന്ത്രിയുടെ ഈ പ്രസ്താവനയിലൂടെ ഉണ്ടായിരിക്കുന്ന ആശയക്കുഴപ്പം അങ്ങ് പരിഹരിക്കണം. ഈ കേസിനെ വഴിതിരിച്ചുവിടാൻ അത് ഉപകരിക്കുമെന്ന് ഞാൻ സംശയിക്കുന്നു, ആശങ്കപ്പെടുന്നു. നമ്മുടെ ഒരു സഹോദരിക്കുണ്ടായ, മകൾക്കുണ്ടായ ഈ ദുഃഖത്തിൽ

ഒരുമിച്ചുനിന്നു കുറ്റവാളികൾക്ക് അർഹിക്കുന്ന ശിക്ഷ വാങ്ങിക്കൊടുക്കാനുള്ള ഉത്തരവാദിത്വം നമുക്കെല്ലാവർക്കും ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഗവൺമെന്റിന്റെ ഈ നിലപാട് തെറ്റാണ്; ഇത് ചർച്ച ചെയ്യപ്പെടേണ്ടതാണ്. കേരളത്തിലെ സ്ത്രീസുരക്ഷയെപ്പറ്റി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ സഹപ്രവർത്തകരും ഇവിടെത്തന്നെയിരുന്ന് പ്രതിഷേധിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ നടുത്തളത്തി ലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. ഒ. രാജഗോപാൽ : സർ, ഇവിടെ ചർച്ച ചെയ്യുന്നത് ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള തർക്കത്തിന്റെ പ്രശ്നമല്ല. കേരളത്തിനുതന്നെ അപമാനമുണ്ടാക്കിയ സംഭവമാണ്. കേരളത്തെപ്പറ്റി മറ്റ് ഭാഗങ്ങളിലൊക്കെ നല്ല അഭിപ്രായം പല കാര്യങ്ങളിലുമുണ്ട്. പക്ഷേ, സ്ത്രീകളെ അപമാനിക്കുന്ന കാര്യത്തിൽ, ഇതുപോലെ മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. ഈ സംഭവത്തെ ചെറുതാക്കി കാണിച്ച് വളച്ചൊടിച്ച് തെറ്റിദ്ധാരണ പരത്താൻ ശ്രമിക്കുന്നുവെന്നുള്ള ഒരു ധാരണ നിലവിലുണ്ട് എന്നത് വസ്തുതയാണ്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് നിഷേധിക്കുന്നു. പോലീസിൽ കൂടുതൽ സ്ത്രീകളെ ചേർക്കാൻ പോകുന്നുവെന്ന് പറഞ്ഞത് നല്ല കാര്യമാണ്. പക്ഷേ, അതുകൊണ്ടൊന്നും ഇതിന് പരിഹാരമാകില്ല. ഈ സർക്കാർ അധികാരമേറ്റശേഷം സ്ത്രീകൾക്കെതിരെ 3200 അക്രമങ്ങളാണ് നടന്നിട്ടുള്ളത്. എന്റെ പാർട്ടിയുടെ മഹിളാ മോർച്ച സംസ്ഥാന പ്രസിഡന്റ്, മുനിസിപ്പൽ കൗൺസിലർമാരായ സ്ത്രീകൾ എന്നിവരെല്ലാം ആക്രമത്തിന് വിധേയരായിട്ടുണ്ട്. ഈ സർക്കാരിന് ചിലയാളുകളെ സംരക്ഷിക്കാനാണ് താൽപ്പര്യം. മാർക്സിസ്റ്റ് പാർട്ടിയുടെ ആൾക്കാരാണ് ഇതിൽ പ്രധാനമായ പങ്കുവഹിക്കുന്നതെന്നുള്ള ഒരു ധാരണ സംസ്ഥാനത്തിനുണ്ട്. ഒറ്റപ്പെട്ട സംഭവത്തിന്റെ പേരിലല്ല, ഒട്ടേറെ സംഭവങ്ങൾ ചൂണ്ടിക്കാണിക്കാൻ സാധിക്കും. ഈ പശ്ചാത്തലത്തിൽ സർക്കാർ സ്വീകരിച്ച നിലപാടിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## VI. ശ്രദ്ധ ക്ഷണിക്കൽ

### റേഷൻ വിഹിതം പുനഃസ്ഥാപിക്കൽ

ശ്രീ. എസ്. ശർമ്മ: സർ, കേന്ദ്ര ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ പേരിൽ വെട്ടിക്കുറച്ച സംസ്ഥാനത്തിന്റെ റേഷൻ വിഹിതം പുനഃസ്ഥാപിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഇതിനകം നടത്തിയിട്ടുള്ള ശ്രമങ്ങളുടെ തുടർച്ചയായി എല്ലാ വിഭാഗക്കാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് അതിശക്തമായ സമ്മർദ്ദം ചെലുത്തുന്നതിനുവേണ്ടിയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. 1957-ലെ കേരളത്തിലെ ആദ്യസർക്കാരിന്റെ കാലം മുതൽ അനൗപചാരികമായി ആരംഭിച്ച സാർവ്വത്രിക റേഷനിംഗ് സമ്പ്രദായം നിയമപരമായി നടപ്പിലായത് 1964 നവംബർ ഒന്ന് മുതലാണ്. പോരാട്ടങ്ങളുടെ ചരിത്രത്തിൽ ഇതിഹാസതുല്യമായ പങ്കുവഹിച്ച മഹാനായ എ.കെ.ജി. ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിൽ നടന്ന ജനകീയ സമരങ്ങളെത്തുടർന്നാണ് 1964-ൽ ദക്ഷിണ ഭക്ഷ്യ മേഖലാ സമ്പ്രദായം ഇല്ലാതാക്കി ഭക്ഷ്യധാന്യം കേന്ദ്രസർക്കാർ നേരിട്ട് നൽകാമെന്ന കരാറുണ്ടാക്കിയത്. കാലാവസ്ഥാപരമായ ആനുകൂല്യംകൊണ്ടും ചരിത്രപരമായ സവിശേഷതകൾകൊണ്ടും ഏലം, ചുക്ക്, കുരുമുളക്, കരയാമ്പൂ, കറുവപ്പട്ട തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾക്കും മറ്റ് നാണ്യവിളകൾക്കും പ്രാമുഖ്യം ലഭിച്ചിരുന്നു. നാണ്യവിളകൾ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്ത് പ്രതിവർഷം ആയിരക്കണക്കിന് കോടി രൂപയുടെ വിദേശനാണ്യം നേടിത്തരുന്നതിന് പകരമായി ഭക്ഷ്യക്കമ്മിയുള്ള നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്ക് വിദേശനാണ്യത്തിനുപകരം ഭക്ഷ്യധാന്യം എന്നതായിരുന്നു കരാറിന്റെ അടിസ്ഥാനതത്വം. ഇതിൽനിന്നും കേന്ദ്ര സർക്കാർ പിൻവാങ്ങിയിരിക്കുന്നു; ഫെഡറൽ സംവിധാനത്തിന് ഭൂഷണമല്ലാത്ത നിലപാട് സ്വീകരിച്ചിരിക്കുന്നു. ആവശ്യമായ ഭക്ഷ്യധാന്യത്തിന്റെ 20 ശതമാനം മാത്രം ഉൽപ്പാദന സാധ്യമായ സംസ്ഥാനത്തിന് സാർവ്വത്രികമായ പൊതുവിതരണ ശൃംഖല അനിവാര്യമായിട്ടുള്ളതാണ്. മാറിമാറിവരുന്ന സർക്കാരുകളുടെ ഇടപെടലുകളുടെ ഫലമായി സംസ്ഥാനത്തെ സാർവ്വത്രിക പൊതുവിതരണ ശൃംഖല, പ്രവർത്തനത്തിലും നടത്തിപ്പിലും രാജ്യത്തിന് മാതൃകയായിരുന്നു. എന്നാൽ തൊണ്ണൂറുകളിലെ നവ ഉദാരവൽക്കരണ സമീപനം പൊതുവിതരണ സംവിധാനത്തെ ദുർബ്ബലപ്പെടുത്തി. 1997-ൽ നിയമപരമായ പിന്തുണയില്ലാത്ത ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം ആരംഭിച്ചതോടെ സംസ്ഥാനത്തെ 70 ശതമാനത്തോളം ആളുകൾ ഭക്ഷ്യവിതരണ

ശൃംഖലയ്ക്ക് പുറത്തായി. സംസ്ഥാനത്ത് പിന്നീട് അധികാരത്തിലെത്തിയ ഇടതുപക്ഷ സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന്റെ ഫലമായി കൂടുതലാളുകളെ ഭക്ഷ്യധാന്യ പൊതുവിതരണ സംവിധാനത്തിന്റെ പരിരക്ഷയിലേയ്ക്ക് എത്തിക്കാൻ സാധിച്ചു. നീതി ആയോഗിന്റെ കണക്കനുസരിച്ച് നിലവിൽ സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ആശ്രയിക്കുന്നത് ജനസംഖ്യയുടെ 82 ശതമാനമാണ്. ഇന്ത്യയിൽ തമിഴ്നാട് കഴിഞ്ഞാലുള്ള കൂടിയ അനുപാതമാണിത്. ഈ സാഹചര്യത്തിൽ എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ 100 ശതമാനം ജനങ്ങളുടെയും ഭക്ഷ്യഭദ്രതയ്ക്ക് എന്ന പേരിൽ കൊണ്ടുവന്ന നിയമം യഥാർത്ഥത്തിൽ അതിന് വിഘാതമായി നിൽക്കുകയാണ്. ഏത് നിയമം നടപ്പാക്കുമ്പോഴും അത് നിലവിലുള്ള സ്ഥിതിയെ മെച്ചപ്പെടുത്തുന്നതായിരിക്കണം. പക്ഷേ ഇന്ന് ഭക്ഷ്യ സുരക്ഷാ നിയമം സ്വയം പരാജിതമായിത്തീരുന്ന സ്ഥിതിവിശേഷമാണ്. താങ്ങാവുന്ന വിലയ്ക്ക് നിലവാരമുള്ള ഭക്ഷണ പദാർത്ഥങ്ങൾ പര്യാപ്തമായ അളവിൽ ലഭ്യമാക്കി ജനങ്ങൾക്ക് ജീവിക്കാനുള്ള അവസരം സർക്കാർ ലക്ഷ്യമിടുന്നുവെന്ന് പ്രഖ്യാപിക്കുന്നതാണ് 2013-ലെ കേന്ദ്ര ഭക്ഷ്യ ഭദ്രതാ നിയമം. 100 ശതമാനം ജനങ്ങൾക്കും ഭക്ഷ്യധാന്യത്തിന്റെ നിയമപരമായ അവകാശമുണ്ടായിരുന്ന കേരളത്തിലെ 54 ശതമാനം ജനങ്ങളുടെയും അവകാശം കവർന്നെടുത്തു. ഇത് വിരോധാഭാസമാണ്. സംസ്ഥാനത്തെ ജനങ്ങൾക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യവിഹിതം കവർന്നെടുത്തുകൊണ്ട് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കാൻ മുൻ യു.പി.എ. സർക്കാരിനെപ്പോലെതന്നെ ഇപ്പോഴത്തെ ബി.ജെ.പി. സർക്കാരും മൽസരിക്കുകയാണ്. കേരളീയരുടെ ഭക്ഷ്യ ഭദ്രത അട്ടിമറിക്കാനായി കേന്ദ്രത്തിൽ നിയമം കൊണ്ടുവന്നതും കേരളീയനായ കേന്ദ്രമന്ത്രിയായിരുന്നുവെന്നുള്ള കാര്യം നമുക്ക് വിസ്മരിക്കാൻ കഴിയില്ല. അതിന്റെ പേരിൽ നാടുനീളെ നടന്ന് ധാരാളം സ്വീകരണങ്ങൾ ഏറ്റുവാങ്ങിയതും മലയാളികൾ മറന്നിട്ടില്ല. കേരളത്തിലെ എം.പി.-മാരും ഇടതുപക്ഷ എം.പി.-മാരും മറ്റുള്ളവരുമെല്ലാം ഈ നിയമത്തിന്റെ അപകടം ചൂണ്ടിക്കാണിക്കുകയും ഭേദഗതി നിർദ്ദേശിക്കുകയും ചെയ്തുവെങ്കിലും അതൊക്കെ തള്ളിക്കളയുകയാണ് ചെയ്തത്. ഈ നിയമം നടപ്പാക്കുന്നതിനുവേണ്ടി യു.ഡി.എഫ്. സർക്കാർ ആദ്യം മുന്നോട്ടുവന്നില്ല. അതിന്റെ പേരിൽ ഈ സർക്കാരിനെ കുറ്റപ്പെടുത്തുന്നത് അത്ഭുതകരമാണ്. 1.80 കോടി മലയാളികളുടെ അന്നം മുട്ടിച്ചവർ നിയമം നടപ്പാക്കാൻ വൈകിയതിന്റെ പേരിൽ പ്രശ്നമുണ്ടാക്കുന്നതാണ് നാം കാണുന്നത്. ഭക്ഷ്യ ഭദ്രതാ നിമയത്തിലെ സെക്ഷൻ 3(2) അനുസരിച്ച് 75 ശതമാനം ഗ്രാമവാസികളെയും 50 ശതമാനം പട്ടണവാസികളെയും മുൻഗണനാ പട്ടികയിൽ

ഉൾപ്പെടുത്താമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും സ്വേച്ഛാപരമായി സംസ്ഥാനത്തെ 54 ശതമാനം ആളുകളെ കേന്ദ്ര സർക്കാർ ഒഴിവാക്കി. നിയമം ദ്രുതഗതിയിൽ നടപ്പാക്കാൻ വ്യഗ്രത കാണിക്കുന്ന കേന്ദ്ര സർക്കാരിന് ജനങ്ങളുടെ ഭക്ഷ്യ ഭദ്രതയിൽ ഉൽക്കണ്ഠയില്ല. ഈ നിയമം പ്രാബല്യത്തിലായി 3 വർഷത്തിനുശേഷം അതായത് ഈ വർഷം മുതൽ മുൻഗണനാ വിഭാഗത്തിന് നൽകുന്ന ഭക്ഷ്യധാന്യത്തിന്റെ നെല്ലിന് നിശ്ചയിക്കുന്ന മൂന്നുരൂപയെന്ന താങ്ങുവിലയെ അടിസ്ഥാനമാക്കി അരിക്ക് വരുന്ന വിലയിൽ അധികരിക്കാതെ ഈടാക്കാമെന്ന് ഒന്നാം പട്ടികയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് ജനങ്ങൾക്ക് കൂടുതൽ ലാഭം ലഭിക്കാനെന്ന പേരിൽ ഇന്ധനവില നിയന്ത്രണം നീക്കി സ്വതന്ത്രമാക്കിയതിന് സമാനമാണ്. കേരളത്തിൽ അരിയുടെ നിലവിലെ വില 22.50 രൂപയാണ്. നെല്ലിന്റെ താങ്ങുവില 15.10 രൂപയാണ്. ഒരു ക്വിന്റൽ നെല്ലിൽനിന്ന് 68 കിലോ പൊടിയരി ലഭിക്കും. പ്രതിവർഷം രണ്ട് ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം കൂടി വേണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോട് നിഷേധാത്മക നിലപാട് സ്വീകരിക്കുന്ന കേന്ദ്ര ഭരണാധികാരികളോട് നമുക്ക് പറയാനുള്ളത്, കേന്ദ്ര ഭക്ഷ്യ ഭദ്രതാ നിയമത്തിലെ 3(1) വകുപ്പിന്റെ ക്ലിപ്ത നിബന്ധന പ്രകാരം സംസ്ഥാനത്തിന് നിയമപരമായി ലഭിക്കേണ്ട അവകാശം അനുവദിച്ചു തരണമെന്നാണ്. നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പുള്ള മൂന്ന് വർഷങ്ങളിൽ ഏതെങ്കിലും സംസ്ഥാനം എടുത്തിട്ടുള്ള ഭക്ഷ്യധാന്യം വാർഷിക അലോക്കേഷനേക്കാൾ അധികമാണെങ്കിൽ അതിന്റെ ശരാശരി അളവിൽ ഭക്ഷ്യധാന്യം അനുവദിക്കണമെന്നാണ് നിയമം. അങ്ങനെ നോക്കുകയാണെങ്കിൽ കേരളത്തിന് പ്രതിവർഷം 16.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യത്തിന് നിയമപരമായ അർഹതയുണ്ട്. കേരള ജനത ആവശ്യപ്പെടുന്നത് സംസ്ഥാനത്തിന്റെ അവകാശമാണ്. അല്ലാതെ കേന്ദ്രത്തിന്റെ ഔദാര്യമല്ല. ഈ അവകാശം നേടിയെടുക്കുന്നതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സംസ്ഥാനം ഒറ്റക്കെട്ടായി അണിനിരക്കണമെന്നും ഇതിനകം സർക്കാർ എടുത്തിട്ടുള്ള മുൻകരുതലുകൾ കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകണമെന്നുമാണ് ഈ അവസരത്തിൽ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, 1966 മുതൽ പൊതു വിതരണ രംഗത്ത് കേരളത്തിലുണ്ടായിരുന്ന സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ഇന്ത്യയ്ക്കാകെ മാതൃകയായിരുന്നു. 1997-ൽ കേന്ദ്ര സർക്കാർ ജനങ്ങളെ എ.പി.എൽ., ബി.പി.എൽ. എന്ന് വേർതിരിച്ച് റേഷൻ പരിമിതപ്പെടുത്തുന്ന നിലപാട് സ്വീകരിച്ചു. തുടർന്ന് 2013-ൽ പ്രൊഫ. കെ. വി. തോമസ് കേന്ദ്ര ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന കാലയളവിലാണ് ദേശീയ ഭക്ഷ്യ

ഭദ്രതാ നിയമം കേന്ദ്ര സർക്കാർ നടപ്പിലാക്കിയത്. അതോടെ കേരളത്തിന് ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യം 16.25-ൽനിന്നും 14.25 ലക്ഷം മെട്രിക് ടണ്ണായി കുറവുചെയ്യപ്പെട്ടു. ആ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ശരിയായ രീതിയിൽ ചൂണ്ടിക്കാണിച്ചത്. ഇതിൽ മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർക്ക് 5 കിലോഗ്രാം വീതം ഭക്ഷ്യധാന്യം നൽകുന്നതിന് 10.25 ലക്ഷം മെട്രിക് ടൺ ആവശ്യമാണ്. ബാക്കിയുള്ള 4 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം മാത്രമാണ് മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകാൻ കഴിയുന്നത്. മുമ്പ് ഇത് 6 ലക്ഷം മെട്രിക് ടൺ ആയിരുന്നു. 2 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യത്തിന്റെ കുറവ് സംസ്ഥാനം അഭിമുഖീകരിക്കുകയാണ്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം മുൻഗണനാ വിഭാഗത്തിൽ 15400000 പേരാണ് സംസ്ഥാനത്തുള്ളത്. അധിക വിഹിതത്തിലുണ്ടായ ഈ കുറവ് നികത്തണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പലതവണ കേന്ദ്ര സർക്കാരിന് കത്തയയ്ക്കുകയും ബന്ധപ്പെട്ടവരെ നേരിട്ടുകണ്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. നിയമസഭ ഇക്കാര്യത്തിൽ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയവും കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന അതീവ ഗൗരവതരമായ ഒരു വിഷയമാണിത്. അതുകൊണ്ടുതന്നെ ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സർവ്വകക്ഷി സംഘത്തെ അയയ്ക്കാൻ ഫെബ്രുവരി 22-ന് ചേർന്ന സർവ്വകക്ഷി യോഗം തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഫലപ്രദമായ നടപടിയിലൂടെ മാത്രമേ ഇതിനൊരു മാറ്റംവരുത്താൻ കഴിയുകയുള്ളൂ വെന്നതാണ് നിർഭാഗ്യകരമായ അവസ്ഥ. അതിനുള്ള ശ്രമം തുടർന്നുവരികയാണ്.

<u>ശ്രീ. എസ്. ശർമ്മ:</u> സർ, ഗൗരവതരമായ ഈ പ്രശ്നത്തെ അടിസ്ഥാനമാക്കി സർവ്വകക്ഷി സംഘത്തെ അയയ്ക്കാൻ നിശ്ചയിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നത്തേയ്ക്ക് പോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സൗകര്യം ആരാഞ്ഞതിനുശേഷം അടുത്തുതന്നെ തീയതി തീരുമാനിക്കും.

(സഭവിട്ട് പുറത്തുപോയ ശ്രീ. ഒ. രാജഗോപാൽ തിരികെ ഹാജരായി.)

(അവതാരകൻ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

## VII. സബ്മിഷൻ

### (1) മാലിന്യ സംസ്കരണ പ്ലാന്റിൽനിന്നുള്ള മലിനീകരണം

ശ്രീ. സി. കൃഷ്ണൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട രാമന്തളി പഞ്ചായത്തിലാണ് ഏഴിമല നാവിക അക്കാദമി സ്ഥിതിചെയ്യുന്നത്. നാവിക അക്കാദമിക്കുവേണ്ടി ജനവാസ കേന്ദ്രത്തിന് സമീപം സ്ഥാപിച്ച മാലിന്യ പ്ലാന്റിൽനിന്നും മലിനജലം ഒഴുകി സമീപത്തെ കിണറുകളിൽ വ്യാപിച്ചിരിക്കുകയാണ്. നൂറോളം കിണറുകളിലെ വെള്ളമാണ് മലിനീകരിക്കപ്പെട്ടിരിക്കുന്നത്. മലിനജലം മറ്റ് കിണറുകളിലേയ്ക്കും പ്രദേശങ്ങളിലേയ്ക്കും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി പ്രദേശവാസികൾക്ക് ചർമ്മരോഗം ഉൾപ്പെടെയുള്ള ജലജന്യ രോഗങ്ങൾ പിടിപെട്ടിരിക്കുകയാണ്. ജനങ്ങൾ അങ്ങേയറ്റം ഭയവിഹ്വലരായാണ് അവിടെ കഴിഞ്ഞുകൂടുന്നത്. ആരോഗ്യ വകുപ്പ് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതോടൊപ്പം മലിനജലം കൂടുതൽ കിണറുകളിലേയ്ക്കും പ്രദേശങ്ങളിലേയ്ക്കും വ്യാപിക്കുന്നത് തടയേണ്ടതായിട്ടുമുണ്ട്. ജനവാസ കേന്ദ്രത്തിലെ ഈ മാലിന്യ പ്ലാന്റ് അടച്ചുപൂട്ടുന്നതിനും മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം. അസഹനീയമായ ഈ സാഹചര്യത്തിൽ പ്രതിഷേധിച്ചുകൊണ്ട് രാമന്തളി പ്രദേശത്തുള്ള ജനങ്ങൾ ഒന്നടങ്കം പ്രക്ഷോഭത്തിലാണ്. ഇന്ന് നാവിക അക്കാദമി ഗേറ്റിലേയ്ക്ക് ജനങ്ങളുടെ പ്രതിഷേധ മാർച്ച് സംഘടിപ്പിക്കുകയാണ്. മാലിന്യപ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

11.00 AM]

(യു.ഡി.എഫ്. അംഗങ്ങൾ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഏഴിമല നാവിക അക്കാദമി സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ഏകദേശം നാലായിരത്തോളം ആളുകൾ അധിവസിക്കുന്നു. ഇവരുടെ വാസകേന്ദ്രങ്ങളിൽ നിന്നുള്ള സ്വീവേജ്, മറ്റ് സ്രോതസ്സുകളിൽനിന്നുള്ള മലിനജലം എന്നിവ അക്കാദമിയോട് ചേർന്നുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിച്ചാണ് സംസ്കരിക്കുന്നത്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ അക്കാദമിയിലും

പരിസരത്തും ഇതുസംബന്ധിച്ച് വിശദമായ പരിശോധന നടത്തുകയുണ്ടായി. പരിശോധനാസമയം മുഴുവൻ പ്ലാന്റ് പ്രവർത്തനക്ഷമമായിരുന്നു; സംസ്കരിച്ച മലിനജലം പൂന്തോട്ടങ്ങൾ, പരേഡ് ഗ്രൗണ്ട് എന്നിവിടങ്ങളിൽ പൂർണ്ണമായും ഉപയോഗിക്കുന്നുണ്ടെന്നും മറ്റുതരത്തിൽ ഒഴുകിപ്പോകുന്നില്ലെന്നും അക്കാദമി അധികൃതർ അറിയിച്ചു. മലിനജല സംസ്കരണ പ്ലാന്റിലെ വിവിധ ഘട്ടങ്ങളിലുള്ള സാമ്പിളുകൾ പരിശോധനയ്ക്കയച്ചിട്ടുണ്ട്. പ്ലാന്റിന് പൂർണ്ണതോതിലുള്ള സംസ്കരണ സംവിധാനമുള്ളതായി കണ്ടില്ല. പ്ലാന്റിന്റെ പ്രവർത്തന സംവിധാനം അനുയോജ്യമല്ല. ജല അതോറിറ്റി നടത്തിയ പഠനങ്ങളിൽ സമീപത്തുള്ള കിണറുകളിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. അത്തരത്തിലുള്ള വിവിധ പ്രശ്നങ്ങൾ രാമന്തളിയിലെ ജനങ്ങൾ അനുഭവിക്കുന്നുണ്ട്. അക്കാദമിയുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നുള്ള മലിനജലമാണോ സമീപത്തെ കിണറുകളിലെ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യത്തിന് കാരണമെന്നറിയുന്നതിന് വിശദമായ ഹൈഡ്രോ ജിയോളജിക്കൽ പഠനങ്ങൾ ആവശ്യമായിവരും. മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുള്ള ചില നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന പ്രശ്നവും നിലനിൽക്കുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കൂടാതെയാണ് പ്ലാന്റ് പ്രവർത്തിക്കുന്നത്. അതിനാൽ നേവൽ അക്കാദമി അധികൃതർക്ക് ബോർഡ് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

(2) <u>ഭൂമിയുടെ പോക്കുവരവ്</u>

<u>ശ്രീ. കെ. ബാബു.</u> : സർ, പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലും എന്റെ നിയോജകമണ്ഡലത്തിലെ പതിനഞ്ച് വില്ലേജുകളിലും ഉൾപ്പെടെ സംസ്ഥാനമൊട്ടാകെ പരിശോധിച്ചാൽ പതിനായിരക്കണക്കിന് പേർക്ക് കാലാകാലങ്ങളിൽ റവന്യൂ പുറമ്പോക്ക്, തരിശ് ഭൂമി, മിച്ചഭൂമി എന്നിവയിലും ഇപ്പോൾ സീറോ ലാൻഡിലും അതുപോലെതന്നെ അസൈൻമെന്റിലും ഉൾപ്പെടുത്തി നിരവധിപേർക്ക് ഭൂമി പതിച്ച് നൽകിയിട്ടുണ്ട്. എന്നാൽ, വില്ലേജ് ആഫീസുകളിൽ ഭൂമിയുടെ കരം അടയ്ക്കുന്നതിനോ കൈവശാവകാശ സർട്ടിഫിക്കറ്റ് വാങ്ങുന്നതിനോ പോയാൽ നിലവിലുള്ള വില്ലേജ് ബി.ടി.ആർ.-ൽ സർക്കാർ പുറമ്പോക്കെന്ന് രേഖപ്പെടുത്തിയതുകൊണ്ട് പട്ടയം ലഭിച്ച പാവപ്പെട്ടവർക്ക് യാതൊരു വിധത്തിലുള്ള നീതിയും ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഇത്തരക്കാർ ഫോറം നമ്പർ VIII-മായി വില്ലേജ് ആഫീസുകളിലേയ്ക്കുള്ള പോക്ക് മാത്രമാണ് നടക്കുന്നത്, പക്ഷേ വില്ലേജാഫീസിൽനിന്നുള്ള വരവ് നടക്കുന്നില്ല. അതുകൊണ്ട് ഇത്തരക്കാർക്ക് പോക്കുവരവ് ചെയ്ത് കിട്ടാനാവശ്യമായ

നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. മറ്റൊന്ന് പട്ടയം കൈവശമുള്ളവർക്കും നിലവിലുള്ള കൈവശക്കാർക്കും ഈ ഭൂമി സർവ്വേ ചെയ്ത് പുതിയ പ്ലോട്ട് സ്കെച്ച് തയ്യാറാക്കി നൽകണം. നിലവിലുള്ളത് 1960-ലെ പ്ലോട്ട് സ്കെച്ചാണ്. വില്ലേജ് ആഫീസുകളിൽ ചെന്നാൽ പ്ലോട്ട് സ്കെച്ച് കൊണ്ടുവന്നാലേ ഇത് നടക്കുവെന്നാണ് അവരോട് പറയുന്നത്. ഇവർക്ക് എവിടെനിന്നാണ് 1960-ലെ പ്ലോട്ട് സ്കെച്ചിന്റെ രേഖകൾ ലഭിക്കുന്നത്? അതുകൊണ്ട് പുതിയ സർവ്വേ നടത്തി നിലവിൽ പട്ടയം കൈവശമുള്ളവർക്ക് 1960-ലെ പ്ലോട്ട് സ്കെച്ചിന്റെ രേഖകൾ വില്ലേജ് ആഫീസുകൾ മുഖാന്തരം ലഭ്യമാക്കുകയോ അതുപ്രകാരം ബി.ടി.ആർ.-ൽ സർക്കാർ അല്ലെങ്കിൽ പുറമ്പോക്ക് എന്നെഴുതിയത് മാറ്റി ഇവർക്കെല്ലാം അടിയന്തരമായി കൈവശരേഖ നൽകുകയോ കരമടയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>) : സർ, കേരള ഭൂപരിഷ്കരണ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് അർഹരായവർക്ക് പതിച്ചുകൊടുക്കുന്ന മിച്ചഭൂമിക്ക് ചട്ടങ്ങൾ പ്രകാരം പോക്കുവരവ് ചെയ്തു കൊടുക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവുപ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കുന്ന ഭൂമിയിൽ വിതരണത്തിന് അനുയോജ്യമായവ കേരള ലാൻഡ് റീഫോംസ് (സീലിംഗ്) റൂൾസിലെ ഫോറം നമ്പർ 27 പ്രകാരം ഭൂരഹിത കർഷകത്തൊഴിലാളിക്ക് വിതരണം ചെയ്യുന്നതിന് ലാൻഡ് ബോർഡിന്റെ പൊതുവായ നിയന്ത്രണത്തിലും നിർദ്ദേശത്തിന്മേലും ജില്ലാ കളക്ടർമാർ റൂൾസിലെ ഫോറം നമ്പർ 16 പ്രകാരമുള്ള നോട്ടീസ് പ്രസിദ്ധപ്പെടുത്തി ഫോറം നമ്പർ 17 പ്രകാരം അപേക്ഷകൾ സ്വീകരിക്കുകയും അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായ അപേക്ഷകരെ തെരഞ്ഞെടുത്ത് മിച്ചഭൂമി വിതരണം ചെയ്യുകയും ചെയ്തുവരുന്നു. ഇങ്ങനെ മിച്ചഭൂമി പതിച്ച് നൽകി പട്ടയം കൊടുക്കുകയും തുടർന്ന് റവന്യൂ റെക്കോർഡുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നു. ......(ബഹളം)......

(നടുത്തളത്തിൽ ഇരുന്ന യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി.സ്പീക്കർ : പ്രതിഷേധം അതിരുകടക്കരുത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, കേരള ഭൂമി പതിവ് നിയമവും ചട്ടവും പ്രകാരം അർഹരായവർക്ക് പതിച്ച് നൽകിയിട്ടുള്ള പുറമ്പോക്ക് ഭൂമിയ്ക്ക് പോക്കുവരവ് ചെയ്ത് കൊടുക്കാവുന്നതാണ്. ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം വ്യക്തികൾക്കോ കുടുംബങ്ങൾക്കോ കൃഷി, ഭവന നിർമ്മാണം അയൽ വസ്തുവിന്റെ ഗുണകരമായ അനുഭവം എന്നീ ആവശ്യങ്ങൾക്ക് സർക്കാർ ഭൂമി പതിച്ച് നൽകുന്നുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

(3) ചെക്ക് ഡാം നിർമ്മാണം

ഡോ. എൻ. ജയരാജ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ നെടുങ്കുന്നം, കറുകച്ചാൽ, കങ്ങഴ ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടി മണിമലയാറ്റിലെ വെള്ളം പമ്പ് ചെയ്യുന്നത് കുളത്തൂർമൂഴിയിൽ നിന്നാണ്. കഴിഞ്ഞ ദിവസങ്ങളിൽ കുളത്തൂർമൂഴിയിൽ–വെള്ളമില്ലാത്തതുകാരണം പമ്പിംഗ് നടന്നില്ല. അതിനാൽ പമ്പ് ഹൗസിനടുത്ത് താൽക്കാലിക ചെക്ക് ഡാം നിർമ്മിച്ച് തൊട്ടടുത്തുള്ള കയത്തിലെ വെള്ളം എത്തിച്ച് അവിടെനിന്നാണ് പമ്പ് ചെയ്തത്. ഞാൻ നാലാം തവണയാണ് കുളത്തൂർമൂഴിയിലെ ചെക്ക് ഡാമുമായി ബന്ധപ്പെട്ട് സബ്മിഷൻ ഉന്നയിക്കുന്നത്. അങ്ങയുടെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിനെക്കൂടി കണക്ട് ചെയ്യുന്നതാണ് യഥാർത്ഥത്തിൽ ഈ പദ്ധതി. വർഷങ്ങളായി ഈ ആവശ്യമുന്നയിച്ചിട്ടും ഇതുവരേയും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ഈ മൂന്ന് പഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കണമെങ്കിൽ കുളത്തൂർമൂഴിയിൽ അടിയന്തരമായി ചെക്ക് ഡാം നിർമ്മിക്കാനുള്ള നടപടിയുണ്ടാകണം. ആദ്യം ഇതുമായി ബന്ധപ്പെട്ട് ഒരു ചെക്ക് ഡാം പണിയുന്നതിനുള്ള നടപടി ആരംഭിച്ചെങ്കിലും അതിന്റെ ഡിസൈനിൽ മാറ്റം വരുത്തിക്കൊണ്ടുള്ള നടപടികളുമായി മുന്നോട്ടുപോയതുകൊണ്ടാണ് അത് നടക്കാതെ പോയത്. ഈ സാഹചര്യത്തിൽ കുളത്തൂർമൂഴിയിൽ അടിയന്തരമായി ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. .......(ബഹളം).......

മി.സ്പീക്കർ: ഇതൊന്നും മര്യാദയല്ല, ലോകം മുഴുവൻ കാണുന്നുണ്ട്. .......(ബഹളം)....... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഇതെല്ലാം അങ്ങയുടെ അനുമതിയോടുകൂടിയാണോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ മാത്യു ടി. തോമസ്) : സർ, മണിമലയാർ, അച്ചൻകോവിലാർ, വാമനപുരം എന്നീ നദികളിൽ ജലത്തിന്റെ സാന്നിദ്ധ്യം വളരെ കുറവാണ്. മണിമലയാറിനുകുറുകെ കുളത്തൂർമൂഴി പാലത്തിന് ഏകദേശം 500 മീറ്റർ താഴ്ഭാഗത്തായി ചെക്ക് ഡാം നിർമ്മിക്കാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഐ.ഡി.ആർ.ബി.-യിൽ നിന്നും ഡിസൈൻ ലഭിക്കുകയും 79 മീറ്റർ നീളത്തിലും രണ്ട് മീറ്റർ ഉയരത്തിലും 1.2 മീറ്റർ വീതിയിലുള്ള ആറ് ബെൻഡേഴ്സ് ഉൾപ്പെടുത്തി ചെക്ക് ഡാം നിർമ്മിക്കുന്നതിന് 325 ലക്ഷം രൂപ ചെലവ് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചെക്ക് ഡാം നിർമ്മിക്കുന്നിടത്തെ മണ്ണിടിഞ്ഞ ഭാഗത്ത് ആവശ്യംവേണ്ട സംരക്ഷണഭിത്തിയുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നിലവിൽ വന്നാൽ 255 ഹെക്ടർ സ്ഥലത്ത് ജലം ലഭ്യമാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ചീഫ് എഞ്ചിനീയർ ഈ പ്രവൃത്തി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി അനുമതിക്കായി സമർപ്പിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം നബാർഡ് ആർ.ഐ.ഡി.എഫ്. -XXII-ൽ ഉൾപ്പെടുത്തിയിട്ടില്ല. നദികളിലെ ജലദൗർലഭ്യം പരിഹരിക്കാൻ യുക്തമായിടങ്ങളിൽ വ്യത്യസ്ത പദ്ധതികളിൽപ്പെടുത്തി ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് സർക്കാർ ശ്രമിച്ചുവരികയാണ്. ....(ബഹളം).......

മി. സ്പീക്കർ : സഭയുടെ നടപടിക്രമങ്ങളെക്കുറിച്ചും സഭയിലെ പ്രതിഷേധത്തെക്കുറിച്ചും പുതിയ അംഗങ്ങൾക്ക് അജ്ഞതയുണ്ടാകാം. ആ അജ്ഞത അവസാനിപ്പിക്കാൻ നേതൃത്വം ഇടപെടണം.

(4) ആശാ വർക്കർമാരുടെ ഓണറേറിയം

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, ആശാ വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ് ഞാൻ ഉന്നയിക്കുന്നത്. സംസ്ഥാനത്തെ ആയിരക്കണക്കിന് ആശാ വർക്കർമാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരവസ്ഥ നമുക്കെല്ലാപേർക്കുമറിയാം. അവർക്കിപ്പോൾ ഓണറേറിയമായി ലഭിക്കുന്നത് 1,500 രൂപയാണ്. എല്ലാ ദിവസവും രാവിലെ വീടുവീടാന്തരം കയറിയിറങ്ങി അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെയും ഗർഭിണികളുടെയും ആരോഗ്യപരിപാലനത്തെപ്പറ്റി അന്വേഷിക്കുകയും അവരെ ഗവൺമെന്റ് ആശുപത്രികളിൽ കൊണ്ടുപോയി കുത്തിവയ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ സജീവമായി ഇടപെടുകയും ചെയ്യുന്നവരാണ്

ആശാ വർക്കർമാർ. അവർക്ക് മാസംതോറുമുള്ള മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് കിട്ടുന്ന നൂറ് രൂപയും അഞ്ച് കുട്ടികൾക്ക് ഒരുമിച്ച് കുത്തിവയ്പ്പെടുപ്പിച്ചാൽ ലഭിക്കുന്ന ഇരുപത് രൂപയും ഒഴികെ മറ്റ് ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. സംസ്ഥാനത്തെ സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിച്ചപ്പോഴും ആശാ വർക്കർമാരെ അവഗണിച്ചു. എല്ലാ ദിവസവും വീടുകൾ കയറിയിറങ്ങേണ്ടതുണ്ട്. ഗർഭിണികളെ ഗവൺമെന്റ് ആശുപത്രികളിൽ കൊണ്ടുപോയി അഡ്മിറ്റാക്കി പ്രസവം കഴിഞ്ഞാൽമാത്രമേ ഇവർക്ക് ലഭിക്കേണ്ട ആനുകൂല്യം അനുവദിക്കാറുള്ളൂ. എന്നാൽ ഗർഭിണികൾ സ്വകാര്യ ആശുപത്രികളിൽ ചികിത്സതേടി പോകുന്നതിനാൽ പലപ്പോഴും ആ തുക കിട്ടാറുമില്ല. അതോടൊപ്പംതന്നെ ക്ഷയരോഗ ബാധിതരെ കണ്ടെത്തി അവർക്ക് മരുന്നുൾപ്പെടെ നൽകി അസുഖം ഭേദമായാൽ മാത്രമേ ആനുകൂല്യങ്ങൾ നൽകാറുള്ളൂ. ഇങ്ങനെ തുച്ഛമായ വേതനത്തിനാണ് ആശാ വർക്കർമാർ അവരുടെ ജോലികൾ നിർവ്വഹിക്കുന്നത്. ആശാ വർക്കർമാരെ ക്ലാസ്സ് ഫോർ ജീവനക്കാരായി അംഗീകരിച്ച് എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നും മിനിമം വേതനം പതിനെണ്ണായിരം രൂപയായി വർദ്ധിപ്പിച്ച് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ആശാ വർക്കേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. അതുകൊണ്ട് ഈ വിഷയത്തിൽ അനുഭാവപൂർവ്വമായ സമീപനം സ്വീകരിച്ച് അവരുടെ ഓണറേറിയം പതിനെണ്ണായിരം രൂപയായി വർദ്ധിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബാനർ ഉയർത്തിപ്പിടിക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്ത് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

<u>മി. സ്പീക്കർ</u>: വെല്ലിലിറങ്ങി പ്രതിഷേധിക്കുന്നത് ഇങ്ങനെയല്ല. പരിധി വിടരുത്. പ്രതിഷേധം പ്രകടിപ്പിക്കാനുള്ള പ്രതിപക്ഷത്തിന്റെ മര്യാദവിട്ട, മാന്യതവിട്ട നിലപാട് ശരിയല്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുൾപ്പെടെയുള്ള പ്രതിപക്ഷാംഗങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. വെല്ലിലിറങ്ങി പ്രതിഷേധിക്കുന്നത് ഇങ്ങനെയല്ല. ദയവായി ചെയറിനെ മറച്ചുകൊണ്ടുള്ള പ്രതിഷേധം അവസാനിപ്പിക്കണം. ........(ബഹളം)................

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സമൂഹത്തെ ആരോഗ്യ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക, ദുർബ്ബലവിഭാഗങ്ങൾക്ക് അർഹമായ അവകാശങ്ങൾ നേടിയെടുക്കാൻ അവരെ സഹായിക്കുക, ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുക മുതലായവയാണ് ആശാപ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്തങ്ങൾ. 2007 മുതൽ കേരളത്തിൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിൽ 26526 ആശാ വർക്കർമാർ പ്രവർത്തിച്ചുവരുന്നുണ്ട്. 2011-12-ലെ ബജറ്റിൽ ആശാ വർക്കർമാർക്ക് 300 രൂപ പ്രതിമാസ ഓണറേറിയമാണ് നൽകിയിരുന്നത്. പിന്നീട് ഓരോ മാസവും 100 രൂപ വീതമാണ് ആശാ വർക്കർമാരുടെ ഓണറേറിയത്തിൽ വർദ്ധനവുണ്ടായിട്ടുള്ളത്. 2015-16-ൽ 1,000 രൂപയായിരുന്ന ഓണറേറിയം 2016-17-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് 1,500 രൂപയായി ഉയർത്തിയത്. ഇതാദ്യമായാണ് ആശാ വർക്കർമാരുടെ ഓണറേറിയത്തിൽ 500 രൂപയുടെ വർദ്ധനവുണ്ടാക്കിയിട്ടുള്ളത്. ആശാ വർക്കർമാർക്ക് പ്രതിമാസം 1,500 രൂപ ഓണറേറിയം നൽകുന്ന ഇനത്തിൽ 48.74 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2016 നവംബർ വരെയുള്ള ഓണറേറിയം ആശാ വർക്കർമാർക്ക് നൽകിയിട്ടുണ്ട്. ആശാ വർക്കർമാരുടെ ഇൻസെന്റീവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഈ ഗവൺമെന്റ് ഗൗരവമായിട്ടുള്ള തീരുമാനത്തിലേയ്ക്ക് എത്തുകയാണ്. അവരുടെ ഡ്യൂട്ടിയും പ്രവർത്തന മേഖലയുമുൾപ്പെടെ റീ-ഡിസൈൻ ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി അവരുടെ ഇൻസെന്റീവിൽ കാര്യമായ മാറ്റമുണ്ടാക്കുന്നതിനുള്ള തീരുമാനം ഗവൺമെന്റ് എടുക്കുകയാണ്. അതോടൊപ്പം തന്നെ കൂടുതൽ ആവശ്യമായ മേഖലയിൽ ആശാ വർക്കർമാരെ നിയമിക്കുന്നതിനുള്ള സമീപനവും സ്വീകരിക്കുന്നതാണ്. ഈ മേഖലയിൽ കൃത്യമായി പ്രവർത്തിക്കുന്നവരെ നിലനിർത്തിക്കൊണ്ട് അവരുടെ ഇൻസെന്റീവിൽ കാര്യമായ മാറ്റമുണ്ടാക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആശാ വർക്കർമാർക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. അവരുടെ പ്രവൃത്തി സമയവും മറ്റു കാര്യങ്ങളും റീ-ഡിസൈൻ ചെയ്യുന്നതിന്റെ ഭാഗമായി കുറേക്കൂടി ആനുകൂല്യങ്ങൾ നൽകാൻ കഴിയുമെന്നാണ് ഗവൺമെന്റിന് പറയാനുള്ളത്.

(5) തൊഴിലില്ലായ്മ വേതനം

ശ്രീ. എം. സ്വരാജ്: സർ, കേരളത്തിലെ വിവിധ ക്ഷേമപെൻഷനുകൾ കാലവിളംബം കൂടാതെ വിതരണം ചെയ്യുന്നതിനും കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും അഭിനന്ദനീയമായ ശ്രമമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തിയിട്ടുള്ളത്. എന്നാൽ പലപ്പോഴും ഈ കൂട്ടത്തിൽ പരിഗണിക്കപ്പെടാതെ പോകുന്ന ഒരു വിഭാഗമാണ് കേരളത്തിലെ തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ ചെറുപ്പക്കാർ. അവരെ സംബന്ധിച്ചിടത്തോളം ഇത് പ്രധാനപ്പെട്ട വിഷയമാണ്. മുൻകാലങ്ങളിൽ ഏകദേശം മൂന്നുലക്ഷത്തോളം യുവതീ-യുവാക്കൾക്ക് തൊഴിലില്ലായ്മ വേതനം ലഭിച്ചിരുന്നു. എന്നാൽ തൊഴിലുറപ്പ് പദ്ധതി വന്നതിനുശേഷം അത് ഒന്നേമുക്കാൽ ലക്ഷമായി കുറഞ്ഞതായി പറയപ്പെടുന്നു. എന്നാൽ ഇപ്പോഴും അർഹരായ പലർക്കും തൊഴിലില്ലായ്മ വേതനം ലഭിക്കുന്നില്ല. ഇതിന് കാരണം നിശ്ചയിക്കപ്പെട്ട വരുമാന പരിധിയായ 12,000 രൂപയിൽ താഴെയാണ് വാർഷിക വരുമാനം എന്ന സർട്ടിഫിക്കറ്റ് നൽകാൻ വില്ലേജ് ഓഫീസർമാർ തയ്യാറാകുന്നില്ല എന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിന് സാധിക്കുമെങ്കിലും ചില ഉദ്യോഗസ്ഥർ ആ ചുമതലയിൽനിന്ന് ഒഴിഞ്ഞുമാറുകയും വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്. 12,000 രൂപയിൽ താഴെയാണ് വാർഷിക വരുമാനമെന്ന സർട്ടിഫിക്കറ്റ് ലഭിക്കുക എന്നത് പൊതുവിൽ ബുദ്ധിമുട്ടാണെന്ന് നമുക്കറിയാവുന്നതാണ്. ഇക്കാരണംകൊണ്ട് തൊഴിലില്ലായ്മ വേതനം ലഭ്യമാകാതെ പോകുന്നു. കാലാനുസൃതമായി ഈ തുക വർദ്ധിപ്പിക്കേണ്ടതും പരമാവധി അർഹരായ യുവതീ-യുവാക്കൾക്ക് തൊഴിലില്ലായ്മ വേതനം ലഭ്യമാക്കേണ്ടതും അത്യാവശ്യമാണ്. നിലവിലുള്ള തൊഴിലില്ലായ്മ വേതനം 120 രൂപയാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ക്ഷേമ പെൻഷനുകൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതുപോലെ തൊഴിലില്ലായ്മ വേതനവും വർദ്ധിപ്പിക്കണം. അർഹരായ മുഴുവൻ ആളുകൾക്കും തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിനുവേണ്ടി വരുമാന പരിധിയുടെ കാര്യത്തിൽ കാലാനുസൃതമായ മാറ്റമുണ്ടാകണം. 120 രൂപ എന്നത് തൊഴിലില്ലാത്ത യുവതീ-യുവാക്കളെ സംബന്ധിച്ചിടത്തോളം ചിന്തിക്കാനാകാത്ത ഏറ്റവും ചുരുങ്ങിയ തുകയാണെന്ന് പ്രത്യേകമായി പറയേണ്ട കാര്യമില്ല. അതിനാൽ മറ്റ് ക്ഷേമ പെൻഷനുകൾപോലെ പ്രസ്തുത തുകയും വർദ്ധിപ്പിച്ച് വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷന്റെ ഭാഗമായി അഭ്യർത്ഥിക്കാനുള്ളത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 28-5-1998-ൽ പുറപ്പെടുവിച്ച കേരള തൊഴിൽരഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ ജി.ഒ.(പി) നമ്പർ 23/98/എൽ.ബി.ആർ. പ്രകാരം തൊഴിൽ രഹിത വേതനത്തിന് അപേക്ഷിക്കുന്നതിനുള്ള അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 12,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം നിശ്ചയിച്ച് ഗുണഭോക്താക്കളെ കണ്ടെത്തി വേതനം വിതരണം ചെയ്യുന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. മേൽ ചട്ടം നിലവിൽവന്ന് ഏതാണ്ട് 20 വർഷത്തോളമായ സാഹചര്യത്തിൽ 12,000 രൂപ എന്ന വരുമാന പരിധി നിജപ്പെടുത്തി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വരുമാന പരിധിയിൽ കാലാനുസൃതമായ മാറ്റംവരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. നിലവിൽ പ്രതിമാസം 120 രൂപയാണ് തൊഴിൽരഹിത വേതനമായി വിതരണം നടത്തുന്നത്. ഈ തുകയിൽ കഴിഞ്ഞ 17 വർഷമായി വർദ്ധനവ് വരുത്തിയിട്ടില്ല. തൊഴിൽരഹിത വേതനത്തിന്റെ പ്രതിമാസനിരക്ക് വർദ്ധിപ്പിക്കുന്ന വിഷയം നിലവിലെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് സർക്കാർ പരിശോധിക്കുന്നതാണ്. നാളിതുവരെയുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിന്റെ ഭാഗമായി 2016 ആഗസ്റ്റ് മുതൽ 2017 ഫെബ്രുവരി വരെയുള്ള 7 മാസത്തെ തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

## (6) കായികതാരങ്ങൾക്ക് നിയമനം

ശ്രീ. റ്റി. വി. രാജേഷ് : സർ, സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കുള്ള കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ മാതൃകാപരമായ നിലപാട് സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കേരളത്തിലെ സ്പോർട്സിന്റെ കുതിപ്പിന് ഒട്ടേറെ ഭാവനാപൂർണ്ണമായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ സ്പോർട്സ് ക്വാട്ട നിയമന പ്രകാരം 2010 മുതൽ 2014 വരെയുള്ള ഒരൊഴിവും ഇതുവരെയും നികത്തപ്പെട്ടിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്പോർട്സ് ക്വാട്ട നിയമനങ്ങൾ നടത്താൻ ഒരു നടപടിയും സ്വീകരിക്കാത്തത് ദുഃഖകരമായ കാര്യമാണ്. കേരളം ആതിഥേയത്വം വഹിച്ച ദേശീയ ഗെയിംസ് കഴിഞ്ഞിട്ട് രണ്ടുവർഷമായി. മെഡൽ നേടിയ താരങ്ങൾക്ക് സർക്കാർ ജോലി നൽകുമെന്നുള്ള വാഗ്ദാനവും ഇതുവരെയും നടപ്പിലായിട്ടില്ല. വ്യക്തിഗത ഇനങ്ങളിലും ടീം ഇനങ്ങളിലും സ്വർണ്ണമെഡൽ നേടിയവർക്ക് ജോലി നൽകുമെന്നാണ് അന്നത്തെ ഗവൺമെന്റും സ്പോർട്സ് വകുപ്പുമന്ത്രിയായിരുന്ന

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പ്രഖ്യാപിച്ചത്. എന്നാൽ ആ വാഗ്ദാനം ഇതുവരെയും പാലിച്ചിട്ടില്ല. ദേശീയ ഗെയിംസിൽ സ്വർണ്ണമെഡൽ നേടിയ രണ്ടുപേർക്കുമാത്രമാണ് നിയമനം നൽകിയിട്ടുള്ളത്. അടുത്ത ഗെയിംസ് 2017-ൽ പൂനെയിൽവച്ച് നടക്കാൻ പോകുകയാണ്. മറ്റു സംസ്ഥാനങ്ങൾ സ്പോർട്സ് താരങ്ങൾക്ക് മികച്ച ജോലിയും പ്രോത്സാഹന സമ്മാനങ്ങളുമായി മുന്നോട്ടു പോകുമ്പോഴാണ് കേരളത്തിലെ താരങ്ങൾക്ക് ഇത്തരമൊരു അവഗണനയുണ്ടാകുന്നത്. അതുകൊണ്ടുതന്നെ സ്പോർട്സ് ക്വാട്ട നിയമനങ്ങളിൽ കാലതാമസം വരാതിരിക്കാൻ ഓൺലൈൻവഴി അപേക്ഷ സ്വീകരിച്ച് പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി യഥാസമയം നിയമനം നടത്തുമെന്ന് ഉറപ്പുവരുത്തണം. അതോടൊപ്പം ദേശീയ ഗെയിംസിൽ സ്വർണ്ണമെഡൽ നേടിയ കേരളത്തിലെ അഭിമാന താരങ്ങൾക്ക്, കഴിഞ്ഞ സർക്കാർ വാഗ്ദാനം പാലിക്കാത്തതുകൂടി കണക്കിലെടുത്ത്, എത്രയുംവേഗം നിയമനം നടത്താൻ സത്വര നടപടി സ്വീകരിക്കണമെന്ന് ബഹുമാന്യനായ സ്പോർട്സ് വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സംസ്ഥാന ടീമിന്റെ മികച്ച പ്രകടനം കണക്കിലെടുത്ത് 35-ാം ദേശീയ ഗെയിംസിൽ വ്യക്തിഗതയിനങ്ങളിലും ടീമിനങ്ങളിലും മെഡൽ നേടിയ താരങ്ങൾക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനായി 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. എ ഗ്രേഡ് നേടിയ താരങ്ങൾക്ക് പ്രസ്തുത തസ്തികയിൽ നിയമനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഗെയിംസിൽ സ്വർണ്ണമെഡൽ നേടുകയും ഒളിമ്പിക്സ് നിലവാരത്തിലുള്ള പ്രകടനം കാഴ്ചവയ്ക്കുകയും ചെയ്ത ശ്രീ. സജൻ പ്രകാശ്, ശ്രീമതി എലിസബത്ത് സൂസൻ കോശി എന്നിവർക്ക് ഗസറ്റഡ് തസ്തികയിൽ ആഭ്യന്തര വകുപ്പ് നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ ടീമിനങ്ങളിൽ വെള്ളി, വെങ്കലം മെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക് സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്നതിന് എന്റെ സാന്നിദ്ധ്യത്തിൽ തന്നെ പ്രത്യേകം യോഗം ചേർന്ന് വേഗത്തിൽത്തന്നെ നടപടികൾ സ്വീകരിച്ചു വരികയാണ്. 35-ാമത് ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി വ്യക്തിഗത ഇനങ്ങളിൽ ഒളിമ്പിക്സ് നിലവാരത്തിലുള്ള പ്രകടനം കാഴ്ചവച്ച കുമാരി അനിൽഡ തോമസ്, കുമാരി അനു. ആർ എന്നിവർക്ക് നിയമനം നൽകുന്നതിനായി വനം

വന്യജീവി വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിന് 4-3-2016-ന് ഉത്തരവായിട്ടുണ്ട്. ഇവർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ പൊതുഭരണ വകുപ്പ് സ്വീകരിച്ചുവരികയാണ്. സ്പോർട്സ് ക്വാട്ട നിയമന പ്രകാരം 2010 മുതൽ 2014 വരെയുള്ള കലണ്ടർ വർഷത്തിലെ 289 ഒഴിവുകളിലേയ്ക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചുകൊണ്ട് ഈ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും അപ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് കരട് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പ്രത്യേക സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൊതുഭരണ വകുപ്പ് സ്വീകരിച്ചുവരികയുമാണ്. മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മാന്വലായി അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2015, 2016 വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾ നടത്താനുള്ള നടപടികളും ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(7) കാരുണ്യ ചികിത്സാ പദ്ധതി

ശ്രീ. മോൻസ് ജോസഫ് : സർ, കാരുണ്യ ചികിത്സാ പദ്ധതി സ്തംഭനാവസ്ഥയിലായിരിക്കുന്ന സ്ഥിതിവിശേഷം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി കേരള കോൺഗ്രസ് (എം) അടിയന്തരപ്രമേയ നോട്ടീസ് നൽകിയിട്ടുണ്ടായിരുന്നു. യു.ഡി.എഫ്.-ന് അടിയന്തരപ്രമേയം അനുവദിച്ച സാഹചര്യത്തിൽ കേരള കോൺഗ്രസ് (എം)-ന് ഈ പ്രശ്നം ഉന്നയിക്കാൻ സബ്മിഷനിലൂടെ അവസരം നൽകിയതിന് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഞാൻ നന്ദി പറയുകയാണ്.

കാരുണ്യ ഭാഗ്യക്കുറിയിലൂടെ ലഭിക്കുന്ന ലാഭം പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ബജറ്റിലൂടെ കൊണ്ടുവന്ന് നടപ്പാക്കിയ കാരുണ്യ പദ്ധതി ഇന്ന് സ്തംഭനാവസ്ഥയിലായിരിക്കുകയാണ്. ഇതുമൂലം കേരളത്തിലെ പാവപ്പെട്ടവരും സാധാരണക്കാരുമായ രോഗികൾ വളരെ പ്രയാസത്തിലാണ്. കാരുണ്യ ചികിത്സാ പദ്ധതിയുടെ പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ഇന്ന് സെക്രട്ടേറിയറ്റ് പടിക്കൽ ഉപവാസം അനുഷ്ഠിക്കുകയാണ്.

ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രിയും കേരള കോൺഗ്രസ് (എം) നിയമസഭാകക്ഷി നേതാവും നിയമസഭയിൽ അൻപത് വർഷം പൂർത്തീകരിച്ചതുമായ മാണിസാർ സെക്രട്ടേറിയറ്റ് പടിക്കൽ ഇന്ന് രാവിലെ ഒൻപതു മണി മുതൽ വൈകുന്നേരംവരെ നടത്തുന്ന ഉപവാസത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ട് മുൻ മന്ത്രിമാരും പാർട്ടി എം.എൽ.എ.-മാരുമായ ശ്രീ. പി. ജെ. ജോസഫും ശ്രീ. സി. എഫ്. തോമസും ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ നേതാക്കളും അതിൽ പങ്കുചേരുകയാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും ഈ പ്രശ്നം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. കാരുണ്യ പദ്ധതി തുടരുമെന്നും ഗവൺമെന്റ് ഈ പദ്ധതി സംരക്ഷിക്കുമെന്നുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അന്ന് മറുപടി പറഞ്ഞത്. പക്ഷേ, കേരളമൊട്ടാകെ കാരുണ്യ പദ്ധതി സ്തംഭനാവസ്ഥയിലാവുകയാണുണ്ടായത്. പാവപ്പെട്ട ആളുകൾക്ക് വലിയ ആശ്വാസമായി നിൽക്കുന്ന കാരുണ്യ പദ്ധതി നടപ്പാക്കാൻ തയ്യാറാകുമെന്ന് പറഞ്ഞിട്ടും ഇതിന്റെ ആനുകൂല്യം ലഭിക്കാതെ രോഗികൾ പ്രയാസം അനുഭവിക്കുകയാണ്. കാൻസർ, ഹൃദ്രോഗം, ഹീമോഫീലിയ തുടങ്ങിയ പണച്ചെലവുള്ള രോഗങ്ങളുടെ ചികിത്സ കാരുണ്യ പദ്ധതിയിലൂടെ നടത്തുമ്പോൾ ജനങ്ങൾക്ക് വലിയൊരു ആശ്വാസമാണ് ലഭിച്ചിരുന്നത്. കാരുണ്യ പദ്ധതിക്കുവേണ്ടി ഏർപ്പെടുത്തിയിരുന്ന ലോട്ടറി കൊണ്ടുവരുമ്പോൾ 500 കോടി രൂപയാണ് ഉണ്ടായിരുന്നത്; അത് ഒരു വർഷംകൊണ്ട് 5,000 കോടി രൂപയായി വർദ്ധിച്ചു. ഈ പദ്ധതിയിലൂടെ കേരളത്തിലെ ജനങ്ങൾക്ക് ലഭിച്ച വലിയൊരു ആനുകൂല്യം നിലനിർത്തണമെന്ന ആവശ്യമാണ് ഞങ്ങൾ ഉന്നയിക്കുന്നത്. കേരള കോൺഗ്രസ്സ് പാർട്ടിയുടെ നേതാവും കാരുണ്യ പദ്ധതി സഭയിൽ കൊണ്ടുവന്ന് കേരളത്തിൽ നടപ്പാക്കിയ മുൻധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എം. മാണിയുടെ നേതൃത്വത്തിൽ ഈ പദ്ധതി സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടേറിയറ്റ് പടിക്കൽ ഇന്ന് ആരംഭിച്ച ഉപവാസ സമരം നാളെ അനിശ്ചിതകാല സമരമായി മാറ്റാൻ ഞങ്ങൾ നിർബന്ധിതരാകുകയാണ്. അതിലേയ്ക്ക് കൊണ്ടുപോകാതെ ഗവൺമെന്റ് ഈ പദ്ധതി സംരക്ഷിക്കണം. കാരുണ്യ പദ്ധതിയുടെ കഴുത്തറുക്കുകയാണ് എന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. പാവപ്പെട്ട രോഗികളുടെ ഈ പ്രശ്നത്തെ ഗവൺമെന്റ് ഗൗരവമായി കാണണം. കാരുണ്യ പദ്ധതി തുടർന്നുകൊണ്ടുപോകാനും ഇന്നുള്ള അനിശ്ചിതാവസ്ഥ പരിഹരിക്കാനും ഗവൺമെന്റ് ആത്മാർത്ഥമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണിസാർ എന്തോ ഒരു തെറ്റിദ്ധാരണയിൽ ഇങ്ങനെ സത്യാഗ്രഹം ഇരിക്കേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. കാരുണ്യ പദ്ധതിയെ സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ വർഷം 250 കോടി രൂപയാണ് ഇതിനായി വകയിരുത്തിയിരുന്നത്. ഇത് ഞാൻ വകയിരുത്തിയതല്ല. ശ്രീ. ഉമ്മൻ ചാണ്ടി നിയമസഭയിൽ അവതരിപ്പിച്ച ബജറ്റിൽ വകയിരുത്തിയ 250 കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിൽ രണ്ട് വിഭാഗത്തിലുള്ള ആശുപത്രികളാണ് വരുന്നത് - സ്വകാര്യ ആശുപത്രികളും സർക്കാർ ആശുപത്രികളും. സ്വകാര്യ ആശുപത്രികളിൽ ചികിത്സിക്കുന്ന രോഗികൾ ചികിത്സയുടെ ബിൽ ഹാജരാക്കുമ്പോഴാണ് പണം നൽകുന്നത്. രണ്ടാഴ്ചമുമ്പ് പരിശോധിച്ചപ്പോൾ 25 കോടി രൂപയാണ് അവർക്ക് നൽകാനുള്ള ആകെ കുടിശ്ശിക എന്നാണ് മനസ്സിലായത്. അത് പൂർണ്ണമായി നൽകുന്നതിനുവേണ്ടി 100 കോടി രൂപ അവസാനം റിലീസ് ചെയ്ത തുകയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ആശുപത്രികൾക്കുള്ള കുടിശ്ശിക കൊടുത്തുതീർത്തു എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. സർക്കാർ ആശുപത്രികളിൽ പണം നൽകിയാലേ ചികിത്സിക്കുകയുള്ളൂ എന്നില്ല, ആരു ചെന്നാലും ചികിത്സ നൽകുന്നുണ്ട്. അതുകൊണ്ട് കുടിശ്ശിക എത്രയുണ്ടെന്ന് പറയാൻ കഴിയില്ല. 130 കോടി രൂപയുടെ ബില്ലുകൾ ഉൾപ്പെട്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുമാത്രമേ ഹാജരാക്കിയിട്ടുള്ളൂ. തുടക്കംമുതൽ കണക്കുകൾ വയ്ക്കുന്നതിൽ പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് സർക്കാർ ആശുപത്രികളിലെ കണക്കുകൾ അടിയന്തരമായി കമ്പ്യൂട്ടറൈസ് ചെയ്ത് എത്രയാണ് ചികിത്സയ്ക്ക് ആവശ്യമായിട്ടുള്ള യഥാർത്ഥ തുകയെന്ന് കണക്കാക്കി ഇനി എത്ര കൊടുക്കാനുണ്ടെന്ന് പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കാരുണ്യ പദ്ധതിയിൽ ഈ പറയുന്ന രീതിയിലുള്ള ഒരു സ്തംഭനാവസ്ഥയില്ല. ഇതൊരു തെറ്റിദ്ധാരണ മാത്രമാണ്. ഇനി ഭാവിയിൽ എന്തെന്ന് ചോദിച്ചുകഴിഞ്ഞാൽ കാരുണ്യ പദ്ധതിയിൽ രണ്ടുലക്ഷം രൂപയേ പരമാവധി നൽകുന്നുള്ളൂ എന്ന് സമ്മതിക്കേണ്ടിവരും. 32 ലക്ഷം രൂപയുടെ ലിവർ ട്രാൻസ്പ്ലാന്റേഷന് രണ്ടുലക്ഷം രൂപയേ അനുവദിക്കുകയുള്ളൂ, സൗജന്യ ചികിത്സയല്ല. ഈ പറയുന്ന രോഗങ്ങൾക്കൊക്കെ സൗജന്യ ചികിത്സ നൽകുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനം നാളെ ഒരുക്കിക്കഴിയുമ്പോൾ ഇതുംകൂടി സംയോജിപ്പിക്കുമെന്നാണ് പറഞ്ഞത്. ഇതൊരു പുതിയ കാര്യമല്ല. അവധാനതയോടെയേ അത് ചെയ്യുകയുള്ളൂവെന്ന് 2010-ലെ കെ. എം. മാണി സാറിന്റെ ബജറ്റ് പ്രസംഗത്തിൽ തന്നെ പറഞ്ഞിട്ടുള്ള കാര്യമാണ്. ഇതിന് ധാരാളം തയ്യാറെടുപ്പുകൾ എടുക്കേണ്ടതായിട്ടുണ്ട്. ഈ പറയുന്ന മാറാ രോഗങ്ങൾക്കുള്ള സമ്പൂർണ്ണ ചികിത്സാ സമ്പ്രദായങ്ങൾ നമ്മുടെ സംസ്ഥാനത്ത് ടെർഷ്യറി സെക്ടറിൽ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഇന്ന് കാരുണ്യ പദ്ധതിക്ക് മാത്രമല്ല സർക്കാരിന്റെ മറ്റ് സഹായ പദ്ധതികൾക്കും മുമ്പുണ്ടായിരുന്ന അവസ്ഥയിൽനിന്നും ഒരു മാറ്റവും വരുത്തുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ......(ബഹളം)......

മി. സ്പീക്കർ : സഭാനടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 11.30-ന് നിർത്തി വച്ച സഭ ഉച്ചയ്ക്കുശേഷം 12.07-ന് പുനരാരംഭിച്ചു.)

12.07 PM]

മി. സ്പീക്കർ: ഓർഡർ......ഓർഡർ...........

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട സ്പീക്കറോട് ഞങ്ങൾക്ക് ബഹുമാനമുണ്ട്. സഭയിൽ പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. പ്രതിപക്ഷത്തിന് അങ്ങയോട് മാത്രമേ കാര്യങ്ങൾ പറയാനുള്ളൂ. സാധാരണഗതിയിൽ പ്രതിപക്ഷനേതാവ് എഴുന്നേൽക്കുമ്പോൾ എല്ലാ സ്പീക്കർമാരും മൈക്ക് അനുവദിച്ച് നൽകാറുണ്ട്. അങ്ങനെയാണ് കീഴ്വഴക്കം. അങ്ങ് സഭാരേഖകൾ പരിശോധിക്കണം. അതനുസരിച്ച് മുന്നോട്ടുപോകണ മെന്നാണ് എന്റെ അഭ്യർത്ഥന.

കേരളം വളരെ ഗൗരവത്തോടുകൂടി കാണുന്നൊരു വിഷയമാണ് എറണാകുളത്ത് ചലച്ചിത്ര നടിക്കുനേരെനടന്ന ആക്രമണം. കേരളത്തിലെ പ്രമുഖയായ ഒരു ചലച്ചിത്ര നടിക്ക് നേരിടേണ്ടിവന്ന ദുര്യോഗവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യണമെന്നാണ് ഞങ്ങൾ അടിയന്തരപ്രമേയത്തിലൂടെ ആവശ്യപ്പെട്ടത്. ഈ വിഷയം ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഇന്നത്തെ സഭാനടപടികൾ പ്രതിപക്ഷം ബഹിഷ്കരിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സഭയിൽ ഏത് സമയത്തും പ്രസംഗിക്കാനും നിലപാടുകൾ ഉന്നയിക്കാനുമുള്ള അവകാശവും അവസരവുമുണ്ട്. സാധാരണ രീതിയിൽ ചോദ്യോത്തരവേള തടസ്സപ്പെടുത്തി ക്കൊണ്ട് പ്രസംഗിക്കാൻ അനുവദിക്കാറില്ലെങ്കിലും ഇന്ന് ഒരുമിനിട്ട് അതിനുള്ള അവസരം നൽകിയിട്ടുണ്ട്. ചോദ്യോത്തരവേള സസ്പെൻഡ് ചെയ്യണമെന്ന് ആവശ്യപ്പെടുന്നതുവരെ അങ്ങ് പ്രസംഗം തുടരുകയും ചെയ്തു. അങ്ങയുടെ ആവശ്യം സഭയിൽ ഉന്നയിച്ചു. അത് സഭാരേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അവകാശങ്ങളോ അവസരങ്ങളോ നിഷേധിക്കുന്ന പ്രശ്നം ഉണ്ടാവുകയില്ല. അതോടൊപ്പം ചെയറിന് ഒരു കാര്യംകൂടി സഭയെ അറിയിക്കാനുണ്ട്. ഈ സഭയിൽ ശക്തമായ പ്രതിഷേധങ്ങളും പ്രതിഷേധ ധർണ്ണകളും മുമ്പും നടന്നിട്ടുണ്ട്. എന്നാൽ ചെയറിന്റെ മുഖം മറച്ചുകൊണ്ടുള്ള പ്രതിഷേധം ഒരു കാരണവശാലും അംഗീകരിക്കാനാകില്ല. ചെയർ ഒരു വ്യക്തിയല്ല, ഒരു പ്രതീകമാണെന്ന് മനസ്സിലാക്കണം. ഇത് ഒരുകാരണവശാലും തുടരുന്നത് ശരിയല്ല. പുതിയ അംഗങ്ങൾ സഭയിൽ കുറച്ചുകൂടി സഹിഷ്ണുത കാണിക്കുന്നതാണ് മര്യാദ.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭയിൽ എപ്പോൾ സംസാരിക്കാൻ എഴുന്നേറ്റാലും മൈക്ക് അനുവദിക്കുന്ന കീഴ്‌വഴക്കമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുന്നത് കേൾക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരം ബഹുമാനപ്പെട്ട സ്പീക്കർക്കാണ്. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞാൽ അത് അവസാന വാക്കുമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരം നൽകുകയെന്നുള്ളത് നമ്മുടെ കീഴ്‌വഴക്കമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് മുമ്പ് അന്നത്തെ പ്രതിപക്ഷ നേതാവ് എഴുന്നേറ്റപ്പോൾ മൈക്ക് അനുവദിച്ചിരുന്ന കാര്യം അങ്ങ് ഓർക്കുന്നുണ്ടായിരിക്കും. അദ്ദേഹം പറഞ്ഞത് ഉൾക്കൊള്ളാൻ സാധിച്ചില്ല. എന്നാലും അദ്ദേഹത്തിന് പറയാൻ അവസരം നൽകിയിരുന്നു. സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എഴുന്നേൽക്കുമ്പോൾ സമയം അനുവദിച്ചിരുന്നുവെങ്കിൽ പ്രശ്നങ്ങൾ പലതും പരിഹരിച്ച് മുന്നോട്ടു പോകാൻ സാധിക്കുമായിരുന്നു. മൈക്ക് അനുവദിക്കാത്തതിനാലാണ് ഇന്ന് സഭ ബഹിഷ്കരിക്കാനിടയായത്.

മി. സ്പീക്കർ: അങ്ങ് പ്രകടിപ്പിച്ച അഭിപ്രായം സംബന്ധിച്ച് നേരത്തേ തന്നെ ഞാൻ വിശദീകരണം നൽകിക്കഴിഞ്ഞതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സഭ ബഹിഷ്കരിച്ചു. )

## VIII. മേശപ്പുറത്തുവച്ച കടലാസുകൾ

1. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസ് | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2017 | 1 | 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് | അല്ല |

2. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസ് | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2017 | 2 | 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ് | അല്ല |

## IX. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

മി. സ്പീക്കർ : ശ്രീ. എ. പ്രദീപ്കുമാർ, അങ്ങേയ്ക്ക് 2017 ഫെബ്രുവരി 23-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദിരേഖപ്പെടുത്തുന്നതിനുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, " 2017 ഫെബ്രുവരി 23-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദിരേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ശ്രീ. ഒ. രാജഗോപാൽ, അങ്ങേയ്ക്ക് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ഒ. രാജഗോപാൽ : സർ, ഗവർണറുടെ പ്രസംഗത്തിൽ പാർലമെന്റിന്റെ ഇരുസഭകളും അംഗീകരിച്ച കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയത്തിനെതിരെ

"കഴിഞ്ഞ നാലുമാസങ്ങളിൽ, എന്റെ സർക്കാരിന് ഭാരതത്തിലെ സാമ്പത്തിക ചരിത്രത്തിലെ വിനാശകരമായ ആപത്തുകളിലൊന്നിനോട് പൊരുതേണ്ടതായി വന്നു.",

"വേണ്ടത്ര ചിന്തിക്കാതെ എടുത്ത ഈ തീരുമാനത്തിന് മുമ്പായി ദരിദ്രരേയും താഴ്ന്ന മദ്ധ്യവർഗ്ഗ വിഭാഗത്തിലുള്ളവരെയും ശമ്പളവും വേതനവും പറ്റുന്നവരെയും ഈ നടപടി എപ്രകാരം ബാധിക്കുമെന്നുള്ള ഗൗരവതരമായ ഒരു വിശകലനത്തിനുപോലും പരിഗണന നൽകുകയുണ്ടായില്ല എന്നതാണ് ഇതിലെ ഏറ്റവും മോശമായ വസ്തുത." എന്നീ പരാമർശങ്ങൾ ഉപയോഗിച്ചതിൽ ഖേദിക്കുന്നു. പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

12.12 PM]

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട ഗവർണർ നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്റെ പ്രത്യേകതയെന്ന് പറയുന്നത്, കേരളത്തിൽ ആദ്യമായി ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഇ.എം. എസ്.-ന്റെ നേതൃത്വത്തിലുള്ള പ്രഥമ ഗവൺമെന്റിന്റെ 60-ാം വാർഷികം നടക്കുന്ന സന്ദർഭത്തിലുള്ള ഒരു നയപ്രഖ്യാപനമാണ് എന്നതാണ്. ഇന്ന് നമ്മുടെ സമൂഹം കൈവരിച്ച സർവ്വ സാമൂഹ്യ പുരോഗതിക്കും അസ്ഥിവാരമിട്ടത് ഇ.എം.എസ്. സർക്കാരാണ്. ജാതി-ജന്മി-നാടുവാഴി വ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് അതിനെതിരെ ഉയർന്നുവന്ന സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾ ആശയതലത്തിലും മറ്റുമുള്ള പോരാട്ടങ്ങളും പ്രവർത്തനങ്ങളും നടത്തുകയും അതിന്റെ തുടർച്ച ഏറ്റെടുത്തുകൊണ്ട് ഇവിടത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ നടത്തിയ ഇടപെടലുകളെയും തുടർന്നാണ് അന്നത്തെ ആ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ആ ഗവൺമെന്റ് അന്ന് നടപ്പാക്കിയ ഭൂപരിഷ്കരണ നിയമം ഇവിടത്തെ ജാതി വ്യവസ്ഥയുടെ സാമ്പത്തിക അടിത്തറ തകർക്കുന്ന നടപടി കൂടിയായിരുന്നു. അത് കേവലം ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കുന്നൊരു നടപടി മാത്രമായിരുന്നില്ല, അതുവരെ നിലനിന്നിരുന്ന ജാതി വ്യവസ്ഥയുടെ സാമ്പത്തിക അടിത്തറ തകർക്കുന്നതും കൂടിയായിരുന്നു. വിദ്യാഭ്യാസ പരിഷ്കാരത്തിലൂടെ ജാതീയമായ വേർതിരിവുകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടവർക്ക് അത് ലഭ്യമാകുന്നതിനുള്ള സാഹചര്യമൊരുക്കി. സാങ്കേതിക വിദ്യയുൾപ്പെടെ സമസ്ത മേഖലകളിലുമുണ്ടായ മാറ്റങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും അത് തുറന്നുവിടുന്ന പുതിയ സാധ്യതകളും നമ്മുടെ സമൂഹത്തെ വികസന കുതിപ്പിലേയ്ക്ക് നയിക്കാൻ ഉതകുന്ന കാഴ്ചപ്പാടുകളും കർമ്മപദ്ധതികളും ഉൾപ്പെടുന്നതാണ് ബഹുമാനപ്പെട്ട ഗവർണർ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗം. ഇടതുപക്ഷ സർക്കാർ അതിന്റെ നയങ്ങളും പരിപാടികളും പദ്ധതികളുമൊക്കെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ചെയ്തതുപോലെയല്ല ഈ സർക്കാർ ചെയ്യുന്നത്. അവർ ഇപ്പോൾ സഭയിൽ ഇല്ലാത്തതുകൊണ്ട് പ്രസംഗിക്കാൻ ബുദ്ധിമുട്ടുണ്ട്. അവരൊക്കെ ട്രെയിൻ യാത്ര ചെയ്യുന്ന സമയത്ത് ചില വിടുവായന്മാർ മന്ത്രിമാരുടെയടുത്ത് വരികയും അവർ പറയുന്നതുകേട്ടശേഷം അത് പദ്ധതിയായി മാറുകയുമാണ് ചെയ്തിരുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഏതെങ്കിലും പദ്ധതികളെക്കുറിച്ച് ചർച്ച നടത്തിയിട്ടുണ്ടോ; ഏതെങ്കിലും കമ്മിറ്റികൾ കൂടിയിട്ടുണ്ടോ? കെ.പി.സി.സി. യോഗം കൂടിയാൽ ഉച്ചയാകുമ്പോൾ കഴിയുകയും ചെയ്യും. യു.ഡി.എഫ്. യോഗം ചേരുന്നത് അടി തീർക്കാൻ വേണ്ടിയാണ്. നാടിന്റെ വികസനത്തെക്കുറിച്ച് അവരാരും ചർച്ച ചെയ്യില്ല.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ട്രെയിനിലും മറ്റും പോകുന്ന സമയത്ത് ചില വിദ്ഗ്ധന്മാർ വന്ന് പറയുന്നതാണ് പദ്ധതി എന്ന് അങ്ങ് പറയുകയുണ്ടായി. അതുപോലെ സരിത എന്ന സ്ത്രീ അന്നത്തെ മുഖ്യമന്ത്രിയുടെ ചെവിയിൽ വന്ന് സംസാരിച്ചപ്പോഴാണോ ആ പദ്ധതി ഏറ്റെടുത്തത്. ഇതുസംബന്ധിച്ച് അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, അത് മറ്റൊരുദാഹരണം മാത്രമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തെ മുന്നോട്ടുനയിക്കാൻ ഉതകുന്ന കാഴ്ചപ്പാടുകൾ ആവിഷ്കരിച്ചതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. അന്താരാഷ്ട്ര പഠന കോൺഗ്രസ്സിൽ രാഷ്ട്രീയഭേദമെന്യേ എല്ലാവരേയും പങ്കാളികളാക്കിയിട്ടുണ്ട്. നമ്മുടെ സമൂഹത്തിന്റെ ധൈഷണിക നേതൃത്വത്തെ ഭാഗഭാക്കാക്കി ആവിഷ്കരിച്ചതാണ് എൽ.ഡി.എഫ്.-ന്റെ കാഴ്ചപ്പാടുകളും പദ്ധതികളുമെല്ലാം. നമ്മുടെ നാട്ടിൽ കാലാവസ്ഥാവ്യതിയാനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് ഊന്നൽ നൽകുന്ന കാര്യങ്ങൾ, കാർഷിക മേഖലയിൽ സ്വീകരിക്കേണ്ട സമീപനങ്ങൾ, വ്യവസായം, സേവനമേഖല ഉൾപ്പെടെയുള്ളവ, ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ പുതിയ തലമുറകളുടെ പ്രശ്നങ്ങളിൽ സ്വീകരിക്കേണ്ട സമീപനങ്ങൾ തുടങ്ങിയവയെല്ലാം അഭിസംബോധന ചെയ്യാൻ ഉതകുന്ന കാഴ്ചപ്പാടാണ് ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. അതിന്റെ ഭാഗമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുവച്ച നവകേരള കർമ്മ പദ്ധതിക്ക് പ്രാധാന്യം നൽകിയത്. ഇതുവരെയുള്ള വികസന മുന്നേറ്റത്തിൽ കേരളത്തിൽ വികസനമുണ്ടായിട്ടുണ്ട്. അതിൽ പരിഗണിക്കപ്പെടാതെ പോയ വിഭാഗങ്ങളുമുണ്ട്. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ജന വിഭാഗങ്ങൾക്കും അവഗണിക്കപ്പെടുന്നവർക്കും കൂടുതൽ പരിഗണന, അവരെ വികസനത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാനുള്ള പ്രത്യേകമായ ശ്രദ്ധയും ഊന്നലും തുടങ്ങിയവ നവകേരള കർമ്മപദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല.

ഹരിത കേരള മിഷൻ പദ്ധതിയിൽ കൃഷിക്ക് പ്രാധാന്യം നൽകുമ്പോൾ കാർഷികോൽപ്പാദനം വർദ്ധിപ്പിച്ച് ശുദ്ധമായ ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുക എന്നതുമാത്രമല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. മുൻകാലങ്ങളിൽ കൃഷിയെ മാത്രം ആശ്രയിച്ച് ജീവിച്ചിരുന്ന ധാരാളം ആളുകൾക്ക് ഇതുവഴി തൊഴിൽ ലഭിക്കുകയുണ്ടായി. ആ തൊഴിലവസരങ്ങൾ ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്.

കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന വിഭാഗങ്ങൾക്ക് അല്ലെങ്കിൽ ഭാവിയിലും ഈ മേഖലയെ ആശ്രയിച്ച് ജീവിക്കാൻ താൽപ്പര്യമുള്ളവർക്ക് അതിനുള്ള സാഹചര്യമുണ്ടാക്കുക എന്നതുകൂടിയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. സുരക്ഷിതമായ ഭക്ഷണത്തിനായി കൃഷി പ്രോത്സാഹിപ്പിക്കുന്നതും ശുചീകരണം, സുരക്ഷിതമായ മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവ എല്ലാ വിഭാഗങ്ങളുടെയും ആവശ്യവുമായതിനാൽ അതിന് പ്രാധാന്യം നൽകുന്നു. പുതിയ കാലത്ത് പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ, കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ തുടങ്ങിയ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ ഭാവിമുന്നിൽക്കണ്ട് ആസൂത്രണം നടത്തുന്ന ഒരു സർക്കാരിന് ഉത്തരവാദിത്വമുണ്ട്. അതുകൊണ്ടാണ് ഈ മിഷന്റെ ഭാഗമായി പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നത്. ജലസ്രോതസ്സുകളുടെ സുസ്ഥിരവികസനം എന്നൊരു കാഴ്ചപ്പാടാണ് സർക്കാർ മുന്നോട്ടുവച്ചിരിക്കുന്നത്. നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുക മാത്രമല്ല, സാധ്യമായ സ്ഥലങ്ങളിലെല്ലാം പുതിയ ജലാശയങ്ങൾ നിർമ്മിക്കാനാണുദ്ദേശിക്കുന്നത്. നമ്മൾ ആശ്രയിക്കുന്ന ജലാശയങ്ങൾ രാജഭരണകാലത്ത് നിർമ്മിച്ചവയാണ്. കോഴിക്കോട് മാനാഞ്ചിറയും തളിക്കുളവും കുറ്റിച്ചിറയും നീലിച്ചിറയും പൂഴിച്ചിറയും ഗരുഡൻ കുളവും താമരക്കുളവുമൊക്കെ നിർമ്മിച്ചത് സാമൂതിരി രാജാവിന്റെ ഭരണകാലത്താണ്. രാജഭരണത്തേക്കാൾ എത്രയോ പരിഷ്കൃതമാണ് ജനാധിപത്യ വ്യവസ്ഥ എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ആ ജനാധിപത്യ വ്യവസ്ഥയിൽ നിലവിലുള്ള കുളങ്ങൾ നികത്തിയതല്ലാതെ പുതിയതൊന്നും നിർമ്മിച്ചിട്ടില്ല. കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക മാത്രമല്ല പ്രകൃതിയിലെ ജലവിതാനം നിലനിർത്താനുതകുന്ന പുതിയ ജലസ്രോതസ്സുകളുടെ സൃഷ്ടിയെക്കുറിച്ച് സർക്കാർ ഗൗരവപൂർവ്വം ആലോചിക്കുകയും ചെയ്യുന്നു. അതിനായി നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു പദ്ധതിതന്നെ മുന്നോട്ടുവച്ചിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ ദരിദ്രർക്കും സാധാരണ പൗരന്മാർക്കുംവേണ്ടി ത്രിതല ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെടുത്തുന്നതിൽ 'ആർദ്രം' പദ്ധതി പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സർക്കാർ ആശുപത്രികളെ രോഗീസൗഹൃദമാക്കുക എന്ന പ്രഖ്യാപനത്തിനപ്പുറം സമൂഹത്തെ രോഗ വിമുക്തമാക്കാനുതകുന്ന വിധത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനുദ്ദേശിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തി കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കും. ജീവിതശൈലീ രോഗങ്ങളിൽനിന്ന് സമൂഹത്തെ വിമുക്തമാക്കുന്നതിന് സഹായകരമാകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കും. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് വികസനം എന്നുപറഞ്ഞ് ഒരു ഫ്ലക്സ് ബോർഡും സ്ഥാപിച്ച് തുടങ്ങിയ മഞ്ചേരി മെഡിക്കൽ കോളേജിന്റെ കാര്യം എനിക്കറിയാവുന്നതാണ്. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ആരോഗ്യ

വകുപ്പുമന്ത്രിയായിരുന്ന കാലത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ജില്ലാ ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിച്ചിരുന്നു. ആ കെട്ടിടത്തിന്റെ പേര് മാറ്റി അവിടെ മെഡിക്കൽ കോളേജ് എന്ന പേര് സ്ഥാപിച്ചു. പുതിയ കെട്ടിടമോ അടിസ്ഥാന സൗകര്യമോ തസ്തികകളോ സൃഷ്ടിക്കാതെയാണ് മെഡിക്കൽ കോളേജ് ആരംഭിച്ചത്. കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽനിന്നുള്ള ഉദ്യോഗസ്ഥരെ അവിടേയ്ക്ക് സ്ഥലംമാറ്റുകയാണുണ്ടായത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം യു.ഡി.എഫ്. സർക്കാരിന്റെ കെടുതിയിൽനിന്ന് നാടിനെ രക്ഷിക്കുന്നതിനുവേണ്ടിയാണ് 1138 തസ്തികകൾ ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ചത്. ഇത് ഈ ഗവൺമെന്റിന്റെ ഒരു പ്രധാന നേട്ടമാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കഴിഞ്ഞ ബജറ്റിൽ ഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതികളോരോന്നും പ്രാവർത്തികമാക്കി ക്കൊണ്ടിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഹൈടെക് സ്കൂളുകൾ എന്ന പദ്ധതിയാണ്. ഗവൺമെന്റ് - എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളെ ഹൈടെക്കാക്കുകയാണ്. അതിന്റെ പൈലറ്റ് പ്രോജക്ട് നടപ്പാക്കിക്കഴിഞ്ഞു. 140 മണ്ഡലങ്ങളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ പോകുകയാണ്. അതിനായി തുക അനുവദിച്ചിട്ടുണ്ട്. ടീച്ചേഴ്സിന് ട്രെയിനിംഗ് നൽകുകയും ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്തു കൊണ്ടിരിക്കുകയുമാണ്. സ്കൂളുകളിൽ കമ്പ്യൂട്ടറും ഡി.എൽ.പി. പ്രൊജക്ടറും വെബ് ക്യാമറയും ഹോം തീയേറ്റർ സിസ്റ്റവും എഡ്യൂസാറ്റിന്റെ വിക്ടർ ചാനൽ കണക്ടിവിറ്റിയുമൊക്കെ നൽകിക്കൊണ്ട് ഓരോ സ്കൂളുകളേയും ടെക്നോളജിയുടെ അടിസ്ഥാനത്തിൽ മികവുറ്റതാക്കി മാറ്റുകയാണ്. ആയിരം സർക്കാർ സ്കൂളുകളെ 5 വർഷംകൊണ്ട് മികവിന്റെ കേന്ദ്രങ്ങളാക്കുമെന്നുള്ള പ്രഖ്യാപനത്തിന് ഗവൺമെന്റ് പണവും അനുവദിച്ചിട്ടുണ്ട്. സ്കൂളുകൾ സെലക്ട് ചെയ്യുന്ന പ്രോസസ്സ് നടന്നുകൊണ്ടിരിക്കുന്നു. 140 മണ്ഡലങ്ങളിലും എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന ഓരോ സ്കൂളുകൾ സെലക്ട് ചെയ്യും. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടാൻ ഉത്തരവിട്ട മലാപ്പറമ്പ് സ്കൂൾ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ശ്രേഷ്ഠഭാഷാ ദിനത്തിൽ സർക്കാർ ഏറ്റെടുത്തു. സ്കൂൾ ഉടമസ്ഥന് ഭൂമാഫിയയുമായി ചേർന്ന് സ്കൂൾ ഇടിച്ച് തകർക്കാനുള്ള സൗകര്യം അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തുകൊടുത്തു. ഇതുമായി ബന്ധപ്പെട്ട് അന്ന് ജയിലിൽ കിടന്നത് കോൺഗ്രസ്സിന്റെ നേതാവായിരുന്നു. അതിനുശേഷം അവിടെ മഹാനായ എം.ടി. വാസുദേവൻ നായരുൾപ്പെടെ നേതൃത്വം നൽകിയ വലിയ പ്രക്ഷോഭമുണ്ടായി. ഞങ്ങളെല്ലാവരും അതിന്റെ ഭാഗമായിരുന്നു. സ്കൂൾ മാനേജർ കോടതിയിൽ പോയപ്പോൾ അദ്ദേഹത്തിനനുകൂലമായി ഗവൺമെന്റ് അഭിഭാഷകർ

നിലപാട് സ്വീകരിക്കുകയും മാനേജർക്കനുകൂലമായ വിധിയുണ്ടാവുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ആദ്യമായി കൈകാര്യം ചെയ്ത ഫയൽ മലാപ്പറമ്പ് സ്കൂളുമായി ബന്ധപ്പെട്ടതായിരുന്നു. കോടതിയിൽ അപ്പീൽ പോകുകയും അനുകൂല വിധി സമ്പാദിച്ച് സ്കൂൾ സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. അതോടൊപ്പം മറ്റ് 3 സ്കൂളുകൾകൂടി സർക്കാർ ഏറ്റെടുത്തു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ സഹായത്തോടെ ലാഭക്കൊതിയൻമാരായ മാനേജർമാർ അടച്ചുപൂട്ടാൻ തീരുമാനിച്ച സ്കൂളുകൾ ഇപ്പോൾ സർക്കാർ സ്കൂളുകളായി മാറി. ഇതാണ് യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം തമ്മിലുള്ള നയപരമായ വ്യത്യാസം. ഇങ്ങനെ എല്ലാ മേഖലയിലും നൽകിയ വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. നയപ്രഖ്യാപനത്തിന്റെ ഭാഗമായി സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണർ മുന്നോട്ടുവച്ച ആശയങ്ങൾ സഫലമാകുമെന്നതിന്റെ ഉറപ്പ് ഇക്കഴിഞ്ഞ 8 മാസത്തിനിടയിൽ നടപ്പാക്കിയിട്ടുള്ള കാര്യങ്ങളാണ്.

വീടില്ലാത്തവർക്ക് വീട് വച്ചുകൊടുക്കുന്ന പദ്ധതി ഓരോ ഗവൺമെന്റിന്റെ കാലത്തും പ്രഖ്യാപിക്കാറുണ്ട്. എന്നാൽ "ലൈഫ്" എന്ന പേരിൽ ഈ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയിൽ വീട് മാത്രമല്ല അന്തസ്സുള്ള ജീവിതംകൂടി ഉറപ്പാക്കുന്നതാണ്. ജീവിക്കാനാവശ്യമായ മാർഗ്ഗങ്ങളെല്ലാം വീടിനോട് അനുബന്ധമായുണ്ടാകും. ഈ പ്രത്യേക ദൗത്യങ്ങൾക്കുപുറമേ നാടിനെ വികസനക്കുതിപ്പിലേയ്ക്ക് നയിക്കാനുതകുന്ന അടിസ്ഥാന സൗകര്യ വികസനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് വൈദ്യുതി. എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് (2006-2011) ശ്രീ. എ. കെ. ബാലൻ വൈദ്യുതി വകുപ്പ് മന്ത്രിയായിരുന്നപ്പോഴാണ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കാൻ തീരുമാനിച്ചത്. അന്ന് 85 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കി. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ മാർച്ച് മാസത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രക്രിയ പൂർത്തിയാക്കുമെന്നാണ് പറഞ്ഞിരുന്നത്. അന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് 4 ജില്ലകളിൽ നടപ്പാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്ന് അധികാരത്തിൽവന്ന യു.ഡി.എഫ്. സർക്കാർ തുടർന്നിരുന്നെങ്കിൽ 2013 ആകുമ്പോൾ കേരളത്തിലെ 140 മണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടക്കുമായിരുന്നു. അത് നടന്നില്ല എന്നുമാത്രമല്ല, കഴിഞ്ഞ യു.ഡി.എഫ്.

ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കേരളത്തിൽ നൽകിക്കൊണ്ടിരുന്ന സൗജന്യ കണക്ഷനുകൾ നിർത്തിവയ്ക്കാനുള്ള ഉത്തരവിറക്കുകയും ചെയ്തു. അതോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനം അട്ടിമറിക്കപ്പെട്ടു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സമ്പൂർണ്ണ വൈദ്യുതീകരണം പുനരാരംഭിച്ചിരിക്കുകയാണ്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നു, വീണ്ടും എല്ലാം ശരിയാകും എന്ന നിലയിലേയ്ക്ക് വരികയാണ്. അതുപോലെ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് തുടങ്ങിവച്ച വൈദ്യുത പദ്ധതികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് സോളാർ എന്നു കേൾക്കുന്നത് അശ്ലീലമായിരുന്നുവെങ്കിൽ ഇന്ന് ആ പദ്ധതികൾ യാഥാർത്ഥ്യമാകുകയാണ്. സൗരോർജ്ജം ഉപയോഗിച്ച് 200 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പ്രോജക്ടിന്റെ പണി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിട്ടുണ്ട്. അതുപോലെ 200 മെഗാവാട്ട് ശേഷിയുള്ള മറ്റൊരു സോളാർ പാർക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസരണ മേഖലയിൽ 8675 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതിക്ക് ഈ സർക്കാർ രൂപം നൽകുകയും അതിന്റെ ഒന്നാംഘട്ട ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ എല്ലാ മേഖലകളിലും നാടിനെ പുരോഗതിയിലേയ്ക്ക് നയിക്കാനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുന്നു.

യു.ഡി.എഫ്. എം.എൽ.എ.-മാർ സഭ ബഹിഷ്കരിച്ച് പോയിരിക്കുകയാണ്. കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് നടക്കുന്ന ഏതൊരു ചർച്ചയും അവർക്ക് അസ്വസ്ഥതയുണ്ടാക്കും; അവർക്ക് അതിനെ അഭിമുഖീകരിക്കാനാവില്ല. അതുകൊണ്ട് ഇതുപോലുള്ള പ്രശ്നങ്ങളുണ്ടാക്കി അവർ സഭയിൽനിന്ന് പോകുകയാണ് ചെയ്യുന്നത്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഇനി നടക്കാനിരിക്കുന്ന ഓരോ പ്രസംഗവും കഴിഞ്ഞ അഞ്ച് വർഷത്തെ യു.ഡി.എഫ്. ദുർഭരണത്തിന്റെ വിചാരണയായി മാറും. വസ്തുതകളിലൂടെ അതിനെ പ്രതിരോധിക്കാനോ അഭിമുഖീകരിക്കാനോ

കഴിയാത്തതുകൊണ്ടാണ് അവർ സഭ ബഹിഷ്കരിച്ച് പോയത്. രാഷ്ട്രീയമായും അവരുടെ നിലപാടുകൾ അതുതന്നെയാണ്. നേരത്തേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ രാവിലെ എന്തിനാണ് ചോദ്യോത്തരവേള ബഹിഷ്കരിച്ച് പോയതെന്ന് ചോദിച്ചിരുന്നു. രാഷ്ട്രീയമായി ചില യാഥാർത്ഥ്യങ്ങളെ നേരിടാൻ സാധിക്കാത്തതുകൊണ്ടാണ് അവർ പോയത്. എന്നാൽ ഇവിടെ നടക്കുന്ന കാര്യങ്ങൾ നാട്ടുമുഴുവൻ ശ്രദ്ധിക്കുന്നുണ്ട്. ഇവിടെ യു.ഡി.എഫ്-ന് നേതൃത്വം നൽകുന്ന കോൺഗ്രസ് ഓരോ ചുവട് വയ്ക്കുമ്പോഴും അത് ആർ.എസ്.എസ്.-ന് വേദനിക്കുമോയെന്നതാണ് അവരെ അസ്വസ്ഥമാക്കുന്നത്. കേരളത്തിന്റെ മുഖ്യമന്ത്രിയെ ആർ.എസ്.എസ്.-കാർ മംഗളൂരുവിൽ തടയുമെന്ന് പറഞ്ഞിരുന്ന പ്രശ്നം രാവിലെ ഇവിടെ ചർച്ചാവിഷയമായിരുന്നു. ആ പ്രശ്നത്തിൽ കേരളമാകെ തനിക്കൊപ്പം നിന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറയുകയുണ്ടായി. അഭിമാനബോധമുള്ള കേരളീയരുടെ മനസ്സ് മുഖ്യമന്ത്രിയുടെ നിലപാടിനൊപ്പമായിരുന്നു. പക്ഷേ കോൺഗ്രസ് നേതൃത്വം മാത്രം അക്കാര്യത്തിൽ മൗനമാചരിച്ചു. അവർക്കൊരു നിലപാട് സ്വീകരിച്ച് അഭിപ്രായം പറയാൻ കഴിഞ്ഞില്ല. കർണ്ണാടകയിലെ കോൺഗ്രസ് ഭരണം പ്രൊട്ടക്ഷൻ ഏർപ്പെടുത്തിയതിനെക്കുറിച്ചൊക്കെ ഇവിടെ വാചാലമായി സംസാരിച്ചു. തീർച്ചയായും കേരളീയർക്കാകെ അതിൽ നന്ദിയുണ്ടാകും. അത് അവരുടെ ഔദ്യോഗിക ചുമതലയാണെങ്കിൽപ്പോലും ചെയ്യാൻ സന്നദ്ധമായത് നന്ദിയോടെ സ്മരിക്കണം. എന്നാൽ ഇന്ത്യയിലാകെയുള്ള കോൺഗ്രസ്സിന്റെ സമീപനങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായ നിലപാടുകളാണ് കേരളത്തിലെ കോൺഗ്രസ് നേതൃത്വം പണ്ടുമുതലേ സ്വീകരിക്കുന്നത്. അതിന്റെ ഭാഗമായാണ് സന്ദർഭം വരുമ്പോഴൊക്കേ ആർ.എസ്.എസ്.-നെ ലിഫ്റ്റ് ചെയ്യാനുള്ള ഇടപെടൽ നടത്തുന്നത്. അതിനുദാഹരണമാണ് അരുവിക്കരയിൽ നടത്തിയ പ്രസംഗം. യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും തമ്മിലാണ് മത്സരമെന്നുപറഞ്ഞ് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ ശ്രമിച്ചതും അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി കുട്ടനാട് നടത്തിയ പ്രസംഗവുമെല്ലാം ആർ.എസ്.എസ്.-മായുള്ള പ്രത്യേക നയതന്ത്രബന്ധത്തിന്റെ ഭാഗമായുണ്ടാകുന്നതാണ്. അത്തരത്തിലുള്ള നിലപാട്

തന്നെയാണ് ഇപ്പോഴുമുള്ളത്. കോൺഗ്രസ്സിന്റെ കാലിനടയിലെ മണ്ണ് ഒഴുകി പ്പോകുകയാണ്. മതേതര സമീപനമുണ്ടായിരുന്ന പാർട്ടിയെന്ന നിലയിൽ ഇപ്പോഴും പാഠം പഠിക്കാതെ ആർ.എസ്.എസ്.-നെ നോവിക്കാതിരിക്കുന്ന നിലപാട് സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് മുഖ്യമന്ത്രിക്ക് എതിരായുണ്ടായ പ്രശ്നത്തിൽ ഒരുമിച്ച് നിൽക്കേണ്ടതിനുപകരം അവർ അഴകൊഴമ്പൻ നിലപാട് സ്വീകരിച്ചത്.

സ്ത്രീസംരക്ഷണവുമായി ബന്ധപ്പെട്ട സംവാദം ഇന്ന് അടിയന്തര പ്രമേയാവതരണവേളയിൽ നടക്കുകയുണ്ടായി. പഴയകാലത്തെ കെ.എസ്.യു.-വിന്റെ നേതാവുകൂടിയായ ശ്രീ. പി. ടി. തോമസാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. തുടർന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സംസാരിക്കുകയുണ്ടായി. സിനിമാ നടിക്ക് നേരെയുണ്ടായ അതിക്രമത്തിൽ, ഗവൺമെന്റ് പ്രതികളെ സംരക്ഷിക്കാൻ ശ്രമിക്കുന്നുവെന്നുള്ള വ്യാഖ്യാനമാണ് നടത്താൻ ശ്രമിച്ചതെങ്കിലും പരാജയപ്പെട്ടുപോയി. വളരെ ശക്തമായ നിലപാടാണ് ഗവൺമെന്റ് അക്കാര്യത്തിൽ സ്വീകരിച്ചത്. പ്രതികളെ പിടിച്ചുകൊണ്ടുപോകുന്നത് കേരളീയരാകെ ആവേശത്തോടെയാണ് കണ്ടത്. ഏതെങ്കിലും സന്ദർഭങ്ങളിൽ സർക്കാരിനെ വിമർശിക്കുന്നവർപോലും പോലീസിന്റെ നടപടിയെയും ഗവൺമെന്റിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും അഭിനന്ദിക്കുന്നത് ടി.വി. ചാനൽ ചർച്ചകളിൽ നാം കണ്ടതാണ്. അന്ന് അസ്വസ്ഥത പ്രകടിപ്പിച്ച ഒരാളുണ്ട്. കോടതിയ്ക്കകത്തു നിന്ന് പ്രതിയെ പിടിച്ചതിന്റെ പേരിൽ ആദ്യമായി പ്രതികരിച്ച ആളാണ് ഇന്നിവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ച ശ്രീ. പി. ടി. തോമസ്. അറസ്റ്റ് നടന്നയുടൻ അദ്ദേഹത്തിന്റെ പ്രതികരണം ഞാൻ ടി.വി.-യിൽ കണ്ടതാണ്. കോടതിയോടുള്ള മര്യാദകൾ പാലിക്കാതെയാണ് അറസ്റ്റ് ചെയ്തതെന്നാണ് അദ്ദേഹം പറഞ്ഞത്. ഇതിൽനിന്നും പ്രതികളെ പിടിക്കുന്നതിൽ ആർക്കാണ് അസ്വസ്ഥതയുണ്ടാകുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. യു.ഡി.എഫ്. ഭരണകാലത്ത് ഇത്തരം കാര്യങ്ങളിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. യു.ഡി.എഫ്. എം.എൽ.എ.-ക്കെതിരെ സ്ത്രീ പീഡനക്കേസുണ്ടായിരുന്നു. ഈ നിയമസഭയിലുണ്ടായിരുന്ന ഒരു എം.എൽ.എ.-യ്ക്കതിരെ അന്നത്തെ വിവാദ നായിക പരാതി കൊടുത്തു. അതിനെതിരെ ഒരു നടപടിയും ആ ഗവൺമെന്റ് സ്വീകരിച്ചില്ല. സഭയുടെ പ്രൊട്ടക്ഷൻപോലും അവരെ സംരക്ഷിക്കാൻ ഉപയോഗപ്പെടുത്തി. യു.ഡി.എഫ്.-ന്റെ ജനപ്രതിനിധി കൊല്ലം ജില്ലയിൽ സിനിമാതാരത്തെ അപമാനിച്ചുവെന്ന പരസ്യമായ പ്രതികരണം വന്നു. ആ

പരാമർശം കേട്ടാൽത്തന്നെ സ്വമേധയാ കേസെടുക്കേണ്ടതായിരുന്നു. പോലീസിന് നൽകിയ പരാതി ഒതുക്കിത്തീർത്തവരാണ്. ഇപ്പോഴും നേതാക്കളായിരിക്കുന്നവർക്കെതിരെയാണ് അന്ന് ആരോപണമുണ്ടായത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെ ഇവിടെ സംസാരിച്ചു. സിനിമാരംഗത്ത് പ്രവർത്തിക്കുന്ന ദമ്പതിമാരുടെ പരാതിയുണ്ടായപ്പോൾ അത് ഒതുക്കിത്തീർത്തത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തല്ല; യു.ഡി.എഫ്.-ന്റെ കാലത്തെ പോലീസ് തന്നെയാണ്. ശ്രീ. പി. ടി. തോമസും ശ്രീ. രമേശ് ചെന്നിത്തലയും കെ.എസ്.യു.-വിനെ നയിച്ച കാലത്തെ സംഭവിങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. വി.ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്നും അരങ്ങത്തേയ്ക്ക്' ഉദ്ധരിക്കുകയുണ്ടായി. അതെല്ലാം സാമൂഹ്യ നവോത്ഥാനത്തിന്റെ ഭാഗമായി ഉയർന്നുവന്നതാണ്. ആ പ്രക്രിയയെ പുറകോട്ട് നയിക്കുന്ന നിലയിൽ സമൂഹത്തിലിടപെട്ടത് വിമോചന സമരത്തിന്റെ ഭാഗമായി കോൺഗ്രസ്സായിരുന്നു. അതിന്റെ തുടർച്ചയായി വന്ന കെ.എസ്.യു.-വാണ് കേരളത്തിൽ സ്ത്രീകൾക്കെതിരെ ഇന്ന് കാണുന്ന പലവിധ വൈകൃത പ്രയോഗങ്ങളും നടത്തുന്നത്. കെ.എസ്.യു.-വിന്റെ മോസ്കോ, നാഗ്പൂർ സമ്മേളനങ്ങളെക്കുറിച്ചും പറയേണ്ടിവരും. അത് മറ്റൊരവസരത്തിൽ പറയാം; ഞാൻ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

12.36 PM]

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ ഗവർണറുടെ നയപ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നതോടൊപ്പം നന്ദിപ്രമേയത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നു. ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റിന്റെ ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടുകളുടെ ആകെത്തുകയാണ് ഈ നയപ്രഖ്യാപനം. കേവലം പ്രഖ്യാപനങ്ങളായി നിൽക്കേണ്ട കുറച്ചുകാര്യങ്ങൾ ഇവിടെ അവതരിപ്പിക്കുകയല്ല ചെയ്തത്, പ്രവൃത്തിപഥത്തിൽ എത്തിക്കേണ്ട മർമ്മപ്രധാനമായ പ്രവർത്തനങ്ങളായിട്ടാണ് അവയോരോന്നും മുന്നോട്ടുവച്ചിട്ടുള്ളത്. ശ്രീ. എ. പ്രദീപ്കുമാർ സൂചിപ്പിച്ചതു പോലെ മുന്നോട്ടുവച്ചിട്ടുള്ള കാര്യങ്ങൾ നടപ്പാക്കുമെന്നതിന്റെ ഗ്യാരന്റി കഴിഞ്ഞ 9 മാസക്കാലത്തെ ജനങ്ങളുടെ അനുഭവം തന്നെയാണ്. യഥാർത്ഥത്തിൽ ഒരു സർക്കാരിനെ വിലയിരുത്തുമ്പോഴുള്ള പ്രധാന ഘടകം സാധാരണക്കാരായ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് എത്രവേഗം പരിഹാരം കാണാൻ സാധിക്കുന്നുവെന്നുള്ളതാണ്. രണ്ടാമതായി, ദീർഘകാലാടിസ്ഥാനത്തിൽ നാടിന്റെയും

ജനങ്ങളുടെയും പ്രശ്നപരിഹാരത്തിനായി ദീർഘവീക്ഷണമുള്ള വികസന പ്രവർത്തനങ്ങൾ എങ്ങനെ മുന്നോട്ടുവയ്ക്കപ്പെടുന്നു, അവ പ്രാവർത്തികമാക്കുന്നതിന് എന്ത് മാർഗ്ഗനിർദ്ദേശം ഉള്ളടക്കം ചെയ്തിരിക്കുന്നുവെന്നതാണ്. ഈ തരത്തിൽ പരിശോധിച്ചാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എങ്ങനെയാണ് മുന്നോട്ടുപോകുന്നതെന്നുള്ളത് സുവ്യക്തമാണ്. ഓരോ ഫയലും ഓരോ ജീവിതമാണെന്ന് കേരള മുഖ്യമന്ത്രി പറയുകയുണ്ടായി. അത് അർത്ഥമാക്കുന്നത് സാധാരണക്കാരുടെ പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കാനുള്ള സന്നദ്ധത തന്നെയാണ്. അതിന്റെ ഭാഗമായാണ് ശ്രീ. എ. പ്രദീപ്കുമാർ സൂചിപ്പിച്ച പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, കാർഷിക മേഖല സംരക്ഷിക്കുന്ന ഹരിത കേരളം, നല്ല ജീവിതം ഉറപ്പുവരുത്തുന്ന ലൈഫ് പ്രോജക്ട് എന്നീ നാല് മിഷനുകൾ മുന്നോട്ടുവയ്ക്കപ്പെട്ടിട്ടുള്ളത്. യഥാർത്ഥത്തിൽ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് അടിയന്തര പ്രാധാന്യത്തോടെയുള്ള പരിഹാരത്തിനുവേണ്ടിയാണ് ഈ ശ്രമങ്ങളെങ്കിൽ ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും സുവ്യക്തമായ ധാരണ സർക്കാർ മുന്നോട്ടുവയ്ക്കുന്നുണ്ട്. ഇതൊക്കെ സാദ്ധ്യമാകണമെങ്കിൽ നമ്മുടെ ഭരണസംവിധാനം മെച്ചപ്പെടണം. അതിന് സംവിധാനമേർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

പ്രതിപക്ഷത്തിരിക്കുന്നവരും അവരെ പിന്തുണയ്ക്കുന്നവരും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെക്കുറിച്ച് വിമർശനം ഉന്നയിക്കുകയാണ്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കുന്നതിനുള്ള ചരിത്രപ്രധാനമായ തീരുമാനം നേരത്തേ എടുത്തിരുന്നുവെന്ന് പഴയ കടലാസ് പരിശോധിച്ചാൽ മനസ്സിലാകും. എന്നാൽ ഇപ്പോൾ യു.ഡി.എഫ്. അതെല്ലാം മറന്നുപോയിരിക്കുന്നു. യു.ഡി.എഫ്. മുമ്പ് നടത്തിയ ഒരു നയപ്രഖ്യാപനത്തിലെ കുറച്ചുഭാഗം ഞാൻ വായിക്കുകയാണ്. "നമ്മുടെ രാജ്യത്തെ എല്ലാ ജനങ്ങൾക്കും ഭക്ഷണവും പോഷകാഹാരവും സുരക്ഷയും ഉറപ്പുവരുത്തുന്ന, 2013 ഒക്ടോബറിൽ പാസ്സാക്കിയ, ദേശീയ ഭക്ഷ്യ ഭദ്രതാ ആക്ട് ഈയടുത്ത കാലത്തെ ഏറ്റവും ശ്ലാഘനീയമായ ചരിത്രപ്രധാനമായ ചുവടുവയ്പാണ് എന്നതിൽ സംശയമില്ല. ഭക്ഷ്യ ഭദ്രതാ ആക്ടിന്റെ ഭാഗമായി ജില്ലാ/താലൂക്ക് ആസ്ഥാനങ്ങളിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ആധാർ അടിസ്ഥാനമാക്കി സുതാര്യവും കാര്യക്ഷമവും

പൗരപ്രതികരണാത്മകവുമായ പൊതുവിതരണ സമ്പ്രദായം ഉറപ്പു വരുത്തുന്നതിനായി സംസ്ഥാനത്താകെ പൊതുവിതരണ സമ്പ്രദായത്തിലുടനീളം കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു." 2013-ൽ ഭക്ഷ്യ സുരക്ഷാ ആക്ട് പാസ്സായതിനുശേഷം 2014-ലെ നയപ്രഖ്യാപന രേഖയിൽ പറഞ്ഞ ഈ കാര്യത്തിൽ ഒന്നുപോലും 2016-ൽ അധികാരത്തിൽ നിന്ന് പോകുന്നതുവരെ ആ ഗവൺമെന്റ് ചെയ്തില്ല. അതിന്റെ ഫലം കേരള ജനത മുഴുവൻ ഇപ്പോൾ അനുഭവിക്കുകയാണ്. എന്നിട്ടവിടെ അരിയില്ല, തുണിയില്ല എന്ന് കറുത്ത തുണിയിൽ ബാനർ എഴുതിവച്ചിട്ട് എന്തെങ്കിലും കാര്യമുണ്ടോ; എന്തെങ്കിലും അവർ ചെയ്തോ? 46 ശതമാനം ആളുകൾ മാത്രമാണ് കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതെന്ന വസ്തുതാപരമല്ലാത്ത ഒരു റിപ്പോർട്ടുണ്ടാക്കി. ആ റിപ്പോർട്ടിനെതിരെ എന്തെങ്കിലുമൊരു എതിർപ്പ് അന്നത്തെ ഭരണകക്ഷി പ്രകടിപ്പിച്ചോ? ഭക്ഷ്യ സുരക്ഷാ നിയമം പാസ്സായി ഒരു വർഷത്തിനകം മുൻഗണനാ വിഭാഗങ്ങളെ നിശ്ചയിച്ചു. 46 ശതമാനം മാത്രമേ ലഭിക്കുകയുള്ളൂ എന്നത് അങ്ങേയറ്റം അപര്യാപ്തമാണ്, അവർക്കതറിയാം. അതുകൊണ്ട് അവർ 46 ശതമാനത്തിലൊതുങ്ങി നിൽക്കുന്ന മുൻഗണനാ വിഭാഗത്തെ തെരഞ്ഞെടുക്കാൻ തീരുമാനിക്കാതെ നീട്ടിക്കൊണ്ടുപോയി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കേന്ദ്രത്തിൽ യു.പി.എ. ഗവൺമെന്റിന്റെ സ്ഥാനത്തുവന്ന എൻ.ഡി.എ. ഗവൺമെന്റ് ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കാൻ ഒരു ദിവസംപോലും നീട്ടികൊടുക്കില്ലെന്ന് പറഞ്ഞു. വലിയ വിലയല്ലേ കൊടുക്കേണ്ടിവരുന്നത്; എത്ര ദുരിതമാണ് അനുഭവിക്കേണ്ടിവരുന്നത്? ഇത് ഒരു കാര്യത്തിൽ മാത്രമാണ്.

എത്രയെത്ര പ്രഖ്യാപനങ്ങളാണ് യു.ഡി.എഫ്.-ന്റെ കാലത്ത് ഇവിടെ നടന്നത്; ഒന്നും നടപ്പാക്കിയില്ല. വികസന കാര്യത്തിൽ ഇവിടെയിരിക്കുന്ന അംഗങ്ങൾക്കൊക്കെ അറിയാവുന്ന ധാരാളം അനുഭവങ്ങളുണ്ട്. ദേശീയ പാതാ വികസനം, ഗെയിൽ പൈപ്പ് പദ്ധതി, അതുപോലെതന്നെ കൊച്ചി-ഇടമൺ പവർ ഹൈവേ, തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ വിമാനത്താവളങ്ങളുടെ വികസനം എന്നിവയുണ്ട്. കഴിഞ്ഞ സഭയിൽ അംഗങ്ങളായിരുന്ന ധാരാളം ആളുകൾ അന്നത്തെ മുഖ്യമന്ത്രി വിളിച്ച നിരവധി യോഗങ്ങളിൽ പങ്കെടുത്തിരുന്നു. ഏതെങ്കിലുമൊരു യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ടോ?

ചർച്ചകൾ ഗംഭീരമായി നടക്കും. ഉദ്യോഗസ്ഥരോട് എം.എൽ.എ. പറഞ്ഞത് ശ്രദ്ധിക്കണമെന്ന് പറയുമ്പോൾ ഇപ്പോൾത്തന്നെ ശ്രദ്ധിച്ച് വേണ്ടവിധത്തിൽ കാര്യങ്ങൾ ചെയ്യുമെന്ന് നമുക്ക് തോന്നും, ഒന്നുമില്ല. പ്രതിപക്ഷം ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ ചോദിക്കാമായിരുന്നു. ഒന്നും ചെയ്തില്ല. പുതിയ ഗവൺമെന്റ് വന്നു, മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ അന്നത്തെപ്പോലെ ഇപ്പോഴത്തെ പ്രതിപക്ഷവും പങ്കെടുത്തിരുന്നു. ദേശീയപാതയുടെ വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൽ കൃത്യമായ തീരുമാനമുണ്ടായി. ഡിസംബർ 31-നകം അലൈൻമെന്റ് പൂർത്തിയാക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. എനിക്ക് എല്ലാ സ്ഥലത്തെയും കാര്യമറിയില്ല, കാസർഗോഡ് മുതൽ വെങ്ങളം വരെയുള്ള ദേശീയപാതയുടെയും ബൈപ്പാസിന്റെയും അലൈൻമെന്റ് തീർപ്പാക്കിയിരിക്കുന്നു. ഗെയിൽ പൈപ്പ് ലൈനുമായി ബന്ധപ്പെട്ട് മതിയായ നഷ്ടപരിഹാരം നൽകുന്നതിനുള്ള പാക്കേജ് ഉറപ്പുവരുത്തി പദ്ധതി നടപ്പാക്കാനുള്ള നീക്കം ആരംഭിച്ചിരിക്കുന്നു. കൊച്ചി-ഇടമൺ പവർ ഹൈവേയുടെ കാര്യത്തിൽ സർവ്വേ പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ കണ്ണൂർ വിമാനത്താവളത്തിന്റെ സ്ഥലമെടുപ്പി നോടനുബന്ധിച്ച് വലിയ എതിർപ്പുണ്ട്. അവിടത്തെ എം.എൽ.എ. കൂടിയായ ശ്രീ. ഇ. പി. ജയരാജൻ മുൻകയ്യെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ നേരിട്ടിടപെട്ട് പരിഹാരമുണ്ടാക്കുകയാണ്. കോഴിക്കോട് വിമാനത്താവള വികസനത്തിനെതിരെ പ്രാദേശികമായി ഉയർന്നുവരുന്ന എതിർപ്പുകളെ മറികടക്കാൻ നല്ലനിലയിൽ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതാണ് ഗവൺമെന്റുകളുടെ സമീപനത്തിന്റെ വ്യത്യസ്തതയായി കാണേണ്ടത്. അത് കാണാൻ യഥാർത്ഥത്തിൽ ഇവർക്ക് സാധിച്ചില്ലെങ്കിലും ജനങ്ങൾക്ക് സാധിക്കും. യു.ഡി.എഫ്.-ന്റെ കാലത്ത് നയപ്രഖ്യാപനത്തിന്റെ ഭാഗമായി 'കേരള ട്രെഡീഷണൽ നോളഡ്ജ് അതോറിറ്റിയുണ്ടാക്കും' എന്ന് പറഞ്ഞതിലൂടെ എന്താണുദ്ദേശിച്ചതെന്ന് അവരോടു തന്നെ ചോദിക്കേണ്ടിവരും. കേരളത്തിൽ അങ്ങനെയൊരു സംവിധാനം ഉണ്ടായിട്ടില്ല. 'കെ.ടി.ഡി.സി.-ക്ക് കോഴിക്കോട് പ്രീമിയം ഹോട്ടൽ' എന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞതാണ്. അവിടെ ഒരു പ്രീമിയം ഹോട്ടൽ വന്നതെവിടെയാണെന്ന് കോഴിക്കോട്ടുള്ളവർക്കറിയാം. 'ആലപ്പുഴയിൽ ത്രി-നക്ഷത്ര ഹോട്ടൽ', 'കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം', 'ചാലക്കുടിയിൽ ഹൈടെക്

മാംസ സംസ്കരണ പ്ലാന്റ് എന്നിവയായിരുന്നു മറ്റു പ്രഖ്യാപനങ്ങൾ. കൂടാതെ 'മാലിന്യ മുക്ത കേരളം', അത് എല്ലാ വർഷവും പ്രഖ്യാപിച്ചിരുന്നതാണ്. മാലിന്യമൊക്കെ മാലിന്യമായിതന്നെയുണ്ട് ഒരു മാറ്റവുമില്ല. 'കോഴിക്കോട് മോണോ റെയിൽ', 'ഗ്രീൻ ടെക്നോളജി സെന്റർ', 'എയർ കേരള', 'മൂന്നാറിൽ മലയാള സിനിമയ്ക്ക് ഒരു ആർക്കൈവ്', 'തൃശ്ശൂരിൽ മെഴുക് മ്യൂസിയം' തുടങ്ങി എന്തൊക്കെ തമാശകളാണ് നയപ്രഖ്യാപനത്തിലൂടെ പറഞ്ഞത്? 24 എം.എൽ.എ.-മാർ താമസിക്കുന്ന പമ്പാ ബ്ലോക്ക് കെട്ടിടം പൊളിച്ച് ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുമെന്ന് ഇവർ നാലുകൊല്ലം മുമ്പ് നയപ്രഖ്യാപനത്തിൽ പറഞ്ഞു. കേട്ടപ്പോൾ അവിടെ താമസിച്ചിരുന്നവർ ആശ്വസിച്ചു. നാലു കൊല്ലം ഭരിച്ചിട്ട് 24 എം.എൽ.എ.-മാർ താമസിക്കുന്ന ആ ബ്ലോക്കൊന്ന് പൊളിച്ച് പുതിയത് പണിയാൻ സാധിക്കാത്ത ഇവരാണ് കെങ്കേമമായ പ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ടിരുന്നത്. ഒരു ചുക്കും ചെയ്തില്ല; ലാഭം കിട്ടുന്ന പണി എന്തെങ്കിലു മുണ്ടെങ്കിൽ ഒരു കുഴപ്പവുമില്ല. ചെയ്ത ഏതു കാര്യം വേണമെങ്കിലും നിങ്ങൾ നോക്കിക്കോളൂ, എന്തെങ്കിലും വരായ്ക ഇല്ലെങ്കിൽ അവരെ കാണുകയില്ല. കണ്ണൂർ വിമാനത്താവളത്തിൽ 2015 ഡിസംബർ മാസത്തിൽ വിമാനമിറങ്ങുമെന്നാണ് പറഞ്ഞത്. ഒരു ഡക്കോട്ട വിമാനം ഇറക്കി. ഇറക്കിയതിന്റെ ബുദ്ധിമുട്ട് വാട്ടസ് ആപ്പിലൂടെ ആളുകൾ പറഞ്ഞത് പൈലറ്റിനെ കാണുന്നില്ല, ഇതെവിടെയാണ്; പശുവിനെ കെട്ടിയതിന്റെ അടുത്ത് ഇറക്കിക്കോ എന്നാണ്. എന്തെങ്കിലും സംവിധാനമുണ്ടായോ? അതിനുശേഷം ഒരു വിമാനവുമില്ല. ഒരു കപ്പൽ വാടകയ്ക്ക് കൊണ്ടുവന്ന് അഴീക്കൽ പോർട്ട് ഉദ്ഘാടനം ചെയ്തു. അന്ന് ആ കപ്പലിന്റെ വാടകപോലും നൽകാതെ പറഞ്ഞയച്ചു. സീ പോർട്ട് എന്നും എയർപോർട്ട് എന്നും പ്രഖ്യാപനങ്ങൾ നടത്തി. ഇന്നുവരെ ഒരു കാര്യവും നടന്നിട്ടില്ല. ഇതെല്ലാം പ്രഖ്യാപനത്തിലൊതുങ്ങിനിന്നു എന്നല്ലാതെ വേറെയൊന്നുമില്ല. മറ്റൊരു പ്രഖ്യാപനമായിരുന്നു '10 ജില്ലകളിൽ ഹെലിപ്പാഡ്.' നാലു ജില്ലകളിൽ വിമാനത്താവളമുള്ളതുകൊണ്ട് ബാക്കി 10 ജില്ലകളിൽ ഹെലിപ്പാഡാണ് പ്രഖ്യാപിച്ചത്. '1000 വനിതാ കോൺസ്റ്റബിൾമാരെ നിയമിക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡ്'; ഇപ്പോൾ വനിതാ സുരക്ഷയുടെ പേര് പറഞ്ഞിട്ടാണല്ലോ പ്രതിപക്ഷം ഇറങ്ങിപ്പോയത്. ഇറങ്ങിപ്പോയത് അതുകൊണ്ടൊന്നുമല്ല, ശ്രീ. എ.

പ്രദീപ്കുമാറും ശ്രീ. എം. സ്വരാജും ഇന്നാണ് പ്രസംഗിക്കുന്നതെന്ന് അറിഞ്ഞു കൊണ്ടാണ് പോയത്. കാരണം ധാരാളം കേൾക്കേണ്ടിവരുമെന്നവർക്കറിയാം. സ്ത്രീസുരക്ഷയുടെ പേര് പറഞ്ഞ് ഇറങ്ങിപ്പോയവർ നാലുകൊല്ലം മുമ്പ് 1000 വനിതാ കോൺസ്റ്റബിൾമാരെ നിയമിക്കുന്നതിനായി ഒരു പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുമെന്ന് പറഞ്ഞിട്ട് എന്തെങ്കിലും ചെയ്തോ? എന്നാൽ ഈ ഗവൺമെന്റ് എത്ര കൃത്യമായിട്ടാണ് പറഞ്ഞത്; എന്റെ ജില്ലയിൽ പിങ്ക് പട്രോളിംഗ് ആരംഭിച്ചു. സ്ത്രീസുരക്ഷ തന്നെയാണുദ്ദേശിക്കുന്നത്. പുതിയ വനിതാ പോലീസ് ബറ്റാലിയൻ വരുന്നു. സേനയിലേയ്ക്ക് ഇപ്പോൾത്തന്നെ 15 ശതമാനം വനിതകളെ നിയമിക്കുമെന്ന് തീരുമാനിച്ചു, ലക്ഷ്യം 50 ശതമാനമാണെന്ന് പറഞ്ഞു. ഒരു വനിതാ വകുപ്പ് രൂപീകരിക്കുമെന്ന് പറഞ്ഞു. യു.ഡി.എഫ്.-ന്റെ കാലത്ത് എന്ത് സ്ത്രീസുരക്ഷയാണുണ്ടായത്? ജിഷയുടെ ഘാതകനെ ഇതുപോലെ 6 ദിവസംകൊണ്ട് പിടിച്ചിരുന്നുവെങ്കിൽ എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. സാജു പോൾ ഈ സഭയിൽ അംഗമായി ഇന്നിവിടെ ഇരിക്കുമായിരുന്നു. പകരം ഒരു കവി ഇവിടെ ഇരിക്കുന്നുണ്ട്. പ്രതിപക്ഷ നേതാവ് ഇവിടെ വലിയ പ്രസംഗമല്ലേ നടത്തിയത്? ആ അമ്മയുടെ കണ്ണുനീരിന്റെ ആനുകൂല്യം നിങ്ങൾ നേടിയതിന്റെ ഫലമായാണ് അവിടെ ഒരു കവി വന്നിരിക്കുന്നത്. പൾസർ സുനിയെ പിടിച്ചപ്പോൾ 'ഇയാളുടെ നാവ് പിഴുതെടുക്കണം', 'മുഖ്യമന്ത്രി, ഏതു നിലയിലും ശിക്ഷിക്കണം' എന്ന് കേരളത്തിലെ രണ്ട് പ്രധാനപ്പെട്ട മഹിളകൾ പറഞ്ഞു. മുഖ്യമന്ത്രിക്ക് ശിക്ഷിക്കാൻ പറ്റില്ലെന്ന് പറഞ്ഞവർക്കറിയാം; എങ്കിലും അവർ പറഞ്ഞു. എന്തുകൊണ്ടാണ്? ആളുകൾ അങ്ങനെയാണ് പ്രതീക്ഷിക്കുന്നത്. ഗവൺമെന്റ്, കോടതി, എക്സിക്യൂട്ടീവ് എന്നിവയൊക്കെ ഒന്നാണെന്നാണ് അവർ കരുതുന്നത്. അതുപോലെ ഒരു പ്രതികരണം ജിഷയുടെ അമ്മ നടത്തിയതിന് കൊടുക്കേണ്ടിവന്ന വിലയാണ് ശ്രീ. സാജു പോളിന്റെ തോൽവി. ഇവിടെ ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞു കൊണ്ട് ഞാൻ ഒരുപാട് കാര്യങ്ങൾ ആവർത്തിക്കുന്നില്ല. നയപ്രഖ്യാപനം കഴിഞ്ഞ് എന്റെ മണ്ഡലത്തിൽ 500 കമ്പ്യൂട്ടറും, ലാപ്ടോപ്പും പ്രൊജക്ടറും കൊടുക്കുന്ന ചടങ്ങിൽ ഞാൻ പങ്കെടുത്തു. അടുത്ത കൊല്ലം ഒരു ക്ലാസ്സ് മുറിയെങ്കിലും ഹൈടെക്കാക്കും, ഇന്ററാക്ടീവാക്കും എന്ന് മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി 2014-ൽ പറഞ്ഞു; ഒന്നുമുണ്ടായില്ല. പാഠപുസ്തകം മൂന്നാമത്തെ ടേമിൽ കൊടുത്തു

കൊണ്ടിരുന്ന ആളുകളാണ്. ഈ ഗവൺമെന്റ് അടുത്ത ജൂൺ മാസത്തേക്കുള്ള പാഠപുസ്തകം ഇപ്പോൾത്തന്നെ ഡിപ്പോയിൽ എത്തിച്ചുകഴിഞ്ഞു. മൂന്ന് ഭാഗമായിട്ട് അച്ചടിക്കാൻ തീരുമാനിച്ചു, ആദ്യഭാഗം ഇപ്പോൾ എത്തിക്കുകയാണ്. എത്ര വലിയ മാറ്റമാണ്. ഇതെന്തെങ്കിലും മനസ്സിലാക്കാനുള്ള വിവേകം കാണിക്കുമോ? പകരം എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? എന്തിനും ഏതിനും സമരമാണ്. ഇപ്പോൾ ശ്രീ. വി. എസ്. ശിവകുമാർ സമരമിരിക്കുന്നതായി കണ്ടു, അവിടെ ശ്രീ. പി. ടി. തോമസും ശ്രീ. കെ. മുരളീധരനും സമരമിരിക്കുന്നത് കണ്ടു. എന്തിനാണ് ഇവരൊക്കെ സമരമിരിക്കുന്നത്? ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കാരുണ്യയുടെ കാര്യത്തിൽ സുവ്യക്തമായ അഭിപ്രായം പറഞ്ഞു. പക്ഷേ അതൊന്നും അംഗീകരിക്കാൻ തയ്യാറല്ല. കേരളം സമ്പൂർണ്ണ ഒ.ഡി.എഫ്.ആയി ഗ്രാമങ്ങളിൽ പ്രഖ്യാപിച്ചു. ഇനി അതില്ലാതാക്കാനുള്ള വല്ല പണിയും ഇവരായി മുൻകയ്യെടുത്ത് ചെയ്യരുതേ എന്നുള്ള ഒരു അഭ്യർത്ഥന എനിക്കുണ്ട്. കാരണം, അത് ചെയ്യാനും ഇവർ മടിക്കില്ല. എന്തൊരു കഷ്ടമാണ് ഇങ്ങനെ ചെയ്യാൻ തുടങ്ങിയാൽ? ദയവുചെയ്ത് ഈ നാട് രക്ഷപ്പെടണമെങ്കിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ജനങ്ങളുടെ പ്രശ്നങ്ങളിൽ ഊന്നിനിന്നുകൊണ്ട് പ്രവർത്തിക്കാൻ തയ്യാറാകണം. ഏതെല്ലാം പ്രശ്നങ്ങളിൽ അവർ നല്ല നിലപാട് എടുത്തിട്ടുണ്ടോ അത്രയും തവണ ഞങ്ങൾ മുക്തകണ്ഠം പ്രശംസിച്ചിട്ടുമുണ്ട്. കാരുണ്യയെപ്പറ്റി ഒരിക്കലെങ്കിലും അന്നത്തെ പ്രതിപക്ഷം ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ? അന്നത്തെ പ്രതിപക്ഷനേതാവ് പ്രസംഗിക്കുമ്പോഴും മറ്റ് അംഗങ്ങൾ പ്രസംഗിക്കുമ്പോഴുമൊക്കെ കാരുണ്യയെക്കുറിച്ച് നിരന്തരം പറയുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. അതൊന്നും ഇല്ലാതാക്കാൻ ഒരിക്കലും ഈ ഗവൺമെന്റ് തയ്യാറാവില്ല. ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഒരു കാര്യംകൂടി പറഞ്ഞു കൊണ്ട് അവസാനിപ്പിക്കാം. കയറിക്കിടക്കാൻ ഒരുതുണ്ടു ഭൂമിയില്ലാത്ത വരെയെല്ലാം സീറോ ലാൻഡ്ലെസ് പ്രോജക്ടിൽ ഉൾപ്പെടുത്തി ഭൂമി കൊടുത്തു. എന്റെ മണ്ഡലത്തിലെ കൊട്ടവള്ളിത്തട്ടിലും ശ്രീ. സി. കൃഷ്ണൻ എം.എൽ.എ.യുടെ മണ്ഡലത്തിലുള്ള പെരിങ്ങോം എന്ന സ്ഥലത്തും മറ്റൊരു എം.എൽ.എ.-യുടെ മണ്ഡലത്തിലെ മീനച്ചിൽ താലൂക്കിലെ വാഗമണ്ണിലും സീറോ ലാൻഡ്ലെസ് പ്രോജക്ടുവഴി മൂന്ന് സെന്റ് ഭൂമി വീതം കൊടുത്തിരിക്കുന്നു. അഡ്വഞ്ചറസ് ട്രെക്കിംഗിനോ മറ്റോ

ഉപയോഗിക്കാൻ കഴിയുന്ന സ്ഥലത്ത് മൂന്ന് സെന്റ് ഭൂമിവീതം നൽകിയിട്ട് ഒരുതുള്ളി കുടിവെള്ളംപോലും കിട്ടാനില്ലാതെ പാവപ്പെട്ട സ്ത്രീകൾ കരയുകയാണ്; അവിടെ ആരും താമസിക്കുന്നില്ല. എന്തൊരു ദുർഗതിയാണ്? എവിടെയെങ്കിലും മൂന്നുസെന്റ് അളന്നിട്ടുകൊടുത്തിട്ട് മനുഷ്യനെ ഇതുപോലെ കൊല്ലാക്കൊല ചെയ്യുന്ന ഒരു സമീപനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായെങ്കിൽ, അതിനുപകരം ഇവിടെ ശ്രീ. എ. പ്രദീപ്കുമാർ സൂചിപ്പിച്ചതുപോലെ ഇവരെയൊക്കെ എവിടെയെങ്കിലും കൊണ്ടുപോയി നടതള്ളാനല്ല അവർക്ക് ജീവിക്കാനാവശ്യമായ സൗകര്യം ഉറപ്പുവരുത്താനാണ് "ലൈഫ്" പദ്ധതിക്ക് രൂപം നൽകിയത്. ഇതൊക്കെ നടക്കണമെങ്കിൽ ഒരു മുഖ്യമന്ത്രിയും കുറച്ച് മന്ത്രിമാരും ഒരു ഭരണകക്ഷിയും ഒരു ഗവൺമെന്റും മാത്രം വിചാരിച്ചാൽ പോരാ, അതിൽ പ്രതിപക്ഷത്തിനും ഒരു പങ്കുണ്ട്. ആ പങ്ക് അവർ വഹിക്കാൻ തയ്യാറാകണം. രാജ്യവും ജനങ്ങളും അതാണ് അവരിൽനിന്നും പ്രതീക്ഷിക്കുന്നത്. അതല്ലാതെ മുഖം തിരിഞ്ഞുനിൽക്കരുത്. അഴിമതിയുണ്ടെങ്കിൽ കഴിഞ്ഞ കാലത്ത് ഞങ്ങൾ ചെയ്തതുപോലെ പ്രതിഷേധിക്കട്ടെ, ആക്ഷേപമുണ്ടെങ്കിൽ പറയട്ടെ, ജനങ്ങൾക്ക് മനസ്സിലാകും. ആറ് ദിവസംകൊണ്ട് പ്രതിയെ പിടിച്ചിട്ടും ഏത് സ്ത്രീയുടെ സുരക്ഷയുടെ പേരുപറഞ്ഞാണ് ഇപ്പോൾ ഇവർ ഇറങ്ങിപ്പോയത്? ഇവരുടെ കാലത്ത് അത്തരത്തിൽ എന്തെങ്കിലുമൊരു നടപടി ചെയ്തുവെന്ന് അവർക്ക് പറയാൻ സാധിക്കുമോ? അതുകൊണ്ട് ഇത്തരത്തിൽ കണ്ണിൽ പൊടിയിടുന്ന സമീപനം സ്വീകരിച്ചുപോകരുത് എന്നുള്ള ഒരു അഭ്യർത്ഥന പ്രതിപക്ഷത്തോട് അവരുടെ അസാന്നിദ്ധ്യത്തിലും നടത്തിക്കൊണ്ട് ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി ശക്തിയായി പിന്തുണയ്ക്കുന്നതായി അറിയിക്കുന്നു.

12.52 PM]

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. അഡോൾഫ് ഹിറ്റ്ലർ അദ്ദേഹത്തിന്റെ ആത്മകഥയായ മെയിൻ കാഫിൽ പറയുന്നൊരു പ്രയോഗമുണ്ട്, "പ്രസംഗങ്ങളാണ് എക്കാലവും വാക്കുകളെക്കാൾ ജനഹൃദയങ്ങളെ കീഴടക്കിയത്". അതിന് ചരിത്രം നൽകുന്ന

ഏറ്റവും വലിയ ഉദാഹരണമാണ് മാർക് ആന്റണിയുടെ പ്രസംഗം. 'Friends, Romans, countrymen lend me your ears....' എന്നുതുടങ്ങുന്ന മാർക് ആന്റണിയുടെ ഉജ്ജ്വല പ്രസംഗം റോമൻ ജനതയെ സത്യം ബോദ്ധ്യപ്പെടുത്താൻ സഹായിച്ചതാണ്; അതിന് വിരുദ്ധ അഭിപ്രായങ്ങളുമുണ്ട്. ഒരു നുണതന്നെ പലകുറി ആവർത്തിച്ചാൽ അത് സത്യമായി പരിണമിക്കുമെന്ന ഗീബൽസിയൻ തിയറിയിൽ വിശ്വസിക്കുന്നവർ നടത്തുന്ന തേൻപുരണ്ട ചതിപ്രസംഗത്തിന്റെ മറ്റൊരുദാഹരണമായി നാളെ ഇന്ത്യൻ പ്രധാനമന്ത്രിയുടെ പ്രസംഗം ചരിത്രം വിലയിരുത്തും. 'മേരെ പ്യാരെ ദേശ് വാസിയോം....' എന്നുതുടങ്ങുന്ന പ്രധാനമന്ത്രിയുടെ പ്രസംഗം ഇന്ത്യൻ ജനത പാവനവൽക്കരിച്ചതോടെ ഈ രാജ്യത്ത് എന്തുസംഭവിച്ചുവെന്ന് നമുക്കെല്ലാം അറിയാം. ഭരണത്തിലെത്തിയാൽ കള്ളപ്പണം പിടിക്കുമെന്നും ആ പണം നാട്ടിലെ പൗരന്മാരുടെ അക്കൗണ്ടിൽ വീതിച്ചുനൽകുമെന്നുമായിരുന്നു ശ്രീ. നരേന്ദ്ര മോദിയുടെ വാഗ്ദാനം. Demonetization നടപ്പിലാക്കിയപ്പോൾ അഞ്ഞൂറിന്റെയും ആയിരത്തിന്റെയും നോട്ടുകൾ നിരോധിച്ചു. കള്ളപ്പണം തിരിച്ചുകൊണ്ടുവരാനാണെന്ന് ഇന്ത്യയിലെ പാവപ്പെട്ട ജനങ്ങളെ വിശ്വസിപ്പിക്കുകയും ചെയ്തു. യുക്തിരാഹിത്യത്തെ ചൂണ്ടിക്കാട്ടിയവരെ ഏകാധിപതിയെപ്പോലെ കള്ളപ്പണക്കാരായി ചിത്രീകരിച്ച് ഒറ്റപ്പെടുത്തി. ബഹുഭൂരിപക്ഷം എതിർശബ്ദങ്ങളും നിശബ്ദമാക്കപ്പെടുന്ന സാഹചര്യവുമുണ്ടായി. ഇന്ത്യയിലെ ജനങ്ങൾക്ക് കള്ളപ്പണം പിടിച്ചെടുത്ത് നൽകിയില്ലെന്നുമാത്രമല്ല, പകരം ദരിദ്രകോടികളെ പൊരിവെയിലത്ത് നിർത്തി കയ്യിലുണ്ടായിരുന്ന അണാപൈസ പിടിച്ചുപറിക്കുന്ന സാഹചര്യവുമുണ്ടായി. ഇതിന്റെ പേരിൽ നൂറുകണക്കിനാളുകൾ ദുരന്തത്തിൽ മരണപ്പെട്ടു. Demonetization ഫലത്തിൽ ദുരന്തമായി മാറി. 1946-ൽ ആദ്യമായി പതിനായിരത്തിന്റെയും ആയിരത്തിന്റെയും നോട്ടുകൾ നിരോധിച്ചിട്ടുണ്ട്. 1954-ൽ അത് പുനഃസ്ഥാപിച്ചു. വീണ്ടും 1978-ൽ ആയിരത്തിന്റെയും പതിനായിരത്തിന്റെയും കറൻസികൾ നിരോധിച്ചു. പക്ഷേ അന്ന് ഇതൊന്നും സാധാരണക്കാരനെ ബാധിച്ചില്ല. അന്ന് പതിനായിരത്തിന്റെയും ആയിരത്തിന്റെയും നോട്ടുകൾ സാധാരണക്കാരുടെ കൈകളിൽ ലഭ്യമല്ലായിരുന്നു എന്നുള്ളതുകൊണ്ടാണ് സാധാരണ ജനങ്ങളുടെയിടയിൽ ഈ നോട്ട് നിരോധനം കാര്യമായ ക്ഷതമേൽപ്പിക്കാതിരുന്നത്. ഇപ്പോൾ യാതൊരുവിധ

തയ്യാറെടുപ്പും ഇല്ലാതെ നടത്തിയ നോട്ട് നിരോധനം അക്ഷരാർത്ഥത്തിൽ രാജ്യത്തെ സ്തംഭിപ്പിക്കുക തന്നെയുണ്ടായി. ഒരു ഭരണാധികാരിയുടെ വികലമായ കാഴ്ചപ്പാടും നയവും കാരണം രാജ്യത്തെ ജനങ്ങൾ കഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. സമസ്ത മേഖലകളും ഇതുമൂലം സ്തംഭനാവസ്ഥയിലാകുകയും ചെയ്തു. വിദ്യാഭ്യാസ മേഖല, ചികിത്സാ മേഖല, നിർമ്മാണ മേഖല എന്നിവ മാത്രമല്ല, നമ്മുടെ രാജ്യത്തിന്റെ വളർച്ചയെ തകർത്ത ഒരു നയമെന്ന നിലയിലാണ് demonetization-നെ രാജ്യം വിലയിരുത്തുന്നത്. ഡിജിറ്റലൈസേഷനാണ് ഇപ്പോൾ രാജ്യത്തിന്റെ പ്രധാനമന്ത്രി മുന്നോട്ടുവയ്ക്കുന്ന മുദ്രാവാക്യം. സാധാരണക്കാരെയും പാവപ്പെട്ടവരെയും പരിഗണിക്കാതെയുള്ള ഡിജിറ്റലൈസേഷൻ പരിപാടികളെ ഞങ്ങൾക്ക് പിന്തുണയ്ക്കാൻ കഴിയില്ല. ഞങ്ങളുടെ നിലപാട് തൊഴിലാളികളുടെയും സാധാരണക്കാരന്റെയും ഒപ്പമാണെന്ന് ഒരിക്കൽകൂടി ആവർത്തിക്കുകയാണ്. ഇപ്പോൾ പ്രധാനമന്ത്രി നടത്തുന്ന പ്രസംഗം മുഴുവൻ കറൻസിരഹിത രാജ്യത്തെക്കുറിച്ചാണ്. കറൻസിരഹിത രാജ്യം എന്നുപറയുന്നത് വികസിത രാജ്യങ്ങളിൽപ്പോലും പരീക്ഷിച്ച് പരാജയപ്പെട്ട ആശയമാണ്. ഇന്ത്യയിലെ ജനങ്ങൾക്ക് സമാധാനത്തോടുകൂടി മലമൂത്ര വിസർജ്ജനംപോലും നടത്തുവാൻ ആവശ്യമായ സൗകര്യം ഇപ്പോഴും വേണ്ടത്രയില്ല എന്നുള്ളതാണ് വാസ്തവം. 2014-ൽ കൊണ്ടുവന്ന "സ്വച്ഛ് ഭാരത് " പദ്ധതിയുടെ കീഴിൽ എല്ലാ വീടുകളിലും ശുചിമുറികൾ നിർമ്മിക്കുന്നതിനെപ്പറ്റിയുള്ള പ്രഖ്യാപനങ്ങളുണ്ടായി. തുറസ്സായ സ്ഥലങ്ങളിലെ സമ്പൂർണ്ണ മലമൂത്രവിസർജ്ജന രഹിത സംസ്ഥാനമായി കേരളത്തിന് മാറാൻ കഴിഞ്ഞു. എന്നാൽ മറ്റ് സംസ്ഥാനങ്ങളുടെയൊക്കെ സ്ഥിതി പ്രത്യേകമായി എടുത്തു പരിശോധിക്കേണ്ടതാണ്.

ജാതിയും മതവും വർഗ്ഗവും ഗോത്രവും തിരിച്ചുപറഞ്ഞ് ജനങ്ങളെ ഭിന്നിപ്പിച്ച് ഭരിച്ചതിന്റെ അടിസ്ഥാനത്തിലോ, അധികാരക്കസേരയിലിരുന്ന് കൈയിട്ട് വാരിയിട്ടോ കേരളത്തിൽ വികസന നേട്ടങ്ങളുണ്ടായത്. ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകി. ജാതി ചിന്തയെ പടികടത്തുവാൻ സമുദായിക ശക്തികളും സാംസ്കാരിക സാമൂഹിക പ്രവർത്തകരും ഒരേ മനസ്സോടെ നിന്നു എന്നുള്ളതു കൊണ്ടാണ് ഈ നേട്ടങ്ങളുണ്ടായത്. അത്തരം പ്രവർത്തനങ്ങളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ

ചരിത്രം കേരളം തങ്കലിപികളിൽ എഴുതപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസ മാതൃകയിലും ആരോഗ്യ രംഗത്തും കേരളം ഒരു മോഡലായി. സാംസ്കാരികമായും ഒട്ടനവധി മോഡലുകൾ കേരളത്തിൽ ചർച്ച ചെയ്യപ്പെട്ടു. ഭക്ഷ്യ സുരക്ഷാ മേഖലയിൽ മാതൃക സൃഷ്ടിച്ച സംസ്ഥാനമാണ് കേരളം. ശ്രീനാരായണഗുരുവിനെയും അയ്യങ്കാളിയെയും മന്നത്ത് പത്മനാഭനെയും ചാവറ അച്ചനെയും ഏതെങ്കിലും സമുദായത്തിന്റെ ബാനറിൽ കെട്ടാതെ ഓരോ മലയാളിയുടെയും ആദർശ പുരുഷൻമാരായി മാറ്റിയത് അങ്ങനെയാണ്. അഞ്ച് വയസ്സുമുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കി. 2009-ലാണ് നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസ അവകാശ നിയമം പാസ്സാക്കുന്നത്. കേന്ദ്ര സർക്കാർ 2009-ൽ ഈ നിയമം കൊണ്ടു വരുന്നതിനുമുമ്പുതന്നെ കേരളം വിദ്യാഭ്യാസരംഗത്ത് എത്രയോ മുൻപന്തിയിലായിരുന്നു. വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമം നമ്മുടെ സംസ്ഥാനത്ത് ഇത് നടപ്പിലാക്കുന്നതിന് പ്രായോഗികമായി ചില പ്രതിസന്ധികൾ ഉണ്ടായെങ്കിൽപ്പോലും വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമത്തിന്റെ ആനുകൂല്യങ്ങളും അതുമായി ബന്ധപ്പെട്ട് ലഭ്യമായ തുകകൾ ചെലവഴിക്കുന്നതിനും നേടിയെടുക്കുന്നതിനുമുള്ള വലിയ ശ്രമം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഭാഗത്തു നിന്നുമുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഒട്ടനവധി ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും വിദ്യാഭ്യാസ മേഖലയിൽ സമാധാന അന്തരീക്ഷമുണ്ടാക്കാനും മികച്ച വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കാനും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഗവർണർ അവതരിപ്പിച്ച ഈ നയപ്രഖ്യാപന പ്രസംഗത്തിലും അതിന്റെ ഭാഗമായിത്തന്നെ ഒട്ടനവധി കാര്യങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്.

കേരളമൊഴികെയുള്ള സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ വളരെ ഗുരുതരാവസ്ഥയിൽ തുടരുന്ന സാഹചര്യമാണുള്ളത്. ഒറീസ്സ, ഛത്തീസ്ഗഢ്, ആസാം, ബീഹാർ തുടങ്ങിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലെത്തിയ തൊഴിലാളികളുടെ

മക്കളുടെ ഇടയിൽ നടത്തിയ സർവ്വേയിൽ 14 വയസ്സായിട്ടും നാളിതുവരെ പള്ളിക്കൂടം കാണാത്ത ധാരാളം കുട്ടികളുള്ളതായി കാണാൻ സാധിച്ചിട്ടുണ്ട്. അങ്ങനെയുള്ള 400-ലധികം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് പീരുമേട് നിയോജകമണ്ഡലത്തിൽ 'മെഹബിൻ' എന്ന പേരിൽ ഒരു പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകി. ഇതരസംസ്ഥാന കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും സംഗമം ഞങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഇന്ത്യയിൽത്തന്നെ അത്തരത്തിലൊരു പരിപാടി ആദ്യമായാണ് നടത്തിയിട്ടുള്ളതെന്നാണ് ഞങ്ങൾക്ക് ലഭ്യമായിട്ടുള്ള വിവരം. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന 400-ലധികം കുട്ടികൾ; അതിൽത്തന്നെ ആദ്യമായി സ്കൂളിന്റെ പടി കയറി എത്തിയവരുമുണ്ട്. 'മേരാ പ്യാരേ ദേശ്വാസിയോം' എന്നു പറയുന്ന പ്രയോഗം നമ്മുടെ വാക്കുകളിൽ മാത്രം പോരാ, പ്രായോഗികതലത്തിലും കൊണ്ടുവരണം. വിദ്യാഭ്യാസപരമായും സാംസ്കാരികമായും സാമൂഹികമായും അവരെ നമ്മളോടൊപ്പം നിർത്തിക്കൊണ്ടാകണം വാക്കുകൾ യഥാവിധം പ്രയോഗിക്കേണ്ടത്. വിദ്യാഭ്യാസം സാർവ്വത്രികവും മികവുറ്റതുമാക്കാൻ കേരളം നടത്തുന്ന ശ്രമങ്ങളെ ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു. കേരളത്തിലെ 1000 വിദ്യാലയങ്ങളെ അടുത്ത അഞ്ചുവർഷംകൊണ്ട് മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രഖ്യാപനം മാത്രമല്ല, അതിന്റെ പ്രവർത്തനങ്ങളും ആരംഭിച്ചു. വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തി എല്ലാവർക്കും മികച്ച വിദ്യാഭ്യാസം നൽകാൻ ഈ സർക്കാർ ലക്ഷ്യമിടുന്നു. പഠനമികവ് മാത്രമാക്കി ചുരുക്കാതെ വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും കാതലായ മാറ്റം കൊണ്ടുവരുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. മണ്ണിനെയും മനുഷ്യനെയും സ്നേഹിക്കുന്ന ഒരു തലമുറയാണ് നമുക്കാവശ്യം. പ്രീ-പ്രൈമറിതലം മുതലുള്ള വിദ്യാഭ്യാസ മേഖലയുടെ സ്വകാര്യവൽക്കരണം വിദ്യാഭ്യാസ കമ്പോളവൽക്കരണത്തിന്റെ ഉത്തമോദാഹരണമായി മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഉത്തമദൃഷ്ടാന്തങ്ങളാണ് ഇന്ന് നമുക്ക് ചുറ്റും കണ്ടുകൊണ്ടിരിക്കുന്നത്. നെഹ്റു കോളേജിലും ടോംസ് കോളേജിലും ലോ അക്കാദമിയിലും മാത്രമായി ഒതുങ്ങുന്നതല്ല വിദ്യാഭ്യാസ മേഖലയെ ഗ്രസിച്ചിരിക്കുന്ന വിഷയങ്ങൾ. അക്രമരാഷ്ട്രീയത്തിന്റെ പേരുപറഞ്ഞ് വിദ്യാർത്ഥികളെ അരാഷ്ട്രീയവാദികളാക്കി; പിന്നീട് വിദ്യാർത്ഥികളിൽ ജാതി ചിന്ത കുത്തിക്കയറ്റി മതസാമൂഹിക പ്രവർത്തകർ അവരുടെ വക്താക്കളാക്കി; കേരളം നേടിയ സാംസ്കാരിക

പുരോഗതിയെ തച്ചുടയ്ക്കാൻ നടത്തുന്ന ശ്രമമാണ് ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. വിദ്യാർത്ഥികളും അദ്ധ്യാപകനും തമ്മിലുള്ള ബന്ധം ചരക്കുകൈമാറ്റ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഇന്ന് വിലയിരുത്തപ്പെടുന്നത്. അതിനോട് ഒരു വിധത്തിലും യോജിക്കാൻ നമുക്ക് കഴിയില്ല. കേരളത്തിലെ സ്വാശ്രയ മേഖലയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംഭവ വികാസങ്ങൾ പൊതുസമൂഹത്തിൽ കടുത്ത ആശങ്ക സൃഷ്ടിക്കുന്നുണ്ട്. ക്യാമ്പസുകൾപോലും വിദ്യാർത്ഥികളുടെ കൊലക്കളങ്ങളായി മാറുന്നു. ഇത്തരം ക്യാമ്പസുകളിൽ പഠനമികവും അച്ചടക്കവുമുണ്ടാക്കാനെന്ന പേരിൽ അനഭിലഷണീയമായ ശിക്ഷണ നടപടികൾ പിന്തുടരുന്നുണ്ട്. ഇത് വിദ്യാർത്ഥികളെ കടുത്ത മാനസിക സംഘർഷങ്ങൾക്ക് വിധേയമാക്കുകയും; അവരുടെ അഭിരുചികൾക്കും സ്വതന്ത്രമായ ചിന്തകൾക്കും കടിഞ്ഞാണിടുകയും ചെയ്യുന്നുണ്ട്. ഇത്തരം ക്യാമ്പസുകളിൽ സംഘടനാ പ്രവർത്തനങ്ങൾപോലും അനുവദിക്കുന്നില്ല. ഇത് മാനേജ്മെന്റുകളുടെ ഏകാധിപത്യ ഭരണത്തിന് കാരണമാകുന്നുണ്ട്. കച്ചവട താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പ്രവേശനം നടത്തുന്നതുമൂലം വിദ്യാഭ്യാസ നിലവാരം കുറയുകയും കേരളത്തിൽ നിന്നുള്ള പ്രൊഫഷണൽ ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ രംഗത്ത് അവമതിപ്പിന് കാരണമാകുകയും ചെയ്തിട്ടുണ്ട്. അതിനാൽ ക്യാമ്പസുകളെ കച്ചവടസ്ഥാപനങ്ങളാക്കി മാറ്റുന്ന രീതി അവസാനിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കും നാടിനും ഭാവി തലമുറയ്ക്കും ഉതകുന്ന വിധത്തിൽ രൂപപ്പെടുത്തിയെടുക്കുന്നതിനാവശ്യമായ ക്രിയാത്മക ഇടപെടലുകളുണ്ടാകണം. വിദ്യാഭ്യാസരംഗത്തെ ഉദാരവൽക്കരണംമൂലം ഇന്ന് വിദേശ യൂണിവേഴ്സിറ്റികളിലെ വിദ്യാർത്ഥികളുടെ ഭാവിപോലും അനിശ്ചിതത്വത്തിലാക്കുന്ന സാഹചര്യങ്ങളു ണ്ടാകുന്നുണ്ട്. ഇതൊക്കെ ഗൗരവതരമായി പരിഗണിക്കേണ്ട വിഷയങ്ങളാണ്.

115 വർഷത്തിനിടയിലെ ഏറ്റവും വലിയ വരൾച്ചയാണ് ഇന്ന് നമ്മൾ അനുഭവിക്കുന്നത്. കേരളത്തിന് ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാൻ കേന്ദ്രഗവൺമെന്റ് ഇതുവരെയും തയ്യാറായിട്ടില്ല. എന്തുകൊണ്ടാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഇത്തരം ഇരട്ടത്താപ്പുണ്ടാകുന്നത് എന്നുള്ളതു സംബന്ധിച്ച് വിശദീകരിക്കേണ്ട ഒരു കാര്യവുമില്ല. അതിലെ രാഷ്ട്രീയം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ ഈ വിഷയത്തെ ജാഗ്രതയോടു കൂടി കണ്ടില്ലെങ്കിൽ ഗുരുതരമായ സ്ഥിതിലേയ്ക്ക് നമ്മൾ പോകുന്നൊരു

സാഹചര്യമുണ്ടാകും. നെല്ല്, തേയില, റബ്ബർ, നാളികേരമടക്കമുള്ള കേരളത്തിലെ കൃഷിക്കാർ പ്രതിസന്ധിയിലാണ്. കേരളത്തോട് കേന്ദ്രം കാണിക്കുന്ന നിലപാട് രാഷ്ട്രീയ സങ്കുചിത ചിന്താഗതിയുടെ ഉദാത്ത മാതൃകയാണ്. കേരളത്തിന്റെ സമൂഹ മനസ്സാക്ഷിയെയും രാഷ്ട്രീയ ചിന്തയെയും ഇല്ലാതാക്കാൻ കേന്ദ്രം സ്വീകരിക്കുന്ന ബാലിശമായ തന്ത്രങ്ങൾ എന്നുള്ള നിലയിൽ ഇതിനെ കാണണം. കേരളത്തിൽ ഏതെങ്കിലും തരത്തിലുള്ള അക്രമങ്ങളുണ്ടായാൽ അതിനെ രാഷ്ട്രീയ കലാപമായി ചിത്രീകരിച്ച് ക്രമസമാധാനത്തകർച്ചയായും കേന്ദ്ര സൈന്യത്തെ ഇവിടെയിറക്കേണ്ടതിനെക്കുറിച്ചുമാണ് പലരും പ്രസംഗിക്കുന്നത്. കേരള സർക്കാരിനെയും ബി.ജെ.പി.-ക്ക് വോട്ട് ചെയ്യാത്തതിന്റെ പേരിൽ കേരള ജനതയേയും മോദി സർക്കാർ ഭീഷണിപ്പെടുത്തി വരുതിയിൽ നിർത്തുന്നതിനുള്ള തന്ത്രങ്ങളാണ് ആവിഷ്കരിക്കുന്നത്. വിദ്യാഭ്യാസ-സാമൂഹിക മേഖലകളിൽ ഏറെ പുരോഗമിച്ച എന്നു പറയപ്പെടുന്ന കേരളത്തിൽ കഴിഞ്ഞ ദിവസം ഒരു കലാകാരി വാഹനത്തിൽ വച്ച് പീഡനത്തിനിരയായപ്പോൾ ബി.ജെ.പി.-വലത് രാഷ്ട്രീയ പാർട്ടികൾ സ്വീകരിച്ച നിലപാട് സങ്കുചിതമാണ്. രാഷ്ട്രീയം മറന്ന് സ്ത്രീസുരക്ഷാ വിഷയത്തിൽ ഏകാഭിപ്രായം പുലർത്തേണ്ടവർ, ആക്രമിച്ച പ്രതിയെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ കൊടിക്കീഴിൽ നിർത്തുന്നതിനുള്ള ശ്രമമാണ് നടത്തിയത്. കലാകാരി തൊഴിൽപരമായി യാത്ര ചെയ്യേണ്ടിവന്നപ്പോൾ, അവർ തനിച്ച് യാത്ര ചെയ്തതിന്റെ അനൗചിത്യത്തെക്കുറിച്ച് സംസാരിക്കാനാണ് കലാകാരന്മാർ ശ്രമിച്ചത്.

ശ്രീ. പി. സി. ജോർജ് : സർ, ഇന്ന് നമ്മുടെ സഭ ചർച്ച ചെയ്യേണ്ട കാര്യം, കാരുണ്യ പദ്ധതി നിർത്തിയോ എന്നതാണ്. ഇന്നലെ എന്റെ നിയോജക മണ്ഡലത്തിൽ ഒരു രോഗിക്ക് പണം ലഭിച്ചതായി എന്നെ അറിയിച്ചു. കാരുണ്യ പദ്ധതി നിർത്തിയെന്നുപറഞ്ഞ് ഈ സഭയ്ക്കകത്തുള്ള ഒരംഗം സെക്രട്ടേറിയറ്റിന് മുന്നിൽ നിരാഹാരമിരിക്കുകയാണ്. ഇത് ജനങ്ങളെ വഞ്ചിക്കലല്ലേ? എന്തുകൊണ്ട് ഗവൺമെന്റ് ഇക്കാര്യം എടുത്തു പറയുന്നില്ല? കാരുണ്യ പദ്ധതി നിർത്തിയിട്ടില്ലെന്ന് പറയേണ്ട ബാധ്യത ഗവൺമെന്റിനില്ലേ? ഒരു എം.എൽ.എ. അല്ലെങ്കിൽ ഒരു രാഷ്ട്രീയക്കാരൻ നുണ പറഞ്ഞുകൊണ്ട് രാജ്യം മുഴുവൻ നടന്നാൽ അത് ശരിയാണെന്ന ചിന്ത ജനങ്ങളിൽ ഉണ്ടാകുകയില്ലേ? എന്തുകൊണ്ട് മന്ത്രിമാർ ഇക്കാര്യം തുറന്നു പറയുന്നില്ല; കാരുണ്യ പദ്ധതി നിർത്തി എന്ന് ശ്രീമതി ഇ. എസ്. ബിജിമോൾക്ക് തോന്നലുണ്ടോ?

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ശ്രീ. മോൻസ് ജോസഫ് ഈ വിഷയം അടിയന്തരപ്രമേയമായി കൊട്ടുത്തിരുന്നു. ശ്രീ. പി. ടി. തോമസിന് അടിയന്തരപ്രമേയം അനുവദിച്ചതുകൊണ്ട് ശ്രീ. മോൻസ് ജോസഫിന് അടിയന്തര പ്രമേയത്തിന് പകരമായി സബ്മിഷൻ അനുവദിച്ചു. അങ്ങ് ഇവിടെ ഒറ്റയാനായി ഇരിക്കുന്നതുകൊണ്ടാണ് അങ്ങയോട് ആരും അത് പറയാതെ പോയത്. സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിന് മറുപടി പറഞ്ഞിരുന്നു. കാരുണ്യ പദ്ധതി നിലവിലുണ്ടെന്നും കൊടുക്കാനുണ്ടായിരുന്ന തുക മുഴുവൻ കൊടുത്തു തീർത്തുവെന്നും ഇനി സർക്കാർ ആശുപത്രികളിലാണ് പണം കൊടുക്കാനുള്ളതെന്നും 130 കോടി രൂപയുടെ വൗച്ചറും ബന്ധപ്പെട്ടവയും മാത്രമേ വന്നിട്ടുള്ളൂവെന്നും ഏതെങ്കിലും തരത്തിൽ പണം കൊടുക്കാനുണ്ടെങ്കിൽ ആ പണവും സർക്കാർ കൊടുത്തുതീർക്കുന്നതാണെന്നുമൊക്കെയുള്ള മറുപടി പറയുകയുണ്ടായി. കാരുണ്യ പദ്ധതി തുടരുകയാണ്. അദ്ദേഹം നിരാഹാരം കിടക്കുന്നുണ്ടെങ്കിൽ ഒരുപക്ഷേ ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർലമെന്ററി പാർട്ടിയിൽ നിന്നുള്ള എം.എൽ.എ.-മാരും പോയി കാര്യം ധരിപ്പിച്ച് അദ്ദേഹത്തെ എഴുന്നേൽപ്പിച്ചുകൊണ്ടുവരും.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഈ സഭയിൽ ഗവൺമെന്റ് ഉറപ്പ് നൽകിയിട്ടും ഈ മറുപടി കേട്ട എം.എൽ.എ. ആ സത്യാഗ്രഹിയുടെ അടുത്തിരിപ്പുണ്ട്. ഞാൻ ഇപ്പോൾ അത് കണ്ടിട്ട് വരികയാണ്. അത് മോശമല്ലേ? സഭയെയും ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കുന്ന രാഷ്ട്രീയ നേതാക്കന്മാരുടെ നടപടിക്കെതിരെ ശക്തമായ ഇടപെടലുണ്ടാകണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, കലാകാരി തൊഴിൽപരമായി യാത്ര ചെയ്യേണ്ടി വന്നപ്പോഴുണ്ടായ ഒരു ദുരന്തത്തെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. രാത്രി സമയത്ത് ഇങ്ങനെ തനിച്ച് യാത്ര ചെയ്യാമോ എന്ന തരത്തിൽ കലാകാരന്മാരുടെ സംഘടനപോലും ബോധപൂർവ്വം ചർച്ച നടത്തിയെന്ന് പറയുന്നത് നമുക്ക് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. നിർഭയ കൊല്ലപ്പെട്ടപ്പോഴും ഇത്തരം നിലപാടാണ് ഡൽഹിയിലെ അന്നത്തെ വനിതാ മുഖ്യമന്ത്രിപോലും സ്വീകരിച്ചത്. രാത്രികൾ എന്നു പറയുന്നത് പുരുഷന്മാരുടെ മാത്രം സ്വകാര്യ സ്വത്താണെന്നും അതിലേയ്ക്ക് നുഴഞ്ഞുകയറുന്ന സ്ത്രീയെ ശാരീരികമായും മാനസികമായും തകർക്കുന്ന പൊതുബോധത്തെ സൃഷ്ടിക്കുന്ന ഇത്തരം സംഭവങ്ങൾ തുടച്ചുനീക്കാൻ രാഷ്ട്രീയകക്ഷികളും എന്റെ സഹപ്രവർത്തകരായ എം.എൽ.എ.-മാരും പുരുഷസുഹൃത്തുക്കളും രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾ

മറന്ന് സ്ത്രീകൾക്കൊപ്പം നിൽക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. എല്ലാവരുടെയും പിന്തുണ ഇക്കാര്യങ്ങളിലുണ്ടാകണം. സ്ത്രീകളെ അമ്മയായും സഹോദരിയായും മകളായും പരിഗണിച്ച് ബഹുമാനിക്കുന്ന സാംസ്കാരിക നിലപാട് സ്വീകരിക്കുന്നത് നല്ലതായിരിക്കും. സ്ത്രീയെ പൂർണ്ണ വ്യക്തിയായി പരിഗണിക്കണമെന്ന് ഈ സഭയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ ബഹുഭൂരിപക്ഷം സ്ത്രീകളും അഭ്യസ്തവിദ്യരാണ്. എന്നാൽ 29 ശതമാനം സ്ത്രീകൾ മാത്രമാണ് സോഷ്യൽ മീഡിയ ഉപയോഗിക്കുന്നത്. സോഷ്യൽ മീഡിയ ഉപയോഗിക്കുന്ന സ്ത്രീകളെ മാനസികമായും വൈകാരികമായും തകർക്കാനും സന്മാർഗ്ഗം പഠിപ്പിക്കുവാനു മെത്തുന്ന ആങ്ങളമാരെക്കൊണ്ട് പൊറുതിമുട്ടി സോഷ്യൽ മീഡിയയോട് വിട പറയേണ്ടിവന്ന സ്ത്രീകൾ ധാരാളമുണ്ട്. എനിക്കവരെ വ്യക്തിപരമായി അറിയാം. 1914 മുതൽ മാർച്ച് എട്ട് വനിതാദിനമായി ആചരിക്കുകയാണ്. ഞാൻ ഉൾപ്പെടുന്ന പ്രസ്ഥാനങ്ങൾ നടത്തുന്ന സിമ്പോസിയങ്ങൾക്കും റാലികൾക്കും സമൂഹ നിർമ്മിതിയിൽ ഒരു ചെറിയ ചലനംപോലും ഉണ്ടാക്കാനാകുന്നില്ലെന്നാണ് തോന്നുന്നത്. 10 വർഷം മുമ്പ് സാധാരണമല്ലായിരുന്ന മൊബൈൽ ഫോണുകൾ ഇന്ന് സർവ്വസാധാരണമായിക്കഴിഞ്ഞു. ഇന്ന് നാം 4G-യാണ്. റോക്കറ്റ് വിക്ഷേപണരംഗത്ത് ഒരു ഉപഗ്രഹവുമായി പറന്ന നമ്മൾ 104 ഉപഗ്രഹങ്ങൾ ഒരുമിച്ച് വിക്ഷേപിക്കാൻ പ്രാപ്തിയുള്ളവരായി. എന്നാൽ സ്ത്രീകളെക്കുറിച്ചുള്ള നമ്മുടെ സാമൂഹിക നിർമ്മിതികൾ എത്ര പരിമിതമാണെന്ന് നോക്കണം. സ്ത്രീ കുടുംബത്തിലും സമൂഹത്തിലും സോഷ്യൽ മീഡിയയിലും അഭിപ്രായം പറഞ്ഞാൽ അപഹാസ്യരാക്കപ്പെടുന്ന സാഹചര്യമുണ്ടാകും. സ്ത്രീ രാഷ്ട്രീയക്കാർ അഭിപ്രായ പ്രകടനം നടത്തിയാൽ, പുരുഷന്മാർക്കൊപ്പംനിന്ന് അജിറ്റേഷനുകൾക്ക് നേതൃത്വം നൽകിയാൽ മാധ്യമങ്ങൾ ലൈംഗികച്ചുവയുള്ള ആക്ഷേപഹാസ്യങ്ങൾ നടത്തി സദാചാരവിരുദ്ധരായി ചിത്രീകരിക്കുകയാണ് ചെയ്യുന്നത്.

എല്ലാ താലൂക്കുകളിലും വനിതാ പോലീസ് സ്റ്റേഷൻ എന്ന ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തെ സ്വാഗതം ചെയ്യുകയാണ്. പുരുഷകേന്ദ്രീകൃത സദാചാര നിർമ്മിതിയിൽ മാറ്റം വരുത്തേണ്ടതുണ്ട്. അതിന് ബില്ലും നിയമവും കൊണ്ടുമാത്രം സാധിക്കുമെന്ന് കരുതുന്നില്ല. ഞാനുൾപ്പെടെയുള്ള സ്ത്രീകൾക്ക് പുരുഷകേന്ദ്രീകൃത സമൂഹനിർമ്മിതിയിൽ പങ്കുണ്ടെന്ന വസ്തുത അംഗീകരിച്ചു കൊണ്ട് പറയുകയാണ്, ജിഷയും സൗമ്യയും നമ്മൾ പുറത്തറിഞ്ഞ പേരുകളാണ്. ഇനിയും നിശ്ശബ്ദമായി ഇത്തരം പീഡനങ്ങൾക്ക് ഇരയാകുന്ന ഒരു സ്ത്രീയും ഇവിടെ ഉണ്ടാകാൻ പാടില്ല. ദ്രൗപദിയുടെ ശപഥം പോലെ നമ്മുടെ കലാകാരി നടത്തിയ ശ്രമം, അവർക്കുനേരെ ആക്രമണം ഉണ്ടായപ്പോൾ യഥാർത്ഥത്തിൽ ആ

കലാകാരിയുടെ പേര്, മുഖം എന്നിവ നഷ്ടപ്പെട്ടു. 'ഇര' എന്ന പുതിയ പേര് കലാകാരിക്ക് സ്വീകരിക്കേണ്ടിവന്നു. പ്രശസ്തയായ കലാകാരിയാണ് അവർ. ഈ സഭയിൽ സംസാരിച്ച എല്ലാ ബഹുമാന്യരായ അംഗങ്ങളും 'ഇര' എന്നാണ് സൂചിപ്പിച്ചത്. അവരുടെ പേരുപോലും നഷ്ടപ്പെട്ടിരിക്കുകയാണ്. പേരും നാടും ബന്ധുക്കളും സുഹൃത്തുക്കളും ഇരയ്ക്ക് നഷ്ടമാകുന്നുവെന്ന വേദനാജനകമായ അനുഭവം, സമൂഹമദ്ധ്യത്തിൽ അപമാനിതയാകുന്നുവെന്ന അനുഭവം ഒരു പരാതിപോലും പറയാൻ നിവൃത്തിയില്ലാത്തവിധം സ്ത്രീകളെ നിശ്ശബ്ദരാക്കുന്നുവെന്ന വസ്തുതയും പൊതുസമൂഹം തിരിച്ചറിയേണ്ടതുണ്ട്. അതുകൊണ്ട് 'ഇര' എന്ന് പറയുന്ന പ്രയോഗം തന്നെ അപമാനമാണ്. അപമാനിച്ച ദുശ്ശാസനനെ കയ്യാമം വച്ച് അഴിക്കുള്ളിലാക്കിയ ഭീമനായ സഖാവ് ശ്രീ. പിണറായി വിജയനെ പ്രത്യേകമായി ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. ഈ സർക്കാരിൽ സ്ത്രീകൾക്ക് പൂർണ്ണ വിശ്വാസമുണ്ട്. ദുശ്ശാസനന്മാർ അഴിക്കുള്ളിലാകുമെന്ന കാര്യത്തിൽ യാതൊരുവിധ തർക്കവുമില്ല. ഒരു ഗവൺമെന്റിനെ മോശമായി ചിത്രീകരിക്കുന്നതിനുവേണ്ടി നടത്തുന്ന ശ്രമങ്ങൾ, ഗൂഢാലോചനകൾ നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. എല്ലാ അർത്ഥത്തിലും ഗവൺമെന്റിനെ സംരക്ഷിക്കുന്നതിനുള്ള പ്രതിബദ്ധത ഞങ്ങൾക്കുണ്ട്. ദുശ്ശാസനന്മാർ കർശനമായി ശിക്ഷിക്കപ്പെടണം. പലപ്പോഴും നിയമത്തിന്റെ പഴുതുകളിലൂടെ കുറ്റവാളികൾ രക്ഷപ്പെട്ടുപോകുന്ന സാഹചര്യങ്ങൾ നമ്മൾ കാണുന്നുണ്ട്. അവർ ശിക്ഷിക്കപ്പെടത്തക്ക വിധത്തിൽ, കൃത്യമായി എഫ്.ഐ.ആർ. ഫ്രെയിം ചെയ്യുന്നതടക്കമുള്ള കാര്യത്തിൽ നിതാന്ത ജാഗ്രതയുണ്ടാകണം. മറ്റ് കേസ്സുകളിലുണ്ടായതുപോലുള്ള പിഴവുകൾ പോലീസ് ഡിപ്പാർട്ട്മെന്റിന് ഒരിക്കലും ഉണ്ടാകാതിരിക്കുന്നതിനുള്ള അതീവ ജാഗ്രത നമുക്കുണ്ടാകേണ്ടതുണ്ട്.

നമ്മൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന കടുത്ത പ്രശ്നമാണ് വേനലുമായി ബന്ധപ്പെട്ടുള്ളത്. 'ഭൂമിക്കൊരു ചരമഗീത'ത്തിൽ

'മൃതിയുടെ കറുത്ത വിഷപുഷ്പം വിടർന്നതിൻ-
നിഴലിൽ നീ നാളെ മരവിക്കേ,
ഉയിരറ്റനിൻമുഖത്തശ്രുബിന്ദുക്കളാൽ
ഉദകം പകർന്നു വിലപിക്കാൻ
ഇവിടെയവശേഷിക്കയില്ലാരു, മീ ഞാനും!'

എന്ന് പറയുന്ന ഒ.എൻ.വി.-യുടെ കവിത ഈ കാലഘട്ടത്തിൽ വളരെ പ്രസക്തമാണ്. ഭൂമിക്കൊരു ചരമഗീതം പറഞ്ഞ് വിലപിച്ചിട്ട് ഒരു കാര്യവുമില്ല. കവി വളരെ ദീർഘവീക്ഷണത്തോടുകൂടി കണ്ടത് ഇന്ന് നമ്മുടെ ജീവിതത്തിൽ സംഭവിച്ചു എന്നുള്ളതാണ്.

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ഹരിത കേരളം മിഷൻ പദ്ധതിയെ പ്രത്യേകമായി സ്വാഗതം ചെയ്യുകയാണ്. ഈ പദ്ധതി മലയാളിയുടെ പ്രശ്നം മാത്രമല്ല, ലോകത്തിന്റെ പ്രശ്നമാണ്. ഈ വിഷയത്തിൽ നമ്മൾ ജാഗരൂകരാകണം. 44 നദികളും 40 ലക്ഷത്തിലധികം കിണറുകളും നമുക്കുണ്ട്. ബോർവെല്ലുകളുടെ എണ്ണം എത്രയാണെന്നത് സംബന്ധിച്ച് നമുക്കുതന്നെ കൃത്യമായി അറിഞ്ഞുകൂടാ. അതിനായി ഒരു സർവ്വേപോലും നാളിതുവരെയായി നടത്തിയിട്ടില്ല. കേരളത്തിൽ എത്ര ബോർവെല്ലുകളുണ്ടെന്നുള്ളത് സംബന്ധിച്ച് കൃത്യമായ സർവ്വേകൾ നടത്തണം. റീചാർജ് ചെയ്യാൻ കഴിയുന്ന ബോർ വെല്ലുകളുടെ എണ്ണം ശേഖരിക്കേണ്ടതുണ്ട്. ബോർവെല്ലുകൾ റീചാർജ് ചെയ്യാൻ കഴിയുമെന്ന അറിവുപോലും നമുക്കിന്ന് പരിമിതമാണ്.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതും മാലിന്യസംസ്കരണവും ജൈവ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനവും ഹരിത കേരള മിഷൻ ലക്ഷ്യം വയ്ക്കുന്നുണ്ട്. ഇതൊക്കെ നമ്മുടെ വിദ്യാലയങ്ങളിൽ നിന്നുതന്നെ ആരംഭിക്കണം. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാനുള്ള നടപടികളെയും ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപനത്തെയും സ്വാഗതം ചെയ്യുന്നു. ജൈവ കൃഷിയിലേയ്ക്ക് തിരിയുക എന്നത് വളരെ വേഗത്തിൽ നടത്താവുന്ന കാര്യമല്ല, 'സേഫ് ടു ഈറ്റി'-ൽ നിന്ന് ജൈവ കൃഷിയിലേയ്ക്ക് എത്തിച്ചേരുന്നതായിരിക്കും ഉചിതമായ ശിപാർശ എന്ന് കരുതുന്നു. Water man of India എന്ന് അറിയപ്പെടുന്നത് രാജേന്ദ്ര സിംഗാണ്. അദ്ദേഹം രാജസ്ഥാനിലെ താർ മരുഭൂമിയിൽ വരണ്ടുപോയ അഞ്ച് നദികളെ പുനരുജ്ജീവിപ്പിച്ച കഥ പലപ്പോഴും കെട്ടുകഥ എന്നുള്ള രീതിയിലാണ് പരിഗണിക്കുന്നത്. അതിനുദാഹരണം ഈ നാട്ടിലുണ്ട്. മഴക്കാലത്ത് ജലസമൃദ്ധിയുള്ള എന്റെ നിയോജകമണ്ഡലം വേനൽക്കാലമായാൽ വറ്റിവരണ്ടുപോകുന്നു. 3600 അടി ഉയരത്തിൽ താമസിക്കുന്ന ഞങ്ങൾ കുഴൽ കിണറുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. കഴിഞ്ഞ രണ്ട് വർഷമായി കുഴൽ കിണറുകളിലെ ജല വിതാനം താഴ്ന്നതുമൂലമുണ്ടായ പ്രശ്നങ്ങളുണ്ടായിരുന്നു. അത് റീചാർജ് ചെയ്യുന്നതിന് ഒരു മാതൃക സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാർ കുഴൽ കിണറുകളും കിണറുകളും റീചാർജ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രത്യേക പദ്ധതി ആവിഷ്കരിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

കസ്തൂരി രംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് മാർച്ച് ആറാം തീയതി ഞങ്ങളുടെ ജില്ലയിൽ ഹർത്താൽ പ്രഖ്യാപിച്ചിരിക്കുകയാണ്. ഉമ്മൻ വി. ഉമ്മനും കസ്തൂരി രംഗനും മാധവ് ഗാഡ്ഗിലും വന്നുപോയപ്പോൾ അവരെ ന്യായീകരിച്ച, ഉമ്മൻ വി. ഉമ്മൻ റിപ്പോർട്ട് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുമെന്നും

പ്രതിപക്ഷം രാഷ്ട്രീയം കളിക്കുകയാണെന്നും ഇന്നലെ പറഞ്ഞ ആളുകൾ അവർ കൊണ്ടുവന്ന ഉമ്മൻ വി. ഉമ്മൻ റിപ്പോർട്ടിനെ തള്ളി ആറാം തീയതി ഹർത്താൽ ആഹ്വാനം ചെയ്തിരിക്കുന്നതിന്റെ അനൗചിത്യം ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. എന്നാൽ കസ്തൂരി രംഗനും മാധവ് ഗാഡ്ഗിലും ഉമ്മൻ വി. ഉമ്മനും ഞങ്ങളുടെ നാട്ടിലുണ്ടാക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഗൗരവതരമായ ചർച്ച ഈ സഭയിലുണ്ടാകണം. ഗവൺമെന്റിന്റെ അടിയന്തര പരിഗണന ഉണ്ടാകേണ്ട വിഷയമാണിത്. ഉമ്മൻ വി. ഉമ്മന്റെയും കസ്തൂരി രംഗന്റെയും മാധവ് ഗാഡ്ഗിലിന്റെയും പേരുകൾ പറഞ്ഞ് ഇനിയും സ്വൈര്യജീവിതം നഷ്ടപ്പെടുത്തുന്ന ഒരു സാഹചര്യത്തെയും ഞങ്ങൾക്ക് അനുകൂലിക്കാൻ കഴിയില്ല.

പ്ലാന്റേഷൻ രംഗം പ്രത്യേകമായി ചർച്ച ചെയ്യുന്നതിനുള്ള ഗൗരവതരമായ ഇടപെടലുകൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. അടിയന്തരമായി പ്ലാന്റേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി വിളിച്ചുകൂട്ടണം. തോട്ടം തൊഴിലാളികളുടെ പണികൾ അനിശ്ചിത കാലത്തേയ്ക്ക് നിർത്തിവയ്ക്കുന്ന തരം ചർച്ചകളാണ് തോട്ടം മേഖലയുമായി ബന്ധപ്പെട്ട് നടക്കുന്നത്. ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടം മേഖലയിൽ വരൾച്ചയെത്തുടർന്ന് പണി നിർത്തിവയ്ക്കുന്ന സാഹചര്യമുണ്ടായാൽ അത് കടുത്ത പ്രതിസന്ധിക്ക് കാരണമാകും. അതുകൊണ്ട് തോട്ടം പാക്കേജിനെപ്പറ്റിയും അതിനോടൊപ്പംതന്നെ ഈ പ്രതിസന്ധി മറികടക്കുന്നതുമായി ബന്ധപ്പെട്ട് പ്ലാന്റേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി അടിയന്തരമായി വിളിച്ചുകൂട്ടി പ്രശ്നങ്ങൾ ഗൗരവതരമായി ചർച്ച ചെയ്യുന്നതടക്കമുള്ള വിഷയങ്ങളെ സംബന്ധിച്ചും ഇടപെടലുണ്ടാകണമെന്നുമാത്രം ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

1.17 PM]

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദി പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. നവകേരള നിർമ്മിതിയെന്ന കർമ്മ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനായി യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള ഒരു നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയിട്ടുള്ളത്. ദൂരവ്യാപകമായ നല്ല ഫലമുണ്ടാക്കുന്ന പദ്ധതിയാണ് നവകേരള മിഷനിലൂടെ ലക്ഷ്യമിടുന്നത്. ജനക്ഷേമ നയങ്ങളുടെ കാര്യക്ഷമമായ നടപ്പാക്കലാണ് ഈ സർക്കാരിന്റെ ലക്ഷ്യമെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഭരണത്തിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തി പൊതുജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുന്ന സമഗ്ര നിയമനിർമ്മാണമെന്ന പ്രഖ്യാപനം ജനങ്ങളോടുള്ള

സർക്കാരിന്റെ പ്രതിബദ്ധതയുടെ പ്രതിഫലനം തന്നെയാണ്. ഈ സർക്കാരിന്റെ വികസന അജണ്ട നമുക്ക് ഓരോ കാര്യങ്ങൾ എടുത്ത് നോക്കിയാലും കാണാൻ സാധിക്കും. വികസന അജണ്ടയുടെ ഭാഗമായാണ് നാല് ദൗത്യങ്ങൾ ഏറ്റെടുത്തിട്ടുള്ളത്. വികസന ലക്ഷ്യത്തിൽ മുഴുവൻ ആളുകളുടെയും സഹകരണത്തോടെ സമൂഹത്തിലെ ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനംകൂടി ലക്ഷ്യമിട്ടു കൊണ്ടാണ് നവകേരള മിഷന്റെ പദ്ധതികൾ നടപ്പിലാക്കാൻ പോകുന്നത്. ഹരിത കേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ നാല് വിഭാഗങ്ങളാണ് നവകേരള മിഷനിൽ ഉൾപ്പെടുന്നത്. കേരളത്തിലെ സമസ്ത വിഭാഗം ജനങ്ങളിലും മാറ്റമുണ്ടാക്കുന്ന തരത്തിൽ പുതിയ കേരളത്തെ സൃഷ്ടിക്കാനുള്ള ലക്ഷ്യം ചിട്ടപ്പെടുത്തിക്കൊണ്ട് ജനങ്ങളെയാകെ പങ്കാളികളാക്കി കൊണ്ടുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ജനക്ഷേമ ലക്ഷ്യമുള്ള നയങ്ങളുടെ കാര്യക്ഷമതയും ശ്രദ്ധാപൂർവ്വമായ നടപ്പാക്കലുമാണ് സർക്കാരിന്റെ ലക്ഷ്യം. കേരളം ഒ.ഡി.എഫ്. ആക്കി പ്രഖ്യാപിച്ചത് ഏറ്റവും അഭിമാനമായി നമുക്ക് ഓർക്കാൻ കഴിയും. നവംബർ ഒന്നിന് കേരളത്തിലെ ഗ്രാമീണ മേഖല മുഴുവൻ ഒ.ഡി.എഫ്. ആക്കി; അതായത് വെളിയിട വിസർജ്ജനമുക്ത സംസ്ഥാനമാക്കി മാറ്റി. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നേടിയെടുത്തുകൊണ്ട് എന്റെ മണ്ഡലത്തിലെ മുനിസിപ്പാലിറ്റി ഉൾപ്പെടെയുള്ള ഗ്രാമീണ മേഖല മുഴുവൻ ദിവസങ്ങൾക്കുമുമ്പുതന്നെ ഒ.ഡി.എഫ്. ആയി പ്രഖ്യാപിച്ചു. അതെനിക്ക് അഭിമാനത്തോടെ പറയാൻ സാധിക്കുന്നുണ്ട്. അതിൽ വലിയ തോതിലുള്ള ജനപങ്കാളിത്തംകൂടി ഉണ്ടായിട്ടുണ്ടെന്നുള്ളത് സന്തോഷത്തോടെ ഓർക്കാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും നേതൃത്വം കൊടുക്കുന്ന ഈ പദ്ധതിയിൽ കക്കൂസുണ്ടാക്കിക്കൊടുക്കാൻ എത്ര ആളുകളാണ് മുന്നോട്ടുവന്നത്. ഞങ്ങൾ യോഗം വിളിച്ചുകൂട്ടിയപ്പോൾ, സർക്കാരിന്റെ പൈസ കൊണ്ടുമാത്രം തികയുന്നില്ലെങ്കിൽ, പല സംഘടനകളും സഹായം നൽകാമെന്നുപറഞ്ഞ് മുന്നോട്ടുവന്നു. ഈ ഗവൺമെന്റിന്റെ ഓരോ പദ്ധതിയും ജനങ്ങളുടേതാണെന്ന് ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള പങ്കാളിത്തമുണ്ടായി എന്നുള്ളത് എനിക്കുകൂടി ബോധ്യമുള്ളതുകൊണ്ടാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്.

മാർച്ച് 31-ഓടെ കേരളത്തിൽ പൂർണ്ണമായും വൈദ്യുതീകരണം നടപ്പാക്കിക്കൊണ്ട് സാധാരണക്കാരായ ജനങ്ങളിലേയ്ക്ക് ഈ ഗവൺമെന്റ് എത്തിച്ചേരുകയാണ്. എന്റെ മണ്ഡലത്തിലുൾപ്പെടെയുള്ള ചില പഞ്ചായത്തുകൾ അതിന്റെ പ്രവർത്തനം പൂർണ്ണമായും നടത്തിക്കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്തും സമ്പൂർണ്ണ വൈദ്യുതീകരണം

നടപ്പാക്കിയിട്ടുണ്ട്. അതിൽനിന്നും വ്യത്യസ്തമായി ഓരോരുത്തരുടെയും അടുത്തു പോയി സർവ്വേ ചെയ്ത് കറണ്ട് കിട്ടാൻ മാർഗ്ഗമില്ലാത്തവരെ കണ്ടെത്തുകയും ഒരു ഭിത്തിപോലുമില്ലാത്ത വീടുകളിൽ ഭിത്തികെട്ടി വയറിംഗ് ചെയ്ത് കണക്ഷൻ നൽകുന്നതിന് ഞാനും സാക്ഷിയായിട്ടുണ്ട്. സർക്കാരിന്റെ പണംകൂടാതെ പലരുടെയും സംഭാവനകൾ ചേർത്ത്, ജനങ്ങളെക്കൂടി അതിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് ആ പദ്ധതിയും നടപ്പാക്കുന്നത്. മാർച്ച് 31-ഓടെ എല്ലാ വീടുകളും വൈദ്യുതീകരിച്ച ഒരു സംസ്ഥാനമായി കേരളം മാറും. ഇത് കേരളത്തിന് മാത്രമല്ല ലോകത്തിനുതന്നെ മാതൃകയാണെന്നുള്ളതിന് യാതൊരു സംശയവുമില്ല.

നഷ്ടപ്പെട്ട കാർഷിക സംസ്കാരം തിരിച്ചുപിടിക്കാൻ അഹോരാത്ര പരിശ്രമമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. സ്വകാര്യ കുത്തക കമ്പനികൾ കൈവശം വച്ചിരുന്ന സ്ഥലങ്ങൾവരെ പിടിച്ചെടുത്ത് വിത്തിറക്കി വിളവെടുപ്പ് നടത്തിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്; അടുത്ത കാലത്ത് ആറന്മുളയിൽ കൊയ്ത്തുത്സവം നടത്തിയത് നമ്മൾ കണ്ടതാണ്. മറ്റുള്ളവർ കയ്യടക്കി വച്ചിരുന്ന സ്ഥലങ്ങൾ ഏറ്റെടുത്തുകൊണ്ടും സമൂഹത്തോടുള്ള പ്രതിബദ്ധത കാണിച്ചുകൊണ്ടുമുള്ള സർക്കാരിന്റെ പ്രവർത്തനത്തിന്റെ തെളിവുകളാണിതെല്ലാം. ഈ സർക്കാർ അധികാരം ഏറ്റെടുത്തതിനുശേഷം ഏഴായിരത്തിലധികം ഏക്കർ സ്ഥലത്ത് പുതിയതായി കൃഷിയിറക്കി. ആറന്മുള, മെത്രാൻ കായൽ, റാണി കായൽ എന്നിവയെല്ലാം സംസാരിക്കുന്ന സാക്ഷ്യപത്രങ്ങളാണ്. ആറന്മുളയിൽ വിത്തിറക്കിയതിനെ പരിഹസിച്ച പ്രതിപക്ഷം ഇന്നിപ്പോൾ ഇവിടെയില്ല. അവർക്കിപ്പോൾ എന്താണ് പറയാനുള്ളതെന്ന് അറിയണം.

നെൽ കൃഷി മാത്രമല്ല പച്ചക്കറി കൃഷിയെയും ജൈവ പച്ചക്കറി കൃഷിയെയും പ്രോത്സാഹിപ്പിക്കുന്നുണ്ട്. അതെല്ലാം നവകേരള മിഷന്റെ ഭാഗമായി വരുന്നുണ്ട്. എല്ലാ മണ്ഡലങ്ങളിലെയും മുഴുവൻ ആളുകളെയും സംഘടിപ്പിച്ചുകൊണ്ടും കുടുംബശ്രീയെ ശക്തിപ്പെടുത്തിക്കൊണ്ടും എല്ലാ വീട്ടുകാരെയും ബോധവൽക്കരിച്ചുകൊണ്ടും ഹരിത കേരളം പദ്ധതിയിൽക്കൂടി വലിയൊരു മാറ്റം വന്നിട്ടുണ്ട് എന്നുള്ളതും നമുക്ക് കാണാൻ കഴിയും. മാലിന്യക്കൂമ്പാരമാക്കി ഈ നാടിനെ നാശമാക്കുന്ന രീതി മാറ്റിയെടുക്കുന്നതിന് ശക്തമായ ഇടപെടൽ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്.

അതുപോലെയാണ് ജലസ്രോതസ്സുകൾ സംരക്ഷിക്കാനുള്ള നടപടികൾ. കടുത്ത വെല്ലുവിളിയായി നമ്മുടെ മുമ്പിൽ നിൽക്കുന്ന വരൾച്ച എങ്ങനെ പ്രതിരോധിക്കണം എന്നുള്ളതിനെപ്പറ്റി നല്ല കാഴ്ചപ്പാട് ഈ ഗവൺമെന്റിനുണ്ട്.

അതിന്റെ ഭാഗമായി ഹരിത കേരളം പദ്ധതിയിൽ ദീർഘവീക്ഷണത്തോടെയുള്ള ഒട്ടേറെ പൈലറ്റ് പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. ജൈവപച്ചക്കറി കൃഷിയെയും ജലസ്രോതസ്സിനെയും സംരക്ഷിക്കുന്നതിന് അർബൻ ഏരിയയിൽ ജലസംരക്ഷണ പ്രവർത്തനം നടത്താനുള്ള ഒരു പദ്ധതികൂടി നടപ്പാക്കുന്നു. ഇക്കാര്യത്തിൽ ജനങ്ങൾ ഒറ്റക്കെട്ടായി നിൽക്കുന്നുണ്ട്. വരൾച്ചയുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് വലിയതോതിലുള്ള ഭീഷണിയാണ് നേരിടുന്നത്. അതിന് പണം ഒരു പ്രശ്നമേയല്ലെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. ഒന്നാം തീയതി മുതൽ വെള്ളത്തിന് പ്രയാസം അനുഭവപ്പെടുന്ന സ്ഥലങ്ങളിലെല്ലാം പണം കൊടുത്ത് ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കാനും ഉള്ള കിണറുകളുടെ പരമാവധി അറ്റകുറ്റപ്പണികൾ ചെയ്യാനും സർക്കാർ നടപടി സ്വീകരിച്ചു. ഞങ്ങളൊക്കെ ആ യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. കഴിഞ്ഞ ഡിസംബർ 8-ന് 50000 കിണറുകളാണ് റീചാർജ് ചെയ്യാൻ നടപടി സ്വീകരിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വരൾച്ചയുടെ സമയത്തെല്ലാം ജില്ലാതലത്തിൽ വലിയ യോഗങ്ങൾ കൂടി അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ധാരാളം പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. അക്കൂട്ടത്തിൽ ഒരു പ്രഖ്യാപനം എനിക്കും കിട്ടിയിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ നിർജ്ജീവമായിരുന്ന അഞ്ച് കുടിവെള്ള പദ്ധതികൾക്ക് 50 ലക്ഷം രൂപ തരാമെന്ന് വാഗ്ദാനം നൽകുകയും അത് ജില്ലാ പഞ്ചായത്തുവഴി ചെയ്യാൻ പറയുകയും ചെയ്തിട്ട് രണ്ട് മാസം കഴിഞ്ഞപ്പോൾ അത് കൊടുക്കാൻ കഴിയില്ലെന്നുപറഞ്ഞ് ഒരു കടലാസ് വന്നു. കഴിഞ്ഞ യോഗം കൂടിയപ്പോൾ അന്നിത് കേട്ടവരൊക്കെ ഞങ്ങളോട് ഈ കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ടെന്നുള്ളതും ഞാൻ ഓർക്കുകയാണ്. ഈ സർക്കാർ വാഗ്ദാനങ്ങൾ മാത്രമല്ല അതിന്റെ നടപടികൾകൂടി ചെയ്തുപോകുന്നു എന്നുള്ളതാണ് കാണാൻ സാധിക്കുന്നത്. പ്രകൃതിയെ മറന്ന് പ്രവർത്തിച്ചതിന്റെ ഏറ്റവും വലിയ ദുരന്തമാണ് ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത് എന്നുള്ളതുകൂടി നാം ഓർക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ഹരിത കേരളം പദ്ധതിയിലൂടെ കുറയേറെ മാറ്റങ്ങളുണ്ടാക്കാൻ ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആ കാര്യത്തിൽ നമ്മളെല്ലാവരും ഒറ്റക്കെട്ടായി നിന്ന് ഇടപെടേണ്ടതുണ്ട്. ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വാട്ടർ റീ-ചാർജ്ജും ജൈവ പച്ചക്കറി കൃഷിയുമൊക്കെ പ്രോത്സാഹിപ്പിക്കാൻ ഗ്രാമഗ്രാമാന്തരങ്ങളിലും വാർഡ് തലങ്ങളിലുമുൾപ്പെടെ ശക്തമായ ഇടപെടലും അതിന് വലിയ തോതിലുള്ള പ്രതികരണങ്ങളും കിട്ടിക്കൊണ്ടിരിക്കുന്നു എന്നുള്ളതും ഈ അവസരത്തിൽ ഓർക്കുകയാണ്. വസ്തു അളക്കാൻ ചെല്ലുമ്പോൾ കയ്യേറ്റമുണ്ടായിരുന്നത് ഒഴിപ്പിച്ചുതരാനും അതിർത്തി കല്ലുകൾ സ്ഥാപിക്കാനുമൊക്കെ ജനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട് എന്നുള്ളതും ഈ അവസരത്തിൽ ഓർക്കുന്നു.

ആരോഗ്യമേഖലയിലും വലിയതോതിലുള്ള മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആശുപത്രികൾ രോഗീസൗഹൃദമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്താണ് കൊട്ടാരക്കര മണ്ഡലത്തിൽ താലൂക്ക് ആശുപത്രിക്കുവേണ്ടി നല്ല കെട്ടിടങ്ങൾ നിർമ്മിച്ചത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കാനുള്ള കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചത്. അന്നുമുതൽ ഇന്നുവരെ ആ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചതല്ലാതെ ട്രോമാ കെയർ ഫംഗ്ഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ഇപ്പോൾ അതിനാവശ്യമായ സർവ്വ സാധനങ്ങളും നൽകാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട് എന്നുള്ളത് സന്തോഷത്തോടെ ഞാൻ ഓർക്കുന്നു. ആവശ്യത്തിന് ഡോക്ടർമാരുടെയും നേഴ്സുമാരുടെയും സേവനം ലഭ്യമാക്കുമെന്ന് ഈ ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. ചികിത്സയുടെ പേരിലുള്ള ചൂഷണം ഒഴിവാക്കാനും സ്റ്റെന്റിന്റെ വില കുറച്ചുനൽകുന്നത് നടപ്പാക്കാനുമുള്ള ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ വലിയൊരു മാറ്റമാണുണ്ടാകാൻ പോകുന്നത്. ഞാൻ അതിന് നേർസാക്ഷിയാണ്. സമഗ്ര വിദ്യാഭ്യാസ യജ്ഞത്തിലേയ്ക്കാണ് ഈ സർക്കാർ പോകുന്നത്. ഗവൺമെന്റ് സ്കൂളുകളെയും എയ്ഡഡ് സ്കൂളുകളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടികൾ ശക്തമാക്കി വരുന്നുണ്ട്. എന്റെ മണ്ഡലത്തിലെ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിടം പഴയ തായതുകൊണ്ട് പുതിയ കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞ അഞ്ച് വർഷക്കാലവും ഞങ്ങൾ എഴുതിക്കൊടുത്തിട്ട് ഒരു നയാ പൈസപോലും കിട്ടിയിട്ടില്ല. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച ഒരു ബ്ലോക്കല്ലാതെ ഒരു നല്ല കെട്ടിടമില്ലാതിരുന്നിടത്ത് വലിയ തോതിലുള്ള മാറ്റമാണുണ്ടായിരിക്കുന്നത്. പത്ത് കോടി രൂപയുടെ അടങ്കൽ പദ്ധതിയോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കാനുള്ള ശ്രമം തുടങ്ങി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്റെ മണ്ഡലത്തിലെ മറ്റ് രണ്ടുമൂന്ന് ഹയർ സെക്കണ്ടറി സ്കൂളുകളുടെ ശോച്യാവസ്ഥ മാറ്റാൻ രണ്ടര കോടി രൂപ വീതം തന്നിട്ടുണ്ടെന്നുള്ളത് ഈ അവസരത്തിൽ ഞാൻ ഓർക്കുന്നു. ഹയർ സെക്കണ്ടറി സ്കൂളുകളെ ഇന്റർനാഷണൽ ലെവലിലേയ്ക്ക് മാറ്റുന്നതിന്റെ പ്രവർത്തനം എല്ലാ മണ്ഡലങ്ങളിലും തുടങ്ങിയിട്ടുണ്ട്. അതിനുവേണ്ടി വലിയ തോതിലുള്ള പ്രതികരണങ്ങളാണ് വരുന്നത്. നവകേരള മിഷൻവഴി ജനങ്ങളിലേയ്ക്കുള്ള ഇറങ്ങിച്ചെല്ലലിന്റെ ഏറ്റവും

വലിയ സാക്ഷ്യം നമുക്ക് കാണാൻ കഴിയും. ഒരു ബ്ലോക്കുതന്നെ പണിഞ്ഞുതരാമെന്നതുൾപ്പെടെ ചിലർ പറഞ്ഞിരിക്കുകയാണ്. ഇന്നലെ നടന്ന യോഗത്തിൽ പലരും വന്നിട്ട് ഇത്ര ആയിരം രൂപ തരാമെന്നുമുള്ള ഓഫറുകൾ തന്നിട്ടുണ്ട്. അങ്ങനെയെല്ലാം ജനങ്ങളുടെ വലിയതോതിലുള്ള പങ്കാളിത്തം ഈ സർക്കാരിന്റെ നടപടികളുമായി ബന്ധപ്പെട്ട് വരുന്നുണ്ട് എന്നുള്ളതും സന്തോഷകരമാണ്. ഹയർ സെക്കണ്ടറി സ്കൂളുകൾ ഹൈടെക് ആക്കുന്നുണ്ട്; മികവിന്റെ കേന്ദ്രമാക്കുന്നുണ്ട്; ഡിജിറ്റൽ ക്ലാസ്സ് റൂമുകൾ വരുന്നുണ്ട്; ഇതെല്ലാം വളരെ ശ്രദ്ധേയമാണ്. എൻ.എസ്.ക്യൂ.എഫ്.(നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്)-ലേക്ക് നമ്മൾ മാറണം. 2013-ൽ എടുത്ത ഈ തീരുമാനത്തിന് കഴിഞ്ഞ ഗവൺമെന്റ് ഒരു നടപടിയും ഇതുവരെ സ്വീകരിച്ചില്ല. എന്തുകൊണ്ടാണിത് നടപ്പാക്കാഞ്ഞതെന്ന് അന്നത്തെ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയോട് ഞങ്ങൾ ചോദിച്ചിട്ടുള്ളതാണ്. ഇതിന്റെയെല്ലാം ഭാരം ഈ സർക്കാർ ഏറ്റെടുക്കേണ്ടിവന്നിരിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. നിലവിലുള്ള സിലബസിൽ പഠിച്ചാൽ ഒരാൾക്കും ജോലി കിട്ടാത്ത അതീവ ഗുരുതരമായ പ്രശ്നമുണ്ട്. അതിനെയെല്ലാം മാറ്റിയെടുക്കാൻ ഈ ഗവൺമെന്റ് വലിയതോതിലുള്ള പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നുണ്ട് എന്നുള്ളതുംകൂടി ഇവിടെ സൂചിപ്പിക്കുകയാണ്.

അതുപോലെ ഹൗസിംഗിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. വീട് എന്ന സങ്കൽപ്പം ജീവിക്കാനുള്ളതുകൂടിയാക്കി ലൈഫ് എന്ന പേര് കൊടുത്തുകൊണ്ടാണ് സർക്കാർ നടപടി സ്വീകരിക്കുന്നത്. അഞ്ച് വർഷക്കാലയളവിനുള്ളിൽ 4.32 ലക്ഷം ഭവനരഹിതർക്ക് വീട് നൽകുന്നതോടൊപ്പം അവർക്ക് ജീവിക്കാനുള്ള സാഹചര്യങ്ങളും കൊടുക്കുന്നുണ്ട്.

ഇന്നിവിടെ നിറഞ്ഞുനിന്നത് സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട ചർച്ചകളാണ്. ചോദ്യോത്തരവേള പ്രതിപക്ഷം ബഹിഷ്കരിച്ചു. കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ ചോദ്യോത്തര വേളയിൽ വളരെ സജീവമായി വന്നിട്ടുണ്ട്. അതോടൊപ്പം സ്ത്രീസുരക്ഷ നീണാൽ വാഴട്ടെയെന്ന് പറഞ്ഞുകൊണ്ടാണ് പ്രതിപക്ഷത്തെ ഒരംഗം ഇന്നത്തെ അടിയന്തര പ്രമേയം അവസാനിപ്പിച്ചത്. ഇങ്ങനെയൊരു അടിയന്തര പ്രമേയം അവതരിപ്പിക്കാനും ഇങ്ങനെ സംസാരിക്കാനും എന്ത് ധാർമ്മികതയാണ് അവർക്കുള്ളതെന്ന് ഞങ്ങൾ ആലോചിച്ച് പോകുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് എത്രയെത്ര പ്രശ്നങ്ങൾ ഇവിടെയുണ്ടായിട്ടുണ്ട്; അതിൽ നടപടിയെടുക്കാൻ എന്ത് പ്രയാസങ്ങളുണ്ടായിട്ടുണ്ട്;

എത്ര സമരങ്ങൾ വേണ്ടിവന്നിട്ടുണ്ട്. അതിന്റെ കൃത്യമായ ഉത്തരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. അവരുടെ കാലത്ത് കോൺഗ്രസ്സിന്റെ പാർട്ടി ഓഫീസിൽ നടന്ന മരണത്തെ സംബന്ധിച്ച് പറഞ്ഞു. എന്നിട്ട് ഇവിടെ വെറുതെ മുതലക്കണ്ണീർ ഒഴുക്കിക്കൊണ്ട് സ്ത്രീസുരക്ഷ നീണാൾ വാഴട്ടെയെന്ന് കണ്ഠക്ഷോഭം നടത്തുകയാണ്. സുനന്ദാ പുഷ്കറിനുണ്ടായ അനുഭവമെന്താണ്; അവരുടെ പാർട്ടിയിൽപ്പെട്ടവർക്കുള്ള അനുഭവങ്ങളെന്താണ്? സ്ത്രീയായി ഒരാളെങ്കിലും അവിടെയുണ്ടോ? കഴിഞ്ഞതവണ അബദ്ധം പറ്റിയതുപോലെ ഒരാളുണ്ടായിരുന്നു. അവർക്ക് മന്ത്രിസ്ഥാനം കൊടുത്തു. ഇത്തവണയും അതിനുമുൻപും സ്ത്രീകളായി ആരുമില്ല. സ്ത്രീകൾക്ക് യാതൊരു അംഗീകാരവും നൽകാതെ വർത്തമാനത്തിൽ ക്കുടിമാത്രം നൽകുന്ന ആൾക്കാരാണ് അവിടെ ഇരിക്കുന്നതെന്നുള്ളത് നമുക്ക് ഓർക്കാം.

ജിഷയുടെ കാര്യം, ആ ഗവൺമെന്റ് ഇരുന്നപ്പോഴാണല്ലോ സംഭവിച്ചത്. ഇപ്പോൾ നമ്മുടെ പ്രിയങ്കരിയായ ഒരു നടിക്കുണ്ടായ പ്രശ്നത്തിൽ നല്ലൊരു ആക്ഷൻ എടുത്തില്ലേ; അഞ്ചാറുദിവസം താമസിച്ചുപോയി. ഏതു കാര്യത്തിനും അതിന്റേതായിട്ടുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടല്ലാതെ നിമിഷനേരംകൊണ്ട് ചെയ്യാൻ കഴിയുമോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണുണ്ടായിട്ടുള്ളത്? അഴിമതിയും മോശപ്പെട്ട കാര്യങ്ങളുടെ ഒരു പരമ്പരയും തന്നെയല്ലേ ഉണ്ടായിരുന്നത്? ഇന്ന് അതൊന്നും കാണാനില്ല. അതുപോലെതന്നെ ഈ ഗവൺമെന്റ് സ്ത്രീകൾക്കുവേണ്ടി ഒരു വകുപ്പുതന്നെ രൂപീകരിക്കുമെന്നും അത് അന്തിമഘട്ടത്തിലെത്തിയിട്ടുണ്ടെന്നും പറഞ്ഞു. കുടുംബശ്രീയെ ശാക്തീകരിച്ചിട്ടുണ്ട്; കേസ്സുകളുണ്ടായാൽ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്. ...(ബഹളം).... എന്തെങ്കിലും പറഞ്ഞാൽ അതിനെ ദുർവ്യാഖ്യാനിക്കേണ്ട കാര്യമില്ല. അതിന്റെ മറുപടിയൊക്കെ ഇവിടെ സൂചിപ്പിച്ചു കഴിഞ്ഞു. അതൊന്നും ഞാൻ പറയുന്നില്ല. 'നിർഭയ'യുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വനിതാ പോലീസ് ഓഫീസറുടെ സന്ദർശനം വീടുകളിലേയ്ക്കും പഞ്ചായത്തുകളിലേയ്ക്കും ഏർപ്പെടുത്തിയിട്ടുണ്ട്. താലൂക്കുതലങ്ങളിൽ വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ച് സമഗ്രമായ മാറ്റങ്ങളുണ്ടാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. പിങ്ക് പോലീസ് പട്രോളിംഗ് യാഥാർത്ഥ്യമാക്കുകയും അതിൽ 15 ശതമാനംകൂടി വർദ്ധനവ് വരുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ സ്ത്രീകളുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് 50 ശതമാനം സംവരണം പഞ്ചായത്തു

തലത്തിലേയ്ക്ക് കൊണ്ടുവന്നത്. എന്നാൽ യു.പി.എ. സർക്കാർ 10 കൊല്ലം ശ്രീമതി സോണിയ ഗാന്ധിയുടെ നേതൃത്വത്തിലിരുന്നിട്ട് സ്ത്രീകൾക്ക് അധികാരം നൽകുന്നതുമായിബന്ധപ്പെട്ട് ഒരു ബിൽ പാസ്സാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇന്ന് അധികാരത്തിലിരിക്കുന്ന ബി.ജെ.പി.-ക്ക് കഴിഞ്ഞിട്ടുണ്ടോ? ശ്രീ. ഒ. രാജഗോപാൽ ഇവിടെയില്ല, അല്ലെങ്കിൽ ഇത് ചോദിക്കാമായിരുന്നു. വാതോരാതെ പറയുന്നല്ലോ; സ്ത്രീകൾക്കെതിരായി ഇത്രയും മോശം അനുഭവം ഇപ്പോഴാണുണ്ടായതെന്ന് അദ്ദേഹം ഇന്ന് പറഞ്ഞു. ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും ആൾക്കാർ എത്ര ആക്ഷേപകരമായിട്ടാണ് സ്ത്രീകളെപ്പറ്റി പറയുന്നത്? സ്ത്രീകൾ അടുക്കള മൂലയിലിരിക്കണമെന്ന് പറയുന്നവരല്ലേ ബി.ജെ.പി.-യുടെ ആൾക്കാർ? അദ്ദേഹം ഇവിടെയുണ്ടെങ്കിൽ ഞാൻ ചോദിക്കുമായിരുന്നു. ഹരിയാനയിലൊക്കെ ഒരു ആണും പെണ്ണും സ്നേഹത്തിലായാൽ എറിഞ്ഞുകൊല്ലുകയല്ലേ ചെയ്യുന്നത്? അതിനദ്ദേഹം മറുപടി പറയട്ടെ; ഇതുപോലൊരു അനുഭവമില്ലെന്നാണ് ഇന്ന് അദ്ദേഹം ഇവിടെ പറഞ്ഞത്. ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്ന, വെറുതെ മുതലക്കണ്ണീരൊഴുക്കുന്ന യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളാണ്.

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇനി എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഇല്ലെങ്കിലും ഞാൻ പറയുകയാണ്. ഏനാത്ത് പാലം ദുരിതത്തിലാണെന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മാതൃഭൂമി പത്രത്തിൽ വന്ന വാർത്ത ചിത്രം സഹിതം ഞാൻ അന്നത്തെ മന്ത്രിക്ക് എഴുതിക്കൊടുത്തു. ആ കടലാസ് എവിടെപ്പോയെന്ന് കണ്ടില്ല. അത് പൊളിഞ്ഞുപോകുന്ന സ്ഥിതിയിലെത്തിയപ്പോൾ മന്ത്രിയുൾപ്പെടെയുള്ളവർ വന്ന് ശക്തമായ നടപടിയെടുത്ത് ആ പാലത്തിന്റെ പണി ആരംഭിച്ചുകഴിഞ്ഞുവെന്ന് പറയുമ്പോൾ അഭിമാനമുണ്ട്. ബെയ്‌ലി പാലം സംബന്ധിച്ച് ഗവൺമെന്റിന് കത്ത് കൊടുക്കുകയും ഫൗണ്ടേഷന്റെ പണി ആരംഭിക്കുകയും ചെയ്തു. ഇങ്ങനെ ചെയ്യുന്നതിന് എത്ര കോടി രൂപ അനുവദിച്ചു? എല്ലാം BM&BC-യിൽ ചെയ്തു. ഇപ്പോൾ പാച്ചുവർക്ക് ചെയ്യുന്നത് കഴിഞ്ഞ കാലത്തേതുപോലെയാണോയെന്ന് ഒന്നുപോയി നോക്കണം. അഴിമതി ഇല്ലാതാക്കിക്കൊണ്ടുള്ള ശക്തമായ ഇടപെടലാണ് വികസന പ്രവർത്തനങ്ങളിലെല്ലാം നടത്തുന്നതെന്നുള്ളത് പറയാതിരിക്കാൻ കഴിയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ ശക്തമായ ഇടപെടലുകളുണ്ടാകുകയും നിലവിലുണ്ടായിരുന്ന കേസ് പിൻവലിച്ച് എന്റെ മണ്ഡലത്തിലെ മുടങ്ങിപ്പോയ സിവിൽ സ്റ്റേഷന്റെ പണി ആരംഭിക്കുകയും ചെയ്തു. ഏപ്രിൽ 30-നകം അത് പൂർത്തീകരിക്കാൻ സാധിക്കും. എനിക്ക് ധാരാളം കാര്യങ്ങൾ പറയാനുണ്ട്, സമയക്കുറവുകൊണ്ട് അതിലേയ്ക്ക്

കടക്കുന്നില്ല. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ ജനങ്ങളുടെ സഹായത്തോടെ മുഴുവൻ രാഷ്ട്രീയക്കാരും കൊടിമറന്ന്, ജനങ്ങളോടൊപ്പം ഒറ്റക്കെട്ടായിനിന്ന് ജനങ്ങൾക്ക് മാറ്റമുണ്ടാക്കാനും നാട് നന്നാക്കാനുമുള്ള ശക്തമായ നടപടികളുമായി മുന്നോട്ടുവരണമെന്നാണ് എല്ലാവരോടും പറയുവാനുള്ളത്. തീർച്ചയായും വലിയൊരു മാറ്റം ഈ 5 വർഷംകൊണ്ട് കേരളത്തിലുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

1.34 PM]

ശ്രീ. എൻ. വിജയൻ പിള്ള : സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. മുൻകാലത്തെ ഗവൺമെന്റിന്റെ മുഖമുദ്ര കെടുകാര്യസ്ഥതയും അഴിമതിയുമായിരുന്നു. 'അഴിമതിയുടെ നേരിയ സ്പർശംപോലുമില്ലാത്ത ശക്തമായ ഗവൺമെന്റ്' എന്ന് കേരള ജനത ഒന്നാകെ സമ്മതിച്ച 8 മാസത്തെ ചരിത്രമാണ് ഈ ഗവൺമെന്റിനുള്ളത്. സമസ്ത മേഖലയിലും വലിയ മാറ്റം വരുത്തുവാൻ 'നവകേരള കർമ്മപദ്ധതി' സജ്ജമാകുകയാണെന്നും ജനതയുടെ അടിയന്തര പ്രാധാന്യമുള്ള ആവശ്യങ്ങളെ വേഗം പരിഹരിക്കുന്നതിനുള്ള സർക്കാർ സംവിധാനം നിലവിൽ വരുന്ന വെന്നുമുള്ള പ്രഖ്യാപനം ആവേശത്തോടെ സ്വാഗതം ചെയ്യുകയാണ്. കേരളത്തിലെ നിരാലംബരായ നിരവധി വിഭാഗങ്ങളെ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണ് ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരള മിഷൻ എന്നിവ. രണ്ടുവർഷം കൊണ്ട് കേരളത്തിലെ സാധാരണ മനുഷ്യരുടെ ജീവൽപ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന സൂചന കേരളത്തിലെ ജനങ്ങൾക്ക് ആത്മവിശ്വാസം പകരുന്നു. കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിന്റെ ആദ്യനാളുകളിൽ കേന്ദ്രഗവൺമെന്റ് നോട്ട് നിരോധനം ഏർപ്പെടുത്തിയതിലൂടെ ദരിദ്ര വിഭാഗത്തെയും ഇടത്തരക്കാരെയും ദുരിതത്തിലേയ്ക്ക് കൂട്ടിക്കൊണ്ടു പോകുകയായിരുന്നു. അത് നടപ്പാക്കിയവർക്കുതന്നെ അത് പിശകായി എടുത്ത തീരുമാനമായിരുന്നുവെന്ന് സമ്മതിക്കേണ്ടിവന്നു. കേരളത്തിന്റെ പ്രത്യേകതയനു സരിച്ച് മുഴുവൻ ജനങ്ങളും നോട്ട് നിരോധനത്തിന്റെ കെടുതിയിലകപ്പെട്ടുപോയി. സ്വന്തം പണം പിൻവലിക്കാനുള്ള കേരളത്തിലെ ജനങ്ങളുടെ നീണ്ട ക്യൂവിന്റെ കഥ പറയുന്നില്ല.

കേരളം രൂക്ഷമായ വരൾച്ച നേരിടുകയാണ്. 34 ശതമാനം മഴ കുറവായാണ് ലഭിച്ചത്. ജലസംഭരണികളിലെ ജലനിരപ്പ് പരമാവധി താഴ്ന്നുകൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയിൽ കുടിവെള്ളക്ഷാമം നേരിടുന്നതിന് ആവശ്യമായ ഫണ്ട് ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ടെന്ന പ്രഖ്യാപനം ആശ്വാസമാണ്. 2013-ലെ 'ദേശീയ ഭക്ഷ്യസുരക്ഷാ ആക്ട്' നടപ്പിലാക്കിയതിനുശേഷം പൊതുവിതരണ സമ്പ്രദായം താറുമാറാകുകയും അരിവില വർദ്ധിക്കുകയും ചെയ്തു. ഇതിനെ നേരിടാൻ അരിയുടെയും അവശ്യസാധനങ്ങളുടെയും വില കുറയ്ക്കാനുള്ള നടപടി സ്വീകരിക്കുന്നുവെന്നതും വളരെ ആശ്വാസമാണ്. ഭക്ഷ്യധാന്യ വിതരണത്തിലെ അപാകത പരിഹരിക്കാൻ കേന്ദ്ര സഹായത്തിനായി നിരന്തരം ഇടപെടുന്ന എന്നതും മാവേലിസ്റ്റോറുകൾ സൂപ്പർമാർക്കറ്റും ഹൈപ്പർ മാർക്കറ്റും ആക്കുന്നുവെന്ന് പ്രഖ്യാപിച്ചതും ആശ്വാസമാണ്. അരിയുൾപ്പെടെയുള്ള അവശ്യസാധനങ്ങളുടെ പൂഴ്ത്തിവയ്പിനെതിരെ അടിയന്തര റെയ്ഡ് ഏർപ്പെടുത്തണം. മാറ്റങ്ങൾക്കായി കേരളം സജ്ജമാകുകയാണെന്ന ബഹുമാനപ്പെട്ട ഗവർണറുടെ പ്രഖ്യാപനത്തെ കേരളം ആശ്വാസത്തോടെയാണ് സ്വീകരിക്കുന്നത്. വലിയ മാറ്റങ്ങൾക്ക് മുന്നൊരുക്കവും ചിട്ടപ്പെടുത്തലും ആവശ്യമാണ്. അതിന് അൽപ്പം സമയവും കാത്തിരിപ്പും വേണ്ടിവരും. സാധാരണ മനുഷ്യർക്ക് ആശ്വാസമാണെങ്കിൽ ഇത് അംഗീകരിക്കാനും അവർ തയ്യാറാണ്. അതുകൊണ്ടു തന്നെ ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി ഞാൻ പിന്താങ്ങുന്നു.

1.37 PM]

<u>ശ്രീ. കെ. ദാസൻ</u> : സർ, കേരള ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാന പ്രസംഗത്തെ ഞാൻ സംപൂർണ്ണമായി പിന്താങ്ങുകയാണ്. സവിശേഷമായ രാഷ്ട്രീയ സാഹചര്യത്തിലൂടെയാണ് കേരളം കടന്നുപോകുന്നത്. കേരളത്തിന് നിരവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പരിഹരിക്കാനുള്ള ഒട്ടനവധി പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്. ഇനിയും പ്രശ്നങ്ങളുണ്ടാകുമ്പോൾ അതെല്ലാം പരിഹരിക്കാൻ ആവശ്യമായ ഒരു ഭരണതീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നുള്ളതാണ് ഈ നയപ്രഖ്യാപനത്തിൽ കാണുന്നത്. പ്രത്യേകിച്ച് ദളിത് വിഭാഗം, മത്സ്യത്തൊഴിലാളികൾ, പിന്നോക്ക സമുദായത്തിൽപ്പെട്ടവർ തുടങ്ങി ഗവൺമെന്റിന്റെ എല്ലാ പിന്തുണയും അർഹിക്കുന്ന ജനവിഭാഗത്തിന് പ്രതീക്ഷ നൽകുന്നതാണ് ഈ പ്രസംഗം. പുതിയ തലമുറയെ സംബന്ധിച്ച് ഒരു ഗവൺമെന്റിന് അനുപേക്ഷണീയമായി ഉണ്ടാകേണ്ട ഒരു കാഴ്ചപ്പാട് സമ്പൂർണ്ണമായി ഉണ്ടെന്നുള്ളതാണ് ഇതിന്റെ സവിശേഷത. നിരവധി കർമ്മപദ്ധതികൾ അക്കമിട്ട് നിരത്തിയിട്ടുണ്ട്. ഇതെല്ലാം യാഥാർത്ഥ്യമാകുകയാണെങ്കിൽ കേരളത്തിൽ

വികസനത്തിന്റെ കുതിച്ചുചാട്ടമായിരിക്കും ഉണ്ടാകുക. മന്ത്രിമാർ 24 മണിക്കൂറും സജീവമായി പ്രവർത്തനരംഗത്തുണ്ടെന്നുള്ളതും ഭരണത്തിന് നേതൃത്വം നൽകുന്നുവെന്നുള്ളതും നാളിതുവരെയുള്ള കാലത്തുനിന്നും വ്യത്യസ്തമായിട്ടുള്ള പ്രവർത്തനമാണ്. കൃത്യമായും ക്യാബിനറ്റ് ചേരുക, ക്യാബിനറ്റിലെ എല്ലാ സുപ്രധാന വിഷയങ്ങളും ചർച്ചയ്ക്ക് വിധേയമാക്കുക, ആ തീരുമാനങ്ങൾ സുതാര്യമായി ജനങ്ങളെ അറിയിക്കുക എന്നിങ്ങനെ വളരെ കൃത്യമായ നിലപാട് സ്വീകരിക്കുന്നൊരു ഗവൺമെന്റാണ് ഇടതുപക്ഷ ഗവൺമെന്റ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിൽ ഏറ്റവും ശ്രദ്ധേയമായി ജനങ്ങൾ സ്വീകരിച്ചത്, 'ഓരോ ഫയലും കേരളത്തിലെ സാധാരണ ജനങ്ങളുടെ ജീവിതമാണ്; ജീവനക്കാരും ഉയർന്ന ഉദ്യോഗസ്ഥരും അത് ഗൗരവമായി കാണേണ്ടതായിട്ടുണ്ട്; അത്തരം ഫയലുകൾ വച്ചുതാമസിപ്പിക്കാൻ പാടില്ല, ബ്യൂറോക്രസിയുടെ രാജവെമ്പാലകൾ എപ്പോഴും അതിൽ അടയിരിക്കും; അതിൽനിന്ന് വ്യത്യസ്തമായ ഒരു സമീപനമാണ് സ്വീകരിക്കേണ്ടത്' എന്ന് ജീവനക്കാരോടും ഉയർന്ന ഉദ്യോഗസ്ഥന്മാരോടും കേരളത്തിലെ മുഖ്യമന്ത്രി പറഞ്ഞതാണ്. അത് കേരള സമൂഹം പൊതുവേ അംഗീകരിച്ചതാണ്.

കേരളത്തിലെ മുഖ്യമന്ത്രിയുടെ കരുത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പ്രതികരണം തന്നെയായിരുന്നു അദ്ദേഹത്തിന്റെ മംഗലാപുരം സന്ദർശനം. ഞാൻ ഓർക്കുകയാണ്, മാറാട് കലാപത്തിൽ നിരവധിയാളുകൾ മരണപ്പെട്ടപ്പോൾ കേരളത്തിലെ അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും വ്യവസായ വകുപ്പുമന്ത്രിയോടും ആ പ്രദേശത്തേയ്ക്ക് പോകരുതെന്ന് ആവശ്യപ്പെട്ടപ്പോൾ അവർ അന്ന് മാറാട് പോകാതെ തിരിച്ചുപോരുകയാണുണ്ടായത്. തിരിച്ചു പോകാൻ അവർ നിർബന്ധിക്കപ്പെട്ടു. ശ്രീ. എ. കെ. ആന്റണിയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും തിരിച്ചുപോയി എന്ന വാർത്ത വന്നു. അന്ന് കേരളത്തിലെ ഭരണ സംവിധാനത്തിൽ ശക്തമായ സംരക്ഷണം നൽകാനുള്ള എല്ലാ സൗകര്യങ്ങളുമുണ്ടായിരുന്നു. കേരളത്തിലെ സി.പി.ഐ.(എം).-ന്റെ സംസ്ഥാന സെക്രട്ടറിയായിരുന്ന സഖാവ് പിണറായി വിജയൻ മാറാട് വന്നു. അദ്ദേഹത്തെ അവിടെ കാലുകുത്താൻ അനുവദിക്കില്ലെന്ന് ബി.ജെ.പി., ആർ.എസ്.എസ്., സംഘപരിവാർ എന്നിവരെല്ലാം അന്ന് പ്രഖ്യാപിക്കുകയുണ്ടായി. പക്ഷേ ഞാൻ എന്തിനാണോ വന്നത് അക്കാര്യം നിറവേറ്റിയശേഷം അതുപോലെതന്നെ തിരിച്ചുപോകുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശം കൊണ്ടുവരുന്നതിനുവേണ്ടി മാറാട് പ്രദേശത്തെ കടലോര മേഖലയിലെ

വീടുകൾ കയറിയിറങ്ങി സമാധാനം സംരക്ഷിക്കുന്നതിനും സമാധാന ഭംഗത്തിനെതിരായും പ്രസ്താവന നടത്തിക്കൊണ്ടാണ് ശ്രീ. പിണറായി വിജയൻ തിരിച്ചു പോയത്. ഞാൻ മറ്റൊരു കാര്യം സൂചിപ്പിക്കുകയാണ്. തലശ്ശേരിയിൽ വർഗ്ഗീയ ധ്രുവീകരണം പടർന്നുപിടിച്ച് ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ടു ധ്രുവങ്ങളിലായി മാറിയപ്പോൾ, വർഗ്ഗീയ കലാപത്തിന്റെ വിത്ത് വിതച്ച് വിഷലിപ്തമായ മുദ്രാവാക്യങ്ങൾ ഉയർത്തി തലശ്ശേരിയുടെ മണ്ണിൽ കലാപത്തിന്റെ വിത്ത് പാകാൻ ആർ.എസ്.എസ്.-കാർ ശ്രമിച്ചപ്പോൾ സമാധാനത്തിന്റെ മുദ്രാവാക്യവും സന്ദേശവും നാട്ടിൽ എത്തിക്കാനും ജനങ്ങളുടെ സ്വൈരജീവിതം ഭദ്രമാക്കാനും ശാന്തി പുലരണമെന്നാവശ്യപ്പെട്ടും അവിടെ പ്രവർത്തിച്ചത് സഖാവ് പിണറായി വിജയൻ ആയിരുന്നുവെന്ന് എല്ലാവർക്കും അറിയാം. അന്ന് കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ വിക്രം സാരാഭായിയുടെ ജഡവുമായി കേരളത്തിന് പുറത്തു പോകുകയും ഉപമുഖ്യമന്ത്രി മാഹി പാലംവരെ വന്നിട്ട് തിരിച്ചുപോകുകയുമാണ് ചെയ്തത്. അന്ന് തലശ്ശേരി പട്ടണത്തിലും പ്രാന്തപ്രദേശങ്ങളിലും സമാധാനത്തിനുവേണ്ടി പ്രവർത്തിച്ച ആളാണ് സഖാവ് പിണറായി വിജയൻ എന്ന കാര്യം അനുഭവങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. മംഗളൂരുവിൽ അദ്ദേഹം നടത്തിയ പ്രസംഗം നിശ്ചയദാർഢ്യത്തിന്റെ ഒരു പ്രതികരണമായിരുന്നു. ഫാസിസത്തിനെതിരെ ശക്തമായ നിലപാട് അദ്ദേഹം സ്വീകരിക്കുകയുണ്ടായി. ഫാസിസത്തിന്റെ ആപത്ത് എന്താണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിട്ടുണ്ട്. അതിനെ ശക്തിയായി എതിർത്തുകൊണ്ടാണ് അദ്ദേഹത്തിന് അങ്ങനെയൊരു പ്രസംഗം നടത്താൻ കഴിഞ്ഞത്. അവിടെ കോൺഗ്രസ്സുകാർ സഹായിച്ചുവെന്നാണ് പറയുന്നത്. ഒരു ഭരണകർത്താവ് വരുമ്പോൾ അതിനുവേണ്ട സംരക്ഷണം നൽകേണ്ടത് അതത് ഗവൺമെന്റുകളുടെ ബാധ്യതയാണ്. ആ ബാദ്ധ്യത അവർ നിർവ്വഹിച്ചു. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നന്ദി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേരളത്തിൽ മാറാടുപോലുള്ള സംഭവം നടന്നപ്പോൾ ഈ പറഞ്ഞ ആളുകളുടെ ആവേശമൊന്നും കണ്ടില്ല. അവർക്ക് സംരക്ഷണമോ പരിരക്ഷയോ ആവശ്യമായ പോലീസ് സംവിധാനമോ നൽകാൻ ആ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കേരളത്തിലെ മുഖ്യമന്ത്രി ജനങ്ങളോട് മതമൈത്രീ സന്ദേശം പ്രസംഗിക്കുമെന്ന് നേരത്തതന്നെ നിശ്ചയിച്ചുറപ്പിച്ചുകൊണ്ടാണ് മംഗലാപുരത്ത് പോയത്. അത് കേരള സമൂഹത്തിൽ വലിയ പിന്തുണയാണ് അദ്ദേഹത്തിന് നേടിക്കൊടുത്തതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിൽ ഇന്നുണ്ടായിട്ടുള്ള

എല്ലാ മാറ്റത്തിന്റെയും പിറകിൽ ഇടതുപക്ഷത്തിന്റെ കരുത്തുതന്നെയാണ്. സാമൂഹ്യമാറ്റത്തിന്റെ എല്ലാ മുന്നേറ്റങ്ങളിലും ഇടതുപക്ഷം നടത്തിയിട്ടുള്ള ധീരമായ ചെറുത്തുനിൽപ്പും പോരാട്ടങ്ങളുമാണ് കേരളം ഇങ്ങനെ വളർന്നു വികസിച്ചു വരുന്നതിനിടയാക്കിയത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും ഏറെ വ്യത്യസ്തമായ മാറ്റങ്ങൾ കേരള സാമൂഹ്യ ജീവിതത്തിൽ കാണാൻ കഴിയും. എന്തുകൊണ്ടാണ് ദളിതർക്ക് സംഘടിക്കാനുള്ള അവകാശങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞത്? വിലക്കപ്പെട്ട വഴികളിലൂടെ സഞ്ചരിക്കാൻ ധീരത കാണിച്ചവരാണവർ; കമ്മ്യൂണിസ്റ്റുകാരാണ് അതിന് ധൈര്യം കാണിച്ചത്. ആ ധീരമായ പ്രവർത്തനങ്ങളിലൂടെയാണ് കേരളം മുന്നോട്ടുപോയിട്ടുള്ളത്. അരുത് എന്ന എല്ലാ ശാസനകളെയും നേരിട്ടുകൊണ്ടാണ് ഈ പ്രസ്ഥാനം മുന്നോട്ടു പോയിട്ടുള്ളത്. ആ സംഘബലവും സംഘടിതശക്തിയും എന്താണെന്ന് തിരിച്ചറിയാൻ, അതിന്റെ ബാലപാഠം നൽകാൻ കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ കരുത്ത് വളരെ പ്രയോജനപ്പെട്ടിട്ടുണ്ടെന്ന കാര്യം നാം മറക്കരുത്. ഏത് ആജ്ഞയെയും വെല്ലുവിളിക്കാൻ കഴിയുന്നൊരു പ്രസ്ഥാനമാണ് ഇടതുപക്ഷമെന്ന് കേരളത്തിൽ തെളിയിക്കപ്പെട്ടതാണ്. അതുകൊണ്ട് ആ രീതിയിൽ അടിച്ചമർത്തിക്കളയാമെന്ന് ധരിക്കുന്നത് തെറ്റായ സന്ദേശം നൽകുകയാണ്. കയ്യൂക്കിന്റെ ഭാഷ ഒഴിവാക്കുകയാണ് നല്ലത്. മറിച്ച് നാട്ടിൽ സമാധാനവും ശാന്തിയും ഉണ്ടാക്കുന്ന ഒരു സാഹചര്യമാണ് രൂപപ്പെടേണ്ടത്. നമ്മുടെ രാജ്യത്തിന്റെ സാമൂഹ്യജീവിതത്തിൽ സൂക്ഷ്മമായി ഗ്രസിച്ചിരിക്കുന്ന ഇത്തരം അപകടങ്ങളെ തിരിച്ചറിയാൻ ഇന്ന് കോൺഗ്രസ്സിന് കഴിയുന്നില്ലെന്നത് നിർഭാഗ്യകരമാണ്. നമ്മുടെ രാജ്യത്ത് ഉയർന്നുവരുന്ന പിന്തിരിപ്പൻ പ്രതിലോമ ആശയങ്ങളെയും പ്രവർത്തനങ്ങളെയും നേരിടാനുള്ള കരുത്ത് അവർക്കില്ല. അവർ അതിനാവശ്യമായ കാര്യങ്ങൾ തീരുമാനിക്കുന്നില്ല. എന്തെല്ലാം വിലക്കുകളുണ്ടായി; അതിനെതിരായി ശരിയായ സന്ദർഭത്തിൽ അതിനനുസരിച്ചുള്ള അഭിപ്രായം പറയുക അല്ലെങ്കിൽ ഒരു നിലപാട് സ്വീകരിക്കുക എന്ന കാര്യത്തിലൊന്നും കോൺഗ്രസ് ചിന്തിക്കുന്നില്ലെന്നതാണ് ഇപ്പോഴും കാണാൻ കഴിയുന്നത്. അതുകൊണ്ട് വളരെ ലളിതമായ ഭാഷയിൽ പറഞ്ഞാൽ ഇങ്ങനെയുള്ള ആശയങ്ങളെ ശക്തമായി നേരിടാൻ കഴിയുന്നത് ഇടതുപക്ഷ ഭരണത്തിനാണ്. ന്യൂനപക്ഷത്തിന്റെ താൽപ്പര്യങ്ങൾ ഇവിടെ സുരക്ഷിതമാണെന്ന് തെളിയിക്കുന്നതാണ് ഇടതുപക്ഷത്തിന്റെ മുന്നോട്ടുള്ള പോക്ക്. അതുകൊണ്ട് പ്രതീക്ഷയോടുകൂടിയാണ് ന്യൂനപക്ഷങ്ങൾ ഈ പ്രസ്ഥാനത്തെ കാണുന്നത്.

ന്യൂനപക്ഷങ്ങളുടെ രക്ഷാകവചമാണ് ഇടതുപക്ഷ പ്രസ്ഥാനമെന്ന് അവർ തിരിച്ചറിയുന്നുണ്ട്. മഹാഭൂരിപക്ഷം ന്യൂനപക്ഷങ്ങളുടെയും സമീപന രീതിയിൽ പുതിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. ആ മാറ്റങ്ങൾ വളരെ പ്രകടവുമാണ്. ഫാസിസത്തിനെതിരായി സംഘടിക്കാനും ഇന്ത്യൻ ജനതയെ പച്ചയായി വെറുക്കുന്ന വിദ്വേഷത്തിന്റെ രാഷ്ട്രീയം ഉയർത്തിക്കൊണ്ടുവരുന്ന സമീപനത്തിനെതിരായി നിശ്ചയദാർഢ്യത്തോടുകൂടി, ജനാധിപത്യ വിരുദ്ധ സമീപനങ്ങളെ എതിർത്ത് പരാജയപ്പെടുത്താനുമുള്ള നിലപാട് ഇന്ന് വളർന്നുകൊണ്ടിരിക്കുകയാണ്.

യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കേരളത്തിൽ എത്രയെത്ര സംഭവങ്ങളുണ്ടായി. ആ സംഭവങ്ങളെയെല്ലാം ശരിയായ രീതിയിൽ കൈകാര്യം ചെയ്യാൻ, വ്യക്തമായ നിലപാട് സ്വീകരിക്കാൻ അന്നത്തെ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഏതറ്റംവരെയും പോകാൻ ഞങ്ങൾ തയ്യാറാണെന്നും എല്ലാം സുതാര്യമായി ചെയ്യുന്നുവെന്നുമാണ് അക്കാലത്തെല്ലാം അവർ പറഞ്ഞത്. ഇപ്പോൾത്തന്നെ കോടതിൽനിന്നും പ്രതിയെ പിടിച്ചതിന്റെ പേരിൽ എന്ത് അമർഷമാണുണ്ടായത്. തോമസ് മാഷാണ് ആദ്യമായി ഒരു പ്രസ്താവന ഇറക്കിയതായി നമ്മൾ കണ്ടത്. പിന്നീട് ശ്രീ. പി. ടി. തോമസ് അതിനെ ഏറ്റുപിടിച്ചുകൊണ്ട് പറഞ്ഞു. അത്തരമൊരു നിലപാട് സ്വീകരിക്കുന്നത് കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കുന്നില്ലേ; കേരള സമൂഹം അത് തിരിച്ചറിയുന്നില്ലേ? ന്യായാധിപൻ അവിടെ ഇല്ലാത്ത സാഹചര്യത്തിലാണ് അറസ്റ്റ് ചെയ്തത്. അങ്ങനെ അറസ്റ്റ് ചെയ്തില്ലായിരുന്നുവെങ്കിൽ ഈ പ്രതികളെ രക്ഷിച്ചതാണെന്നുപറഞ്ഞ് കൊമ്പുകുലുക്കിക്കൊണ്ടുള്ള വമ്പിച്ച പ്രചാരവേലയായിരിക്കും നാട്ടിലുണ്ടാകുക. ആ പ്രചാരവേലയെ മുൻപിൻ കണ്ടുകൊണ്ടാണ് ഇങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറായത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എത്ര സ്ത്രീകളുടെ രോദനമാണ് നമ്മൾ കേട്ടത്. സൗമ്യ, ജിഷ തുടങ്ങിയ എത്ര സംഭവങ്ങളാണ് ഇവിടെ ആവർത്തിച്ചത്. ജിഷയെന്ന കുട്ടിയുടെ മരണം സംഭവിച്ചപ്പോൾ ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രിയായി ആറുമാസമുണ്ടായിരുന്നു, ഒരു നിലപാടും സ്വീകരിച്ചിട്ടില്ല. ഇടതുപക്ഷ ഗവൺമെന്റ് വന്നപ്പോഴാണ് കൃത്യമായ നിലപാടെടുത്ത് പ്രതികളെ പിടികൂടിയത്. കേരളത്തിൽ തെളിയിക്കപ്പെടാത്ത എല്ലാ കേസുകളും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ എട്ടുമാസത്തെ ഭരണത്തിന്റെ ഫലമായി തെളിയിക്കാൻ ശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞ നയപ്രഖ്യാപനത്തിലെ മിക്കവാറും

കാര്യങ്ങളുമായി മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് ജനങ്ങൾക്കനുകൂലമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടാണ് ഇതുവരെ മുന്നോട്ടുപോയിട്ടുള്ളത്. പക്ഷേ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി യു.ഡി.എഫ്. ഈ പ്രശ്നം ഊതിവീർപ്പിച്ച് ഉയർത്തിക്കാട്ടാൻ ശ്രമിക്കുകയാണ്. ചെറിയ പ്രശ്നങ്ങളുണ്ടെങ്കിൽപ്പോലും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആയതുകൊണ്ട് ഈ പ്രശ്നം ആ ഗവൺമെന്റിനെതിരെ കൊണ്ടുവരാൻ കഴിയുമോ എന്നാണ് അവർ നോക്കുന്നത്. ആ രാഷ്ട്രീയ മുതലെടുപ്പ് ഇനി നടക്കാൻ പോകുന്നില്ല. കള്ളന് കഞ്ഞിവയ്ക്കുന്ന സമ്പ്രദായം ജനങ്ങൾ തിരിച്ചറിയുന്നുണ്ട്, അതവർക്ക് ബോദ്ധ്യമായിട്ടുണ്ട്. നാടിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള ഗവൺമെന്റിന്റെ സമീപനവും സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടി എൽ.ഡി.എഫ്. ഗവൺമെന്റ് എടുക്കുന്ന നിലപാടുകളും സ്ത്രീകൾക്ക് ഈ ഗവൺമെന്റിലുള്ള പ്രാമുഖ്യം വ്യക്തമാക്കുന്നതാണ്. ഈ നിയമസഭയിൽ പ്രതിപക്ഷാംഗമായി ഒരു സ്ത്രീപോലും ജയിച്ചുവന്നിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി സ്ത്രീകൾക്ക് പരിരക്ഷ നൽകാൻവേണ്ടി ക്യാബിനറ്റ് റാങ്കോടുകൂടി ഒരു സംവിധാനമുണ്ടാക്കുമെന്ന് പ്രഖ്യാപിച്ചിട്ടില്ലേ? സ്ത്രീകൾക്ക് സംരക്ഷണം നൽകുന്നതിനാവശ്യമായ വനിതാ ബറ്റാലിയനുകൾ രൂപീകരിക്കുമെന്ന് പറഞ്ഞിട്ടില്ലേ; സ്ത്രീസംരക്ഷണത്തിനുവേണ്ടി നിരവധി പ്രഖ്യാപനങ്ങൾ ഈ ഗവൺമെന്റ് നടത്തിയിട്ടില്ലേ? നിരവധി പ്രഖ്യാപനങ്ങൾ നടത്തിയിട്ടുള്ള ഈ ഗവൺമെന്റിനെതിരെ വസ്തുതയ്ക്ക് വിരുദ്ധമായ കാര്യങ്ങൾ പറഞ്ഞും ചെറിയ കാര്യങ്ങൾ ഊതിവീർപ്പിച്ചും പ്രചാരവേല നടത്തുന്നത് കേരള സമൂഹം തിരിച്ചറിയുന്നുണ്ട്. നാം ചോരയും നീരും ഊട്ടി കേരളത്തിൽ അധികാരത്തിൽ കൊണ്ടുവന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ജനോപകാരപ്രദമായ ഒട്ടനവധി നേട്ടങ്ങളുമായി മുന്നോട്ടുപോകുന്നു. ഈ ഗവൺമെന്റിന്റെ ഭരണത്തിന്റെ എട്ടുമാസത്തെ ബാലൻസ്ഷീറ്റ് നിങ്ങളുടെ മുന്നിൽ വയ്ക്കുന്നു. അതിൽ നേട്ടങ്ങളുടേയും കോട്ടങ്ങളുടേയും പട്ടികയിൽനിന്നും നേട്ടങ്ങൾ ഉയർത്തിക്കാണിക്കാൻ കഴിയും, ചെറിയ വൈകല്യങ്ങളില്ല എന്ന് ഞങ്ങൾ പറയുന്നില്ല; എന്നാൽ നേട്ടങ്ങളുടെ പട്ടിക ഉയർത്തിക്കാണിക്കാൻ കഴിയുന്നതാണ് എട്ട് മാസത്തെ ഈ ഗവൺമെന്റിന്റെ ഭരണനിലപാടെന്ന് പറഞ്ഞുകൊണ്ടും ഈ ഗവൺമെന്റിന്റെ മുന്നോട്ടുള്ള പോക്കിന് വേഗത കൂട്ടാൻ തീവ്രമായ പ്രവർത്തനങ്ങളാണ് എല്ലാ രംഗത്തും ഉണ്ടാകേണ്ടതെന്ന് അറിയിച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

1.52 PM]

ശ്രീ. സി. കെ. നാണു : സർ, ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. നമ്മുടെ രാജ്യം അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നത്തിന് പരിഹാരം കാണാനുള്ള ഫലപ്രദമായ സമീപനം ഈ ചർച്ചയിലൂടെ രൂപപ്പെടണം. എല്ലാ ഭാഗത്തും ചൂട് വർദ്ധിക്കുകയും വെള്ളം കുറഞ്ഞുവരികയും ചെയ്തുകൊണ്ടിരിക്കുന്ന വളരെ അപകടകരമായ സ്ഥിതിയിൽ നിന്നും നമ്മുടെ സംസ്ഥാനത്തെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട 500 സ്ഥലങ്ങളിലെ കുളങ്ങൾ വൃത്തിയാക്കി ഉപയോഗപ്പെടുത്തിയാൽ കൂടുതൽ ജലം ഫലപ്രദമായി സംരക്ഷിക്കാൻ സാധിക്കുകയും വന്യമൃഗങ്ങൾ നാട്ടിലിറങ്ങി പലതും നശിപ്പിക്കാതെ അവയ്ക്ക് വനത്തിനുള്ളിൽത്തന്നെ ജീവിക്കാനുതകുന്ന സാഹചര്യമുണ്ടാകുകയും ചെയ്യും. കൂടുതൽ സ്ഥലങ്ങളിൽ മരം വച്ചുപിടിപ്പിക്കാൻ തീരുമാനമെടുക്കണം. വറ്റിവരണ്ടു കൊണ്ടിരിക്കുന്ന നമ്മുടെ നദികൾകൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നില്ല. അവയെ മെച്ചപ്പെടുത്താനാവശ്യമായ പദ്ധതികൾ ഹരിത കേരളം വഴി നടപ്പിലാക്കണം. വനം സംരക്ഷിക്കപ്പെടുകയും നദികൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം നമ്മുടെ കാർഷികമേഖലയിൽ പ്രതീക്ഷിക്കുന്നതിനേക്കാൾ കൂടുതൽ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കണം.

ഇന്ന് കേരളം നേരിടുന്ന പ്രധാനപ്രശ്നം കുടിവെള്ളക്ഷാമമാണ്. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതുപോലെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കാനുള്ള ഒരു സമീപനത്തിലേയ്ക്ക് കേരളത്തെ എത്തിക്കുന്നതിനുള്ള സജീവമായ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നമുക്ക് കാണാൻ സാധിക്കും. കേരള സംസ്ഥാനം മദിരാശിയുടെ ഭാഗമായ കാലത്തുതന്നെ ജലസേചന പദ്ധതികൾ ആരംഭിച്ചിരുന്നു. കുറച്ചുകാലമായി അവയുടെ അറ്റകുറ്റപ്പണികൾ നടക്കുന്നുണ്ടായിരുന്നില്ല. പഴയകാലത്തുള്ള പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചതായി ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽനിന്നും മനസ്സിലാക്കാൻ സാധിച്ചു. വനസംരക്ഷണത്തിനുപുറമേ വനമേഖലയ്ക്ക് പുറത്തും വൃക്ഷം വളർത്തൽ വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് പറയുന്നുണ്ട്.

ഇതിന്റെ ഫലമായി ഇന്നും ഭാവിയിലും അനുഭവിക്കേണ്ടിവരുന്ന ചൂടിൽനിന്നും വരൾച്ചയിൽനിന്നും കേരളം രക്ഷിക്കപ്പെടും. ഇത്തരത്തിലുള്ള സമീപനങ്ങളിലൂടെ മാത്രമേ പഴയ കേരളത്തെ നമുക്ക് തിരിച്ചുകൊണ്ടുവരാൻ സാധിക്കൂ. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായ, കേരളത്തിന്റെ പഴയ പച്ചപ്പ് നിലനിർത്താൻ സാധിക്കണമെങ്കിൽ ഈ രൂപത്തിലുള്ള കാഴ്ചപ്പാട് വേണം. വളരെ വൈദഗ്ദ്ധ്യത്തോടുകൂടി പുതിയ കേരളത്തെ സൃഷ്ടിക്കാൻ ആവശ്യമായ നടപടികൾ ഇതിൽ കാണുന്നു.

ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിൽ എഴുപതോളം പുതിയ പാലങ്ങളുടെ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. പ്രത്യേകിച്ചും മലബാർ ഭാഗത്ത് ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് നിർമ്മിച്ച പാലത്തിലൂടെ വലിയ ട്രക്കുകൾ പോകുമ്പോൾ എം.എൽ.എ.-മാരായ ശ്രീ. കെ. ദാസനും ഞാനും ഉൾപ്പെടുന്ന ജനങ്ങൾ ഭയപ്പാടോടുകൂടി കണ്ടിരുന്ന സ്ഥലങ്ങളിൽ പുതിയ പാലങ്ങൾ പണിയുന്നതിന് പൊതുമരാമത്ത് വകുപ്പ് മുന്നോട്ടുവരുന്ന വെന്നുള്ളത് വളരെ സന്തോഷത്തോടുകൂടി കാണുകയാണ്. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമുള്ള ഒരിക്കലും ശ്രദ്ധിക്കപ്പെടാതിരുന്ന പഴയ കുളങ്ങൾ നവീകരിച്ച് കുടിവെള്ള സ്രോതസ്സുകൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. നല്ല കുടിവെള്ളം ലഭിച്ചാൽ ആശുപത്രികളിലേയ്ക്ക് പോകുന്നതിന്റെ തോത് കുറയും. കാരണം നല്ല കുടിവെള്ളം നമ്മുടെ ആരോഗ്യത്തിന് പ്രധാനപ്പെട്ട ഘടകമാണ്. ആ രൂപത്തിലുള്ള വിശാലമായ, ശാസ്ത്രീയ കാഴ്ചപ്പാടോടുകൂടി ആരോഗ്യ പരിപാലന രംഗവും വിദ്യാഭ്യാസ രംഗവും ഉൾപ്പെടെ എല്ലാ മേഖലയിലും ഇന്ത്യയ്ക്ക് മാതൃകയാകുന്ന വിധത്തിൽ കേരളത്തിൽ രൂപപ്പെടുത്തിയെടുക്കുകയാണ്. നമ്മുടെ മത്സ്യസമ്പത്തിനെ സംരക്ഷിക്കാൻ എന്തെല്ലാം വഴികളുണ്ടെന്നും അതിനുവേണ്ടി എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നുമുള്ള സൂചനകൾ വിപുലപ്പെടുത്തിക്കൊണ്ട് മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതോടൊപ്പം കേരളത്തിലെ വിദേശ ട്രോളറുകൾ ഉൾപ്പെടെ മത്സ്യത്തൊഴിലാളികളുടെ വരുമാനത്തെ തകർക്കുന്ന വസ്തുതകളെ നേരിടാനുതകുന്ന കാഴ്ചപ്പാടുകൾ സ്വീകരിക്കണം. കേരളത്തിന്റെ താൽപ്പര്യവും സമ്പത്തും സംരക്ഷിച്ച് നമ്മുടെ നിയമസഭയ്ക്ക് മുന്നോട്ടുപോകാൻ സഹായകരമായ രൂപത്തിൽ ഗവർണറുടെ നയപ്രഖ്യാപനം വളരെ ഫലപ്രദമാകുമെന്ന് പറഞ്ഞു കൊണ്ട് ഞാൻ നിർത്തുന്നു.

1.58 PM]

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തി ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. കേരളത്തിന് ദിശാബോധം പകരുന്ന നയപ്രഖ്യാപനമാണ് ഇവിടെ ബഹുമാനപ്പെട്ട ഗവർണർ നടത്തിയിട്ടുള്ളത്. കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക രംഗത്ത് ഉണർവ്വുണ്ടാക്കുന്ന നയങ്ങളാണ് ഇവിടെ ബഹുമാനപ്പെട്ട ഗവർണർ പ്രഖ്യാപിച്ചിട്ടുള്ളത്. അഞ്ചുവർഷക്കാലം കേരളത്തെ തട്ടിപ്പുകാരുടെയും അഴിമതിക്കാരുടെയും പറുദീസയാക്കിയ ഭരണമാണ് യു.ഡി.എഫ്. നടത്തിയത്. സാമ്പത്തികാവസ്ഥ വളരെയേറെ ഗുരുതരമായ ഒരവസ്ഥയിലേയ്ക്ക് എത്തിച്ചു കൊണ്ടാണ് അവർ ഭരണം ഒഴിഞ്ഞുപോയത്. അത്തരമൊരു സാഹചര്യത്തിലാണ് കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നത്. എല്ലാ മേഖലകളിലും നവോന്മേഷത്തിന്റെ ഒരു തരംഗമാണ് എൽ.ഡി.എഫ്. സർക്കാർ ഉയർത്തുന്നത്. എല്ലാ വകുപ്പുകളും ഇക്കഴിഞ്ഞ 9 മാസക്കാലത്തിനുള്ളിൽ വളരെ ശ്രദ്ധേയമായിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയിൽ എക്കാലത്തെയും മികച്ച മാറ്റങ്ങൾക്കാണ് ഈ ഗവൺമെന്റ് തുടക്കമിട്ടിട്ടുള്ളത്. 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക്കാക്കുന്ന പ്രഖ്യാപനം നമ്മുടെ സംസ്ഥാനത്ത് നല്ല തുടക്കമാണുണ്ടാക്കിയിട്ടുള്ളത്. ഹയർ സെക്കണ്ടറി ഉൾപ്പെടെയുള്ള സ്കൂളുകൾ ഹൈടെക്കാക്കുന്നതിന് പശ്ചാത്തല സംവിധാനം ഒരുക്കുന്നതടക്കമുള്ള പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്. സ്കൂളുകളിൽ മൾട്ടിമീഡിയ സംവിധാനം ഒരുക്കുന്നു. എല്ലാ ക്ലാസ്സുകളും നെറ്റ്‌വർക്ക് ചെയ്ത് ഡിജിറ്റൽ സംവിധാനം ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. അതുപോലെ തന്നെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിനുള്ള തുക, സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം എന്നിവ വർദ്ധിപ്പിച്ചുകൊണ്ട് വളരെ മാതൃകാപരമായ ഒരു മാറ്റം ഗവൺമെന്റ് വരുത്തിയിരിക്കുന്നു. കുട്ടികളുടെ ഉച്ചഭക്ഷണത്തിന് അരി ഒഴികെയുള്ള പലവ്യഞ്ജനങ്ങൾക്കും മുട്ട, പാൽ എന്നിവയ്ക്കും ഓരോ ദിവസവും ഓരോ കുട്ടിക്കും അനുവദിക്കുന്ന തുക എട്ടുരൂപയാക്കി വർദ്ധിപ്പിച്ചു. വിദ്യാലയങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സ്വയം വിലയിരുത്തലിന് 'ശാലസിദ്ധി' പദ്ധതിയുമായി വിദ്യാഭ്യാസ വകുപ്പ് രംഗത്ത് വന്നിരിക്കുകയാണ്. സ്കൂളുകളിലെ ലാബുകൾ നവീകരിക്കാനുള്ള 'ശാസ്ത്രപോഷിണി' പദ്ധതി വിപുലീകരിക്കാൻ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ യോഗം തീരുമാനിച്ചിരിക്കുകയാണ്. 750 ഹൈസ്കൂളുകളുടെ ലാബുകൾ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ആധുനിക ശുചിമുറികളൊരുക്കാൻ 'എസ്.എസ്.എ.' പദ്ധതി തയ്യാറാക്കിയിരിക്കുകയാണ്. ഇതിനാവശ്യമായ തുക കേന്ദ്ര ധനമന്ത്രാലയത്തിന്റെ കീഴിലുള്ള 'സ്വച്ഛ് ഭാരത് ഘോഷ്' അനുവദിക്കുമെന്നുള്ള ഉറപ്പ് സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുമുണ്ട്.

ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങൾക്കുമുന്നിലും ലോകത്തിനുമുന്നിലും അഭിമാനപൂർവ്വം നമ്മൾ ഉയർത്തിപ്പിടിച്ചതാണ് സമ്പൂർണ്ണ സാക്ഷരത എന്നുള്ളത്. പക്ഷേ സാക്ഷരതാ പ്രേരക്മാരുടെ അവസ്ഥ വളരെ പരിതാപകരമായിരുന്നു. അവരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നിഷേധാത്മകമായ നിലപാടാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. എന്നാൽ സാക്ഷരതാ പ്രേരക്മാരോടുള്ള വാഗ്ദാനം എൽ.ഡി.എഫ്. ഗവൺമെന്റ് നിറവേറ്റിയിരിക്കുകയാണ്. വിദ്യാഭ്യാസ വകുപ്പ് ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവിട്ടതിൽ വലിയ ആഹ്ലാദമാണ് സംസ്ഥാനത്തെ സാക്ഷരതാ പ്രേരക്മാരുടെ ഇടയിലുണ്ടാക്കിയത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ച അഞ്ചുവർഷക്കാലത്ത് ഒരിക്കൽപ്പോലും പാഠപുസ്തകം സമയത്തിന് നൽകാൻ കഴിഞ്ഞിട്ടില്ല. ഏറ്റവും മോശപ്പെട്ട ഒരു മാനേജ്മെന്റാണ് അന്നുണ്ടായിരുന്നത്. എന്നാൽ വരുന്ന അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ ഇപ്പോൾത്തന്നെ അയച്ചുതുടങ്ങി എന്നുള്ളത് നല്ലൊരു കാര്യമാണ്. വരുന്ന അദ്ധ്യയനവർഷം സമയത്തിനുതന്നെ നമ്മുടെ കുട്ടികൾക്ക് പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്ന രീതിയിൽ വലിയ മാറ്റമാണ് വിദ്യാഭ്യാസ വകുപ്പ് വരുത്തിയിട്ടുള്ളത്.

ആഭ്യന്തര വകുപ്പ് വലിയ മാറ്റങ്ങൾക്ക് തുടക്കമിട്ടിരിക്കുകയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയുമായിരിക്കുന്ന ഘട്ടത്തിലാണ് തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചത്. അതിനുശേഷം അഞ്ചുവർഷക്കാലം ശ്രീ. ഉമ്മൻ ചാണ്ടി ഭരിച്ചു. അക്കാര്യത്തിൽ കാര്യമായ ഒരു നടപടിയുമുണ്ടായില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരമേറ്റശേഷം 8 തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് തസ്തികകൾ അനുവദിച്ച് ഉത്തരവായിരിക്കുകയാണ്. ഒരു സി.ഐ., രണ്ട് എസ്.ഐ., 22 സിവിൽ പോലീസ് ഓഫീസർ എന്നീ തസ്തികകൾ അനുവദിച്ചിരിക്കുകയാണ്. എന്റെ മണ്ഡലത്തിലുൾപ്പെടെ തീരദേശ പോലീസ് സ്റ്റേഷന് സ്ഥലം അനുവദിച്ചിട്ടുണ്ട്.

അതുപോലെ തന്നെയാണ് എക്സൈസ് ഡിപ്പാർട്ട്മെന്റ്. ശ്രീ. റ്റി. പി. രാമകൃഷ്ണനെ ഒരു കാര്യത്തിൽ അഭിനന്ദിക്കുകയാണ്. മദ്യവുമായി ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റാണ് എക്സൈസ് ഡിപ്പാർട്ട്മെന്റ് എന്നാണ് പൊതുവായ ധാരണ. ഇവിടെ മദ്യാസക്തിയിൽനിന്നും മനുഷ്യരെ മോചിപ്പിക്കുന്നതിനുള്ള 'വിമുക്തി' പദ്ധതി അദ്ദേഹം പ്രഖ്യാപിക്കുക മാത്രമല്ല ചെയ്തിട്ടുള്ളത്, ഞാൻ 11 വർഷമായി എം.എൽ.എ.-യായി പ്രവർത്തിക്കുന്നയാളാണ്, മദ്യാസക്തിയിൽ

നിന്നും ജനങ്ങളെ മോചിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് മുൻകൂറായി ഫണ്ട് അനുവദിക്കുന്ന അനുഭവം ഒരിക്കൽപ്പോലുമില്ല. കഴിഞ്ഞ ദിവസം ഞങ്ങൾ യോഗം ചേർന്നപ്പോൾ എന്റെ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകൾക്കും 25,000 രൂപ ഗവൺമെന്റ് മുൻകൂറായി നൽകിയിരിക്കുന്നു എന്നാണ് അറിഞ്ഞത്. നഗരസഭകൾക്ക് 50,000 രൂപ നൽകിയിരിക്കുന്നു; എല്ലാ സ്കൂളുകൾക്കും 5,000 രൂപ അനുവദിച്ചിരിക്കുന്നു. വളരെ മാതൃകാപരമായിട്ടുള്ള ഒരു കാര്യമായി അതിനെ ഞാൻ കണക്കാക്കുകയാണ്. ഓരോ വകുപ്പിലും വന്നിട്ടുള്ള മാറ്റങ്ങളുടെ ഒരു നല്ല ഉദാഹരണമാണത്.

വൈദ്യുതി വകുപ്പിനെക്കുറിച്ച് ഇവിടെ പലരും പറഞ്ഞുകഴിഞ്ഞതാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായി നടക്കുകയാണ്. നമ്മുടെ നാട്ടിൽ ഒട്ടേറെ ഊർജ്ജ പ്രതിസന്ധികളും ബുദ്ധിമുട്ടുകളും ഉണ്ടെങ്കിൽപ്പോലും വൈദ്യുതി വകുപ്പ് മാതൃകാപരമായി ശ്രീ. എം. എം. മണിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുകയാണ്. സാംസ്കാരിക വകുപ്പ് IFFK ഏറ്റവും നല്ല നിലയിലാണ് നടത്തിയത്. തിരുവനന്തപുരത്ത് നടന്ന ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ലോകം മുഴുവൻ ഉറ്റുനോക്കിയതാണ്. തൃശ്ശൂരിൽ അന്തർദ്ദേശീയ നാടകോത്സവം വളരെ നല്ലനിലയിൽ തന്നെ നടന്നുകൊണ്ടിരിക്കുകയാണ്.

നോട്ട് നിരോധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇവിടെ പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. വലിയ അത്ഭുതങ്ങളുണ്ടാക്കുമെന്ന് പറഞ്ഞുകൊണ്ട് പ്രഖ്യാപിച്ച ഒരു കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് വലിയ സാമ്പത്തിക നഷ്ടമാണ് അതിന്റെ ഭാഗമായുണ്ടായത്. ഇന്ന് മാതൃഭൂമി ദിനപ്പത്രം പ്രസിദ്ധീകരിച്ച വളരെ കൃത്യമായിട്ടുള്ള ഒരു കണക്കുണ്ട്. ഇത് നമ്മുടെ സംസ്ഥാന വരുമാനത്തെ വളരെ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായി അധികാരമേറ്റശേഷം നികുതി വരുമാനത്തിൽ നല്ല മാറ്റം വന്നിരുന്നു. ജൂണിൽ വെറും 5 ശതമാനം വളർച്ച കാണിച്ച നികുതി വരുമാനം ഒക്ടോബറിൽ 17 ശതമാനത്തിന്റെ വളർച്ച കാണിക്കുകയുണ്ടായി. നവംബറിൽ നോട്ടുകൾ അസാധുവാക്കിയതോടുകൂടിയാണ് നികുതി വരുമാനത്തിൽ വലിയ തോതിൽ കുറവുണ്ടായത്. നവംബറിൽ നികുതി വളർച്ച 14 ശതമാനമായിരുന്നു. അതായത് 500, 1000 രൂപ നോട്ടുകളുടെ നിരോധനം പ്രഖ്യാപിക്കുന്ന നവംബറിൽ 14 ശതമാനമായിരുന്നെങ്കിൽ ഡിസംബർ ആകുമ്പോഴേക്കും അത് 9 ശതമാനത്തിലും ജനുവരിയിൽ എക്കാലത്തെയും താഴ്ന്ന നിലയായ നാല് ശതമാനത്തിലുമെത്തി എന്നുപറയുമ്പോൾ അത് കാണിക്കുന്നത് നമ്മുടെ സംസ്ഥാനത്തെ നോട്ടുനിരോധനം എങ്ങനെയാണ് ബാധിച്ചിട്ടുള്ളതെന്നാണ്.

സംസ്ഥാനത്തെ ഈയവസ്ഥ യഥാർത്ഥത്തിൽ ബി.ജെ.പി. അനുകൂല പ്രചാരകരുടെ വായടപ്പിക്കുന്ന ഒരു കാര്യമാണ്. സഹകരണ മേഖലയിൽ നോട്ടുനിരോധനമുണ്ടാക്കിയ പ്രതിസന്ധികൾ വേറെയുമുണ്ട്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് ദീർഘമായി പോകുന്നില്ല.

നടിയെ ആക്രമിച്ചതുമായി ബന്ധപ്പെട്ട പ്രശ്നം സംസ്ഥാന ഗവൺമെന്റും ആഭ്യന്തര വകുപ്പും നല്ല നിലയിലാണ് കൈകാര്യം ചെയ്തത്. വിവരമറിഞ്ഞയുടൻ തന്നെ പോലീസ് അധികാരികൾ സ്ഥലത്തെത്തുകയും രാത്രി തന്നെ സംഭവത്തിൽ പങ്കാളിയായ പ്രതികളിൽ ഒരാളെ കസ്റ്റഡിയിൽ എടുക്കുകയും ചെയ്തു. പിറ്റേ ദിവസം രാവിലെ മറ്റൊരു പ്രതിയെ കസ്റ്റഡിയിലെടുത്തു. വളരെ കൃത്യമായി പ്രതികളെ പിടിക്കുന്നതിനുള്ള ശാസ്ത്രീയമായ സംവിധാനങ്ങൾ ഉപയോഗ പ്പെടുത്തിയാണ് പോലീസ് നീങ്ങിയത്. പൾസർ സുനിയെ പിടിച്ചപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് യഥാർത്ഥത്തിൽ പ്രതിയുടെ പക്ഷമാകുന്നതാണ് നമ്മൾ കണ്ടത്. അങ്ങനെ പിടിച്ചത് ശരിയായില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞത്? കോടതി പ്രവർത്തിച്ചുകൊണ്ടിരിക്കെ പോലീസ് കോടതിമുറിയിൽ കടന്ന് പ്രതിയെ പിടിച്ചതാണെങ്കിൽ ആ പറഞ്ഞത് ശരിയാണ്. പക്ഷേ കോടതി ചേരാത്ത സമയത്ത് മതിൽ ചാടി അകത്തുകടന്ന പ്രതി പതുങ്ങിപ്പതുങ്ങി കോടതി പരിസരത്ത് നിൽക്കുമ്പോൾ പിടിക്കാൻ പാടില്ല എന്നുപറയുന്നത് ആർക്കുവേണ്ടിയാണ്? ഈ കേസ്സിന്റെ എല്ലാ ഘട്ടങ്ങളിലും ഗവൺമെന്റ് ശരിയായ നിലപാടുകൾ സ്വീകരിച്ചിട്ടും വളരെ തെറ്റായ ഒരു നിലപാടാണ് അക്കാര്യത്തിൽ പ്രതിപക്ഷം സ്വീകരിച്ചു. ഇന്ന് ഈ നിയമസഭയ്ക്കകത്ത് സ്ത്രീസുരക്ഷയുടെ പ്രശ്നവുമായി ബന്ധപ്പെട്ട് അവർ ഉയർത്തിയ വാദഗതികളെല്ലാം പൊയ്‌വെടികളായിരുന്നുവെന്ന് നമുക്ക് ബോദ്ധ്യമാവുകയുണ്ടായി. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ രാജ്യത്ത് അസഹിഷ്ണുതയുടെ അന്തരീക്ഷമുണ്ടാക്കുന്നതിന് തമസ്സിന്റെ ശക്തികൾ ശക്തമായി ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ശ്രീ. എം. ടി. വാസുദേവൻ നായർ എന്ന മലയാളത്തിന്റെ എക്കാലത്തെയും മികച്ച എഴുത്തുകാരനെതിരെയും ആക്രോശങ്ങളും കമൽ എന്ന സംവിധായകനെതിരെയും നടന്ന ആക്രോശങ്ങൾ നമ്മൾ കണ്ടതാണ്. ഇവിടെ തങ്ങൾക്ക് ഇഷ്ടപ്പെട്ട കാര്യങ്ങൾ മാത്രമേ പറയാവൂ, എഴുതാവൂ എന്നുപറയുന്നത് യഥാർത്ഥത്തിൽ നമ്മുടെ സംസ്കാരത്തിനും കാഴ്ചപ്പാടുകൾ ക്കുമൊക്കെ എതിരാണ്. ഭാരതീയ ജനതാ പാർട്ടിയും ആർ.എസ്.എസ്.-ഉം ഇത്തരത്തിൽ തങ്ങൾക്കിഷ്ടമില്ലാത്തവരെ ആക്രമിക്കും, സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയെ കേരളത്തിനുപുറത്ത് കാലുകുത്താൻ സമ്മതിക്കില്ല എന്നൊക്കെ പറഞ്ഞപ്പോൾ ഈ അസഹിഷ്ണുതയ്ക്കെതിരായി നമ്മുടെ നാട്ടിലെ ജനങ്ങൾ

പ്രതികരിച്ചുവെന്നുള്ളത് നേരാണ്. പക്ഷേ സംസ്ഥാനത്തെ മാധ്യമങ്ങൾ അത് വേണ്ടവിധം ചർച്ചയ്ക്ക് എടുത്തോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. എവിടെയും കാലുകുത്താൻ സമ്മതിക്കില്ലെന്നാണ് ബി.ജെ.പി. നേതാവ് ശ്രീ. ഗോപാലകൃഷ്ണൻ പത്രസമ്മേളനം നടത്തി പറഞ്ഞത്. അടിക്ക് അടി, കൊലയ്ക്ക് കൊല എന്ന ശ്രീ. കെ. സുരേന്ദ്രന്റെ പ്രസംഗം ടെലിവിഷനിൽ നമ്മളെല്ലാം കേട്ടതാണ്. നമ്മുടെ നാട്ടിലെ അന്തിച്ചർച്ചകളിൽ അത് വേണ്ടത്ര വന്നില്ലെന്നത് പ്രസക്തമായി നിൽക്കുകയാണ്. ഇപ്പോൾ പോയിപ്പോയി എവിടെയെത്തുകയാണ്? ഈ നാട്ടിൽ ചെമ്മീൻ സിനിമയുടെ വാർഷികം ആഘോഷിക്കാൻ സമ്മതിക്കില്ലെന്ന് കഴിഞ്ഞ ദിവസം ഒരു സംഘടനയുടെ നേതാവ് പറയുകയാണ്. എന്താണ് അതിനർത്ഥം? ചെമ്മീൻ ഇന്നലെ വന്ന ഒരു സിനിമയല്ല. 50 വർഷം പിന്നിട്ട, ഒരു ചലച്ചിത്ര ഇതിഹാസമെന്ന് വിശേഷിപ്പിക്കാവുന്ന, മലയാളത്തിന്റെ എക്കാലത്തെയും മികച്ച ഒരു ചലച്ചിത്ര കാവ്യത്തിന്റെ വാർഷികമാഘോഷിക്കാൻ സമ്മതിക്കില്ലെന്ന് പറയുന്നത് ധിക്കാരത്തിന്റെയും ധാർഷ്ട്യത്തിന്റെയും ഭാഷയാണ്. സാംസ്കാരിക ലോകത്ത് ആര് എങ്ങനെ എഴുതണം, ആര് എങ്ങനെ സിനിമ പിടിക്കണം, ആര് എങ്ങനെ സിനിമ ചിത്രീകരിക്കണമെന്നൊക്കെ പറയാൻ നമ്മുടെ നാട്ടിലെ വർഗ്ഗീയ ശക്തികൾ ഒരുങ്ങുന്നതിന്റെ ഭാഗം കൂടിയാണത്. ചെമ്മീൻ സിനിമ നിർമ്മിച്ചത് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചേറ്റുവയിൽ ജനിച്ച രാമു കാര്യാട്ടാണ്. രാമു കാര്യാട്ടിന്റെ ആ സിനിമ തകഴിയുടെ വിശ്വവിഖ്യാത നോവലിനെ ആസ്പദമാക്കിയുള്ളതാണ്. ആ സിനിമയുടെ വാർഷികം ആഘോഷിക്കാൻ പാടില്ലെന്ന് പറയുന്നത്......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: കറുത്തമ്മയും പരീക്കുട്ടിയും പ്രണയിച്ചതുകൊണ്ടാണോ?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, എനിക്കറിയില്ല. പ്രണയത്തെയും അനുരാഗത്തെയും മാനവിക വികാരങ്ങളെയും ജാതി-മതാന്ധതയുടെ കാഴ്ചപ്പാടുകളിൽ ചിത്രീകരിക്കാൻ തുടങ്ങിയാൽ നമ്മുടെ നാട് എവിടെ ച്ചെന്നെത്തുമെന്ന ചോദ്യമാണുന്നയിക്കുന്നത്. ചെമ്മീൻ സിനിമയ്ക്കെതിരെയുള്ള ആക്രോശം നമ്മുടെ സാംസ്കാരികലോകം അതിശക്തമായി എതിർക്കേണ്ട കാര്യമായി ഞാൻ കണക്കാക്കുകയാണ്. ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളാണ് അസഹിഷ്ണുതയ്ക്കും ജാതി-മതാന്ധതയ്ക്കുമെതിരായി അതിശക്തമായ പോരാട്ടങ്ങൾ നടത്തിയിട്ടുള്ളത്. പുതിയ കാലഘട്ടത്തിൽ ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലുള്ള വലിയ മുന്നേറ്റങ്ങൾ മാത്രമാണ് ഇത്തരത്തിലുള്ള അസഹിഷ്ണുതയ്ക്കെതിരായ പോരാട്ടത്തിന് ഏക മാർഗ്ഗമെന്ന് ഞാൻ കരുതുന്നു. ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി

പിന്താങ്ങുന്നു.

2.12 PM]

ശ്രീ. എം. സ്വരാജ്: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. അഴിമതിയും അരാജകത്വവും അരങ്ങുതകർത്ത ഭൂതകാലത്തോട് വിടപറഞ്ഞ് ഒരു നവകേരളത്തിന്റെ പുതുയുഗപ്പിറവിക്കാണ് കേരളം ഇന്ന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. ആ നവകേരളത്തിന്റെ ചില സൂചനകളാണ് ഗവർണറുടെ പ്രസംഗത്തിലുണ്ടായിരുന്നത്. ഏറ്റവും ആത്മാഭിമാനത്തോടെ മനുഷ്യർക്ക് ജീവിക്കാൻ കഴിയുന്ന ആധുനിക കേരളമായിരിക്കും വരാൻ പോകുന്നത് എന്നതിന്റെ വ്യക്തമായ സൂചനകളാണ് ഇതിനോടകം പുറത്തുവന്നിട്ടുള്ള നവകേരള മിഷൻ ഉൾപ്പെടെയുള്ള പുതിയ കാഴ്ചപ്പാടുകളും പദ്ധതികളും. കേരളത്തിൽ ഭവനരഹിതരില്ലാതാകുകയാണ്. തല ചായ്ക്കാൻ ഒരിടമില്ലാത്ത, ഏറ്റവും പാവപ്പെട്ടവരായ മനുഷ്യരുടെ വേദന കാണാൻ ഈ സർക്കാരിന് സാധിച്ചുവെന്നതാണ് പ്രധാന കാര്യം. ഒരുപക്ഷേ ലോകത്തിന്റെതന്നെ ചരിത്രത്തിലാദ്യമായി ഒരു ജനാധിപത്യ ഭരണ സംവിധാനം നിലനിൽക്കുന്ന പ്രദേശത്ത്, ഒരു മൂന്നാംലോക രാജ്യത്ത് ഭവന രഹിതരില്ലാതാകാൻ പോകുകയാണ്. അത് കാലത്തിന്റെ കൈകൾക്ക് മായ്ച്ചുകളയാനാകാത്തവിധം ചരിത്രത്തിലടയാളപ്പെടുത്തുന്ന സുപ്രധാനമായ നേട്ടമാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുപോലെ ജനകീയാരോഗ്യം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികളും പരിസ്ഥിതി സംരക്ഷണം ലക്ഷ്യം വച്ചുകൊണ്ടുള്ള നീക്കങ്ങളുമെല്ലാം കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റിത്തീർക്കു മെന്നുറപ്പാണ്. കേരളത്തിന്റെ പൊതു വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്ന തിനാവശ്യമായ ശാസ്ത്രീയവും പ്രായോഗികവുമായ പദ്ധതിയാണ് ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ളത്. ഇതെല്ലാം കേരളത്തെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാക്കി മാറ്റാൻ പോകുകയാണ്. ഇങ്ങനെ ഉയരങ്ങളിലേയ്ക്ക് നമ്മുടെ നാട് കുതിക്കുമ്പോൾ, ഇരുളടഞ്ഞ ഇന്നലെകളിൽനിന്നും നമ്മുടെ നാടിനെ പ്രകാശപൂരിതമായ നാളെയിലേയ്ക്ക് കൈപിടിച്ചാനയിക്കുമ്പോൾ നിർഭാഗ്യവശാൽ ഈ സഭയ്ക്കകത്തെ കുറച്ചാളുകൾ ഇല്ലെന്ന് നമുക്കറിയാം. എന്തുകൊണ്ടാണ് അവർ ഈ ഘട്ടത്തിൽ ഇറങ്ങിപ്പോയതെന്നത് പരിശോധനാർഹമായ ഒരു കാര്യമാണെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ രാവിലെ ഉയർത്തിപ്പിടിച്ച ബാനറിൽ ആലേഖനം ചെയ്തിട്ടുള്ളത് സ്ത്രീസുരക്ഷയെക്കുറിച്ചാണ്. സ്ത്രീസുരക്ഷയെക്കുറിച്ച് കോൺഗ്രസ്

പ്രസംഗിക്കുന്നതിനെക്കാൾ വലിയൊരു തമാശ ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഉണ്ടാകാനില്ല. സ്ത്രീസുരക്ഷയെക്കുറിച്ച് കോൺഗ്രസ് സംസാരിക്കുന്നു വെന്ന് പറഞ്ഞാൽ കോഴികളുടെ സംരക്ഷണത്തെക്കുറിച്ച് കുറുക്കൻ പ്രബന്ധം അവതരിപ്പിക്കുന്നതുപോലെയാണ്. അല്ലെങ്കിൽ സസ്യഭക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നരഭോജിയായ പുലി ക്ലാസ്സെടുക്കുന്നതുപോലെയാണെന്ന് പറയേണ്ടതായി വരും. അതാണ് നമ്മുടെ കഴിഞ്ഞകാല അനുഭവങ്ങളെല്ലാം ഓർമ്മിപ്പിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള ആത്മാർത്ഥതയോടുകൂടിയ ഒരു സമീപനമല്ല ഇന്നിവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ച ബഹുമാന്യനായ തൃക്കാക്കര മണ്ഡലത്തിലെ അംഗവും യു.ഡി.എഫ്. ആകെയും സ്വീകരിച്ചിട്ടുള്ളത്. ഇവിടെ ഇരിക്കുന്ന സാമാജികർ ശ്രദ്ധിച്ചിട്ടുണ്ടാകും, അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം പ്രസംഗം അവസാനിപ്പിച്ചപ്പോൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പറയാൻ മറന്നുപോയി. അത് പറയാതെയാണ് അദ്ദേഹം ഇരുന്നത്. ആരോ ഓർമ്മിപ്പിച്ചപ്പോഴാണ് അദ്ദേഹം വീണ്ടും ചാടിയെണീറ്റ് പറയാൻ ശ്രമിച്ചത്. ഇതുതന്നെ ചൂണ്ടിക്കാണിക്കുന്നത്, ഉന്നയിക്കപ്പെട്ട വിഷയത്തെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ഒരാകുലത അവർക്കില്ല എന്നുള്ളതാണ്. മറിച്ച് അറിയപ്പെടുന്ന ഒരു നടി ആക്രമിക്കപ്പെട്ടുവെന്ന വാർത്തയുണ്ടായപ്പോൾ അതിനെ ഒരവസരമായി സ്വീകരിച്ചുകൊണ്ട് ജനങ്ങൾ ഹൃദയത്തിലേറ്റിയ ഒരു സർക്കാരിനെതിരായി അർത്ഥരഹിതമായ കോലാഹലം സൃഷ്ടിക്കാനുള്ള പരിശ്രമമാണ് ഇവിടെ നടത്തിയിട്ടുള്ളത്. അടിയന്തരപ്രമേയം അവതരിപ്പിക്കാൻ ശ്രമിച്ച അംഗം കഴിഞ്ഞ ദിവസം എറണാകുളത്ത് ഉപവസിക്കുകയും ചെയ്തു. എന്തിനായിരുന്നു അദ്ദേഹത്തിന്റെ ഉപവാസമെന്നത് കൗതുകകരമാണ്. നിർഭാഗ്യകരമായ ഒരു സംഭവമുണ്ടായി ഒരാഴ്ച തികയുന്നതിനുമുമ്പ്, ആറാം നാൾ മുഴുവൻ പ്രതികളെയും പിടിച്ചകത്തിട്ട ഒരു സർക്കാരിന്റെ നേട്ടത്തിനുമുന്നിൽ ഒരാൾ പ്രതിഷേധസമരം നടത്തുന്നുവെങ്കിൽ അത് പ്രതിയെ പിടിച്ചതിലുള്ള പ്രതിഷേധമാണ്. അതല്ലാതെ മറ്റൊരു കാരണവും നമുക്കിവിടെ കാണാൻ കഴിയില്ല. ആ അറസ്റ്റുതന്നെ വിവാദമാക്കാനുള്ള ശ്രമമാണ് ഇക്കൂട്ടർ നടത്തിയത്. പക്ഷേ നമ്മുടെ മുമ്പിൽ അന്ന് പുറത്തിറങ്ങിയ കേരളത്തിലെ സുപ്രധാനമായ പത്രങ്ങളിൽ വന്ന വാർത്തകളുണ്ട്. മലയാള മനോരമ പത്രത്തിന്റെ തലക്കെട്ട് 'കീഴടക്കി' എന്നായിരുന്നു. 'പാളിപ്പോയ കീഴടങ്ങൽ ശ്രമം' എന്നുകൂടി എഴുതാൻ മനോരമ തയ്യാറായി. എന്നുവച്ചാൽ, പ്രതിയുടെ ശ്രമം പാളിപ്പോയി, കേരളത്തിലെ പോലീസ് ബലം പ്രയോഗിച്ച് കീഴടക്കിയെന്നും പോലീസിന്റെ സമയോചിതമായ

ഇടപെടലിനോടുള്ള അഭിനന്ദനമാണതെന്നും കാണാനാകും. ഇവിടെനിന്നും ഇറങ്ങിപ്പോയ ഒരു രാഷ്ട്രീയ കക്ഷിയുടെ മുഖപ്പത്രമാണ് ചന്ദ്രിക. ചന്ദ്രികയുടെ ഒന്നാം പേജിലെ വാർത്തയുടെ തലക്കെട്ട് 'കീഴടങ്ങി കെണിയിലായി' എന്നായിരുന്നു. പ്രതികൾ കീഴടങ്ങാൻ ശ്രമിച്ച് കെണിയിലായി, അവരെ കെണിയിൽപ്പെടുത്താൻ കേരളത്തിലെ പോലീസിന് കഴിഞ്ഞുവെന്നുവേണം ആ വാർത്തയിലൂടെ മനസ്സിലാക്കാൻ. എല്ലായ്പ്പോഴും ഈ സർക്കാരിനെ വിമർശിക്കുന്ന ദിനപ്പത്രമാണ് മംഗളം. മംഗളം ദിനപ്പത്രത്തിന്റെ തലക്കെട്ട് 'ബലേ ഭേഷ് പോലീസ്' എന്നാണ്. എതിർക്കുന്നവരിൽനിന്നും ഇതിനെക്കാൾ വലിയൊരഭിനന്ദനം ഇതിനുമുമ്പ് ഈ കേരളത്തിലുണ്ടായിട്ടുണ്ടോ? 'തൂക്കി അകത്താക്കി'-യെന്നാണ് കേരള കൗമുദി എഴുതിയത്. സംഭവം നടന്ന ആറാം നാൾ പ്രതിയെ തൂക്കി അകത്താക്കിയ സർക്കാരും ആഭ്യന്തര വകുപ്പുമാണ് ഈ കേരളം ഭരിക്കുന്നത്. അപ്പോൾ ഒരുകൂട്ടർക്ക് ഇറങ്ങിപ്പോകണമെന്ന് തോന്നുന്നു. ഇങ്ങനെ തൂക്കി അകത്താക്കാൻ പാടുണ്ടോ; ഇങ്ങനെ പ്രതികളെ പിടിക്കാൻ പാടുണ്ടോ; ഇങ്ങനെയൊക്കെ ചെയ്യാമോ; എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷം ഇന്ന് വിലപിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

കഴിഞ്ഞ കാലത്ത് കേരളത്തിൽ സ്ത്രീകൾക്കുനേരെ അതിക്രമമുണ്ടായപ്പോൾ ഏത് സമീപനമാണ് അന്നത്തെ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇവിടെ ബഹുമാന്യരായ ചില അംഗങ്ങൾ രാധയുടെ കൊലപാതകത്തെക്കുറിച്ച് പരാമർശിച്ചു. ലോകത്ത് മറ്റൊരിടത്തുനിന്നും അത്തരമൊരു വാർത്ത കേൾക്കാൻ ഇടയുണ്ടായിട്ടില്ല. നമ്മുടെ നാട്ടിൽ, നിലമ്പൂർ കോൺഗ്രസ് ഓഫീസിൽ, കോൺഗ്രസ് ഓഫീസെന്ന് പറയുമ്പോൾ അന്നത്തെ മന്ത്രിയുടെകൂടി ഓഫീസായിരുന്നു. മന്ത്രിയുടെ പി.എ. അവിടെയാണ് ജോലി ചെയ്തിരുന്നത്. വർഷങ്ങളോളം ആ ഓഫീസ് അടിച്ചുവാരി വൃത്തിയാക്കിയിരുന്ന പാവപ്പെട്ട കുടുംബത്തിലെ രാധയെന്ന സ്ത്രീയെ ക്രൂരമായി ബലാത്സംഗം ചെയ്ത് കൊന്ന്, ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു ശവശരീരത്തോട് ചെയ്യാൻ പാടില്ലാത്ത, സങ്കൽപ്പിക്കാനാവാത്ത എല്ലാ കൊടുംക്രൂരതകളും ചെയ്തശേഷം ഒരു ചാക്കിൽക്കെട്ടി മൃതദേഹം മഹാത്മാഗാന്ധിയുടെ ചില്ലിട്ട ചിത്രത്തിനുതാഴെ ഈ സ്ത്രീസംരക്ഷകർ ഒളിപ്പിച്ചു. രണ്ടുനാൾ അവിടെയിരുന്ന മൃതദേഹം ചീഞ്ഞുനാറി ദുർഗന്ധം പരത്താൻ തുടങ്ങിയപ്പോൾ അവിടത്തെ കോൺഗ്രസ് നേതൃത്വത്തിന്റെ പ്രത്യേക നിർദ്ദേശപ്രകാരം കർഷക കോൺഗ്രസ് ജില്ലാ നേതാവിന്റെ കൈവശഭൂമിയിലെ

കുളത്തിൽ ആ ചാക്കുകെട്ട് കൊണ്ടുപോയി നിക്ഷേപിച്ചു. അവിടത്തെ സർക്കിൾ ഇൻസ്പെക്ടറുടെ സഹായത്തോടെ വളരെ വേഗത്തിൽതന്നെ ഓഫീസ് വൃത്തിയാക്കി തെളിവുകൾ നശിപ്പിച്ച് യഥാർത്ഥ പ്രതികളെ രക്ഷപ്പെടുത്താനും വാടക പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനുമാണ് ശ്രമിച്ചത്. കേരള സംസ്ഥാനം ഭരിക്കുന്ന ഒരു മന്ത്രിയുടെ പി.എ.-യുടെ നേതൃത്വത്തിൽ ഈ കൊടുംക്രൂരത അരങ്ങേറിയപ്പോൾ ആ മന്ത്രിക്കെതിരായി ഏതെങ്കിലും തരത്തിലുള്ള പ്രതിഷേധം ഇവിടെ അന്നത്തെ പ്രതിപക്ഷം ഉയർത്തിയിട്ടുണ്ടോ; അതെന്തുകൊണ്ടാണ്? ഞങ്ങൾ നിങ്ങളെപ്പോലെ അന്തസ്സില്ലാത്തവരല്ല. വിഷയങ്ങളുടെ മെറിറ്റ് ഉയർത്തിക്കൊണ്ട് സ്ത്രീസംരക്ഷണത്തിനുവേണ്ടി ആത്മാർത്ഥതയോടെ നിലപാടെടുക്കുമ്പോൾ ഒരു സംഭവമുണ്ടായാൽ, ആ സംഭവത്തിൽ പ്രത്യക്ഷത്തിൽത്തന്നെ സംശയത്തിന്റെ നിഴലിൽനിന്നിട്ടുകൂടി നിങ്ങളുടെ മന്ത്രിക്കെതിരെ പ്രതിഷേധിക്കാൻ ഞങ്ങൾ പോയിട്ടില്ല. ഞങ്ങൾ യഥാർത്ഥ പ്രതികളെ പിടികൂടണമെന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ ആറാം നാൾ പ്രതികളെ മുഴുവൻ പിടിച്ചപ്പോഴാണ് ചിലർക്ക് മനോവേദനയുണ്ടായത്. പെരുമ്പാവൂരിലെ ജിഷയെന്ന പെൺകുട്ടി ക്രൂരമായി കൊല്ലപ്പെട്ടപ്പോൾ അന്നത്തെ പോലീസ് എന്താണ് ചെയ്തത്? പ്രതിയുടേതെന്ന് സംശയിക്കുന്ന ഒരു ചെരിപ്പ് ഒരു മരത്തിൽ കെട്ടിത്തൂക്കിയിട്ട് പോലീസ് ഒളിച്ചിരുന്നു. നഷ്ടപ്പെട്ട ചെരിപ്പെടുക്കാൻ പ്രതി വരുമ്പോൾ പിടിക്കാമെന്നായിരുന്നു പോലീസിന്റെ കണക്കുകൂട്ടൽ. ജിഷയുടെ ഘാതകരെ കൈകളിൽ വിലങ്ങുവച്ച് തുറുങ്കിലടയ്ക്കാൻ കേരളത്തിലെ മുഖ്യമന്ത്രിയുടെ കസേരയിൽ, ആഭ്യന്തര വകുപ്പുമന്ത്രിയുടെ കസേരയിൽ സഖാവ് പിണറായി വിജയൻ ഇരിക്കേണ്ടി വന്നുവെന്ന് നിങ്ങൾ ഓർക്കണം. നിങ്ങളെന്താണ് ധരിച്ചത്? നടിയെ ആക്രമിച്ച കേസിലെ പ്രതിയെ പിടിക്കാൻ പ്രതിയുടെ ചെരിപ്പ് നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് നോക്കി, ആ ചെരിപ്പെടുത്ത് മരത്തിൽ കെട്ടിവച്ച് പോലീസ് ഒളിച്ചിരുന്നുകൊണ്ട്, പ്രതി അതെടുക്കാൻ വരുമ്പോൾ പിടിക്കാൻ നിൽക്കണമെന്നായിരുന്നോ ബഹുമാനപ്പെട്ട തൃക്കാക്കര അംഗവും അദ്ദേഹത്തോടൊപ്പം ഇറങ്ങിപ്പോയവരും ആഗ്രഹിച്ചത്? അങ്ങനെയാണ് ആഗ്രഹിച്ചതെങ്കിൽ ആ ആഗ്രഹം സഫലമാക്കാനുള്ള ഗവൺമെന്റല്ല ഇത്. ഇത് സ്ത്രീകളുടെ സുരക്ഷിതത്വത്തിന് വില കൽപ്പിക്കുന്ന, അക്രമികളോട് വിട്ടുവീഴ്ച ചെയ്യാത്ത ഗവൺമെന്റാണെന്ന് നിങ്ങൾ മനസ്സിലാക്കണം. യൂത്ത് കോൺഗ്രസ്സിന്റെ അഖിലേന്ത്യാ അദ്ധ്യക്ഷനായിരുന്ന മനീഷ് തിവാരിയുടെ കൺമുന്നിൽ വച്ചാണ് മദിരാശിയിൽ സരിഗ ഷായെ പിച്ചിച്ചീന്തി ആക്രമിച്ച് കൊന്നത്. ഇവിടെ ബാനർ പിടിച്ചവർ യഥാർത്ഥത്തിൽ അത് പിടിക്കേണ്ടത് മനീഷ് തിവാരിയെ

കോൺഗ്രസ്സിന്റെ ദേശീയ നേതാവാക്കിയ എ.ഐ.സി.സി. ആഫീസിന്റെ മുന്നിലാണ്, അല്ലെങ്കിൽ നിലമ്പൂരിലെ കോൺഗ്രസ് ആഫീസിന്റെ മുന്നിലാണ്. അതുമല്ലെങ്കിൽ യൂത്ത് കോൺഗ്രസ്സിന്റെ അഖിലേന്ത്യാ കേന്ദ്രത്തിന്റെ മുന്നിലാണ്. സുശീൽ കുമാർ ശർമ്മയെന്ന യൂത്ത് കോൺഗ്രസ്സിന്റെ അഖിലേന്ത്യാ സെക്രട്ടറി മറ്റൊരു അഖിലേന്ത്യാ സെക്രട്ടറിയായിരുന്ന നയനാ സാഹ്നിയെ മൃഗീയമായി കൊന്ന് ശവശരീരം കഷണങ്ങളാക്കി തന്തൂരി അടുപ്പിൽ ചുട്ടുകരിച്ചപ്പോൾ ഈ സ്ത്രീ സംരക്ഷണത്തെക്കുറിച്ചുള്ള ആകുലതകൾ എവിടെയായിരുന്നു? എല്ലാത്തിനുമുപരി ഇവിടെ വികാരനിർഭരമായി പ്രസംഗിക്കാൻ ശ്രമിച്ച ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ ഹരിപ്പാടുള്ള ക്യാമ്പ് ആഫീസിൽനിന്ന് വിളിപ്പാടകലെയാണ് ജലജാസുരൻ എന്ന സ്ത്രീ, അദ്ദേഹം ആഭ്യന്തര മന്ത്രിയുടെ കസേരയിൽ ഇരിക്കുമ്പോൾ, മൃഗീയമായി ദുരൂഹ സാഹചര്യത്തിൽ കൊല്ലപ്പെട്ടത്. എന്തായി ആ കേസിന്റെ സ്ഥിതി? എത്ര പ്രതികളെ നിങ്ങൾ പിടിച്ചു? ഇവിടെ വന്ന് ഗീർവാണം മുഴക്കിയാൽ പോര, ഒരു പ്രതിയുടെ രോമത്തിൽപോലും തൊടാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ആ പ്രതികളെ പിടിക്കാനുള്ള അന്വേഷണം മുന്നോട്ട് പോയാൽ ചിലർക്കൊക്കെ പൊള്ളുമെന്നതുകൊണ്ട് കേസന്വേഷണം പാതിവഴിയിൽ ഉപേക്ഷിക്കാനുള്ള പരിശ്രമമാണ് അന്ന് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ നടന്നതെന്ന് മനസ്സിലാക്കണം. നടുറോഡിൽ പട്ടാപ്പകൽ യൂണിഫോമിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെ കുത്തിമലർത്തിയ അനുഭവം കേരളത്തിലുണ്ടായി. കേരളത്തിലെ പൊതുവീഥിയിൽ കിടന്നാണ് മണിയപ്പനെന്ന പോലീസ് ഉദ്യോസ്ഥൻ മരിച്ചത്. അദ്ദേഹത്തെ കൊന്ന ആട് ആന്റണിയെന്ന ഗുണ്ടാ സംഘത്തിന്റെ തലവനെ ആറ് ദിവസംകൊണ്ട് നിങ്ങൾ പിടിച്ചോ? ആറ് ആഴ്ചകൊണ്ടോ ആറ് മാസംകൊണ്ടോ നിങ്ങൾക്ക് പിടിക്കാൻ കഴിഞ്ഞോ; അയാളുടെ ഒരു രോമത്തിൽ തൊടാൻ നിങ്ങളുടെ പോലീസിന് കഴിഞ്ഞോ? കൊല്ലമെത്ര കാത്തിരിക്കേണ്ടി വന്നു? ആ കാലം മാറി, കുറ്റവാളികളെ കാരാഗൃഹത്തിലടയ്ക്കാൻ ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റ് അധികാരത്തിലുണ്ടെന്ന് കേരളത്തിൽ എല്ലാവർക്കും മനസ്സിലായിട്ടുണ്ട്. ഇവിടെ നിങ്ങൾ ഭരിക്കുമ്പോഴാണ് ഡൽഹിയിൽനിന്നും ബണ്ടി ചോർ എന്ന കള്ളൻ വിമാനത്തിൽ തിരുവനന്തപുരത്തേയ്ക്ക് വന്നത്. എന്തുകൊണ്ടാണ് ഇവിടെ വന്നത്? ഝാർഖണ്ഡിൽ ജയിലിൽ കിടന്ന ബിട്ടി മൊഹന്തിയെന്ന മറ്റൊരു ക്രിമിനൽ പരോളിലിറങ്ങി വിമാനത്തിൽ കേരളത്തിൽ വരാൻ കാരണമെന്താണ്? അന്ന് ഗൂഗിളിൽ സെർച്ച് ചെയ്താൽ, പോലീസിനെ ഭയപ്പെടാതെ നിർഭയമായി മോഷ്ടിക്കാനും കുറ്റകൃത്യങ്ങളിൽ ഏർപ്പെടാനും കഴിയുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണെന്ന് അവർക്ക്

മനസ്സിലാക്കാൻ കഴിയുമായിരുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നും ഇത്തരത്തിലുള്ള കുറ്റവാളികൾ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നാട്ടിലേക്ക് വന്ന് ഇവിടെ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടു. നിങ്ങളുടെ പോലീസ് എല്ലാ കരുത്തും ചോർത്തിക്കളഞ്ഞവരായി ഇവിടെ ഇരുന്നു. ആ കാലം മാറിയെന്ന് നിങ്ങൾ ഓർക്കണം. നിങ്ങൾ ക്വട്ടേഷൻ സംഘത്തെപ്പറ്റി മുദ്രാവാക്യം വിളിച്ചു. കേരളത്തിലെ ക്വട്ടേഷൻ സംഘങ്ങളുടെ ഗോഡ്ഫാദറായ കോടാലി ശ്രീധരനെ സംരക്ഷിച്ച് കൂടെനിർത്തിയ നിങ്ങൾതന്നെവേണം ആ മുദ്രാവാക്യം വിളിക്കാൻ. ചാലക്കുടിയിൽനിന്ന് കണ്ണൂരിലേയ്ക്ക് മധുര ജോഷിയുടെ നേതൃത്വത്തിൽ ക്വട്ടേഷൻ സംഘത്തെ കൊണ്ടുവന്ന നിങ്ങൾതന്നെവേണം ആ മുദ്രാവാക്യം വിളിക്കാൻ. ഗുണ്ടാ/മാഫിയാ സംഘത്തിന്റെ അക്രമത്തിൽ പരിക്കേറ്റെന്ന് ഐ.എൻ.ടി.യു.സി.-യുടെ ഭാരവാഹിതന്നെ എഴുതിക്കൊടുത്ത പരാതിയിന്മേൽ പോലീസ് രജിസ്റ്റർ ചെയ്ത കേസ്സിൽ ജയിലിലായ ആന്റണി ആശാൻ പറമ്പിൽ, മരട് മുനിസിപ്പാലിറ്റിയുടെ വൈസ് ചെയർമാനായി, കോൺഗ്രസ്സിന്റെ പ്രതിനിധിയായി ഇപ്പോഴുമിരിക്കുമ്പോൾ തന്നെവേണം നിങ്ങൾ ഈ പ്രസംഗം നടത്താൻ എന്നാണെനിക്ക് ഓർമ്മപ്പെടുത്താനുള്ളത്.

ഇവിടെനിന്നും ഇറങ്ങിപ്പോയതിന് ഒരു കാരണമേ കാണുന്നുള്ളൂ. രാവിലത്തെ ചോദ്യോത്തരവേള ആർ.എസ്.എസ്.-ന്റെ വർഗ്ഗീയ അതിക്രമങ്ങൾക്കെതിരെയുള്ള ചർച്ചാവേദിയായി മാറുകയായിരുന്നു. ആ സമയത്ത് നിങ്ങൾ ചോദ്യം ചോദിച്ചാൽ ആർ.എസ്.എസ്-ന് പൊള്ളും. അപ്പോൾ പിന്നെ സഭയിൽനിന്നും വിട്ടുനിൽക്കാം. ഇവിടെ ബാർ കോഴയെപ്പറ്റിയുള്ള വിഷയങ്ങൾ വന്നു. ആ ചോദ്യോത്തരവേളയിൽ പങ്കെടുത്താൽ നിങ്ങൾക്ക് അസഹിഷ്ണുതയുണ്ടാകുമെന്നുറപ്പാണ്. മംഗലാപുരത്തെ പ്രസംഗത്തെക്കുറിച്ച് ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞു. വർഗ്ഗീയ ഫാസിസ്റ്റ് അതിക്രമങ്ങൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടിക്കൊണ്ട് സ്വന്തം ജീവൻതന്നെ തൃണവൽഗണിച്ച് മുമ്പോട്ടുപോകുന്ന ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ മഹാനായ നേതാവിന്, കേരളത്തിന്റെ മുഖ്യമന്ത്രിക്ക് മംഗലാപുരത്ത് പ്രസംഗിക്കാൻ അവസരമൊരുക്കിയത് കോൺഗ്രസ് മുഖ്യമന്ത്രിയുടെ ഔദാര്യമാണെന്ന നിലയിലാണ് അദ്ദേഹം ഇവിടെ പ്രസംഗിച്ചത്. അദ്ദേഹത്തോട് എനിക്ക് വിനയത്തോടുകൂടി ഓർമ്മിപ്പിക്കാനുള്ളത് മംഗലാപുരത്തെ ജനപ്രതിനിധിയും കർണ്ണാടകയിലെ മന്ത്രിയുമായ ബഹുമാന്യനായ യു. ടി. ഖാദറിന്റെ പ്രസംഗം നിങ്ങളൊന്ന് കേൾക്കണം. അദ്ദേഹം പ്രസംഗിച്ചതെന്താണ്? സ്ഥാപക യോഹന്നാനെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞത് പിണറായിയുടെ ചെരുപ്പിന്റെ വാറഴിക്കാനുള്ള യോഗ്യത ആർ.എസ്.എസ്.-നോ സംഘപരിവാറിനോ ഇല്ലെന്നാണ്. ഞാനിവിടെ കൂട്ടിച്ചേർത്ത് പറയാൻ ആഗ്രഹിക്കുന്നു, സംഘപരിവാറിന് മാത്രമല്ല

ബഹുമാന്യനായ എ. കെ. ആന്റണി പറഞ്ഞതുപോലെ പകൽ കോൺഗ്രസ്സും രാത്രി ആർ.എസ്.എസ്സുമായി കള്ള ഖദർ ധരിച്ചിരിക്കുന്ന നിങ്ങൾക്കും കേരള മുഖ്യമന്ത്രിയുടെ ചെരുപ്പിന്റെ വാറഴിക്കാനുള്ള യോഗ്യതയില്ലെന്നുതന്നെയാണ് പറയാനുള്ളത്. ശ്രീ. യു. ടി. ഖാദർ തുടർന്നുപറഞ്ഞത് സഖാവ് പിണറായി വിജയൻ മംഗലാപുരത്ത് വന്നുപോകുന്നത് ഞങ്ങൾക്ക് വർഗ്ഗീയതയ്ക്കെതിരായ പോരാട്ടത്തിൽ ആവേശം പകരുന്നതാണ് എന്നാണ്. ശ്രീമതി സോണിയാ ഗാന്ധി വന്നുപോകുന്നത് ആവേശം പകരുന്നുവെന്നല്ല കോൺഗ്രസ്സിന്റെ യു. ടി. ഖാദറെന്ന മന്ത്രി പറഞ്ഞത്; കേരളത്തിന്റെ മുഖ്യമന്ത്രി വരുന്നത് ഞങ്ങൾക്ക് ആവേശം പകരുന്നുവെന്നാണ്. പകൽ കോൺഗ്രസ്സും രാത്രി ആർ.എസ്.എസ്സുമായ നിങ്ങളുടെ ഭാഗത്തുനിന്നുള്ള നടപടിയുടെ ഭാഗമായാണ് ആർ.എസ്.എസ്.-നെ പ്രീതിപ്പെടുത്താൻ എം.ജി. കോളേജിലെ മുൻ പ്രിൻസിപ്പാളിനെ കൊല്ലാൻ ശ്രമിച്ച ആർ.എസ്.എസ്.-കാരന്റെ കേസ് എഴുതിത്തള്ളിയതും തൃശ്ശൂരിലെ പോലീസ് അക്കാദമയിൽ ബീഫ് നിരോധിച്ചതും. ഇങ്ങനെ ആർ.എസ്എസ്.-ന് വിടുവേല ചെയ്യുന്ന പ്രവർത്തനം അവസാനിപ്പിച്ച് ജനാധിപത്യത്തിന്റെ മുഖ്യധാരയിൽ, തങ്ങൾ കോൺഗ്രസ്സിന്റെ പ്രഖ്യാപിത മതനിരപേക്ഷ നിലപാടി നൊപ്പമാണെന്ന് തെളിയിക്കാനുള്ള അവസരമാണ് ഇന്ന് കോൺഗ്രസ് പാർട്ടി ഇവിടെ നഷ്ടപ്പെടുത്തിയത്. ശ്രീ. യു. ടി. ഖാദറിന്റെ പ്രസംഗം നിങ്ങളുടെ കണ്ണ് തുറപ്പിക്കാൻ ഇടയാകട്ടേയെന്ന് സാന്ദർഭികമായി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരിക്കൽക്കൂടി ഈ നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ : ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ഫെബ്രുവരി മാസം 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.27-ന് പിരിഞ്ഞു.)